www.malankaralibrary.com

ജി. ചേടിയത്ത്

# പ്രാർത്ഥന
# സുറിയാനിസഭയിൽ

കോട്ടയം
1991

www.malankaralibrary.com

ജി. ചേടിയത്ത്

# പ്രാർത്ഥന സുറിയാനിസഭയിൽ

No. 146

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
1991

www.malankaralibrary.com

**G. Chediath, Prarthana Surianisabhayil**
(Prayer in the Syrian Church)

A Publication of the Oriental Institute of Religious Studies, P. B. 1., Vadavathoor, Kottayam, Kerala, India.

**Original Title:** Sebastian Brock, *The Syriac Fathers on Prayer and the Spiritual Life,* (Cistercian Publications), Kalamazoo, Michigan, 1987.

Copyright: G. Chediath, 1991

Price: Rs. 25/-

Printed at Pro Sanctity Printers, Manganam, Kottayam.

www.malankaralibrary.com

# വിഷയവിവരം


പേജ്

ആമുഖം 14

1. അഫ്രാത് (4th c.) – പ്രാർത്ഥന 17

ആമുഖം 17
തഹ്‌വീതോ – 4: പ്രാർത്ഥന 19

2. മാർ അപ്രേം (+373) – പ്രാർത്ഥന 39

ആമുഖം 39
1. വിശ്വാസത്തെക്കുറിച്ചുള്ള ഗീതം – 20. 41
2. അർമേനിയൻ ഗീതം – 1. 43

3. സോപാനഗ്രന്ഥം (Liber Graduum) (4th c.) 46

ആമുഖം 46
1. പ്രതിപാദനം – 12: മറഞ്ഞിരിക്കുന്നതും വെളിവാക്കപ്പെട്ടതുമായ സഭയുടെ ശുശ്രൂഷ 48
2. പ്രതിപാദനം – 78: പ്രാർത്ഥനയുടെ കണ്ണുനീരുകളെപ്പറ്റി 56

4. എവാഗ്രിയസ് (+399) 62

ആമുഖം 62
പ്രാർത്ഥിക്കാനുള്ള ഉപദേശം 63

5. അപ്പമെയായിലെ യോഹന്നാൻ (5th c.) 70

ആമുഖം 70
ഹെസിക്കിയസിനുള്ള കത്ത് 72

www.malankaralibrary.com



പേജ്

6. മാബുഗിലെ ഫീലൊക്‌സീനുസ് (+523) 89

ആമുഖം 89
1. പരിശുദ്ധാത്മാവിൻെറ ആന്തരിക വാസത്തെക്കുറിച്ച് 91
2_4 പ്രാത്ഥനയെക്കുറിച്ച് മൂന്നു രേഖകരം 111

7. മാർ ബാബായ് (6thc) 114

ആമുഖം 114
കുറിയാക്കോസിനുള്ള കത്ത് 115

8. അജ്ഞാത ഗ്രന്ഥകാരൻ - 1 (6thc.) 139

ആമുഖം 139
പ്രാർത്ഥന 139

9. അജ്ഞാത ഗ്രന്ഥകാരൻ - 2 (6/7thc.) 147

ആമുഖം 147
പ്രാർത്ഥന 147

10. നഥ്ഫാറിലെ അബ്രഹാം (7thc.) 150

ആമുഖം 150
പ്രാർത്ഥന 151
പ്രാർത്ഥനയും നിശ്ശബ്ദതയും 152

11. യൗസേപ്പ് ഹസായാ (8thc.) 157

ആമുഖം 157
1. ആത്മീയ പ്രാർത്ഥന 159
2. പ്രാർത്ഥനാവസരം മനസ്സിലുളവാകുന്ന പ്രേരണകളെപ്പററി 162

12. യോഹന്നാൻ ദല്‌യാതാ (8thc.) 166

ആമുഖം 166
1. ലേഖനം _ 5 167
2. ലേഖനം _ 12: പ്രാർത്ഥന 170

www.malankaralibrary.com



പേജ്

13. നിനവയിലെ ഇസഹാക്ക് (7th c.)
പ്രാർത്ഥന 174

ആമുഖം 174
1. ഒന്നാംഭാഗത്തുനിന്നുള്ള ചില ഭാഗങ്ങൾ 177
a. പ്രതിപാദനം - 3 ൽ നിന്ന് 177
b. പ്രതിപാദനം - 8 ൽ നിന്ന് 179
c. പ്രതിപാദനം - 18 ൽ നിന്ന് 181
d. പ്രതിപാദനം - 63 ൽ നിന്ന് 181
e. പ്രതിപാദനം - 74 ൽ നിന്ന് 182
2. ഒന്നാം ഭാഗത്തുനിന്ന്: പ്രതിപാദനം - 22 183
3. വിജ്ഞാനത്തെപ്പററിയുള്ള അധ്യായങ്ങളിൽ നിന്ന് (രണ്ടാം ഭാഗം) 194
4. പ്രാർത്ഥനയെപ്പററിയും പ്രാർത്ഥനാവസരമുള്ള ശാരീരിക നിലയെപ്പററിയും (രണ്ടാം ഭാഗം) 201
5. ശുദ്ധ പ്രാർത്ഥന (രണ്ടാം ഭാഗം) 219

14. സഹ്ദോണാ (മർതീരിയുസ്) (7th c.) 224

ആമുഖം 224
പ്രാർത്ഥന: യാമനമസ്കാരം, പ്രാർത്ഥന, ജാഗരണം, വേദപുസ്തകവായന എന്നിവയെക്കുറിച്ച് 225

അനുബന്ധം
പ്രാർത്ഥനയെക്കുറിച്ച് 153 ഖണ്ഡികകൾ 259

പൊതു പദസൂചിക 275
സുറിയാനി പദങ്ങൾ 278
ചുരുക്കെഴുത്തുകളുടെ പൂർണരൂപം 279

www.malankaralibrary.com

# ആമുഖം

പുരാതനസഭയിലെ മൂന്നു പ്രധാന സഭാപാരമ്പര്യങ്ങളാണ് സുറിയാനി, ഗ്രീക്ക്, ലത്തീൻ എന്നിവ. ക്രൈസ്തവസഭ ആദ്യം സുറിയാനി മാധ്യമത്തിലൂടെ യഹൂദരുടെ ഇടയിൽ പ്രചരിച്ചു. പലസ്തീനാ, സിറിയാ, മെസപ്പൊട്ടേമിയാ എന്നിവിടങ്ങളിലെ സെമിററിക് വംശജരായിരുന്നു സുറിയാനി സഭാംഗങ്ങൾ. യൂദെയോ – ക്രൈസ്തവർ എന്ന് ഇക്കൂട്ടരെ വിളിക്കാം. അടുത്ത ഘട്ടത്തിൽ ഗ്രീക്കുകാരുടെ ഇടയിലേക്ക് സഭ വ്യാപിച്ചു. ഹെല്ലനിസ്റ്റിക് ക്രൈസ്തവർ എന്ന് ഗ്രീക്കുപാരമ്പര്യത്തിൽ പെട്ടവർ അറിയപ്പെട്ടു. ലത്തീൻ ലോകത്തേക്കു പ്രചരിച്ച സഭ ലത്തീൻ സഭ (റോമൻസഭ) എന്നറിയപ്പെട്ടു. ഈ മൂന്നു പാരമ്പര്യങ്ങളും പരസ്പരം ബന്ധപ്പെട്ടിരുന്നു. ഈ മൂന്നു സഭകളും സ്വതന്ത്രസഭകളോ, പരസ്പരസംസർഗ്ഗം ഇല്ലാത്ത സഭകളോ ആയിരുന്നില്ല. പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഈ സഭകളെ ഒന്നാംസഭ, രണ്ടാംസഭ, മൂന്നാംസഭ എന്നാണ് വിളിക്കുന്നത്.

ആദ്യകാല സുറിയാനി ഗ്രന്ഥകാരന്മാരിൽ ഗ്രീക്കു പാരമ്പര്യത്തിൻെറ സ്വാധീനം വളരെ കുറവാണ്. കാലക്രമത്തിൽ ഗ്രീക്കു ഗ്രന്ഥകാരന്മാർ സുറിയാനിക്കാരെ വളരെയധികം സ്വാധീനിച്ചു. ഗ്രീക്കിൽ എഴുതപ്പെട്ട ക്രൈസ്തവ കൃതികൾ സുറിയാനിയിലേക്കു വിവർത്തനം ചെയ്യപ്പെട്ടപ്പോൾ അവയെ ആധാരമാക്കിയും അവയെ ഉൾക്കൊള്ളിച്ചും പില്കാലത്ത് സുറിയാനിയിൽ ഗ്രന്ഥരചന നടത്തുന്ന രീതി സുറിയാനിക്കാരുടെ ഇടയിൽ ഉടലെടുത്തു. സുറിയാനി ക്രൈസ്തവ സാഹിത്യത്തിൽ ഇപ്രകാരം രണ്ടുതരം കൃതികൾ കാണാൻ കഴിയും.

സഭയിൽ കാലാന്തരത്തിൽ ഉടലെടുത്ത തർക്കങ്ങളുടെ ഫലമായി സഭകൾ തമ്മിൽ അകലാനിടയായി. എങ്കിലും

www.malankaralibrary.com



മററു പാരമ്പര്യങ്ങളിൽപ്പെട്ട ആദ്യകാല ഗ്രന്ഥകാരന്മാരെ ആശ്രയിക്കുന്ന രീതി അതുകൊണ്ടു് അവസാനിച്ചില്ല. അഞ്ചാം നൂററാണ്ടിലെ "നെസ്തോറിയൻ-" "ഏകസ്വഭാവ" തർക്കങ്ങളുടെ ഫലമായി സുറിയാനി സഭയിൽ ഒരു നല്ല പങ്കു് ഗ്രേക്കോ-റോമൻ സഭകളിൽ നിന്നകന്നു. ഏഴാം നൂററാണ്ടിലെ അറബി ആക്രമണങ്ങൾ അവരെ ഗണ്യമായി ക്ഷീണിപ്പിച്ചു. പതിനൊന്നാം നൂററാണ്ടിൽ ഗ്രീക്കുസഭയും റോമാസ്സഭയും തമ്മിലകന്നു. ഇങ്ങനെ മൂന്നു പാരമ്പര്യങ്ങളും മൂന്നു വഴിക്കു വളർന്നു വന്നു. തങ്ങൾ മാത്രമാണു് ക്രിസ്തുവിൻെറ സഭ എന്നു് ഓരോ കൂട്ടരും കരുതി. ആധുനികകാലത്തു് ഭൂമിശാസ്ത്രപരമായി പാശ്ചാത്യസഭ ലോകം മുഴുവൻ പ്രചരിച്ചു. അവർ സഭാചരിത്രം എഴുതിയപ്പോൾ സുറിയാനിസഭയുടെ പാരമ്പര്യത്തെ പാടേ വിസ്മരിച്ചുകളഞ്ഞു, ഗ്രീക്കുസഭയെയും ഗണ്യമായി കണക്കാക്കിയില്ല. സഭയെന്നാൽ പാശ്ചാത്യസഭ എന്ന ധാരണ പ്രചരിക്കാൻ ഇതു കാരണമായി. രണ്ടാം വത്തിക്കാൻ സൂനഹദോസോടുകൂടി ഈ നിലയ്ക്കു മാററം വന്നുതുടങ്ങിയിട്ടുണ്ടു്. ഗ്രീക്കിൻെറയും ലത്തീൻെറയും സ്വാധീനം ഏശാത്ത കലർപ്പററ സുറിയാനി പാരമ്പര്യങ്ങൾ അന്വേഷിച്ചു് പലരും ഇറങ്ങിപ്പുറപ്പെട്ടിട്ടുണ്ടു്. സ്വാഭാവികമായി സുറിയാനി സഭകളിലേക്കാണു് അവർ തിരിയുന്നതു്.

ഗ്രീക്കുസഭയുടെ സ്വാധീനം വർദ്ധിച്ച കാലഘട്ടങ്ങളിൽ ചില സുറിയാനിസഭകൾ സുറിയാനി പാരമ്പര്യങ്ങൾ തന്നെ ഉപേക്ഷിച്ചു് ഗ്രീക്കു പാരമ്പര്യങ്ങൾ സ്വീകരിച്ചിട്ടുണ്ടു്. ആധുനികകാലത്തു് ലത്തീൻ സഭയുടെ സ്വാധീനത്തിൽ വന്ന ചില സുറിയാനിസഭകൾ കുറേയൊക്കെ പാശ്ചാത്യവൽക്കരണത്തിനും ലത്തീനീകരണത്തിനും വിധേയമായി. "ഉറവിടങ്ങളിലേക്കു മടങ്ങുക," "നവീകരണം സാധിക്കുക" എന്നീ കൗൺസിൽ പ്രബോധനം സ്വീകരിച്ചുകൊണ്ടു് പല സുറിയാനിസഭകളും സുറിയാനി പാരമ്പര്യം വീണ്ടെടുക്കുന്നതിനും തങ്ങളുടെ ചുററുമുള്ള മനുഷ്യർക്കു് മനസ്സിലാകുന്ന ഭാഷയിൽ അതു് വ്യാഖ്യാനിച്ചുകൊടുക്കുന്നതിനും ശ്രദ്ധിക്കുന്നുണ്ടു്. അതിൻെറയൊക്കെ ഫലമായി സുറിയാനി സഭാപാരമ്പര്യത്തെപ്പററിയുള്ള അറിവും മതിപ്പും പണ്ഡിതലോകത്തു് വളർന്നുകൊണ്ടിരിക്കുകയാണു്.

www.malankaralibrary.com



ഈ പശ്ചാത്തലത്തിലാണ് കുറേ സുറിയാനിരേഖകൾ മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്. സെബാസ്ററ്യൻ ബ്രോക് എന്ന പണ്ഡിതൻ ഇംഗ്ലീഷിൽ തയ്യാറാക്കിയ The Syriac Fathers on Prayer and Spiritual Life എന്ന ഗ്രന്ഥമാണ് ഇതിനാധാരമായി സ്വീകരിച്ചിട്ടുള്ളത്. ഇതിലെ രേഖകൾ ആദ്യമായിട്ടാണ് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്. നാലാം നൂററാണ്ടു മുതൽ എട്ടാം നൂററാണ്ടുവരെയുള്ള രേഖകൾ ഇതിലുണ്ട്. അവിഭക്ത സുറിയാനിസഭയെ പ്രതിനിധീകരിക്കുന്നവരും സിറിയൻ ഓർത്തഡോക്സ് സഭാംഗങ്ങളും പൗരസ്ത്യസുറിയാനി സഭാംഗങ്ങളും രചിച്ച കൃതികൾ ഈ സമാഹാരത്തിൽ ഉൾപ്പെടുന്നു.

"പ്രാർത്ഥന സഭയിൽ" എന്ന പേരിൽ 1988 ൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. "പ്രാർത്ഥനയെപ്പററി" സുറിയാനി സഭയിലെ ആദ്യകാല എഴുത്തുകാർ ചിന്തിച്ചിരുന്നത് എന്താണെന്ന് ഗ്രഹിക്കാൻ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഈ സമാഹാരം സഹായിക്കും. "പ്രാർത്ഥന സുറിയാനിസഭയിൽ" എന്നാണ് തലക്കെട്ട് എങ്കിലും ആധ്യാത്മികജീവിതത്തിൻെറ വിവിധ വശങ്ങളെപ്പററിക്കൂടി ഇതിലെ രേഖകൾ ചർച്ച ചെയ്യുന്നു. സുറിയാനി സഭയുടെ നിക്ഷേപങ്ങൾ ഏവയാണെന്നു ഗ്രഹിക്കാൻ താല്പര്യമുള്ളവർക്കെല്ലാം ഈ ഗ്രന്ഥം ഒരു ചെറിയ വഴികാട്ടിയാണ്.

ഇതു മലയാളത്തിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കാൻ അനുവദിച്ച പ്രൊഫ. സെബാസ്ററ്യൻ ബ്രോക്കിനും (ഓക്സ്ഫോർഡ്) ഇംഗ്ലീഷിൻെറ പ്രസാധകരായ "സിസ്റ്റേർ സ്യൻ പബ്ളിക്കേഷൻസിനും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിൻെറ അച്ചടി ഭംഗിയായി നിർവഹിച്ച "പ്രോ സാങ്ട് ററിററി പ്രിൻേറഴ്സിലെ" അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഈ കൃതി സഹൃദയസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

**ജി. ചേടിയത്ത്**

പൗരസ്ത്യവിദ്യാപീഠം
വടവാതൂർ, കോട്ടയം, 686010.
ജനുവരി 3, 1991.

www.malankaralibrary.com

# 1

# അഫ്രാത്

## പ്രാർത്ഥന

### ആമുഖം

'പേർഷ്യൻ മുനി' എന്നു് അറിയപ്പെടുന്ന അഫ്രാത് (നാലാം നൂററാണ്ടു്) സുറിയാനി സഭയിലെ ആദ്യത്തെ വലിയ എഴുത്തുകാരനാണ്. അദ്ദേഹത്തിൻെറ ജീവിതത്തെപ്പററി നമുക്കു വളരെയധികം വിവരം ലഭിച്ചിട്ടില്ല. എന്നാൽ പിൽക്കാലത്തു് അദ്ദേഹത്തെപ്പററി പലരും എഴുതിച്ചേർത്തിട്ടുള്ളതു് ചരിത്രസത്യമായി സ്വീകരിക്കാൻ ബുദ്ധിമുട്ടാണ്. പില്ക്കാല'പാരമ്പര്യമനുസരിച്ച്' ഉത്തരഇറാക്കിൽ മോസ്സൂൾ പട്ടണത്തിലെ മാർ മത്തായി ആശ്രമാദ്ധ്യക്ഷനായിരുന്നു അദ്ദേഹം. ഏതായാലും പേർഷ്യൻ ക്രൈസ്തവസഭയിലെ ഒരു സമുന്നത വ്യക്തിയായിരുന്നു അദ്ദേഹം എന്നതിനു രണ്ടു പക്ഷമില്ല. ക്രിസ്തുമതം സ്വീകരിച്ച റോമൻ സാമ്രാജ്യവുമായി പേർഷ്യൻ രാജാവായ ഷപ്പൂർ രണ്ടാമൻ യുദ്ധത്തിലേർപ്പെടുന്നതിനും 340ഓടുകൂടി ക്രൈസ്തവമതമർദ്ദനം പേർഷ്യയിൽ ആരംഭിക്കുന്നതിനും അഫ്രാത് സാക്ഷിയാണ്.

അഫ്രാതിൽ നിന്നു നമുക്കു് 23 വിഷയങ്ങളെക്കുറിച്ചുള്ള ദൈവശാസ്ത്രവിശകലനങ്ങൾ (തഹവ്വിയോതോ–Demonstrations) ലഭിച്ചിട്ടുണ്ടു്. ക്രിസ്തീയജീവിതത്തെപ്പററിയും ക്രിസ്തീയ ജനങ്ങളുടെ ഇടയിൽ യഹൂദീകരണചാച്ചിലുകളിൽനിന്നുള്ള അപകടങ്ങളെപ്പററിയും അവ ചർച്ച ചെയ്യുന്നു. നാലാമത്തെ *വിവരണം* (തഹ്‌വീതോ) പ്രാർത്ഥനയെപ്പററി പ്രതിപാദിക്കുന്നു. അതിൻെറ വിവർത്തനമാണു താഴെ കൊടുക്കുന്നതു്. പുരാതന സഭയിൽ തെർത്തുല്യൻ, സിപ്രിയാൻ, ഒരിജൻ എന്നിവർ പ്രാർത്ഥനയെപ്പററിയും കർത്തൃപ്രാർത്ഥനയെപ്പററിയും ചർച്ച

www.malankaralibrary.com



ചെയ്തിട്ടുണ്ട്. എന്നാൽ കർത്തൃപ്രാർത്ഥനയെപ്പററി പ്രഥമവും പ്രധാനവുമായി ചർച്ച ചെയ്യാതെ പ്രാർത്ഥനയെപ്പററി പൊതുവായി ചർച്ച ചെയ്യുന്ന ആദ്യരേഖയാണിതു്. ദൈവതിരുമുൻപാകെ പ്രാർത്ഥന സ്വീകാര്യമാകുന്നതിനു് ഹൃദയവിശുദ്ധി അവശ്യാവശ്യമാണെന്നു് അദ്ദേഹം ഊന്നിപ്പറയുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള നിരവധി ഉദാഹരണങ്ങളാൽ ഗ്രന്ഥകാരൻ അതു വ്യക്തമാക്കുകയും ചെയ്യുന്നു. പ്രാർത്ഥന എന്നതു് ഒരാന്തരികബലിയാണ് എന്ന ആശയവും ഉടനീളം കാണാം. 'ബലിക്കു പകരം പ്രാർത്ഥന' എന്ന ആശയം യഹൂദരുടെ ഇടയിൽ ക്രി. വ. എഴുപതാമാണ്ടിനുശേഷം പ്രബലപ്പെട്ടിരുന്നു. ദേവാലയത്തിൻെറ തകർച്ചയാണ് അതിനു വഴിതെളിച്ചതു്. അതു് അഫ്രാതിനെയും സ്വാധീനിച്ചു. മററു പല സംഗതികളിലും യഹൂദ ചിന്തകൾ അദ്ദേഹത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

'മുറിക്കുള്ളിൽ കടന്നു കതകടച്ചു പ്രാർത്ഥിക്കുക' എന്ന കർത്തൃനിർദ്ദേശം (മത്താ 6: 6) ഹൃദയത്തിലെ പ്രാർത്ഥനയെ കുറിക്കുന്നതായി അദ്ദേഹം വ്യാഖ്യാനിക്കുന്നു. ഒരിജനും ഈ രീതിയിൽ വ്യാഖ്യാനിച്ചു. അഫ്രാതിനുശേഷം അപ്രേമും *വിശ്വാസഗീതങ്ങളിൽ* (20: 6) ഈ രീതി അവലംബിക്കുന്നു. ആന്തരികമായ അവസ്ഥ, പ്രത്യേകിച്ച് മററുള്ളവരോടു ക്ഷമിക്കൽ, പ്രാർത്ഥനയ്ക്കു് ഒരു മുൻ ഉപാധിയായി അദ്ദേഹം കണക്കാക്കുന്നു. പ്രാർത്ഥനയിൽ 'ദൈവത്തിൻെറ വിശ്രമം' കൂടിയുണ്ട് (ഏശ. 28: 12). അതു സദ്പ്രവൃത്തികളിൽ അടങ്ങിയിരിക്കുന്നു. അതായതു് ഉത്തമ പ്രാർത്ഥനകളെ സദ്പ്രവൃത്തികൾ അനുധാവനം ചെയ്യണം എന്നു സാരം.

പില്ക്കാലസഭയിൽ അഫ്രാത് ഗണ്യമായ സ്വാധീനം ചെലുത്തി. അദ്ദേഹത്തിൻെറ പേരു പറയാതെ പലരും ഈ കൃതി ഉദ്ധരിച്ചിട്ടുണ്ട്. അർമേനിയൻ ഭാഷയിലുള്ള പുരാതന വിവർത്തനം നിസിബിസിലെ യാക്കോബിൻെറ പേരിലാണു പ്രചരിച്ചിരുന്നതു്.

അഫ്രാതിൻെറ കൃതി: *J. Parisot* ലത്തീൻ വിവർത്തനത്തോടൊപ്പം പ്രസിദ്ധീകരിച്ചു (in *Patrologia Syriaca*, I, ed. R. Graffin, Paris, 1894). നാലാമത്തെ *Demonstration: Ibid.* cols. 137-182; Sebastian Brock, *The Syriac Fathers on Prayer and the Spiritual Life*, p. 5-25 (ഇവിടെ വിവർത്തനം ചെയ്തിരിക്കുന്നതു് ഈ ഗ്രന്ഥത്തിൽ നിന്നാണ്). അഫ്രാതിനെപ്പററി പഠിക്കാൻ *Dictionnaire d'Spiritualité*- യിൽ ഉള്ള ലേഖനം

www.malankaralibrary.com



സഹായിക്കും (I. Hausherr, *DS*. I (1937) cols. 746 – 752). അഫ്രാതിന്റെ കൃതി പൂർണമായി ഇംഗ്ലീഷിലും ഇതുവരെ വിവർത്തനം ചെയ്തിട്ടില്ല. താഴെപ്പറയുന്നവ ലഭ്യമായ ഇംഗ്ലീഷ് വിവർത്തനങ്ങളാണ്: J. Gwynn, in *NPNF* Second, Series, Vol. 13: *Demonstrations*: 1. 5. 6.8.17.21.22; J. Neusner, *Aphrahat and Judaism*, Leiden, 1971, *Dem*. 11-19. 21. 23ന്റെ ഭാഗങ്ങൾ.

## പ്രാർത്ഥന
(താഹ്‌വീതോ–4)

ഉറക്കെ ചൊല്ലുന്ന എല്ലാ പ്രാർത്ഥനകളേക്കാളും കൂടുതലായി ഹൃദയവിശുദ്ധിയിലാണ് പ്രാർത്ഥന അടങ്ങിയിരിക്കുന്നത്. നിലവിളിക്കുന്നവന്റെ ഉച്ചത്തിലുള്ള ശബ്ദത്തേക്കാൾ മെച്ചപ്പെട്ടതാണ് ആത്മാർത്ഥമായ മനസ്സിനോട് നിശ്ശബ്ദത ചേർന്നിരിക്കുക എന്നുള്ളത്.

വാത്സല്യവാനേ, എനിക്ക് ഇപ്പോൾ നിന്റെ ഹൃദയവും നിന്റെ ചിന്തയും തരിക; ശുദ്ധമായ പ്രാർത്ഥനയുടെ ശക്തി എന്താണെന്ന് കേൾക്കുക; നീതിമാൻമാരായ നമ്മുടെ പൂർവപിതാക്കന്മാർ ദൈവമുൻപാകെയുള്ള തങ്ങളുടെ പ്രാർത്ഥനയിൽ എങ്ങനെ ശ്രേഷ്ഠരായിത്തീർന്നെന്നും, അതെപ്രകാരം ഒരു ശുദ്ധമായ അർപ്പണമായി (മലാ. 1:11) ഭവിച്ചെന്നും കാണുക. കാരണം, പ്രാർത്ഥനവഴിയാണ് കാഴ്ചകൾ സ്വീകാര്യമായിത്തീർന്നിട്ടുള്ളത്. വീണ്ടും, നോഹയെ ജലപ്രളയത്തിൽനിന്ന് രക്ഷിച്ചതു പ്രാർത്ഥനയാണ്; പ്രാർത്ഥന വന്ധ്യത്വം നീക്കി; പ്രാർത്ഥന സൈന്യങ്ങളെ പരാജയപ്പെടുത്തി; പ്രാർത്ഥന രഹസ്യങ്ങൾ വെളിപ്പെടുത്തി; പ്രാർത്ഥന കടലിനെ വിഭജിച്ചു; പ്രാർത്ഥന യോർദ്ദാനിൽക്കൂടെ നടപ്പാത ഉണ്ടാക്കി; അതു സൂര്യനെ പിറകോട്ടു പായിച്ചു; അതു ചന്ദ്രനെ പിടിച്ചുനിർത്തി; അതു അശുദ്ധരെ നശിപ്പിച്ചു കളഞ്ഞു; അതു അഗ്നി താഴേക്കിറക്കി. പ്രാർത്ഥന സ്വർഗവാതിലടച്ചു; പ്രാർത്ഥന കുഴിയിൽനിന്നു കരേററി; അഗ്നിയിൽനിന്നു സംരക്ഷിച്ചു; കടലിൽനിന്നു രക്ഷിച്ചു.[1] ശുദ്ധമായ ഉപവാസംപോലെ, ശുദ്ധമായ പ്രാർത്ഥന

1 ഇത്തരം വേദപുസ്തക ദൃഷ്ടാന്തങ്ങൾ നിരത്തിവയ്ക്കുന്നതിൽ അഫ്രാത് അതീവ തൽപരനായിരുന്നു. ഇവിടെ ഉൽപത്തി 4: 4 (ഹാബേൽ) 8: 20-21 (നോഹ), 1ശാമു. 1 - 2 (ഹന്നാ അഥവാ ഉല്പ. 18 സാറാ), ജോഷ്വാ 12; പുറ. 3: 2 (അഥവാ ദാനി. 8: 16); പുറ. 14; ജോഷ്വാ 4: 10: 12; ലേവ്യ. 10: 2 (അഥവാ സംഖ്യ 16:35) 1 രാജാ. 18: 38 (അഥവാ 2 രാജാ. 1: 10), 1 രാജാ. 17: 1; ദാനി. 6; 3; യോനാ 2.

www.malankaralibrary.com



യുടെ ഫലം വളരെ വലുതാണ്; ഉപവാസത്തെപ്പററി മുൻ അധ്യായത്തിൽ നിന്നോടു ഞാൻ വിവരിച്ചു പറഞ്ഞതുപോലെ ഇവിടെ പ്രാർത്ഥനയെപ്പററി നിന്നോടു പറയുന്നതിൽനിന്നു ഞാൻ പിന്തിരിയുകയില്ല.

2. ആദ്യമായി, ഹാബേലിൻെറ ഹൃദയവിശുദ്ധി നിമിത്തമാണ് ദൈവതിരുമുമ്പാകെ അവൻെറ അർപ്പണം സ്വീകാര്യമായതു്; എന്നാൽ കായേൻേറതു് തിരസ്ക്കരിക്കപ്പെട്ടു (ഉല്പ. 4: 4). ഹാബേലിൻെറ അർപ്പണം സ്വീകരിക്കപ്പെട്ടെന്നും കായേൻേറതു തിരസ്ക്കരിക്കപ്പെട്ടെന്നും എങ്ങനെയാണു നാം അറിയുന്നതു്? തൻെറ അർപ്പണം സ്വീകരിക്കപ്പെട്ടു എന്നു് എങ്ങനെയാണ് ഹാബേലിനു് അവബോധം ഉണ്ടായതു്? തൻേറതു് തിരസ്കരിക്കപ്പെട്ടു എന്നു് എങ്ങനെയാണ് കായേൻ മനസ്സിലാക്കിയതു്? എൻെറ കഴിവനുസരിച്ചു് ഇതേപ്പററി വിവരിക്കാൻ ഞൻ പരിശ്രമിക്കാം.

എൻെറ വാത്സല്യവാനേ, ആകാശത്തുനിന്നു് അഗ്നി യിറങ്ങി അർപ്പണത്തെ ദഹിപ്പിച്ചു എന്ന യാഥാർത്ഥ്യത്താൽ, ദൈവമുൻപാകെ സ്വീകാര്യമായിരുന്ന അർപ്പണം വ്യത്യസ്തമായിരുന്നു എന്നു് നിനക്കറിയാമല്ലോ. ഹാബേലും കായേനും തങ്ങളുടെ അർപ്പണം ഒന്നിച്ചു് അർപ്പിച്ചപ്പോാം, ദൈവതിരുമുൻപാകെ ശുശ്രൂഷ ചെയ്യുന്ന സജീവാഗ്നി (സങ്കീ. 104:4) താഴേക്കിറങ്ങിവന്നു് ഹാബേലിൻെറ ശുദ്ധബലിയെ സംഹരിച്ചു; എന്നാൽ കായേൻേറതിനെ സ്പർശിച്ചില്ല; കാരണം, അതു് അശുദ്ധമായിരുന്നു. ഇതിൽനിന്നാണ്, തൻെറ അപ്പണം സ്വീകരിക്കപ്പെട്ടെന്നു് ഹാബേലറിഞ്ഞതും, തൻേറതു് തിരസ്ക്കരിക്കപ്പെട്ടെന്നു് കായേനറിഞ്ഞതും. കായേൻ തൻെറ സഹോദരനെ കൊന്നപ്പോാം, അവനിൽ വഞ്ചന നിറഞ്ഞിരുന്നു എന്നു് അവൻെറ ഹൃദയത്തിൻെറ ഫലങ്ങാം പിന്നീടു് സാക്ഷ്യപ്പെടുത്തുകയും കാണിക്കയും ചെയ്തു. കാരണം, അവൻെറ ഹൃദയം ഗർഭം ധരിച്ചതു് അവൻെറ കൈകാം പ്രസവിച്ചു. എന്നാൽ ഹാബേലിൻെറ ഹൃദയവിശുദ്ധിയായിരുന്നു അവൻെറ പ്രാർത്ഥന.

3. എൻെറ വാത്സല്യവാനേ, സ്വീകാര്യമായ എല്ലാ അപ്പണങ്ങളെയും അഗ്നി സംഹരിക്കുക പതിവായിരുന്നു എന്നുള്ളതു് ഞാൻ നിനക്കു കാണിച്ചുതരാം: ശിംശോൻെറ പിതാവായ മനോവാ ഒരു ബലി അർപ്പിച്ചപ്പോാം സജീവാഗ്നി ഇറങ്ങിവന്നു് അതിനെ സംഹരിച്ചു (ന്യായാ. 13:20). അവനോടു സംസാരിച്ചുകൊണ്ടിരുന്ന മാലാഖാ ആ ജ്വാലയിൽ

www.malankaralibrary.com



തന്നെ ആകാശത്തിലേക്കു കരേറി. അതുപോലെ, ഒരു പുത്രനു ണ്ടാകുമെന്നുള്ള വാഗ്ദാനം ഉറപ്പിച്ചപ്പോൾ ദൈവം അബ്രഹാമി നോടു പറഞ്ഞു: "മൂന്നു വയസ്സുള്ള ഒരു പശുക്കുട്ടിയെയും അതേ പ്രായമുള്ള ആട്ടിൻകുട്ടിയെയും എടുക്കുക. അതുപോലെ ഒരു പ്രാവിനെയും പ്രാവിൻകുഞ്ഞിനെയും എടുക്കുക" (ഉല്പ. 15:9). അവൻ അവയെ ബലികഴിച്ച് കഷണം കഷണമായി നുറുക്കി അടുക്കി വച്ചപ്പോൾ ഒരു നിശ്ശബ്ദതയും ഇരുട്ടും അവനെ വലയം ചെയ്തു. അപ്പോൾ അഗ്നി താഴേക്കിറങ്ങി നുറുക്കിയ കഷണ ങ്ങളുടെ മുകളിൽക്കൂടി കടന്ന് അബ്രഹാമിന്റെ അർപ്പണത്തെ ദഹിപ്പിച്ചു (ഉല്പ. 15:17). വീണ്ടും, കൂടാരത്തിൽ നടത്തപ്പെട്ട അർപ്പണങ്ങളുടെ കാര്യത്തിൽ, അവയെ ദഹിപ്പിക്കാനായി സജീവാഗ്നി ഇറങ്ങിവരിക പതിവായിരുന്നു. അതുപോലെ, അഹറോന്റെ പുത്രൻമാരായ നാദാബും അബീഹൂവും ബലി യർപ്പണത്തെ നിന്ദിച്ചപ്പോൾ പതിവുള്ളതുപോലെ അർപ്പണ ത്തിന്റെ അവസരം അഗ്നി താഴേക്കിറങ്ങിവന്നു; അവരുടെ അർപ്പണം ശുദ്ധതയിൽ അർപ്പിക്കപ്പെട്ടതായി കാണാഞ്ഞതി നാൽ അഗ്നി അവയെ സ്പർശിച്ചില്ല. തങ്ങളുടെ അർപ്പണം ദഹിപ്പിക്കപ്പെട്ടില്ല എന്നു കണ്ട് "എന്തുകൊണ്ടാണ് അർപ്പണം ദഹിപ്പിക്കപ്പെടാത്തത്" എന്ന മോശയുടെ കുറ്റപ്പെടുത്തൽ ഒഴിവാക്കാൻ, അതിനെ ദഹിപ്പിക്കാനുള്ള അഗ്നി അവർ പുറത്തുനിന്ന് കൊണ്ടുവന്നു; അവർ പുറത്തുനിന്നു കൊണ്ടുവന്ന അഗ്നി അവരുടെ അർപ്പണത്തെ സംഹരിക്കതന്നെ ചെയ്തു; എന്നാൽ സ്വർഗത്തിൽനിന്നുള്ള അഗ്നി അവരെ സംഹരിച്ചു കളഞ്ഞു (ലേവ്യ. 10: 2). അവർ അവിടുത്തെ ശുശ്രൂഷയെ നിന്ദിച്ചു; അവരുടെ വിധിയാൽ കർത്താവിന്റെ വിശുദ്ധി സംരക്ഷിക്കപ്പെട്ടു.

അതുപോലെ, അനുവാദം കൂടാതെ ഇരുനൂറ്റമ്പതുപേർ ധൂപാർപ്പണം നടത്തിക്കൊണ്ട് മോശയ്ക്കെതിരായി തിരിഞ്ഞ പ്പോൾ, കർതൃസന്നിധിയിൽ നിന്ന് അഗ്നി ഇറക്കാനിട യായി; ആ അഗ്നി അവരെ സംഹരിച്ചുകളഞ്ഞു (സംഖ്യ. 16:35) അങ്ങനെ, അവരുടെ ജീവൻ വിലയായി കൊടുത്തുകൊണ്ട് ധൂപകലശങ്ങൾ വിശുദ്ധമായി സംരക്ഷിക്കപ്പെട്ടു.

വീണ്ടും, സോളമൻ ദേവാലയം നിർമ്മിച്ച് ബലികളും പൂർണയാഗങ്ങളും അർപ്പിച്ചപ്പോൾ, അവൻ പ്രാർത്ഥിക്കയും ആകാശത്തുനിന്ന് അഗ്നി ഇറങ്ങിവന്ന് ബലിപീഠത്തിലെ ദഹനയാഗങ്ങളുടെ മേദസ് ദഹിപ്പിക്കയും ചെയ്തു. (2 ദിന. 7:1). അതുപോലെ ഏലിയാ ബലിഅർപ്പിച്ചപ്പോൾ അഗ്നി താഴേ ക്കിറങ്ങിവന്ന് അതിനെ ദഹിപ്പിച്ചു (1 രാജാ. 18:38).

www.malankaralibrary.com



ഹാബേലിൻെറ ബലിപോലെ അവൻെറ ബലി സ്വീകരിക്കപ്പെട്ടപ്പോഠം, കായേൻേറതുപോലെ ബാലിൻെറ ആരാധകരുടെ ബലി തിരസ്ക്കരിക്കപ്പെട്ടു. അഗ്നി ഹാബേലിൻെറ ബലിയെ ദഹിപ്പിച്ചു എന്നു് നിനക്കുറപ്പുണ്ടാകുവാൻ വേണ്ടിയാണ് അഗ്നിയെപ്പററിയുള്ള ഈ വിവരണമെല്ലാം ഞാൻ നിനക്കെഴുതുന്നതു്.

4. എൻെറ വാത്സല്യവാനേ, ഈ ശുദ്ധമായ പ്രാർത്ഥനയെപ്പററിയും അതിലുഠക്കൊണ്ടിരിക്കുന്ന ശക്തികളെപ്പററിയും കേഠക്കുക. അബ്രഹാം പ്രാർത്ഥിച്ചപ്പോഠം, അഞ്ചു രാജാക്കന്മാർ കൊള്ളയടിച്ചുകൊണ്ടുപോയ സകലതും തിരികെ കൊണ്ടുവന്നു (ഉല്പ. 14:16); അവൻെറ പ്രാർത്ഥനയാൽ ഒരു വന്ധ്യ പ്രസവിച്ചു (ഉല്പ. 21:2). വീണ്ടും, അവൻെറ സന്തതിയാൽ രാഷ്ട്രങ്ങഠം അനുഗ്രഹം പ്രാപിക്കുമെന്നുള്ള വാഗ്ദാനം അവൻെറ പ്രാർത്ഥനയുടെ ശക്തിയാലാണ് അവൻ പ്രാപിച്ചതു് (ഉല്പ. 22:18). ഇസഹാക്കു് റിബേക്കായ്ക്കുവേണ്ടി പ്രാർത്ഥിക്കയും അവഠം പ്രസവിക്കയും ചെയ്തു വഴിയും അബീമെലേക്കിനു വേണ്ടി പ്രാർത്ഥിക്കയും ദൈവകോപം അവനിൽനിന്നകന്നുപോകുകയും ചെയ്തു വഴിയും (ഉല്പ.25:21) അവനും പ്രാർത്ഥനയുടെ ശക്തി വരച്ചുകാട്ടി.

5. നമ്മുടെ പിതാവായ യാക്കോബും ബേഥേലിൽ വച്ചു പ്രാർത്ഥിക്കയും ഉന്നതത്തിലേക്കു പോകുന്ന ഒരു കോവണിയോടുകൂടി സ്വർഗ്ഗവാതിൽ തുറന്നിരിക്കുന്നതു് ദർശിക്കയും ചെയ്തു (ഉല്പ. 28:12). യാക്കോബു ദർശിച്ചതു് നമ്മുടെ രക്ഷകൻെറ ഒരു പ്രതീകമാണ്; സ്വർഗ്ഗവാതിൽ മിശിഹായാണ്. അവിടുന്നിപ്രകാരം പറഞ്ഞിരിക്കുന്നു: ഞാൻ ജീവൻെറ വാതിലാണ്; എന്നിലൂടെ പ്രവേശിക്കുന്നവൻ എന്നേക്കും ജീവിക്കും (യോ. 10:9). ദാവീദും ഇപ്രകാരം പറഞ്ഞു: ''നീതിമാന്മാർ പ്രവേശിക്കുന്ന കർത്താവിൻെറ വാതിൽ ഇതാകുന്നു'' (സങ്കീ. 118:20). വീണ്ടും, യാക്കോബു കണ്ട കോവണി നമ്മുടെ രക്ഷകൻെറ പ്രതീകമാണ് എന്നു പറഞ്ഞാൽ, അവിടുന്നുവഴി നീതിമാന്മാർ താഴ്ന്നതലത്തിൽ നിന്നു് ഉന്നതതലത്തിലേക്കു കരേറുന്നു എന്നാണർത്ഥം. കോവണി നമ്മുടെ രക്ഷകൻെറ കുരിശിൻെറയും പ്രതീകമാണ്. കർത്താവ് തൂങ്ങി നിന്ന കുരിശു് ഒരു കോവണി പോലെ ഉയർത്തപ്പെട്ടു; ''മിശിഹായുടെ ശിരസ്സ് ദൈവമാണ്'' (1 കൊറി. 11:3) എന്നു് ഭാഗ്യവാനായ ശ്ലീഹാ പറഞ്ഞതുപോലെ മിശിഹായ്ക്കുപരിയായി എല്ലാററിൻെറയും കർത്താ

www.malankaralibrary.com



വുണ്ടു്. യാക്കോബു് ആ സ്ഥലത്തെ ബേഥേൽ എന്നു വിളിച്ചു (ഉല്പ. 28:18). അവിടെ ഓർമ്മയ്ക്കായി ഒരു കല്ലെടുത്തു നാട്ടി അതിന്മേൽ എണ്ണ ഒഴിച്ചു. കല്ലുകൾ അഭിഷേകം പ്രാപിക്കും എന്നു് മുൻകൂട്ടി കണ്ടുകൊണ്ടു് നമ്മുടെ പിതാവായ യാക്കോബു് ഇതും പ്രതീകാത്മകമായി ചെയ്തതാണു്.—കാരണം, മിശിഹായിൽ വിശ്വസിച്ച ജനങ്ങളാണു് അഭിഷേകം ചെയ്യപ്പെട്ട കല്ലുകൾ. അവരെപ്പററി യോഹന്നാൻ പറയുന്നു: ഈ കല്ലുകളിൽ നിന്നു് അബ്രഹാമിനുവേണ്ടി മക്കളെ എഴുന്നേൽപ്പിക്കാൻ ദൈവത്തിനു കഴിയും'' (ലൂക്കോ 3:8). കാരണം, യാക്കോബിൻെറ പ്രാൎത്ഥനയിൽ ജാതികളുടെ വിളി സൂചിതമായിരുന്നു.

6. എൻെറ വാത്സല്യവാനേ, യാക്കോബു കണ്ട ആ ദർശനത്തിൽ എത്ര പ്രതീകങ്ങൾ ഉൾക്കൊണ്ടിരുന്നു എന്നു കണ്ടാലും! അവൻ മിശിഹാ എന്ന സ്വർഗ്ഗവാതിൽ ദർശിച്ചു; അവൻ കുരിശിൻെറ പ്രതീകമായ കോവണി ദർശിച്ചു; ജാതികളുടെ ഒരു മുൻകുറിയായി, കല്ലുകളെ അവൻ അഭിഷേകം നടത്തി. ലേവിക്കു് പത്തിലൊന്നു് ലഭിക്കാൻ വേണ്ടി, അവനും പ്രതിജ്ഞചെയ്തു. പത്തിലൊന്നു് കൊടുക്കുന്നവരും ആദ്യഫലങ്ങൾ സ്വീകരിക്കുന്നവരും അവനിൽ മറഞ്ഞിരുന്നു (ഉല്പ. 28:22). അവൻെറ അരയിൽ സിംഹക്കുട്ടിയായ യൂദാ ഉണ്ടായിരുന്നു (എബ്രാ. 7:9_10; ഉല്പ. 49:9). അവനിൽ രാജാവായ മിശിഹാ മറഞ്ഞിരുന്നു. അവനാൽ മാമോദീസായിലെ അഭിഷേകത്തിലേക്കു് അവൻ വിരൽ ചൂണ്ടി. അവനിൽ ഉൾക്കൊണ്ടിരുന്ന ഗോത്രങ്ങൾ ലേവ്യർക്കു് ദശാംശം നേർന്നു; അവൻെറ അരയിൽ ഉണ്ടായിരുന്ന രാജാക്കന്മാർ അവനെ സന്തോഷിപ്പിച്ചു. വരാനിരുന്ന ബീജത്തെ അവനിൽ പ്രവാചകന്മാരുടെ അരൂപി തിരിച്ചറിഞ്ഞു. ''വെറും ഒരു വടിയോടുകൂടി അവൻ യോർദാൻ കടന്നു'' (ഉല്പ. 32:10). മുൻകുറിയായി അവൻ തൻെറ കൈയിലേന്തിയതു് അത്ഭുതകരമായ ഒരു പ്രതീകമായിരുന്നു—വലിയ പ്രവാചകൻെറ കുരിശിൻെറ അടയാളം (ഉല്പ. 29:1). കിഴക്കുള്ള ജനങ്ങളുടെ നാട്ടിലേക്കു് അവൻ തൻെറ കാലുകളുയർത്തി; എന്തുകൊണ്ടെന്നാൽ ജാതികൾക്കു പ്രകാശം ഉദിച്ചതു് അവിടെനിന്നാണു് (ലൂക്കോ 2:32). അവൻ കിണററിനരികെ വിശ്രമിച്ചു. അനേകം പുരുഷന്മാർക്കു നീക്കുവാൻ കഴിയാതിരുന്ന ഒരു കല്ലു് ആ കിണററിൻെറ വാതിൽക്കൽ ഉണ്ടായിരുന്നു. യാക്കോബു വന്നു്, തൻെറ അവയവങ്ങളിൽ മറഞ്ഞിരുന്ന ഇടയൻെറ ശക്തിയാൽ കല്ലുനീക്കി ആടുകളെ കുടിപ്പിക്കുന്നതുവരെ അനേകം ഇടയന്മാർക്കു് ആ കല്ലു പൊക്കി കിണർ തുറക്കാൻ കഴിഞ്ഞില്ല (ഉല്പ. 29:8.10). വലിയ പ്രവാചകൻ വരുന്നതുവരെ

www.malankaralibrary.com



അനേകം പ്രവാചകന്മാർ വന്നെങ്കിലും അവർക്കാർക്കും മാമോദീസാത്തൊട്ടി തുറക്കാൻ സാധിച്ചില്ല. അവൻ തന്നെ അതു തുറന്നു; അവനതിൽ സ്നാനപ്പെട്ടു. "ദാഹാർത്തരായ എല്ലാവരും എന്റെ പക്കൽ വന്നു കുടിക്കട്ടെ" എന്നു് അവൻ മുഴുവൻ സ്വരത്തിൽ വിളിച്ചു പറയുകയും പ്രഘോഷിക്കുകയും ചെയ്തു (യോഹ. 7.37).

ലാബാന്റെ പക്കൽ നിന്നു തിരികെ വന്നപ്പോഴും യാക്കോബു് പ്രാർത്ഥിച്ചു. തന്റെ സഹോദരനായ ഏശാവിന്റെ കൈകളിൽ നിന്നു് അവൻ വിടുവിക്കപ്പെട്ടു. അവൻ താഴെ പറയുന്ന പ്രകാരം പ്രഖ്യാപനം ചെയ്തു് പറഞ്ഞുകൊണ്ടു പ്രാർത്ഥിച്ചു: "എന്റെ വടിയോടുകൂടി ഞാൻ യോർദാൻ കടന്നു; ഞാനിന്നു് രണ്ടു സമൂഹങ്ങളായിത്തീർന്നിരിക്കുന്നു" (ഉല്പ.32:10). നമ്മുടെ രക്ഷകന്റെ അത്ഭുതകരമായ രഹസ്യം! നമ്മുടെ കർത്താവു് ആദ്യം വന്നപ്പോഴം യാക്കോബിന്റെ വടിയുടെ സാദൃശ്യമായ ഈശായിയുടെ കുററിയിൽനിന്നു് മുള പുറപ്പെട്ടു (ഏശാ.11:1). എന്നാൽ തന്റെ രണ്ടാമത്തെ വരവിൽ, തന്റെ പിതാവിന്റെ ഭവനത്തിൽ നിന്നു് അവിടുന്നു തിരികെ വരുമ്പോഴം സ്വജനത്തിൽനിന്നു് ഒന്നും ജാതികളിൽനിന്നു മറെറാന്നുമായി യാക്കോബു് തന്റെ പിതാവായ ഇസഹാക്കിന്റെ പക്കലേക്കു് രണ്ടു സമൂഹങ്ങളെയും കൊണ്ടു് തിരികെ പോയതുപോലെ രണ്ടു സമൂഹങ്ങളെയും കൊണ്ടായിരിക്കും അവിടുന്നു തിരികെ പോകുന്നതു്.

യാക്കോബു് തന്റെ പതിനൊന്നു പുത്രന്മാരുമായി തിരികെ പോയി; നമ്മുടെ രക്ഷകനോടുകൂടി പതിനൊന്നു ശ്ലീഹന്മാരും വരും; പതിനൊന്നു്, കാരണം, യൂദാ അവരോടു കൂടെ ഉണ്ടായിരിക്കുകയില്ല. പിന്നീടാണു് ബന്യാമീൻ ജനിച്ചതു്; അങ്ങനെ യാക്കോബിനു പന്ത്രണ്ടു് പുത്രന്മാരായി. പിന്നീടു് തോൽമായു്[2] തെരഞ്ഞെടുക്കപ്പെട്ടു; അങ്ങനെ നമ്മുടെ രക്ഷകന്റെ പന്ത്രണ്ടു ശിഷ്യന്മാരുടെ സംഖ്യ തികഞ്ഞു. യാക്കോബിന്റെ പ്രാർത്ഥനയെപ്പററി ഇത്രയും.

7. മോശയുടെ പ്രാർത്ഥനയുടെ അനന്ത ശക്തിയെപ്പററി നാമെന്താണു പറയേണ്ടതു്? അവന്റെ പ്രാർത്ഥന അവനെ ഫറവോന്റെ കൈകളിൽ നിന്നു രക്ഷിച്ചു; അതു് അവനെ ദൈവ

---

2 മത്തിയാസാണു് വിവക്ഷ (നട. 1: 26).

www.malankaralibrary.com



ത്തിൻെറ മഹത്വം [3] കാണിച്ചുകൊടുത്തു (പുറ. 3:2). അവൻെറ പ്രാർത്ഥനയാൽ അവൻ ഫറവോൻെറമേൽ പത്തു ബാധകൾ വരുത്തിവച്ചു (പുറ. 7-11); അവൻെറ പ്രാർത്ഥനയാണു സമുദ്രത്തെ വിഭജിച്ചതും കൈപ്പുള്ള വെള്ളത്തെ മധുരമുള്ളതാക്കിത്തീർത്തതും (പുറ. 14;21;15:23-5). അതു മന്നായിറക്കുകയും കാടപ്പക്ഷികളെ വരുത്തുകയും ചെയ്തു; അതു പാറപിളർന്നു വെള്ളം ഒഴുക്കാൻ ഇടയാക്കി. അതു് അമാലേക്കിനെ നീക്കുകയും ജോഷ്വായെ ശക്തിപ്പെടുത്തുകയും ചെയ്തു. അതു് യുദ്ധത്തിൽ ഓഗിനെയും സീഹോനെയും പരിപൂർണ്ണമായി പരാജയപ്പെടുത്തി. അതു് ദുഷ്ടന്മാരെ പാതാളത്തിലേക്കയച്ചു; ജനത്തിൻെറ നേർക്കുണ്ടായ ദൈവകോപം മാററിക്കളഞ്ഞു; പാപത്തിൻെറ കാളക്കുട്ടിയെ ചാരമാക്കി; അതു് കല്പലകകൾ മലയിൽനിന്നിറക്കുകയും മോശയുടെ മുഖം പ്രകാശിപ്പിക്കുകയും ചെയ്തു. യാക്കോബിൻെറ പ്രാർത്ഥനയേക്കാൾ കൂടുതൽ കാര്യങ്ങൾ മോശയുടെ പ്രാർത്ഥന നേടിയെടുത്തു. നൂൻെറ പുത്രനായ ജോഷ്വായും ദൈവമുമ്പാകെ തൻെറ പ്രാർത്ഥനയിൽ ശ്രേഷ്ഠനായിത്തീർന്നു. അവൻെറ പ്രാർത്ഥന യോർദാനെ വിഭജിച്ചു. അതു ജറീക്കോയുടെ കോട്ടകൾ തകർക്കുകയും ആഖാറിനെ പാടേ പരാജയപ്പെടുത്തുകയും ചെയ്തു. അതു സൂര്യനെ പിന്നിലേക്കു പായിക്കയും ചന്ദ്രനെ നിശ്ചലമാക്കുകയും ചെയ്തു (ജോഷ്വാ10:12). അതു രാജാക്കന്മാരെ നശിപ്പിക്കയും നാടു കീഴടക്കി ഇസ്രായേല്യർക്കു് അവകാശമാക്കുവാൻ നൽകുകയും ചെയ്തു (ജോഷ്വാ 12).

8. ശാമുവേലിൻെറ അമ്മയായ ഹന്നാ പ്രാർത്ഥിച്ച നിശ്ശബ്ദ പ്രാർത്ഥനയിലേക്കു് നമുക്കു് ഇപ്പോൾ കടക്കാം: അതു് ഏപ്രകാരം ദൈവമുൻപാകെ പ്രീതികരമായിരുന്നെന്നും അവളുടെ നിന്ദ നീക്കി, മച്ചിയായിരുന്ന അവളുടെ ഗർഭപാത്രം തുറന്നെന്നും, നസ്രായവ്രതക്കാരനും പുരോഹിതനുമായ ഒരുവനെ പ്രസവിച്ചെന്നും കാണുക.

ഇസ്രായേൽക്കാർക്കു് ഒരടയാളം കാണിച്ചുകൊണ്ടു് ശാമുവേലും പ്രാർത്ഥിച്ചു. അവർ ഒരു രാജാവിനെ ആവശ്യപ്പെട്ടതിൽ ഉള്ള പാപം അവൻ അവർക്കു് പറഞ്ഞുകൊടുത്തു: ശാമുവേൽ ബലിപീഠത്തിൽ ഒരു പൂർണ്ണയാഗം അർപ്പിച്ചു. അപ്പോൾ മഴപെയ്തു. അതും ഗോതമ്പിൻെറ കൊയ്ത്തുകാലത്തു്! (1 ശാമു. 12:17-18).

---

3 ഷെക്കീനാ

www.malankaralibrary.com



ദാവീദും ദൈവമുൻപാകെ പ്രാർത്ഥിക്കയും ശൗലിൻെറ കൈകളിൽ നിന്നു വിടുവിക്കപ്പെടുകയും ചെയ്തു (1 ശാമു. 19.20). ജനങ്ങളുടെ കണക്കെടുത്തശേഷവും അവൻ പ്രാർത്ഥിച്ചു; അതുകൊണ്ട്, സംഹാരകന് അവരുടെ മേൽ അധികാരം നല്കപ്പെട്ടെങ്കിലും, കോപവും ക്രോധവും അവരിൽ നിന്നു നീങ്ങിപ്പോയി (2 ശാമു. 24:25).

ആശായും പ്രാർത്ഥിച്ചു; അവൻെറ പ്രാർത്ഥന വലിയ ശക്തി വെളിപ്പെടുത്തി. എത്യോപ്യക്കാരനായ സേറാഹ് പത്തുലക്ഷം സൈന്യങ്ങളുമായി അവനെതിരെ വന്നപ്പോൾ അവൻ ഇപ്രകാരം പ്രാർത്ഥിച്ചു: 'ഞങ്ങളുടെ ദൈവമേ, വലിയൊരു സമൂഹത്തെ കുറച്ചാളുകളെകൊണ്ട് നീ സംഹരിക്കുമ്പോൾ അതിനാൽ നിൻെറ ശക്തി ഞങ്ങൾ അറിയും.' ദൈവം അവൻെറ പ്രാർത്ഥന കേൾക്കുകയും തൻെറ ദൂതനെ അയച്ച് അവരെ പാടെ ചിതറിക്കയും ചെയ്തു (2 ദിന. 14:10_15). ആശായുടെ പ്രാർത്ഥനയുടെ ശക്തി വലിയ സൈന്യത്തെ പരാജയപ്പെടുത്തി.

അവൻെറ മകനായ യോശാഫാത്തും തൻെറ പ്രാർത്ഥനയാൽ ശത്രുസൈന്യത്തെ നശിപ്പിക്കയും പരാജയപ്പെടുത്തുകയും ചെയ്തു (2 ദിന. 20:3_30). ഹെസെക്കിയായും പ്രാർത്ഥിച്ചു. സൈന്യാധിപനെപ്പോലെ വർത്തിച്ച ഒരു ദൂതൻവഴി അവൻെറ പ്രാർത്ഥന ഒരു ലക്ഷത്തിഎൺപത്തയ്യായിരം പേരെ കീഴ്പ്പെടുത്തി (1 രാജാ. 19:15.35). കടലിൻെറ ആഴത്തിൽ നിന്ന് ദൈവമുൻപാകെ യോനായും പ്രാർത്ഥിച്ചു. അവൻെറ പ്രാർത്ഥന കേൾക്കപ്പെട്ടു (യോനാ 2). അവനു പ്രത്യുത്തരം ലഭിച്ചു; ദോഷം ഒന്നും സംഭവിക്കാതെ അവൻ വിടുവിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ, അവൻെറ പ്രാർത്ഥന ആഴങ്ങളെ തുളച്ചു; തിരമാലകളെ തകർത്തു; കൊടുങ്കാററുകളെ ശാന്തമാക്കി; അത് മേഘങ്ങളെ തുളച്ചുകടന്നു. വായുവിലൂടെ പറന്നു; സ്വർഗ്ഗവാതിൽ തുറന്നു (ബൻസീറാ 35:17). ദൈവമുൻപാകെ പ്രാർത്ഥനകൾ എത്തിക്കുന്ന ഗബ്രിയേൽവഴി അതു് മഹത്വത്തിൻെറ സിംഹാസനത്തെ സമീപിച്ചു.[4] അതിൻെറ ഫലമായി ആഴം ഈ പ്രവാചക മനുഷ്യനെ ഛർദ്ദിച്ചുകളഞ്ഞു; മത്സ്യം യോനായെ സുരക്ഷിതമായി ഉണങ്ങിയ കരയ്ക്കെത്തിച്ചു.

അതുപോലെ, ഹനനിയാ, അസറിയാ, മിശായേൽ എന്നിവരുടെ കാര്യത്തിലും, അവരുടെ പ്രാർത്ഥന അഗ്നിജ്വാലകളെ കീഴ്പ്പെടുത്തി; കത്തിച്ചുകളയുക എന്ന തീയുടെ സ്വാഭാ

4 ദാനി. 9:21 - നെ ആധാരമാക്കിയുള്ള വ്യാഖ്യാനമാകാം.

www.malankaralibrary.com



വിക ഗുണം മാററിക്കൊണ്ടു് അതു് അഗ്നിയുടെ ശക്തിയെ മെരുക്കിയെടുത്തു, അതു രാജകോപം അടക്കുകയും ഈ നീതിമാന്മാരായ മനുഷ്യരെ രക്ഷിക്കുകയും ചെയ്തു (ദാനി. 3).

9. ദാനിയേലും പ്രാർത്ഥിച്ചു; അവൻെറ പ്രാർത്ഥന സിംഹങ്ങളുടെ വായ് അടച്ചുകളഞ്ഞു (ദാനി. 6). നീതിമാനായ മനുഷ്യൻെറ മാംസത്തിൻെറയും അസ്ഥികളുടെയും മുൻപാകെ സംഹരിക്കുന്ന വായ് അടയ്ക്കപ്പെട്ടു. ദാനിയേൽ തറയിൽ വീഴാതിരിക്കാനായി സിംഹങ്ങൾ അവയുടെ മുൻകാലുത്തികൾ നീട്ടി അവനെ പിടിച്ചു. അവ തങ്ങളുടെ കാലുത്തികളിൽ വച്ചു് അവനെ ആലിംഗനം ചെയ്കയും അവൻെറ പാദം ചുംബിക്കയും ചെയ്തു. ദാനിയേൽ കുഴിയിൽവച്ചു പ്രാർത്ഥിക്കാനായി എഴുന്നേററു നിന്നു് സ്വർഗ്ഗത്തിലേക്കു തൻെറ കൈകൾ ഉയർത്തിയപ്പോൾ, സിംഹങ്ങളും ദാനിയേലിൻെറ മാതൃക അനുകരിച്ചു. പ്രാത്ഥനകൾ സ്വീകരിക്കുന്നവൻ ഇറങ്ങിവന്നു് സിംഹങ്ങളുടെ വായ് അടച്ചുകളഞ്ഞു. എന്തുകൊണ്ടെന്നാൽ, ദാനിയേൽ ഡേറിയസിനോടു പറഞ്ഞു: ''എൻെറ ദൈവം തൻെറ ദൂതനെ അയയ്ക്കുകയും അവൻ സിംഹങ്ങളുടെ വായ് അടയ്ക്കുകയും ചെയ്തു; അതുകൊണ്ടു് അവ എന്നെ ഉപദ്രവിച്ചില്ല'' (ദാനി. 6:22). ആ കുഴി മൂടി മുദ്രവയ്ക്കപ്പെട്ടതായിരുന്നെങ്കിലും അതിനുള്ളിൽ പ്രകാശം ഉണ്ടായി. ദാനിയേൽ നിമിത്തം പ്രകാശം ഉണ്ടായതിനാൽ സിംഹങ്ങൾ സന്തോഷിച്ചു. ദാനിയേൽ നിദ്രാഭാരത്താൽ ഉറങ്ങാൻ ആഗ്രഹിച്ചപ്പോൾ, അവൻ തറയിൽ കിടക്കാതെ തങ്ങളുടെമേൽ കിടന്നുറങ്ങാനായി സിംഹങ്ങൾ നിവന്നു കിടന്നുകൊടുത്തു. നിരവധി ജനലുകളുള്ള മാളികമുറിയിലേതിനേക്കാൾ ആ കുഴി കൂടുതൽ പ്രകാശിതമായിരുന്നു (ദാനി. 6:10). തൻെറ മാളികമുറിയിലെന്നതിനേക്കാൾ കൂടുതൽ പ്രാർത്ഥനകൾ അവൻ അവിടെ വച്ചു ചൊല്ലി. മാളികമുറിയിൽ വച്ചു് അവൻ ദിവസത്തിൽ മൂന്നു പ്രാവശ്യമേ പ്രാർത്ഥിച്ചിരുന്നുള്ളു. ദാനിയേൽ വിജയശ്രീലാളിതനായി കരയ്ക്കു കയറിയപ്പോൾ, അവനെ കുററപ്പെടുത്തിയവർ അവൻെറ സ്ഥാനത്തു് കുഴിയിലേക്കു വീണു; അപ്പോൾ സിംഹങ്ങളുടെ വായ് തുറക്കപ്പെട്ടു; അവ അവരെ വിഴുങ്ങുകയും അവരുടെ അസ്ഥികൾ തകർത്തു ഞെരിക്കുകയും ചെയ്തു.

എഴുപതു വർഷം പൂർത്തിയായപ്പോൾ വിപ്രവാസത്തിൽ നിന്നു് തിരികെ വരാൻ പ്രാർത്ഥന ഇടയാക്കി (ദാനി. 9.23). ഇപ്രകാരം, തങ്ങൾക്കു ക്ലേശങ്ങളുണ്ടായപ്പോൾ, നീതിമാന്മാരായ നമ്മുടെ പൂർവപിതാക്കന്മാർ ഓരോരുത്തരും പ്രാർത്ഥന

www.malankaralibrary.com



യാകുന്ന കവചം ധരിക്കയും അതുവഴി അവർ ക്ലേശങ്ങളിൽ നിന്നു രക്ഷിക്കപ്പെടുകയും ചെയ്തു.

10. ഇങ്ങനെ തന്നെ നമ്മുടെ രക്ഷകൻ താഴെപ്പറയുന്ന പ്രാർത്ഥന പഠിപ്പിച്ചു: ''മറഞ്ഞിരിക്കുകയും എന്നാൽ എല്ലാം കാണുകയും ചെയ്യുന്ന ദൈവത്തോട് രഹസ്യമായി പ്രാർത്ഥിക്കണം.'' എന്തുകൊണ്ടെന്നാൽ അവിടുന്നു പറഞ്ഞു: ''മുറിയിൽ കടന്ന് നിന്റെ പിതാവിനോട് രഹസ്യത്തിൽ പ്രാർത്ഥിക്കുക; രഹസ്യത്തിൽ കാണുന്ന പിതാവ് നിനക്കു പ്രതിഫലം തരും'' (മത്താ. 6:6).

എന്റെ പ്രിയപ്പെട്ടവരേ, ''വാതിലടച്ച് രഹസ്യത്തിൽ പിതാവിനോടു പ്രാർത്ഥിക്കണം'' എന്ന് നമ്മുടെ രക്ഷകൻ നമ്മെ പഠിപ്പിച്ചത് എന്തുകൊണ്ടാണ്? എനിക്കു കഴിവുള്ളിടത്തോളം ഞാൻ അത് വിശദീകരിക്കാം. ''വാതിലടച്ച് നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക'' എന്ന് അവിടുന്നു പറഞ്ഞു. ''രഹസ്യത്തിൽ, നിന്റെ ഹൃദയത്തിൽ വാതിലടച്ചു പ്രാർത്ഥിക്കുക'' എന്ന് നമ്മുടെ കർത്താവിന്റെ വാക്കുകൾ നമ്മോടു പറയുന്നു. നിന്റെ അധരമല്ലാതെ മറേതു വാതിലാണു അടയ്ക്കേണ്ടത് എന്നാണ് അവിടുന്നു പറയുന്നത്? ''നിങ്ങൾ കർത്താവിന്റെ ആലയമാകുന്നു'' എന്ന് ശ്ലീഹാ പറഞ്ഞതുപോലെ (1 കൊറി. 3:16) മിശിഹാ വസിക്കുന്ന ആലയം ഇവിടെയാകുന്നു. നിങ്ങളുടെ ഈ ആലയമാകുന്ന ആന്തരിക വ്യക്തിയിലേക്ക് പ്രവേശിക്കുവാനും, അശുദ്ധമായ എല്ലാററിൽ നിന്നും അതിനെ ശുദ്ധീകരിക്കുവാനും വേണ്ടിയാണ് വാതിൽ, അതായത് നിന്റെ വായ് അടച്ചിരിക്കുന്നത്. ഇത് ഇപ്രകാരമല്ലെങ്കിൽ ഈ വേദഭാഗം നീ എങ്ങനെയാണു മനസ്സിലാക്കുക? ഒരു വീടും ഒരു വാതിലും ഇല്ലാത്ത മരുഭൂമിയിൽ നീ ആയിപ്പോകാൻ ഇടയായാൽ, രഹസ്യമായി പ്രാർത്ഥിക്കാൻ നിനക്കു സാധിക്കാതെ വരുമോ? അല്ലെങ്കിൽ നീ ഒരു മലമുകളിലാകാനിടയായാൽ, പ്രാർത്ഥിക്കാൻ സാധിക്കയില്ലേ? ദൈവം എപ്രകാരം ഹൃദയവിചാരങ്ങളും ചിന്തകളും അറിയുന്നു എന്ന് നമ്മുടെ രക്ഷകനും ചൂണ്ടിക്കാട്ടുകയുണ്ടായി. നമ്മുടെ കർത്താവ് ഇപ്രകാരം പറഞ്ഞുകൊണ്ടു എഴുതിയിരിക്കുന്നു: 'നിങ്ങൾ യാചിക്കുന്നതിനു മുൻപ് നിങ്ങൾക്കാവശ്യമുള്ളവ എന്തെന്ന് നിങ്ങളുടെ പിതാവ് അറിയുന്നു' (മത്താ. 6:8). ഏശായാ പ്രവാചകനിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: ''ഞാൻ തെരഞ്ഞെടുത്തവരെ അവർ വിളിക്കുന്നതിനു മുമ്പേ ഞാൻ ശ്രവിക്കും; അവർ അപേക്ഷിക്കുന്നതിനു മുമ്പേ ഞാൻ ഉത്തരമരുളും'' (65:24). വീണ്ടും, ദുഷ്ടന്മാരെക്കുറിച്ച് ഏശായാ ഇപ്രകാരം

www.malankaralibrary.com



പറഞ്ഞിരിക്കുന്നു: 'നിങ്ങൾ നിങ്ങളുടെ പ്രാർത്ഥനകൾ വർദ്ധിപ്പിച്ചാലും ഞാൻ ശ്രദ്ധിക്കുകയില്ല'. അവൻ ഇതും പറഞ്ഞു: 'അവർ ഉച്ചസ്വരത്തിൽ എന്റെ ചെവിയിലേക്ക് നിലവിളിച്ചാലും ഞാൻ അവരെ ശ്രദ്ധിക്കയില്ല' (1:15). വഞ്ചന നിറഞ്ഞ, അതായത്, സ്വീകാര്യമല്ലാത്ത പ്രാർത്ഥനയെപ്പററിയാണ് അവൻ ഇതു പറഞ്ഞത്. ഓരോ വാക്കും ശ്രദ്ധാപൂർവം കേട്ട് അതിന്റെ അർത്ഥം എന്തെന്നു മനസ്സിലാക്കുക.

11. അവിടെ നമ്മുടെ രക്ഷകൻ മറെറന്തോ പറയുന്നു; അത് വിവേകപൂർവ്വം ശ്രവിക്കേണ്ടിയിരിക്കുന്നു; എന്തുകൊണ്ടെന്നാൽ അവിടുന്നു പറഞ്ഞു: 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചുകൂടിയാൽ ഞാൻ അവരുടെ ഇടയിലുണ്ട്' (മത്താ. 18:20). എന്റെ വാത്സല്യവാനേ, നീ ഇത് എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? കാരണം, നമ്മുടെ രക്ഷകൻ പറഞ്ഞു: 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചുകൂടിയാൽ, ഞാൻ അവിടെ അവരുടെ ഇടയിലുണ്ട്.' അപ്പോൾ നീ തനിച്ചാണെങ്കിൽ മിശിഹാ നിന്നോടുകൂടെയില്ല എന്നാണോ ഇതിനർത്ഥം? മിശിഹായിൽ വിശ്വസിക്കുന്നവരിൽ താൻ വസിക്കുന്നു എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ (യോഹ.6:56–7). അതായത്, രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടുന്നതിനു മുൻപേ മിശിഹാ അവരോടുകൂടെ ഉണ്ട് എന്ന് ഇതുവഴി അവിടുന്നു കാണിച്ചിരിക്കുന്നു, രണ്ടോ മൂന്നോ പേർക്കു പകരം, മിശിഹായുടെ നാമത്തിൽ ആയിരത്തിലധികം പേർ ഒന്നിച്ചു കൂടിയിട്ടും മിശിഹാ അവരോടു കൂടി ഇല്ലാത്ത ഒരു സ്ഥലം ഞാൻ കാണിച്ചു തരാം. അതേ സമയം ഏകാകിയായ ഒരു മനുഷ്യനുണ്ട്. മിശിഹാ അവനോടു കൂടെ ഉണ്ടുതാനും.

നമ്മുടെ രക്ഷകൻ ഉച്ചരിച്ച ഈ വാചകം ശ്രോതാക്കൾക്ക് ഇമ്പകരവും കർണാനന്ദകരവുമാണ്. എന്തുകൊണ്ടെന്നാൽ അവിടുന്നരുൾചെയ്തു: 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചു കൂടിയാൽ, ഞാൻ അവിടെ അവരുടെ ഇടയിലുണ്ട്' (മത്താ. 18:20). മിശിഹായുടെ നാമത്തിൽ മനുഷ്യൻ തന്റെ ആത്മാവിനെ അടിച്ചു വെടിപ്പാക്കുമ്പോൾ, മിശിഹാ അവനിൽ വസിക്കുന്നു; ദൈവം മിശിഹായിൽ വസിക്കുന്നു: അപ്പോൾ മുതൽ ആ മനുഷ്യൻ മൂന്നാളുകളുള്ള ഒരാളാകുന്നു – അവൻ, അവനിൽ വസിക്കുന്ന മിശിഹാ, മിശിഹായിൽ വസിക്കുന്ന ദൈവം. 'ഞാൻ എന്റെ പിതാവിലും എന്റെ പിതാവ് എന്നിലുമാകുന്നു' (യോഹ. 14:10 – 11) എന്ന് നമ്മുടെ കർത്താവു പറഞ്ഞതുപോലെ, 'ഞാനും എന്റെ പിതാവും ഒന്നാകുന്നു' എന്നും അവിടുന്ന് അരുൾചെയ്തു. വീണ്ടും, 'നിങ്ങൾ

www.malankaralibrary.com



എന്നിലും ഞാൻ നിങ്ങളിലും ആകുന്നു' (യോഹ. 10:30; 14:20). അതുപോലെ പ്രവാചകനിലൂടെ അവിടുന്നരുൾചെയ്തു: ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ വ്യാപരിക്കുകയും ചെയ്യും (എസ. 43:9; 2 കൊറി. 6:16). നമ്മുടെ കർത്താവ് ഉച്ചരിച്ച വചനം നീ ഈ അർത്ഥത്തിലാണു മനസ്സിലാക്കേണ്ടത്.

12. എന്റെ വാത്സല്യവാനേ, പ്രാർത്ഥിച്ചവരും നീതിമാന്മാരുമായ നമ്മുടെ പൂർവപിതാക്കന്മാർ ഓരോരുത്തരിലും ദൈവം എപ്രകാരം ഉണ്ടായിരുന്നു എന്ന് ഞാൻ കാണിച്ചുതരാം. മോശ മലയിൽവച്ച് പ്രാർത്ഥിച്ചപ്പോൾ അവൻ തനിച്ചായിരുന്നു; ദൈവം അവനോടുകൂടെ ഉണ്ടായിരുന്നു; അവൻ തനിച്ചായിരുന്നതിനാൽ അവനെ ദൈവം ശ്രവിച്ചില്ല എന്നത് തീർച്ചയായും വാസ്തവമായിരിക്കയില്ല. ഒരിക്കലുമല്ല. മോശയുടെ പ്രാർത്ഥന വളരെയധികം കേൾക്കപ്പെട്ടു; അതു ദൈവകോപം ശമിപ്പിച്ചു.

ഏലിയായും കാർമൽ മലയുടെ മുകളിൽ തനിച്ചായിരുന്നു. അവന്റെ പ്രാർത്ഥന അത്ഭുതകരമായ ശക്തികൾ വെളിപ്പെടുത്തി. അവന്റെ പ്രാർത്ഥനയാൽ ആകാശം അടയ്ക്കപ്പെട്ടു; അതു വീണ്ടും തുറക്കപ്പെട്ടതു് അവന്റെ പ്രാർത്ഥനയാൽ തന്നെയാണ്. അവന്റെ പ്രാർത്ഥന മരണവക്ത്രത്തിൽനിന്ന് ആളുകളെ വിടുവിക്കയും പാതാളത്തിൽ നിന്ന് മോചിക്കുകയും ചെയ്തു; അവന്റെ പ്രാർത്ഥന ഇസ്രായേലിൽനിന്ന് അശുദ്ധതയെ പിഴുതെറിഞ്ഞു; അവന്റെ പ്രാർത്ഥന മൂന്നു പ്രാവശ്യം അഗ്നി ഇറക്കി – ഒരു പ്രാവശ്യം ബലിപീഠത്തിന്മേലും രണ്ടു പ്രാവശ്യം പ്രമാണികളുടെമേലും; അവന്റെ പ്രാർത്ഥനയാൽ അഗ്നി താഴേക്കിറങ്ങി വന്നപ്പോൾ അതു് അവനുവേണ്ടി പ്രതികാരം ചെയ്തു. അവൻ താഴെ മുട്ടുകുത്തി പ്രാർത്ഥിച്ചു; ഉടൻതന്നെ അവനു് ഉത്തരം ലഭിക്കുകയും ചെയ്തു. എന്നാൽ നാനൂറ്റമ്പതുപേർ ഉച്ചത്തിൽ നിലവിളിച്ചിട്ടും കേൾക്കപ്പെട്ടില്ല; എന്തുകൊണ്ടെന്നാൽ അവർ ബാലിന്റെ നാമമാണ് വിളിച്ചപേക്ഷിച്ചതു്. എന്നാൽ ഏലിയാ തനിച്ചായിരുന്നെങ്കിലും അവന്റെ പ്രാർത്ഥന കൂടുതൽ സ്വീകാര്യമായി. അതുപോലെ പാതാളത്തിന്റെ അത്യഗാധത്തിൽനിന്നു യോനാപ്രവാചകൻ പ്രാർത്ഥിച്ചപ്പോൾ അവൻ ശ്രവിക്കപ്പെട്ടു.[5] അവൻ തനിച്ചായിരുന്നെങ്കിലും ദൈവം അവനെ ശ്രവിച്ച് അവനുത്തരമരുളി.

---

5 ഏലിയാ ഉയിർപ്പിച്ച വിധവാ പുത്രനാണ് (1 രാജാ. 17: 24) യോനാ എന്ന പാരമ്പര്യം അഫ്രാത് അറിഞ്ഞിരുന്നു എന്നു തോന്നുന്നു. അതിനാലാകാം ഏലിയായിക്കും ഏലിശായ്ക്കുമിടയിൽ യോനായുടെ കാര്യം പറയുന്നതു്.

www.malankaralibrary.com



ഏലീശായും പ്രാർത്ഥിക്കയും ചിലരെ പാതാളത്തിൽനിന്നു് തിരികെ കൊണ്ടുവരികയും ചെയ്തു. അവനെ വലയം ചെയ്തിരുന്ന ദുഷ്ടന്മാരുടെ കൈകളിൽനിന്നു് അവൻ വിടുവിക്കപ്പെടുകയും ചെയ്തു. അവൻ ഏകനായി കാണപ്പെട്ടെങ്കിലും ഒരു വലിയ സൈന്യം അവനെ വലയം ചെയ്തിരുന്നു. എന്തുകൊണ്ടെന്നാൽ അവൻ തന്റെ ശിഷ്യനോടു പറഞ്ഞു: അവരോടുകൂടെ ഉള്ളവരേക്കാൾ വളരെ കൂടുതലാണ് നമ്മോടുകൂടെ ഉള്ളവർ'' (2 രാജാ. 6:16). അവർ തനിച്ചായിരുന്നെങ്കിലും വാസ്തവത്തിൽ അവർ തനിച്ചായിരുന്നില്ല.

''രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചുകൂടിയാൽ ഞാൻ അവിടെ അവരുടെ ഇടയിലുണ്ടു്'' (മത്താ. 18:20) എന്ന നമ്മുടെ കർത്താവിന്റെ വചനം, ഞാൻ നിനക്കു വിവരിച്ചു തന്ന ഈ ഉദാഹരണങ്ങളിൽനിന്നു് നിനക്കു മനസ്സിലാക്കാമല്ലോ.

13. ഞാൻ നിന്നെ നേരത്തെ പ്രേരിപ്പിച്ചതുപോലെ, നീ പ്രാർത്ഥിക്കാൻ ആരംഭിക്കുന്ന നിമിഷംതന്നെ നിന്റെ ഹൃദയം ഉന്നതങ്ങളിലേക്കുയർത്തുകയും നിന്റെ കണ്ണുകൾ താഴേക്കു താഴ്ത്തുകയും ചെയ്യുക. നിന്റെ ആന്തരികവ്യക്തിയുടെ ഉള്ളിലേക്കു പ്രവേശിച്ചു്, സ്വർഗ്ഗസ്ഥനായ നിന്റെ പിതാവിനോടു് രഹസ്യത്തിൽ പ്രാർത്ഥിക്കുക. ഞാൻ ഈ എഴുതിയതെല്ലാം പ്രാർത്ഥന എന്ന വിഷയത്തെക്കുറിച്ചാണ്. – പ്രാർത്ഥന ശുദ്ധമായിരുന്നാൽ എപ്രകാരം കേൾക്കപ്പെടുമെന്നും, ശുദ്ധമല്ലാതിരുന്നാൽ എങ്ങനെ ശ്രദ്ധിക്കപ്പെടുകയില്ലെന്നും ഒക്കെ ഞാനെഴുതി– എന്തുകൊണ്ടെന്നാൽ പ്രാർത്ഥനകൾ വർദ്ധിപ്പിക്കുകയും നീണ്ട അപേക്ഷകൾ നടത്തുകയും കുനിവളയുകയും കൈകൾ വിരിച്ചു പിടിക്കുകയും ചെയ്യുന്നെങ്കിലും പ്രാർത്ഥനയുടെ ആന്തരികസത്തയിൽനിന്നു് അകന്നിരിക്കുന്ന ആളുകൾ നമ്മുടെ ഇടയിലുണ്ടു്. ''ഞങ്ങളുടെ കടക്കാരോടു് ഞങ്ങളും ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു് ക്ഷമിക്കണമെ'' എന്നു് നമ്മുടെ രക്ഷകൻ പഠിപ്പിച്ച പ്രാർത്ഥന (മത്താ.6:12) അവർ ചൊല്ലുന്നുണ്ടെങ്കിലും (തങ്ങൾ ചെയ്യേണ്ടതു് അവർ ചെയ്യുന്നില്ല). പ്രാർത്ഥിക്കുന്ന നീ ദൈവമുൻപാകെ ഒരർപ്പണം നടത്തുകയാണെന്നു് അനുസ്മരിക്കണം: പ്രാർത്ഥനകൾ അർപ്പിക്കുന്ന ഗബ്രിയേൽ, കുററമുള്ള അർപ്പണത്താൽ ലജ്ജിക്കാനിടവരാതിരിക്കട്ടെ. നിന്നോടു് ക്ഷമിക്കപ്പെടാനായി നീ പ്രാർത്ഥിക്കയും, മററുള്ളവരോടു് നീ ക്ഷമിക്കുന്നു എന്നു് ഏററുപറയുകയും ചെയ്യുമ്പോൾ, നീ യഥാർത്ഥത്തിൽ ക്ഷമിക്കുന്നുണ്ടോ എന്നു് ആദ്യമായി ആത്മശോധന നടത്തുക;

www.malankaralibrary.com



അതിനുശേഷം മാത്രം 'ഞാൻ ക്ഷമിക്കുന്നു' എന്നു് ഏറ്റുപറയുക. നീ യഥാർത്ഥമായി ക്ഷമിക്കാതെ 'ഞാൻ ക്ഷമിക്കുന്നു' എന്നു പറഞ്ഞു് ദൈവത്തോടു വഞ്ചനാപരമായി പ്രവർത്തിക്കരുതു്. എന്തുകൊണ്ടെന്നാൽ ദൈവം നിന്നേപ്പോലെ മർത്യനല്ല; അവനെ നിനക്കു ചതിക്കാനാവില്ല (സംഖ്യ 23:19). "ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെതിരായി പാപം ചെയ്താൽ, അവനു കർത്താവിനോടപേക്ഷിക്കാം; എന്നാൽ ആരെങ്കിലും ദൈവത്തോടു് അപരാധം ചെയ്താൽ അവൻ ആരെ വിളിച്ചപേക്ഷിക്കും?' (1 ശാമു 2:25). നിന്റെ പ്രാർത്ഥനയിലൂടെ നിന്റെമേൽ ശാപം വലിച്ചുവയ്ക്കരുതു്.

നമ്മുടെ കർത്താവു പറഞ്ഞതു് ഒരിക്കൽക്കൂടി ശ്രദ്ധിക്കുക: നീ ഒരർപ്പണം കൊണ്ടുവരുമ്പോൾ, നിന്റെ സഹോദരനു് നിന്നോടു് എന്തെങ്കിലും പിണക്കം ഉണ്ടെന്നു് ഓർമയിൽ വന്നാൽ, നിന്റെ അർപ്പണം യാഗപീഠത്തിന്റെ മുൻപാകെ വച്ചിട്ടു്, പോയി നിന്റെ സഹോദരനുമായി രമ്യപ്പെടുക; പിന്നെ വന്നു നിന്റെ അർപ്പണം നടത്തുക (മത്താ. 5:23 – 24). നീ പ്രാർത്ഥിക്കുമ്പോൾ ഇക്കാര്യം നീ ഓർക്കാതിരിക്കാനാണിതു്. അങ്ങനെയുള്ള സാഹചര്യത്തിൽ, നിന്റെ പ്രാർത്ഥന ബലിപീഠത്തിന്റെ മുമ്പിൽ വച്ചിരിക്കയാണെന്നും, നിന്റെ അർപ്പണത്തിൽ മാലിന്യം ഉണ്ടെന്നു് പരിശോധനയിൽ മനസ്സിലാക്കി, പ്രാർത്ഥനകൾ അർപ്പിക്കുന്ന ഗബ്രിയേൽ അതു് ഭൂമിയിൽ നിന്നെടുത്തു കൊണ്ടുപോകാൻ ഇഷ്ടപ്പെടുന്നില്ലെന്നും നിന്റെ മനസ്സിൽ നീ ചിന്തിക്കണം. എന്നാൽ അതു് ശുദ്ധമാണെങ്കിൽ അവൻ അതു് ദൈവസന്നിധിയിലേക്കുയർത്തുന്നു: 'ഞാൻ മറ്റുള്ളവരോടു് ക്ഷമിക്കുന്നു; എന്നോടു് ക്ഷമിക്കണമെ' എന്നീ വാക്കുകൾ നിന്റെ പ്രാർത്ഥനയിൽ ഗബ്രിയേൽ കാണുകയാണെങ്കിൽ, പ്രാർത്ഥനകൾ ദൈവസമക്ഷം എത്തിക്കുന്ന ആ ദൂതൻ, പ്രാർത്ഥിക്കുന്ന വ്യക്തിയോടു് ഇപ്രകാരം പറയും: 'ആദ്യമേ നിന്റെ കടക്കാരോടു് നീ ക്ഷമിക്കുക; അതിനുശേഷം, നീ ആരോടു് കടക്കാരനായിരിക്കുന്നുവോ, ആ ആളിന്റെ പക്കൽ നിന്റെ പ്രാർത്ഥന ഞാൻ സമർപ്പിക്കാം. നിന്റെ നികൃഷ്ടാവസ്ഥയിൽ നൂറു ദേനാറാ ഇളവു ചെയ്യുക (മത്താ. 18:23–5). അപ്പോൾ നീ കടം വീട്ടാനുള്ളയാൾ തന്റെ മഹാമനസ്കതയ്ക്കനുസൃതമായി പതിനായിരം താലന്തു് നിനക്കും ഇളവു ചെയ്തു തരും; അതു് തിരികെ കൊടുക്കാനോ, അതിന്റെ പലിശ കൊടുക്കാനോ നിന്നോടു് അവൻ ആവശ്യപ്പെടുകയേ ഇല്ല. ക്ഷമിക്കാൻ നീ സന്നദ്ധനാണെങ്കിൽ, പ്രാർത്ഥനകൾ സമർപ്പിക്കുന്ന ഗബ്രിയേൽ നിന്റെ അർപ്പണം സ്വീകരിച്ചു് അർപ്പിക്കും; എന്നാൽ നീ ക്ഷമിക്കുന്നില്ലെങ്കിൽ, അവൻ

www.malankaralibrary.com



നിന്നോടു് ഇപ്രകാരം പറയും: പരിപാവനമായ സിംഹാസനത്തിൻമുൻപാകെ നിൻെറ കളങ്കപൂരിതമായ അർപണം ഞാൻ എത്തിക്കയില്ല.'' ഗബ്രിയേൽ നിൻെറ അർപ്പണം അവിടെ ഇട്ടിട്ടുപോകുമ്പോൾ നിൻെറ അർപ്പണം നീ തന്നെ എടുത്തുകൊണ്ടു് നീ കടം വീട്ടാനുള്ള ആളിൻെറ പക്കൽ ചെന്നു് കണക്കു ബോധിപ്പിക്കേണ്ടി വരും.

പ്രവാചകൻ പറയുന്നതെന്തെന്നു ശ്രവിക്കുക: 'തൻെറ ആട്ടിൻകൂട്ടത്തിൽ തടിച്ചുകൊഴുത്ത ഒരാടുണ്ടായിരിക്കയും കർത്താവിനു നേർച്ച നേർന്നിട്ടു് രോഗഗ്രസ്തമായ ഒന്നിനെ അർപ്പിക്കയും ചെയ്യുന്നവനു ഹാ കഷ്ടം.' എന്തുകൊണ്ടെന്നാൽ, അവിടുന്നരുൾചെയ്യുന്നു: 'നിൻെറ ദേശാധികാരിക്കു് അതു് അർപ്പിച്ചു നോക്കുക; അവനതിൽ പ്രസാദിച്ചു് നിന്നോടു പ്രീതി കാണിക്കുമോ എന്നു നോക്കുക' (മലാ 1: 14.18). അതുകൊണ്ടു് നീ പ്രാർത്ഥിക്കുന്നതിനു മുൻപു് നിൻെറ കടക്കാരനോടു ക്ഷമിക്കണം; അതിനുശേഷം മാത്രമേ പ്രാർത്ഥിക്കാവൂ. അങ്ങനെ നീ പ്രാർത്ഥിക്കുമ്പോൾ നിൻെറ പ്രാർത്ഥന ഉന്നതത്തിൽ ദൈവസന്നിധിയിലേക്കുയരും; അതു് ഭൂമിയിൽ ഉപേക്ഷിക്കപ്പെടുകയില്ല.

14. പ്രവാചകനിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'ഇതാണു് എൻെറ വിശ്രമം; ക്ഷീണിതനു വിശ്രമം നൽകുക' (ഏശാ. 28: 12). അതുകൊണ്ടു്, മനുഷ്യാ, ദൈവത്തിൻെറ ഈ വിശ്രമം യാഥാർത്ഥ്യമാക്കുക; 'എന്നോടു ക്ഷമിക്കുക' എന്നു നീ പിന്നെ പറയേണ്ടിവരില്ല. ക്ഷീണിതനു വിശ്രമം നൽകുക; രോഗിയെ സന്ദർശിക്കുക; പാവപ്പെട്ടവർക്കു വേണ്ടതു വിതരണം ചെയ്യുക; എൻെറ വാത്സല്യവാനേ, ഞാൻ നിന്നോടു വിശദീകരിക്കാൻ പോകുന്നതുപോലെ, ഇതാണു വാസ്തവത്തിൽ പ്രാർത്ഥന. എപ്പോഴും ദൈവത്തിൻെറ വിശ്രമം ആരെങ്കിലും യാഥാർത്ഥ്യമാക്കുന്നെങ്കിൽ, അതാണു പ്രാർത്ഥന; എന്തുകൊണ്ടെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: മിദിയാന്യ സ്ത്രീയുമായി സിമ്രി വ്യഭിചാരം ചെയ്യുന്നതായി ഏലിയാസറിൻെറ മകനായ ഫിനെഹാസു് കണ്ടപ്പോൾ, അവൻ അകത്തുകടന്നു് അവരിരുവരെയും വെട്ടിക്കൊന്നുകളഞ്ഞു' (സംഖ്യ 25: 6_8). അവൻ ചെയ്ത കൊല പ്രാർത്ഥനയായി കണക്കാക്കപ്പെട്ടു. കാരണം, അവനെപ്പററി ദാവീദ് പറയുന്നു: 'ഫിനെഹാസു് എഴുന്നേററു പ്രാർത്ഥിച്ചു; അതു നിത്യയുഗങ്ങളിലേയ്ക്കു് അവനു നീതിയായി കണക്കാക്കപ്പെട്ടു' (സങ്കീ. 106. 30_31). തൻെറ ദൈവത്തെ പ്രതി അവൻ അവനെ കൊന്നതിനാൽ, അതു് ഒരു പ്രാർത്ഥനയായി അവനു കണക്കിടപ്പെട്ടു.

www.malankaralibrary.com



അതുകൊണ്ടു്, വാത്സല്യവാനേ, ദൈവേഷ്ടത്തിനു വിശ്രമം നൽകാനുള്ള അവസരം ഉണ്ടാകുമ്പോഴം, പ്രാർത്ഥിക്കാനുള്ള സമയമായി; ഞാൻ പ്രാർത്ഥിച്ചിട്ടു പ്രവർത്തിക്കും' എന്നു പറഞ്ഞു്, നഷ്ടപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കുക. നിന്റെ പ്രാർത്ഥന പൂർത്തിയാക്കാൻ നീ പരിശ്രമിക്കുന്നതിനിടയിൽ വിശ്രമം നൽകാനുള്ള അവസരം നഷ്ടപ്പെട്ടെന്നു വന്നേക്കാം. ദൈവത്തിന്റെ വിശ്രമവും ഇഷ്ടവും നിവർത്തിയാക്കാൻ നിനക്കു സാധിക്കാതെ വരാം; നിന്റെ പ്രാർത്ഥന വഴിയായി രിക്കും പാപാപരാധം നിനക്കുണ്ടാകുക. അതിനുപകരം, ദൈവ ത്തിന്റെ വിശ്രമം യാഥാർത്ഥ്യമാക്കുക; അതുതന്നെയാണു പ്രാത്ഥന.

15. ശ്ളീഹാ എന്താണു പറയുന്നതെന്നു ശ്രദ്ധിക്കുക: 'നാം സ്വയം വിധിക്കുന്നെങ്കിൽ നാം വിധിക്കപ്പെടുകയില്ല' (1 കൊറി 11: 31). ഞാൻ പറയാൻപോകുന്നതു കേട്ടു് സ്വയം വിധിക്കുക. നീ ഒരു ദീർഘയാത്ര നടത്താൻ ഇടയായി എന്നു സങ്കല്പിക്കുക; അത്യുഗ്രമായ ചൂടുകൊണ്ടു ദാഹാർത്തനായ അവ സരം നീ ഒരു സഹോദരനെ കാണാൻ ഇടയാകുന്നു. 'എന്റെ ദാഹം ശമിപ്പിച്ചു് സന്തുഷ്ടനാക്കുക' എന്നു് അവനോടു പറ ഞ്ഞപ്പോഴം 'ഇപ്പോഴം പ്രാർത്ഥിക്കാനുള്ള സമയമാണ്; ഞാൻ പ്രാർത്ഥിക്കട്ടെ; പിന്നീടു നിന്റെ സഹായത്തിനു വരാം' എന്നു് അവൻ പറയുകയും, അവൻ പ്രാർത്ഥിച്ചിട്ടു തിരികെ വരുന്ന തിനു മുൻപു് നീ ദാഹത്താൽ മരിക്കുകയും ചെയ്തു എന്നു കരു തുക. നിനക്കെന്തു തോന്നുന്നു? അവൻ പോയി പ്രാർത്ഥിക്കു ന്നതാണോ, അതോ നിന്റെ ദാഹം തീർക്കുന്നതാണോ കൂടുതൽ മെച്ചപ്പെട്ടതു്? അല്ലെങ്കിൽ, ശീതകാലത്തു് നീ ഒരു യാത്ര യ്ക്കിറങ്ങിപ്പുറപ്പെട്ടപ്പോഴം മഞ്ഞും മഴയും ഉണ്ടായി; നീ തണുത്തു വിറച്ചു. പ്രാർത്ഥനാവസരം നീ ഒരിക്കൽക്കൂടി നിന്റെ ഒരു സ്നേഹിതന്റെ പക്കൽ ഓടിച്ചെന്നപ്പോഴം അവൻ അതേ രീതിയിൽ ഉത്തരം നൽകുകയും നീ മരിക്കാനിടയാകുകയും ചെയ്തു എന്നു കരുതുക. അരിഷ്ടതയിൽ ആയ ഒരാളെ സഹാ യിക്കാതെ അവൻ പ്രാർത്ഥിച്ചതുകൊണ്ടെന്തുഫലം?

തന്റെ വലത്തുവശത്തും ഇടത്തുവശത്തും നിൽക്കുവാനുള്ള വരെ വേർതിരിച്ചുകൊണ്ടു് അന്ത്യവിധിയിലെ വിവരണ ത്തിൽ നമ്മുടെ കർത്താവു് വലത്തുഭാഗത്തുള്ളവരോടു് ഇപ്ര കാരം പറഞ്ഞു: ''എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷണം തന്നു; എനിക്കു ദാഹിച്ചു; നിങ്ങൾ എനിക്കു കുടിക്കാൻ തന്നു. ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ

www.malankaralibrary.com



പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു'' (മത്താ. 25: 35). അതുപോലെതന്നെ തൻെറ ഇടത്തുഭാഗത്തുള്ളവരോടും അവിടുന്ന് അരുളിച്ചെയ്തു. എന്നാൽ അവർ ഇപ്രകാരം ഒന്നും ചെയ്യാതിരുന്നതിനാൽ അവൻ അവരെ പീഡനത്തിനേല്പിച്ചു; വലത്തുഭാഗത്തുള്ളവരെയാകട്ടെ അവൻ തൻെറ രാജ്യത്തിലേക്കയച്ചു.

16. പ്രാർത്ഥന മനോഹരവും അതിൻെറ പ്രവൃത്തികൾ നല്ലവയുമാണ്. സദ്പ്രവൃത്തികളോടുകൂടിയുള്ള പ്രാർത്ഥന സ്വീകൃതമാകുന്നു; ക്ഷമയോടുകൂടിയ പ്രാർത്ഥന കേൾക്കപ്പെടും. എല്ലാവിധ കൈയ്യിൽനിന്നും വിമുക്തമായിരുന്നാൽ പ്രാത്ഥന ശക്തിയുള്ളതായിരിക്കും.

എൻെറ വാത്സല്യവാനേ, നീ ദൈവേഷ്ടം പ്രവർത്തിക്കുന്നതിനാണ് ഞാൻ നിനക്കെഴുതുന്നത്. അതാണു പ്രാത്ഥന. പ്രാർത്ഥന അങ്ങനെയാണു ശ്രേഷ്ഠതരമാകുന്നതെന്ന് എനിക്കു തോന്നുന്നു. എന്നാൽ, ഞാനിപ്രകാരം നിന്നോടു പറഞ്ഞതിനാൽ നീ പ്രാർത്ഥനയെ അവഗണിക്കരുത്; മറിച്ച്, പ്രാത്ഥനയിൽ കൂടുതൽ ശ്രദ്ധാലുവായിരിക്കുക. 'പ്രാർത്ഥിക്കുക അലസരായിരിക്കരുത്'' എന്നു നമ്മുടെ കർത്താവു പറഞ്ഞതായി എഴുതപ്പെട്ടിട്ടുണ്ടല്ലോ (ലൂക്കാ 18: 1). ഉണർവോടുകൂടിയിരിക്കാൻ തല്പരനായിരിക്കണം; ഉറക്കവും ഉറക്കംതൂങ്ങലും നിന്നിൽനിന്നു ദൂരെയകററണം; രാത്രിയും പകലും ശ്രദ്ധാലുവായിരിക്കണം; ഭഗ്നാശനാകരുത്.

17. ഇപ്പോൾ പ്രാത്ഥനയുടെ വിവിധ അവസരങ്ങൾ നിനക്കു ചൂണ്ടിക്കാണിച്ചു തരാം. യാചനയും നന്ദിപ്രകടനവും സ്തുതിപ്പും ഉണ്ട്. യാചനയിൽ, പാപങ്ങൾക്കു മോചനം യാചിക്കുന്നു. നന്ദിപ്രകടനത്തിൽ സ്വർഗ്ഗസ്ഥനായ നിൻെറ പിതാവിനു നീ നന്ദി പറയുന്നു; സ്തുതിപ്പിൽ, അവിടുത്തെ കർമ്മങ്ങളെ പ്രതി അവിടുത്തെ നീ സ്തുതിക്കുന്നു. നീ പ്രയാസത്തിലായിരിക്കുമ്പോൾ യാചന അർപ്പിക്കുക; നീ നന്മകളാൽ അനുഗ്രഹീതനാകുമ്പോൾ ദാതാവിനു നന്ദി പറയുക. നിൻെറ ഹൃദയം സന്തുഷ്ടമാകുമ്പോൾ സ്തുതി പാടുക. ദൈവത്തോടുള്ള വിവിധതരത്തിലുള്ള നിൻെറ ഈ പ്രാത്ഥനകൾ എല്ലാം നടത്തുക. ദാവീദ് എപ്പോഴും പറഞ്ഞുകൊണ്ടിരുന്നതെന്താണെന്നു കാണുക: 'നീതിമാനേ, നിൻെറ ന്യായവിധികളെക്കുറിച്ചു നിനക്കു നന്ദി പറയുവാൻ ഞാൻ എഴുന്നേററു' (സങ്കീ. 119:62). മറെറാരു സങ്കീർത്തനത്തിൽ അവൻ പറയുന്നു: 'ആകാശത്തിൽ

www.malankaralibrary.com



കർത്താവിനെ സ്തുതിപ്പിൻ; ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ' (148:1). വീണ്ടും അവൻ പറയുന്നു: ഞാൻ കർത്താവിനെ എപ്പോഴും സ്തുതിക്കും; എല്ലാസമയവും അവന്റെ സ്തുതിപ്പുകൾ എന്റെ അധരങ്ങളിലുണ്ട്' (സങ്കീ. 34:1). ഒരുതരത്തിൽ ഉള്ള പ്രാർത്ഥനകൾ മാത്രം ഉപയോഗിച്ച് പ്രാർത്ഥിച്ചാൽ പോരാ, പല തരത്തിലുള്ളവ വേണം.

18. എന്റെ വാത്സല്യവാനേ, നാം താല്പര്യപൂർവം അപേക്ഷിക്കുന്നതെല്ലാം ദൈവം നമുക്കു തരും എന്ന് എനിക്ക് ബോധ്യം ഉണ്ട്. എന്നാൽ പരിഹാസപൂർവം പ്രാർത്ഥനകൾ അർപ്പിക്കുന്നവരിൽ അവൻ പ്രസാദിക്കുകയില്ല. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: പ്രാർത്ഥന അർപ്പിക്കുന്ന, പ്രാർത്ഥിക്കുന്ന ആളിൽ നിന്നു് ഇതാവശ്യപ്പെടുന്നു: അതിൽ ഒരു മാലിന്യവും കണ്ടെത്തപ്പെടാതിരിക്കാൻ അവൻ തന്റെ അർപ്പണത്തെ നന്നായി പരിശോധിക്കണം. അതിനുശേഷമേ അവൻ അർപ്പണം നടത്താവൂ (മത്താ. 5:23_24). അപ്പോൾ നിന്റെ അർപ്പണം ഭൂമിയിൽ തന്നെ ഇരിക്കയില്ല. ഞാൻ നേരത്തെ എഴുതിയതുപോലെ, പ്രാർത്ഥന അല്ലാതെ മറ്റെന്താണ് ഈ അർപ്പണം: എന്തുകൊണ്ടെന്നാൽ ദാവീദ് പറയുന്നു: "കർത്താവിനു കൃതജ്ഞതയുടെ ബലി അർപ്പിക്കുക; അത്യുന്നതനു നിന്റെ നേർച്ചകൾ നിറവേററുക" (സങ്കീ. 50:14). എല്ലാ അർപ്പണങ്ങളിലും വച്ച് അത്യുത്തമം ശുദ്ധപ്രാർത്ഥനയാണ്.

അതുകൊണ്ട്, എന്റെ വാത്സല്യവാനേ, പ്രാർത്ഥനയിൽ ശ്രദ്ധാലുവായിരിക്കുക. അതു നിനക്കുവേണ്ടി ദൈവത്തോടു സംസാരിക്കുന്നു. ഇസ്രായേൽക്കാരെ, 'ഞാൻ ജനിപ്പിച്ചു വളർത്തിയ മക്കൾ' (ഏശാ. 1;2) എന്നു വിളിക്കാതെ അവരുടെ പാപങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ട് 'സോദോമിന്റെ ഭരണാധികാരികളേ' എന്നു വിളിച്ചതായി ഏശയ്യാ പ്രവാചകനിൽ എഴുതപ്പെട്ടിരിക്കുന്നു (1:2.10). എന്തുകൊണ്ടെന്നാൽ, അവർ തങ്ങൾക്കു ബഹുമാനത്തിനു പകരം നിന്ദ സ്വന്തമാക്കി. 'ഞാൻ ജനിപ്പിച്ചു വളർത്തിയ മക്കൾ' എന്ന് ഏശയ്യാ അവരെക്കുറിച്ച് മുകളിൽ പറഞ്ഞിട്ട്, താഴെ 'സോദോമിന്റെ ഭരണാധികാരികളും ഗോമോറായിലെ ജനങ്ങളും' എന്നു വിളിച്ചിരിക്കുന്നു (1:2.10). 'അവരുടെ നാട് ശൂന്യമായി; അവരുടെ നഗരങ്ങൾ അഗ്നിയിൽ എരിയുന്നു' (ഏശാ. 1:7) എന്നു പറഞ്ഞ പ്രവാചക സ്വരം അവർ ശ്രദ്ധിക്കാതിരുന്നപ്പോൾ അവൻ അവരെ 'സോദോമിലെ ഭരണാധികാരികളും ഗോമോറായിലെ ജനങ്ങളും' എന്ന് വിളിച്ചു. അപ്പോഴാണ്, തങ്ങളോട് ക്ഷമിക്കാനായി അവർ തങ്ങളുടെ കാഴ്ചവസ്തുക്കൾ കൊണ്ടുവന്നതു്;

www.malankaralibrary.com



എന്നാൽ അവരുടെ അർപ്പണം സ്വീകരിക്കപ്പെട്ടില്ല; കാരണം, പുരോഹിതനായ ഏലിയുടെ ഭവനത്തിലേതെന്നതുപോലെ അവരുടെ ദുഷ്ടത അത്രമാത്രം വലുതായിരുന്നു. ലിഖിതത്തിൽ ഇപ്രകാരം പറയുന്നു: 'ബലികളും കാഴ്ചകളും വഴി ഏലിയുടെ കുടുംബത്തിൻെറ ദുഷ്ടത ക്ഷമിക്കപ്പെടുകയില്ല' (1 ശാമു 3:14). ഇസ്രായേൽക്കാർക്കും ഇതേ വിധിവാചകം ലഭിച്ചു. കാരണം, ഏശയ്യാ അവരോടു പറഞ്ഞു: "കർത്താവ് അരുൾചെയ്യുന്നു: നിങ്ങളുടെ നിരവധിയായ ബലികൾ എനിക്ക് എന്തിനാണ്? ആണാടുകളുടെ സമ്പൂർണയാഗങ്ങളും തടിച്ച കൊഴുത്ത മൃഗങ്ങളുടെ മേദസ്സും കാളകളുടെ രക്തവും കൊണ്ട് എനിക്കു മതിയായി; കോലാടുകളുടെ അർപ്പണവും എനിക്കാവശ്യമില്ല. നിങ്ങളുടെ കൈകളിൽ നിന്ന് ആരു് ഇവ ആവശ്യപ്പെട്ടു?" (1:11-12). അവർ അവനോടു പറഞ്ഞു: "നീ എന്തിനാണ് അവ ആവശ്യപ്പെട്ടതു്? ഞങ്ങളുടെ അർപ്പണം അസ്വീകാര്യമായതു് എന്തുകൊണ്ട്?" പ്രവാചകൻ അവരോട് മറുപടിയായി പറഞ്ഞു: "എന്തുകൊണ്ടെന്നാൽ നിങ്ങളുടെ കരങ്ങൾ രക്തം നിറഞ്ഞവയാണ്" (1:15). അവർ അവനോടു ചോദിക്കുന്നു: 'ഞങ്ങൾ എന്തു ചെയ്യണം? അവൻ പറയുന്നു: കഴുകി വെടിപ്പാക്കുവിൻ; എൻെറ മുമ്പിൽ നിന്ന് നിങ്ങളുടെ പ്രവൃത്തികളുടെ ദുഷ്ടത നീക്കിക്കളയുവിൻ; തിന്മ വിട്ടകലുവിൻ; നന്മചെയ്യാൻ പഠിക്കുവിൻ; ന്യായവിധി തേടുവിൻ; പീഡിതർക്കു നന്മചെയ്യുവിൻ. അനാഥർക്കും വിധവകൾക്കും വേണ്ടി ന്യായവാദം നടത്തുവിൻ (1:16-17). അവർ പ്രവാചകനോടു പറയുന്നു: 'ഞങ്ങൾ ഇപ്രകാരം ചെയ്തുകഴിയുമ്പോൾ ഞങ്ങൾക്കെന്തു സംഭവിക്കും?' അവൻ അവരോടു പറയുന്നു: "കർത്താവ് ഇപ്രകാരം അരുൾ ചെയ്യുന്നു: നിങ്ങൾ ഈ കാര്യങ്ങളൊക്കെ ചെയ്തിട്ട് വരുവിൻ, നമുക്ക് പരസ്പരം സംസാരിക്കാം" (1:18). മാലിന്യമില്ലാത്ത പ്രാർത്ഥനയിലല്ലാതെ എങ്ങനെയാണ് മനുഷ്യനു ദൈവത്തോടു സംസാരിക്കാനാവുക? കാരണം മാലിന്യമുള്ള പ്രാർത്ഥന ദൈവവുമായി സംഭാഷണം നടത്തുന്നില്ല. എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവിടുന്ന് ഉത്തരമായി അരുൾചെയ്തു: "നിങ്ങൾ പ്രാർത്ഥനകൾ വർദ്ധിപ്പിച്ചാലും ഞാൻ ശ്രദ്ധിക്കുകയില്ല; എന്തുകൊണ്ടെന്നാൽ നിങ്ങളുടെ കരങ്ങൾ രക്തം നിറഞ്ഞവയാണ്" (1:15). അവൻ അവരോടു പറഞ്ഞു: നിങ്ങൾ കഴുകിയിട്ട് നാം പരസ്പരം സംസാരിച്ചു കഴിയുമ്പോൾ, "നിങ്ങളുടെ പാപങ്ങൾ കടും ചെമപ്പുപോലെയിരുന്നാലും ഞാൻ അവ മഞ്ഞുപോലെ വെണ്മയുള്ളതാക്കും; അതു് രക്തവർണ്ണംപോലെ ചെമന്നിരുന്നാലും, ഞാൻ അതു് വെള്ളക്കമ്പിളിപോലെയാക്കും. നിങ്ങൾ എന്നെ അനുസരിക്കയും ശ്രവിക്കയും ചെയ്താൽ നിങ്ങൾ ഭൂമിയിലെ നന്മ അനുഭവിക്കും. എന്നാൽ നിങ്ങൾ

www.malankaralibrary.com



അനുസരിക്കാതിരിക്കയും മത്സരിക്കയും ചെയ്താൽ നിങ്ങൾ വാൾകൊണ്ട് നശിപ്പിക്കപ്പെടും – കർത്താവിന്റെ അധരം സംസാരിച്ചിരിക്കുന്നു' (1:18–20).

19. എത്ര മഹനീയമായ രഹസ്യങ്ങളാണ് ഏശയ്യാ മുൻകൂട്ടി കണ്ടത്! എന്തുകൊണ്ടെന്നാൽ അവൻ അവരോടു പറഞ്ഞു: "നിങ്ങളുടെ കരങ്ങളിൽ രക്തം നിറഞ്ഞിരിക്കുന്നു" (1:15). ഏശയ്യാ ദർശിച്ച ഈ രക്തം മിശിഹായുടേതല്ലാതെ മറ്റെന്താണ്? അതും തങ്ങൾ കൊന്ന പ്രവാചകരുടെ രക്തവും അവർ തങ്ങളുടെ മേലും തങ്ങളുടെ സന്തതികളുടെ മേലും വലിച്ചുവച്ചു. കടും ചെമപ്പും രക്തവർണ്ണവും പോലെ ചെമന്നിരുന്ന രക്തം ഇതായിരുന്നു; ഇത് അവരെ മുദ്രകുത്തി (1:16). മാമോദീസാ ജലത്തിലെ കഴുകൽ കൊണ്ടും, മിശിഹായുടെ ശരീര രക്തങ്ങളിൽ ഉള്ള ഭാഗഭാഗിത്വം കൊണ്ടും മാത്രമേ അവക്കു ശുദ്ധീകരിക്കപ്പെടുവാൻ സാധിക്കയുള്ളു. ജലത്തിൽ പാപം കഴുകിക്കളയപ്പെടുന്നു; പ്രാർത്ഥന ദൈവത്തിന്റെ മഹനീയതയുമായി സംസാരിക്കുന്നു. എന്റെ വത്സലനേ, എപ്രകാരം ബലികളും കാഴ്ചകളും തിരസ്കരിക്കപ്പെട്ടെന്നും, അതിന്റെ സ്ഥാനത്ത് പ്രാർത്ഥന തിരഞ്ഞെടുക്കപ്പെട്ടെന്നും കാണുക. ഇപ്പോൾ മുതൽ ശുദ്ധമായ പ്രാർത്ഥനയെ സ്നേഹിക്കുക; യാചനയിൽ അദ്ധ്വാനിക്കുക. നിന്റെ എല്ലാ പ്രാർത്ഥനകളുടെയും ആരംഭത്തിൽ നീ നിന്റെ കർത്താവിന്റെ പ്രാർത്ഥന ചൊല്ലണം. ഞാൻ നിനക്ക് എഴുതിയവയിലെല്ലാം നീ തല്പരനായിരിക്കണം. നീ പ്രാർത്ഥിക്കുമ്പോഴെല്ലാം നിന്റെ പ്രിയ സ്നേഹിതനെ ഓർക്കണം.

www.malankaralibrary.com

# 2

# മാർ അപ്രേം

## പ്രാർത്ഥന

### ആമുഖം

ദൈവശാസ്ത്രജ്ഞനും കവിയുമായിരുന്നു മാർ അപ്രേം (+ 373). പിതാക്കന്മാരുടെ കാലഘട്ടത്തിലെ ഏററം വലിയ കവിയായിരുന്നു അദ്ദേഹം. ആറാം നൂററാണ്ടിലെഴുതപ്പെട്ട ''അപ്രേമിന്റെ ജിവചരിത്രം'' കെട്ടുകഥകൾ നിറഞ്ഞതാണ്. അപ്രേം ഈജിപ്തിലെ വി. ബിഷോയിയെയും കൈസറിയായിലെ വി. ബസേലിയോസിനെയും മററും സന്ദർശിച്ചെന്ന് പ്രസ്തുത ചരിത്രം പറയുന്നു. ഇത്തരം കഥകൾ നീക്കിക്കഴിഞ്ഞാൽ ചരിത്രസംഭവങ്ങൾ പ്രസ്തുത വിവരണത്തിൽ വളരെ കുറച്ചു മാത്രമേയുള്ളു. അപ്രേമിന്റെ മാതാപിതാക്കൾ ക്രൈസ്തവരായിരുന്നു എന്നുവേണം കരുതാൻ. അപ്രേം ജീവിതകാലം മുഴുവൻ ഡീക്കനായി ജീവിച്ചു; റോമൻ അതിർത്തിനഗരമായ നിസിബിസിലെ കലാലയത്തിൽ അദ്ദേഹം പഠിപ്പിച്ചുകൊണ്ടിരുന്നു.

ക്രി. വ. 363_ൽ റോമാക്കാർ യുദ്ധാനന്തരം പേർഷ്യാക്കാർക്ക് നിസിബിസ് പട്ടണം കൈമാറിയപ്പോൾ അപ്രേമും മററു ക്രിസ്ത്യാനികളും പട്ടണം വിട്ട് റോമൻ പ്രദേശത്തുള്ള എഡേസ്സായിലേയ്ക്കു കുടിയേറി: നിസിബിസിൽ നിന്ന് ഏതാണ്ട് നൂറുമൈൽ പടിഞ്ഞാറാണ് എഡേസ്സാ. അപ്രേം പത്തുകൊല്ലം എഡേസ്സായിൽ പഠിപ്പിച്ചു. തന്റെ മരണത്തിനു തൊട്ടുമുൻപ് എഡേസ്സായിൽ ക്ഷാമമുണ്ടായപ്പോൾ അപ്രേം ദുരിതനിവാരണ പ്രവർത്തനത്തിൽ ഏർപ്പെട്ടതായി പല്ലാഡിയൂസ് (ലൗസിയാക് ചരിത്രം, 40) സാക്ഷിക്കുന്നു.

www.malankaralibrary.com



അപ്രേമിന്റെ കൃതികളെ ഗദ്യകൃതികൾ (ഉല്പത്തി വ്യാഖ്യാനം, സംയുക്തസുവിശേഷവ്യാഖ്യാനം, മാർസിയൻ, ബർദൈസാൻ, മാനി എന്നിവർക്കെതിരെയുള്ള താർക്കികകൃതികൾ), കാവ്യാത്മകഗദ്യത്തിലെഴുതിയ കൃതികൾ (works in artistic prose – നമ്മുടെ കർത്താവിനെപ്പററിയുള്ള വിവരണം, പുബ്ലിയൂസിനുള്ള കത്ത്), മെമ്രാകൾ അഥവാ പദ്യരൂപത്തിലുള്ള പ്രസംഗങ്ങൾ (വിശ്വാസത്തെപ്പററിയുള്ള ആറു മെമ്രാകൾ ആണ് ഏററം പ്രധാനം), മദ്രാഷകൾ (madrāshē) അഥവാ ഗീതങ്ങൾ (അഞ്ഞൂറോളം വരും) എന്നിങ്ങനെ നാലായി തിരിക്കാം. ഇവയിൽ ഗീതങ്ങളാണ് അപ്രേമിനെ *ദൈവശാസ്ത്രജ്ഞൻ* എന്ന പേരിന് അർഹനാക്കിയത്. പള്ളിയിൽ പാടുന്നതിനുവേണ്ടി അപ്രേം രചിച്ചവയാണ് ഗീതങ്ങളിൽ മിക്കവയും. വി. ഗ്രന്ഥത്തിൽ പൂർണമായും അധിഷ്ഠിതമാണ് അവയെല്ലാം. വിവിധ വിഷയങ്ങളെ ആസ്പദമാക്കി മനോഹര രാഗങ്ങളിൽ അദ്ദേഹം ഗീതങ്ങൾ രചിച്ചു.

അപ്രേം ഒരു അനുഗൃഹീതകവി ആയിരുന്നതിനാൽ അദ്ദേഹത്തിന്റേതല്ലാത്ത നിരവധി കൃതികൾ അദ്ദേഹത്തിൽ ആരോപിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിൽ ഗ്രീക്കിൽ അറിയപ്പെടുന്ന പല ഗീതങ്ങളും അദ്ദേഹത്തിൽ നിന്നുള്ളവയല്ല. താഴെ വിവർത്തനം ചെയ്തിരിക്കുന്ന പ്രാർത്ഥനയെപ്പററിയുള്ള രണ്ടു ഗീതങ്ങളിൽ ഒന്നാമത്തേത് (വിശ്വാസത്തെപ്പററി, നമ്പർ 20) അപ്രേമിന്റേതാണ്. രണ്ടാമത്തേതിനെപ്പററി സംശയം നിലനിൽക്കുന്നു. അർമേനിയൻ വിവർത്തനത്തിൽ മാത്രമേ രണ്ടാമത്തെ ഗീതം നമുക്കു കൈവന്നിട്ടുള്ളു.

വിശ്വാസത്തെപ്പററിയുള്ള ഗീതം ജർമൻ വിവർത്തനത്തോടൊപ്പം E. Beck പ്രസിദ്ധീകരിച്ചിട്ടുണ്ട് *(Des heiligen Ephraem des Syrers Hymnen de Fide,* *csco* 154-155 Ser. Syr. 73-74 (1955). അർമേനിയൻ ഗീതങ്ങൾ I. Mariès- C. Mercier ലത്തീൻ വിവർത്തനത്തോടൊപ്പം അർമേനിയനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (*Hymnes de Saint Ephraem conservées en version arménienne*) *PO* 30/1 (1961). E. Beck, *DS* 4 1960) col. 788 - 800-ൽ അപ്രേമിനെപ്പററിയുള്ള ചുരുങ്ങിയ വിവരണം നൽകുന്നു. താഴെക്കാണുന്ന വിവർത്തനം, S. Brock, *op. cit. p.* 33_38 ൽ നിന്നാണ്. അപ്രേമിന്റെ ഇംഗ്ലീഷ് വിവർത്തനങ്ങൾക്ക് S. Brock ന്റെ കൃതി, p. 39 കാണുക. അപ്രേമിന്റെ പേരിൽ അറിയപ്പെടുന്ന സന്യാസനിയമങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് (ജി. ചേടിയത്ത്, *സഭാപിതാക്കന്മാർ, I*, കോട്ടയം, 1987, പേ. 122_6).

www.malankaralibrary.com



# 1. വിശ്വാസത്തെക്കുറിച്ചുള്ള ഗീതം
(നമ്പർ-20)

1. കർത്താവേ, എന്റെ വിശ്വാസം എന്റെ ശബ്ദത്തിൽ നിനക്കു ഞാൻ അർപ്പിക്കുന്നു; കാരണം പ്രാർത്ഥനയും യാചനയും ശബ്ദം കൂടാതെ തന്നെ, മനസ്സിൽ രൂപീകരിക്കാനും നിശബ്ദതയിൽ പ്രസവിക്കാനും സാധിക്കും.

പല്ലവി: അങ്ങയുടെ ജനനം വാഴ്ത്തപ്പെട്ടതാകുന്നു; എന്തെന്നാൽ അതു് അങ്ങയുടെ പിതാവു മാത്രം അറിയുന്നു.

2. ഗർഭപാത്രം ശിശുവിനെ പുറം തള്ളാതിരുന്നാൽ അമ്മയും കുഞ്ഞും മരിച്ചുപോകും; കർത്താവേ, എന്റെ വായ് എന്റെ വിശ്വാസം പ്രഖ്യാപിക്കാതെ മൗനമായിരിക്കരുതെ. ഒന്നു നശിക്കയും മററതു് നിശ്ശബ്ദമാകയും ചെയ്തു് ഒന്ന് മറെറാന്നു മൂലം രണ്ടും നശിക്കാനിടയാകരുതേ.

3. മുളയ്ക്കുന്ന മുകുളങ്ങളെ തടയുന്ന വൃക്ഷം മുരടിച്ചുപോകുകയും പൊട്ടിവരുന്ന പച്ചമുകുളങ്ങൾ കരിഞ്ഞുപോകുകയും ചെയ്യും. എന്നാൽ ജീവദ്രവം നിറഞ്ഞ വൃക്ഷത്തിന്റെ ഉള്ളിൽ നിന്നുള്ള ഫലം പുറപ്പെടുവിക്കുന്ന മുളകൾ കാണപ്പെടുമ്പോൾ എന്റെ വിശ്വാസം സന്തോഷിക്കട്ടെ.

4, കതിർന്നുവീർത്ത വിത്തു് അതിന്മീതേയുള്ള മണ്ണു് തട്ടി മാററിക്കൊണ്ടു് മുളച്ചു്, പ്രതീകങ്ങൾ നിറഞ്ഞ, ഗോതമ്പു നാമ്പ് പുറപ്പെടുവിക്കുന്നു. അതുപോലെ സദ്ഫലങ്ങൾ നിറഞ്ഞ ഹൃദയത്തിൽ നിന്നുള്ള വിശ്വാസം സ്തുതികൾ പേറുന്ന നാമ്പാണ്.

5. മത്സ്യം കടലിൽ വച്ചു് ഗർഭം ധരിക്കയും ജനിക്കയും ചെയ്യുന്നു. അവ ആഴത്തിലേക്കു പോയാൽ മീൻപിടുത്തക്കാരന്റെ വലയിൽ പെടില്ല, വഴിതെററിപ്പോകാതിരിപ്പാനായി മനസ്സിനുള്ളിലെ പ്രകാശപൂർണമായ നിശ്ശബ്ദതയിൽ പ്രാർത്ഥന സ്വയം ഏകാഗ്രമായിരിക്കട്ടെ.

6. ഉള്ളറയിലെ കന്യകയാണ് ശുദ്ധീകരിക്കപ്പെട്ട അപേക്ഷ (മത്താ 6 6). അവൾ അധരവാതിൽ കടന്നുകഴിഞ്ഞാൽ അവൾ വഴി തെററിയവളെപ്പോലെയാണ്. സത്യമാണ് അവളുടെ മണവറ; സ്നേഹം അവളുടെ കിരീടം; നിശ്ശബ്ദതയും പ്രശാന്തതയുമാണ് അവളുടെ വാതിൽക്കലെ വിശ്വസ്തരായ ഷണ്ഡന്മാർ.

www.malankaralibrary.com



7. അവരം രാജകുമാരനമായി വിവാഹ ഉടമ്പടി ചെയ്തിരിക്കുന്നു; അവരം യഥേഷ്ടം പുറത്തു വരാതിരിക്കട്ടെ; പിന്നെയോ, പരസ്യമായി വധുവായിരിക്കുന്ന വിശ്വാസം നാദസ്വരങ്ങളോടെ തെരുവുകളിലൂടെ അനുധാവനം ചെയ്യപ്പെടട്ടെ; അധരത്തിൽ നിന്ന് ചെവിയുടെ മണവറയിലേക്കു വഹിക്കപ്പെടട്ടെ.

8. കർത്താവിൽ വിശ്വസിച്ച അനേകർ ഉണ്ടായിരുന്നുവെങ്കിലും ഭയം നിമിത്തം അവരുടെ സ്വരം വിശ്വാസത്തെ അവമാനിച്ചെന്ന് എഴുതപ്പെട്ടിരിക്കുന്നു; അവരുടെ ഹൃദയം ഏറ്റുപറഞ്ഞെങ്കിലും, നിശ്ശബ്ദരായിരുന്നവരെ, തന്നെ നിഷേധിച്ചവരെപ്പോലെ അവിടുന്നു പരിഗണിച്ചു.

9. യോനാ ശബ്ദം കൂടാതെയുള്ള പ്രാർത്ഥന നടത്തി: മത്സ്യത്തിന്റെ വയററിൽ വച്ച് പ്രസംഗകൻ നിശബ്ദനാക്കപ്പെട്ടു; മൂകജന്തുവിൽ നിന്ന് അവന്റെ പ്രാർത്ഥന ഉയർന്നു; ഉന്നതത്തിൽ ദൈവം അതു ശ്രവിച്ചു; കാരണം, അവന്റെ നിശബ്ദത തന്നെ നിലവിളിയുടെ ഫലം ചെയ്തു.

10. ഒരേ ശരീരത്തിൽ പ്രാർത്ഥനയും വിശ്വാസവും കാണപ്പെടുന്നു: ഒന്നു മറഞ്ഞിരിക്കുന്നു; മററതു് വെളിവാക്കപ്പെട്ടിരിക്കുന്നു: ഒന്ന് മറഞ്ഞിരിക്കുന്നവനു്; മററതു് കാണപ്പെടുവാൻ വേണ്ടി. മറഞ്ഞിരിക്കുന്ന പ്രാർത്ഥന, ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന ശ്രവണേന്ദ്രിയത്തിനുള്ളതാണ്; എന്നാൽ വിശ്വാസമാകട്ടെ, മനുഷ്യത്വത്തിന്റെ ദൃശ്യശ്രവണേന്ദ്രിയത്തിനു വേണ്ടിയുള്ളതാണ്.

11. നമ്മുടെ പ്രാർത്ഥന, നമ്മുടെ ശരീരത്തിനുള്ളിലെ ഒരു നിഗൂഢസ്വാദുപോലെ ആയിത്തീരും. എന്നാലതു് നമ്മുടെ വിശ്വാസത്തിന്റെ സുഗന്ധം സമൃദ്ധമായി പുറപ്പെടുവിക്കട്ടെ; എല്ലാ ഗന്ധങ്ങളെയും പരിശോധിക്കുന്ന മൂക്ക് സ്വന്തമാക്കിയ വ്യക്തിയുടെ കാര്യത്തിൽ ഗന്ധം സ്വാദിന്റെ മുന്നോടിയായി പ്രവർത്തിക്കുന്നു.

12. വേർപെടുത്താൻ പാടില്ലാത്ത ചിറകുകളാണ് സത്യവും സ്നേഹവും. എന്തുകൊണ്ടെന്നാൽ സ്നേഹം കൂടാതെ സത്യത്തിനു പറക്കാൻ സാധിക്കുകയില്ല; സത്യം കൂടാതെ സ്നേഹത്തിന് ഉയർന്നു പറക്കാനോ സാധിക്കുകയില്ല. അവയുടെ നുകം സൗഹൃദത്തിന്റേതാണ്.

www.malankaralibrary.com



13. കണ്ണിന്റെ രണ്ടു കൃഷ്ണമണികളും ഒന്നിച്ചു കാണുകയും ചലിക്കുകയും ചെയ്യുന്നു; മൂക്ക് അവയെ തമ്മിൽ വേർപെടുത്തുന്നെങ്കിലും, അവ വിഭജിതമല്ല. എന്തുകൊണ്ടെന്നാൽ, ഞൊടിയിടനേരംപോലും ഒന്നിനെ കൂടാതെ മററതു് കാണുന്നില്ല.

14. രണ്ടു വ്യത്യസ്ത ദിക്കുകളിലേയ്ക്കു നടക്കത്തക്കവിധം കാലുകളും വിഭജിതങ്ങളല്ല; എന്നാൽ ഒരേ സമയം രണ്ടു പാതകളിലൂടെ സഞ്ചരിക്കുന്ന ഹൃദയം വിഭജിതമാണ്: സ്വന്ത ഇഷ്ടത്താൽ എതിർ ദിശകളിലുള്ള ഇരുട്ടിന്റെയും പ്രകാശത്തിന്റെയും പാതകളിൽക്കൂടി അതു സഞ്ചരിക്കുന്നു.

15. ഇപ്രകാരം വിഭജിതമായിരിക്കുന്നതിന് കാലുകളും നയനങ്ങളും ആ വ്യക്തിയെ കുററപ്പെടുത്തും; കഠിനാധ്വാനം ചെയ്യുന്ന കാളയെപ്പോലെയാണ് ഹൃദയം. അതു് തുല്യമായി വിഭജിതമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നീതിയുടെയും അനീതിയുടെയും എന്ന ഇരു നുകങ്ങൾക്കിടയിൽ അതു് വിഭജിതമാണ്.

16. അപ്രകാരമുള്ള വ്യക്തി തന്റെ ഇച്ഛയെ ശപിക്കപ്പെട്ട കൃഷീവലനു കീഴ്പ്പെടുത്തിയിരിക്കുന്നു. ഭാരമേറിയ നുകത്തിൻ കീഴിൽ പാപത്തിന്റെ മുനയുള്ള തോട്ടി അവനെ കുത്തിക്കൊണ്ടിരിക്കുമ്പോൾ അവൻ തെററ് ഉഴുതു പുറത്തുകൊണ്ടുവരുകയും ഗോതമ്പിന്റെ സ്ഥാനത്തു് മുള്ളുകൾ വിതയ്ക്കുകയും ചെയ്യുന്നു.

17. മ്ലാനചിന്തകളെ പ്രാർത്ഥന തുടച്ചുവെടിപ്പാക്കട്ടെ; ഇന്ദ്രിയങ്ങളെ വിശ്വാസം ബാഹ്യമായി തുടച്ചു വെടിപ്പാക്കട്ടെ: വിഭജിതനായ വ്യക്തി ഏകാഗ്രചിത്തനായി നിന്റെ മുമ്പാകെ ഒന്നായിതീരട്ടെ.

## 2. അർമേനിയൻ ഗീതം
(നമ്പർ – 1)

1. കർത്താവേ, ഞങ്ങളുടെ അപേക്ഷകളാകുന്ന പ്രാർത്ഥനകൾക്ക് ശ്രീഭണ്ഡാരവാതിൽ തുറന്നുതരണമേ. ഞങ്ങളുടെ പ്രാർത്ഥനകൾ നിന്റെ ദൈവത്വത്തെ നിരപ്പാക്കുന്ന ഞങ്ങളുടെ പ്രതിപുരുഷനായി വർത്തിക്കട്ടെ. ജ്ഞാനികളേ, ശ്രവിപ്പിൻ (സദൃശ്യ, 4:5); പണ്ഡിതരേ, ശ്രദ്ധിപ്പിൻ; നിങ്ങൾ പ്രബോധിതരും വിജ്ഞാനമുള്ളവരുമാണെന്നു് കണ്ടു് അറിവും

www.malankaralibrary.com



വിവേകവും സ്വന്തമാക്കുവിൻ. വിശുദ്ധ പ്രാർത്ഥനയുടെ പ്രയോജനങ്ങൾ നിങ്ങളുടെ മുൻപാകെ ഞാൻ വിവരിച്ചു തരാം.

2. പ്രാർത്ഥന ചെങ്കടലിനെ വിഭജിക്കയും (പുറ.14:22) സ്വജനത്തെ അതിന്റെ നടുവിൽക്കൂടി കടന്നുപോകാൻ അനുവദിക്കയും ചെയ്തു. അതേ പ്രാർത്ഥനയാൽ കടൽ വീണ്ടും കൂടിച്ചേരുകയും മത്സരക്കാരനും അഭക്തനുമായ ഫറവോനെ വിഴുങ്ങുകയും ചെയ്തു (14:28). പ്രാർത്ഥന ആകാശത്തിൽനിന്നു മന്നായിറക്കി; പ്രാർത്ഥന കടലിൽനിന്നു പറവകളെ വരുത്തി; (16), പ്രാർത്ഥന മരുഭൂമിയിൽ പാറ പിളർത്തുകയും ദാഹിച്ചിരുന്നവർക്കു ജലം കുതിച്ചു പായിക്കുകയും ചെയ്തു. (17:1-7).

3. വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും ആത്മസുഹൃത്താകാൻ തീരുമാനിച്ച വ്യക്തി ഭാഗ്യവാനാകുന്നു; അവൻ ഏകാഗ്രചിത്തനായി ജീവിക്കുന്നു; പ്രാർത്ഥനയും വിശ്വാസവും തന്നോടൊത്തു വസിക്കാൻ അവൻ ശ്രദ്ധിക്കുന്നു. ഹൃദയത്തിൽ നിന്നുയരുന്ന പ്രാർത്ഥന നമുക്കു സ്വർഗവാതിൽ തുറന്നുതരുന്നു. ആ വ്യക്തി ദൈവത്വവുമായി സംഭാഷണം ചെയ്തുകൊണ്ടിരിക്കയും ദൈവപുത്രനെ പ്രസാദിപ്പിക്കുകയും ചെയ്യുന്നു. പ്രാർത്ഥന കർത്താവിന്റെ കോപവും അവിടുത്തെ ക്രോധത്തിന്റെ ആധിക്യവും ശമിപ്പിക്കുന്നു. ഇങ്ങനെതന്നെ നയനങ്ങളിൽ നിറയുന്ന കണ്ണുനീരും കരുണയുടെ വാതിൽ തുറക്കാൻ പര്യാപ്തമാണ്.

4. വരുവിൻ വിജയശ്രീലാളിതരും പ്രാർത്ഥനയിലും വിശ്വാസത്തിലും ശ്രേഷ്ഠരായിത്തീർന്നവരുമായ യോദ്ധാക്കളെ നമുക്കു ദർശിക്കാം. പ്രാർത്ഥന ഗിബെയോനിൽവച്ച് സൂര്യനെയും അയ്യാലോണിൽവച്ച് ചന്ദ്രനെയും നിശ്ചലമാക്കി (ജോഷ്വാ 10:12-13). ഉറപ്പുള്ള ജറീക്കോപട്ടണത്തിന്റെ ഏഴു മതിലുകളെ പ്രാർത്ഥന തകർത്തുകളഞ്ഞു (6). അതു അമാലേക്കിനെയും അതിന്റെ രാജാവിനെയും തകർത്തു തരിപ്പണമാക്കി (പുറ. 17:8-13). അതു സിസെറായെ, മാദോൻ, സീഹോൻ, ഓഗ് എന്നിവരോടും അവരുടെ എല്ലാ രാജാകുമാരന്മാരോടും കൂടെ വെട്ടിക്കൊന്നു, ദൈവജനമായ ഇസ്രായേലിനു അവരുടെ നാടു അവകാശമായി കൊടുത്തു (ന്യായാ.4; ജോഷ്വാ 11:1; സംഖ്യ 21:21-35).

5. എന്റെ സഹോദരന്മാരേ, വിശ്വാസവും പ്രാർത്ഥനയും ചെയ്ത കാര്യങ്ങൾ ഞാൻ കാണിച്ചുതരാം. ഗിബെയോനിൽ സൂര്യനെ നിശ്ചലമാക്കിയ പ്രാർത്ഥനയ്ക്കു തിന്മയെ നമ്മിൽ

www.malankaralibrary.com



നിന്നു് അകററി നിർത്താൻ കഴിയും; അയ്യാലോൺ താഴ്‌വരയിൽവച്ചു് ചന്ദ്രനെ നിശ്ചലമാക്കുകയും ബലവത്തായ ജറിക്കോ പട്ടണത്തിന്റെ ഏഴു കോട്ടകളെ തകർക്കുകയും അമാലേക്കിനെ അതിന്റെ രാജാവിനോടൊപ്പം ഓടിക്കയും ചെയ്‌തവൻ സാത്താന്റെ ശക്തിയെ പായിക്കയും തകർത്തു തരിപ്പണമാക്കുകയും ചെയ്യും.

6. പ്രാർത്ഥന സ്വജനത്തിനു മന്നാ നൽകുകയും, അതേ പ്രാർത്ഥനയാൽ നീതിമാന്മാർ പോഷിതരാകുകയും ചെയ്‌തു. ആകാശങ്ങൾ അടച്ച പ്രാർത്ഥന (1 രാജാ. 17:1) ആദ്യം അടച്ചതു പോലെ തുറക്കുകയും ചെയ്‌തു (18:41_5). പ്രാർത്ഥന ആകാശത്തുനിന്നു് അഗ്നി ഇറക്കി. അതു് ബലിവസ്തുക്കളെ ദഹിപ്പിക്കയും ജലം വററിക്കയും ചെയ്തു (18:38). പ്രാർത്ഥന ബാലിന്റെ നാനൂററമ്പതു് പുരോഹിതരെ പിടിച്ചു കൊന്നുകളഞ്ഞു (18:40).

7. ഹോറേബിലെ ഗുഹയ്‌ക്കുള്ളിൽ നാൽപ്പതു ദിവസത്തോളം പ്രാർത്ഥന പ്രവാചകനെ അനുധാവനം ചെയ്‌തു (1 രാജാ. 19:3_8). അവൻ സ്‌പഷ്ടമായി ദൈവതവുമായി സംഭാഷണം ചെയ്‌തു (19:9_13). അഗ്നിരഥങ്ങൾ സുസജ്ജരായി ഇറങ്ങിവരികയും അവ അവനെ പൊക്കിയെടുത്തു് (2 രാജാ. 2:11), അവൻ സ്നേഹിച്ച ദൈവത്തിൻ പക്കലേക്കു് ഉയർന്നുപോകുകയും ചെയ്തു. പ്രവാചകൻ ശരീരത്തിൽ സ്വർഗത്തിലേക്കുയർന്നതിൽ ഉന്നതത്തിലെ ഈറേയ്ക്കാർ സന്തോഷിച്ചു.

8. നീതിമാനായ ദാനിയേലിനു് ഉപദ്രവം ഉണ്ടാകാതിരിപ്പാനായി കുഴിക്കകത്തുവച്ചു് പ്രാർത്‌ഥന സിംഹങ്ങളുടെ വായ് അടച്ചുപൂട്ടി മുദ്രവച്ചു (ദാനി.6). പ്രാർത്ഥന തീച്ചൂളയിൽ മൂന്നു പൈതങ്ങളെ സംരക്ഷിച്ചു (3). പ്രാർത്ഥന സന്താനങ്ങളെ നൽകിക്കൊണ്ടു് വന്ധ്യകളുടെ ഉദരം തുറന്നു (1 ശാമു. 1:19_20). പ്രാർത്ഥനയും വിശ്വാസവും നിരന്തരമായി പ്രവർത്തിച്ച അത്ഭുതങ്ങൾ ഇവയൊക്കെയാണു് – ഇവയേക്കാൾ മഹത്തരങ്ങളായ മററു കാര്യങ്ങളും ഉണ്ടു്!

www.malankaralibrary.com

# 3

# സോപാനഗ്രന്ഥം
## (ക്ലോബോ ദ് മസ്ക്കോസോ)

### ആമുഖം

മുപ്പത്ത് പ്രസംഗങ്ങളുടെ ഒരു സമാഹാരമാണ് സോപാന ഗ്രന്ഥം (ക്ലോബോ ദ് മസ്ക്കോസോ – Liber Graduum - Book of Steps (Grades). – ആദ്ധ്യാത്മികജീവിതത്തെപ്പററി ചർച്ച ചെയ്യുന്ന ഒരു സുപ്രധാന സുറിയാനി ഗ്രന്ഥമാണിത്. നാലാം നൂററാണ്ടിന്റെ അവസാനഘട്ടത്തിലായിരിക്കാം ഇത് എഴുത പ്പെട്ടത്. ടൈഗ്രീസ് നദിയുടെ ഒരു കൈവഴിയായ സാബ് നദിയെപ്പററി ഒരു പരാമർശം ഒരിടത്തു കാണുന്നതിനാൽ ഗ്രന്ഥകാരൻ പേർഷ്യയിൽ നിന്നായിരിക്കാം എന്നു ചിലർ അനുമാനിക്കുന്നു.

മക്കാരിയുസിന്റെ പേരിൽ അറിയപ്പെടുന്ന ''ആധ്യാത്മിക പ്രസംഗങ്ങളോട്'' (Spiritual Homilies) ഈ ഗ്രന്ഥത്തിന് വളരെയധികം സാമ്യമുണ്ട്. മക്കാരിയൻ പ്രസംഗങ്ങളുടെയും ഉത്ഭവം പേർഷ്യയാണ് എന്നാണ് പണ്ഡിതമതം. 'മെസാലിയൻ ചിന്ത' രണ്ടിലും ഉണ്ട് എന്ന് ചിലർ പറയുന്നുണ്ടെങ്കിലും മെസാലിയൻ പാഷണ്ഡത *സോപാനഗ്രന്ഥത്തിൽ* ആരോപിക്കുന്നത് ശരിയായിരിക്കുകയില്ല. പേർഷ്യയിലെ ഏതോ കരിസ്മാററിക് സമൂഹങ്ങളുടെ സൃഷ്ടിയാകാം ഇവ രണ്ടും. അത്തരം സമൂഹങ്ങൾ അബദ്ധോപദേശങ്ങളിലേക്കു വഴുതി വീഴാൻ ഏറെ സാധ്യതകളുണ്ട്. സോപാനഗ്രന്ഥം – അധ്യായം 12 ദൃശ്യസഭയെപ്പററിയും കൂദാശകളെപ്പററിയും വളരെ സ്പഷ്ടമായി പഠിപ്പിക്കുന്നു. അത് മെസ്സാലിയൻ പാഷണ്ഡതയുമായി[1] ഒത്തു പോകുന്നതല്ല; അതിനു എതിരുമാണ്.

1. 'പ്രാർത്ഥിക്കുന്ന ആളുകൾ' എന്നർത്ഥം വരുന്ന സുറിയാനിവാക്കിൽ നിന്നാണ് മെസാലിയൻകാർ പേരു സ്വീകരിച്ചിരിക്കുന്നത്:

www.malankaralibrary.com



സുവിശേഷത്തിൽ ചെറിയ കല്പനകൾ, വലിയ കല്പനകൾ എന്നിങ്ങനെ രണ്ടുതരം കല്പനകളെപ്പററി പഠിപ്പിക്കുന്നുണ്ടെന്ന് സോപാനഗ്രന്ഥത്തിൽ ഉടനീളം പറയുന്നുണ്ട്: "തനിക്കുതന്നെ ഉപദ്രവകരമായവ മററുള്ളവരോടും ചെയ്യരുത്; മററുള്ളവർ തങ്ങളോടു ചെയ്യരുതെന്ന് ആഗ്രഹിക്കുന്നവ അവരോടും ചെയ്യരുത്" എന്നു തുടങ്ങി സഹോദരസ്നേഹം ആവശ്യപ്പെടുന്നവ ചെറിയ കല്പനകളിൽ ഉൾപ്പെടുന്നു. അതനുസരിച്ചു ജീവിക്കുന്ന ആളെ 'നീതിമാൻ' (upright) എന്നു വിളിക്കാം. എന്നാൽ പരിപൂർണരാകാനും ആത്മാവിന്റെ പൂർണത ലഭിക്കാനും ആഗ്രഹിക്കുന്നവർ വലിയ കല്പനകളും കാക്കണം. കുടുംബം, വിവാഹബന്ധം, വസ്തുവകകൾ, എന്നിവ ഉപേക്ഷിക്കുന്നതിൽ ഇതു് അടങ്ങിയിരിക്കുന്നു. ക്രിസ്തുവിന്റെ സ്വയം ശൂന്യമാക്കലാണിതു്. ചെറിയ കല്പനകൾ പാലും വലിയ കല്പനകൾ ഘരാഹാരവും ആണ്.

പ്രതിപാദനം പന്ത്രണ്ടും പതിനെട്ടുമാണ് താഴെ വിവർത്തനം ചെയ്തിരിക്കുന്നതു്. "പാലും ഘരാഹാരവും തമ്മിലുള്ള വ്യത്യാസ"ത്തിനു് ഒരു ദൃഷ്ടാന്തമാണ് പന്ത്രണ്ടാം പ്രതിപാദനം (Discourse). പതിനെട്ടാമത്തേ പ്രതിപാദനം പ്രാർത്ഥനയുടെ കണ്ണുനീരുകളെപ്പററി ചർച്ച ചെയ്യുന്നു. M. Kmosko ഈ

---

മ്സൽയോനേ - എവുക്കീതായ് (ഗ്രീക്കു്) - നാലാം നൂററാണ്ടിൽ മെസപ്പൊട്ടേമിയായിൽ ഉടലെടുത്ത ഒരു ഭക്തസന്യാസവിഭാഗമാണ് ഇവർ. ഒരുതരം ഭിക്ഷാടനസന്യാസികളായി ചുററിനടന്ന് ജീവിക്കയും തങ്ങളുടെ പ്രത്യേക തരം പ്രബോധനങ്ങൾ ഇവർ പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. സിറിയാ, ഏഷ്യാമൈനർ, ഈജിപ്ത് തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ഇവർ വ്യാപിച്ചു. ഇക്കോണിയത്തിലെ ആംഫിലോക്കിയൂസ്, അന്ത്യോക്യയിലെ ഫ്ളാവിയൻ, എപ്പിഫാനിയൂസ് എന്നിവർ ഇവരെ എതിർത്തു. എഫേസൂസ് സൂനഹദോസ് ഇവരെ സഭയ്ക്കു പുറത്താക്കി: അവരുടെ പ്രബോധനം: ആദത്തിന്റെ പാപംനിമിത്തം എല്ലാ മനുഷ്യരുടെയും ആത്മാക്കളിലും സത്താപരമായി ഐക്യപ്പെട്ട് ഓരോ പിശാച് വസിക്കുന്നു. മാമോദീസാവഴി ഈ പിശാച് പുറത്തു പോകുന്നില്ല. ഏകാഗ്രതയോടുകൂടി തുടർച്ചയായി പ്രാർത്ഥിച്ചാൽ മാത്രമേ അവൻ പുറത്തു പോകു. അപ്പോൾ മനുഷ്യനിലുള്ള ആഗ്രഹങ്ങളും വികാരങ്ങളും ഇല്ലാതാകും. ഇപ്രകാരം പൂർണരും ആത്മീയരുമായി തീർന്നവർക്ക് ഉടനെ പരിശുദ്ധ ത്രിത്വത്തെ നേരിട്ട് ദർശിക്കാൻ സാധിക്കുന്നു. - മെസ്സാലിയർ താപസ്സകർമ്മങ്ങൾക്ക് അമിത പ്രാധാന്യം നൽകിയിരുന്നു.

www.malankaralibrary.com



കൃതി പൂർണമായി പ്രസിദ്ധീകരിച്ചിട്ടുണ്ട് *(Patrologia Syriaca,* 3 (1926). പന്ത്രണ്ടാം പ്രതിപാദനം, col. 285_304; പതിനെട്ടാം പ്രതിപാദനം, col. 433-434; See S. Brock, *op. cit.* 45_59. സോപാനങ്ങളെപ്പററിയുള്ള നല്ലൊരാമുഖത്തിന് DS. 9 (1976), *col.* 749_54. ആദ്യത്തെ അഞ്ചെണ്ണം മലയാളത്തിൽ *ദനഹാ സർവീസസ്* (നമ്പർ 18) ആധ്യാത്മിക സോപാനങ്ങൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# സോപാനഗ്രന്ഥം

## 1. പ്രതിപാദനം-12

*മറഞ്ഞിരിക്കുന്നതും വെളിവാക്കപ്പെട്ടതുമായ സഭയുടെ ശുശ്രൂഷ*

സഹോദരങ്ങളേ, ഹൃദയം ഭൂമിയിൽനിന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെടുമ്പോൾ നിഗൂഢമായ ഒരു സ്വയം ശൂന്യമാക്കൽ അവിടെ നടക്കുന്നു എന്നു നാം വിശ്വസിക്കുന്നതിനാൽ, നാം ശരീരത്തിലും നമ്മുടെ സമ്പാദ്യങ്ങളും അവകാശങ്ങളും വിട്ട് സ്വയം ശൂന്യമാക്കുക എന്നതു് ശരിയായിട്ടുള്ള സംഗതിയാണ്. അപ്പോൾ, എല്ലാവർക്കും ജീവൻ പ്രദാനം ചെയ്യുന്നവൻെറ കല്പനകൾ നാം അനുസരിക്കുന്നവരായിരിക്കും; നമ്മുടെ കർത്താവിൽ ബന്ധിതനായിരിക്കുകയും അവനെപ്പററി നിരന്തരം ധ്യാനിക്കുകയും ചെയ്യുന്ന വ്യക്തി ഹൃദയത്തിൻെറ നിഗൂഢപ്രാർത്ഥന സ്വന്തമാക്കിയിരിക്കുന്നു എന്ന് അപ്പോൾ നാം മനസ്സിലാക്കുകയും ചെയ്യുന്നു. യേശു ശരീരത്തിലും ആത്മാവിലും പ്രാർത്ഥിക്കയും അനുഗ്രഹിക്കയും ചെയ്തതുപോലെ നമുക്കും നമ്മുടെ ശരീരം കൊണ്ടും നമ്മുടെ ഹൃദയം കൊണ്ടും പ്രാർത്ഥിക്കാം; പ്രവാചകന്മാരും ശ്ളീഹന്മാരും അപ്രകാരം പ്രാർത്ഥിച്ചു. നാം നമ്മുടെ മാതാപിതാക്കളെ ശ്രവിക്കാത്ത വിഡ്ഢികളാകാൻ പാടില്ല: നമ്മുടെ ആത്മീയ മാതാപിതാക്കളെ നഷ്ടപ്പെടുത്തിയിട്ട് നമ്മുടെ കർത്താവിൻെറയും അവനെ പ്രസംഗിക്കുന്നവരുടെയും സത്യത്തിൽനിന്നു നമ്മെ വഴിതെററിക്കാൻ ഇടയാക്കുന്ന ശരീരത്തിനടുത്ത തെററായ മാതാപിതാക്കളെ നേടാൻ പാടില്ല.

www.malankaralibrary.com



ദുഷ്ചിന്തകളിൽ നിന്നുള്ള ഉപവാസം എന്ന ഹൃദയത്തിന്റെ നിഗൂഢമായ ഒരുപവാസം ഉണ്ടെന്നു നാം അറിയുന്നതിനാൽ, നമ്മുടെ കർത്താവും, ഈയടുത്ത കാലത്തും പുരാതന കാലത്തും നമ്മുടെ കർത്താവിനെ പ്രസംഗിച്ചവരും ഉപവസിച്ചതിനാൽ നാമും പരസ്യമായി ഉപവസിക്കണം. ആത്മാവിലുള്ള ശുശ്രൂഷയ്ക്കുവേണ്ടി ശരീരം നിഗൂഢമായ ആലയവും ഹൃദയം നിഗൂഢമായ ബലിപീഠവും ആയിത്തീർന്നു എന്നു നാം അറിയുന്നതിനാൽ ഈ ദൃശ്യബലിപീഠത്തിലും ഈ ദൃശ്യആലയത്തിലും നാം തല്പരരായിരിക്കണം. നാം ഈ ആലയത്തിൽ അദ്ധ്വാനിച്ചുകഴിഞ്ഞു്, സ്വാതന്ത്ര്യവും മഹനീയവുമായ സ്വർഗീയസഭയിലും, ആത്മാവിൽ അലംകൃതവും ശ്രേഷ്ഠവുമായ ആ ബലിപീഠത്തിലും എന്നേക്കുമായി വിശ്രമിക്കുന്നതിനുവേണ്ടിയാണിതു്. ആ ബലിപീഠത്തിന്റെ മുമ്പാകെ മാലാഖമാരും എല്ലാ വിശുദ്ധരും ശുശ്രൂഷ ചെയ്യുന്നു. അവരുടെ മുമ്പിലും അവരുടെ മുകളിലും അവരുടെ എല്ലാ വശങ്ങളിലും യേശു പുരോഹിതനായി വർത്തിക്കയും വിശുദ്ധീകരണം സാധിക്കയും ചെയ്യുന്നു.

'പരിപൂർണർ' യേശുമിശിഹായിൽ സ്നാനപ്പെടുകയും നിഗൂഢമായ രീതിയിൽ ശുദ്ധീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്നു നാം അറിയുന്നതിനാൽ ആത്മാവിലുള്ള ഈ ദൃശ്യമാമോദീസായിൽ നാം ഉറപ്പായി വിശ്വസിക്കണം. അതിൽ വിശ്വസിച്ചു് സ്നാനപ്പെട്ടു് സൽപ്രവൃത്തികൾ ചെയ്യുന്ന എല്ലാവരുടെയും കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും സാധിക്കുന്നു.

2. ശാരീരിക നയനങ്ങൾക്കൊണ്ടു ദർശിക്കാവുന്ന ഈ സഭയും ബലിപീഠവും മാമോദീസായും, നമ്മുടെ കർത്താവും, പണ്ടും ഈ വളരെ അടുത്ത കാലത്തും ഉള്ള തന്റെ പ്രസംഗകരും സ്ഥാപിച്ചതു് ലക്ഷ്യം കൂടാതെയല്ല. കാരണം ഇതായിരുന്നു: ഈ ദൃശ്യവസ്തുക്കളിൽ നിന്നാരംഭിച്ചു്, നമ്മുടെ ശരീരങ്ങൾ ആലയങ്ങളും നമ്മുടെ ഹൃദയങ്ങൾ ബലിപീഠങ്ങളും ആയിത്തീർന്നു കഴിഞ്ഞു്, ശാരീരിക നയനങ്ങളാൽ കാണപ്പെടാൻ പാടില്ലാത്ത സ്വർഗീയ ആലയത്തിലും സ്വർഗീയ ബലിപീഠത്തിലും നാം കാണപ്പെടണം. നമ്മുടെ കർത്താവിന്റെയും അവനെ പ്രസംഗിച്ചവരുടെയും ജാഗരണങ്ങളും ഉപവാസങ്ങളും സഹനങ്ങളും അനുകരിക്കുന്നവർക്കു സന്മാതൃക നൽകിക്കൊണ്ടു്, നാം ഈ ദൃശ്യസഭയിൽ ആയിരിക്കുമ്പോൾ തന്നെ അതിലെ പൗരോഹിത്യത്തോടും ശുശ്രൂഷയോടുംകൂടി, അവിടേക്കു കുടിയേറുകയും അവിടെ പ്രവേശിക്കുകയും വേണം.

www.malankaralibrary.com



നമുക്കു് ഇപ്രകാരം പ്രവർത്തിക്കുകയും ഇപ്രകാരം പഠിപ്പിക്കുകയും ചെയ്യാം. നാം താഴ്മ അഭ്യസിക്കുകയും ചെറിയവരും വലിയവരുമായ എല്ലാവരോടും ബഹുമാനം കാണിക്കുകയും ചെയ്തുകഴിയുമ്പോൾ, സ്വർഗീയസഭയും ആദ്ധ്യാത്മികബലിപീഠവും നമുക്കു വെളിപ്പെടുത്തപ്പെടും; ഈ ദൃശ്യബലിപീഠത്തിൽ എല്ലാ സമയവും വിശ്വസിക്കയും അവിടെ ശുശ്രൂഷ ചെയ്യുന്ന പൗരോഹിത്യത്തിൽ ഉറപ്പായിരിക്കയും ചെയ്തുകൊണ്ടു് ഈ ബലിപീഠത്തിൽ നമ്മുടെ ഹൃദയങ്ങളുടെ പ്രാത്ഥനയിലും നമ്മുടെ ശരീരങ്ങളുടെ അപേക്ഷയിലും കൃതജ്ഞതയുടെ ബലിയർപ്പിക്കാം. എന്തുകൊണ്ടെന്നാൽ, ഈ ദൃശ്യസഭയിൽ ഉള്ള സകല സംഗതികളും ആ അദൃശ്യസഭയുടെ സാദൃശ്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ നമുക്കു സംശയങ്ങൾ ഉണ്ടാകുകയും ഈ ദൃശ്യസഭയെ അതിന്റെ ദൃശ്യബലിപീഠത്തോടും ദൃശ്യപൗരോഹിത്യത്തോടും പാപമോചനം നൽകുന്ന ഈ മാമോദീസായോടും കൂടെ നിന്ദിക്കുകയും ചെയ്താൽ നമ്മുടെ ശരീരം ഒരാലയം ആയിത്തീരുകയോ നമ്മുടെ ഹൃദയം ഒരു ബലിപീഠവും സ്തുതിയുടെ സജീവമായ ഉറവയും ആയിത്തീരുകയോ ചെയ്കയില്ല. അതുപോലെ മുകളിലുള്ള സഭ, അതിന്റെ ബലിപീഠത്തോടും അതിന്റെ പ്രകാശത്തോടും അതിന്റെ പൗരോഹിത്യത്തോടും കൂടെ നമുക്കു വെളിപ്പെടുത്തപ്പെടുകയില്ല. ഹൃദയശുദ്ധിയുള്ള വിശുദ്ധർ എല്ലാവരും അവിടെ ഒന്നിച്ചുകൂട്ടപ്പെടുന്നു; അവർ അതിന്റെ മഹത്ത്വത്തിൽ വസിക്കുന്നു; അതിന്റെ പ്രകാശത്തിൽ സന്തോഷിക്കുന്നു; അനുദിനം പ്രസവിച്ചു വളർത്തി ഉന്നതത്തിലുള്ള വലിയ സഭയിലേക്കു് നല്ല വാഗ്ദാനങ്ങളെ അയയ്ക്കുന്ന ഭാഗ്യവതിയായ വളർത്തമ്മയെ അവർ ഒരിക്കലും നിന്ദിക്കുന്നില്ല. ഈ ദൃശ്യസഭയെ സകലർക്കും കാണാൻ കഴിയും; അതിന്റെ ബലിപീഠവും മാമോദീസായും പൗരോഹിത്യവും നമ്മുടെ കർത്താവു സ്ഥാപിച്ചതാണ്; അതിൽ തന്റെ ശ്ലീഹന്മാർ സ്നാനപ്പെടുകയും പുരോഹിതന്മാരായി യഥാത്ഥമായി ശുശ്രൂഷിച്ചുകൊണ്ടു് തന്റെ ശരീരവും രക്തവും ബലിയർപ്പിക്കുകയും ചെയ്തു. സത്യസഭയും ഓരോരുത്തരെയും മക്കളായി വളർത്തുന്ന ഭാഗ്യവതിയായ അമ്മയും ഇതാണ്. അതുപോലെ, നമ്മുടെ കർത്താവു വസിക്കുന്ന ആ ശരീരവും ഹൃദയവും – പരിശുദ്ധാത്മാവും അതിൽ വസിക്കുന്നതിനാൽ – സത്യത്തിൽആലയവും ബലിപീഠവുമാണ്. നമ്മുടെ കർത്താവു് അതിൽ വസിക്കുന്നു. ഇപ്രകാരം എഴുതപ്പെട്ടിരി

www.malankaralibrary.com



ക്കുന്നു: നിങ്ങളുടെ ശരീരങ്ങൾ കർത്താവിന്റെ ആലയങ്ങളാകുന്നു; മിശിഹാ നിങ്ങളുടെ ആന്തരികമനുഷ്യനിൽ വസിക്കുന്നു (1 കൊറി. 6:19).

സ്വർഗത്തിലുള്ള സഭയെ സംബന്ധിച്ചാണെങ്കിൽ, എല്ലാ നന്മകളുടെയും ആരംഭം അവിടെയാണ്. അവിടെനിന്ന് നമ്മുടെ മേൽ എല്ലാ ദിക്കിലേക്കും പ്രകാശം ഉദയം ചെയ്തിരിക്കുന്നു. അതിന്റെ സാദൃശ്യത്തിൽ ഭൂമിയിലെ സഭ അതിലെ വൈദികരോടും ബലിപീഠത്തോടുംകൂടി ഉണ്ടായി; അതിന്റെ ശുശ്രൂഷയുടെ രീതിയനുസരിച്ച് ശരീരം ബാഹ്യമായി ശുശ്രൂഷ ചെയ്യുന്നു; എന്നാൽ ഹൃദയം ആന്തരികമായി പുരോഹിതനായി വർത്തിക്കുന്നു. ഈ ദൃശ്യസഭയിൽ ശുഷ്കാന്തിയോടുകൂടെ വ്യാപരിക്കുന്നവർ സ്വർഗീയസഭയെ പിൻചെല്ലുന്നതിനാൽ, അതുപോലെ ആയിത്തീരുന്നു. ഈ ദൃശ്യസഭ മാമോദീസാ സ്വീകരിക്കുന്ന എല്ലാവരുടെയും മാതാവായതിനാലും പ്രത്യേകമായ രീതിയിൽ നമ്മുടെ കർത്താവിന്റെ മുഖം അവളുടെമേൽ പ്രകാശിക്കുന്നതിനാലും അവളെ ശോഭിപ്പിക്കുന്നതിനാലും അവൾ ഏററം പ്രധാനപ്പെട്ടതാണ്.

3. ഈ സഭ, ഇതിന്റെ ബലിപീഠത്തോടും മാമോദീസായോടുംകൂടെ ശിശുക്കളെ എന്നപോലെ സ്ത്രീപുരുഷന്മാർക്ക് ജന്മം നൽകുന്നു; അവരുടെ മുലകുടി മാറുന്നതുവരെ അവർ അവളുടെ പാൽ നുകരുന്നു. അപ്പോൾ അവർ ശാരീരികവും ഹൃദയപരവുമായ വളർച്ചയും അറിവും പ്രാപിക്കുന്നു; അവർ തങ്ങളുടെ ശരീരങ്ങളെ ആലയങ്ങളും ഹൃദയങ്ങളെ ബലിപീഠങ്ങളും ആക്കുന്നു. അവർ പരിപൂർണരായിത്തീരുകയും "എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും" (യോഹ. 6:58) എന്ന് നമ്മുടെ കർത്താവ് പറഞ്ഞതുപോലെ യഥാർത്ഥമായി നമ്മുടെ കർത്താവിനെതന്നെ ഭക്ഷിക്കയും ചെയ്യുന്നതുവരെ പാലിനേക്കാൾ കട്ടിയുള്ള ഭക്ഷണം കഴിക്കുന്നു. "ഉയരവും ആഴവും നീളവും വീതിയും എന്താണെന്നു" അറിയുവാനുള്ള ശക്തിയിൽ "പരിശീലനം ലഭിച്ച പരിപൂർണർക്കുള്ളതാണ് സത്യഭക്ഷണം" എന്ന് ശ്ലീഹാ പറഞ്ഞിരിക്കുന്നതുപോലെ (എബ്രാ. 5:14; എഫേ. 3:18), ഈ സത്യാഹാരം ഭക്ഷിച്ചു കഴിയുമ്പോൾ, അവരെ പൂർണരാക്കുന്ന ഉന്നതത്തിലെ സഭയിൽ അവർ എത്തിച്ചേരുകയും നമ്മുടെ രാജാവായ യേശുവിന്റെ പട്ടണത്തിൽ പ്രവേശിക്കയും ചെയ്യും. എല്ലാ ജീവനുള്ളവരുടെയും പരിപൂർണരുടെയും അമ്മയായ ആ മഹനീയവും പരിപൂർണവുമായ കൊട്ടാരത്തിൽ അവർ ആരാധന നടത്തും.

www.malankaralibrary.com



അതുകൊണ്ട്, എല്ലാവരെയും മക്കളായി വളർത്തുന്ന ദൃശ്യ സഭയെ നാം നിന്ദിക്കരുത്. എല്ലാ രോഗികളെയും ശക്തിപ്പെടുത്തുന്ന ഹൃദയത്തിന്റെ ഈ സഭയെയും നാം നിന്ദിക്കരുത്. നാം ഉന്നതത്തിലെ സഭയെ ആകാംക്ഷാപൂർവം നോക്കിപ്പാർത്തുകൊണ്ടിരിക്കണം; കാരണം, അവരം എല്ലാ വിശുദ്ധരെയും പരിപൂർണരാക്കുന്നു.

4. ഈ മൂന്നു സഭകളിലും അവയുടെ ശുശ്രൂഷകളിലും ജീവൻ കുടികൊള്ളുന്നു, എന്നാൽ ഒരു മഹത്വം മററതിനേക്കാരം വലുതാണ് (1 കൊറി. 15:14). ഹൃദയത്തിന്റെ സഭയെയോ ഉന്നതത്തിലെ സഭയെയോ പ്രാപിക്കാതെ, ഈ സഭയുടെ ശുശ്രൂഷയിൽനിന്ന് ആരെങ്കിലും കടന്നുപോകാനിടയാകുകയും എന്നാൽ പാപം കൂടാതെ കടന്നുപോകുകയും ചെയ്താൽ, അങ്ങനെയുള്ളവൻ സുകൃതവാനാണ്; അവന്റെ സദ്പ്രവൃത്തികരം അവനെ അനുധാവനം ചെയ്യുന്നു. എന്നാൽ ഹൃദയത്തിന്റെ സഭയിൽനിന്നു കടന്നുപോകുന്ന വ്യക്തിയാണ് കൂടുതൽ മെച്ചപ്പെട്ടവൻ. തന്റെ ഹൃദയത്തിൽ ഉന്നതത്തിലെ സഭയിൽ എത്തിച്ചേർന്നശേഷം കടന്നുപോകുന്നവനാണ് തന്റെ ആത്മാവിൽ ഭാഗ്യവാൻ! അവൻ പൂർണനായിത്തീരുകയും നമ്മുടെ കർത്താവിനെ മുഖാമുഖം ദർശിക്കയും ചെയ്യും. ദൃശ്യജലത്തിൽ സ്നാനപ്പെടുന്നവരം അദൃശ്യമായി അഗ്നിയിലും ആത്മാവിലും സ്നാനപ്പെടുന്നു. അതു രണ്ടും നാം കാണുന്നില്ല. അല്ലെങ്കിൽ വിശ്വസിക്കുന്നവൻ സ്നേഹിക്കുകയും സ്നേഹിക്കുന്നവൻ പരിപൂർണനാകുകയും പരിപൂർണനാകുന്നവൻ ഭരിക്കുകയും ചെയ്യുന്നു. അതുപോലെ ഈ ദൃശ്യസഭയിൽ അധ്വാനിക്കുന്നവരം അതുവഴി ഹൃദയത്തിന്റെ സഭയിലും ഉന്നതത്തിലെ സഭയിലും കണ്ടെത്തപ്പെടും. കാണപ്പെടുന്ന ഈ മാമോദീസാ കൂടാതെ ആരും അഗ്നിയിലും ആത്മാവിലും സ്നാനപ്പെടുന്നില്ല; കാണപ്പെടുന്ന ഈ സഭയെ കൂടാതെ ആരും ഹൃദയത്തിന്റെ സഭയിലും ഉന്നതത്തിലെ സഭയിലും ഉരംപ്പെടുന്നില്ല. കാരണം, ആരെങ്കിലും ഈ ദൃശ്യസഭയിൽനിന്നു വിട്ടുമാറി 'മലയിൽ ശുശ്രൂഷ ചെയ്താൽ'[1] ഒന്നുകിൽ അവൻ കുററക്കാരനായി തെളിയിക്കപ്പെട്ടിരിക്കുന്നു; അല്ലെങ്കിൽ അവനു വഴിതെററിപ്പോയി. എന്നാൽ അവളിൽ ജീവൻ കുടികൊള്ളുന്നെന്നും അവൻ തന്റെ ഉടമ്പടി ലംഘിക്കരുതെന്നും എവിടെയായിരുന്നാലും അവനു ഉറപ്പുണ്ടായിരിക്കണം.

1. യൂദാചാരങ്ങരം അനുഷ്ഠിക്കാൻ ക്രിസ്ത്യാനികളെ പ്രേരിപ്പിക്കുന്ന യൂദക്രൈസ്തവരേപ്പററിയായിരിക്കാം ഇത് (യോഹ. 4.21).

www.malankaralibrary.com



5. പാലിനേക്കാൾ മെച്ചപ്പെട്ട പദാർത്ഥമായി കരുതി റൊട്ടി തിന്നാൽ കുഞ്ഞിനെ വളർത്തുന്ന അമ്മ അഭ്യസിപ്പിക്കുന്നതുപോലെ, തങ്ങൾക്കു വളരാനുതകുന്നതും മെച്ചപ്പെട്ടതും കൂടുതൽ ഉന്നതവും ആയവ ഭക്ഷിക്കാൻ ഈ ദൃശ്യസഭ തന്റെ മക്കളെ പഠിപ്പിക്കുന്നു. കുട്ടിയെ നോക്കുന്ന വളർത്തമ്മ മററാഹാരം ഇല്ലാത്തതിനാലല്ല, പിന്നെയോ, ഘരഭക്ഷണം കഴിക്കാൻ ശിശു അശക്തനായതിനാലത്രേ ശിശുവിന് പാൽ നൽകുന്നത്. ദൃശ്യസഭയിൽ പ്രവർത്തിക്കുന്ന ആത്മാവ്, ഹൃദയത്തിന്റെയും ഉന്നതത്തിലെയും സഭയിലെ ആത്മാവിനെക്കാൾ ബലഹീനമല്ല; മൂന്നിടത്തും ഒരേ ആത്മാവുതന്നെയാണു പ്രവർത്തിക്കുന്നത്. എന്നാൽ ആദാമിന്റെ മക്കൾ വളരെ ബലഹീനരാണ്; സഭ ശിശുക്കളെപ്പോലെ അവരെ വളർത്തുന്നില്ലെങ്കിൽ, അവർക്ക് സത്യഭക്ഷണം കഴിക്കാൻ സാധിക്കയില്ല.

മുപ്പതു വയസ്സുള്ളവരും മുപ്പതു ദിവസം മാത്രം പ്രായമുള്ളവരുമായ അനേകം കുട്ടികളുള്ള വളർത്തമ്മ എല്ലാവരുടെയും മുമ്പിൽ ഒരേ ആഹാരം വിളമ്പുമോ? അവൾ അവരുടെ എല്ലാം മുമ്പിൽ ഘരഭക്ഷണം മാത്രം വിളമ്പിയാൽ മുപ്പതുദിവസം മാത്രം പ്രായമുള്ള ശിശു മരിച്ചുപോകും; മുപ്പതു വയസ്സുള്ളയാൾ വളരുകയും ചെയ്യും. എന്നാൽ അവൾ പാൽ മാത്രം എല്ലാവർക്കും കൊടുത്താൽ, മുപ്പതുദിവസം പ്രായമുള്ളയാൾ ജീവിക്കയും വളർന്നു വലുതാകുകയും ചെയ്യും; മുപ്പതുവയസ്സുള്ളവൻ വിവശനായി മരിക്കും. അക്കാരണത്താലാണ്, എല്ലാവരുടെയും നേതാക്കന്മാരായ നമ്മുടെ കർത്താവും തന്റെ പ്രസംഗകരും മുപ്പതുദിവസം പ്രായമുള്ള ശിശുവിനെ ഇപ്രകാരം പ്രബോധിപ്പിക്കുന്നത്: ''വ്യഭിചാരികളോടുകൂടെ ഭക്ഷിക്കരുത്; വേശ്യകളോടും കുടിയന്മാരോടും ശാപഗ്രസ്തരോടും ദുഷ്കർമ്മങ്ങൾ ചെയ്യുന്ന മററുള്ളവരോടും കൂടിച്ചേരരുത്.'' എന്നാൽ മുപ്പതു വയസ്സുള്ളവനോട് അവർ ഇപ്രകാരം പറയുന്നു: രോഗികളുടെ രോഗം വഹിക്കുവിൻ; എല്ലാവർക്കും എല്ലാമായിരിക്കുവിൻ; ആരേയും, അങ്ങനെയാണെങ്കിൽപോലും, അശുദ്ധനെന്നോ പുറജാതിക്കാരൻ എന്നോ ദുഷ്ടനെന്നോ വിളിക്കരുത് (1 കൊറി 5:9; 9:22; നട. 10:28). എല്ലാവരെയും നിന്നേക്കാൾ ശ്രേഷ്ഠരെന്നു കരുതുക (ഫിലി. 2:3); ഇങ്ങനെ നീ പൂർണനാകും.

6. ഇപ്രകാരം, ഓരോരുത്തനെയും അവന് ആവശ്യമായ രീതിയിൽ അവർ പ്രബോധിപ്പിച്ചു. മുപ്പതുദിവസം പ്രായമുള്ളയാൾ ദുഷ്ടരുടെ ഭവനത്തിൽ പോയാൽ അവൻ നശിച്ചതുതന്നെ; എന്നാൽ മുപ്പതുവയസ്സുള്ളവൻ അവിടെ കടന്നു ചെന്നാൽ, ഒരുപക്ഷേ അവൻ അവരെ മാനസ്സാന്തരപ്പെടുത്തി

www.malankaralibrary.com



യേക്കാം. ഇനിയും, അവരെ മാനസ്സാന്തരപ്പെടുത്താൻ അവനു സാധിച്ചില്ലെങ്കിൽ തന്നെയും അവൻ നശിച്ചുപോകയില്ല; കാരണം, അവൻ ആത്മാവിൽ പൂർണവളർച്ച പ്രാപിച്ച വ്യക്തിയായി തീർന്നിരിക്കുന്നു.

അതുപോലെ, പ്രായോഗിക പരിജ്ഞാനമില്ലാത്തവനും യുവപ്രകൃതിയുള്ളവനുമായ വ്യക്തിയോട്, അവൻ തന്റെ ശക്തി വീണ്ടെടുക്കുന്നതുവരെ അധ്വാനിച്ചു ഭക്ഷിക്കാൻ അവർ ആവശ്യപ്പെടുന്നു (2 തെസ്സ. 3:12). ശ്ലീഹാ ഭക്ഷണത്തെപ്പററി പര്യാകുലനായിരുന്നു എന്നല്ല അതിനർത്ഥം; പിന്നെയോ അത്തരം വ്യക്തി തന്റെ ദൃശ്യജോലികൾ നിർത്തിവയ്ക്കുകയും അദൃശ്യജോലികൾ ഏറെറടുക്കാൻ അറിവില്ലാതിരിക്കുകയും ചെയ്താൽ താനൊരു ക്രിസ്ത്യാനിയാണെന്നതു മറന്ന് അവൻ മൂഢത്വവും, ചതിയും പരദൂഷണവും അഭ്യസിക്കയും വൃദ്ധകളുടെ കെട്ടുകഥകളിലും, തമാശകളിലും, അട്ടഹാസത്തിലും, പഴങ്കഥകളിലും നിപതിക്കയും ചെയ്യാനിടയുണ്ടെന്ന് ശ്ലീഹാ ഭയപ്പെട്ടു (1 തിമോ. 4:7; എഫേ. 5:4). മറിച്ച്, മാനസിക പക്വത വന്നവനും പരിചയസമ്പന്നനുമായ വ്യക്തിയോട് നമ്മുടെ കർത്താവും തന്റെ പ്രസംഗകരും പറയുന്നു: 'എന്തു ധരിക്കുമെന്നു ചിന്തിച്ച് നിങ്ങളുടെ ശരീരത്തെപ്പററി ആകുലപ്പെടേണ്ട;' അല്ലെങ്കിൽ എങ്ങനെ ജീവിക്കുമെന്ന് ചിന്തിക്കേണ്ട; മറിച്ച് 'ഉന്നതത്തിലുള്ളവ അന്വേഷിക്കുവിൻ; മുകളിലുള്ളതിനെപ്പററി ധ്യാനിക്കുവിൻ (മത്താ. 6:25; ലൂ. 12:22; കൊളോ. 3:1_2). കാരണം എല്ലാവർക്കും ജീവൻ നൽകുന്നവനെ പ്രസാദിപ്പിക്കത്തക്കവണ്ണം പ്രവർത്തിക്കാനായി ജനങ്ങളെ ഉപദേശിക്കാനും ശാന്തരാക്കാനും പ്രബോധിപ്പിക്കാനും പഠിപ്പിക്കാനും ഇത്തരത്തിലുള്ള ഏതു വ്യക്തിക്കും കഴിയും. ജനങ്ങളെ അർത്ഥശൂന്യമായ പഴങ്കഥകളിൽനിന്നും കെട്ട തമാശകളിൽനിന്നും അട്ടഹാസങ്ങളിൽനിന്നും ദുർഭാഷണങ്ങളിൽനിന്നും, ദുഷ്പ്രവൃത്തികളിൽനിന്നും പിന്തിരിപ്പിക്കാൻ സാധിക്കും. അങ്ങനെ ചെയ്യുന്നതു വളരെ പ്രയോജനപ്രദമാകയാൽ എല്ലാവർക്കും ഇപ്രകാരം സഹായം ചെയ്യുന്നയാരം പറമ്പിൽ പണി ചെയ്യാൻ നമ്മുടെ കർത്താവ് അനുവദിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ ശീമോനോടു പറഞ്ഞതുപോലെ അവനോടും അവിടുന്നു പറയുന്നു: "നീയെന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ അജഗണത്തെ, പെണ്ണാടുകളെയും കുഞ്ഞാടുകളെയും മേയിക്കുക" (യോഹ. 21:15_17). മിശിഹായുടെ അജഗണത്തെ മേയിക്കുന്ന വ്യക്തിക്ക് അതു വിട്ടിട്ട് കലപ്പയെടുത്തു പണി ചെയ്യാനോ ദൃശ്യഭൂമിയിൽ അധ്വാനിക്കാനോ കഴിയുകയില്ല. മറിച്ച്, അവൻ തനിക്കേല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ കൂട്ടിച്ചേർക്കുകയും

www.malankaralibrary.com



തീററിപ്പോററുകയും സാന്ത്വനപ്പെടുത്തുകയും ചെയ്യുന്നു. 'എൻെറ അജഗണത്തെ, എൻെറ പെണ്ണാടുകളെയും എൻെറ കുഞ്ഞാടുകളെയും, മേയിക്കുക' എന്നു കല്പിച്ച നാഥൻെറ മുൻപാകെ അന്ത്യദിവസത്തിൽ അവൻ മുഖപ്രസന്നതയോടെ നിൽക്കും.

7. ദൃശ്യസൂര്യൻ ദൃശ്യസഭയുടെ മേലും നമ്മുടെ ശരീരങ്ങളാകുന്ന ഈ ആലയങ്ങളുടെ മേലും പ്രകാശിക്കുന്നതുപോലെ, നമ്മുടെ കർത്താവ് സ്പഷ്ടമായി പ്രകാശിക്കുന്ന സ്വർഗീയ സഭയിൽ പ്രവേശിച്ചയാറം ഭാഗ്യവാനാകുന്നു. ദൃശ്യ സൂര്യൻ എന്നും അസ്തമിക്കാറുണ്ടെങ്കിലും, നമ്മുടെ കർത്താവും നമ്മുടെ രക്ഷകനുമായ യേശുമിശിഹായുടെ മുഖപ്രസാദം ഒരിക്കലും മുകളിലുള്ള സഭയെ വിട്ടകന്നു പോകുന്നില്ല. നമ്മുടെ കർത്താവ് എല്ലായിടത്തും ഉണ്ടെങ്കിലും സ്പഷ്ടമായി അവിടുത്തെ ദർശിക്കുവാൻ സ്വർഗീയസഭയിൽ മാത്രമേ സാധിക്കൂ. അതുപോലെ, സ്വയം വിനീതരാക്കിയവരും വിശ്രമത്തിൽ പ്രവേശിച്ചവരും, എല്ലാവരോടും ശാന്തതയോടുകൂടി വർത്തിച്ചവരും, ദുഷ്ടാത്മാക്കളോടു മല്ലിട്ടു് പോരാട്ടം നടത്തിയവരും, ദുർവിചാരങ്ങളിൽ നിന്നു തങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിച്ചവരും ആയവർക്കു മാത്രമേ അതു ദർശിക്കാൻ കഴിയൂ. ശ്ലീഹാ ഇപ്രകാരം പറഞ്ഞിരിക്കുന്നതുപോലെയാണത്: "നിങ്ങളുടെ പോരാട്ടം മാംസവും രക്തവും ഉള്ള മനുഷ്യരോടല്ല: പിന്നെയോ, ശക്തികളോടും അധികാരങ്ങളോടും ദുഷ്ടാത്മാക്കളോടും ദുഷിപ്പിക്കുന്ന സാത്താനോടുമാണ് (എഫേ. 6:12). സാത്താനോടു പോരാടി അവനെ പരാജയപ്പെടുത്തിയവർ മുകളിലുള്ള ഈ സഭയ്ക്കു യോഗ്യരായിത്തീരും. അവിടെ നമ്മുടെ കർത്താവു സ്പഷ്ടമായി പ്രകാശിക്കുന്നു; അവർക്കു് അവിടുത്തെ ദർശനത്തിൻെറ മഹനീയപ്രകാശം ലഭിക്കുന്നു (സങ്കീ 4: 6). എന്തുകൊണ്ടെന്നാൻ, നമ്മുടെ കർത്താവു് അരുളുചെയ്തു: 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും' (മത്താ 5: 8).

ഓരോരുത്തനും അവനവൻെറ പ്രവൃത്തികളനുസരണം മററു് അനുഗ്രഹങ്ങളും മററു സ്ഥലങ്ങളും ഉണ്ടെങ്കിലും, എല്ലാവിധദുഷ്ടതകളിൽനിന്നും അശുദ്ധ ചിന്തകളിൽനിന്നും ശുദ്ധീകരിക്കപ്പെട്ടവർ മാത്രമേ ആ വലിയ കൊട്ടാരത്തിലേയ്ക്കു് ഉയർത്തപ്പെടുന്നുള്ളു; അവർക്കു മാത്രമേ അതു ദർശിക്കാനാവൂ; നമ്മുടെ കർത്താവായ യേശുവിനോടുകൂടെ അവർ മഹത്വീകരിക്കപ്പെടുന്നു; അവിടുത്തെ പൗരോഹിത്യത്തിൽനിന്നു് അവർ അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. 'കർത്താവിൻെറ പർവതത്തിലേക്കു് ആരു കയറും; അവിടുത്തെ വിശുദ്ധ മലയിൽ ആരു

www.malankaralibrary.com



വസിക്കും?' (സങ്കീ. 24: 3–5) – ഇതാണ സ്വർഗത്തിലുള്ള സഭ: ശുദ്ധമായ കൈകൾ ഉള്ളവനും തന്റെ ഹൃദയത്തിൽ തെരഞ്ഞെടുക്കപ്പെട്ടവനും ഇവനാകുന്നു. അവൻ കർത്താവിൽ നിന്നു് അനുഗ്രഹവും നമ്മുടെ രക്ഷകനായ ദൈവത്തിൽനിന്നു് നീതികരണവും പ്രാപിക്കുന്നു – അവൻ നമ്മുടെ കർത്താവായ യേശുമിശിഹാ ആകുന്നു. അവനു് നിത്യയുഗങ്ങളിൽ സ്തുതി യുണ്ടായിരിക്കട്ടെ. ആമ്മീൻ.

## 2. പ്രതിപാദനം - 18

*പ്രാർത്ഥനയുടെ കണ്ണുനീരുകളെപ്പറ്റി*

1. എന്റെ മകനേ,ഞാൻ പറയാൻപോകുന്നതു ഗ്രഹിക്കുക. "നിങ്ങൾ കരയുകയും വിലപിക്കയും ദുഃഖിക്കയും ചെയ്യും. എന്നാൽ ലോകം സന്തോഷിക്കും; എന്നാൽ അല്പം കഴിഞ്ഞു് നിങ്ങളുടെ കണ്ണുനീരുകൾ സന്തോഷമായി മാറും"എന്നു നമ്മുടെ കർത്താവു് അരുൾചെയ്തിരിക്കുന്നതുപോലെ (യോഹ 16: 20) ദുഃഖത്തിൽ നിന്നുളവാകുന്ന കണ്ണീരുണ്ടു്; സന്തോഷം മൂലം ഉളവാകുന്ന കണ്ണീരുമുണ്ടു്. തങ്ങളുടെ പാപങ്ങളെക്കുറിച്ചു് കരയുന്നവരുണ്ടു്. 'ദൈവത്തെപ്രതിയുള്ള ദുഃഖം അനുതാപ മാണു്: അതു രക്ഷയിലേക്കു തിരിക്കുന്നു' എന്നു് എഴുതപ്പെട്ടി രിക്കുന്നതുപോലെ (2 കൊറി 7 : 10) അപ്രകാരം കരയുന്നവർ നന്നായി പ്രവർത്തിക്കുന്നു. മററു ചിലർ സൽപ്രവൃത്തികൾ ചെയ്യാൻ പാപത്തെ ജയിക്കയും പാപപ്രവൃത്തികളിൽ നിന്നക ലുകയും ചെയ്യുവരാകാം: തങ്ങളെ സ്വതന്ത്രരാക്കുകയും മരണ ത്തിന്റെ അടിമത്തത്തിൽ നിന്നു വിടുവിക്കുകയും ചെയ്തു് തങ്ങൾക്കുവേണ്ടി കൃപയുടെ ഒരു മഹനീയകർമ്മം നിർവഹിച്ച തങ്ങളുടെ കർത്താവിനോടുള്ള സ്നേഹത്താൽ അവർ സന്തോഷം കൊണ്ടു കരയുന്നു. 'ഇതാ, കർത്താവുണ്ടാക്കിയ ദിവസം; വരു വിൻ, നമുക്കു് അതിൽ സന്തോഷിച്ചുല്ലസിക്കാം; കർത്താവേ, ഞങ്ങളെ വിടുവിക്കണമെ; ഞങ്ങളെ രക്ഷിക്കണമെ' എന്നു് ദാവീദ് പറഞ്ഞിരിക്കുന്നതുപോലെ (സങ്കീ. 118: 24–5) ഈ ആളുകൾ സ്വയം എളിമപ്പെടുത്തുകയും അവിടുത്തെ കല്പനകൾ കാക്കുകയും ചെയ്തു. നമ്മുടെ രക്ഷയുടെ ഈ ദിവസം സന്തോഷം കൊണ്ടു നമുക്കു നൃത്തം വയ്ക്കാം.

"സന്തോഷപൂർവം കർത്താവിനെ സേവിക്കുവിൻ; കീർ ത്തനങ്ങളോടുകൂടെ അവിടുത്തെ സന്നിധിയിൽ പ്രവേശിക്കു വിൻ" എന്നും, വീണ്ടും, "ഭയത്തോടുകൂടി കർത്താവിനെ സേവിക്കുവിൻ; വിറയലോടുകൂടി അവിടുത്തെ സ്വന്തമാക്കു

www.malankaralibrary.com



വിൻ; അവൻ കോപിക്കയും നിങ്ങളെല്ലാം അവൻെറ വഴിയിൽനിന്നകന്നു് നശിച്ചുപോകുകയും ചെയ്യാതിരിപ്പാനായി പുത്രനെ ചുംബിക്കുവിൻ; എന്തുകൊണ്ടെന്നാൽ ക്ഷണനേരം കൊണ്ടു് അവൻെറ കോപം ഉജ്ജ്വലിക്കും; ദുഷ്ടന്മാരെല്ലാം അതിൽ വെന്തുപോകും. എന്നാൽ ഈലോകത്തിൽ വച്ചുതന്നെ അവനിൽ ശരണപ്പെടുന്നവർ ഭാഗ്യവാൻമാരാകുന്നു'' എന്നും ദാവീദ് പറഞ്ഞിരിക്കുന്നതുപോലെ (സങ്കീ 100: 1; 2: 11) മരണത്തിൻെറ അടിമത്തത്തിൽ നിന്നു വിടുവിക്കപ്പെടുന്നവൻ ദുഃഖത്തോടെയല്ല, സന്തോഷത്തോടുകൂടെ കർത്താവിനെ സേവിക്കുന്നു. അവിടുന്നു് അവരെ വിടുവിക്കും; അപ്പോൾ അവർ അവ ഉപേക്ഷിക്കും; നമ്മുടെ കർത്താവായ യേശുമിശിഹായുടെ സ്നേഹത്തിൽ അവർ പരിപൂർണ്ണരാക്കപ്പെടുകയും ചെയ്യും. മഹനീയവും ഭീതിജനകവുമായ ദിവസത്തിൽ അവർ അവനോടുകൂടെ മഹത്ത്വീകരിക്കപ്പെടും.

2, ഞാൻ സൂചിപ്പിച്ച കണ്ണുനീരുകളുടെ വിഷയത്തെക്കുറിച്ചു്: താൻ സ്നേഹിക്കുന്നയാൾ അകന്നിരിക്കുന്നതിൽ ഒരാൾ കരഞ്ഞെന്നുവരാം. അകന്നിരിക്കുന്നയാൾ കരയുന്നതു് സ്നേഹം കൊണ്ടാകാം, ദുഃഖം കൊണ്ടാകാം: എന്നാൽ അവൻ നേരിട്ടു് തൻെറ ഉററ സ്നേഹിതനെ കണ്ടുകഴിയുമ്പോഴും അവൻ കരയുകയും, തൻെറ സ്നേഹിതൻെറ കഴുത്തിലൂടെ അവൻ കണ്ണീരൊഴുക്കുന്നതു സമീപസ്ഥനായ ഏതു വ്യക്തിക്കും കാണാൻ സാധിക്കയും ചെയ്യും. ഇതു സന്തോഷത്തിൻെറ കണ്ണുനീരാണെന്നുള്ളതു് വ്യക്തമാണല്ലോ. കാരണം, കാണാൻ സാധിക്കുമെന്നു വിചാരിക്കാതിരുന്ന നേരത്തു് തൻെറ ആത്മസുഹൃത്തിനെ കാണുമ്പോൾ അവൻ പൊട്ടിക്കരയുകയും കണ്ണുനീർ ചിറപൊട്ടി ഒഴുകുകയും ചെയ്യും.

പാപം ചെയ്യുകയും നമ്മുടെ കർത്താവിൽനിന്നും തൻെറ നീതിയിൽനിന്നും അകന്നു കഴിയുകയും ചെയ്യുന്നവരുടെ കാര്യവും ഇതുപോലെയാണ്. തൻെറ സ്നേഹിതനിൽ നിന്നകന്നിരിക്കയും അവനെപ്രതി ദുഃഖിക്കയും ചെയ്യുന്നവനെപ്പോലെ ദുഃഖത്താൽ അവർ കരയുന്നു. നമ്മുടെ കർത്താവിൻെറ വിധിയെ ഭയപ്പെടുന്നതിനാൽ അത്തരമാളുകൾ തങ്ങളുടെ പാപങ്ങളെപ്പററി ദുഃഖിക്കുന്നു; ദൈവത്തിനു തങ്ങളോടു് അലിവുതോന്നി തങ്ങളോടു ക്ഷമിക്കുന്നതിനുവേണ്ടി അവർ കരയുന്നു.

അവർ പാപങ്ങളിൽ നിന്നകലുകയും നീതീകരിക്കപ്പെടുകയും ചെയ്തുകഴിയുമ്പോൾ അവർക്കു് നമ്മുടെ കർത്താവിൻെറ പക്കലേക്കണയാം; അപ്പോൾ അവരുടെ കണ്ണുനീർ സന്തോഷ

www.malankaralibrary.com



ത്തിന്റെ കണ്ണുനീരായി മാറും. അപ്രതീക്ഷിതമായി തന്റെ ഉററസ്നേഹിതനെ കാണുമ്പോരം കെട്ടിപ്പിടിച്ച് സന്തോഷ ത്താൽ നെടുവീർപ്പിട്ട് കണ്ണീരൊഴുക്കുന്ന വ്യക്തിയെപ്പോലെ, പാപരഹിതരായും പാപവിമുക്തരായും തീരുന്ന വ്യക്തികരം നമ്മുടെ കർത്താവിനെ അഭിമുഖീകരിക്കുമ്പോരം സന്തോഷ ത്താൽ കരയും.

അതുപോലെ നമ്മുടെ കാര്യത്തിലും: ' 'ഞാൻ എത്ര ദുർഭഗ നായ മനുഷ്യനാണ്! നമ്മുടെ കർത്താവേശുമിശിഹായിലുള്ള ദൈവകൃപയല്ലാതെ ആർക്ക് എന്നെ മരണമുള്ള ഈ ശരീര ത്തിൽനിന്നു വിടുവിക്കാൻ സാധിക്കും?'' എന്ന് പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ(റോമ. 7:24.5)നമ്മെ പാപവിമുക്ത രാക്കുവാൻ നമ്മുടെ കർത്താവിനോട് അപേക്ഷിച്ചുകൊണ്ട്, യാതൊരു പാപവും ഇല്ലാത്തവരായിരിക്കാൻ നാം താല്പര്യ പൂർവം പരിശ്രമിക്കണം.

3. അതുകൊണ്ട്, ദൃശ്യവസ്തുക്കളെല്ലാം കടന്നുപോകുന്നവ യാണ് എന്നു കാണുകയാൽ അവയെ പിന്നിലുപേക്ഷിക്കയും ബാഹ്യമായ പാപങ്ങളിൽ നിന്നൊഴിഞ്ഞിരിക്കയും ചെയ്യാം. ദൃശ്യപാപങ്ങരം നമ്മിൽനിന്നകററിക്കഴിയുമ്പോരം, പാപം നമ്മുടെ ഹൃദയത്തിൽ കുത്തിപ്പൊക്കുന്ന ദുർവിചാരങ്ങളാകുന്ന നമ്മുടെ ഉള്ളിലെ പാപങ്ങരംക്കെതിരെ പോരാട്ടം തുടങ്ങാം. നമുക്കു മുൻപേ നമ്മുടെ കർത്താവു ചെയ്തതുപോലെ നമ്മെ കാത്തിരിക്കുന്ന പോരാട്ടത്തിലേക്ക് പ്രാർത്ഥനാപൂർവം ഓടി ക്കയറാം. എന്തുകൊണ്ടെന്നാൽ, തന്നെ മരണത്തിൽനിന്നു വിടു വിക്കുന്നവന് യേശു വലിയ നിലവിളിയോടും അനേകം കണ്ണു നീരോടുംകൂടെ അപേക്ഷ സമർപ്പിച്ചു; അവൻ ശ്രവിക്കപ്പെട്ടു കയും പൂർണനാക്കപ്പെടുകയും ചെയ്തു എന്ന് പൗലോസ് വ്യക്തമാക്കിയിരിക്കുന്നു (എബ്രാ. 5:7.9).

ഇതുതന്നെ നമ്മുടെ കത്താവു നമ്മെ പഠിപ്പിക്കുന്നു. നമുക്ക് ബാഹ്യമായ പാപങ്ങരം ഒന്നും ഇല്ലാത്ത അവസ്ഥയിൽ നാം എത്തിക്കഴിയുമ്പോരം, നമ്മുടെ കത്താവു് പറയുകയും പ്രവത്തി ക്കയും ചെയ്തതുപോലെ, നാം പ്രാർത്ഥനയുടെ പോരാട്ടത്തെ സമീപിക്കണം.

കർത്താവിൽ തന്റെ സഹോദരന്മാരോട് പൗലോസ് പറഞ്ഞു: 'എപ്പഫ്രാസ് നിങ്ങളെപ്രതി തന്റെ പ്രാർത്ഥനയിൽ ഒരു പോരാട്ടം നടത്തുന്നു' (കൊളോ. 4:12). നമ്മുടെ കത്താവു് പ്രാർത്ഥനയിൽ വിവശനായിത്തീരുകയും, അവന്റെ വിയപ്പ്

www.malankaralibrary.com



രക്തത്തുള്ളികളെപ്പോലെ കാണപ്പെടുകയും ചെയ്യപ്പോരം ഈ നിലവിളിയാണ് നമ്മുടെ കർത്താവ് ശക്തിപൂർവം നടത്തിയത്. നമുക്ക് ബാഹ്യപാപങ്ങളും ബാഹ്യമായ കുററങ്ങളും ഒന്നും ഇല്ലാത്ത അവസ്ഥയിൽ നാം പ്രാർത്ഥനകളും അപേക്ഷകളും സമർപ്പിക്കണം എന്നു കാണിക്കാൻ നമ്മുടെ കർത്താവ് ധാരാളം കണ്ണുനീരു പൊഴിച്ചു. നമ്മുടെ കർത്താവു ചെയ്തതുപോലെ പ്രാർത്ഥനയിൽ വിവശരാകുന്നതുവരെയും, അവിടുന്നു പൊഴിച്ചതുപോലെ കണ്ണീരൊഴുക്കുന്നതുവരെയും, അവിടുന്നു നെടുവീർപ്പിട്ടതുപോലെ ശക്തിയായി നെടുവീർപ്പിടുന്നതുവരെയും, നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന പാപത്തിൽ നിന്നോ നമ്മുടെ ഉള്ളിൽനിന്നു് അതു് ഉത്തേജിപ്പിക്കുന്ന ദുഷ് ചിന്തകളിൽ നിന്നോ നാം വിടുവിക്കപ്പെടുകയില്ല.

അതുകൊണ്ടു്, മിശിഹായിലുള്ള പുരുഷന്മാർ എല്ലായിടത്തും എല്ലാസ്ഥലത്തും കോപം കൂടാതെയും ദുർവിചാരങ്ങരം കൂടാതെയും, തങ്ങളുടെ കരങ്ങരം ഉയർത്തുക എന്നതു് ഉചിതമാകുന്നു (1 തിമോ.2:8). അവർ നമ്മുടെ കർത്താവിനുവേണ്ടി ആകാംക്ഷാപൂർവം നോക്കിപ്പാർക്കുകയും, ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും (മത്താ. 5:8) എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവിടുത്തെ മുഖാമുഖം കാണാൻ കാത്തിരിക്കയും ചെയ്തുകൊണ്ടു് സ്നേഹത്തിൽ കണ്ണീരൊഴുക്കണം. പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ 'ഈ ലോകത്തിൽ കണ്ണാടിയിലെന്നപോലെ, നമ്മുടെ ഹൃദയകണ്ണുകളിൽ നാം നമ്മുടെ കർത്താവിനെ ദർശിക്കുന്നു; എന്നാൽ ആ ലോകത്തിലാകട്ടെ, മുഖാഭിമുഖവും' (1 കൊറി. 13:12).

4. രഹസ്യപാപങ്ങരം അപ്രത്യക്ഷമാകുകയും ഹൃദയത്തിൽ ഉള്ള പാപത്തിന്റെ ശക്തിയാൽ അതിൽ മറഞ്ഞിരിക്കുന്ന എല്ലാ ദുർവിചാരങ്ങളും പരിപൂർണമായി ഇല്ലാതാകുകയും ചെയ്യുന്നതുവരെ ഹൃദയം ശുദ്ധമാകുകയില്ല. നമ്മുടെ കർത്താവും തന്നെ പ്രസംഗിച്ചവരും പ്രാർത്ഥിച്ചതുപോലെ നാം പ്രാർത്ഥിക്കുന്നില്ലെങ്കിൽ, നമ്മുടെ ഹൃദയത്തിൽനിന്നു് ഈ പാപം പിഴുതെറിയപ്പെടുകയില്ല; ദുർവിചാരങ്ങളും പാപത്തിന്റെ മററു് ദുഷ്ഫലങ്ങളും അപ്രത്യക്ഷമാകുകയുമില്ല.

നമ്മുടെ ഹൃദയത്തിൽ കർത്താവിനോടു് പ്രാർത്ഥിച്ചു കഴിയുമ്പോരം, നമ്മുടെ അധരങ്ങളിൽനിന്നു് ഉള്ളിലേക്കുള്ള സന്തോഷംകൊണ്ടു നാം നിറയും. പാപത്തെപ്രതി നമ്മുടെ ഹൃദയം നമ്മെ കുററപ്പെടുത്താതിരിക്കയും, നമ്മുടെ കർത്താ

www.malankaralibrary.com



വിൻെറ കല്പനകളെല്ലാം അനുസരിച്ച് നമ്മുടെ കർത്താവിൻെറ സന്നിധിയിൽ മുഖപ്രസന്നതയോടുകൂടെ നിൽക്കുകയും ചെയ്യുമ്പോഠം നാം ആന്തരികമായി സന്തോഷിക്കും. ദാവീദ് വിവരിച്ചിരിക്കുന്ന രീതിയിൽ നാം സന്തോഷിക്കും: "കർത്താവേ, എൻെറ ഹൃദയം നിന്നിലും നിൻെറ നാമത്തെ ബഹുമാനിക്കുന്നവരിലും സന്തോഷിക്കും. എൻെറ കർത്താവും എൻെറ ദൈവവുമേ, എൻെറ പൂർണഹൃദയത്തോടെ ഞാൻ നിനക്കു നന്ദിപറയും; ഞാൻ നിൻെറ നാമത്തെ എന്നേക്കും പ്രകീർത്തിക്കും; എന്തുകൊണ്ടെന്നാൽ, നിൻെറ കൃപ ധാരാളമായി എൻെറമേൽ വർഷിക്കപ്പെട്ടിരിക്കുന്നു; നീ എൻെറ ആത്മാവിനെ പാതാളത്തിൻെറ അടിത്തട്ടിൽനിന്നു രക്ഷിച്ചിരിക്കുന്നു' (സങ്കീ 86:11_13).

"എൻെറ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു; എൻെറ അരൂപി എൻെറ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു; എന്തെന്നാൽ അവൻ തൻെറ ദാസിയുടെ താഴ്മയെ തൃക്കൺ പാർത്തു" എന്നു മറിയം പറഞ്ഞിരിക്കുന്നതുപോലെ (ലൂക്കാ. 1:46_8) ദൈവം എപ്രകാരം നമ്മുടെ പിതാക്കന്മാരെ പാതാളത്തിൻെറ ഉരുക്കുമുഷ്ടിയിൽനിന്നു വിടുവിച്ചു എന്നും, അവരുടെ ഹൃദയം കർത്താവിലും തൻെറ നാമത്തെ ബഹുമാനിക്കുന്നവരിലും സന്തോഷിച്ചെന്നും നിനക്കു കാണാൻ കഴിയും. കർത്താവിൻെറ സന്നിധിയിൽ കൃപയും കരുണയും കണ്ടെത്തിയ മറിയം തൻെറ അരൂപിയിൽ എപ്രകാരം ആന്തരികമായി സന്തോഷിച്ചെന്നും തൻെറ മനസ്സിൽ ആനന്ദതുന്ദിലയായെന്നും നിനക്കു കാണാൻ സാധിക്കും.

5. നാം പരിപൂർണതയുടെ പിന്നാലെ ഓടണം എന്നതു് നമുക്കൊരു നിയമമായിരിക്കട്ടെ. സത്യത്തിൻെറയും കരുണയുടെയുമായ വചനങ്ങഠം ശ്രവിച്ച നാം അതിനുള്ള നല്ല വയലായി (മത്താ. 13:8) വർത്തിക്കാം. അതു് നമ്മിൽ വേരിറങ്ങി, നമ്മുടെ ആത്മാക്കളിൽ വേരുറപ്പിച്ച് മുപ്പതു മേനിയും അറുപതുമേനിയും നൂറുമേനിയും ഫലം പുറപ്പെടുവിക്കത്തക്കവണ്ണം വളർന്നുവരട്ടെ (13:23). സത്യത്തിൻെറ വിത്തിനെ ഞെക്കിക്കളയുന്ന മുള്ളുനിറഞ്ഞ ഭൂമിയാണു നാമെന്നു തെളിയിക്കാതിരിക്കാം; നമ്മുടെ കർത്താവിൻെറ വിധിദിവസം നാം ജീവനിൽനിന്നു നീക്കപ്പെടാൻ ഇടയാകാതിരിക്കട്ടെ. അല്ലെങ്കിൽ നമുക്ക് വഴിവക്കിലെ പാഴ്ഭൂമി ആകാതിരിക്കാം; നല്ല വിത്തിനെ മറച്ചുവയ്ക്കാൻ അതു് അനുവദിക്കുന്നില്ല; അതു് ഒരിക്കലും മുളച്ചുവരാതിരിക്കത്തക്കവണ്ണം പറവകഠം വന്നു് അതു് കൊത്തിത്തിന്നുകളയുന്നു; നാം കട്ടികൂടിയ മണ്ണും ആകാ

www.malankaralibrary.com

# 4

# എവാഗ്രിയസ്

## പ്രാർത്ഥിക്കാനുള്ള ഉപദേശം

### ആമുഖം

പുരാതനസഭയിലെ ഒരു വലിയ ആധ്യാത്മിക ഗ്രന്ഥ കർത്താവായിരുന്ന എവാഗ്രിയസ് (345–399). അദ്ദേഹം ഗ്രീക്കിലാണ് ഗ്രന്ഥങ്ങൾ രചിച്ചതെങ്കിലും പലതും സുറിയാനി വിവർത്തനത്തിലാണ് നമുക്ക ലഭിച്ചിട്ടുള്ളത്. സുറിയാനി സന്യാസത്തിൽ അദ്ദേഹത്തിനു് വളരെ പ്രമുഖ സ്ഥാനമുണ്ട്.

ഏഷ്യാമൈനറിലെ പോന്തുസിൽ ഉള്ള ഇബോറാ എന്ന സ്ഥലത്തു് ഒരു കോറെപ്പിസ്കോപ്പായുടെ മകനായി എവാഗ്രിയസ് ജനിച്ചു. മഹാനായ ബസേലിയോസ്, വി. ഗ്രിഗറി നസ്യാൻസൻ, നെക്താരിയൂസ്, വി. ഗ്രിഗറി നീസ്സാ എന്നിവരുടെ സ്വാധീനത്തിൽ വന്നു് ഡീക്കൻപട്ടം വരെയുള്ള വൈദികപദവികൾ എവാഗ്രിയസ് സ്വീകരിച്ചു. കോൺസ്റ്റാൻറിനോപ്പിളിൽ വളരെ പ്രൗഢിയിലും സ്വാധീനത്തിലും ജീവിച്ചു വരവെ, അവിടത്തെ വാസം തൻെറ സുകൃത ജീവിതത്തിനു തടസ്സമാണെന്നു കണ്ട് അദ്ദേഹം ആദ്യം പലസ്തീനായിലേക്കും അതിനുശേഷം ഈജിപ്തിലേക്കുംപോയി താപസ്സജീവിതം തുടങ്ങി. എവാഗ്രിയസിൻെറ ശിഷ്യനായ പല്ലാഡിയൂസ് തൻെറ *ലൗസിയാക് ചരിത്രത്തിൽ* (38) ഈ കാര്യങ്ങൾ വിവരിച്ചിട്ടുണ്ട് (ജി. ചേടിയത്തു്, *പ്രാചീന സന്യാസചരിത്രം*, കോട്ടയം, 1983).

സന്യാസത്തെപ്പററിയും താപസ്സജീവിതത്തെപ്പററിയും അദ്ദേഹം ധാരാളം എഴുതി. എന്നാൽ അഞ്ചാം സാർവത്രിക

www.malankaralibrary.com



സൂനഹദോസിനുശേഷം (553) *ഒരിജനിസം* എന്ന അബദ്ധോപദേശം ആരോപിക്കപ്പെട്ട് ഗ്രീക്കിലുള്ള പല കൃതികളും നഷ്ടപ്പെട്ടു. ചില കൃതികൾ മററു പലരുടെയും പേരിൽ പ്രചരിച്ചു. ശേഷിച്ചവ വിവർത്തനങ്ങളിൽ മാത്രവും. പില്ക്കാല സന്യാസ പിതാക്കന്മാരിലെല്ലാം എവാഗ്രിയൻ സ്വാധീനം കാണാം.

എവാഗ്രിയസിനെപ്പററിയും കൃതികളെപ്പററിയും ഒന്നിലേറെ തവണ മലയാളത്തിൽ എഴുതുവാൻ ഇടയായിട്ടുണ്ട് (ജി. ചേടിയത്ത്, *ആദിമസഭാപിതാക്കന്മാർ*, കോട്ടയം, 1983 p. 128–131). പ്രാർത്ഥനയെപ്പററി എവാഗ്രിയസ് എഴുതിയ നൂറ് അധ്യായങ്ങൾ (കെഫാലൈയ്യാ – തലക്കെട്ടുകൾ – വാക്യങ്ങൾ – Chapters) മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (ജി. ചേടിയത്ത്, *പ്രാർത്ഥന സഭയിൽ*, കോട്ടയം, 1988, പേ. 218–250). അതിൽ എവാഗ്രിയസിനെപ്പററി നല്ലൊരാമുഖവുമുണ്ട്. എവാഗ്രിയസിൻെറ *പ്രാക്തിക്കോസ്* (പ്രായോഗിക നിർദ്ദേശങ്ങൾ) എന്ന കൃതിയും മലയാളത്തിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു (ജി. ചേടിയത്ത്, *സഭാപിതാക്കന്മാർ*–2, പേ. 66–92). താഴെ വിവർത്തനം ചെയ്തിരിക്കുന്ന "പ്രാർത്ഥിക്കാനുള്ള ഉപദേശം" എന്ന ചെറിയ രേഖ വളരെ പ്രായോഗികകാര്യങ്ങൾ നിർദ്ദേശിക്കുന്നു. W. Frankenberg, *Evagrius Pontikus*, എന്ന കൃതിയിൽ ഇതു് പ്രസിദ്ധീകരിച്ചിട്ടുണ്ട് (Berlin, 1912, p. 558-62). DS-ൽ എവാഗ്രിയസിനെപ്പററി നല്ലൊരു പഠനം കാണാം (4/1960, col. 1731–44); See S. Brock, *op. cit.* p. 66-73.

## പ്രാർത്ഥിക്കാനുള്ള ഉപദേശം

സഹോദരാ, ഒരു ദീർഘയാത്രയ്ക്കു പുറപ്പെടുന്നയാൾ ആദ്യമായി വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും ഒന്നിച്ചു യാത്ര ചെയ്യാൻ കഴിയുന്നതും താനിഷ്ടപ്പെടുന്നതുമായ മററു യാത്രക്കാരുടെ കൂടെ ചേരുകയും ചെയ്യുന്നു. മറിച്ചായാൽ യാത്രയിൽ കൂടെയുള്ള മററു യാത്രക്കാർ അവനെ ഉപേക്ഷിച്ചെന്നും അതു് അവനു് ആപത്തു വരുത്തിവച്ചെന്നും വരാം. നീതിയുടെ പാതയിൽ യാത്ര ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തിയെ സംബന്ധിച്ചു് ഇതു കൃത്യമായി ശരിയാണ്. ആദ്യമായി അവൻ ആത്മശോധന നടത്തി തനിക്കെന്തുമാത്രം കരുത്തുണ്ടെന്നു് നോക്കണം. അതിനുശേഷം തനിക്കു പററിയ ഒരു ജീവിത പന്ഥാവു് അവൻ തെരഞ്ഞെടുക്കണം. ആദ്യമേ തന്നെ പരിപൂർണമായ ജീവിതപന്ഥാവിൽ ഹൃദയം വച്ചാൽ പിന്നീട്

www.malankaralibrary.com



അതുപേക്ഷിക്കാനോ, മററുള്ളവർ എന്തു ചിന്തിക്കും എന്നു കരുതി പതിവനുസരിച്ചു മാത്രം ചെയ്യാനോ ഇടയാകും. അങ്ങനെയാൽ അവൻെറ അദ്ധ്വാനം മുഴുവൻ വ്യർത്ഥമായിത്തീരും. അതുകൊണ്ടു് തൻെറ ബലഹീനാവസ്ഥയിൽ നിന്നു തുടങ്ങി ശക്തമായതിൽ അവസാനിപ്പിക്കുന്നതും, ചെറിയവയിൽനിന്നു തുടങ്ങി വലിയവയിൽ അവസാനിപ്പിക്കുന്നതും അത്രേ മെച്ചമായിട്ടുള്ളതു്.

യാത്ര ചെയ്യുന്നവരെ സംബന്ധിച്ചു് ഇതുപോലെയാണ്. ആദ്യദിവസം തന്നെ അവർ ഓടിക്കിതച്ചാൽ രോഗം നിമിത്തം അനേകം ദിവസങ്ങൾ നഷ്ടമാകും. നടന്നു പരിചയിക്കുന്നതുവരെ ആരംഭത്തിൽ സാവധാനം നടന്നാൽ, പിന്നീടു ദീർഘദൂരം നടക്കേണ്ടി വന്നാലും അവർ അവസാനം ക്ഷീണിച്ചുപോകുകയില്ല.

അതുപോലെ സുകൃതജീവിതത്തിലെ അദ്ധ്വാനങ്ങളിൽ ഏർപ്പെടുവാൻ ആഗ്രഹിക്കുന്ന വ്യക്തി പരിപൂർണാവസ്ഥയിൽ എത്തുന്നതുവരെ ശാന്തമായി സ്വയം പരിശീലിപ്പിക്കണം. വ്യത്യസ്ത രീതികളിൽ നമ്മുടെ പൂർവപിതാക്കന്മാർ ചരിച്ച നിരവധി പാതകൾ കണ്ടു് ചഞ്ചലപ്പെടേണ്ട; അവരെയെല്ലാം തീക്ഷ്ണതാപൂർവം അനുകരിക്കാൻ തത്രപ്പെടുകയും വേണ്ട. ഇതു നിൻെറ ജീവിതപന്ഥാവു കീഴ്മേൽ മറിക്കുക മാത്രം ചെയ്യും, മറിച്ചു്, നിൻെറ ബലഹീനമായ പ്രകൃതിക്കു ചേരുന്ന ഒരു ജീവിതരീതി തെരഞ്ഞെടുക്കുക. അതിൽ കൂടി ചരിക്കുക; നീ ജീവിക്കും. എന്തുകൊണ്ടെന്നാൽ നിൻെറ കർത്താവു കരുണയുള്ളവനാകുന്നു. പാവപ്പെട്ട സ്ത്രീയുടെ കാണിക്ക അവിടുന്നു സ്വീകരിച്ചതുപോലെ (മർക്കോ 12: 43; ലൂക്കാ 21: 3) നിന്നെ അവിടുന്നു സ്വീകരിക്കും. നിൻെറ നേട്ടങ്ങൾ നിമിത്തമല്ല, പിന്നെയോ, നിൻെറ നിയോഗം നിമിത്തം.

നിൻെറ അദ്ധ്വാനങ്ങളോടു കൂടുതൽ കൂട്ടിച്ചേർക്കാനാണു നീ ചിന്തിക്കുന്നതെങ്കിൽ, ധൃതിവയ്ക്കേണ്ട. ശാന്തമായി ചെയ്യുക. കൂടുതൽ അഭികാമ്യമായവ ചെയ്യാൻ നിന്നെ പ്രേരിപ്പിക്കുന്ന ആശയം നിന്നിൽ നിലനില്ക്കുന്നെങ്കിൽ അതു നിൻെറ പ്രയോജനത്തിനാണെന്നു ഗ്രഹിക്കുക; അതു ദൈവത്തിൽ നിന്നാകയാൽ ആത്മവിശ്വാസത്തോടുകൂടെ അതു് നിനക്കു ചെയ്യാം. എന്നാൽ ആ ആശയം ഒന്നോ രണ്ടോ പ്രാവശ്യം മാത്രമേ മനസ്സിലുദിച്ചുള്ളു എങ്കിൽ അതു്, നിന്നെ പിൻതിരിപ്പിക്കാൻ തന്ത്രപൂർവം ആഗ്രഹിക്കുന്ന സാത്താനിൽ നിന്നാണെന്നു ഗ്രഹിക്കുക. നമ്മിൽ ഉളവാകുന്ന എല്ലാ വിചാ

www.malankaralibrary.com



രങ്ങളെയും സംബന്ധിച്ച് ഇതുപോലെതന്നെയാണ്; 'നാം അവയെ വിവേചിക്കുന്നില്ലേ?' എന്നു പിതാക്കന്മാർ ചോദിച്ചതു് ഓർക്കുക.

ഈ ജീവിതാവസ്ഥയിൽ പ്രവേശിക്കുന്ന വ്യക്തി വിവേകിയും ശ്രദ്ധനും, ജ്ഞാനിയും വിഡ്ഢിയും, നിഷ്കളങ്കനും തന്ത്രശാലിയും ആയിരിക്കണം (മത്താ. 10: 16). ആദ്യത്തേതു് നന്മയെ സംബന്ധിച്ചും, പിന്നത്തേതു് തിന്മയെ സംബന്ധിച്ചും. പിശാചുക്കൾ നമ്മെ വഴിതെററിക്കാതിരിക്കാൻ നമ്മുടെ ജീവിതപന്ഥാവിൽ ശ്രദ്ധവച്ചുകൊണ്ടു നമുക്കു വിജ്ഞാനികളായിരിക്കാം. എന്നാൽ നമുക്കു നിഷ്കളങ്കരായി വർത്തിക്കാം; നമ്മുടെ സ്നേഹിതരെപ്പററി തെററായിട്ടൊന്നും ചിന്തിക്കാതിരിക്കാം. അയൽക്കാർക്കെതിരെ വിദ്വേഷം വച്ചുപുലർത്താതിരിക്കാം.

എല്ലാററിനുമുപരി നിനക്കായി നീ വിനയം തെരഞ്ഞെടുക്കുക. നിൻെറ സദ്പ്രവൃത്തികൾക്കൊണ്ടു് ഒരു മാതൃകയും അടിസ്ഥാനവുമിടുക. നീ ദൈവത്താലും സ്ത്രീപുരുഷന്മാരാലും സ്നേഹിക്കപ്പെടുവാൻ, നീ ആരാധിക്കുമ്പോൾ താണുവണങ്ങുക; നിൻെറ സംസാരം താഴ്ന്ന സ്വരത്തിൽ ആയിരിക്കട്ടെ.

ദൈവത്തിൻെറ ആത്മാവു് നിന്നിൽ വസിക്കാൻ അനുവദിക്കുക; അവിടുന്നു തൻെറ സ്നേഹത്തിൽ നിൻെറ പക്കലേക്കു വരികയും നിന്നിൽ വാസമുറപ്പിക്കുകയും ചെയ്യും; അവിടുന്നു നിന്നിൽ പാർക്കുകയും നിന്നിൽ ജീവിക്കയും ചെയ്യും. നിൻെറ ഹൃദയം ശുദ്ധമാണെങ്കിൽ നീ അവനെ ദർശിക്കും. തൻെറ കർമ്മങ്ങളിന്മേലുള്ള വിചിന്തനത്തിൻെറ നല്ല വിത്തു് അവൻ നിന്നിൽ വിതയ്ക്കും, നീ അവൻെറ മഹനീയതയിൽ ആശ്ചര്യഭരിതനാകും. നിൻെറ ഹൃദയത്തിൽനിന്നു് ദുരാഗ്രഹങ്ങളുടെ കളകളെ, ദുഷ്ടഴക്കങ്ങളുടെ മുള്ളുകളോടും പറക്കാരകളോടും കൂടെ പിഴുതെറിഞ്ഞുകളയാൻ ബദ്ധപ്പെട്ടാൽ ഇപ്രകാരം സംഭവിക്കും.

തൻെറ ആത്മാവിനെപ്പററി പരിഗണിക്കുകയും അനുതപിക്കുകയും ചെയ്യുന്ന പാപി, അഴുക്കുപിടിച്ചതും കരിപിടിച്ചതുമായ അടുക്കളപ്പാത്രം പോലെയാണ്; എന്നാൽ ചുരണ്ടി കഴുകിക്കഴിയുമ്പോൾ അതു തിളങ്ങുന്നു. വീണ്ടും, കറുത്തിരുണ്ടു് തണുത്ത കരിക്കട്ടയ്ക്കു തുല്യമാണവൻ. എന്നാൽ തീയിലിട്ടു കഴിയുമ്പോൾ അതു ചൂടായി കത്തുന്നു. അല്ലെങ്കിൽ നിറം മങ്ങിയതും പിന്നീടു് തുടച്ചുമിനുസപ്പെടുത്തിയതുമായ സ്വർണ

www.malankaralibrary.com



പ്പാത്രത്തിനും വെള്ളിപ്പാത്രത്തിനും തുല്യനാണവൻ. ആത്മാവിനെ നിവേശിപ്പിച്ച ജഡത്തോട് നിനക്കവനെ ഉപമിക്കാം; ജീവനിലേക്ക തിരികെ വന്ന മരിച്ചവനോടും, നഷ്ടപ്പെട്ടിട്ട് വീണ്ടും കണ്ടുമുട്ടിയവനോടും, വഴി തെററിയിട്ട് തിരികെ വന്ന ആടിനോടും, സുഖം പ്രാപിച്ച രോഗിയോടും, ധനികനായിത്തീർന്ന ദരിദ്രനോടും, ഇപ്പോഠം ആനന്ദിക്കുന്ന ദുഃഖിച്ചിരുന്നവനോടും, ആവശ്യത്തിനു ഭക്ഷണം ലഭിച്ച വിശന്നിരുന്നവനോടും, രാജാവിൻെറ പുതുക്കിയ ചിത്രത്തോടും രാജാവു പ്രവേശിച്ച് നവീകരിച്ച് തൻെറ ആസ്ഥാനമുറപ്പിച്ച തകർന്നടിഞ്ഞ കൊട്ടാരത്തോടും ഉപമിക്കാം.

അനുതാപത്തെ സ്നേഹിക്കുക; നിൻെറ കഴുത്ത് അതിൻെറ നുകത്തിൻകീഴിൽ വയ്ക്കുക. ദുഷ്പ്രവൃത്തികളിൽ നിന്നകന്ന് സദ്പ്രവൃത്തികഠം ചെയ്ത് നിൻെറ കർത്താവിനെ പ്രസാദിപ്പിക്കുക. നിൻെറ ആത്മാവിന്മേൽ നിനക്ക് അധികാരം ഉള്ളപ്പോഠം തന്നെ, ഇപ്പോഴും സമയം ഉള്ളതിനാൽ ഉടനെതന്നെ അനുരഞ്ജനപ്പെടുക (ലൂക്ക 12;58). നിനക്കു കഴിയുന്നതെല്ലാം ചെയ്യുക; എന്നാൽ എല്ലാം ചെയ്തശേഷം പ്രയോജനമില്ലാത്ത ദാസനായി സ്വയം കരുതുക (ലൂക്ക 17;10). കാരണം, കടപ്പെട്ടതൊന്നും തിരിച്ചടയ്ക്കാൻ നിന്നെക്കൊണ്ടു കഴിഞ്ഞിട്ടില്ല. സ്വയം ഇപ്രകാരം പറയുക: ഞാനൊരു കൂലിവേലക്കാരനാണ്. എൻെറ ജോലി ചെയ്യുന്നതിൽ ഞാനെന്താണ് ഇത്ര സാവധാനം കാണിക്കുന്നത്? എനിക്കൊരു ക്ഷണം ലഭിച്ചു; എൻെറ സ്നേഹിതരുടെ കൂടെ ചേരാൻ ഞാനെന്തിനു താമസിക്കണം? ഞാൻ വലിയൊരു തുക മടക്കി കൊടുക്കാനുണ്ട്; എന്നു ഞാൻ അതു തിരികെ കൊടുക്കും? എനിക്കൊരു നീണ്ടയാത്രയുണ്ട്; എന്നു ഞാൻ ലക്ഷ്യത്തിലെത്തും? വഴിയാത്രയ്ക്ക് എന്തെല്ലാമാണ് എനിക്കാവശ്യമായിരിക്കുന്നത്? എൻെറ കർത്താവ് എനിക്കുവേണ്ടി ആളയച്ചു; എന്നെ അവിടുന്നാവശ്യപ്പെടുന്നു; എന്നു ഞാൻ അവൻെറ പക്കലെത്തും? ഞാൻ ഓടിയെത്തേണ്ടിയിരിക്കുന്നു; പിന്നെന്തിന് ഞാൻ ചുററുമുള്ള ഭൗതികവസ്തുക്കളുടെ ഭാരം പേറുന്നു? ലോകത്തോടുള്ള സ്നേഹത്തിൻെറ ചങ്ങലകളാൽ ഞാൻ ബന്ധിതനാണ്. എൻെറ സ്നേഹിതർ ജാഗരണം നടത്തുന്നു. ഞാൻ പിന്നെ ഉറങ്ങണമോ? എൻെറ സ്നേഹിതർ മല്ലടിക്കുന്നു; ഞാൻ തോൽക്കണമോ? എൻെറ സ്നേഹിതർ കരയുന്നു; ഞാൻ ചിരിക്കണമോ? എൻെറ സ്നേഹിതർ ദുഃഖത്തിലാണ്; ഞാൻ സന്തോഷത്തിലായിരിക്കണമോ? എൻെറ സ്നേഹിതർ നിശ്ശബ്ദരായിരിക്കുന്നു; ഞാൻ പിന്നെ സംസാരിക്കണമോ? എൻെറ സ്നേഹിതരുടെ ചിന്തകഠം തൻെറ കർത്താവിലും രാജ്യത്തിലും തൻെറ മഹത്വത്തിലുമാണ്;

www.malankaralibrary.com



ഞാൻ പിന്നിൽ ഉപേക്ഷിക്കാമെന്നു പ്രതിജ്ഞ ചെയ്ത കാര്യങ്ങളെപ്പററി ഞാൻ ഇപ്പോഴും ചിന്തിക്കണമോ?

നീ രാത്രിയിൽ എഴുന്നേററു പ്രാർത്ഥിക്കാൻ ആഗ്രഹിക്കയും എന്നാൽ നിൻെറ ശരീരം ആലസ്യത്തിലായിരിക്കയും ചെയ്യുമ്പോഠം മേല്പറഞ്ഞവ അനുസ്മരിക്കുക; എത്രയോ ആളുകഠം നിന്നുകൊണ്ടും മുട്ടുകുത്തിയും, സാഷ്ടാംഗപ്രണാമംചെയ്തു പ്രാർത്ഥിക്കുന്നെന്നും ചിന്തിക്കുക. എത്രയെത്ര്യാളുകഠം കരയുകയും നെടുവീർപ്പിടുകയും ചെയ്യുന്നു. തങ്ങളുടെ ശരീരത്തിൻെറ മന്ദതയിൽ എത്രയെത്ര ആളുകഠം ദുഃഖിക്കുന്നു; എത്രയെത്രയാളുകഠം സ്നേഹത്താൽ മത്തുപിടിച്ച് പ്രകൃതിയുടെ ആവശ്യങ്ങഠം തന്നെ വിസ്മരിച്ചിരിക്കുന്നു. എത്രയെത്രയാളുകഠം തങ്ങളുടെ ഹൃദയത്തിൽ കർത്താവിനു കീർത്തനമാലപിക്കുന്നു.

ഇവയെപ്പററിയെല്ലാം നീ അനുസ്മരിച്ചാൽ നിൻെറ വിരസതയിൽ നിന്നും മന്ദതയിൽ നിന്നും നിനക്കു വിടുതൽ കിട്ടും. നീ താല്പര്യപൂർവ്വം കണ്ണുനീരോടെ നിൻെറ പ്രാർത്ഥനകളർപ്പിക്കും. പിന്നീട്, എത്രപേർ ഉണർന്നിരുന്ന് തങ്ങളുടെ ജോലി ചെയ്യുന്നെന്നും, എത്രയോപേർ വഴിയാത്രയിലാണെന്നും ഉഴുന്നെന്നും, മററു നിരവധി ജോലികഠം ചെയ്യുന്നെന്നും ചിന്തിക്കുക. ഇടയന്മാരേയും ഭണ്ഡാരം സൂക്ഷിക്കുന്ന രാത്രിയിലെ കാവൽക്കാരേയും ഓർക്കുക. നൈമിഷിക വസ്തുക്കളെ പ്രതി അവർ ഇത്രയധികം പ്രയാസപ്പെടുന്നെങ്കിൽ, എൻെറ കർത്താവിനു വേണ്ടി ഞാൻ എത്രയധികം പ്രയാസപ്പെടണം.

നിൻെറ പ്രാർത്ഥന മുഴുവൻ അലസമായോ വിരസമായോ അലക്ഷ്യമായോ നടത്താതിരിക്കാനായി നീ പ്രാർത്ഥിക്കാനായി നില്ക്കുമ്പോഠം അലക്ഷ്യമായി തുടങ്ങരുത്. പിന്നെയോ, നീ എഴുന്നേററുനിന്ന് നിൻെറ മേൽ കുരിശടയാളം വരയ്ക്കുക; നിൻെറ ചിന്തകഠം ഏകാഗ്രമാക്കുക; ഒരുക്കത്തോടും ഏകാഗ്രതയോടും കൂടിയിരിക്കുക; നീ ആരോടു പ്രാർത്ഥിക്കുന്നുവോ ആ ആളിൽ ദൃഷ്ടി പതിപ്പിക്കുക; അതിനുശേഷം ആരംഭിക്കുക. പ്രാർത്ഥനയുടെ ആരംഭത്തിൽ തന്നെ കണ്ണുീരൊഴുക്കാനും നിന്നിൽ തന്നെ വേദന അനുഭവപ്പെടാനും അങ്ങനെ നിൻെറ പ്രാർത്ഥന മുഴുവൻ പ്രയോജനപ്രദമായി കാണപ്പെടുവാനും ആയി നിന്നെത്തന്നെ ഹോമിക്കുക.

നിന്നെ തടസ്സപ്പെടുത്തുന്ന ചിന്തകളൊന്നുമില്ലെങ്കിൽ ഒരു കൂട്ടം സങ്കീർത്തനം കഴിഞ്ഞു് അടുത്തതിൽ പ്രവേശിക്കുന്നതിനിടയ്ക്കു് ഇടവേളയുടെ ആവശ്യമില്ല. എന്നാൽ നിൻെറ ചിന്ത

www.malankaralibrary.com



കരം കാട്ടകയറുകയാണെങ്കിൽ, സങ്കീർത്തനങ്ങരം ചൊല്ലുന്നതിലും കൂടുതൽ സമയം പ്രാർത്ഥനയ്ക്കും കണ്ണീരിനുമായി ചെലവഴിക്കണം. നീ പരീക്ഷിച്ചറിഞ്ഞ ഏതെങ്കിലും മാർഗത്തിലൂടെ വാക്കുകരം മാററിയോ, മററ് മാർഗങ്ങളിലൂടെയോ ഈ ദുഷ്ചിന്തകളെ ഓടിക്കുക. ഞാൻ നിന്നോട്ട പറയുന്നതു സ്വീകരിക്കുക; നിനക്കു പ്രയോജനകരമായ ചിന്തയുണ്ടായാൽ, അതു നിനക്കു സങ്കീർത്തനങ്ങരംക്കു പകരമായിരിക്കട്ടെ; നിശ്ചയിക്കപ്പെട്ടിരിക്കുന്ന സങ്കീർത്തനഭാഗം ചൊല്ലിത്തീർക്കാനായി ദൈവദാനത്തെ നിന്നിൽനിന്നു നീക്കിക്കളയാൻ പാടില്ല.

ദൈവികചിന്തയോടും ആന്തരികദർശനത്തോടും കൂടികലരാത്ത പ്രാർത്ഥന ജഡത്തിന്റെ ക്ഷീണിപ്പിക്കൽ മാത്രമാകുന്നു. നിന്റെ ഹൃദയത്തിന്മേൽ ഒരു വിരി വിരിച്ചിരിക്കുമ്പോരം വളരെയധികം സങ്കീർത്തനങ്ങരം ചൊല്ലുന്നതിൽ സന്തോഷിക്കേണ്ട. മനഃപതർച്ചയുള്ളപ്പോരം പതിനായിരം വാക്കുകരം ഉച്ചരിക്കുന്നതിനേക്കാരം മെച്ചമാണ് ഏകാഗ്രമായി ഒററവാക്കുച്ചരിക്കുക.

പ്രാർത്ഥനാവസരം ഋജുമാനസ്സനും സരളമനസ്കനും കാപട്യമില്ലാത്ത ശിശുവും ആയിരിക്കുക; അപ്പോരം നീ ദൈവത്തിന്റെ മഹത്വം ദർശിക്കും. നിന്നിൽനിന്ന് വളഞ്ഞതും വഴിപിഴച്ചതുമായ എല്ലാ ചിന്തകളും ദൂരീകരിക്കുക; മുലപ്പാൽ നുകരുന്ന ശിശുവിനെപ്പോലെ നീ സ്വയം ആക്കിത്തീർക്കുക.

പ്രാർത്ഥനയിൽ കഠിനമായി പണിപ്പെടേണ്ടി വരുന്നെങ്കിൽ നീ ഭാഗ്യവാനാകുന്നു. നിന്റെ വാക്കുകരം ഉച്ചരിക്കുക, നിന്റെ പരാതികരം സമർപ്പിക്കുക, നിന്റെ വിധിയാളനെ തേടുക (ലൂ. 18:1–7). നിന്റെ എതിരാളിയായ സാത്താൻ പരാജയപ്പെടുന്നതുവരെ അവനു മറുപടി നൽകുക. അപ്പോരം നിന്റെ കർത്താവു നിന്റെ ജാഗരൂകത ദർശിക്കും; നിന്റെ ശത്രു വീണ്ടും കാണപ്പെടാതിരിപ്പാൻ അവനെ വിധിച്ചുകൊണ്ടും, അതേസമയം നിന്റെ ബലഹീനതയിൽ നിന്നെ താങ്ങിക്കൊണ്ടും നീതിപൂർവം നിന്റെ കേസ് വിധിക്കും.

നൈമിഷിക സന്തോഷം പകരുന്ന വികാരങ്ങരം നിനക്കെതിരെ പോരാട്ടം നടത്തുന്നെങ്കിൽ അവയിൽനിന്നുള്ള വിടുതൽ നിന്റെ കർത്താവിൽനിന്ന് സമ്പാദിക്കുക. അശുദ്ധവികാരങ്ങരം നിന്റെ മനസ്സിൽ ഉടലെടുക്കാനിടയായാൽ അതുനിമിത്തം ചഞ്ചലപ്പെടേണ്ട, അവയ്ക്കു മനസ്സമ്മതം നൽകാതിരുന്നാൽ മാത്രം മതി: അവയെ സ്വീകരിക്കയോ നിന്റെ മനസ്സിൽ

www.malankaralibrary.com



അവയ്ക്കിടം നൽകുകയോ ചെയ്യരുത്; രാത്രിയിലെ വിശ്രമത്തിനെത്തുകയും അതിരാവിലെ പുറപ്പെടുകയും ചെയ്യുന്ന വഴിയാത്രക്കാരനെപ്പോലെ പെട്ടെന്ന് അവ നിന്നെ വിട്ട് ഓടിപ്പോകും.

നിന്റെ പ്രാർത്ഥനാവസരം നിന്റെ മനസ്സ് വ്യർത്ഥകാര്യങ്ങൾ ചിന്തിച്ച് ചുററിക്കറങ്ങാതിരിപ്പാൻ ശ്രദ്ധിക്കുക. നിന്റെ ന്യായാധിപനെ നീ നിന്ദിച്ചാൽ അദ്ദേഹത്തിന്റെ പ്രീതി ലഭിക്കുന്നതിനുപകരം കോപത്തിന് ഇരയാകാനിടയുണ്ട്. ദൈവസാന്നിധ്യത്തിൽ നിന്ദാപൂർവം വർത്തിച്ചിട്ട് സാധാരണ ന്യായാധിപന്മാരുടെ സാന്നിധ്യത്തെ നീ ഭയപ്പെടുന്നുവോ? താൻ നിൽക്കുന്നതെവിടെയാണെന്നോ താൻ പറയുന്നതെന്താണെന്നോ ബോധമില്ലാത്ത വ്യക്തിക്ക് താൻ പ്രാർത്ഥനകളർപ്പിക്കുകയാണ് എന്ന് എങ്ങനെ കരുതാനാകും? വികാരങ്ങളാൽ അവന്റെ മനസ്സ് അന്ധമാണ്: അവൻ തന്റെ കാലുകളിൽ ഉറച്ചുനിൽക്കുന്നു; അവൻ ഉറക്കം ഇളയ്ക്കുന്നു; അവൻ ലൗകിക കാര്യങ്ങളിൽനിന്നകന്നു നില്ക്കുന്നു; അവൻ ലോകത്തിനു മരിച്ചവനാണെന്നും ലൗകികകാര്യങ്ങൾ ഓർക്കുന്നില്ലെന്നും അനേകർ അവനെപ്പററി കരുതുന്നു; എന്നാൽ തന്നിൽനിന്നു വളരെ വിദൂരസ്ഥമായ സംഗതികളാൽ അവന്റെ മനസ്സ് ഇളകി മറിക്കപ്പെടുന്നു; അതുകൊണ്ട് സ്വപ്നം കാണുന്നവന് സ്വപ്നം ഒരു പ്രയോജനവും ചെയ്യാത്തതുപോലെ മേല്പറഞ്ഞ കാര്യങ്ങളൊന്നും അവന് ഒരു പ്രയോജനവും ചെയ്യുന്നില്ല.

നികൃഷ്ടാ, നിന്നെത്തന്നെ ഉണർത്തുക; നിന്റെ കർത്താവു നിന്നോടു സംസാരിക്കുന്നു. അലഞ്ഞുതിരിയരുത്. തന്റെ തെരഞ്ഞെടുക്കപ്പെട്ട മാലാഖമാർ നിന്നെ വലയം ചെയ്യുന്നു. അത്ഭുതപ്പെടേണ്ട. പിശാചുക്കളുടെ നിരകൾ നിന്നെ നോക്കി നിൽക്കുന്നു; അതുകൊണ്ട് അയഞ്ഞവനാകരുത്.

എന്റെ സഹോദരാ, നാം ദൈവത്തെ സ്തുതിക്കുമ്പോൾ മാലാഖമാർ സന്തോഷിക്കുന്നു എന്നറിയുക; അതുപോലെ പ്രാർത്ഥനയിൽ നാം ശ്രദ്ധ വയ്ക്കുന്നതായി കാണുന്ന പിശാചുക്കൾ ദുഃഖിക്കുന്നു. അവർ ദൈവത്തിനു സ്തോത്രം അർപ്പിക്കാൻ വിസമ്മതിച്ചവരാണല്ലോ; സ്തുതിസ്തോത്രങ്ങൾ പിശാചുക്കൾക്കെതിരെയുള്ള പരിചയായും പടച്ചട്ടയായും തീരുകയും തങ്ങളുടെ കുതന്ത്രങ്ങളെല്ലാം നിഷ്ഫലമായിത്തീരുന്നു എന്നു കാണുകയും ചെയ്കയാൽ ദൈവത്തെ സ്തുതിക്കുന്നതിൽനിന്ന് നമ്മെ തടയുന്നതിനുള്ള പദ്ധതികൾ അവർ ആസൂത്രണം ചെയ്യുന്നു. അങ്ങനെ നമ്മുടെ ശുശ്രൂഷയിൽനിന്നു നമ്മെ പിൻതിരിപ്പിക്കാൻ അവർ ജാഗരൂകരാണ്. നാം അവരെ ശ്രദ്ധിക്കാതെ,

www.malankaralibrary.com



ദൈവവുമായുള്ള നമ്മുടെ സംസർഗത്തിൽ സദാ സ്ഥിരതയുള്ള വരായിരിക്കുന്നു എന്നു കാണുമ്പോൾ നമ്മുടെ സ്നേഹിതർ, നമ്മുടെ ശത്രുക്കൾ തുടങ്ങി പ്രത്യേക വ്യക്തികളുമായി നാം സംഭാഷണം നടത്തുന്നതായി ഭാവനയിൽ കൊണ്ടുവന്ന് ദൈവ സ്നേഹത്തിന്റെ സ്ഥാനത്ത് മനുഷ്യസ്നേഹം പ്രതിഷ്ഠിച്ച്, നമുക്ക് ഉപദ്രവം ചെയ്യാനായി അവർ വഞ്ചനാപൂർവം വർത്തി ക്കുന്നു. തദ്ഫലമായി കല്പിക്കപ്പെട്ടിരിക്കുന്നതുപോലെ (മത്താ. 5:44; ലൂ. 6:28) ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന തിനു പകരം നമ്മെ ദുഃഖിപ്പിച്ചവർക്കെതിരെ നാം വെറുപ്പു വർദ്ധിപ്പിക്കുകയും അങ്ങനെ നമ്മുടെ പ്രാർത്ഥന കോപത്തിന് കാരണമാകുകയും ചെയ്യുന്നു.

അതുകൊണ്ട് എതിരാളികളുടെ കെണികളെപ്പററി ജാഗ്രൂകനായിരിക്കുക; സ്വയം തെററിലായിരിക്കയും മററുള്ളവരെ വഴിതെററിക്കയും ചെയ്തുകൊണ്ട് തങ്ങളുടെ ദുഷ്ടതയോടു കൂട്ടി ച്ചേർക്കാൻ ശ്രദ്ധാലുക്കളായിരിക്കുന്നവരിൽനിന്നു നിന്നെ ത്തന്നെ കാത്തുകൊള്ളുക.

ആത്മവിശ്വാസത്തോടുകൂടെ പ്രാർത്ഥനയുടെ പാതയിൽ യാത്ര ചെയ്യുക; അപ്പോൾ ഭീതിയുടെ സ്ഥലത്തിനെതിരായി നിനക്ക് ശക്തിയുള്ള കോട്ടയായി വർത്തിക്കുന്ന സമാധാന സ്ഥാനത്ത് നീ വേഗത്തിൽ എത്തിച്ചേരും. ഇപ്രകാരം, നിന്റെ മനസ്സ് ഉണർവും ഏകാഗ്രവും ഉള്ളതായിരുന്നാൽ, ഹാബേലിന്റെ അർപ്പണം പോലെ (ഉല്പ. 4:4) നിന്റെ പ്രാർത്ഥനയാകുന്ന അർപ്പണം സ്വീകരിക്കപ്പെടും; നിന്റെ എതിരാളിയാകട്ടെ ലജ്ജിക്കയും ചെയ്യും; പ്രാർത്ഥനാവസരം നീ തന്നെ പിശാചുക്കൾക്ക് ഭയകാരണമായി ഭവിക്കും; നിന്റെ വായിലെ വചനങ്ങൾ ദൈവഹിതത്തിന് അനുസൃതമായിരി ക്കയും ചെയ്യും.

www.malankaralibrary.com

# 5

# അപ്പമെയായിലെ യോഹന്നാൻ

## ഹെസീക്കിയസിനുള്ള കത്ത്

### ആമുഖം

ആദ്യകാല സുറിയാനി സഭയിലെ പ്രധാനപ്പെട്ട ഒരു എഴുത്തുകാരനായിരുന്നു യോഹന്നാൻ. ഏകാന്തവാസിയായ യോഹന്നാൻ (ഈഹീദായാ), അപ്പമെയായിലെ യോഹന്നാൻ, എന്നൊക്കെ അദ്ദേഹം അറിയപ്പെട്ടിരുന്നു. "ലിക്കോപ്പൊളീസിലെ യോഹന്നാൻ" എന്നു് അദ്ദേഹത്തെ തെററായി ചിലർ വിളിച്ചിരുന്നു. അദ്ദേഹത്തെപ്പററി വളരെയധികം വിവരങ്ങൾ നമുക്കു ലഭിച്ചിട്ടില്ല. ആദ്ധ്യാത്മിക ജീവിതത്തിൻെറ വിവിധ വശങ്ങളെപ്പററിയുള്ള നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിൻെറ പേരിൽ അറിയപ്പെടുന്നു. ഉന്നത വിദ്യാഭ്യാസവും ഉന്നത സാംസ്കാരിക നിലവാരവും ഉള്ള ആളായിരുന്നു യോഹന്നാൻ എന്നു് അദ്ദേഹത്തിൻെറ കൃതികൾ വ്യക്തമാക്കുന്നു. സംഭാഷണ രീതിയിലാണ് അദ്ദേഹത്തിൻെറ പല കൃതികളും. അഞ്ചാം നൂററാണ്ടിൻെറ ആദ്യഭാഗത്തു് അദ്ദേഹം ജീവിച്ചിരുന്നു എന്നാണ് പണ്ഡിതമതം. സിറിയായിലെ അപ്പമെയാ പട്ടണത്തിൽ താമസിച്ചിരുന്നതിനാലാണ് 'അപ്പമെയാക്കാരൻ' എന്ന പേരു് അദ്ദേഹത്തിനു കിട്ടിയതു്. ഏകാന്തവാസിയായ (ഈഹീദായാ) ഒരു താപസ്സനായിരുന്നു യോഹന്നാൻ.

പിൽക്കാലസഭയിൽ യോഹന്നാൻ ഗണ്യമായ സ്വാധീനം ചെലുത്തി. നിനവേയിലെ ഇസ്ഹാക്കു്, യൗസേപ്പ് ഹസായാ എന്നിവർ യോഹന്നാനെ ആശ്രയിച്ചിട്ടുണ്ടു്. ആദ്ധ്യാത്മിക ജീവിതത്തിൻെറ മൂന്നു ഘട്ടങ്ങൾ മനുഷ്യനിലുള്ള ശരീരം,

www.malankaralibrary.com



ആത്മാവ്, അരൂപി (nous) എന്നിവയ്ക്കു തുല്യമായിട്ടുള്ളതാണ്. ഉത്ഥാനജീവിതത്തിന്റെ മുന്നാസ്വാദനമാണ് ക്രിസ്തീയ ജീവിതം. മാമോദീസായിൽ അതിന്റെ അച്ചാരം (Pledge) ലഭിക്കുന്നു എന്നൊക്കെ അദ്ദേഹം പഠിപ്പിച്ചു.

ഹെസിക്കിയസ് എന്ന ആളിനുള്ള കത്താണ് താഴെ വിവർത്തനം ചെയ്തിരിക്കുന്നത്. അയാളെപ്പററി കൂടുതൽ വിവരങ്ങൾ നമുക്ക് ലഭിച്ചിട്ടില്ല. പുതുതായി താപസജീവിതം ആരംഭിച്ച ഒരു ശിഷ്യനായിരിക്കാം ഹെസിക്കിയസ്. യോഹന്നാൻ അയാൾക്ക് നിരവധി പ്രായോഗിക കാര്യങ്ങൾ നിർദ്ദേശിക്കുന്നു. പില്ക്കാലസഭ ഈ കത്തിനെ വളരെയധികം മാനിച്ചിരുന്നു. യോഹന്നാനെപ്പററി നല്ലൊരാമുഖത്തിന് *DS* 8 (1974) cols. 764–74 കാണുക. യോഹന്നാന്റെ പ്രസിദ്ധീകൃതമായ കൃതികളെക്കുറിച്ച്, S. Brock, *op. cit.* p. 99-100. ഹെസിക്കിയസിനുള്ള കത്ത് ആദ്യമായിട്ടാണ് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്. S. Brock, *op. cit.* p. 81-98 നെ അടിസ്ഥാനമാക്കിയാണ് ഈ വിവർത്തനം.

## ഹെസിക്കിയസിനുള്ള കത്ത്

എന്റെ സഹോദരാ, ഒരവയവത്തിന്റെ വേർപാടിൽ മററവയവങ്ങൾ വേദനിക്കുന്നു എന്ന് നിനക്കു നന്നായറിയാമല്ലോ; അവയുടെ വേദനയുടെ ആഴം സ്പഷ്ടമല്ലെങ്കിലും ഈ വേദന അധരവും കണ്ണുകളിലെ കണ്ണുനീരും വ്യക്തമാക്കുകയും സൂചിപ്പിക്കുകയും ചെയ്യുന്നു എന്നു നീ അറിയുന്നു. ആന്തരിക നിശ്ശബ്ദതയിൽ നിന്ന് ശരീരത്തിന്റെ ഉള്ളറയുടെ താക്കോലാകുന്ന നാവുവഴി വേദന പുറത്തുവരുന്നു. നാവ് വാക്കുകളുടെ കവാടം അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നു; ഇന്ദ്രിയാനുഭൂതിയുടെ ഖജനാവാകുന്ന ഹൃദയത്തിന്റെ ഉള്ളിലെ നിക്ഷേപങ്ങളിൽനിന്ന് നാവ് ഭാഷണമായി അതിന്റെ പ്രിയ സുഹൃത്തുക്കൾക്ക് നൽകുന്നു. മനസ്സിനെ വെളിപ്പെടുത്തിക്കൊണ്ട്, ബുദ്ധിയുടെ വക്താവായി നാവു വർത്തിക്കുന്നു; മനസ്സിന്റെ നിഗൂഢ നിശ്ശബ്ദതയുടെ വക്കീലായി അതു പ്രവർത്തിക്കുന്നു; മനസ്സിന്റെ നിർദ്ദേശങ്ങൾ ഈ മാധ്യമത്തിലൂടെ നടപ്പിലാക്കുന്നു. എല്ലാ അറിവിന്റേയും അധിപതിയായ ഹൃദയം പറയുന്നതെല്ലാം അധരം ശ്രോതാക്കൾക്ക് വാക്കുകളായി പകർന്നുകൊടുക്കുന്നു. അങ്ങനെ, ബുദ്ധിയുടെ താക്കോലായ അധരം വഴി ഹൃദയത്തിലേക്കുള്ള കവാടം തുറക്കപ്പെടുന്നു. ഇതു കൂടാതെ, ഈ കവാടം തുറക്കാനോ, ശ്രാവ്യമായ ശബ്ദം പുറപ്പെടുവി

www.malankaralibrary.com



ക്കാനോ സാധ്യമല്ല. എങ്കിലും ഒരു ശബ്ദവും കൂടാതെ തന്നെ എഴുത്തിലൂടെ, ശബ്ദരഹിതമായ വാക്കുകളുപയോഗിച്ചുകൊണ്ടും, തന്റെ ഉള്ളിൽ ഉള്ള സംഗതികൾ വെളിപ്പെടുത്തുവാൻ ബുദ്ധിക്കു കഴിവുണ്ട്; ഇങ്ങനെ അതിന്റെ നിശ്ശബ്ദത മൂകതയിൽ പ്രകാശിതമാകുന്നു. എന്നാൽ തന്റെ ഉള്ളിൽ നിഗൂഢമായിരിക്കുന്നതിനു് നിശ്ശബ്ദതവഴി മനസ്സ് എത്ര ശുശ്രൂഷിച്ചാലും ഓരോ ശബ്ദത്തെയും ശ്രദ്ധിക്കുന്ന ശ്രവണേന്ദ്രിയത്തിനു് തന്റെ രഹസ്യങ്ങൾ പകർന്നുകൊടുക്കാൻ അതിനു് അധരം കൂടിയേ കഴിയൂ.

2. ഞങ്ങളിൽനിന്നുള്ള നിന്റെ വേർപാട് മൂലമുള്ള വേദന ഈ സാദൃശ്യംവഴി നിനക്കു ഗ്രഹിക്കാനാവും. എന്നാൽ നമ്മുടെ കർത്താവു വെളിപ്പെടുത്തിയ ആ സന്തുലിതാവസ്ഥയിൽ നീ ജീവിക്കുന്നതിനാൽ ഞങ്ങളുടെ ദുഃഖത്തിലും സമാശ്വാസത്തിനു വകയുണ്ട്; നിന്റെ ജീവിതരീതി, മിശിഹായുടെ സ്നേഹത്തോടു് ഇഴുകിച്ചേർന്നതാകയാൽ നീ ഒട്ടും വിദൂരസ്ഥനല്ല; എന്തുകൊണ്ടെന്നാൽ, സ്നേഹത്തിലായിരിക്കുന്നവർ തങ്ങളുടെ അടുപ്പത്തിൽ ഒന്നാണ്. അവന്റെ സ്നേഹം അവരുടെ ഇടയിൽ വിഭജിതമല്ലാത്തതുപോലെ, അവർ പരസ്പരം വേർപെട്ടിരിക്കുന്നില്ല. കാരണം, എല്ലാററിന്റെയും കർത്താവിന്റെ തിരുഹിതം നിറവേററുന്നവർ, അവർക്കു് ഒരേ മനസ്സുള്ളതിനാൽ, ഒരേ ശരീരത്തിൽ ബന്ധിതരാണ്.

3. ഇപ്രകാരം, പ്രിയ സഹോദരാ, മിശിഹായിലുള്ള നിന്റെ ജീവിതത്തെപ്പററി കേട്ട നിമിഷം മുതൽ എന്റെ ബലഹീന പ്രാർത്ഥനകളിൽ നിന്നെ അനുസ്മരിക്കുന്നതിൽ നിന്നു ഞാൻ വിരമിച്ചിട്ടില്ല. തന്റെ മഹത്വത്തിനു് എല്ലാ വിധത്തിലും പ്രീതികരമായ രീതിയിൽ നിന്റെ ജീവിതം ഉറപ്പിക്കപ്പെടണമെന്നു് ദൈവകൃപയോടു ഞാൻ യാചിക്കുന്നു. പ്രബോധനപരമായ ചർച്ചകളുടെ രൂപത്തിൽ നിന്റെ നിർദ്ദേശങ്ങൾ ഞാൻ തേടുകയും ചെയ്യുന്നു.

4. എന്റെ സഹോദരാ, നിന്റെ ജീവിതകാലം മുഴുവൻ ജാഗരൂകനായിരിക്കുക; നിന്റെ കർത്താവിന്റെ പീഡാനുഭവത്തിന്റെ ചിന്ത നിന്റെ മനസ്സിൽ പതിപ്പിക്കുക; എന്തുകൊണ്ടെന്നാൽ അവിടുന്നു നമ്മുടെ ആത്മാക്കളുടെ ആദ്ധ്യാത്മികകോട്ടയും നീതിയെപ്രതിയുള്ള അഭയസ്ഥാനവുമാണ്; അവിടെയാണ് നമ്മുടെ സദ്പ്രവൃത്തികളുടെ സമ്പത്തു് സുരക്ഷിതമായി സൂക്ഷിച്ചിരിക്കുന്നത്.

www.malankaralibrary.com



5. എന്റെ സഹോദരാ,വഞ്ചിക്കുന്ന കെണികളെയും നിഗൂഢമായ കുരുക്കുകളെയും രഹസ്യമായ വലകളെയും സൂക്ഷിച്ചു കൊള്ളണം: സാത്താന്റെ വഞ്ചനാപരമായ കെണികളിൽ പെട്ടുപോകാതിരിക്കാൻ നിന്റെ പാദങ്ങളെ രാപകൽ സംരക്ഷിപ്പാൻ നമ്മുടെ കർത്താവിനോടപേക്ഷിക്കുന്നതിൽ മടുപ്പു തോന്നരുതു്: ഈ യാചനയിൽ നീ സ്ഥിരതയുള്ളവനാണെങ്കിൽ നിന്റെ ഇഷ്ടം സാധിക്കുന്നതിൽ ദൈവം മടികാണിക്കയില്ല.

6. സഹോദരാ, നമ്മുടെ കർത്താവിന്റെ പീഡാനുഭവം നിന്നെ യോഗ്യനാക്കിയ ആത്മീയ മഹത്വത്തിൽ സ്ഥിരതയുള്ളവനായിരിക്കുക. കൊടുങ്കാററുകളിൽ നിന്നു നിന്റെ ചിന്തകളെ സംരക്ഷിക്കാൻ ശ്രദ്ധാലുവായിരിക്കുക; അഹങ്കാരത്തിന്റെ എന്തെങ്കിലും സൂചനവഴി, മിശിഹായിലുള്ള നിന്റെ മഹനീയ കാര്യങ്ങൾ മാററത്തിനു വിധേയമാകാതിരിപ്പാൻ നോക്കിക്കൊള്ളുക. നമ്മുടെ കർത്താവായ മിശിഹായുടെ സമ്മനസ്സിനാലും തിരുവിഷ്ടത്താലുമത്രേ സദ്പ്രവൃത്തികൾ ചെയ്യാൻ നീ യോഗ്യനായിത്തീർന്നതു്. അവിടുത്തെ മനുഷ്യാവതാരത്തെപ്പററിയുള്ള ധ്യാനത്തിൽ നിന്റെ മനസ്സു് മുഴുകിയിരുന്നാൽ മാത്രമേ അഹങ്കാരം നിന്നിൽ വിതയ്ക്കപ്പെടാതിരിക്കു. എന്തുകൊണ്ടെന്നാൽ അവിടുത്തെ സ്വയം ശൂന്യമാക്കൽ ഇല്ലാതിരുന്നെങ്കിൽ, തന്റെ ആ മഹനീയ ഗുണഗണങ്ങൾക്കു് നാം തികച്ചും അനർഹരായിത്തീർന്നേനേ. അവയെപ്പററിയുള്ള അകന്ന ചിന്തപോലും നമ്മുടെ മനസ്സിൽ ഉദയം ചെയ്യുമായിരുന്നില്ല. ഇക്കാരണത്താൽ, അവിടുന്നു സ്വന്തഇഷ്ടത്താൽ നമ്മെ ശ്രവിക്കുന്നതിനും നമ്മെ തന്റെ പിതാവിന്റെ പക്കലേക്കടുപ്പിക്കുന്നതിനും അവിടുത്തെ കൃപ നമുക്കു നൽകപ്പെട്ടിരിക്കുന്നു. അവിടുത്തേക്കു നിരന്തരം നന്ദി പറയുക എന്നതാണ് നമ്മിൽ നിന്നാവശ്യപ്പെടുന്നതു്; എന്നാലതു് തന്റെ ദാനങ്ങൾക്കനുസൃതമായല്ല; കാരണം, അവിടുന്നർഹിക്കുന്നതുപോലെ നന്ദി പറയാൻ ആർക്കും സാധിക്കയില്ല; എന്തുകൊണ്ടെന്നാൽ എല്ലാ മനുഷ്യരുടെയും നന്ദി പ്രകടനത്തെക്കാൾ വലുതാണ് അവിടുത്തെ കൃപ; അവിടുത്തേയ്ക്കു തിരിച്ചടയ്ക്കാനോ, അവിടുത്തേക്കു വേണ്ടവണ്ണം നന്ദി പറയുന്നതിനോ നമുക്കു കഴിവില്ലെന്നു നാം മനസ്സിലാക്കിയാൽ മതി. ദൈവകൃപയെപ്പററി ഇപ്രകാരമൊരു ധാരണയുള്ള വ്യക്തിയെ സംബന്ധിച്ചു്, കൃപയാൽ അവൻ അതു തിരിച്ചടച്ചു എന്നു മിക്കവാറും അവനെപ്പററി പറയാവുന്നതാണ്.

7. നീ ഏറെറടുത്തിരിക്കുന്ന ഈ അമൂല്യമായ അധ്വാനത്തിൽ സൂക്ഷ്മതയുള്ളവനായിരിക്കുക. കാരണം, അതു നേട

www.malankaralibrary.com



വാൻ നിനക്കുണ്ടായ പ്രയാസത്തിന്റെ അത്രയും അത്ര നഷ്ടപ്പെടാൻ നീ പ്രയാസപ്പെടേണ്ടിവരില്ല. കണ്ടെത്തുന്നതിലും നഷ്ടപ്പെടുന്നതാണ് വളരെ എളുപ്പം. കഠിനാധ്വാനംകൊണ്ടാണത്തു സമ്പാദിച്ചതു്; ഒററ നിമിഷംകൊണ്ടു് അതു നഷ്ടപ്പെടാം. 'വീട്ടുകാര്യസ്ഥൻ പ്രതീക്ഷിക്കാത്ത നിമിഷത്തിൽ കള്ളൻവന്നു ഭവനം കവച്ച് ചെയ്യുന്നു' (മത്താ 24: 43; ലൂക്കാ 12: 39). അതുകൊണ്ടു് കപ്പലിന്റെ ചുമതലയുള്ള ജാഗരൂകനായ കപ്പിത്താനേപ്പോലെ നമ്മുടെ മനസ്സ് നിരന്തരം ഉണർവുള്ളതായിരിക്കുക അത്യന്താപേക്ഷിതമത്രേ. അധ്വാനത്താലും ജാഗരണത്താലും ആയാസത്താലും എല്ലാത്തരത്തിലുമുള്ള ബുദ്ധിമുട്ടുകളാലും ആണ് ഒരു കപ്പൽ പണിതു പൂർത്തിയാക്കുന്നതു്; എന്നാൽ നിസ്സാര സമയംകൊണ്ടു് അതു തകർക്കപ്പെടാം എന്നു നിനക്കറിയാമല്ലോ. അതുപോലെ ശ്രദ്ധാപൂർവകമായ കരവിരുതുകൊണ്ടും നിറങ്ങളുടെയും ഛായങ്ങളുടെയും ശരിയായ മിശ്രിതം കൊണ്ടും മാത്രമേ ഒരു ഛായാചിത്രം വരയ്ക്കാൻ സാധിക്കൂ; എന്നാൽ ഒററ നിമിഷംകൊണ്ടു് അതു പിച്ചിച്ചീന്തി നശിപ്പിക്കാൻ കഴിയും. അതു വരയ്ക്കാനെടുത്ത അധ്വാനം അതു നശിപ്പിക്കാൻ വേണ്ടിവരില്ല. തകർക്കൽ പണിയലിനേക്കാളും, ഇടിച്ചുനിരത്തൽ നിർമ്മാണത്തേക്കാളും എളുപ്പമാണ്.

8. നിന്റെ ഗുരുവായ മിശിഹാ നിനക്കുവേണ്ടി എഴുതുവാൻ ഇടയാക്കിയവയെപ്പററി ധ്യാനിക്കുക. തന്റെ സുവിശേഷത്തിൽ അവിടുന്നു നിനക്കു പകർന്നതിൽ ശക്തി കണ്ടെത്തുക.

9. വ്യർത്ഥഭാഷണങ്ങൾ ഒഴിവാക്കുക: വാക്കുകൾ എപ്പോഴും നിനക്കു പ്രയോജനകരമല്ല; കാരണം, വാക്കുകളുടെ ആധിക്യം മനഃപതർച്ച ഉണ്ടാക്കുന്നു.

10. നിന്റെ വസതിയിൽ അക്ഷോഭ്യനും പ്രശാന്തനും ആയിരിക്കുക: ചെയ്യാനായി നിന്നോടു പറയുന്നവയെ സംബന്ധിച്ച് തർക്കിച്ചു നിൽക്കരുതു്; പിന്നെയോ അനേകർ നിന്നെ സ്നേഹിക്കാൻ ശാന്തമായി അനുസരിക്കുക.

11. എല്ലാവർക്കും സ്വസ്തി പറയുക; ശ്ലീഹന്മാർ (ഭവനങ്ങളിൽ) പ്രവേശിക്കുമ്പോൾ അവരായിരിക്കണം ആദ്യം (സമാധാനം) ആശംസിക്കേണ്ടതെന്നു് നമ്മുടെ കർത്താവ് തന്റെ ശ്ലീഹന്മാരെ പഠിപ്പിച്ചതുപോലെ ജനങ്ങൾക്ക് നിങ്ങളായിരിക്കണം ആദ്യം സ്വസ്തി പറയേണ്ടതു് (മത്താ. 10:12). നിന്റെ ഒററവാക്കു വഴി നിനക്കു മററുള്ളവരുടെ മനസ്സിനെ ആനന്ദിപ്പിക്കാൻ സാധിക്കും.

www.malankaralibrary.com



12. തങ്ങൾ എന്തുകൊണ്ട് ശിഷ്യരായിത്തീർന്നു എന്ന് ഇതേവരെ പഠിക്കാത്ത മററാളുകളെ ശ്രദ്ധിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, ഈ ജീവിത രീതി എന്താണെന്നോ എന്തുകൊണ്ടാണ് ഈ മാതൃക ലോകത്തിൽ പ്രത്യക്ഷപ്പെട്ടതെന്നോ ചോദിക്കാൻ പോലും അവർ ബദ്ധപ്പെട്ടിട്ടില്ല; മറിച്ച്, തങ്ങൾ വിജ്ഞാനികളാണെന്ന് അവർ കരുതുന്നു; തങ്ങളെ പ്രബോധിപ്പിക്കാൻ തങ്ങളുടെ അറിവ് മതിയാകും എന്ന് ഭാവിക്കുകയും ചെയ്യുന്നു.

13. ദൈവം നിന്നെ തെരഞ്ഞെടുക്കുവാനായി, ഇപ്പോൾ മുതൽ ലോകം നിന്നെ നിന്ദിക്കട്ടെ; കർത്താവിൻെറ മുമ്പാകെ നീ പുരോഗമിക്കുവാനായി, മനുഷ്യരുടെ മുമ്പാകെ നീ നിന്ദിക്കപ്പെടട്ടെ. അവിടുത്തെ വിജ്ഞാനം നിന്നിൽ നിലനില്ക്കാനായി ലജ്ജമാനസ്സനായി വർത്തിക്കുക. നിൻെറ സഹോദരന്മാരുടെ നേരേ നിഷ്കളങ്കനായും എന്നാൽ ശത്രുവിൻെറ നേരെ ചാതുര്യവാനായും വർത്തിക്കുക.

14. ഓരോ വ്യക്തിയും നിൻെറ ദൃഷ്ടിയിൽ പ്രാധാന്യമുള്ളവൻ ആയിരിക്കട്ടെ; നിന്നേക്കാൾ അറിവു കുറഞ്ഞവരെ നിന്ദിക്കയുമരുത്.

15. ഒന്നിലും ബഹുമാനം തേടരുത്; മറിച്ച് ഓരോരുത്തനെയും അവനവൻെറ നിലയിൽ തന്നെ സ്വീകരിക്കുക. നിന്നേക്കാൾ ഉപരിയായി സ്വയം ഉയർത്തുന്ന സഹോദരനോട് കോപിക്കരുത്. അവന് അറിവു കുറവാണ് എന്നു മാത്രം മനസ്സിലാക്കുക. മററുള്ളവരേക്കാൾ സ്വയം ഉയർത്തുന്നത് അറിവുകുറവിൻെറ ഫലമാണ്.

16. നിൻെറ ബാഹ്യ പ്രവൃത്തികൾ നിൻെറ ആന്തരിക കർമ്മങ്ങളെ സൂചിപ്പിക്കട്ടെ; അവ മററുള്ളവരെ കാണിക്കാൻ വേണ്ടിയല്ല, പിന്നെയോ സത്യമായും എല്ലാവരുടെയും കർത്താവിൻെറ മുമ്പാകെയായിരിക്കട്ടെ.

17. നീ മനുഷ്യരുടെ ഇടയിലല്ലെന്നും നിൻെറ കണ്ണുകൾക്കു മുൻപിൽ മറെറാന്നുമില്ലെന്നും സങ്കല്പിക്കുക; കാരണം, നീ ദൈവത്തെയല്ലാതെ മറെറാന്നും കാണുന്നില്ല. നിൻെറ ജീവിത രീതിയുടെ പരിപൂർണ കാരണം ദൈവമാണ്.

18. നിനക്കു പ്രയോജനപ്രദമായ രീതിയിൽ ആളുകളെപ്പററി ചിന്തിക്കുക. അങ്ങനെ, നഷ്ടപ്പെട്ടുപോയവരെ പ്രതി

www.malankaralibrary.com



ദുഃഖിക്കുക; വഴിതെററിപ്പോയവരെ പ്രതി വേദനിക്കുക; വേദനിക്കുന്നവരോടുകൂടെ വേദനിക്കുക; പാപികാംക്കുവേണ്ടി പ്രാർത്ഥിക്കുക; നല്ലവരാണെങ്കിൽ, നന്മയിൽ നിലനിർത്താൻ അവർക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുക.

19. നീ ഈ ലോകത്തിലായിരിക്കുന്നിടത്തോളംകാലം ഇപ്രകാരമായിരിക്കട്ടെ നിൻെറ ചിന്തകാം. എന്നാൽ പുതിയ ലോകം സമാഗതമാകുമ്പോാം നമ്മുടെ ഇപ്പോഴത്തെ ധാരണകളൊന്നുമായിരിക്കയില്ല അപ്പോഴുണ്ടായിരിക്കുക. അപ്പോാം എല്ലാററിൻെറയും കർത്താവിൻെറ മഹനീയമായ മഹത്വത്തെപ്പററിയുള്ള ഭയഭക്തിബഹുമാനമല്ലാതെ മറെറാന്നും മനസ്സിനു വിഷയമാകില്ല; മറെറാന്നും നാം ചിന്തിക്കയുമില്ല.

20. ആശ്രമത്തിൽ നിന്നേക്കാാം പ്രായമുള്ളവരെ പ്രത്യേകമായി ബഹുമാനിക്കുക; അവരെ പിതാക്കന്മാരായി നിൻെറ മനസ്സിൽ കരുതുക. മററുള്ളവരേക്കാാം താണവനാണു താൻ എന്നു് യഥാർത്ഥമായി സ്വയം കരുതുന്നവനെപ്പോലെയായിരിക്കട്ടെ നിൻെറ ജീവിതരീതി. ശബ്ദമില്ലാത്ത മരിച്ചവനെപ്പോലെ സഹോദരന്മാരുടെയിടയിൽ അചഞ്ചലനായി ജീവിക്കുക. എന്തുകൊണ്ടെന്നാൽ ഇതാണു ദൈവസ്നേഹം; ഇതു മനസ്സിൽ ഉള്ളവൻ പിന്നെ മറെറാന്നും ചിന്തിക്കേണ്ടതില്ല; എന്തുകൊണ്ടെന്നാൽ, ഇപ്രകാരം നീ കോപിഷ്ഠനാകില്ല. – കോപത്തിനുശേഷം വെറുപ്പു നിന്നെ കീഴടക്കുകയുമില്ല.

21. നിന്നിൽ നിന്നകന്നിരിക്കുന്ന ദുഷ്ടമനുഷ്യൻ ഇപ്പോഴും നിൻെറ സഹോദരനാണ്; അവനെ നീ അടുപ്പിക്കണം. നിൻെറ അധരങ്ങളിലെ വാക്കുകളാൽ നീയവനെ പിച്ചിക്കീറുമോ? അതുകൊണ്ടു്, ഇങ്ങനെയുള്ളവയെല്ലാം നിൻെറ ചിന്തകളിൽനിന്നു് നീക്കുക; നിൻെറ മനസ്സു് മനുഷ്യരോടുകൂടിയല്ല, നമ്മുടെ കർത്താവിനോടുകൂടെ വ്യാപരിക്കട്ടെ.

22. നിൻെറ ശക്തിയിൽ കവിഞ്ഞ അധ്വാനം നീ ഏറെറടുക്കരുതു്; മറിച്ചായാൽ മററുള്ളവരെ പ്രസാദിപ്പിക്കാനായി നീ സ്വയം അടിമയാകും.

23. നിൻെറ സഹോദരന്മാരുമായി ഹൃദയൈക്യത്തിൽ ജീവിക്കുക; എന്തുകൊണ്ടെന്നാൽ നീ ആശ്രമത്തിൽ പ്രശാന്തതയുടെ ഉറവിടമാണ്. ആന്തരികാധ്വാനം നിനക്കു മതിയാകും. ഉപവാസത്തേക്കാാം താൽപ്പര്യമായി ജാഗരണം തെരഞ്ഞെടുക്കുക; എന്തുകൊണ്ടെന്നാൽ ജാഗരണം ധാരണയെ പ്രകാശിപ്പി

www.malankaralibrary.com



ക്കുന്നു, അതു ബുദ്ധിയെ ഉണർവുള്ളതാക്കുന്നു; അതു ശരീരത്തെ അക്ഷോഭ്യമാക്കുന്നു; മററ് അധ്വാനങ്ങളേക്കാരം പ്രയോജനപ്രദമാണിതു്. എങ്കിലും, ഉപവസിക്കുന്നവരും കർത്താവുമായി സംഭാഷണം ചെയ്യുകയാണ്; പാപത്തിന് അടിമയാകില്ല എന്നു് ഉറപ്പുവരുത്തിക്കൊണ്ടു് ഉപവാസം തീവ്രാഭിലാഷങ്ങളെ ഓടിക്കുന്നു.

24. എപ്രകാരം ദൈവത്തോടുകൂടി ആയിരിക്കണം എന്നു പഠിക്കാനായി വിശുദ്ധ ലിഖിതവചനങ്ങരം വായിക്കുന്നതു് ശ്രദ്ധിക്കുക. പ്രാർത്ഥനയ്ക്കായി നിൽക്കുമ്പോരം വായിക്കാതെ വെറുതെ നിൽക്കരുതു്; ശരീരം മാത്രം അധ്വാനിക്കയും മനസ്സ് അലസമായിരിക്കയും ചെയ്യാൻ പാടില്ല. പലതരം പ്രവൃത്തികരംകൊണ്ടു് നിൻെറ ജീവിതരീതി വൈവിധ്യമാക്കുക: വായിക്കാൻ ഒരു സമയം, പ്രാർത്ഥിക്കാൻ ഒരു സമയം. ഇങ്ങനെ, നിൻെറ വായനയുടെ ഫലമായി പ്രാർത്ഥനയിൽ നീ പ്രകാശിതനാകും. എന്തുകൊണ്ടെന്നാൽ, വെറും ബാഹ്യമായ നിലയല്ല എല്ലാററിൻെറയും കർത്താവു നമ്മിൽ നിന്നാവശ്യപ്പെടുക, പിന്നെയോ, തന്നെപ്പററിയുള്ള പ്രതീക്ഷയിൽ അറിവുള്ളതും, പരിപൂർണതയിലേക്കു് കൂടുതൽ അടുക്കുവാൻ അറിയുന്നതുമായ ഒരു മനസ്സാണു വേണ്ടതു്.

25. ദാസനും സ്വതന്ത്രനുമായിരിക്കുക: ദൈവത്തിനു കീഴ്പ്പെട്ടിരിക്കുന്നതിനാൽ ദാസൻ; നീ ഒന്നിൻെറയും – വ്യർത്ഥസ്തുതിയുടെയോ വികാരങ്ങളുടെയോ – അടിമയല്ലാത്തതിനാൽ സ്വതന്ത്രൻ.

26. പാപബന്ധനങ്ങളിൽനിന്നു നിൻെറ ആത്മാവിനെ വിമുക്തമാക്കുക; സ്വാതന്ത്ര്യത്തിൽ വസിക്കുക; എന്തുകൊണ്ടെന്നാൽ മിശിഹാ നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു (ഗലാ 5:1). നിൻെറ ഈ ഭൗമികജീവിതത്തിൽവച്ചുതന്നെ പുതിയ ലോകത്തിലെ സ്വാതന്ത്ര്യം സമ്പാദിക്കുക. ധനമോഹത്തിനോ, മനുഷ്യരെ പ്രസാദിപ്പിക്കുന്നതിൽനിന്നു കിട്ടുന്ന മുഖസ്തുതിക്കോ അടിമപ്പെടരുതു്.

27. നിനക്കായി നീ ഒരു നിയമവും ഉണ്ടാക്കരുതു്; നിൻെറ നിയമങ്ങരംക്കു നീ അടിമയാകാൻ ഇടയുണ്ടു്. തനിക്കിഷ്ടമുള്ളതു ചെയ്യാൻ കഴിയുന്ന ഒരു സ്വതന്ത്രമനുഷ്യനായിരിക്കുക. തങ്ങളുണ്ടാക്കിയ നിയമത്തിൽനിന്നു്, മാനസ്സികഭയം കൊണ്ടോ, മററുള്ളവരെ പ്രസാദിപ്പിക്കാൻ വേണ്ടിയോ അണുവിട വ്യതിചലിക്കാൻ കഴിയാതിരിക്കുന്നവരെപ്പോലെയാക

www.malankaralibrary.com



രുത്; ഈ രീതിയിൽ, മിശിഹാ അവരെ നിയമത്തിൻെറ നുകത്തിൽനിന്നു സ്വതന്ത്രരാക്കിയിരിക്കെ, തങ്ങൾ തങ്ങൾക്കു വേണ്ടി പ്രത്യേകനിയമം ഉണ്ടാക്കിയിരിക്കയാണ് എന്നു കരുതിക്കൊണ്ട് നിയമത്തിൻെറ ബലാല്ക്കാരമായ നിർബന്ധത്തിനു് അവർ സ്വയം അടിമകളാക്കുന്നു.

28. ഭാവിസംഗതികളെ സംബന്ധിച്ച് വെട്ടൊന്ന് മുറി രണ്ട് എന്ന രീതിയിലുള്ള തീരുമാനങ്ങളൊന്നും എടുക്കരുത്; കാരണം, നീയൊരു സൃഷ്ടിയാണ്; നിൻെറ മനസ്സ് വ്യതിയാനവിധേയമാണ്. തീരുമാനം എടുക്കേണ്ടവയെ സംബന്ധിച്ച് തീരുമാനിക്കുക; എന്നാൽ അതിൽനിന്ന് അണുവിട വ്യതിചലിക്കില്ല എന്ന് മനസ്സിൽ ഉറപ്പിക്കാതെയായിരിക്കണം അത്. ഭക്ഷണകാര്യങ്ങളിലുള്ള നിസ്സാരമായ മാററമില്ലായ്മയിലല്ല വിശ്വസ്തത അടങ്ങിയിരിക്കുന്നത്; എല്ലാററിൻെറ കർത്താവിനെ ശുശ്രൂഷിക്കേണ്ടത് സർവോപരി മനസ്സിൽ, ആന്തരികവ്യക്തിയിൽ ആണ്. മിശിഹായെ ശുശ്രൂഷിക്കുന്നത് അവിടെയാണ് നടക്കുന്നത്.

29. ഒന്നിനോടും ബന്ധിതനാകരുത്; ഒന്നും നിന്നെ അടിമയാക്കരുത്. പുതിയ ജീവിതത്തിൻെറ സ്വാതന്ത്ര്യംവഴി ഈ ലോകത്തിൻെറ നുകത്തിൽ നിന്നു സ്വയം വിമുക്തനാകുക, ദൈവം നീക്കി ദുർബലപ്പെടുത്തിയ തൊണ്ണൂററൊൻപതു കല്പനകളുണ്ട്; അപ്പോൾ നിനക്കുവേണ്ടി സ്വയം ഒരു നിയമം ഉണ്ടാക്കാൻ നീ ആഗ്രഹിക്കുന്നുവോ? മററു നിയമങ്ങളേക്കാൾ തങ്ങളുടെ സ്വന്തം നിയമങ്ങൾ ലംഘിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കുന്ന ധാരാളം ആളുകൾ ഉണ്ട്.

30. അതുകൊണ്ടു സ്വതന്ത്രനായിരിക്കുക; നാശകരമായ എല്ലാവിധ അടിമത്തത്തിൽ നിന്നും സ്വയം സ്വതന്ത്രനാക്കുക. എന്തുകൊണ്ടെന്നാൽ, നീ സ്വതന്ത്രനായിത്തീർന്നില്ലെങ്കിൽ നിനക്കു മിശിഹായുടെ വേലക്കാരനാകാൻ സാധിക്കയില്ല; കാരണം, സ്വർഗീയ ജറുസലേമിലുള്ള ആ രാജ്യം അടിമക്കുട്ടികളെ സ്വീകരിക്കുന്നില്ല. സ്വതന്ത്രയായ അമ്മയുടെ മക്കളെല്ലാം സ്വതന്ത്രരാണ്; ഒരു കാര്യത്തിലും ഈ ലോകത്തിൽ അവർ ബന്ധിതരല്ല (റോമ 8: 15, ഗലാ 4: 23).

31. നിൻെറ എല്ലാ പ്രവർത്തനങ്ങളിലും പൂർണമായി ജാഗരൂകനായിരിക്കുക. നീ നടക്കുമ്പോൾ നിൻെറ നയനങ്ങൾ ചുററിക്കറങ്ങാൻ അനുവദിക്കരുത്; മറിച്ച് നീ വിനയാന്വിതനായി നേരേ മുമ്പോട്ടു നോക്കണം.

www.malankaralibrary.com



32. നിന്റെ വസ്ത്രത്തിൽ അടക്കമൊതുക്കവും ശാലീനതയും ഉള്ളവനായിരിക്കണം. നിന്റെ നോട്ടം താഴോട്ടായിരിക്കട്ടെ; എന്നാൽ നിന്റെ മനസ്സ് മുകളിൽ നിന്റെ കർത്താവിന്റെ പക്കലേക്കായിരിക്കട്ടെ. മററുള്ളവരുടെ മുഖത്തു നോക്കി നിന്റെ നയനങ്ങളെ കഴിവുള്ളിടത്തോളം നീ തൃപ്തിപ്പെടുത്തരുത്; പിന്നെയോ, നിന്റെ നോട്ടം അടക്കമൊതുക്കം ഉള്ളതായിരിക്കട്ടെ; വലിയ ആളെന്നുള്ള ഭാവത്തിൽ ഒന്നിനെയും തുറിച്ചുനോക്കരുത്; ഒരു കന്യകയെപ്പോലെ, മിശിഹായ്ക്കുവേണ്ടി സ്വയം കാത്തുസൂക്ഷിക്കുക.

33. എല്ലാവരോടും സ്നേഹത്തിൽ വർത്തിക്കുക; എന്നാൽ നിന്റെ കുടുംബാംഗങ്ങളോടുള്ള അമിതമായ ബന്ധം തേടേണ്ട; കാരണം, നിന്റെ ജീവിതാവസ്ഥ അതാവശ്യപ്പെടുന്നില്ല. നീയൊരേകാന്തവാസിയാണ്; നീ ഒന്നിനാലും ബന്ധിതനാകാൻ പാടില്ല. നിനക്കു സഹായകമായ ഉപദേശം തരികയോ, നല്ല ഉദ്ദേശ്യത്തോടുകൂടെ നിന്നെ ശാസിക്കുകയോ ചെയ്യുന്ന വ്യക്തികളെ നിന്റെ മനസ്സിൽ പ്രത്യേകമായി നീ സ്നേഹിക്കണം. അത്തരം സന്ദർഭങ്ങളിൽ അസഹിഷ്ണനാകരുത്. നീ ദൈവവചനത്തെ വെറുക്കുന്നവൻ ആകാനിടയുണ്ട്.

34. ദിവ്യാരാധനയിൽ നിന്റെ ആത്മാവ് ജാഗരൂകമായിരിക്കണം. നിന്റെ മനസ്സ് പൂർണമായി നിന്റെ കർത്താവിൽ കേന്ദ്രീകരിക്കാനായി, സാധിക്കുമെങ്കിൽ നിന്റെ സമീപത്തു നിൽക്കുന്നതു് ആരാണെന്നു ശ്രദ്ധിക്കാതിരിക്കുക. നീ അന്വേഷണങ്ങളൊന്നും നടത്തേണ്ട കാര്യമില്ല; നീ നേതൃസ്ഥാനത്തോ, അധികാരസ്ഥാനത്തോ പ്രതിഷ്ഠിക്കപ്പെട്ടിട്ടില്ലല്ലോ. നിനക്കു കല്പനകരം ലഭിക്കുന്നു; നിന്റെ മേൽപോലും നിനക്ക് അധികാരം ഇല്ലല്ലോ.

35. തങ്ങളുടെ സഹചാരികളിൽ ശ്രദ്ധപതറി നടക്കുന്നവരെ അനുകരിക്കരുത്; നീ കോപിഷ്ടനായി മനസ്സിൽ ചഞ്ചലപ്പെടാനിടയുണ്ട്; അതുവഴി ശുശ്രൂഷയിലുള്ള നിന്റെ ഭാഗം പ്രയോജനരഹിതമായിത്തീരാനും സാധ്യതയുണ്ട്.

36. ഒരു കാര്യത്തിലും നിന്റെ ആവശ്യങ്ങളെ പ്രതി നിർബന്ധം പിടിക്കരുത്; എല്ലാ കാര്യത്തിലും നിന്റെ ആവശ്യങ്ങൾ സമൃദ്ധമായി നിറവേററപ്പെടാൻ വേണ്ടിയുള്ളതല്ല നിന്റെ ശിഷ്യത്വം. ഒരിക്കലുമല്ല. പിന്നെയോ, മിശിഹായിൽ ദരിദ്രനും അരിഷ്ടനുമായിരിക്കുന്ന അവസ്ഥയിലേയ്ക്കാണു നിന്റെ ശിഷ്യത്വം. നിന്റെ ആവശ്യങ്ങൾ നിറവേററപ്പെട്ടെ

www.malankaralibrary.com



ങ്കിൽ, അതൊരധികപ്പററായി കണക്കാക്കുക. നിൻെറ ആവശ്യങ്ങൾ സാധിക്കുന്നതിനെ ഇത്തരത്തിൽ നീ കണ്ടാൽ നീ നന്ദിപറയണം; നിൻെറ ആവശ്യങ്ങളെ സംബന്ധിച്ച് പരാതി പറയാൻ പാടില്ല.

37. പ്രവാചകഗ്രന്ഥങ്ങൾ നിരന്തരം വായിക്കുക. ദൈവത്തിൻെറ മഹത്വത്തെപ്പററിയും ദയയെപ്പററിയും നീതിയെപ്പററിയും കൃപയെപ്പററിയും അവയിൽ നിന്നു നിനക്കു പഠിക്കാം.

38. ദൈവസ്നേഹം എത്ര മഹനീയമാണ് എന്ന ചിന്തയിൽ നിലനില്ക്കുവാൻ രക്തസാക്ഷികളുടെ പീഡനങ്ങളെപ്പററി ധ്യാനിക്കുക.

39. വിജ്ഞാനികളുടെ പ്രബോധനങ്ങളിൽ വ്യാപൃതനായിരിക്കുക; നിനക്കു സഹായകമായ പ്രബോധനം അതിൽ കണ്ടാൽ, അതു വായിക്കുന്നതിൽ സ്ഥിരതയോടിരിക്കുക. കുട്ടികളെപ്പോലെ, ബാഹ്യശബ്ദത്തിൽ ആനന്ദം കണ്ടെത്തരുത്; പിന്നെയോ, ശക്തി നിഗൂഢമായി വസിക്കുന്ന ആ വാക്കുകൾ വിജ്ഞാനിയെപ്പോലെ തിരിച്ചറിയുക. എന്തുകൊണ്ടെന്നാൽ നമ്മുടെ രക്ഷകൻെറ സുവിശേഷം നമ്മോടു പ്രസംഗിക്കപ്പെട്ടിരിക്കുന്നതു് ശക്തിയുള്ള വാക്കുകളിലൂടെയാണ് (1 തെസ്സ. 1:5).

40. അനേക കാര്യങ്ങളെപ്പററിയുള്ള വിവരണങ്ങൾ കേൾക്കാൻ ആഗ്രഹിക്കുന്നവരെപ്പോലെ ആകരുത്; പിന്നെയോ, പരിപൂർണരായവർ സംസാരിച്ച വാക്കുകൾ കേൾക്കാൻ താല്പര്യം കാണിക്കുക. പരിപൂർണരുടെ ജീവിതപന്ഥാവ് എന്താണെന്നു് അതു കാണിച്ചുതരും.

41. മനസ്സിൻെറ വിചാരങ്ങളെ ശ്രദ്ധിക്കുക. ഏതെങ്കിലും ചീത്തവിചാരം നിന്നിൽക്കൂടെ കടന്നുപോയാൽ ചഞ്ചലപ്പെടേണ്ട; എല്ലാററിൻെറയും കർത്താവിൻെറ വിജ്ഞാനം നോക്കുന്നതു് നിന്നിലെ നൈമിഷിക വിചാരങ്ങളല്ല; മറിച്ച്, അവിടെ ഉടലെടുക്കുന്ന ദുഷ്ടവിചാരത്തിൽ നീ സന്തോഷിക്കുന്നുണ്ടോ എന്നു കാണുവാൻ അവൻ മനസ്സിൻെറ ആഴത്തിലേക്കു നോക്കുന്നു. കാരണം, വെറുക്കേണ്ട വിചാരങ്ങൾ മനസ്സിൻെറ ഉപരിതലത്തിലാണ് അലയടിക്കുന്നതു്. എന്നാൽ ഈ ദുഷ്ട വിചാരങ്ങളെ ഓടിക്കാൻ കഴിയുന്ന താഴെയുള്ള ഇന്ദ്രിയങ്ങളെയാണ് എല്ലാററിൻെറയും കർത്താവു പരിശോധിക്കുന്നതു്. മനസ്സിൽക്കൂടെ പെട്ടെന്നു കടന്നുപോകുന്നവയെ അവിടുന്നു

www.malankaralibrary.com



വിധിക്കാറില്ല. പിന്നെയോ ഈ ദുഷ്ടവിചാരങ്ങളേക്കാൾ കുറേക്കൂടി അധമമായി മനസ്സിന്റെ ആഴത്തിലുള്ള വിചാരങ്ങളെയാണ് അവിടുന്ന വിധിക്കാറുള്ളത്. തന്റെ നിഗൂഢ കരങ്ങളാൽ അതിനെ ഓടിക്കാൻ മനസ്സിനു കഴിവുണ്ട്. കാരണം, മനസ്സിന്റെ ആഴത്തിൽനിന്ന് ഉടലെടുക്കുന്ന വിചാരങ്ങളെ അവിടുന്ന ക്ഷമിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, മനസ്സിന്റെ ഉപരിതലത്തിൽ കൂടെ കടന്നുപോകുന്നവയെ ഇവയാണ് ഓടിക്കേണ്ടത്. ഹൃദയത്തിലേക്കു കടക്കുന്ന വിചാരങ്ങളെയാണ് ദൈവം വിധിക്കുന്നത്.

42. ഏതെങ്കിലും ദുഷ്ടവിചാരം നിന്നിൽ കൂടെ കണ്ടെത്തി കുറേ സമയം നിന്റെ മനസ്സിൽ നിന്നാലും, അതിനെ വെറുക്കുന്ന വിചാരം കുറേക്കൂടി ആഴത്തിൽ ഉണ്ടായിരിക്കയും അതിനെ എതിർക്കുകയും ചെയ്യുന്നെങ്കിൽ, നിന്റെ ഉള്ളിൽ താൽക്കാലികമായി കുടികൊള്ളുന്ന വിചാരത്തെപ്പററി പരിഭ്രാന്തനാകേണ്ട. എന്തുകൊണ്ടെന്നാൽ, ആ ദുഷ്ടവിചാരം പിഴതെറിയാൻ സാധിക്കും; അതിന്റെ പേരിൽ നീ വിധിക്കപ്പെടുകയുമില്ല. മറിച്ച്, നിന്റെ മനസ്സിന്റെ ആഴത്തിൽനിന്ന് ഉടലെടുക്കുന്ന സദ്‌വിചാരങ്ങളുടെ പ്രതിഫലം വലുതാണ്; മനസ്സിൽ ദുർവിചാരങ്ങൾ സ്ഥാനം പിടിക്കാതെ അവയെ തടയുന്നത് ഇവയാണല്ലോ.

43. എന്നാൽ നിന്റെ മനസ്സ് സന്തോഷിക്കുന്ന ആ ദുഷ്ടവിചാരങ്ങളെ ഭയപ്പെടുക. കാരണം, അവ അവിടെ അടിസ്ഥാനമുറപ്പിച്ചു കഴിഞ്ഞിരിക്കുന്നു. അവ ദൈവത്തിന്റെ ന്യായവിധിക്കു വശപ്പെട്ടിരിക്കുന്നു. അവയ്ക്ക് ശിക്ഷയും വിധിക്കപ്പെട്ടിരിക്കുന്നു.

44. മറെറന്തിനേക്കാളും വി. ഗ്രന്ഥങ്ങൾ വായിക്കുന്നതിൽ കൂടുതൽ അധ്വാനിക്കുക: എന്തുകൊണ്ടെന്നാൽ പ്രാർത്ഥനയിൽ മനസ്സ് കൂടെക്കൂടെ അലഞ്ഞുതിരിയാൻ ഇടയുണ്ട്; എന്നാൽ വായിക്കുമ്പോൾ അലഞ്ഞുതിരിയുന്ന മനസ്സുപോലും ഏകാഗ്രചിത്തമാകും.

45. നിന്നിൽ ദൈവസ്നേഹം മരണത്തേക്കാൾ ശക്തമായിരിക്കട്ടെ (ഉത്തമ. 8:6). എല്ലാററിനോടുമുള്ള ആഗ്രഹത്തിൽ നിന്നു മരണം നിന്നെ വിമുക്തമാക്കുന്നെങ്കിൽ, എല്ലാററിനോടുമുള്ള ആഗ്രഹത്തിൽനിന്നു ദൈവസ്നേഹം നിന്നെ വിമുക്തമാക്കുക എത്രമാത്രം ഉചിതമാണ്.

www.malankaralibrary.com



46. നീ അഹങ്കാരിയല്ല എന്ന സംഗതിയിലല്ലാതെ ഒന്നിലും അഹങ്കരിക്കേണ്ട. നീ വീമ്പടിക്കുന്നില്ല എന്ന സംഗതിയിലല്ലാതെ ഒന്നിലും വീമ്പടിക്കേണ്ട. യഥാർത്ഥത്തിൽ അഹങ്കാരിയല്ലെങ്കിൽ, ഈ രീതിയിൽ അഹങ്കാരിയായിരിക്കുന്നത് ശരിതന്നെയാണ്; യഥാർത്ഥത്തിൽ വീമ്പടിക്കുന്നില്ലെങ്കിൽ, ഈ രീതിയിൽ വീമ്പടിക്കാൻ സാധിക്കുമെങ്കിൽ അതിൽ തെറ്റൊന്നുമില്ല. അവൻ ദൈവത്തിലാണ് സന്തോഷിക്കുന്നതെങ്കിൽ, ഈ രീതിയിൽ സന്തോഷിക്കുന്നത് ശരിയായിട്ടുള്ളതു തന്നെ. ലൗകിക വസ്തുക്കളിൽ അമിതമായി ആഹ്ലാദിക്കാത്തവൻ ഈ രീതിയിൽ ആഹ്ലാദിക്കുന്നെങ്കിൽ അവൻ ശരിയായി ചെയ്യുന്നു.

47. പാപത്തിനെതിരായിട്ടല്ലാതെ ഒരു കാര്യത്തിലും നീ വാഗ്വാദപ്രിയനാകരുത്.

48. നിന്നിൽ തന്നെ തിന്മകൾ ഉള്ളപ്പോൾ മറ്റുള്ളവരിലെ തിന്മയെ വെറുക്കരുത്; മറിച്ച്, നിന്നിലുള്ള തിന്മയോടു വെറുപ്പു കാണിക്കുക.

49. വാക്കുകൾ കൊണ്ടെന്നതിനേക്കാൾ നിന്റെ പ്രവൃത്തികൾ കൊണ്ട് നല്ല കാര്യങ്ങളുടെ സ്തുതി പാടുക.

50. നിന്റെ വാക്കുകൾ കൊണ്ട് എന്നതിനേക്കാൾ നിന്റെ പ്രവൃത്തികൾ കൊണ്ട് വെറുപ്പിനെ ശാസിക്കുക. ഏതെങ്കിലും കുറ്റത്തിന് ആരെങ്കിലും ശാസിക്കപ്പെടുന്നതായി കണ്ടാൽ, അവന്റെ തെറ്റിൽ ശ്രദ്ധിക്കാതെ, ശാസനയ്ക്കർഹമായ എന്തെങ്കിലും നീ ചെയ്തിട്ടുണ്ടോ എന്ന് ആത്മശോധന നടത്തുക.

51. എല്ലാററിനുമുപരി സമാധാനത്തെ ബഹുമാനിക്കുക; എന്നാൽ ഒന്നാമതായി നിന്നിൽത്തന്നെ ശാന്തമായി വർത്തിക്കാൻ പരിശ്രമിക്കുക: അങ്ങനെയാണെങ്കിൽ മററുള്ളവരുമായി സമാധാനത്തിൽ വർത്തിക്കുക നിനക്ക് എളുപ്പമായിരിക്കും. അന്ധന് എങ്ങനെയാണു മററുള്ളവരെ സൗഖ്യമാക്കുവാൻ സാധിക്കുക?

52. സമാധാനഭഞ്ജനം വരുത്തുന്നവ നല്ലതാണെന്നു നീ വിഭാവന ചെയ്യരുത്: എന്തുകൊണ്ടെന്നാൽ ഒരു നന്മ മറെറാരു നന്മയെ ഇല്ലാതാക്കുന്നില്ല. സമാധാനം ഉറപ്പുവരുത്താനായി, നിന്നിലുള്ള ശാന്തതയെ ഇല്ലാതാക്കുന്നവയെയെല്ലാം നിർമ്മാർജ്ജനം ചെയ്യുക.

www.malankaralibrary.com



53. നിന്റെ മുഖത്തു് ദൈവഭയം നിഴലിക്കട്ടെ; വെറും ബാഹ്യമായിട്ടല്ല പിന്നെയോ, നിന്റെ ഉള്ളിൽ നിന്നു വരുന്നതായിരിക്കട്ടെ.

54. നിന്റെ യഥാർത്ഥ ധനം സത്യത്തിൽ ആണെന്നു ചിന്തിക്കുക; എന്തുകൊണ്ടെന്നാൽ ദൈവസ്നേഹത്തിലും അവിടുത്തെ വിജ്ഞാനത്തെപ്പററിയുള്ള അവബോധത്തിലും തന്റെ തിരുഹിതം നിറവേററുന്നതിലും സത്യം അടങ്ങിയിരിക്കുന്നു. ഈ സംഗതികൾ ബാഹ്യമായ രീതിയിലല്ല, ആന്തരികമായി നിന്നിൽ ഉണ്ടായിരിക്കണം.

55. നിന്റെ നല്ല ആഗ്രഹത്തിനു പുറത്തുള്ളവയെല്ലാം വെറുപ്പോടുകൂടെ വീക്ഷിക്കുക.

56. നീ സദാസമയവും സുവിശേഷപ്രസംഗകനായിരിക്കുക. സുവിശേഷാനുസൃതമായ ജീവിതം നീ നയിക്കുമ്പോൾ നീ സുവിശേഷപ്രസംഗകനായിരിക്കും.

57. മറേറലോകം ഉണ്ടെന്നു് ഈ ലോകത്തെ കാണിക്കുക. നീ ഈ ലോകത്തെ നിന്ദിക്കുമ്പോൾ, മറേറലോകം ഉണ്ടെന്നു് നീ കാണിക്കുകയായിരിക്കും ചെയ്യുക.

58. എന്റെ സഹോദരനായ ഹെസീക്കിയസേ, വഞ്ചിക്കുന്ന ഒരു ലോകത്തിലാണു നാം ജീവിക്കുന്നതെന്നു നീ മനസ്സിലാക്കുക. നമുക്കു വഴിതെററുന്നു എന്നു നാം മനസ്സിലാക്കിയാൽ തെററു വഞ്ചനാപരമായി നമ്മെ കീഴടക്കുകയില്ല. സ്വപ്നം കാണുന്നവരെപ്പോലെയാണിതു്: തങ്ങൾ സ്വപ്നം കാണുകമാത്രമാണെന്നും യാഥാർത്ഥ്യലോകത്തല്ലെന്നും തങ്ങളുടെ സ്വപ്നത്തിൽ അവർ മനസ്സിലാക്കിയാൽ, തങ്ങൾ കാണുന്നതുകൊണ്ടു് അവർ വഴിതെററിപ്പോവില്ല. ഈ ലോകത്തിൽ ഒരു തരം വഞ്ചനയിൽ ആണു നാം ജീവിക്കുന്നതെന്നുള്ള ബോധ്യത്തിനു് അർഹനായ വ്യക്തിയെ സംബന്ധിച്ചും ഇതു വാസ്തവമാണ്. അത്തരം വ്യക്തി ഭൗമികവസ്തുക്കളോടുള്ള സ്നേഹത്താൽ ചഞ്ചലപ്പെടുകയില്ല.

59. അതുകൊണ്ടു്, എന്റെ വാത്സല്യവാനേ, ശരീരത്തിൽ നിന്നു നാം വേർപിരിയുന്നതിനുമുൻപ് നമുക്കു സ്വയം പൂർണരാക്കാം. നമ്മുടെ ജീവിതത്തിലെ ഓരോ ദിവസവും നമ്മുടെ അവസാനദിവസമായി സങ്കല്പിക്കണം. രക്ഷയുടെ

www.malankaralibrary.com



വ്യാപാരച്ചരക്കുകൾ തേടുന്നവനെപ്പോലെ, എവിടെയാണു ലാഭം എവിടെയാണ നഷ്ടം എന്നറിയാൻ നിൻെറ സ്വന്തം കച്ചവടച്ചരക്കിൻെറ ഇനവിവരപ്പട്ടിക അനുദിനം തയ്യാറാക്കണം.

60. വൈകുന്നേരം നിൻെറ ചിന്തകളെ ഏകാഗ്രമാക്കി ആ ദിവസത്തിലെ എല്ലാ ചെയ്തികളെക്കുറിച്ചും ചിന്തിക്കുക: നിന്നോടു ദൈവത്തിനുള്ള വലിയ പരിപാലനയെ പരിഗണിക്കുക; ആ ദിവസം മുഴുവൻ ദൈവം നിനക്കു നൽകിയ കൃപയെപ്പററി ധ്യാനിക്കുക; ചന്ദ്രൻെറ ഉദയം, പകൽവെളിച്ചത്തിൻെറ സന്തോഷം, എല്ലാ നാഴികയും എല്ലാ നിമിഷങ്ങളും, സമയവിഭജനങ്ങൾ, വിവിധ നിറങ്ങളുടെ ദർശനം, സൃഷ്ടിയുടെ മനോഹരമായ അലങ്കാരം, സൂര്യൻെറ ഗതിവിഗതികൾ, നിൻെറ തന്നെ ശാരീരിക വളർച്ച, എപ്രകാരം നീ സംരക്ഷിക്കപ്പെട്ടു എന്നതു് തുടങ്ങിയവയെപ്പററി ചിന്തിക്കുക, കാററടിക്കുന്നതു്, പഴുത്ത വിവിധതരം പഴങ്ങൾ, നിൻെറ സുഖസൗകര്യങ്ങൾക്കുവേണ്ടി പദാർത്ഥങ്ങൾ പ്രവർത്തിക്കുന്നതു്, നീ അപകടങ്ങളിൽ നിന്നു് എങ്ങനെ സംരക്ഷിക്കപ്പെട്ടു എന്നതു്, കൃപയുടെ മററെല്ലാ പ്രവർത്തനങ്ങൾ എന്നിവയും പരിഗണിക്കുക. ഇതേപ്പററിയെല്ലാം നീ ചിന്തിച്ചു കഴിയുമ്പോൾ നിന്നോടു ദൈവത്തിനുള്ള സ്നേഹത്തെപ്പററി നീ അത്ഭുതസ്തബ്ധനാകും; തൻെറ ദയാകർമ്മങ്ങളെക്കുറിച്ചുള്ള ചിന്ത നിൻെറ ഹൃദയത്തിൽ നുരഞ്ഞുപൊങ്ങുകയും ചെയ്യും.

61. ഈ കൃപാകർമ്മങ്ങൾക്കെതിരായി എന്തെങ്കിലും നീ ചെയ്തുപോയിട്ടുണ്ടെങ്കിൽ, അവയെപ്പററിയും ചിന്തിക്കുക: നിന്നോടുതന്നെ ഇപ്രകാരം ചോദിക്കുക; 'ഇന്നു് ദൈവത്തെ കോപിപ്പിക്കത്തക്ക രീതിയിൽ എന്തെങ്കിലും ഞാൻ പ്രവർത്തിച്ചോ? എന്നെ സൃഷ്ടിച്ച തിരുഹിതത്തിനു ചേരാത്ത രീതിയിൽ ഞാൻ എന്തെങ്കിലും ചിന്തിക്കയോ പറയുകയോ ചെയ്തുവോ?' അവിടുത്തേക്കു് അഹിതമായി എന്തെങ്കിലും ചെയ്തതായി നിൻെറ ഓർമ്മയിൽ വന്നാൽ, പ്രാർത്ഥനാപൂർവം കുറേനേരം എഴുന്നേററുനിന്നു് ആ ദിവസം മുഴുവനുമുള്ള ശുശ്രൂഷയിൽ നിനക്കു ലഭിച്ച കൃപകൾക്കു നന്ദി പറയുകയും നീ ചെയ്ത തെററിനു മാപ്പപേക്ഷിക്കുകയും ചെയ്യുക. ഈ രീതിയിൽ ശാന്തമായും പാപം കൂടാതെയും നിനക്കു് ഉറങ്ങാൻ സാധിക്കും.

62. ഒരാൾ മററൊരാളോടു തെററു ചെയ്താൽ, തെററു ചെയ്തവനോടു നാം ഏഴു് എഴുപതു പ്രാവശ്യം ക്ഷമിക്കണമെന്നു് മനുഷ്യരുടെ കാര്യത്തിൽ ദൈവം തൻെറ കൃപയാൽ കല്പിച്ചി

www.malankaralibrary.com



ട്ടുണ്ടെങ്കിൽ (മത്താ 18: 22) തന്റെ പാപങ്ങളെപ്രതി അപേക്ഷകം സമർപ്പിക്കുന്ന വ്യക്തിയോടു ദൈവം എത്രയധികമായി ക്ഷമിക്കയില്ല.

63. നമ്മേക്കാൾ പ്രാമാണ്യമുള്ള വ്യക്തി നമ്മോടു കോപിച്ചിരിക്കെ നാം ഭയത്തിലും ദുഃഖത്തിലും മാത്രമേ ഉറങ്ങാൻ പോകുകയുള്ളു; അങ്ങനെയിരിക്കെ തന്റെ നന്മയോടു നന്ദികേടുകാണിച്ച് ദിവസം മുഴുവൻ ദൈവത്തെ പ്രകോപിപ്പിച്ച നാം അതേപ്പററിയുള്ള അനുതാപ ചിന്തയാൽ ഖേദിക്കാതെ ഉറങ്ങാൻ പോകുന്നതു തികച്ചും അപരാധം തന്നെയാണ്.

64. ജീവിതകാലം മുഴുവൻ ഇപ്രകാരമായിരിക്കണം നിന്റെ അനുദിന പരിപാടി. രാത്രിയിലെ നിന്റെ ശുശ്രൂഷയെപ്പററി ഓരോ പ്രഭാതത്തിലും തിരിഞ്ഞുനോക്കണം; ദിവസത്തിലെ നിന്റെ ശുശ്രൂഷയെപ്പററി വൈകിട്ടു തിരിഞ്ഞു നോക്കണം: ദൈവഹിതാനുസരണം ശ്രദ്ധയിൽ ഇപ്രകാരം നിന്റെ പരിപാടികൾ പൂർത്തിയാക്കുക.

65. ദൈവതിരുമുമ്പാകെ നീ പ്രാർത്ഥനയ്ക്കായി നില്ക്കുമ്പോൾ, നിന്റെ മനസ്സ് ഏകാഗ്രചിത്തമായിരിക്കാൻ ശ്രദ്ധിക്കുക. മനപ്പകർച്ച ഉണ്ടാക്കുന്ന ചിന്തകളൊക്കെ ദൂരെയകററുക. ദൈവത്തിന്റെ യഥാർത്ഥ ഗാംഭീര്യം നിന്റെ ആത്മാവിൽ നിനക്ക് അനുഭവപ്പെടണം. നിന്റെ ചിന്തകളെ ശുദ്ധീകരിക്കുക: നിനക്ക് അവയുമായി പോരാട്ടം നടത്തേണ്ടതായിട്ടുണ്ടെങ്കിൽ, നിന്റെ പോരാട്ടത്തിൽ സ്ഥിരതയുള്ളവനായിരിക്കുക; പോരാട്ടം നിർത്തിവയ്ക്കരുത്. ദൈവം നിന്റെ സ്ഥിരോത്സാഹം ദർശിക്കയും പെട്ടെന്ന് കൃപ നിന്റെമേൽ ഉദിക്കുകയും ചെയ്യും; നിന്റെ ഹൃദയം തീക്ഷ്ണതയാൽ എരിയുകയും നിന്റെ ആത്മാവിന്റെ ചിന്തകൾ പ്രകാശിക്കുകയും ചെയ്യുമ്പോൾ നിന്റെ മനസ്സ് ശക്തി കണ്ടെത്തും. ദൈവമഹത്വത്തിന്റെ അത്ഭുതകരമായ ആന്തരിക ഉൾക്കാഴ്ചകൾ നിന്നിൽ നിന്ന് പൊട്ടിപ്പുറപ്പെടാനും ഇടയുണ്ട്: ഇത്തരം അപേക്ഷയുടെയും പ്രകാശപൂർണമായ ധാരണയുടെയും ഫലമായിട്ടാണ് ഇതുണ്ടാകുന്നതു്; നാം നല്ല സുഗന്ധദ്രവ്യങ്ങൾ നാറുന്ന പാത്രത്തിൽ ഇട്ടുവയ്ക്കാത്തതുപോലെ, ദൈവം തന്റെ യഥാർത്ഥമായ ഔന്നത്യത്തിന്റെ ഉൾക്കാഴ്ചകൾ ഇപ്പോഴും വൃത്തിഹീനമായിരിക്കുന്ന മനസ്സുകളിൽ ഉൽപ്പാദിപ്പിക്കാറില്ല.

66. "സർവശക്തനായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ആകാശവും ഭൂമിയും തന്റെ മഹത്വ

www.malankaralibrary.com



ത്താൽ നിറഞ്ഞിരിക്കുന്നു'' (ഏശ.6:3) എന്നു് നിന്റെ പ്രാർത്ഥനയുടെ ആരംഭത്തിൽ ദൈവസാന്നിദ്ധ്യത്തിൽ പറയാൻ ശ്രദ്ധിക്കണം. പിന്നീടു്, അനുയോജ്യമായവയെല്ലാം പ്രാർത്ഥനയിൽ അനുസ്മരിക്കുക: ദൈവത്തിന്റെ സഭയെ അനുസ്മരിക്കൽ, ബലഹീനർക്കും ആകുലക്കും വേണ്ടിയുള്ള അപേക്ഷകൾ, വഴിതെററിപ്പോയവർക്കുവേണ്ടിയുള്ള യാചന, പാപികളോടുള്ള അനുകമ്പ, തെററു ചെയ്തവരോടുള്ള ക്ഷമിക്കൽ എന്നിവ നിന്റെ പ്രാർത്ഥനയിൽ എപ്പോഴും ഉൾക്കൊണ്ടിരിക്കണം.

67. നിന്റെ ആത്മാവിന്റെ ചിന്തകളിൽ താഴെപ്പറയും വിധം നിരന്തരം പറയാൻ നിന്നെ ഇടയാക്കണമെ എന്നു് ദൈവമുമ്പാകെ അപേക്ഷിക്കുക: 'ദൈവമേ, അധ്വാനങ്ങൾക്കു പകരമായി വരുവാനിരിക്കുന്ന ലോകത്തിൽ നീ നിന്റെ കൃപയാൽ നൽകുവാൻ പോകുന്ന മഹത്വത്തിനു് എന്നെ യോഗ്യനാക്കണമെ; നിന്റെ വരവിന്റെ വലിയ ദിവസത്തിൽ നിന്റെ നീതി എന്നെ വിധിക്കരുതേ. ദൈവമേ, നിന്റെ ദയയിൽ നിന്നെക്കുറിച്ചുള്ള യഥാർത്ഥജ്ഞാനത്തിനും നിന്റെ പരിപൂർണ സ്നേഹത്തിലുള്ള ഭാഗഭാഗിത്വത്തിനും എന്നെ യോഗ്യനാക്കണമെ.' – നിന്റെ അപേക്ഷയുടെ അന്ത്യത്തിലെത്തുമ്പോൾ, നമ്മുടെ കർത്താവായ മിശിഹാ തന്റെ ശിഷ്യന്മാർക്കു കൊടുത്ത പ്രാർത്ഥനകൊണ്ടു് നിന്റെ പ്രാർത്ഥന അവസാനിപ്പിക്കുക. ഇതിലെല്ലാം തൽപ്പരനായിരിക്കുക; ഇതേപ്പററി ധ്യാനിക്കുക; അതുവഴി ദൈവത്തിന്റെയും മനുഷ്യരുടെയും മുൻപാകെ പ്രാർത്ഥനകൾ അർപ്പിക്കാൻ നിനക്കു കഴിയും.

68. എന്റെ സഹോദരാ, നിന്നിൽ ഇപ്പോൾ ചിത്രണം ചെയ്തിരിക്കുന്ന ദിവ്യസൗന്ദര്യത്താൽ നിന്റെ ജീവിതാവസാനം നീ അലങ്കരിക്കപ്പെടുമെന്നു് ആത്മധൈര്യത്തോടെയിരിക്കേണ്ട; നിന്റെ ഏകാഗ്രതയെ കുറയ്ക്കുന്നതിനു് അതു വഴി തെളിച്ചേക്കും; അതു ഫലപ്രാപ്തിയിൽ എത്തിക്കുന്നതിൽ നീ വിജയിക്കുന്നതിനു മുൻപു് ഉദാസീനൻ ആകാനും ഇടയുണ്ടു്. കപ്പൽ സുരക്ഷിതമായി തുറമുഖത്തു് യാത്ര അവസാനിപ്പിക്കും എന്നു് മുൻകൂട്ടി പറയാൻ സാധിക്കാത്തതുപോലെ, നാമോരോരുത്തരെ സംബന്ധിച്ചും,കാലിടറാതെ നാം നമ്മുടെ ജീവിതയാത്ര അവസാനിപ്പിക്കും എന്നു് ഉറപ്പും ഇല്ല.

69. നിന്റെ ജീവിതം സദ്പ്രവൃത്തികളിൽ സംരക്ഷിക്കപ്പെടേണ്ടതു് ഇപ്രകാരമാണ്: നിന്റെ മരണത്തിന്റെ ചിത്രം

www.malankaralibrary.com



നിരന്തരം നിന്റെ കണ്ണുകൾക്കു മുമ്പിലുണ്ടായിരിക്കണം; എന്തുകൊണ്ടെന്നാൽ, അടുത്ത ദിവസത്തേപ്പററിയുള്ള പ്രതീക്ഷയില്ലാതെ ജീവിക്കുന്നയാൾ, ഇന്നു മാത്രമേയുള്ളു എന്നതുകൊണ്ട് ഭയത്തോടുകൂടി പ്രവർത്തിക്കുന്നു. തന്റെ ജീവിതം ഒററദിവസം കൊണ്ടവസാനിക്കും, നാളെയെപ്പററി പ്രതീക്ഷയില്ല എന്നു കണ്ട് പാപങ്ങളിലോ, സംയമമില്ലായ്മയിലോ മുഴുകാൻ സ്വയം അനുവദിക്കുന്ന ഏതു് വ്യക്തിയാണുള്ളതു്?

70. നിനക്കു മനസ്സിലാക്കാൻ കഴിയും വിധവും നിന്റെ ജീവിതരീതിക്കനുസൃതമായും, നിന്റെ സ്നേഹം നിർബന്ധിച്ചതിനാൽ, മിശിഹായിൽ നിനക്കുള്ള വിജ്ഞാനത്തെപ്രതി, നമ്മുടെ ഇടയിലുള്ള സൗഹാർദം നിമിത്തം കുറേ കാര്യങ്ങൾ നിനക്കു ഞാൻ എഴുതിയിരിക്കുന്നു. ഇത്ര ഉന്നതമായ മഹനീയാവസ്ഥയ്ക്കു് നിന്നെ യോഗ്യനാക്കിയ നമ്മുടെ കർത്താവു്, ഇതു നിനക്കു ലഭിക്കുന്നതിനും നിന്റെ ജീവിതത്തെ കാക്കുന്ന ആ ദയയാൽ അതു നിന്റെ സ്വന്തമാകുന്നതിനും ഇടയാക്കട്ടെ. നമ്മുടെ രക്ഷകൻ വെളിപ്പെടുന്ന ആ ദിവസത്തിലേക്കു് നിന്റെ വിശ്വാസജീവിതത്തിൽ നീ ഉറപ്പുള്ളവനായിരിക്കട്ടെ. വിധിയിൽ മിശിഹാ എന്നോടും കരുണ കാണിക്കാനായി തന്റെ ദയയോടു് എനിക്കുവേണ്ടി അപേക്ഷിക്കുവാൻ ഞാൻ നിന്നോടു് കേണപേക്ഷിക്കുന്നു.

www.malankaralibrary.com

# 6

# മാബുഗിലെ ഫീലൊക്സീനൂസ്

## പ്രാർത്ഥന

### ആമുഖം

സുറിയാനിസഭയിലെ ഒരു പ്രശസ്ത ഗ്രന്ഥകാരനാണ് ഫീലൊക്സീനൂസ്. സിറിയായിലെ മാബുഗിൽ അദ്ദേഹം മെത്രാനായിരുന്നു (485–523). കൽക്കദോനിയായിലെ (451) വിശ്വാസ നിർവചനത്തെ എതിർത്ത പ്രമുഖ ചിന്തകൻ എന്ന നിലയിലാണ് അദ്ദേഹം പൊതുവെ അറിയപ്പെടുന്നതു്. മനുഷ്യാവതാരരഹസ്യം സ്പഷ്ടമായി അവതരിപ്പിക്കുന്നതിൽ സിനഡ് പരാജയപ്പെട്ടു എന്നു് അദ്ദേഹം കരുതി. അന്നത്തെ സഭാ ചർച്ചകളിലൊക്കെ അദ്ദേഹം സജീവമായി പങ്കെടുത്തു. ഒരു താർക്കികനെന്നതിലുപരി ഒരാധ്യാത്മിക ഗ്രന്ഥകാരൻ കൂടിയായിരുന്നു അദ്ദേഹം. സുറിയാനിക്കാരനായിരുന്ന അദ്ദേഹം ഗ്രീക്കും സുറിയാനിയും കൂടി കോർത്തിണക്കുന്നതിനു ശ്രമിച്ചു.

പേർഷ്യൻ സാമ്രാജ്യത്തിലാണ് അദ്ദേഹം ജനിച്ചതു്. ആധുനിക ഇറാനിലെ കിർക്കുക്കിനടുത്താണ് ജന്മസ്ഥലം. അദ്ദേഹം എഡേസ്സയിലെ ദൈവശാസ്ത്രകലാലയത്തിൽ പഠിച്ചു. അഞ്ചാം നൂററാണ്ടിൻെറ മധ്യകാലഘട്ടത്തിലെ ക്രിസ്തുശാസ്ത്ര തർക്കങ്ങളിൽ, പ്രസ്തുത കലാലയത്തിലെ അധ്യാപകർ അന്ത്യോക്യൻ ക്രിസ്തുശാസ്ത്രം, മൊപ്സുവെസ്ത്യായിലെ തിയഡോറിൻെറ ഭാഷ്യത്തിൽ, സ്വീകരിച്ചു. എന്നാൽ ഫീലൊക്സീനൂസ് ഉൾപ്പെടെയുള്ള ചില വിദ്യാർത്ഥികൾ അലക്സാന്ത്രിയായിലെ വിശുദ്ധ സിറിലിൻെറ ക്രിസ്തുശാസ്ത്രരീതി സ്വന്തമാക്കി.

www.malankaralibrary.com



ഇക്കാരണത്താൽ എഡേസ്സൻ കലാലയത്തിൽ അഭിപ്രായ സംഘട്ടനം നടന്നു. അതിന്റെ ഫലമായി ഫീലൊക്സീനൂസ് കലാലയത്തിൽനിന്നു ബഹിഷ്കൃതനായി. അന്ത്യോക്യയിലെ കാൽസിഡൺ വിരുദ്ധ പാത്രിയർക്കീസായ പീററർ ഫുള്ളറിന്റെ സ്നേഹിതനായിത്തീർന്ന ഫീലൊക്സീനൂസ് സിറിയായിലെ സഭകളിൽ അറിയപ്പെട്ട വ്യക്തിയായി ഉയർന്നു. ക്രി. വ. 485–ൽ അന്ത്യോക്യയുടെ വടക്കുകിഴക്കുള്ള മാബുഗിൽ മെത്രാനായി. പുതിയ നിയമത്തിന്റെ ഒരു പുതിയ സുറിയാനി വിവർത്തനം ഉണ്ടാക്കാൻ അദ്ദേഹം നേതൃത്വം കൊടുത്തു. ഗ്രീക്കു ബൈബിളുമായി കൂടുതൽ ഒത്തുപോകുന്ന തരത്തിലായിരുന്നു അദ്ദേഹത്തിന്റെ വിവർത്തനം. തന്റെ കോറെപ്പിസ്കോപ്പായായ പോളിക്കാർപ്പിന്റെ സഹായത്തോടുകൂടെ 507/8–ൽ ആണ് ഈ പതിപ്പുണ്ടാക്കിയതു്. അന്നു നിലവിലിരുന്ന 'പുരാതന സുറിയാനി' ടെക്സ്റ്റിൽ പരിഷ്കാരങ്ങൾ വരുത്തിയതാണ് ഈ പതിപ്പ്. പ്ശീത്താ ടെക്സ്റ്റിനേക്കാൾ ദൈവശാസ്ത്രപരമായി കുറേക്കൂടി കൃത്യമായ പദപ്രയോഗങ്ങളാണ് ഈ പതിപ്പിലുള്ളതു്. [1]

അനസ്താസിയൂസ് ചക്രവർത്തി 518–ൽ മരിച്ചപ്പോൾ പിൻഗാമിയായ ജസ്റ്റിൻ മതസംഗതികളിൽ പുതിയ നയം സ്വീകരിച്ചു. സാമ്രാജ്യത്തിലുള്ള മെത്രാന്മാരെല്ലാം കാൽസിഡൺ വിശ്വാസപ്രഖ്യാപനം അംഗീകരിക്കണം എന്നു് നിർബന്ധിച്ചു. അതിനു വിസമ്മതിച്ചവരെ നാടുകടത്തി. ഫീലൊക്സീനൂസും വിസമ്മതിച്ചവരിൽ ഉൾപ്പെടുന്നു. അദ്ദേഹം പഫ്ലഗോണിയായിലേക്കു നാടുകടത്തപ്പെട്ടു. അഞ്ചുവർഷം കഴിഞ്ഞു് (523–ൽ) അവിടെ വച്ചു മരിച്ചു.

ഭാഷ്യകൃതികൾ, താത്വികകൃതികൾ, താപസ്സകൃതികൾ എന്നിങ്ങനെ അദ്ദേഹത്തിന്റെ കൃതികളെ മൂന്നായി തിരിക്കാം. യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രാരംഭ ഭാഗത്തെക്കുറിച്ചുള്ള ഭാഷ്യം, ത്രിത്വത്തെപ്പററിയും മനുഷ്യാവതാരത്തെപ്പററിയും ഉള്ള മൂന്നു ചർച്ചകൾ എന്നിവ പ്രമുഖ കൃതികളാണ്. മൂന്നാമത്തെ ഗണത്തിൽ പെടുന്നതാണ് അദ്ദേഹത്തിന്റെ പതിമൂന്നു് പ്രതിപാദനങ്ങൾ (Discourses). ആധ്യാത്മിക വിഷയങ്ങളെ ആധാരമാക്കിയുള്ളതാണ് ഈ ആധ്യാത്മിക പ്രതിപാദനങ്ങൾ. അദ്ദേഹത്തിന്റെ പല ലേഖനങ്ങളും നമുക്കു കിട്ടിയിട്ടുണ്ടു്. ആധ്യാത്മിക വിഷയങ്ങളാണ് പലതിലെയും

1. ജി. ചേടിയത്തു്, സഭാചരിത്രപഠനങ്ങൾ,[2] 1988, പേ. 217.

www.malankaralibrary.com



പ്രതിപാദ്യവിഷയം. അത്തരത്തിൽപ്പെട്ട ഒരു കത്താണ് താഴെ വിവർത്തനം ചെയ്തിരിക്കുന്ന ആദ്യരേഖ. മററു മൂന്നു രേഖകളും പ്രാർത്ഥനയെപ്പററിയുള്ള ആധ്യാത്മിക ചർച്ചകളാണ്. ഫീലൊക്സീനൂസിന്റെ ചിന്തയെ സോപാനഗ്രന്ഥം സ്വാധീനിച്ചിട്ടുണ്ട് (മുകളിൽ പേ. 46 കാണുക). സ്നാനത്തോടുകൂടി പരിശുദ്ധാത്മാവു മനുഷ്യനിൽ പ്രവേശിക്കുന്നു. സ്നാനാനന്തരം ഉണ്ടായേക്കാവുന്ന തെററുകുററങ്ങൾ മൂലം പരിശുദ്ധാത്മാവു പുറപ്പെട്ടുപോകുന്നില്ല, എന്നാൽ വിശ്വാസധ്വംസനം പരിശുദ്ധാത്മാവിനെ ബഹിഷ്കരിക്കാൻ പര്യാപ്തമാണ്. – ഈ പ്രശ്നം ആദ്യരേഖ ചർച്ച ചെയ്യുന്നു. മററു മൂന്നു രേഖകൾ പ്രാർത്ഥനയെപ്പററിയുള്ള ചെറിയ ചർച്ചകളാണ്.

ഫീലൊക്സീനോസിനെപ്പററിയുള്ള നല്ലൊരാമുഖത്തിനു *DS* 12 (1984) col. 1392-7 കാണുക. കൂടുതൽ പഠനങ്ങൾക്കു See S. Brock, *op. cit.* p. 132-3; താഴെ കാണുന്ന നാലു രേഖകളും വിവർത്തനം ചെയ്തിരിക്കുന്നതു, S. Brock, p. 106-131 ൽ നിന്നാണ്.

## പരിശുദ്ധാത്മാവിന്റെ ആന്തരിക വാസത്തെക്കുറിച്ച്

പാപംചെയ്യുന്ന വ്യക്തിയിൽനിന്നു പരിശുദ്ധാത്മാവ് പുറപ്പെട്ടുപോകുകയും അനുതപിക്കുമ്പോൾ തിരികെ വരികയും ചെയ്യുമോ എന്നു ചോദിച്ച വ്യക്തിക്കു മറുപടിയായി ഭാഗ്യവാനായ മാർ ഫീലൊക്സീനൂസ് എഴുതിയ മെമ്രാ.

യഥാർത്ഥവിശ്വാസത്തിൽ ഉന്നയിക്കപ്പെടുന്ന, പ്രശ്നങ്ങൾക്കെല്ലാം ഉള്ള മറുപടി വിശുദ്ധഗ്രന്ഥത്തിൽ കാണപ്പെടുന്നതിനാൽ, നമ്മുടെ അഭിപ്രായങ്ങളല്ല, വിശുദ്ധഗ്രന്ഥ പ്രബോധനമാണ് ഇത്തരം ചോദ്യങ്ങൾക്കു മറുപടിയായി നൽകേണ്ടതു്. കൂടാതെ, മനസ്സിൽ തോന്നുന്ന ഓരോ ചോദ്യവുമല്ല നാം ഉന്നയിക്കേണ്ടതും പരസ്പരം ചോദിക്കേണ്ടതും; പിന്നെയോ, ചോദിക്കേണ്ടവ മാത്രം ചോദിക്കണം; അതു പ്രയോജനകരമായ രീതിയിൽ ഉന്നയിക്കയും വേണം. എന്തുകൊണ്ടെന്നാൽ, 'എങ്ങനെ പാപം ചെയ്യാതിരിക്കാം, അല്ലെങ്കിൽ, പാപത്തിൽ വീഴാനിടയായാൽ എങ്ങനെ ഏററം വേഗത്തിൽ ആ പാപത്തെപ്പററി വെറുപ്പുണ്ടാകയും അനുതാപത്തിലേക്കു തിരിയുകയും ചെയ്യാം' എന്നു ചോദിച്ചു മനസ്സിലാക്കാനല്ലെങ്കിൽ

www.malankaralibrary.com



'പാപം ചെയ്യുന്ന അവസരം പരിശുദ്ധാത്മാവ് മനുഷ്യരിൽ നിന്നു പുറപ്പെട്ടുപോകുകയും അവൻ അനുതപിക്കുമ്പോൾ തിരികെ വരികയും ചെയ്യുമോ?' എന്നു് ഒരു ശിഷ്യൻ ചോദിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണ്.

എങ്ങനെ പാപത്തിൽ വീഴാതിരിക്കാം എന്ന വിഷയത്തെക്കുറിച്ച് ഗഹനമായ അനേകം ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. അതുപോലെ നമ്മെ പാപത്തിൽ വീഴ്ത്തുന്നതിനു പിശാച് ഒരുക്കുന്ന നിരവധി പ്രച്ഛന്ന കെണികളും ഉണ്ട്. അവന്റെ ഒന്നാമത്തെ ലക്ഷ്യം നമ്മെ കെണിയിൽ വീഴ്ത്തുകയാണ്; ഒരിക്കൽ അങ്ങനെ ചെയ്തുകഴിഞ്ഞാൽ, നമ്മുടെ ബന്ധനങ്ങളിൽനിന്നു നാം രക്ഷപെടാതിരിക്കാനുള്ള മാർഗ്ഗങ്ങൾ ഒരുക്കുന്നു. നാം ബന്ധിക്കപ്പെടുന്നതും, ബന്ധിക്കപ്പെട്ടാൽ മോചിക്കപ്പെടാതിരിക്കുന്നതും നമ്മുടെ ശത്രുവിന്റെ ലക്ഷ്യമായിരിക്കുന്നതുപോലെ, നാം പാപം ചെയ്യാതിരിക്കുന്നതും, പാപത്തിൽ വീഴാനിടയായാൽ അനുതപിക്കുന്നതും കൃപയുടെ സഹായകരമായ പ്രേരണകളാണ്.

നാം പാപം ചെയ്യുമ്പോൾ പരിശുദ്ധാത്മാവു നമ്മിൽനിന്നു പുറപ്പെട്ടുപോകുമോ ഇല്ലയോ എന്ന പ്രശ്നം ഈ വിഷയം ചർച്ച ചെയ്യുവരുടെയും ഇതേപ്പററി പഠിക്കാൻ ആവശ്യമുള്ള മററാളുകളുടെയും പ്രയോജനാർത്ഥം ഞാൻ ചുരുക്കമായി ചർച്ച ചെയ്യുന്നു.

നമ്മുടെ മാമോദീസായുടെ അവസരം ദൈവകൃപയാൽ സ്നാനജലത്തിൽവച്ച് നാം പരിശുദ്ധാത്മാവിനെ സ്വീകരിച്ചു; അവിടുന്ന് കുറെ സമയം നമ്മോടുകൂടിയിരിക്കണം, കുറെ സമയം നമ്മെ വിട്ടുപോകണം എന്നതായിരുന്നില്ല അവനെ സ്വീകരിച്ചപ്പോൾ നമ്മുടെ ഉദ്ദേശ്യം; പിന്നെയോ നാം അവനു് ആലയങ്ങളായിരിക്കണമെന്നും അവൻ നമ്മിൽ തുടർച്ചയായി വസിക്കണമെന്നും ഉള്ളതായിരുന്നു താല്പര്യം. പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ, 'നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാകുന്നു; ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു;' വീണ്ടും, 'ദൈവത്തിൽനിന്നു നിങ്ങൾ സ്വീകരിച്ചതും നിങ്ങളിൽ വസിക്കുന്നതുമായ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണ് നിങ്ങളുടെ ശരീരങ്ങൾ എന്നു നിങ്ങൾ അറിയുന്നില്ലയോ? കാരണം, നിങ്ങൾ വലിയ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്; അതുകൊണ്ടു് നിങ്ങൾ നിങ്ങളുടെ ശരീരംകൊണ്ടും നിങ്ങളുടെ ആത്മാവുകൊണ്ടും ദൈവത്തെ സ്തുതിക്കുവിൻ; അവയെല്ലാം ദൈവത്തിന്റേതാകുന്നു' (1കൊറി 3:16; 6 19–20).

www.malankaralibrary.com



നമ്മുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവുമൂലം, നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളും സ്മാരകമന്ദിരങ്ങളും ആണെങ്കിൽ വചനം വഴിയോ പ്രവൃത്തി വഴിയോ ഉള്ള ഒരു പാപത്തിനും ദൈവത്തിന്റെ ആലയത്തെ തകർക്കാൻ സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ, ഏതെങ്കിലും പ്രവൃത്തിവഴിയുള്ള പാപം, ദൈവത്തെ നിഷേധിക്കുന്നതിൽനിന്നു പാടേ വ്യത്യസ്തമാണ്. അതുപോലെ ഒരു സ്വാഭാവിക പുത്രൻ തന്റെ പിതാവിനെതിരായി എത്ര പാപം ചെയ്താലും, തന്റെ പിതാവിനെതിരെ പാപം ചെയ്തു എന്നതുകൊണ്ട് അവന്റെ മകനല്ലാതായിത്തീരുന്നില്ല. നമ്മുടെ ഏതെങ്കിലും പ്രവൃത്തിവഴി നാം പാപം ചെയ്യാൻ ഇടയായാലും ദൈവത്തിലുള്ള നമ്മുടെ വിശ്വാസം ഇളക്കം കൂടാതെ നിലനില്ക്കുന്നു; അതുവഴി നാം നമ്മുടെ ദൈവപുത്രത്വം നഷ്ടപ്പെടുത്തുന്നില്ല. തന്റെ പിതാവ് അവർക്കുള്ള അവകാശം എടുത്തു കളയാത്തിടത്തോളം കാലം, മകൻ എത്ര തെററുകുററങ്ങൾ ചെയ്താലും 'മകൻ' എന്ന ബഹുമാനസംജ്ഞ ഇല്ലാതാകുന്നില്ല.

വേശ്യകളോടു കൂടെ ജീവിച്ച് തന്റെ പിതാവിന്റെ സ്വത്തു നശിപ്പിക്കയും തന്റെ സമ്പത്ത് ധൂർത്തടിക്കയും ചെയ്ത ഇളയമകന്റെ കാര്യവും ഇതുപോലെയാണ് (ലൂക്കാ. 15:1). ഇപ്രകാരമൊക്കെ അവൻ ചെയ്തിട്ടും 'പുത്രൻ' എന്ന ബഹുമാന സംജ്ഞ അവനു നഷ്ടപ്പെട്ടില്ല. മറിച്ച്, തന്റെ പിതാവിനെ വിട്ടുപേക്ഷിച്ച് അടിമത്തത്തിന്റെ ദേശത്ത് ആയിരിക്കവെ തന്നെ അവൻ ഇപ്രകാരം അനുസ്മരിച്ചു: 'എന്റെ പിതാവിന്റെ ഭവനത്തിൽ ആവശ്യത്തിൽ കൂടുതൽ അപ്പം ലഭിക്കുന്ന എത്രയോ കൂലിവേലക്കാർ ഈ നിമിഷം ഉണ്ട്; ഞാനാകട്ടെ, ഇവിടെ വിശപ്പുകൊണ്ടു നശിക്കുന്നു' (ലൂക്കാ. 15:17). അവൻ ഇപ്പോഴും ഒരു പാപിയാണെങ്കിലും, തന്റെ പിതാവിൽ നിന്നു് ലഭിച്ച മുഴുവൻ ഓഹരിയും തന്റെ ദുഷ്ക്കർമ്മങ്ങൾ കൊണ്ടു് കാററിൽ പറത്തി കൊടിയ അപരാധം ചെയ്തുവെങ്കിലും, അവൻ ദൈവത്തെ തന്റെ 'പിതാവേ' എന്നു വിളിച്ചു. ദൈവത്തെ 'പിതാവേ' എന്നു വിളിക്കാൻ അവനെ അധികാരപ്പെടുത്തിയ ആത്മാവിന്റെ ദാനം അവനിൽ നിന്നു വിട്ടുപോയില്ല എന്നാണ് ഇതു സൂചിപ്പിക്കുന്നത്.

യഥാർത്ഥത്തിൽ, നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ അധികാരത്താൽ മാത്രമേ ഈ രീതിയിൽ അഭിസംബോധന ചെയ്ത് 'പിതാവേ', എന്നു വിളിക്കാൻ നമുക്കു സാധിക്കൂ. എന്തുകൊണ്ടെന്നാൽ, മാമോദീസായുടെ വിശുദ്ധ പുനർജന്മത്താൽ ദൈവത്തിന്റെ മക്കളായി ഇതുവരെ തീരാത്തവർക്കു് ഈ പദം

www.malankaralibrary.com



ഉപയോഗിക്കാൻ അധികാരമില്ല എന്നതു് സുപ്രസിദ്ധമാണല്ലോ. 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ നാമം പരിശുദ്ധമാകപ്പെടണമെ' എന്നു പറയുവാൻ അവർക്കു് അവകാശമില്ല. അവർക്കു് ഈ അധികാരം നൽകാൻ അവരുടെ ഉള്ളിൽ ഇപ്പോഴും പരിശുദ്ധാത്മാവു് ഇല്ല എന്നതാണ് ഇതിനുള്ള വ്യക്തമായ കാരണം. നമ്മുടെ കർത്താവു നമുക്കു കൈമാറിയ പാരമ്പര്യമനുസരിച്ചു്, പുതുതായി സ്നാനം സ്വീകരിച്ച എല്ലാവരും ദിവ്യരഹസ്യങ്ങളെ സമീപിക്കുമ്പോൾ ആത്മവിശ്വാസത്തോടുകൂടെ ഈ പ്രാർത്ഥന ചൊല്ലുകയും അതിനുശേഷം വിശുദ്ധ രഹസ്യങ്ങളെ സമീപിക്കയും ചെയ്യണം എന്നതു് എല്ലാവർക്കും അറിവുള്ളതാണല്ലോ. നാമെല്ലാവരും, ലഘുവായോ ഘനമായോ വിചാരത്തിലോ പ്രവൃത്തിയിലോ തെററു ചെയ്യുവരാണ്; പാപാപരാധം ഇല്ലാത്തതായി നമ്മിലാരും തന്നെയില്ല എന്നതു് സുവ്യക്തമാണ്. നാം എല്ലാം പാപാപരാധം ഉള്ളവരാണെങ്കിൽ, പരിശുദ്ധാത്മാവ് നമ്മെയെല്ലാം വിട്ടകന്നു പോയിരിക്കുമല്ലോ. അങ്ങനെയെങ്കിൽ നാം വിശുദ്ധ രഹസ്യങ്ങളെ സമീപിപ്പിക്കുമ്പോൾ 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ', എന്നു് വിളിച്ചപേക്ഷിക്കാനുള്ള ധൈര്യം നമുക്കു് എങ്ങനെ ഉണ്ടാകുന്നു? നമ്മുടെ പാപം നിമിത്തം പരിശുദ്ധാത്മാവ് നമ്മെ വിട്ടുപേക്ഷിച്ചെങ്കിൽ, ദൈവത്തെ 'പിതാവേ' എന്നു് ഏതു് അധികാരം ഉപയോഗിച്ചു നാം വിളിക്കും? അപ്രകാരം ചെയ്യാൻ നമ്മെ അനുവദിക്കുന്ന പരിശുദ്ധാത്മാവ് നമ്മിൽ ഇല്ലാതിരിക്കെ, നാം ഇപ്രകാരം ചെയ്താൽ അതു് ദൈവത്തിനെതിരെയുള്ള ഘോരപാപവും മത്സരവും ആയിരിക്കും; സ്വർഗത്തിലേക്കു കയറാൻ വേണ്ടി ബാബേൽ ഗോപുരം പണിതവർക്കു നാം തുല്യരായിരിക്കും (ഉല്പ 11:9). അല്ലെങ്കിൽ ധിക്കാരപൂർവം സ്വയം ദൈവമാകുകയും തനിക്കു നല്കപ്പെടാത്ത ബഹുമാനം തട്ടിയെടുക്കാൻ ആഗ്രഹിക്കുകയും ചെയ്യുവനെപ്പോലെയായിരിക്കും (ദാനി 3). അവനാകട്ടെ, അതിൻെറ ഫലമായി, തനിക്കുണ്ടായിരുന്ന ആ ബഹുമാനം നശിപ്പിച്ചു.

എന്നാൽ വിശുദ്ധ രഹസ്യങ്ങളുടെ അവസരം ദൈവത്തെ 'പിതാവേ' എന്നു വിളിക്കുന്ന വിശ്വാസി യഥാർത്ഥത്തിൽ അവരുടെ സ്വന്തമായിട്ടല്ല, പിന്നെയോ, ജനങ്ങളുടെ നേതൃസ്ഥാനത്തു നില്ക്കുന്ന വൈദികൻ അവരെ ഇതു ചൊല്ലാൻ അനുവദിക്കുന്നതുകൊണ്ടാണ് ഇപ്രകാരം ചെയ്യുന്നതു്. പാപം ചെയ്യുന്നവരിൽനിന്നു പരിശുദ്ധാത്മാവ് പുറപ്പെട്ടു പോകുന്നു എന്നു തെളിയിക്കപ്പെട്ടാൽ, ഇപ്രകാരം ചൊല്ലാൻ മററുള്ളവർക്കു് അനുവാദം കൊടുക്കാൻ അവനു സാധിക്കയില്ലെന്നു മാത്രമല്ല, അവനു

www.malankaralibrary.com



പോലും ദൈവത്തെ 'പിതാവേ' എന്നു വിളിക്കാൻ അധികാരം ഉണ്ടായിരിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ, "ദുഷ്ടതയോ കളങ്കമോ ഇല്ലാത്ത, യേശുമിശിഹാ എന്ന ഏക പ്രധാനാചാര്യൻ മാത്രമേയുള്ളു; അവിടുന്നു പൂർണമായും പാപവിമുക്തനും ആകാശത്തിനുമേൽ ഉയർത്തപ്പെട്ടവനുമാണ്" എന്നും (എബ്രാ. 7:26) പിന്നീട്, "പാപങ്ങൾക്കുവേണ്ടി ബലികളും കാഴ്ചകളും അർപ്പിക്കുവാൻ നിൽക്കുന്ന ഓരോ പ്രധാനാചാര്യനും ആദ്യം തനിക്കുവേണ്ടി ബലികൾ അർപ്പിക്കുന്നു; അതിനുശേഷം മാത്രം ജനങ്ങൾക്കുവേണ്ടി അർപ്പിക്കുന്നു" എന്നും (7:27) പൗലോസ് പറയുന്നതു് വാസ്തവമാണെങ്കിൽ, നമ്മളാരും, വൈദികരാകട്ടെ ജനങ്ങളാകട്ടെ, പൂർണമായും പാപവിമുക്തമായ അവസ്ഥയിലാണെന്നു് പ്രതീക്ഷിക്കാൻ വകയില്ല. പാപക്കറയുള്ള വ്യക്തിക്കാണ് അർപ്പണംവഴി രമ്യത ആവശ്യമായിരിക്കുക എന്നതു് അംഗീകരിച്ചിട്ടുള്ള കാര്യമാണല്ലോ.

മോശയുടെ ആദ്യ നിയമം അനുസരിച്ചു് ദൈവത്തിനു ബലിയർപ്പിച്ച ഓരോ പുരോഹിതനും ആദ്യമായി അതു തനിക്കു വേണ്ടിയും അതിനുശേഷം മാത്രം ജനങ്ങൾക്കുവേണ്ടിയും അർപ്പിച്ചു. അതുപോലെ, പുതിയനിയമത്തിന്റെ വ്യാപാരത്തിലും എല്ലാ പുരോഹിതരും ആദ്യമായി തങ്ങൾക്കുവേണ്ടിയും അതിനു ശേഷം ജനങ്ങൾക്കുവേണ്ടിയും ദൈവത്തിന് ബൗദ്ധികബലി അർപ്പിക്കുന്നു എന്നതു് സുപ്രസിദ്ധമാണല്ലോ (റോമ. 12:1). തന്റെ പാപങ്ങൾ ക്ഷമിക്കുന്നതിനും പാപകരമായ എല്ലാ ചിന്തകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും തന്റെ ആത്മാവിനെയും ശരീരത്തെയും ശുദ്ധീകരിക്കുന്നതിനും വേണ്ടി തന്റെ പ്രാർത്ഥനയിൽ പുരോഹിതൻ ആദ്യമായി പ്രാർത്ഥിക്കുന്നു. തന്റെ ആത്മാവിന്റെ നൈർമല്യത്തിന്റെ അളവനുസരിച്ചു് ഓരോ പുരോഹിതനും ഈ പ്രാത്ഥനകൾ ദൈവത്തിനു് അർപ്പിക്കുന്നു. ദിവ്യബലി പൂർത്തിയായിക്കഴിയുമ്പോൾ, പരിശുദ്ധാത്മാവിന്റെ ആവാസത്താൽ രഹസ്യങ്ങൾ പൂർത്തീകരിക്കപ്പെട്ടു കഴിയുമ്പോൾ, തനിക്കും ഇതാവശ്യമാകയാൽ, താൻ സ്വീകരിക്കുന്നതിനുമുമ്പ് കുദാശ മററുള്ളവർക്കു പങ്കിട്ടു കൊടുക്കുന്നില്ല; തനിക്കു് അതുവഴി അനുരഞ്ജനം ലഭിക്കാനാണ് താൻ ആദ്യമായി കുദാശ സ്വീകരിക്കുന്നതെന്നു് സഭ മുഴുവന്റെയും മുൻപാകെ അവൻ ഇപ്രകാരം പ്രഖ്യാപനം നടത്തുന്നു. ആദ്യം തനിക്കുവേണ്ടിയും പിന്നെ ജനങ്ങൾക്കുവേണ്ടിയും നേരത്തെ നടത്തിയ പ്രാർത്ഥന പ്രവൃത്തിപഥത്തിലെത്തിക്കാനായി അതിനുശേഷം മാത്രം അവൻ മററുള്ളവക്കു് അതു പങ്കിട്ടു കൊടുക്കുന്നു. കാരണം, അവൻ ആദ്യം തനിക്കുവേണ്ടിത്തന്നെ പ്രാർത്ഥന അർപ്പിച്ചില്ലായിരുന്നെങ്കിൽ, കുർബാന സ്വീകരണ

www.malankaralibrary.com



ത്തിനു് ആദ്യമായി അണയാൻ അവനു സാധിക്കുമായിരുന്നില്ല. ഇപ്രകാരം, താനൊരു പാപിയാണെന്നും, സ്വീകരണം വഴി അനുരഞ്ജനം നേടാനായി പാപി എന്ന നിലയിലാണ് താൻ കുദാശ സ്വീകരിക്കുന്നതെന്നും അവന്റെ അർപ്പണം സാക്ഷ്യപ്പെടുത്തുന്നു; അതേ അവസ്ഥയിലുള്ള എല്ലാവർക്കും അവൻ അതു പങ്കിട്ടു കൊടുക്കുന്നു.

ഇക്കാരണത്താൽ, ജനങ്ങൾക്കു രഹസ്യങ്ങൾ പങ്കിട്ടു കൊടുക്കുമ്പോൾ "പാപമോചനത്തിനായി ദൈവത്തിന്റെ ശരീരം" എന്നും "കുററങ്ങളുടെ മോചനത്തിനായി ദൈവപുത്രന്റെ രക്തം" എന്നും വൈദികൻ വിളിച്ചുപറയുന്നു. നമ്മുടെ കർത്താവു് തന്റെ ദിവ്യരഹസ്യങ്ങൾ തന്റെ ശിഷ്യർക്കു പങ്കിട്ടുകൊടുത്തപ്പോൾ ഉച്ചരിച്ച വാക്കുകൾ ഇതുവഴി വൈദികൻ അനുസ്മരിക്കയത്രേ ചെയ്യുക: 'ഇതു പാപമോചനത്തിനായി നിങ്ങൾക്കു വേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു; ഇതു് മോചനത്തിനായി നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തമാകുന്നു' (മത്താ. 26:26–8). ഇപ്രകാരം നാം നമ്മുടെ രക്ഷകന്റെ ദിവ്യരഹസ്യങ്ങളെ സമീപിക്കുമ്പോൾ, ആവശ്യക്കാരായ പാപികൾ എന്ന നിലയിലത്രേ സമീപിക്കുന്നതു്; കാരണം, രോഗാവസ്ഥയിലാണ് മരുന്നിന്റെ ആവശ്യം; രോഗിക്കു മാത്രമേ സൗഖ്യം ആവശ്യമുള്ളു. എന്തുകൊണ്ടെന്നാൽ, "രോഗികൾക്കല്ലാതെ സൗഖ്യമുള്ളവർക്കു വൈദ്യനെകൊണ്ടാവശ്യമില്ല" (മത്താ. 9:12). അതുകൊണ്ടു്, വൈദികനായാലും ജനങ്ങളായാലും ദിവ്യരഹസ്യങ്ങളെ സമീപിക്കുന്നവരെല്ലാം തങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി അവ സ്വീകരിക്കുന്നു എന്നതു് വ്യക്തമാണല്ലോ. നാം പാപികളായതിനാൽ, പരിശുദ്ധാത്മാവു് നമ്മിൽ ഇല്ലെങ്കിൽ, പിന്നെ ഏതു് അധികാരത്താലാണ് വൈദികൻ പരിശുദ്ധാത്മാവിനെ വിളിച്ചിറക്കുന്നതും ജനങ്ങൾ ദിവ്യരഹസ്യങ്ങളെ സമീപിക്കുന്നതും?

പരിശുദ്ധാത്മാവു് നമ്മിൽ ഇല്ലെങ്കിൽ നമ്മിൽ മാമോദീസായും ഫലദായകമല്ല എന്ന മറെറാരു വാദമുഖവും ഉണ്ടു്. മാമോദീസാ കൂടാതെ എങ്ങനെ ദിവ്യരഹസ്യങ്ങളെ സമീപിക്കാൻ കഴിയും? കാരണം, നാം പാപം ചെയ്യുമ്പോൾ പരിശുദ്ധാത്മാവു് നമ്മെ വിട്ടുപോകുമെങ്കിൽ നമ്മുടെ മാമോദീസായും നമ്മെ വിട്ടുപോകുന്നു എന്നതു വ്യക്തമാണല്ലോ. എന്തുകൊണ്ടെന്നാൽ, നമ്മുടെ മാമോദീസാ പരിശുദ്ധാത്മാവാണ്. "യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം നൽകി; നിങ്ങളാകട്ടെ, അധികനാൾ കഴിയുന്നതിനു മുൻപ് പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടും" എന്നു് നമ്മുടെ കർത്താവു തന്റെ ശിഷ്യരോടു

www.malankaralibrary.com



പറഞ്ഞപ്പോഠം (നട. 1:5). മാളികമുറിയിൽവച്ച് അഗ്നിനാവുകളുടെ സാദൃശ്യത്തിൽ ശിഷ്യന്മാരുടെമേൽ ഇറങ്ങിയ പരിശുദ്ധാത്മാവിനെപ്പററിയാണ് അവിടുന്ന് അരുളിച്ചെയ്തത്. പരിശുദ്ധാത്മാവിൻെറ ഈ ആവാസത്തെ മാമോദീസാ എന്ന് അവിടുന്ന വിളിക്കുന്നു; കാരണം, ശ്ലീഹന്മാർ പ്രാപിച്ച ആ സ്നാനം ആത്മാവുകൊണ്ടു മാത്രമുള്ളതായിരുന്നു; എന്തുകൊണ്ടെന്നാൽ, അവർ യോഹന്നാനിൽനിന്ന് ജലത്തിലുള്ള സ്നാനം നേരത്തെ സ്വീകരിച്ചു കഴിഞ്ഞിരുന്നു.

സ്നാനപ്പെട്ട നമ്മെ സംബന്ധിച്ചും ഇതുപോലെയാണ്: നാം മുക്കപ്പെട്ട ജലത്തിൻെറ നനവോ, നാം അഭിഷിക്തരായ എണ്ണയുടെ എണ്ണമയമോ നമ്മുടെ മരണശേഷം നമ്മോടുകൂടെ നിലനിൽക്കുകയില്ല; എന്നാൽ ജലത്തിലൂടെയും എണ്ണയിലൂടെയും നമ്മുടെ ആത്മാവിലും ശരീരത്തിലും കലർത്തപ്പെട്ട പരിശുദ്ധാത്മാവാകട്ടെ ഈ ജീവിതത്തിലും നമ്മുടെ മരണശേഷവും നമ്മോടുകൂടെ വസിക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നാണു നമ്മുടെ യഥാർത്ഥ മാമോദീസാ; ഇക്കാരണത്താൽ നാം എപ്പോഴും സ്നാനപ്പെട്ടവരായിരിക്കും; കാരണം, പരിശുദ്ധാത്മാവ് എപ്പോഴും നമ്മിലുണ്ട്; ഒരു പാപത്തിനും, വ്യഭിചാരത്തിനോ, മോഷണത്തിനോ, ജാരകർമ്മത്തിനോ, കള്ളസാക്ഷ്യത്തിനോ, ഇത്തരത്തിലുള്ള മററ് ഏതു കർമ്മത്തിനോ, നമ്മുടെ സ്നാനം നമ്മിൽനിന്ന് ഉരിഞ്ഞുകളയാൻ സാധിക്കയില്ല. ദൈവനിഷേധത്തിനും പിശാചുക്കളുമായുള്ള സഹവാസത്തിനും മാത്രമേ ഇതു സാധിക്കൂ. കാരണം, ഇത്തരം സന്ദർഭങ്ങളിൽ പരിശുദ്ധാത്മാവ് യഥാർത്ഥമായി പുറപ്പെട്ടുപോകുന്നു; കാരണം, സാത്താൻ വാസമുറപ്പിച്ചിരിക്കുന്ന സ്ഥലത്ത് വസിക്കാൻ അവിടുന്നിഷ്ടപ്പെടുന്നില്ല. കാരണം, "മിശിഹായ്ക്കു സാത്താനുമായും, വിശ്വാസിക്ക് അവിശ്വാസിയുമായും, ദൈവത്തിൻെറ ആലയത്തിനു പിശാചുക്കളുടെ ആലയവുമായി എന്തു സഖിത്വമാണുള്ളത്"? (2 കൊറി. 6:14).

മാമോദീസായിൽ ലഭിച്ച പരിശുദ്ധാത്മാവ് ആത്മാവിനെ വിട്ടുപോകുന്നു എന്ന് പറയാൻ നമുക്കു സാധിക്കുമെങ്കിൽ ഈ പാപങ്ങളുടെ ഫലമായിട്ടത്രേ അപ്രകാരം സംഭവിക്കുക; അതായത്, ഈ വഷളത്തത്തിൻെറ മുൻപിൽ അവിടുന്നു പുറപ്പെട്ടുപോകുന്നു – ഇത്തരം സംഗതികളെ വെറും 'പാപങ്ങൾ' എന്നു വിളിക്കുന്നതു ശരിയല്ല: ദൈവനിഷേധം വെറുമൊരു പാപമല്ല; ദൈവത്തിൻെറ അധികാരത്തിനെതിരെയുള്ള പരസ്യമായ മത്സരമാണത്; ദൈവത്തോട് പരസ്യമായി യുദ്ധം ചെയ്യുന്ന ശത്രുതാവസ്ഥയാണത്.

www.malankaralibrary.com



ഏതെങ്കിലും ചക്രവർത്തിയുടെ കീഴിലുള്ള ഒരു നഗരത്തിലെ പൗരന്മാർ, അല്ലെങ്കിൽ പ്രദേശത്തെ ജനങ്ങൾ, ചക്രവർത്തിയുടെ രൂപങ്ങൾ തകർക്കുകയോ, ഛായാചിത്രങ്ങൾ കത്തിച്ചു കളയുകയോ ചെയ്യാത്തിടത്തോളം കാലം, രഹസ്യമായോ പരസ്യമായോ തെറ്റു ചെയ്കയോ നിയമങ്ങൾ ലംഘിക്കുകയോ ചെയ്താലും, അതൊന്നും മത്സരമാകില്ല. ജനങ്ങളുടെ ഇടയിലുള്ള കലഹങ്ങൾ നിമിത്തം ഇപ്രകാരം സംഭവിക്കാനിടയായാൽ, ന്യായാധിപന്മാർ ഉടൻ തന്നെ അതിനു പരിഹാരം കണ്ടെത്തുന്നു. പ്രേരണ നൽകിയവർ മരണശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ നുഴഞ്ഞുകയററക്കാരനായ ഒരു സ്വേച്ഛാധിപതി ഒരു നഗരത്തിൽ കടന്നപ്പോൾ ആ ജില്ലയിലും നഗരത്തിലും ചക്രവത്തിക്കുള്ള അധികാരത്തിന്റെ പ്രതീകമായ ചക്രവർത്തിയുടെ രൂപങ്ങളെയും ഛായാചിത്രങ്ങളെയും നിന്ദിക്കുകയും തല്ലിത്തകർക്കുകയും ചെയ്തുകൊണ്ട് അവിടുത്തെ ജനങ്ങളോ ജില്ല മുഴുവനോ അയാളോടുകൂടി മത്സരിക്കാൻ ഇടയായാൽ, ഈ പ്രവൃത്തിയാൽ ആ നഗരത്തിന്മേൽ ചക്രവർത്തിക്കുള്ള അധികാരത്തെ അവർ നിഷേധിക്കയും അവനെതിരെ പരസ്യമായി മത്സരിക്കയുമത്രേ ചെയ്യുന്നത്. മാമോദീസായിലെ തങ്ങളുടെ വിശ്വാസപ്രഖ്യാപനാനന്തരം, പൈശാചിക സത്വങ്ങൾക്കു ബലി കഴിച്ചുകൊണ്ടോ മന്ത്രവാദം നടത്തുന്ന ആളുകളുമായി വേഴ്ച നടത്തിക്കൊണ്ടോ ദൈവത്തെ നിഷേധിക്കുന്നവരുടെ അവസ്ഥ വ്യക്തമായും ഇതിനു തുല്യമാണ്. തങ്ങളുടെ മുൻചക്രവർത്തിയുടെ ഭരണത്തെ തള്ളിക്കളയുകയും അപരിചിതനായ ഏകാധിപതിയെ അവർ അംഗീകരിക്കയും ചെയ്യുതിനാൽ മത്സരക്കാരനായ ഏകാധിപതി നുഴഞ്ഞുകയറി തന്റെ അധികാരം സ്ഥാപിച്ച നഗരത്തിൽ നിന്നു് ചക്രവർത്തിയുടെ നിയമങ്ങളും ഗവർമ്മെൻറും അപ്രത്യക്ഷമാകുന്നതുപോലെ മാമോദീസായിൽ അവർ സ്വീകരിച്ച പരിശുദ്ധാത്മാവു് അവരിൽനിന്നു പുറപ്പെട്ടുപോകുന്നു.

നാം പറഞ്ഞതു് അപ്രകാരം തന്നെയാണെന്നു് കൃത്യം എതിർവശത്തുനിന്നും മനസ്സിലാക്കാൻ സാധിക്കും. വിഗ്രഹങ്ങളെയും സൃഷ്ടവസ്തുക്കളെയും ആരാധിക്കുന്ന പുറജാതികളുടെ ഇടയിലും ഗ്രീക്കുകാരുടെയിടയിൽ പ്രശസ്തരായിത്തീർന്ന താത്വികരുടെ ഇടയിലും, നിരവധി സുകൃതങ്ങൾ ദർശിക്കാൻ സാധിക്കും: ചിലരിൽ നീതി; മററു ചിലരിൽ വ്യക്തിത്വപൂർണത; മററു് ചില മനുഷ്യർ ജഡത്തിന്റെ ദുരാശയെ നിഗ്രഹിച്ചു; ചിലർ ധനത്തോടുള്ള സ്നേഹത്തെ വെറുത്തു; വീണ്ടും മററു ചിലരുടെ ഇടയിൽ സ്വാഭാവിക സഹതാപവും ദർശിക്കാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ അവർ സേവിച്ച സാത്താൻ

www.malankaralibrary.com



തള്ളിക്കളഞ്ഞവയാണ് അവരിൽ കാണപ്പെട്ട ഈ സംഗതികളെല്ലാം. ഈ സുകൃതങ്ങളിൽ തൻെറ ദാസന്മാർ പ്രശസ്തരായിത്തീരുക എന്നതു് സാത്താന്നു് ഒട്ടും ഇഷ്ടമുള്ള കാര്യമല്ല. എന്നാൽ ഈ സുകൃതങ്ങൾ ഉണ്ടായിട്ടും ഈ മനുഷ്യർ സാത്താനെ തീരായി മത്സരിച്ചില്ല. അവർക്കു് ഈ സുകൃതങ്ങൾ ഉണ്ടായിരുന്നു എന്ന കാരണം കൊണ്ടു് അവർ സാത്താനെ തള്ളിപ്പറയുകയും ദൈവത്തെ അംഗീകരിക്കയും ചെയ്തു എന്നു് അവരെപ്പററി പറഞ്ഞുകൂടാ. മറിച്ചു്, അവരിൽ ഈ സുകൃതങ്ങൾ കാണപ്പെട്ടെങ്കിലും, അവർ യഥാർത്ഥത്തിൽ സാത്താനെ ഉപേക്ഷിച്ചു് ദൈവത്തെ അംഗീകരിക്കാഞ്ഞതിനാൽ, അവർ പുറജാതികളെന്നും പൈശാചിക ശക്തികളെ ആരാധിക്കുന്നവരെന്നും വിളിക്കപ്പെടുന്നു.

സ്നാനം സ്വീകരിക്കാത്ത ഒരു പുറജാതിക്കാരനോ ഒരു സമറിയാക്കാരനോ ഇന്നു് വിശുദ്ധ സ്നാനത്തിനണഞ്ഞാൽ, തൻെറ മുൻകാലത്തെ ചീത്ത പെരുമാററങ്ങളെപ്പററി അനുതപിച്ചില്ലെങ്കിൽ തന്നെയും, അവൻ സാത്താനെ തള്ളിപ്പറഞ്ഞു് മിശിഹായെ അംഗീകരിക്കുന്നു എന്ന സംഗതിയാൽ, അവൻ നീതിമാന്മാരുടെ ഇടയിൽ ഗണിക്കപ്പെടുകയും മിശിഹായുടെ സാമ്രാജ്യത്തിനുള്ളിൽ അവനു സ്ഥാനം ലഭിക്കയും ചെയ്യുന്നു. അവൻ സാത്താനെ തള്ളിപ്പറയുകയും ദൈവത്തെ അംഗീകരിക്കയും ചെയ്യുന്നു എന്നതിനാലാണു് അവൻ സ്നാനത്തിനണയുന്നതും പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതും; അല്ലാതെ തൻെറ ഏതെങ്കിലും പ്രവൃത്തി നിമിത്തമല്ല. മുമ്പു് അവർ എല്ലാവിധ ദുഷ്ടതയിലും ജീവിച്ചവരാണെങ്കിലും, അവരുടെ ദൈവവിശ്വാസം കൊണ്ടുമാത്രമല്ലാതെ എപ്രകാരം ഇങ്ങനെ സംഭവിക്കാൻ സാധിക്കും? അപ്പോൾ, അവർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചതു് ദൈവത്തിലുള്ള അവരുടെ വിശ്വാസം കൊണ്ടും തൻെറ നാമത്തിലുള്ള അവരുടെ സ്നാനംകൊണ്ടും മാത്രമാണെങ്കിൽ, പരിശുദ്ധാത്മാവു നമ്മെ വിട്ടുപേക്ഷിച്ചുപോകുന്നതു് തൻെറ നാമം നാം തള്ളിപ്പറയുന്നതുകൊണ്ടും പൈശാചിക ശക്തികളുമായി നാം സഖിത്വം പുലർത്തുന്നതുകൊണ്ടും മാത്രമാണു് എന്നതു വ്യക്തമാണല്ലോ? തൻെറ അധികാരം ഫലദായകമല്ലാത്തിടത്തു്, അതായതു്, തന്നെ തള്ളിപ്പറഞ്ഞ വ്യക്തിയിൽ വസിക്കാൻ പരിശുദ്ധാത്മാവു് ഇഷ്ടപ്പെടുന്നില്ല. കാരണം, ഒരപരിചിതരാജ്യത്തു് പരദേശിയായി പാർക്കാൻ അവിടുന്നു് സമ്മതിക്കുന്നില്ല.

മററു പാപങ്ങൾ നിമിത്തവും പരിശുദ്ധാത്മാവു് നമ്മെ വിട്ടുപേക്ഷിച്ചുപോകുകയും നാം അവയെപ്പററി അനുതപിക്കു

www.malankaralibrary.com



മ്പോരം തിരികെ വരികയും ചെയ്യുന്നു എന്ന് ആരെങ്കിലും തടസ്സം പറഞ്ഞു് വാദിച്ചെന്നിരിക്കട്ടെ. അവിടുന്നു നമ്മെ വിട്ടുപേക്ഷിച്ചുപോയാൽ, നമ്മുടെ പാപങ്ങളെപ്രതി നാം അനുതപിക്കാനായി ആരാണ് അപ്പോരം നമ്മിൽ പ്രവർത്തിക്കുന്നതു്? പരിശുദ്ധാത്മാവിനെ കൂടാതെ അനുതാപം നടക്കുന്നില്ല, ഉപവാസങ്ങളും ജാഗരണങ്ങളും, ദാനധർമ്മങ്ങളും, പ്രാത്ഥനയും, ആത്മാവിനെ നിരന്തരം പീഡിപ്പിക്കലും നിരന്തരമായി കണ്ണീരൊഴുക്കുന്നതും അവാച്യമായ നെടുവീർപ്പുകളും അതിനെ അനുധാവനം ചെയ്യുന്നു; ''വേണ്ടവിധം എപ്രകാരം പ്രാർത്ഥിക്കണമെന്നു നാം അറിയുന്നില്ല; എന്നാൽ അവാച്യമായ നെടുവീർപ്പുകളോടെ ദൈവത്തിൻെറ ആത്മാവു് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഹൃദയങ്ങളെ പരിശോധിക്കുന്നവൻ ആത്മാവിൻെറ വിചാരങ്ങരം അറിയുകയും ദൈവഹിതമനുസരിച്ച് വിശുദ്ധർക്കു വേണ്ടി പ്രാത്ഥിക്കയും ചെയ്യുന്നു'' എന്നു പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ (റോമ. 8:26–27), ഇവയെല്ലാം ആത്മാവിൻെറ പ്രവർത്തനത്തിൻെറ ഫലമാണ്. നമ്മെ അനുതാപത്തിലേയ്ക്കു നയിക്കുന്ന എല്ലാ സദ്പ്രേരണകളും ആത്മാവിൻെറ പ്രവർത്തനഫലമാണ്; ഈ സദ്പ്രേരണകളെയെല്ലാം പൂർണ്ണതയിലെത്തിക്കുന്ന ശുദ്ധപ്രാർത്ഥനയും ആത്മാവിൻെറ പ്രവർത്തനഫലമായാണ് നമ്മുടെ ആത്മാക്കളിൽ ഉദ്ദീപിപ്പിക്കപ്പെടുക. നമ്മുടെ പാപങ്ങളെപ്പററിയുള്ള ഓർമ്മയാൽ നിഗൂഢമായ രീതിയിൽ ആരംഭത്തിൽ തന്നെ അവിടുന്നു നമ്മെ നെടുവീർപ്പിനായി ഉത്തേജിപ്പിക്കുന്നു.

നാം പാപം ചെയ്യുന്ന അവസരം പരിശുദ്ധാത്മാവു നമ്മെ വിട്ടുപേക്ഷിച്ചുപോകുന്നെങ്കിൽ, നമ്മിൽ അത്തരം അനുഭൂതികരം ഉത്തേജിപ്പിക്കുന്നതു് ആരാണ്? നമ്മുടെ സ്വന്തം ഇച്ഛയാണെന്നു് ഒരുപക്ഷേ നീ പറഞ്ഞേക്കാം. എന്നാൽ നമ്മുടെ ഇച്ഛയെ നന്മയിലേയ്ക്കു് ഉത്തേജിപ്പിക്കുന്നതു് ആരാണ്? ആ നന്മ പ്രവൃത്തിപഥത്തിലെത്തിക്കാൻ അതിനെ സഹായിക്കുന്നതു് ആരാണ്? അതു പരിശുദ്ധാത്മാവല്ലേ? പൗലോസ് പറയുന്നതെന്താണെന്നു നീ കേരംക്കുന്നില്ലേ? ''നിന്നിൽ സൽപ്രേരണകരം ഉണർത്തുകയും അവ ചെയ്യാൻ നിന്നെ സഹായിക്കയും ചെയ്യുന്നതു് ദൈവമല്ലേ?'' (ഫിലി. 2:13). നന്മയിലേയ്ക്കു നമ്മുടെ ഇച്ഛയെ ഉത്തേജിപ്പിക്കുന്നതും അതു പ്രവൃത്തിപഥത്തിലെത്തിക്കുന്നതും ദൈവമാണെന്നു നീ കാണുന്നുവല്ലോ.

അങ്ങനെയാണെങ്കിൽ സ്വാതന്ത്രേച്ഛ ഇല്ലെന്നു നീ തടസ്സം പറഞ്ഞേക്കാം. തീർച്ചയായും സ്വാതന്ത്രേച്ഛയുണ്ടു്; കാരണം ഇതിനാൽ നാം ദൈവച്ഛായയാണ് (ഉല്പ 1: 26). എന്നാൽ

www.malankaralibrary.com



സ്വതന്ത്രേച്ഛ ഏതെങ്കിലും നിർബന്ധത്തിനു വിധേയമല്ല; നന്മ ചെയ്യാൻ ആത്മാവ് നമ്മുടെ ആത്മാക്കളെ നിർബന്ധിക്കുന്നു എന്നു ഞാൻ പറഞ്ഞില്ല; ആത്മാവ് പ്രേരിപ്പിക്കുകയും ആകർഷിക്കുകയും മാത്രം ചെയ്യുന്നു. ഒരാൾ പാപം ചെയ്യുമ്പോൾ നമ്മുടെ ആത്മാവിനെ അവിടുന്നു പിൻതിരിപ്പിച്ചില്ല എന്നു കാണുമ്പോൾ പരിശുദ്ധാത്മാവ് എവിടെയാണ് എന്ന് ആരെങ്കിലും ചോദിച്ചേക്കാം. നന്മയിലേക്ക് പരിശുദ്ധാത്മാവ് നമ്മുടെ ആത്മാക്കളെ നിർബന്ധിക്കയില്ല; തിന്മയിൽ നിന്ന് അതിനെ പിൻതിരിപ്പിക്കാൻ ഒരു ബലപ്രയോഗവും അവിടുന്നു നടത്തുകയില്ല എന്നു ഞാൻ പറഞ്ഞതിൻെറ അർത്ഥം ഇപ്പോൾ നിനക്കു വ്യക്തമായി ഗ്രഹിക്കാൻ കഴിയും; ഒരു പ്രവൃത്തി ചെയ്യാനോ ചെയ്യാതിരിക്കാനോ പ്രേരിപ്പിക്കുക മാത്രം ചെയ്തുകൊണ്ട് രണ്ടവസരങ്ങളിലും അവിടുന്ന് നമ്മുടെ ഇച്ഛയ്ക്കു സ്വാതന്ത്ര്യം നൽകുന്നു.

സാത്താൻ നിർബന്ധിച്ചു നമ്മെ തിന്മയിലേക്കു നയിക്കാറില്ല; ദൈവത്തിൻെറ ആത്മാവും നിർബന്ധിച്ചു നമ്മെ നന്മയിലേക്കു നയിക്കുന്നില്ല. മറിച്ച്, നമ്മുടെ ഇച്ഛ ചായുന്ന ദിശയിലേക്കു നമ്മെ പ്രേരിപ്പിച്ചുകൊണ്ട് കാഴ്ചക്കാരായി ഇരുവരും വർത്തിക്കുന്നു. ജലത്തിൽനിന്നു നാം സ്വീകരിച്ച പരിശുദ്ധാത്മദാനം നാം പാപം ചെയ്യുമ്പോഴും നമ്മിലുണ്ട്; സ്നാനപ്പെട്ട വ്യക്തി എത്രമാത്രം പാപം ചെയ്താലും അവൻ സ്നാനപ്പെട്ടവൻ തന്നെയാണ്; അതുപോലെ, ഈ കൃപ നിർബന്ധിച്ചു നമ്മെ പാപത്തിൽ നിന്നു പിൻതിരിപ്പിക്കുന്നില്ല; പിന്നെയോ, നാം പാപത്തിലേയ്ക്കു ചാഞ്ഞിരിക്കുന്നു എന്നു കാണുമ്പോൾ അവിടുന്നു നമുക്കെതിരെ കോപിക്കുകയും രഹസ്യമായി നമ്മെ കുററപ്പെടുത്തുകയും മാത്രം ചെയ്യുന്നു. ആ കുററപ്പെടുത്തൽ എങ്ങനെ സ്വീകരിക്കണം എന്ന് ആത്മാവ് അറിയുന്നെങ്കിൽ, മുന്നറിയിപ്പു സ്വീകരിക്കാൻ നമ്മുടെ ചിന്ത സമ്മതിക്കുന്നെങ്കിൽ, അതു പാപത്തിൽ നിന്നു പിൻതിരിക്കപ്പെട്ടു; മനസ്സിനെ സന്തോഷത്താലും ആനന്ദത്താലും നിറച്ചുകൊണ്ട് കൃപ ഉടനെ പ്രകാശിക്കുകയും ചെയ്യുന്നു.

പാപത്തോടു പോരാട്ടം നടത്തി അതിനെ ജയിക്കുന്നവർക്കു സാധാരണ ഇതാണു സംഭവിക്കുന്നത്. എന്നാൽ ഒരാളുടെ ചിന്ത, തന്നിലുള്ള ആത്മാവിനെ ശ്രവിക്കാതെ പാപം പ്രവൃത്തിയിലെത്തിച്ചാൽ, 'പരിശുദ്ധാത്മാവ് ദുഃഖിക്കയും ആത്മാവിൽനിന്നു തൻെറ മുഖം തിരിച്ചുകളയുകയും ചെയ്യുന്നു'

www.malankaralibrary.com



എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെ[2] പെട്ടെന്നു് ആത്മാവിന്റെ ഭവനം അന്ധകാരമാകുന്ന അരിഷ്ടതയുടെ പുകയാൽ ഇരുളുന്നു; ദുഃഖത്താലും ആത്മനിന്ദയാലും ആത്മാവു് നിറയുന്നു; ലജ്ജ ആത്മാവിന്റെ മുഖത്തെ മൂടുന്നു.

''നിങ്ങൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു്; അവനാലാണു് രക്ഷാദിവസത്തേക്കു് നിങ്ങൾ മുദ്രകുത്തപ്പെട്ടിരിക്കുന്നതു്''എന്ന ഉപദേശം പൗലോസ് നല്കുമ്പോൾ (എഫേ 4:30) ഇതാണു് അവൻ മനസ്സിൽ ഉദ്ദേശിച്ചതു്. രണ്ടു കാര്യങ്ങളെ കുറിച്ചു് പൗലോസ് നമ്മെ എങ്ങനെ പ്രബോധിപ്പിക്കുന്നു എന്നു നീ കേട്ടിട്ടുണ്ടല്ലോ: നാം പാപം ചെയ്യുമ്പോഴും ആത്മാവു് നമ്മുടെ ഉള്ളിലുണ്ടു്; എന്നാൽ നമ്മുടെ പാപം നിമിത്തം അവിടുന്നു ദുഃഖിക്കുന്നു. അവൻ പറയുന്നു: ''നിങ്ങളുടെ ഉള്ളിലുള്ള ദൈവാത്മാവിനെ നിങ്ങൾ ദുഃഖിപ്പിക്കരുതു്.'' അപ്പോൾ, അവിടുന്നു നമ്മുടെ ഉള്ളിലുണ്ടു്; പാപം ചെയ്തു് അവിടുത്തെ ദുഃഖിപ്പിക്കരുതെന്നു് അവൻ മുന്നറിയിപ്പു നൽകുന്നു; 'ആത്മാവിനെ കെടുത്തിക്കളയരുതു്' എന്നു് പൗലോസ് മററൊരിടത്തു പറയുന്നതുപോലെ (1 തെസ 5: 19) നമ്മുടെ ആത്മാവിന്റെ നിഗൂഢ പ്രവർത്തനങ്ങളെ നാം കെടുത്തിക്കളയരുതു്. അതായതു്, പാപത്താൽ അവിടുത്തെ ദുഃഖിപ്പിക്കരുതു്; മറിച്ചായാൽ, നിന്റെ ആത്മാവിൽ അവിടുത്തെ പ്രകാശം കെട്ടുപോകും; എന്നാൽ ആ പ്രകാശം നിന്നിൽ കത്തുകയാണെങ്കിൽ അവാച്യമായ ഒരു ശക്തി അതു നിനക്കു പ്രദാനം ചെയ്യും. പ്രഭുത്വങ്ങളോടും അധികാരങ്ങളോടും പോരാട്ടം നടത്താനും ആകാശത്തിൻ കീഴുള്ള ദുഷ്ടാരൂപികളോടു യുദ്ധം ചെയ്യാനും (എഫേ. 6: 12) ഈ ലോകം മുഴുവനെയും അതിന്റെ സന്തോഷങ്ങളോടും സന്താപങ്ങളോടുംകൂടെ പരിത്യജിക്കാനും നിനക്കു സാധിക്കും. നമ്മിൽ വസിക്കുന്ന ആത്മാവിന്റെ തീക്ഷ്ണതയാലാണു് ഈ സംഗതികളെല്ലാം യാഥാർത്ഥ്യമായിത്തീരുന്നതു്. ആത്മാവിന്റെ പ്രവർത്തനത്തിന്റെ ശക്തി മനസ്സിലാക്കിയ പൗലോസ് തന്റെ പ്രബോധനത്തിൽ നമുക്കു് ഇപ്രകാരം മുന്നറിയിപ്പു തരുന്നു: ''ആത്മാവിൽ തീക്ഷ്ണതയുള്ളവരായിരിക്കുവിൻ'' (റോമ 12: 11). വീണ്ടും, ''ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുവാൻ അനുവദിക്കുന്നവരാണു് ദൈവത്തിന്റെ മക്കൾ (8: 14).

പരിശുദ്ധാത്മാവു് എപ്പോഴും നമ്മിൽ, അതായതു് സ്നാനം സ്വീകരിച്ചവരിൽ ഉണ്ടെങ്കിലും, പാപം ചെയ്യാനാഗ്രഹിക്കുന്ന

---

2 ഹെർമാസ്, ഇടയൻ, കല്പന 10:2.2

www.malankaralibrary.com



വ്യക്തിയെ അവിടന്നു നിർബന്ധിച്ച് അതിൽനിന്നു പിൻതിരിപ്പിക്കുന്നില്ല; പിന്നെയോ, അപ്രകാരം ചെയ്യാതിരിക്കാൻ പ്രബോധിപ്പിക്കയും പ്രേരിപ്പിക്കയും മാത്രം ചെയ്യുന്നു. അറിവില്ലാത്തവർ പറയുന്നതുപോലെ, പാപത്തിന്റെ അവസരം പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിൽനിന്ന് ഓടിപ്പോകുകയും അനുതപിക്കുമ്പോൾ തിരിച്ചുവരികയും ചെയ്യുന്നില്ല. മറിച്ച്, അവിടന്നു കർമ്മനിരതനല്ലാതെ നമ്മുടെ ഉള്ളിൽ തന്നെ വസിക്കുന്നു.

എന്റെ പൊന്നുസാറേ, നാം പാപം ചെയ്യുമ്പോൾ അവിടന്നു നമ്മിൽനിന്നു പുറപ്പെട്ടുപോകാനുള്ള കാരണമെന്താണ്? നമ്മുടെ പാപം അവിടുത്തേക്ക് ഉപദ്രവം ചെയ്യുമെന്നു കരുതിയാണോ? തന്റെ പരിശുദ്ധിയിൽ എന്തെങ്കിലും കളങ്കം ഉണ്ടാകുമെന്നു കരുതിയാണോ? നമ്മിൽ വസിക്കുമ്പോൾ നമ്മുടെ പാപം മൂലമുള്ള ദ്രോഹം തടയാൻ കഴിയാത്തതു കൊണ്ടാണോ? അങ്ങനെയാണെങ്കിൽ അവനും നമ്മെപ്പോലെ ബലഹീനനും പീഡനങ്ങൾക്കു വിധേയനുമാണ്. എന്നാൽ ഇങ്ങനെയൊന്നുമല്ല. ഒരിക്കലുമല്ല.

പരിശുദ്ധാത്മാവ് ചിലപ്പോൾ കർമ്മനിരതനാകാതെയും മറ്റുള്ള അവസരം പ്രകാശിച്ചുകൊണ്ടും നമ്മുടെ ആത്മാവിൽ തന്നെ വസിക്കുന്നു. കർമ്മനിരതനാകാത്തപ്പോൾ അവിടന്നു നമ്മെ വിട്ടുപോകുന്നില്ല; പ്രകാശിക്കുമ്പോൾ അവിടന്നു പുറത്ത് എവിടെനിന്നോ വന്നെത്തുകയുമല്ല.

നാം കണ്ണടച്ചിരിക്കുമ്പോൾ കൺപോളകൾ കണ്ണുകളെ മൂടിയിരിക്കുന്നതിനാൽ നാം ഒന്നും കാണുന്നില്ല; എങ്കിലും നമുക്കു പരിചിതമായ സ്വാഭാവിക പ്രകാശം അപ്പോഴും നമ്മുടെ കണ്ണിന്റെ കൃഷ്ണമണിക്കുള്ളിലുണ്ട്; എന്നാൽ കണ്ണു തുറന്നുകഴിഞ്ഞാൽ, അതിൽ എപ്പോഴും ഉണ്ടായിരുന്ന പ്രകാശം പുറത്തുള്ള പ്രകാശത്തോടു ചേർന്ന് നാം വീണ്ടും കാണുന്നു; അതുപോലെ, കണ്ണിന്റെ കൃഷ്ണമണിയുടെ പ്രകാശം കണക്കെ പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിൽ വസിക്കുന്നു. കൃഷ്ണമണിയുടെമേലുള്ള കൺപോളപോലെ, അവഗണനയാൽ ഒരാൾ അവിടുത്തെ മൂടിവച്ചാൽ പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ അപ്പോഴും ഉണ്ടെങ്കിലും അവിടുത്തോടുകൂടി നാം കാണുകയില്ല. എന്നാൽ ആത്മാവിന്റെ മുഖത്തുനിന്നു നാം അശ്രദ്ധ നീക്കിക്കളഞ്ഞിട്ട് നമ്മുടെ ഉള്ളിലുള്ള ആത്മീയ പ്രകാശത്തിനു നേരേ നമ്മുടെ ഇച്ഛയുടെ വ്യക്തമായ ദർശനത്തെ നാം തിരിച്ചാൽ സൂര്യപ്രകാശവും കണ്ണിലെ സ്വാഭാവികമായ പ്രകാശവും

www.malankaralibrary.com



പോലെ, അവ രണ്ടിൻേറയും സംയോജനത്താൽ ദർശനം സുസാധ്യമാകുന്നതുപോലെ, പെട്ടെന്നു പ്രകാശം പ്രകാശത്തെ അഭിമുഖീകരിക്കുന്നു.

അപ്പോഠം, പാപം ചെയ്യുമ്പോഠം പരിശുദ്ധാത്മാവ് പുറപ്പെട്ടുപോകുന്നെന്നും അനുതപിക്കുമ്പോഠം തിരികെ വരുന്നെന്നും നാം പറയുന്നതു് ശരിയായിരിക്കയില്ല; അങ്ങനെ നാം ചെയ്താൽ നാം അവിടുത്തെ ബലഹീനനും, നമ്മുടെ കാര്യത്തിൽ താല്പര്യമില്ലാത്തവനും, നമ്മുടെ പാപത്തെപ്പററി നാം അനുതപിക്കുന്നതു് നോക്കിയിരിക്കുന്നവനും, നാം വീണ്ടും നീതികരണം പ്രാപിച്ചു കഴിയുമ്പോഠം നമ്മിൽ വസിക്കാൻ തിരികെ വരുന്നവനും ആയി ചിത്രീകരിക്കയാകും ചെയ്യുക. വാസ്തവത്തിൽ, ഞാൻ നീതികരിക്കപ്പെട്ടശേഷം അവിടുന്നു് എന്നിൽ വന്നു വസിച്ചാൽ എനിക്കതുകൊണ്ടെന്തു പ്രയോജനമാണുള്ളതു്? എന്തുകൊണ്ടെന്നാൽ ഞാൻ വീഴുമ്പോഠം കൈ തന്നു് എന്നെ എൻെറ പാദത്തിൽ ഉറപ്പിച്ചു നിർത്താൻ അവൻ കാണപ്പെട്ടന്നില്ലെങ്കിൽ അവൻെറ സഹായം എനിക്കെങ്ങനെ ദർശിക്കാനാവും? ഒരാഠം രോഗത്തിൽ വീഴുന്ന നിമിഷം അയാളെ ഡോക്ടർ വിട്ടുപേക്ഷിച്ചു പോകുകയും അയാഠം രോഗവിമുക്തനാകുമ്പോഠം തിരിച്ചുവരികയും ചെയ്യാറുണ്ടോ? ഒരിക്കലുമില്ല; മറിച്ചു്, രോഗിയെ ഡോക്ടർ ശ്രദ്ധാപൂർവം പരിചരിക്കുന്നു; അവൻ രോഗവിമുക്തനാകുമ്പോഠം, അവനു് ഡോക്ടറുടെ ആവശ്യമില്ല; അയാഠം മററു കാര്യങ്ങഠംക്കായി പോകുന്നു.

ഈ മനുഷ്യരുടെ ഭോഷത്തപൂർണമായ അഭിപ്രായം സത്യമാകുകയും പരിശുദ്ധാത്മാവ് ആത്മാവിനെ വിട്ടു പിരിയുകയും ചെയ്യുന്നെങ്കിൽ 'സൗഖ്യമുള്ളവക്കു വൈദ്യനെ കൊണ്ടു് ആവശ്യമില്ല' (ലൂക്കാ 5 : 31) എന്ന നമ്മുടെ കർത്താവിൻെറ സാക്ഷ്യമനുസരിച്ചു് സൗഖ്യം പ്രാപിച്ചശേഷം വിട്ടുപോകുന്നതു് രോഗാവസ്ഥയിൽ പോകുന്നതിനേക്കാഠം അവനു ചേർന്നതായിരിക്കുമല്ലോ.

അതേപ്പററി ഇത്രയും. അതുകൊണ്ടു് രോഗാവസ്ഥയിലും നല്ല ആരോഗ്യാവസ്ഥയിലും ആത്മാവിനു പരിശുദ്ധാത്മാവിൻെറ അടുത്ത സാന്നിദ്ധ്യം ആവശ്യമാണ്. മാമോദീസാ ജലത്തിൽനിന്നു് എന്നേക്കുമായി ധരിച്ച പരിശുദ്ധാത്മാവിനെ, തള്ളിപ്പറയുമ്പോഠം മാത്രമല്ലാതെ, ആത്മാവ് ഒരിക്കലും ഉരിഞ്ഞുകളയുന്നില്ല. ഇരുളും വെളിച്ചവുംപോലെ വിശ്വാസവും വിശ്വാസനിഷേധവും എതിരാകയാൽ, വിശ്വാസം വഴി നാം

www.malankaralibrary.com



പരിശുദ്ധാത്മാവിനെ ധരിക്കുന്നെങ്കിൽ, വിശ്വാസനിഷേധത്താൽ മാത്രമേ ആത്മാവ് അതിനെ ഉരിഞ്ഞുകളയുന്നുള്ളൂ.

ദൈവത്തിൽനിന്നു നാം സ്വീകരിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിന്റെ ആത്മാവാണ്. ഇക്കാരണത്താൽ അഭിഷേകം വഴി അവിടുന്നു ശ്ലീഹന്മാർക്കും അവരിലൂടെ നമുക്കെല്ലാവർക്കും നൽകപ്പെട്ടിരിക്കുന്നു. നമ്മുടെ ആത്മാവ് നമ്മുടെ ശരീരത്തിന്റെ ആത്മാവായിരിക്കുന്നതുപോലെ അവിടുന്നു നമ്മുടെ ആത്മാവിന് ഒരാത്മാവായിരിക്കാൻ നമ്മുടെ ആദ്യത്തെ ആത്മാവിനു പകരം നാം പരിശുദ്ധാത്മാവിനെ പ്രാപിച്ചിരിക്കുന്നു. ആദം സ്വീകരിച്ച ആദ്യത്തെ ആത്മാവ് ദൈവം അവനിൽ ജീവശ്വാസം ഊതിയതുവഴി അവനു ലഭിച്ചതാണ്. എന്തുകൊണ്ടെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: അവിടുന്ന് അവന്റെ മുഖത്ത് ജീവശ്വാസം ഊതി; അങ്ങനെ ആദം ജീവനുള്ള ആത്മാവായിത്തീർന്നു (ഉല്പ 2:7). പുതിയനിയമത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "യേശു ശിഷ്യന്മാരുടെ മുഖത്ത് ഊതിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ; നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അത് അവന് മോചിക്കപ്പെട്ടിരിക്കും; എന്നാൽ നിങ്ങൾ അവയെ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20: 22-23). പാപങ്ങൾ മോചിക്കുന്ന പരിശുദ്ധാത്മാവ് - നമ്മുടെ കർത്താവ് പറയുന്നതുപോലെ- എങ്ങനെയാണ് പാപങ്ങളിൽ നിന്ന് ഓടിപ്പോകുന്നത്? അതുകൊണ്ട്, പാപാവസ്ഥയിൽ പരിശുദ്ധാത്മാവ് ഓടിയൊളിക്കുന്നു എന്നു പറയുന്നതു ശരിയല്ല; മറിച്ച് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിൽ പാപങ്ങൾ ഓടിഒളിക്കുന്നു. ഇരുട്ടല്ല വെളിച്ചത്തെ കെടുത്തിക്കളയുന്നത്; പിന്നെയോ, പ്രകാശമാണ് ഇരുട്ടിനെ ഇല്ലാതാക്കുന്നത്. അതുപോലെ പരിശുദ്ധാത്മാവല്ല പാപത്തിൽ നിന്നോടിപ്പോകുന്നത്. മറിച്ച് പരിശുദ്ധാത്മാവിന്റെ സന്നിധിയിൽനിന്ന് പാപം ഓടിപ്പോകുന്നു.

പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിന്റെ ഒരു ആത്മാവായിരിക്കയും ഇക്കാരണത്താൽ ആദാമിന്റെ ആദ്യാത്മാവിന്റെ കാര്യത്തിലെന്നതുപോലെ ജീവശ്വാസം ഊതിയതുവഴി നല്കപ്പെടുകയും ചെയ്യുന്നെങ്കിൽ, പരിശുദ്ധാത്മാവ് നമ്മെ വിട്ടുപേക്ഷിച്ചാൽ, ആത്മാവു ശരീരത്തിൽനിന്നു വേർപെടുമ്പോൾ ശരീരത്തിനു ജീവനില്ലാതായിത്തീരുന്നതുപോലെ, നമ്മുടെ ആത്മാവ് ഉടനെതന്നെ മരിച്ചുപോകുന്നു, ആത്മാവ് വേർപെട്ടു കഴിഞ്ഞാൽ ജീവനില്ലാതായിത്തീന്ന ശരീരത്തിന്,

www.malankaralibrary.com



പിന്നെ സുഖമാകാൻ സാധിക്കാത്തതുകൊണ്ടു് പിന്നെ മരുന്നിന്റെ ആവശ്യമില്ല. ജീവനുള്ള ശരീരത്തിനു മാത്രമേ സുഖം പ്രാപിക്കാൻ സാധിക്കൂ; എന്നാൽ ശരീരത്തിനു ജീവൻ നഷ്ടപ്പെട്ടതിനാൽ രോഗഗ്രസ്തമായ നയനത്തിനു് സൗഖ്യമാകാൻ സാധ്യമല്ല; ഒടിഞ്ഞ അസ്ഥി മുറികൂടുകയില്ല; ശോഷിച്ച കൈ നേരേയാവില്ല; അതുപോലെ മറ്റെന്തെങ്കിലും വൈകല്യമുള്ള അവയവം സുഖം പ്രാപിക്കയില്ല; നേരെയാകുകയുമില്ല. പരിശുദ്ധാത്മാവു വേർപെട്ടുപോകുന്ന ആത്മാവിനെ സംബന്ധിച്ചു് കൃത്യമായി ഇപ്രകാരമാണു സംഭവിക്കുന്നതു്: അതിനുശേഷം അതു് വെറും ജഡം പോലെയായിത്തീരുന്നു. പരിശുദ്ധാത്മാവിന്റെ ജീവശക്തി അതിനുള്ളിൽ ഇല്ലാത്തതിനാൽ തന്റെ ഒരു പാപത്തിനും മേലിൽ ഔഷധം സ്വീകരിക്കാൻ അതു് കഴിവില്ലാത്തതായി തീരുന്നു. എല്ലാ സ്പർശനശക്തിയും നശിച്ച ഒന്നിൽ എപ്രകാരമാണു് മരുന്നോ വെച്ചുകെട്ടോ പ്രയോജനപ്പെടുക? ഏതെങ്കിലും ഡോക്ടർ ഒരു ജഡത്തെ ചികിൽസിക്കുന്നതായോ, ശരീരത്തിന്റെ മററു ഭാഗങ്ങളിൽനിന്നു് വെട്ടിനീക്കപ്പെട്ട അവയവത്തിന്റെ മുറിവ് വച്ചുകെട്ടുന്നതായോ, നീ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ആത്മാവിനെ സംബന്ധിച്ചും ഇപ്രകാരംതന്നെയാണു്: മാമോദീസായിൽ പ്രാപിച്ച പരിശുദ്ധാത്മ ചൈതന്യം അതിനെ വിട്ടുപോയാൽ, അതിനു് സൗഖ്യമാകാനുള്ള ഒരവസരവുമില്ല; തന്റെ പാപങ്ങളെപ്രതി അനുതപിക്കാനും സാധിക്കയില്ല.

മാമോദീസായ്ക്കു മുൻപു് പഴയ മനുഷ്യൻ എന്നു വിളിക്കപ്പെട്ട വ്യക്തി, സ്നാനാനന്തരം പുതിയ മനുഷ്യൻ എന്നു വിളിക്കപ്പെടുന്നു (എഫേ. 4:22–24). പരിശുദ്ധാത്മാവു് പുതിയ മനുഷ്യനിൽ സ്ഥിരമായി വസിക്കുന്ന ആത്മാവാണു്; ശാരീരിക ജീവനുള്ളപ്പോൾ മാത്രമല്ല, മരണാനന്തരവും അവൻ നിവസിക്കുന്നു. വിശുദ്ധരുടെ കാര്യത്തിൽ അവിടുന്നു് അത്ഭുതം പ്രവർത്തിക്കയും അടയാളങ്ങൾ കാണിക്കയും ചെയ്യുന്നു. നീതിമാന്മാരുടെ, അതായതു് ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും വിശുദ്ധരുടെയും അസ്ഥികളിൽ, അവയിൽ അവയുടെ സ്വാഭാവികാത്മാവില്ലെങ്കിലും – അവരുടെ മരണത്തിൽ അതു് അവരെ വേർപിരിഞ്ഞല്ലോ – അവയിലും അവയോടു കൂടിയും വസിക്കുന്ന പരിശുദ്ധാത്മാവു് ഉണ്ടു്. അവരിൽ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുന്നതു് അവിടുന്നാണു്; അവയിലുള്ള അവിടുത്തെ ശക്തിയാൽ പൈശാചികാത്മാക്കൾ കൈപ്പോടു കൂടെ കരയുന്നു. കാരണം രോഗങ്ങൾ നീക്കപ്പെടുന്നു; അനാരോഗ്യം നിഷ്ക്കാസനം ചെയ്യപ്പെടുന്നു.

www.malankaralibrary.com



ഉത്ഥാനാവസരം ആത്മാക്കൾ തങ്ങളുടെ ശരീരങ്ങളിലേക്ക തിരികെ വരുമ്പോൾ ജലത്തിൽ നിന്നു് അവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചതു മുതൽ ശരീരങ്ങളിൽ നിന്നു് അവിടുന്ന വേർപെട്ടുപോകാത്തതിനാൽ, - ഒരിക്കലും അപ്രകാരം ചെയ്യുകയില്ല – അവ അവയിൽ അവനെ ദർശിക്കും. നമ്മിലുള്ള പരിശുദ്ധാത്മാവിൻെറ ശക്തിയാലാണ് നമ്മുടെ ഉത്ഥാനവും സംഭവിക്കുന്നതു്; വിശ്വാസികൾ മരിക്കുമ്പോൾ പരിശുദ്ധാത്മാവ് അവരിൽ ഉള്ളതിനാൽ അവരുടെ മരണത്തെ "മരണം" എന്നല്ല 'നിദ്ര' എന്നു മാത്രമേ വിളിക്കാൻ സാധിക്കൂ. പൗലോസ് പറയുന്നു: 'സഹോദരന്മാരേ, നിദ്രപ്രാപിക്കുന്നവരെപ്പററി നിങ്ങൾ അറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു; പ്രത്യാശ നശിച്ച ബാക്കി മനുഷ്യരെപ്പോലെ നിങ്ങൾ ദുഃഖിക്കരുതു്'' (1 തെസ്സ. 4:13).

ഇപ്രകാരം, പുറജാതിക്കാരിലും യൂദന്മാരിലും മാത്രമാണ് പരിശുദ്ധാത്മാവ് ഇല്ലാത്തതു്; ഇക്കാരണത്താൽ, അവർ മരിക്കുമ്പോൾ അവർ യഥാർത്ഥത്തിൽ മരിക്കുന്നു; നിദ്ര പ്രാപിക്കുക മാത്രമല്ല. ഇതുകൊണ്ടാണ് അവരുടെ ശവസംസ്കാരത്തിനു് വലിയ പ്രാധാന്യം നല്കപ്പെടാത്തതു്. അവർ യഥാർത്ഥമായി മരിച്ചവരാണെന്നും നിദ്രപ്രാപിച്ചവരെങ്കിലും ജീവനുള്ളവരല്ലെന്നും കാണുകയാൽ, അവരെ കല്ലറകളിലേക്ക് എടുത്തുകൊണ്ടു പോകുമ്പോൾ സങ്കീർത്തനങ്ങളോ ഗീതങ്ങളോ ആലപിക്കപ്പെടുന്നില്ല. ഇതിനു വിപരീതമായി, സ്നാനം സ്വീകരിച്ച വിശ്വാസി മരിക്കുമ്പോൾ, അയാൾ പാപിയാണെങ്കിലും, പതിനായിരം തെററുകൾ ചെയ്തവനാണെങ്കിലും, അവൻ വിശ്വാസത്തിൽ മരിക്കുകയും, തള്ളിപ്പറയൽ വഴി തൻെറ സ്ഥാനത്തെ ഇല്ലാതാക്കുകയും, പൈശാചികമായ കഴകൽ ചടങ്ങുകൾ വഴി തൻെറ പാവനമായ സ്ഥാനത്തിലെ കഴകൽ കഴകിക്കളയാതിരിക്കുകയും ചെയ്താൽ, അവൻെറ ആത്മാവ് അവൻെറ ശരീരത്തെ വിട്ടുപിരിയുകയും അവൻ സ്വാഭാവികമായി മരിക്കയും ചെയ്യുമ്പോൾ അവൻ നിദ്രപ്രാപിച്ചവനാണെങ്കിലും ജീവനുള്ളവനായി അവനെ പരിഗണിച്ച് നാം അവൻെറ ശരീരം കല്ലറയിലേക്കെടുക്കുന്നു. മാമോദീസായിലെ ഉദരത്തിൽ നിന്നുള്ള പുനർജന്മത്തിൽ നിന്നു് അവൻ പ്രാപിച്ച പരിശുദ്ധാത്മാവ് അവനെ വിട്ടുപേക്ഷിച്ചു പോയില്ല എന്നതാണ് വ്യക്തമായി ഇതിനുള്ള കാരണം. എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവു പറഞ്ഞു: 'ഒരുവൻ ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവനു് ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയുകയില്ല' (യോഹ 3:5). പാപികൾ മാമോദീസാ സ്വീകരിക്കാത്തവരാണെങ്കിൽ ബഹുമാനപൂർവം എന്തിനു് അവരുടെ ജഡങ്ങൾ കല്ലറയിലേക്ക സംവഹിക്കപ്പെടണം;

www.malankaralibrary.com



പരിശുദ്ധാത്മാവ് അവിടെ ഇല്ലെങ്കിൽ ആത്മീയഗീതങ്ങൾ എന്തിനാണാലപിക്കപ്പെടുന്നത്? പാപി യഥാർത്ഥത്തിൽ മരിച്ചവനാണെങ്കിൽ, 'നിദ്രപ്രാപിച്ചവൻ' എന്ന് പൗലോസ് അവനെ വിളിക്കുന്നത് എന്തിനാണ്?

''മാരക പാപിയുടെ മരണം ഞാൻ ആഗ്രഹിക്കുന്നില്ല'' എന്ന പ്രവാചകവചനം (എസ. 33:11) ഉദ്ധരിച്ചുകൊണ്ട് ഇതു യഹൂദന്മാരായ പാപികളെ കുറിച്ചാണ് എന്നും 'ഞാൻ നിന്നെ ഇസ്രായേൽ ഭവനത്തിന് ഒരു കാവൽക്കാരൻ ആക്കിയിരിക്കുന്നു' (3:17) എന്ന് ഇക്കാരണത്താൽ എസക്കിയേലിനോടു പറഞ്ഞിരിക്കുന്നു എന്നും ആരെങ്കിലും പറഞ്ഞാൽ, ഈ വാക്കുകൾ യഹൂദന്മാരോടാണ് പറഞ്ഞിരിക്കുന്നത് എന്ന് വാസ്തവത്തിൽ വ്യക്തമാണല്ലോ എന്നു ഞാൻ പറയും; കാരണം, ആ അവസരം എസക്കിയേൽ പ്രവാചകൻ ഇസ്രായേൽക്കാരുടെ പക്കലേക്കാണ് അയയ്ക്കപ്പെട്ടതു്; എന്നാൽ ഇപ്പോൾ നമ്മുടെ രക്ഷകൻെറ വരവിനു ശേഷമാകട്ടെ, ഈ വാക്കുകൾ പുറജാതികളെയും യൂദരെയും, ഒരിക്കൽ വിശ്വസിക്കുകയും പിന്നീട് വിശ്വാസം ഉപേക്ഷിക്കുകയും ചെയ്ത മററുള്ളവരെയും കുറിക്കുന്നു. തങ്ങളുടെ പാപം മനസ്സിലാക്കാതെ പാപം ചെയ്യുന്നവരെ ഈ പ്രവാചക വാക്കുകൾ സൂചിപ്പിക്കുന്നു. സ്നാനം സ്വീകരിച്ച പാപി തൻെറ പാപം മനസ്സിലാക്കാത്തതിനാൽ തൻെറ ആത്മാവിൽ മരിച്ചവനാണ്. എങ്കിലും, ''അവൻ ജീവനുള്ളവരുടെ ദൈവമാണ്; മരിച്ചവരുടെ ദൈവമല്ല'' എന്ന വാക്യമനുസരിച്ച് (ലൂക്കാ. 20:38) അവരെല്ലാം അവനിൽ ജീവിക്കുന്നു; അവനു ലഭിച്ച സ്നാനത്തിൻെറ കൃപയാൽ അവൻ ദൈവത്തിനു ജീവനുള്ളവനുമാണ്.

വിശുദ്ധ രഹസ്യങ്ങളെ സമീപിക്കാൻ നമ്മെ അധികാരപ്പെടുത്തുന്ന പരിശുദ്ധാത്മാവിനെ കൂടാതെ എങ്ങനെയാണ് പാപി അവയെ സ്വീകരിക്കാൻ സമീപിക്കേണ്ടതു്? കാരണം, സ്നാനം സ്വീകരിക്കാത്തവർക്കു ദിവ്യരഹസ്യങ്ങളെ സമീപിക്കാൻ അനുവാദമില്ലാത്തതുപോലെ, പരിശുദ്ധാത്മാവു പാപിയെ വിട്ടുപോകുന്നു എന്നതു് ശരിയാണെങ്കിൽ പാപിയെ സംബന്ധിച്ചും ഇതുപോലെയായിരിക്കും; 'അവനു വിശുദ്ധ രഹസ്യങ്ങളെ സമീപിക്കാൻ അനുവാദമില്ല' എന്ന് പറയുന്ന വിഡ്ഢികളുടെ അഭിപ്രായമാണിതു്. പാപിക്കു ദിവ്യരഹസ്യങ്ങളെ സമീപിക്കാൻ സാധിക്കയില്ലെങ്കിൽ പിന്നെ ആര്ക്കാണു സാധിക്കുക? 'ഇതു് പാപങ്ങളുടെ മോചനത്തിനായി നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എൻെറ ശരീരമാകുന്നു' എന്നും, 'ഇതു് പാപങ്ങളുടെ മോചനത്തിനായി നിങ്ങൾക്കു

www.malankaralibrary.com



വേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തമാകുന്നു' എന്നും (മത്താ.26: 26_28) ഉള്ള വാക്കുകളുടെ അർത്ഥമെന്താണ്? സ്നാനം സ്വീകരിക്കാത്തവന് ദിവ്യരഹസ്യങ്ങളെ സമീപിക്കാൻ അനുവാദമുണ്ടോ? എന്നാൽ പാപം ചെയ്യുന്ന അവസരം പരിശുദ്ധാത്മാവ് മനുഷ്യനെ വിട്ടുപേക്ഷിച്ചു പോകുന്നെങ്കിൽ, അവന്റെ മാമോദീസായും അവനെ വിട്ടുപോകുന്നു; അവന്റെ സ്നാനം അവനെ വിട്ടുപേക്ഷിച്ച് അവൻ മാമോദീസാ ഇല്ലാത്തവനായി തീർന്നാൽ പിന്നെ അവന് ദിവ്യരഹസ്യങ്ങളെ സമീപിക്കാൻ അനുവാദമില്ല. എന്നാൽ അവൻ സമീപിച്ചില്ലെങ്കിൽ അവനെങ്ങനെ അനുരഞ്ജനം ലഭിക്കും; പാപമോചനമില്ലെങ്കിൽ അനുതാപം എങ്ങനെ ഉണ്ടാകും? പാപത്തെപ്പററി അനുതാപം ഇല്ലെങ്കിൽ, അവർ പറയുന്നതുപോലെ, പരിശുദ്ധാത്മാവ് എങ്ങനെ തിരികെ വരും? ''എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും; അവസാന ദിവസം ഞാൻ അവനെ ഉയിപ്പിക്കയും ചെയ്യും'' എന്ന് നമ്മുടെ കർത്താവു പറഞ്ഞപ്പോൾ (യോഹ.6:54) അവൻ സ്പഷ്ടമായി ഈ മൗഢ്യമായ അഭിപ്രായത്തെ ഖണ്ഡിക്കയത്രേ ചെയ്തത്. പാപി വിശ്വാസപൂർവം നമ്മുടെ കർത്താവിന്റെ ശരീരവും രക്തവും സ്വീകരിക്കുമ്പോൾ, നമ്മുടെ കർത്താവു തന്നെ പറഞ്ഞിരിക്കുന്നതുപോലെ, അവൻ നമ്മുടെ കർത്താവിലും നമ്മുടെ കർത്താവ് അവനിലും വസിക്കുന്നു; കർത്താവു വസിക്കുന്നിടത്ത് കർത്താവിന്റെ ആത്മാവും വസിക്കുന്നു.

നമ്മുടെ ഭാഗത്തുനിന്നുള്ള എന്തെങ്കിലും നീതികരണം നിമിത്തമാണ് ജലത്തിൽനിന്നു നാം പരിശുദ്ധാത്മാവിനെ സ്വീകരിച്ചത് എങ്കിൽ, നാം പാപം ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ പാപം നിമിത്തം നമ്മെ വിട്ടുപോകുന്നത് നീതിപൂർവകമായ പ്രവൃത്തി മാത്രമായിരിക്കും. എന്നാൽ ആത്മാവിനെ നമുക്കു നൽകിയതു കൃപയാലാണെങ്കിൽ, അവിടുന്നു നമ്മോടുകൂടെ വസിക്കുന്നതും കൃപയുടെ ഒരു ദാനമാണ്. ജലത്തിൽനിന്നു നാം അവനെ വിശ്വാസത്തിൽ സ്വീകരിക്കയും, ഉടനെതന്നെ അവൻ നമുക്കു പാപമോചനം നൽകുകയും ദൈവത്തിന്റെ പുത്രത്വം തന്ന് നമ്മെ നീതികരിക്കയും ചെയ്തതുകൊണ്ട്, അവിടുന്നു നമ്മിൽ വസിക്കുന്നു എന്ന് നാം വിശ്വസിക്കുന്നെങ്കിൽ പാപങ്ങൾക്കെതിരെയുള്ള താക്കീത് ഇപ്പോഴും നമുക്കു ലഭിക്കുന്നു; ഇനി നാം പാപം ചെയ്വാൻ ഇടയായിപ്പോയാൽ തന്നെ, ആ ശക്തിയുടെ സഹായത്താൽ നാം ഉടനെതന്നെ അനുതപിക്കുന്നു.

www.malankaralibrary.com



യഹൂദന്മാർക്കെന്നപ്പോലെ, തിരികെ എടുക്കപ്പെടുകയോ മാററപ്പെടുകയോ ചെയ്ത കൃപയല്ല നമുക്കു നൽകപ്പെട്ടിരിക്കുന്നതു്; ''നിങ്ങൾ ദൈവങ്ങളാണെന്നും അത്യുന്നതൻെറ പുത്രരാണെന്നും ഞാൻ പറഞ്ഞു; എന്നാൽ ഇനിമേൽ നിങ്ങൾ മരിക്കയും യോദ്ധാക്കളിൽ ഒരുവനെപ്പോലെ വീഴുകയും ചെയ്യും'' (സങ്കീ. 82:6–7) എന്നു് അവരോടു പറഞ്ഞിരിക്കുന്നതു് നമുക്കു് ഒരു തരത്തിലും ബാധകമല്ല. അതിൻെറ കാരണം, അവർ അടിമത്തത്തിൻെറ കൃപ സ്വീകരിച്ചു; നാമാകട്ടെ, മാററമില്ലാത്ത പുത്രത്വത്തിൻേറതു സ്വീകരിച്ചു എന്നതാണ്. ''ഭയത്തിനായി അടിമത്തത്തിൻെറ ആത്മാവിനെയല്ല നിങ്ങൾ പ്രാപിച്ചിരിക്കുന്നതു്; പിന്നെയോ, ആബാ, ഞങ്ങളുടെ പിതാവേ, എന്നു വിളിക്കുന്ന മക്കളുടെ ആത്മാവിനെയത്രേ നിങ്ങൾ സ്വീകരിച്ചിരിക്കുന്നതു്'' (റോമ.8:15). വിശുദ്ധരഹസ്യങ്ങളുടെ അവസരം, 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,' എന്നു് ദൈവത്തെ വിളിക്കുന്നതു് ആത്മാവു നമുക്കു് അനുവാദം തന്നിരിക്കുന്നതിനാലാണെന്നു് നീ കാണുന്നുണ്ടല്ലോ. പൗലോസ് പറയുന്നതുപോലെ, 'ആബാ, പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻെറ ആത്മാവിനെയത്രേ നാം പ്രാപിച്ചിരിക്കുന്നതു്' (റോമ.8:15). ആ അവസരം ദൈവത്തെ 'ഞങ്ങളുടെ പിതാവു', എന്നു് വിളിക്കുവാൻ നമ്മെ അധികാരപ്പെടുത്തുന്നതു പരിശുദ്ധാത്മാവാണ്. അപ്പോൾ, ''ഞങ്ങളുടെ പിതാവേ'' എന്നു വിളിക്കുകയും ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നവർ പാപികളാണ്.സ്നാനത്തിനുശേഷം നാം ചെയ്ത പാപങ്ങളാൽ നാം താല്പര്യപൂർവം ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിക്കുന്നു; പാപികളായ നാം ആ അവസരം ദൈവത്തെ 'ഞങ്ങളുടെ പിതാവേ' എന്നു വിളിക്കുന്നു; ഇപ്രകാരം ചെയ്യാൻ നമുക്കു് അധികാരം ലഭിച്ചിരിക്കുന്നതു് പരിശുദ്ധാത്മാവു് നമ്മുടെ ഉള്ളിൽ ഉണ്ടു് എന്നതിനാലാണ് എന്നതു് വ്യക്തമാണല്ലോ.

പാപം ചെയ്യുമ്പോൾ ദൈവത്തിൻെറ ആത്മാവു് സ്നാനം സ്വീകരിച്ച വ്യക്തിയെ വിട്ടകന്നു പോകുന്നില്ല എന്നതു് ഏതു രീതിയിൽ നോക്കിയാലും വ്യക്തമാണ്. മറിച്ചു്, അവർ പാപം ചെയ്യുമ്പോഴും അവിടുന്നു് അവരോടുകൂടെ വസിക്കുന്നു. അങ്ങനെയും അവിടുന്നു തൻെറ കൃപ കാണിക്കുന്നു. അന്ത്യം ആരംഭംപോലെ ആയിരിക്കുന്നതിനാണ് ഇപ്രകാരം ചെയ്യുന്നതു്. ''ആരും അഹങ്കരിക്കാതിരിക്കാൻ, നമ്മുടെ എന്തെങ്കിലും പ്രവൃത്തിനിമിത്തമല്ല ഇതു പ്രാപിച്ചിരിക്കുന്നതു്'' എന്ന പൗലോസിൻെറ വാക്കുകൾ (എഫേ.2:9) പൂർത്തീകരിക്കപ്പെടുന്നതിനുമാണിതു്.

www.malankaralibrary.com



പരിശുദ്ധാത്മാവിന്റെ കൃപയുടെ പ്രവർത്തനങ്ങളെപ്പററി തെററായ വീക്ഷണം പുലർത്തുകയും അവിടുന്ന ബലഹീനനാണെന്നും മനുഷ്യർക്ക് ഒരുപകാരവും ഇല്ലാത്തവനാണെന്നും കരുതുകയും ചെയ്യുന്നവരെ ഖണ്ഡിക്കാനായി ഇവയെല്ലാം ചുരുക്കമായി ഞാൻ എഴുതിയിരിക്കുന്നു. എന്നാൽ, പ്രിയശിഷ്യാ, മാമോദീസാ ജലത്തിൽനിന്നു നീ സ്വീകരിച്ച പരിശുദ്ധാത്മാവ് നിന്നിലുണ്ടെന്നും നിന്നെ ഒരിക്കലും വിട്ടുപോകയില്ലെന്നും നീ വിശ്വസിക്കുന്നുണ്ടോ? അവിടുത്തെ സാന്നിധ്യാനുസ്മരണം നിനക്കു മുന്നറിയിപ്പു നൽകി, പാപത്തിന്റെ എല്ലാ കെണികളിൽനിന്നും ഓടിയകലാൻ നിന്നെ സഹായിക്കും; അങ്ങനെ, നിന്റെ ചിന്തകളിൽ പാപം നുഴഞ്ഞുകയറാതിരിക്കാനും, അതു് പ്രവൃത്തിയിലാക്കി പൂർത്തീകരിക്കാതിരിക്കാനും നിനക്ക് സാധിക്കും. നിനക്കുറക്കം വന്നാൽ, ഉടനെ സ്വയം ഉണർത്തുക; നീ തെററിൽ വീഴാൻ ഇടയായാൽ പെട്ടെന്നു് നിന്റെ വീഴ്ചയിൽനിന്നു് എഴുന്നേല്ക്കുക. "സാത്താനേ, കർത്താവു നിന്നെ കുററപ്പെടുത്തുന്നു" എന്ന പ്രവാചകവചനം ഉദ്ധരിച്ച ആളിനോടു് വിളിച്ചുപറയുക (സക്ക. 3:2). നീതികരിക്കുന്നവൻ, അതായതു് പരിശുദ്ധാത്മാവു് വളരെ സമീപസ്ഥനാണ്; എന്റെ ജീവിതസംരക്ഷണത്തിനായി എന്നേക്കുമായി എന്റെ കർത്താവു് പരിശുദ്ധാത്മാവിനെ എനിക്കു നൽകിയിരിക്കുന്നു. അവിടുത്തേക്ക് ഇപ്പോഴും എന്നേക്കും പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ സ്തോത്രമുണ്ടായിരിക്കട്ടെ. ആമ്മീൻ.

## ൨. പ്രാർത്ഥന

പ്രാർത്ഥിക്കുന്നയാൾ തന്റെ ഹൃദയം നാവുമായും മനസ്സ് അധരങ്ങളുമായും ബന്ധം പുലർത്തി പ്രാർത്ഥിക്കണം. തന്റെ ഹൃദയം ദിവാസ്വപ്നത്തിലേർപ്പെട്ടു് മറെറാരിടത്തായിരിക്കുമ്പോൾ പ്രാർത്ഥിക്കാനായി താണുവണങ്ങുകയും കൈകൾ നീട്ടുകയും ചെയ്യുന്നവൻ, കൊടുങ്കാററു് വളച്ചൊടിച്ചു് നിലത്തു വീഴ്ത്തുന്ന ദേവദാരുവൃക്ഷങ്ങൾ പോലെയാണ്. മനസ്സ് ആശ്രമത്തിനു പുറത്തായിരിക്കുകയും അധരങ്ങൾ താല്പര്യപൂർവം പ്രാർത്ഥനകൾ ഉരുവിടുകയും ചെയ്യുന്നവൻ, ആർക്കും തുറക്കാനും അടയ്ക്കാനും സാധിക്കാതെ കാററത്തു് അടിച്ചു തകർക്കപ്പെടുന്ന വാതിലിനു് സദൃശ്യമാണ്. പ്രാർത്ഥിക്കാൻ നിൽക്കുന്ന വ്യക്തിക്ക് വിവേചനാപൂർവമായ അനുതാപം ആവശ്യമാണ്. അനുതാപത്തിന്റെ കണ്ണുനീരും പ്രയോജനപ്രദമാണ്. ഏകാഗ്രമനസ്സും ഉണ്ടായിരിക്കണം. ആർക്കെങ്കിലും എതിരായി എന്തെങ്കിലും വൈരാഗ്യം ഉണ്ടെങ്കിൽ അതു തന്റെ ഹൃദയത്തിൽ

www.malankaralibrary.com



നിന്നു കഴുകിക്കളയണം. പ്രാർത്ഥന നിശ്ശബ്ദതയിലായിരിക്കണം; അധരങ്ങൾ ഉച്ചരിക്കുന്നതു ബോധപൂർവമായിരിക്കണം. പ്രാർത്ഥന തീരുമ്പോൾ അല്പനേരം കൂടി നിശ്ശബ്ദനായിത്തന്നെ നിൽക്കണം. പൊതു സംസാരത്തിലോ, ഇടർച്ച വരുത്തുന്ന ഭാഷണങ്ങളിലോ ഇടപെടാൻ പാടില്ല. മറിച്ച് നിശ്ശബ്ദമായും ബോധപൂർവമായും വർത്തിക്കണം. അപ്പോൾ, പ്രാർത്ഥനകളും പരിശുദ്ധ ചിന്തകളും സ്വീകരിക്കുന്നയാൾ പൂർണമായും അവൻെറ പ്രാർത്ഥന സ്വീകരിക്കും.

## 3. പ്രാർത്ഥന

ദൈവത്തിൻെറ ശിഷ്യാ, ദൈവത്തിനു സ്വീകാര്യമായ ശുദ്ധപ്രാർത്ഥന വാക്കുകളുടെ ബാഹുല്യത്തിൽ ഉച്ചരിക്കപ്പെടുന്നതല്ല. ദൈവത്തിനു യോഗ്യമായ പ്രാർത്ഥന ഇതിൽ അടങ്ങിയിരിക്കുന്നു: മനസ്സ് രഹസ്യമായി ഒന്നിനോടും ബന്ധിതമാകാതിരിക്കുക; ലോകം മുഴുവനിലും നിന്ന് മനസ്സ് വിമുക്തമായിരിക്കുക. പൂർണമായി മനസ്സ് ദൈവതിരുമനസ്സിനു സമർപ്പിക്കുക; പ്രാർത്ഥനാവസരം പദാർത്ഥപരമായ എല്ലാററിനെയും, താൻ നിൽക്കുന്ന സ്ഥലവും സ്വന്തം വ്യക്തിത്വം തന്നെയും വിസ്മരിക്കുക. ദൈവാത്മാവിനാൽ രഹസ്യമായി മൂടപ്പെടണം. പ്രാർത്ഥനാവസരം ആന്തരികമായും ബാഹ്യമായും ദൈവത്തിൽ വസ്ത്രം ധരിക്കണം, ദൈവത്തെപ്രതിയുള്ള തീക്ഷ്ണമായ സ്നേഹത്താൽ ജ്വലിക്കണം, പൂർണമായും എല്ലാററിലും ദൈവത്താൽ വിഴുങ്ങപ്പെടണം, പൂർണമായും എല്ലാററിലും അവനുമായി ഒന്നുചേരണം, ദൈവത്തെപ്പററിയുള്ള അത്ഭുതകരമായ ഏകാഗ്രതയിൽ ചിന്ത നിറഞ്ഞിരിക്കണം, "എൻെറ ആത്മാവ് നിന്നെ തേടി ഇറങ്ങിയിരിക്കുന്നു" എന്നു ദാവീദ് പറഞ്ഞതുപോലെ (സങ്കീ. 63:9) താൻ സ്നേഹിക്കുന്നവനെ ആത്മാവ് സ്നേഹപൂർവം തേടിയിറങ്ങണം. ഇങ്ങനെയുള്ള മാനസികാവസ്ഥയോടെയാണ് നാം ദൈവത്തോടു പ്രാർത്ഥിക്കേണ്ടതു്. സ്വരങ്ങളുടെ നിഴലാണല്ലോ വാക്കുകൾ. ശിഷ്യൻെറ പ്രബോധനത്തിനായി ശിഷ്യൻ നിഴൽ മനസ്സിലാക്കി അതിൽ നടക്കുന്നതിനും നിഴൽ വീശുന്ന ശരീരത്തിൽ എത്തിച്ചേരുന്നതിനുമായി ഈ കാര്യങ്ങളുടെ നിഴലുകൾ ഞാൻ ചൂണ്ടിക്കാണിക്കുന്നു എന്നു മാത്രം.

## 4. പ്രാർത്ഥന

നിരന്തരമായ പ്രാർത്ഥനയിലാണ് ആത്മാവിൻെറ ശക്തി അടങ്ങിയിരിക്കുന്നതു്. ദൈവദർശനത്തിൽനിന്നു വരുന്ന ശക്തി

www.malankaralibrary.com



കൊണ്ടു് ഇതു് മനസ്സിനെ വസ്ത്രം ധരിപ്പിക്കുന്നു. അലഞ്ഞു തിരിയുന്ന ചിന്തകളിൽനിന്നു മനസ്സു് ഏകാഗ്രമാകുന്നതുവരെ വിശുദ്ധഗ്രന്ഥപാരായണം നടത്തണം. മന:പതർച്ച ഉണ്ടാകുന്ന ബാഹ്യകാര്യങ്ങളിൽനിന്നു് മനസ്സു പിന്മാറി സ്വച്ഛവും ഏകാഗ്രവുമായി എന്നു കണ്ടുകഴിഞ്ഞാൽ ഉടനെതന്നെ പുസ്തകം താഴെ വച്ചിട്ടു് പ്രാർത്ഥിക്കാൻ തുടങ്ങുക. ഇപ്രകാരം വേദപുസ്തകവായന പ്രാർത്ഥനയ്ക്കും, ഉപവാസം ശുദ്ധമായ പ്രാർത്ഥനയ്ക്കും, എല്ലാ ധനങ്ങളുടെയും ചിന്തകളെ നിർമ്മാർജ്ജനം ചെയ്യുന്നതു് ഉത്തമമായ പ്രാർത്ഥനയ്ക്കുംവേണ്ടിയുള്ളതാണ്. മററു വാക്കുകളിൽ, പ്രാർത്ഥനയിൽ ദൈവത്തോടു് സംസാരിക്കാൻ യോഗ്യമായിത്തീരാനുതകുന്നവയെല്ലാം മനസ്സു് ചെയ്യട്ടെ. എല്ലാ താപസ്സുകർമ്മങ്ങളുടെയും ഉദ്ദേശ്യവും നീതിപാതയുടെ അന്ത്യവും ദൈവവുമായി നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ സംസാരമാണ്. ഗബ്രിയേലിന്റെയും മിഖായേലിന്റെയും സഖിത്വത്തിന്റെ ശുശ്രൂഷ ഇതാണ്. എന്റെ അഭിപ്രായത്തിൽ പാട്ടുകളോ, ഗീതങ്ങളോ, പാദങ്ങളുള്ള സങ്കീർത്തനങ്ങളോ അല്ല. പ്രാർത്ഥനയുടെ ആധികാരിക രീതിയിലുള്ള വായനയ്ക്കു് അക്ഷരങ്ങളും സ്വരങ്ങളും പോലെ ഇവ സഹായകമാണെന്നു മാത്രം. തന്റെ എല്ലാ അവയവങ്ങളോടുംകൂടി 'ആത്മീയമനുഷ്യൻ' (1കൊറി. 2:15) നമ്മുടെ ഉള്ളിൽ ജീവിക്കുന്നു എന്ന അവബോധം നമുക്കുണ്ടാകുന്നതുവരെ – അതായതു്, സ്നാനത്തിൽ നാം ആയിത്തീരുന്നതു് – തന്റെ കുരിശിൽ മിശിഹാ കൊലപ്പെടുത്തിയ ആ 'പഴയ മനുഷ്യനെതിരായുള്ള പോരാട്ടം നമ്മുടെ ഉള്ളിൽ അവസാനിക്കുകയില്ല.

www.malankaralibrary.com

# 7

# മാർ ബാബായ്

## കുറിയാക്കോസിനുള്ള കത്ത്

### ആമുഖം

മാർ ബാബായ് എന്ന പേരുള്ള നിരവധി സഭാ നേതാക്കന്മാർ പേർഷ്യൻ സഭയിൽ ഉണ്ടായിരുന്നു. മാർ ബാബായ് കാതോലിക്കാ (+ 484), മഹാനായ മാർ ബാബായ് (+ 628), നിസിബിസിലെ മാർ ബാബായ് (+ 628) എന്നിവർ അവരിൽ പ്രമുഖരാണ്.

"കുറിയാക്കോസിനുള്ള കത്ത്" ഏതു ബാബായ് രചിച്ചു എന്ന് ഖണ്ഡിതമായി പറയാൻ സാധിക്കുകയില്ല. എന്നാൽ കയ്യെഴുത്തു പ്രതികളുടെ തലക്കെട്ടുകാം അത് മാർ ബാബായ് കാതോലിക്കായിൽ ആരോപിക്കുന്നു. ബർ എബ്രായാ ഈ ബാബായിയെപ്പററി വിവരിക്കുന്നുണ്ട് (ജി. ചേടിയത്ത്, ബർ എബ്രായാ, *സഭാചരിത്രം രണ്ടാം ഭാഗം*, പേ. 35-36). ബാബോവായ് എന്നും ബാബൂയാഹ് എന്നും അദ്ദേഹം അറിയപ്പെടുന്നു. കൈയെഴുത്തുപ്രതികളിലെ തലക്കെട്ട് പില്ക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതായിരിക്കാനാണിട എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. ബാബായ് എന്ന പേരുള്ള മററ് രണ്ട് പ്രശസ്ത വ്യക്തികളുമല്ല ഇതിന്റെ കർത്താക്കാം. അതുകൊണ്ട് ഈ രേഖയുടെ കർത്താവാരു് എന്ന് കൃത്യമായി പറയാൻ സാധ്യമല്ല. എന്നാൽ ഒന്നു തീർച്ചയാണ്. പേർഷ്യൻ സഭയിൽ വിരചിതമായതാണിതു്. സൊറൊവാസ്ട്രിയൻ മതത്തിൽ നിന്ന് മാനസാന്തരപ്പെട്ട കുറിയാക്കോസിനുള്ളതാണ് കത്ത് എന്ന് ഉള്ളടക്കം വ്യക്തമാക്കുന്നു. അത്തരം മാനസാന്തരം പേർഷ്യയിൽ, പ്രത്യേകിച്ച് ആറാം നൂററാണ്ടിൽ, നടന്നിരുന്നു. ആറാം നൂററാണ്ടിന്റെ ആദ്യഭാഗത്തായിരിക്കാം ഇതു് എഴുത

www.malankaralibrary.com



പ്പെട്ടത്. അപ്പമെയായിലെ യോഹന്നാൻ ഹെസീക്കിയ സിന് എഴുതിയ കത്തുമായി ഈ കത്തിനു വളരെ സാമ്യമുണ്ട്. S. Brock, *op. cit.* p. 138–163 ൽ നിന്നാണ് താഴെക്കാണുന്ന വിവർത്തനം.

## കുറിയാക്കോസിനുള്ള കത്ത്

ദുഷ്ടനായ ബർസൗമ കൊന്ന വിശുദ്ധ മാർ ബാബായിയുടെ കത്തു്; ഏകാന്തജീവിതത്തെപ്പററിയും പരിപൂർണവും ദിവ്യവുമായ പരിത്യാഗത്തെപ്പററിയും കുറിയാക്കോസ് എന്ന വൈദികനു്: അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മോടുകൂടി ആയിരിക്കട്ടെ.

പരിപൂർണവും സമഗ്രവുമായ പ്രവൃത്തിയാണ് മാലാഖമാർ അർപ്പിക്കുന്ന ആരാധന. അതു താഴെപ്പറയുന്നവ ആവശ്യപ്പെടുന്നു: ഹൃദയശുദ്ധി, യഥാർത്ഥ ദൈവസ്നേഹം, വിചാര നിയന്ത്രണം, മിശിഹായെക്കുറിച്ചുള്ള ധ്യാനം, ഇടവിടാതെയുള്ള പ്രാർത്ഥന, അശുദ്ധവിചാരങ്ങൾക്കെതിരായ ആത്മാർത്ഥമായ പോരാട്ടത്തിൽ ഉൾക്കൊണ്ടിരിക്കുന്ന നിരന്തരമായ ഉപവാസം, ജഡത്തോടുള്ള നിരന്തരപോരാട്ടം, വിഭവസമൃദ്ധമായ ഭക്ഷണം പരിവർജ്ജിക്കൽ, ആത്മാവിന്റെ ശാന്തസ്ഥിതി, യഥാർത്ഥ സന്തോഷം, നാവിനു വിവരിക്കാൻ അസാധ്യമായ ആമോദം, കൊടുക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്ന എല്ലാററിനോടുമുള്ള മരണം, ആകർഷണീയമായ എല്ലാററിനേയും നിരാകരിക്കൽ, എല്ലാ വ്യഗ്രതകളെയും ഇല്ലാതാക്കൽ, എല്ലാ തിന്മകളിൽനിന്നും രക്ഷപെടൽ, ആളുകളെ കാണുന്നതിൽനിന്ന് ഒഴിഞ്ഞിരിക്കൽ, രാത്രിയും പകലും ഇടതടവില്ലാത്ത വ്യാപാരം, ലൗകിക വ്യഗ്രതകളുമായി കൂടിക്കലരാത്ത ഉണർന്നിരിക്കുന്ന മനസ്സ്, അല്പാഹാരം, ആമോദത്തിന്റെ പോർക്കളം, സ്വയം ശൂന്യമാക്കലിന്റെ വൃക്ഷം.

2. ശരീരവിയർപ്പു കുടിക്കുകയും ആത്മാവു ചിന്തുന്ന രക്തംകൊണ്ടു് വളരുകയും ചെയ്യുന്ന അനുതാപീ, ഇവ കൂടാതെ, മരുഭൂമിയിൽ താമസിച്ച് തന്റെ ജീവിതത്തെ ക്ലേശിപ്പിക്കുന്നതു് പ്രയോജനരഹിതമാണ്. അനുതാപീ, ഇവയാണ് പ്രകാശത്തിന്റെ പുത്രിമാർ; ഇതാണ് അവർ ചെയ്യുന്നതു്. നിന്റെ വിവേചനാശക്തി ഉപയോഗിക്കുക. വീർപ്പുമുട്ടിക്കുന്ന ലോകത്തിന്റെ മാരക കർമ്മങ്ങളിൽനിന്ന് നിന്നെ വളരെ ദൂരെയകററുന്നതും ദൈവത്തിങ്കലേക്കു നിന്നെ അടുപ്പിക്കുന്നതു

www.malankaralibrary.com



മായ പാത തെരഞ്ഞെടുക്കുക. യാക്കോബിൽനിന്നു പ്രകാശിച്ച ഭാഗ്യനക്ഷത്രത്തിന്റെ നിശ്ചിതസ്ഥാനത്തു നീ എത്തിച്ചേരുന്നതുവരെ, നിന്റെ കൂട്ടുകാരായ ഭാഗ്യമുള്ള വിദ്വാന്മാരെപ്പോലെ ബേത്ലഹേമിലേക്കു നിന്റെ കാലടികൾ തിരിക്കുക. വിദ്വാന്മാർക്കെന്നപോലെ നിന്നെ നയിക്കാൻ നിനക്കൊരു നക്ഷത്രത്തിന്റെ ആവശ്യമില്ല; കാരണം, അക്കാലത്തു് വഴിയും റോഡും ഒന്നുമില്ലായിരുന്നു; എന്നാൽ ഇന്നാകട്ടെ നിരവധി വഴികളും റോഡുകളും ഇടത്താവളങ്ങളും ഉണ്ടു്.

3. ശ്രദ്ധേയമായ ഒരുപദേശം: സുകൃതപാതയിൽ സഞ്ചരിക്കുന്ന നീ, നിന്റെ പിതൃഭവനത്തിൽനിന്നു യാത്ര തിരിച്ച കാര്യം ഓർത്തുകൊള്ളണം; വേണ്ട കരുതലോടുകൂടി നിന്റെ രക്ഷ നേടേണ്ടതു് എങ്ങനെ എന്നു് അറിഞ്ഞിരിക്കണം. കാരണം, നിന്റെ ശൂന്യാസ്ഥിത ദിവസങ്ങളിൽ ഉണ്ടായ അശ്രദ്ധവഴി നിന്റെ ഭൗമികജീവിതം ദുർവ്യയം ചെയ്യപ്പെട്ടു. വിവേചനാശക്തിയുള്ളവർ പൊടിയും ജീർണാവസ്ഥയും കുടഞ്ഞുകളയുകയും മർത്ത്യതയുടെ മരണത്തിൽനിന്നു് ഉണരുകയും ചെയ്യുമ്പോൾ, തങ്ങളുടെ ജീവിതകാലത്തു് അശ്രദ്ധമായി ചെയ്യുന്നവയെല്ലാക്കെ കണക്കു കൊടുക്കേണ്ടിവരും.

4. അതുകൊണ്ടു് പ്രകൃതിയുടെ ബലഹീനത എന്ന മറപിടിക്കരുതു്; ശാരീരിക ദുരാശകളുടെ കാഠിന്യം നിമിത്തം വഴിതെറ്റിപ്പോകയുമരുതു്. നമ്മുടെ വംശക്കാർ മുഴുവൻ പാപികളാണെന്നും അവിടുന്നു പൂർണമായി നീതിമാനാണെന്നും ദൈവത്തോടടുത്തു കഴിയുന്നവൻ തന്റെ കൃപയാലാണ് ഈ അവസ്ഥയിലെത്തിയതെന്നും നീ മനസ്സിലാക്കണം. ഈ കാര്യത്തിൽ പൂർണമായി ദൈവത്തിനു തങ്ങളെത്തന്നെ സമർപ്പിച്ച നീതിമാന്മാരായ സ്ത്രീ പുരുഷന്മാർ നിന്നെ പ്രേരിപ്പിക്കട്ടെ. അങ്ങനെ അവഗണനസ്സായി നിന്നെ അടിമപ്പെടുത്തുന്ന നിന്റെ എല്ലാ തടസ്സങ്ങളും നീക്കാൻ നീ ശ്രമിക്കണം. നാളെയിൽ ആശ്രയിക്കേണ്ട: കാരണം, നിന്റെ വ്യാപാരം ഇന്നിലാണ്; വെറും വാക്കുകൾക്കോ, വസ്തുവകകൾ സമ്പാദിക്കുന്നതിനോ, കളിച്ചുരസിച്ച് അലഞ്ഞുതിരിയാനോ, അലസതയിൽ ചെലവഴിക്കുന്നതിനോ ഉള്ളതല്ല നമ്മുടെ സമയം. ഒരിക്കലുമല്ല; വിവേചനാശക്തിയുള്ളവർക്കു് ഇപ്പോൾ പ്രവർത്തിക്കുവാനുള്ള സമയമാണ്; ഇപ്പോൾ ഫലശേഖരണത്തിന്റെ സമയമാണ്; ഇപ്പോൾ അനുതാപത്തിന്റെ അവസരമാണ്; തന്റെ പൂർണ ഹൃദയത്തോടുകൂടി ഓരോരുത്തനും മിശിഹായെ വിളിച്ചപേക്ഷിക്കുവാനുള്ള സമയമാണിപ്പോൾ.

www.malankaralibrary.com



5. മുമ്പു് ജീവിച്ചവരോടു ചോദിക്കു; മുൻതലമുറകളിൽ നിന്നു പഠിക്കു; വിജ്ഞാനികൾ എവിടെയാണെന്നു നിൻെറ ശൂന്യാസ്തിത്വദിവസങ്ങളിൽ ചിന്തിക്കു. പ്രസംഗപാടവത്തിനു പ്രശസ്തിയാർജ്ജിച്ച പ്രഭാഷകരും താത്വികരും എവിടെ? കിരീടം ധരിച്ച രാജാക്കന്മാർ എവിടെ? ബലവും ശക്തിയുമുള്ളവരെന്നു കീർത്തികേട്ടവർ എവിടെ? ഭൂമിയോടു ചോദിക്കു; അതു നിന്നെ കാണിക്കും. പാതാളത്തോടു ചോദിക്കു; ഒരു രാഷ്ട്രവും, ധനികരും സമ്പന്നരുമായിത്തീർന്നവർ പോലും, നിലനിൽക്കുന്നില്ല എന്നു് അതു നിനക്കു വെളിപ്പെടുത്തും.

6. ഇതു നീ മനസ്സിലാക്കുന്നെങ്കിൽ, അവസാന നിമിഷം ദുഃഖിക്കാതിരിക്കാൻ നിൻെറ ആത്മാവിനെ കരുതലോടെ കാത്തുകൊള്ളുക. മരണത്തെക്കുറിച്ചുള്ള ഭയത്തിനു് അടിമപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക, നിനക്കെതിരെ പതിയിരിക്കുന്ന വേദനയെപ്പററി ഓർമ്മയുണ്ടായിരിക്കുക; നിൻെറ ഓരോ കാലടിയും ശ്രദ്ധയോടെ വയ്ക്കുക; അല്ലെങ്കിൽ അതു കെണിപോലെ നിൻെറ മേൽ വീഴും; നിന്നെ രക്ഷിക്കാൻ ആരും ഉണ്ടായിരിക്കുകയില്ല. സമയം കഴിഞ്ഞുപോയാൽ വേദനയോടു കൂടിയുള്ള കരച്ചിൽ ഒരു സുഖവും പ്രദാനം ചെയ്യുകയില്ല; കാരണം, അനുതാപത്തിൻെറ സമയം തീരാറായി; കൈക്കൂലി വാങ്ങാത്ത ആധിപത്യമുള്ളവൻ വാതില്ക്കൽ നില്ക്കുകയും ഭൂമി പൊടിക്കു് കല്പന കൊടുക്കുകയും ചെയ്യുമ്പോഴാണിതു്. നീ ദുരുപയോഗിച്ച 'സംയമം' നിന്നോടു ക്ഷമിക്കാതെ പെട്ടെന്നു കണക്കു പറയാൻ തുടങ്ങും.

7. എൻെറ സഹോദരാ, നീ സന്യാസജീവിതം തെരഞ്ഞെടുക്കുകയാണെങ്കിൽ പ്രശസ്തിയെയും അവഗണിക്കലിനേയുംപററി വളരെ കരുതലുള്ളവനായിരിക്കുക. പ്രതിഫലത്തിനായി അധ്വാനിക്കരുതു്. വർഷാവസാനം വരാൻ താല്പര്യപൂർവം കാത്തിരിക്കുന്ന ഉടമ്പടിപ്പണിക്കാരനെപ്പോലെയും സന്ധ്യയാകാൻ നോക്കിയിരിക്കുന്ന കൂലിവേലക്കാരനെപ്പോലെയും ആയിരിക്കരുതു്. ദൈവസ്നേഹം ഒഴിച്ച മററൊന്നും നിന്നെ പ്രേരിപ്പിക്കരുതു്; ദൈവസ്നേഹത്തെപ്രതി നീ അധ്വാനനിരതനായിരിക്കണം. അല്ലെങ്കിൽ ക്ലേശിക്കുന്നതിൽ എന്തു പ്രയോജനമാണുള്ളതു്, ഒരു ഗുണവുമില്ലാതെ നീ എന്തിനാണു ജീവിക്കുന്നതു്? കിണറിൻെറ മുഖത്തു് ഒരു തടിപ്പാലമിട്ടു് ഒരുവശത്തുകൂടി വെള്ളം കോരി മറുവശത്തുകൂടി തിരികെ ഒഴിക്കുന്നവനെപ്പോലെയായിരിക്കും ഇത്തരക്കാരൻ.

www.malankaralibrary.com



8. വിവേചനം കൂടാതെ ഒന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യരുത്. വ്യർത്ഥാഭിമാനംകൊണ്ട് ഒന്നും ചെയ്യരുത്. കാരണം, നീ ദൈവഭവനത്തിലാണ നില്ക്കുന്നത്; നീ ദൈവത്തെയാണ ശുശ്രൂഷിക്കുന്നത്. ദൈവമാണ നിനക്കു പ്രതിഫലം നല്കുന്നതെങ്കിൽ നീ ഭാഗ്യവാൻ തന്നെ; കാരണം, അവിടുന്ന തന്റെ സമൃദ്ധിയിൽനിന്നു നിനക്കു പ്രതിഫലം തരും.

9. എന്നാൽ സഹോദരാ, രഹസ്യനഷ്ടങ്ങളുമായി നിന്റെ ദിവസങ്ങൾ ചെലവഴിക്കാതിരിക്കറൻ ശ്രദ്ധിച്ചുകൊള്ളുക; ഒരു ഫലവും ഇല്ലാതെ നിന്റെ ജീവിതം പാഴാക്കിക്കളയരുത്. നിന്റെ പ്രവൃത്തികളും അധ്വാനങ്ങളും വഴി ദൈവത്തെയോ നിനക്കു ശുശ്രൂഷ ചെയ്യുന്ന മാലാഖാമാരെയോ നീ ദുഃഖിപ്പിക്കരുത്; നീ അവർക്കൊരു ഭാരമായിത്തീരരുത്. നിന്റെ ജീവിതം ദൈവികമായിരിക്കാൻ പരിശ്രമിക്കുക; ഒരു അമൂല്യ നിധി കാത്തുസൂക്ഷിക്കുന്നവനെപ്പോലെ അവിടുന്ന നിന്നിൽ സന്തോഷിക്കും. കാരണം, നിന്റെ പ്രവൃത്തികളെ നിയന്ത്രിക്കുന്ന ചെങ്കോൽ അവിടുത്തെ കൈകളിലാണ്.

10. ബാഹ്യകാര്യങ്ങളിൽ അതീവ തല്പരനാകേണ്ട; അല്ലെങ്കിൽ, നീ വീട്ടിലൊന്നുമില്ലാതെ മോടിയുള്ള വസ്ത്രങ്ങളും ധരിച്ചു നടക്കുന്നവനെപ്പോലെയായിരിക്കും. ഇപ്രകാരം, ബാഹ്യമായി ദരിദ്രനെപ്പോലെ കാണപ്പെട്ടുന്നെങ്കിലും തന്റെ ഭവനത്തിൽ സ്വർണവും നിക്ഷേപങ്ങളുമുള്ളവനേപോലെ ആന്തരിക കാര്യങ്ങളിൽ നീ ഉത്സുകനായിരിക്കണം. ബുദ്ധിമാനായ മനുഷ്യനു് ഇപ്രകാരമായിരിക്കുക വളരെ എളുപ്പമാണ്; എന്നാൽ ബുദ്ധിമാനായിത്തീരുക എന്നത് സാധാരണമല്ല.

11. ദൈവഭവനത്തിൽ നല്ല പണിക്കാരനായിരിക്കുക; അധ്വാനത്തിൽ നിന്നു നിന്റെ ശരീരത്തെ ഒഴിവാക്കേണ്ട. കാരണം, നിന്റെ എല്ലാ കാര്യങ്ങളും ദൈവത്തിന്റെ നിയന്ത്രണത്തിലാണ്. നിന്റെ പൂർണ ഹൃദയത്തോടുകൂടെ നിന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കുക. നീ ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നവയെല്ലാം ദൈവം കാണുന്നു എന്നു് നിന്റെ മനസ്സിൽ കരുതുക.

12. ദാസനായിരിക്കുക, അതേസമയം സ്വതന്ത്രനും ഒന്നിനാലും നിർബന്ധിക്കപ്പെടാത്തവനും ആയിരിക്കുക. വെറുപ്പിനു നിന്നെത്തന്നെ കയ്യാളിക്കുക; എളിയ കർമ്മങ്ങൾ നിന്നെ വിമു

www.malankaralibrary.com



ഖനാക്കരുത്; നീ അവയ്ക്ക് ഉപരിസ്ഥനാണെന്നു കരുതി അത്തരം പ്രവൃത്തികളെ നിസ്സാരമായി കാണരുത്. കാരണം, ചെറിയ കാര്യങ്ങളിൽ നീ മികച്ചവനായിത്തീർന്നില്ലെങ്കിൽ വലിയവയിൽ നീ മികച്ചവനാകുമെന്നു നിനക്ക് ആത്മവിശ്വാസം ഉണ്ടാകുകയില്ല. നീ ബഹുമാന്യനായ വ്യക്തിയാണ് എന്നു ഭാവിക്കരുത്; ആശ്രമത്തിൽ നിന്നേക്കാൾ പ്രായമുള്ളവരെ ഭരിക്കാൻ മുതിരരുത്. അല്ലെങ്കിൽ യഥാർത്ഥ ബഹുമാനത്തിൻെറ സമയം വരുമ്പോൾ നീ അവസാനത്തവനായിരിക്കും. നിൻേറതിനേക്കാൾ കുലീനത്വം കുറഞ്ഞ കുടുംബത്തിൽ നിന്നു വരുന്നവരോട് മേലാളിനെപ്പോലെ പ്രവർത്തിക്കരുത്; കാരണം, എല്ലാ മനുഷ്യരും, രാജാക്കന്മാരും ദാസന്മാരും ധനികരും ദരിദ്രരും, ഒരേ പൊടിയിൽനിന്ന് എടുക്കപ്പെട്ടിരിക്കുന്നു.

13. നിന്നോട്ട് ഒരു ചോദ്യം ചോദിച്ചെങ്കിലല്ലാതെ മററുള്ളവരുടെ സാന്നിധ്യത്തിൽ നീ സംസാരിക്കരുത്. നിൻറത്രയും വിജ്ഞാനത്തിലും അധ്വാനങ്ങളിലും മുന്നേറാത്തവരെ നിന്ദിക്കരുത്. അവരേക്കാൾ ഏതെങ്കിലും തരത്തിൽ നീ മെച്ചപ്പെട്ടവനാണെന്ന് കരുതരുത്; താൻ മെച്ചപ്പെട്ടവനാണ് എന്ന് സ്വയം കരുതാത്തവൻ ഭാഗ്യവാനാകുന്നു. അല്ലെങ്കിൽ, നിൻെറ നികൃഷ്ടാവസ്ഥയെപററി നിനക്കവബോധം ഉണ്ടാകാനായി, നിനക്കുള്ള നേട്ടങ്ങൾ നഷ്ടമായി നീ ലജ്ജയിലേക്കു നിപതിക്കയും നിന്ദിക്കപ്പെടുകയും ചെയ്യും.

14. തനിക്കൊന്നും ഇല്ലാതിരിക്കെ താനെന്തോ ആണെന്ന് കരുതുന്നവൻ വെറും ഒരു വിഡ്ഢിയാണ്. കഴുതപ്പുറത്തു കയറി മാനിനെ ഓടിക്കുന്നവനെപ്പോലെയാണ് അവൻ: അവൻ ക്ഷീണിക്കയെല്ലാതെ മാനിനെ പിടികിട്ടുകയില്ല. അതുപോലെ സുകൃതജീവിതത്തിലായിരിക്കുകയും തന്നെപ്പററിത്തന്നെ വലിയ അഭിപ്രായം പുലർത്തുകയും ചെയ്യുന്നവൻ ഒരു പുരോഗതിയും കൈവരിക്കാതെ ശാരീരികക്ലേശത്തിനു വിധേയനാകുന്നു.

15. സഹോദരാ, എല്ലാ നന്മയും മോഷ്ടിക്കുന്നവൻ നിന്നിൽ നിന്നുകൂടി മോഷ്ടിക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുക; അല്ലെങ്കിൽ 'ഞാൻ ഒരു ക്രിസ്ത്യാനി ആയിത്തീർന്നല്ലോ, അതു മതി' എന്ന് നീ തെററായി ചിന്തിക്കാൻ ഇടയാകും. ഗ്രഹണശക്തിയില്ലാത്ത മനുഷ്യൻ മാത്രമേ അപ്രകാരം ചിന്തിക്കൂ. കാരണം, വിശുദ്ധ സ്നാനത്തിൻെറ മുദ്ര കിട്ടിയാൽ മാത്രം പോരാ. പിന്നെയോ തൻെറ സ്രഷ്ടാവിൻെറ തിരുഹിതം അനുസരിച്ച്

www.malankaralibrary.com



തൻെറ ജീവിതം നയിക്കാൻ അവ്ൻ പരിശ്രമിക്കണം. ശവത്തെ തൊട്ടശേഷം കളിച്ച വ്യക്തി വീണ്ടുംപോയി ശവത്തെ തൊട്ടാൽ അവൻ കളിച്ചതുകൊണ്ട് എന്തു ഫലമാണുള്ളത്? തിരിച്ചറിവുള്ള സ്നേഹിതാ, നിന്നിൽ കൃപ പ്രവർത്തിച്ചു. കാരണം, നീ അടിമത്തത്തിൽ കഴിഞ്ഞപ്പോഠം, സ്വർഗീയ രാജാവിൻെറ ദാസനായിത്തീരാൻ, സ്വാതന്ത്ര്യത്തിലേക്കു നീ വിളിക്കപ്പെട്ടു – വെറുമൊരു ദാസനായിട്ടല്ല, പിന്നെയോ ഒരു സഹപ്രവർത്തകനായും, മിനിസ്റ്ററായും തൻെറ രഹസ്യങ്ങളിൽ പങ്കാളിയായും. നീ ഒരു കള്ളയായിരുന്നപ്പോഠം ഗേഹന്നായിലേക്കു പോകാൻ തയാറായിരുന്നതാണോ, ഇപ്പോഠം നീ ഗോതമ്പുമണിയായി സന്തോഷങ്ങളുടെ കളപ്പുരയിലേക്ക് പോകുന്നതാണോ, ഏതാണ് മെച്ചപ്പെട്ടതെന്ന് നീ തന്നെ പറയുക.

16. അനുതാപീ, കൃപയുടെ പ്രവത്തനം നിന്നിൽ വളരെ വലുതായതിനാൽ, മററാരേക്കാളും കൂടുതലായി, അനേക തവണ നീ നിൻെറ ജീവിതം ദൈവത്തിൽ സമർപ്പിക്കണം. കാരണം, ദൈവത്തിനു് മനുഷ്യൻെറ ആവശ്യമില്ല.

17. ശ്രദ്ധേയമായ ഒരുപദേശം: വിനയത്തിൻെറ ഈ പാതയിൽ സഞ്ചരിക്കുന്ന നീ കരുതലുള്ളവനായിരിക്കുക; അല്ലെങ്കിൽ നിൻെറ ഹൃദയം കഠിനപ്പെട്ട്, പൊളിക്കയും വീണ്ടും പണിയുകയും ചെയ്തു്, വീണ്ടും വീണ്ടും അനുതപിക്കേണ്ടതായി വരും. പൊളിക്കയും വീണ്ടും പണിയുകയും ചെയ്യുന്നതു് അവൻെറ തളർച്ചയുടെ ഒരു സൂചന മാത്രമാണ്; അവൻ അവൻെറ ശരീരത്തെ ക്ലേശിപ്പിക്കുന്നു; അവൻ നേടിയതൊന്നും ആർക്കും കാണാൻ സാധിക്കയില്ല.

18. നിനക്കു് തുറന്ന മനസ്സും ക്ഷമയുള്ള ഹൃദയവും ഉണ്ടായിരിക്കണം; അനേകരുടെ ഭാരം വഹിക്കുന്ന ഒരു വിനീത മനസ്ഥിതിയും ഉണ്ടായിരിക്കണം. ''എന്തുകൊണ്ടെന്നാൽ മനുഷ്യപുത്രൻ വന്നതു് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകർക്കുവേണ്ടി മോചനദ്രവ്യമായി തന്നെത്തന്നെ സമപ്പിക്കാനുമാണ്'' (മത്താ.20:28). കാണാതിരിക്കുമ്പോഠം നിങ്ങളുടെ കണ്ണുകഠം കാണട്ടെ. കേഠക്കാതിരിക്കുമ്പോഠം നിങ്ങളുടെ ചെവികഠം കേഠക്കട്ടെ. ദൈവഭയത്തിൽ പ്രായം ചെന്നവരെ ബഹുമാനപൂർവം പരിഗണിക്കണം; അവരെ മനുഷ്യരായിട്ടല്ല, നമ്മുടെ കർത്താവായിട്ടു് ബഹുമാനിക്കണം. കാരണം, കത്താവിനെ ഭയപ്പെടുന്ന വ്യക്തിയെ ബഹുമാനിക്കുന്നവനേക്കാഠം വലിയവനായി ആരുമില്ല.

19. വിജ്ഞാനികളല്ല, വിഡ്ഢികഠം നിൻെറ ശത്രുക്കഠം ആയിരിക്കട്ടെ – ഇതു് ആലങ്കാരികാത്ഥത്തിലല്ല, പിന്നെയോ

www.malankaralibrary.com



മുകപണ്ടത്തെ തട്ടാൻ നിരസിക്കുന്നതുപോലെ, നിന്റെ പ്രവൃത്തികൾകൊണ്ട് വിഡ്ഢികളെയും നിന്റെ വിനയത്താൽ അഹങ്കാരികളെയും നീ കുറപ്പെടുത്തണം. നീണ്ട ജീവിതത്തിൽ ആശ്രയിക്കേണ്ട; ഇത്രയിത്ര വർഷങ്ങൾ മുമ്പിലുണ്ട് എന്ന് കണക്കുകൂട്ടി നിന്റെ ഹൃദയം നിന്നെ വഞ്ചിക്കാതിരിക്കട്ടെ. കാരണം, ദിവസങ്ങൾക്കോ വർഷങ്ങൾക്കോ വിജ്ഞാനത്തെ പൂർണ അളവിൽ നിന്നെ പഠിപ്പിക്കാൻ സാധിക്കുകയില്ല. "ഒന്നാമത്തുള്ള പലരും അവസാനത്തവരാകും; അവസാനമുള്ളവർ ഒന്നാമതും." ഭൂമി ഏകമാണ്; കൃഷിക്കാരനും വിത്തും ജലസേചനവും അതുപോലെതന്നെ. എന്നാൽ ഫലങ്ങളുടെ സമൃദ്ധിയിൽ വൈവിധ്യമുണ്ട്; ബാക്കിയുള്ളവയെക്കാൾ സമൃദ്ധമാണത്. നിരന്തര പ്രാർത്ഥനകൊണ്ടും സങ്കീർത്തനങ്ങളുടെ ആലപനംകൊണ്ടും നിന്റെ ആത്മാവാകുന്ന നിലത്തു കൃഷി ചെയ്യുവാൻ നീ ശ്രദ്ധിക്കുക. നിന്റെ ആത്മാവിനെ നീ അവഗണിക്കരുത്; പിന്നെയോ അതിന്റെ ആഴത്തിലുള്ള അശുദ്ധ വിചാരങ്ങളെ അമർച്ച ചെയ്യാൻ നിരന്തര പരിശ്രമം ചെയ്യുക; ഹൃദയത്തെ അശുദ്ധമാക്കിക്കൊണ്ട്, ശുദ്ധതയിലും വിശുദ്ധിയിലും പുരോഗമിക്കുന്നതിൽ നിന്ന് അശുദ്ധവിചാരങ്ങൾ അതിനെ പതിവായി തടയുന്നു. കാരണം പ്രത്യേകമായി മനുഷ്യകുലത്തിന്റെ തകർച്ചയുടെ വാഹകർ ഇവയാണ്. ശുദ്ധമാനസ്സരായ മനുഷ്യർക്ക് ഇരുമ്പിലെ തുരുമ്പുപോലെയാണ് അവ; താൻ ചെയ്യുന്നതെന്തെന്ന് കാണാൻ കഴിയാത്തവണ്ണം ആത്മാവിന്റെ കണ്ണുകളുടെ മേലുള്ള മൂടിക്കെട്ടലുകളാണവ.

20. അനുതാപീ, നീ ഈ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും അവയെപ്പററി യഥാർത്ഥമായും പൂർണഹൃദയത്തോടുകൂടെയും അന്വേഷണം നടത്താൻ ശ്രമിക്കയും ചെയ്താൽ, നിന്റെ ജീവിതത്തിന് വളരെ പ്രയോജനപ്രദമായ കാര്യം നീ കണ്ടെത്തും. സന്യാസജീവിതത്തിൽ പൂർണമായും നിന്റെ സ്വന്ത ഇഷ്ടത്താൽ നീ അവഗണിക്കപ്പെട്ട ഒരു ദാസനായി തീർന്നില്ലെങ്കിൽ, വേണ്ടവിധം അനുതാപത്തിന്റെ ജീവിതം സ്വായത്തമാക്കുവാൻ നിനക്കു സാധിക്കുകയില്ല. ദൈവഭയത്തിൽ നിന്റെ പൂർണഹൃദയത്തോടുകൂടെ നീ സന്യാസജീവിതം നയിക്കുകയാണെങ്കിൽ, നീ ചോദിക്കുന്നവ മാത്രമല്ല, നിന്റെ മനസ്സിൽ തോന്നാത്തവകൂടിപ്പോലും അതുവഴി നിനക്കു കൈവരും. ഇതു കൂടുതലായി നിനക്കു ബോധ്യപ്പെട്ടു കാണുമല്ലോ. ഞാൻ പറയുന്നതെന്താണെന്ന് അവസാനത്തിൽ നിനക്കു ബോധ്യപ്പെടും. തന്റെ മുഴുവൻ ശക്തിയോടുകൂടി ഭാഗ്യവാനായ യാക്കോബ് റാഹേലിനുവേണ്ടി അധ്വാനിച്ചില്ലായിരുന്നെ

www.malankaralibrary.com



ങ്കിൽ, അവന്റെ മനസ്സിൽ ഉദിക്കാതിരുന്ന ലെയായെപ്പോലും അവനു ലഭിക്കുകയില്ലായിരുന്നു.

21. അതുകൊണ്ടു് നിനക്കെന്നെതിനേക്കാരം മററുള്ളവക്കു് ആധ്യാത്മികാനന്ദം പ്രദാനം ചെയ്യുന്നവയ്ക്കായി അപേക്ഷിക്കാൻ നിന്റെ മുഴുവൻ ശക്തിയോടുകൂടെ പരിശ്രമിക്കുക.

22. ഏകാന്തജീവിതത്തെപ്പററി: ദൈവത്തെ സ്നേഹിക്കുന്ന സഹോദരാ, നീ ഏകാന്തജീവിതത്തെ സ്നേഹിക്കുന്നുണ്ടോ, ഒരു അനുതാപിയായി കഴിയാൻ തല്പരനാണോ, മരുഭൂമിയിലെ നിശ്ശബ്ദജീവിതത്തിൽ നീ സന്തുഷ്ടനാണോ, ഒരു ദൈവമനുഷ്യനായിത്തീരാൻ യഥാർത്ഥമായി നീ തല്പരനാണോ എന്നൊക്കെ നോക്കുക. താഴെപ്പറയുന്നവയ്ക്കായി പരിശ്രമിക്കുക: എല്ലാ വിചാരങ്ങളെയും നിയന്ത്രിക്കൽ, ദൈവത്തെപ്പററിയുള്ള ധ്യാനം, ഇടവിടാതെയുള്ള പ്രാർത്ഥന, ഹൃദയവിശുദ്ധി, ശുദ്ധമനസ്സാക്ഷി, പിശാചിനെതിരെയുള്ള പോരാട്ടത്തെപ്പററിയുള്ള ശരിയായ ധാരണ, വിവേചനം, നിന്ദ്യമായ വികാരങ്ങളെ നിയന്ത്രിക്കൽ, ഏകാഗ്രത, ലംഘനങ്ങൾക്കെതിരായുള്ള കൃത്യമായ കരുതൽ, ലോകത്തിനുപരിസ്ഥമായി ആത്മാവിനെ ഉയർത്തൽ, ഇവയ്ക്കു പുറമെ തുടർച്ചയായ ഉപവാസം, വിശുദ്ധ ഗ്രന്ഥവായന, സങ്കീർത്തനാലാപനം, മഹനീയ കാര്യങ്ങളെപ്പററിയുള്ള ധ്യാനം.

23. ഇവയ്ക്കു പുറമെ താഴെപ്പറയുന്ന കാര്യങ്ങൾക്കായി നീ അധ്വാനിക്കണം: ആധ്യാത്മിക ധാരണ, വിവേചനം, എല്ലാ സംഭവവികാസങ്ങളിലും ക്ഷമ, ഒരു സ്ഥലത്തു് സ്ഥിരമായി പാർക്കൽ. – കാരണം തനിക്കെതിരെ പൊട്ടിവിടർന്ന കാമവികാരത്തെ യൗസേപ്പ് ഉണക്കിക്കളഞ്ഞതു്, ആധ്യാത്മിക ധാരണവഴിയാണ്. വിവേചനംവഴിയാണ് ഹനനിയായും അവന്റെ സ്നേഹിതരും ബാബിലോണിയാക്കാരെയും വിജ്ഞാനികളെയും കീഴടക്കിയതു്. ക്ഷമ വഴിയാണ് ഇയ്യോബ് വിജയിച്ചതു്.

24. കൂടാതെ, എഴുതാനുള്ള പ്രേരണയിൽ നിന്നു് ഓടിയകലുക; അല്ലെങ്കിൽ വിവിധ വിജ്ഞാനശാഖകളെപ്പററിയുള്ള അറിവു തേടാൻ നിന്റെ ആത്മാവ് ഇറങ്ങിപ്പുറപ്പെടുകയും വിവേചനാരഹിതമായ പ്രസ്താവനകളിലൂടെ ദൈവത്തെപ്പററിയുള്ള വിചിന്തനം നടത്താതെ ശുഷ്കമായിത്തീരുകയും ചെയ്യാൻ ഇടയുണ്ടു്; നിന്റെ ജോലിഭാരം വർദ്ധിക്കുകയും നിന്റെ ശരിയായ ദൗത്യാനുസൃതം നീ പ്രവർത്തിക്കാതിരിക്കുകയും ചെയ്യാനിടയാകും.

www.malankaralibrary.com



25. അത്യാവശ്യത്തിനല്ലാതെ, ദിവസം രണ്ടു പ്രാവശ്യം ഭക്ഷിക്കാതിരിക്കാൻ ശ്രദ്ധിക്കുക. ശരീരത്തിലും ആത്മാവിലും രോഗിയായിത്തീരാതിരിക്കാൻ, വയറുനിറച്ചു് ഭക്ഷിക്കാതിരിക്കുക; കാരണം, അമിതഭക്ഷണം രോഗം ക്ഷണിച്ചുവരുത്തുന്നു. വളരെയധികം ഭക്ഷിക്കുന്നവൻ രോഗിയാകുന്നു; എന്നാൽ ഇതിൽ ശ്രദ്ധിക്കുന്നവനു് ദീർഘായുസ്സുണ്ടു്. ഭക്ഷണകാര്യങ്ങളിൽ ശ്രദ്ധരായിരിക്കാൻ എല്ലാവരെക്കൊണ്ടും സാധിക്കുകയില്ല.

26. സന്യാസിനികളോടുള്ള സംഭാഷണം ഒഴിവാക്കുക; മുഖത്തുനോക്കുന്നതിൽ കരുതലുള്ളവനായിരിക്കുക; അല്ലെങ്കിൽ നീ അറിയാതെ അതു നിന്നെ സ്വാധീനിക്കുകയും നീ അറിയാതെ അതു നിന്നെ കൊല്ലുകയും ചെയ്യും. വയർ തുറന്ന ശേഷം തന്റെ ഷർട്ടു് തുന്നിത്തയ്ക്കുന്നവനെപ്പോലെയായിരിക്കും ഇത്തരക്കാരൻ; അല്ലെങ്കിൽ അവിദഗ്ദ്ധനായ ഡോക്ടർ, ഒരാളുടെ ഗുണത്തിനുവേണ്ടി ഒരു ലോഹോപകരണം ഉപയോഗിച്ചു് അയാളെ മുറിപ്പെടുത്തി എന്നും അതിന്റെ ഫലമായി അയാളറിയാതെ അയാളുടെ രക്തം മുഴുവൻ വാർന്നുപോയി എന്നും കരുതുക. ഇത്തരക്കാരൻ ആ മനുഷ്യനെപ്പോലെയായിരിക്കും. അതുമല്ലെങ്കിൽ വിഷം പുരട്ടിയ തേനട ഒരുത്തനു് കൊടുത്തു എന്നു കരുതുക. അയാളറിയാതെ അതു ഭക്ഷിച്ചു മരിക്കുന്നു. അതുപോലെയാണിതു്. സന്യാസിനികളുമായി ബന്ധം പുലർത്തി അവരെ കാണാൻ തിടുക്കം കൂട്ടുന്നവർ ഇതുപോലെയാണു്: തങ്ങളറിയാതെ ആത്മീയമായി അവർ കൊല്ലപ്പെട്ടിരിക്കുന്നു; അവരുടെ ആത്മാവു് അന്ധകാരമയമായി; തങ്ങളുടെ ശരീരത്തിനുള്ളിൽ അതു ദുഷിച്ചു; അവരുടെ ആത്മാക്കളിൽ ശുദ്ധതരണം നടത്തുക അസാധ്യമാണു്. അകത്തു മുഴുവൻ തവളകളുള്ള, സ്വർണ്ണം പൊതിഞ്ഞ രൂപം പോലെയാണവർ.

27. ഞാൻ നിന്നോടു പറയുന്നതു സ്വീകരിക്കുക; കാരണം, എന്റെ വചനങ്ങൾ വിശ്വസനീയങ്ങളാണു്: "വസ്ത്രം കത്തിപ്പോകാതെ ആർക്കെങ്കിലും തന്റെ മടിയിൽ തീ കൊണ്ടുനടക്കാമോ? അല്ലെങ്കിൽ കാലു് വെന്തുപോകാതെ ആർക്കെങ്കിലും കനലിന്മീതേ നടക്കാമോ? (സദൃശ്യ 6: 27–28).

28. ആശ്രമത്തിൽ അനേക സഹോദരന്മാരോടുകൂടെ നീ ആയിരിക്കുമ്പോൾ സാധാരണയിൽനിന്നു വ്യത്യസ്തമായി എന്തെങ്കിലും പ്രവർത്തിക്കുകയോ, പ്രത്യേക ജീവിതരീതി അനുവർത്തിക്കുകയോ അരുതു്; അല്ലെങ്കിൽ, പുരോഗമിക്കയാണു് എന്നു് നീ കരുതുമ്പോൾ, യഥാർത്ഥത്തിൽ നീ പിറ

www.malankaralibrary.com



കോട്ട പോകയായിരിക്കും; കൊയ്തിട്ട് ധാന്യമണികൾ തൂകി ക്കളയുന്നവനെപ്പോലെയും, നട്ടിട്ട് പൊക്കിയെടുക്കുന്നവനെ പ്പോലെയും ആയിരിക്കും ഇത്തരക്കാർ.

29. നിൻെറ അധ്വാനങ്ങളും സദ്പ്രവൃത്തികളും മനുഷ്യ രല്ല, ദൈവമാണ് കാണുന്നത് എന്ന് കഴിവുള്ളിടത്തോളം ഉറപ്പുവരുത്താൻ ശ്രമിക്കുക. അവ മററുള്ളവർ കണ്ടുകഴിഞ്ഞാൽ ആ നിമിഷം, അവ ദുഷിച്ചു കഴിഞ്ഞു. കാരണം, മനുഷ്യർക്ക് നല്ലതെന്ന് തോന്നുന്നതും എന്നാൽ മരണത്തിലേക്കു നയിക്കു ന്നതുമായ ഒരു പാതയുണ്ട്. നിൻെറ സദ്പ്രവൃത്തികൾ മററു ള്ളവരെ കാണിച്ചാൽ നിൻെറ സന്യാസജീവിതം അസ്വീകാ ര്യമായിരിക്കും.

30. റൊട്ടി പുല്ലിനടിയിൽ ഒളിച്ചുവച്ച് പിന്നീട് ഭക്ഷി ക്കാൻ വളരെ എളുപ്പം ഒരാൾക്കു കഴിഞ്ഞേക്കാം; എന്നാൽ പുല്ല് റൊട്ടിക്കകത്ത് ഒളിച്ചുവച്ചിട്ട് ജീവിക്കാൻ വിവേകമതി കൾക്കേ സാധിക്കൂ. സദ്പ്രവൃത്തികൾ മറച്ചുവയ്ക്കുന്നതാണ് നല്ലത്: ദൈവം മാത്രം ഒരുവൻെറ സദ്പ്രവൃത്തികൾ കാണു മ്പോൾ അവൻ ഉന്നതനില പ്രാപിച്ചിരിക്കുന്നു.

31. വളരെയധികം കാര്യങ്ങൾ ഏറെറടുക്കരുത്. അല്ലെ ങ്കിൽ ദിവസം നിന്നെ മാസത്തിനേല്പിച്ചുകൊടുക്കും; മാസം നിന്നെ വർഷത്തിനു വിധേയനാക്കും. നിനക്കു കഴിവുള്ളിട ത്തോളം ഒരവസരം ഒരു വർഷത്തിൽ കൂടുതൽ ചുമതലയേല്ക്കാ തിരിക്കാൻ ശ്രദ്ധാലുവായിരിക്കുക; കാരണം ഗ്രാമത്തിലെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അനുതാപി ലോകത്തിൻേറ താണ്; രാജാവിനെ കാണിക്കുമ്പോൾ തൻെറ ദൃഷ്ടി തിരിച്ച് ആനയെ നോക്കുന്നവനെപ്പോലെയാണ് അത്തരക്കാരൻ. ശരീ രത്തെ സംരക്ഷിക്കുന്നതിനേക്കാൾ കൂടുതൽ ആത്മാവിനെ സംരക്ഷിക്കാനുതകുന്ന കാര്യങ്ങൾ നിൻെറ മുറിയിൽ നിനക്കു ണ്ടായിരിക്കണം. ചില ബാഹ്യപ്രവർത്തനങ്ങളിൽ വ്യാപൃത നായിരുന്നാൽ നിനക്കു പുരോഗമിക്കാൻ പ്രയാസമാണ്. നിൻെറ ദിവസം ഏകമായിരിക്കട്ടെ; നാളെ വിസ്മരിക്കപ്പെട്ടു കയില്ല; അല്ലെങ്കിൽ വിരസത നിന്നെ അലോസരപ്പെടുത്തും. ഒരന്ധൻ മരിക്കാറായപ്പോൾ ആരോ അവനോട് ചോദിച്ചു: "നിനക്കെന്തു പ്രായമുണ്ട്?" അന്ധൻ പ്രത്യുത്തരിച്ചു: "ഒരു രാത്രിയുടെ പ്രായം." അനുതാപീ, നിൻെറ കാര്യത്തിലും ഇപ്ര കാരം ആയിരിക്കണം. നിൻെറ പൂർണഹൃദയത്തോടും പൂർണാ ത്മാവോടും സർവശക്തിയോടുംകൂടെ നിൻെറ ദിവസം ഏക മായിരിക്കട്ടെ.

www.malankaralibrary.com



32. ഇടതടവില്ലാതെ പ്രാർത്ഥിക്കാൻ ശ്രദ്ധിക്കുക; കാരണം പ്രാർത്ഥന ആത്മാവിനു പ്രകാശമാണ്; അത് ശരീരത്തിനു കാവലായി വർത്തിക്കുന്നു. നീ പ്രാർത്ഥനയ്ക്കായി നിൽക്കുമ്പോൾ മാത്രം പ്രാർത്ഥിച്ചാൽ പോരാ, പിന്നെയോ, നീ നടക്കുമ്പോഴും എന്തെങ്കിലും ചെയ്യുമ്പോഴും, ഉറങ്ങുമ്പോഴും ഭക്ഷിക്കുമ്പോഴും ഒക്കെ പ്രാർത്ഥിക്കണം. നിന്റെ വായ് ഭക്ഷിക്കുമ്പോൾ നിന്റെ ഹൃദയം പ്രാർത്ഥിക്കട്ടെ. നിന്റെ വലത്തുകൈ മേശപ്പുറത്ത് നിന്റെ ശാരീരികാവശ്യങ്ങൾ നിറവേററുമ്പോൾ, നിന്റെ മനസ്സ് നിന്റെ ആവശ്യങ്ങൾ സാധിച്ചുതരുന്നയാളിനെ സ്തുതിക്കുകയും ആ ആളിനു നന്ദി പറയുകയും ചെയ്യട്ടെ. ഇങ്ങനെ, നീ ശ്രവിക്കാതെതന്നെ നിന്റെ ശരീരത്തിൽ നിന്റെ ഭക്ഷണം ആശീർവദിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യും.

33. നീ ഒരു വികാരത്തിനും അടിമപ്പെടാതിരിക്കാനും ഒരു തെററും നിന്നെ വഴി തെററിക്കാതിരിക്കാനുമായി ജാഗ്രതയുള്ളവനായിരിക്കുക. മററുള്ളവർ ഭക്ഷണസമയത്ത് ശരീരങ്ങൾക്കാനന്ദം പ്രദാനം ചെയ്തുകൊണ്ട് ഉല്ലസിക്കുമ്പോൾ, നീ നിന്റെ ആത്മാവിനാനന്ദം പകർന്നുകൊണ്ട് പ്രാർത്ഥിക്കണം. കൂടുതൽ വിഭവസമൃദ്ധമായവ നിന്റെ മുൻപാകെ വയ്ക്കപ്പെട്ടപ്പോൾ നിനക്കുള്ള എല്ലാ നല്ല വസ്തുക്കളുടെയും ദാതാവായ മിശിഹായ്ക്ക് നിന്റെ ആത്മാവ് കൂടുതൽ സ്തോത്രമർപ്പിക്കണം.

34. രാത്രിയോ പകലോ നിന്റെ ശരീരത്തിനു നീ വിശ്രമം കൊടുക്കുമ്പോൾ, വൈകിട്ട് കൊയ്ത്ത് നിർത്തുന്നവനെപ്പോലെ പ്രാർത്ഥനയ്ക്കുശേഷം കിടക്കുക.

35. എന്റെ വാത്സല്യവാനേ, നീ പ്രാർത്ഥനാകർമ്മത്തിൽ തല്പരനാകാൻ പോകുകയാണെങ്കിൽ നിരവധി സംഗതികൾ നിന്നെ ആകർഷിക്കരുത്; എന്തെങ്കിലും മുടന്തൻ ന്യായം പറഞ്ഞ് കാനോനാ നമസ്കാരം ഉപേക്ഷിക്കരുത്. അല്ലെങ്കിൽ, "പ്രയോജനമില്ലാത്ത ഭൃത്യനെ പുറത്തെ അന്ധകാരത്തിലേക്ക് എറിഞ്ഞുകളയുക" എന്ന വാക്കുകൾ (മത്താ. 25:30) നിന്നിൽ അന്വർത്ഥമാകും. വളരെയധികം കാര്യങ്ങളിൽ ഇടപെടേണ്ട; അവ നിന്റെ ആത്മാവിനു ക്ലാവും നിന്റെ ശരീരത്തിനു രോഗവുമാണ്.

36. നിന്റെ ശക്തിയിൽ കവിഞ്ഞ് നീ അദ്ധ്വാനിക്കേണ്ട. അല്ലെങ്കിൽ നിന്റെ സ്ഥലത്തുനിന്ന് പുറപ്പെട്ടുപോകാൻ നീ നിർബന്ധിതനായേക്കും. തന്റെ ശക്തിക്കനു

www.malankaralibrary.com



സ്വന്തമായ, കൊച്ചുകോഴിയുടെ ചിറകുകൾ വഹിച്ചുകൊണ്ടു പോയവൻ അതു കളഞ്ഞിട്ട് ഒരു തുലാം ചുമക്കുകയും താഴെ വീഴുകയും ആളുകൾ അവനെ കളിയാക്കുകയും ചെയ്തതുപോലെയിരിക്കും അത്.

37. ദൂരെയുള്ള വലിയ നേട്ടം പ്രതീക്ഷിച്ച് അടുത്തുള്ള ചെറിയ നേട്ടം ഉപേക്ഷിക്കരുത്; അല്ലെങ്കിൽ അടുത്തുള്ള നിസ്സാരമായവ നീ കൈവിടുമ്പോൾ വലിയവയെ എത്തിപ്പിടിക്കാൻ നിനക്കു കഴിയാതെ വരുകയും നിനക്കു രണ്ടും നഷ്ടമാകുകയും ചെയ്യും. തന്റെ ചുമലിൽ തന്റെ മകനെ വഹിച്ചുകൊണ്ട് നദി കുറുകെ കടക്കുന്ന മനുഷ്യൻ അതിൽ ഒരു മത്സ്യം കണ്ടപ്പോൾ കുട്ടിയെ വിട്ട് മീനേ പിടിക്കാൻ ശ്രമിച്ചു എന്നു കരുതുക. അതിന്റെ ഫലമായി ആ ഭോഷനു് നദിയിൽ തന്റെ കുട്ടി നഷ്ടപ്പെട്ടു; മീനേ പിടിക്കാനൊട്ടു കഴിഞ്ഞുമില്ല. നീ അവനെപ്പോലെ ആയിത്തീരും.

38. വിജ്ഞാനിക്കു് ജീവിക്കാൻ എളുപ്പമാണ്; എന്നാൽ വിജ്ഞാനിയായിത്തീരുക എന്നതു് എല്ലാവരേകൊണ്ടും സാധിക്കുകയില്ല.

39. ശരീരം വിശ്രമിക്കുമ്പോൾ ശാരീരിക പ്രചോദനങ്ങളെ സൂക്ഷിക്കുക. ദുർവിചാരങ്ങൾ നിന്റെ ഹൃദയത്തിൽ കുടിപാർക്കാൻ അനുവദിക്കരുത്. എന്തിന്റെയെങ്കിലും മറവിൽ എന്തെങ്കിലും ശാരീരിക ചിന്തയിൽ നിന്റെ ഹൃദയം സന്തോഷിക്കരുത്. സന്തോഷപൂർവം അത്തരം ചിന്തകളെ സ്വീകരിക്കരുത്. അല്ലെങ്കിൽ, എല്ലാം കാണുന്ന ആ കണ്ണിനു മുൻപിൽ നീ ഒരു വ്യഭിചാരിയായി പരിഗണിക്കപ്പെടും. കാരണം, കർത്താവു് അറിവിന്റെ നാഥനാണ്; നീ കരുതലില്ലാത്തവനാണെങ്കിൽ, അത്തരം ചിന്ത പ്രവൃത്തിയിൽ അവസാനിക്കും. അതുകൊണ്ട് അതിനെ നിന്നിൽനിന്നു് ഓടിക്കുക; നിന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ അതേപ്പററിയുള്ള സന്തോഷം തങ്ങിനിൽക്കാൻ അനുവദിക്കരുത്. മറിച്ച് സങ്കീർത്തനാലാപത്തിലും പ്രാർത്ഥനകളിലും ദൈവത്തിനു നന്ദി പറയുന്നതിലും നീ വ്യാപൃതനായിരിക്കുക. നീ ഉറക്കവുമായി മല്ലടിക്കാനിടയായാൽ, നീ ഉറങ്ങാൻ പോകുമ്പോൾ നിന്റെ മനസ്സിലുണ്ടായിരുന്ന വിഷയത്തെപ്പററി ധ്യാനിക്കുക. അവ രാത്രിയിൽ നിന്റെ ആത്മാവിൽ ഉണ്ടായിരുന്നാൽ നിന്റെ നിദ്രയെ ആക്രമിച്ച് ദുഃസ്വപ്നങ്ങൾകൊണ്ട് നിന്നെ വഴി തെററിക്കാൻ പിശാചിനു സാധിക്കയില്ല.

www.malankaralibrary.com



40. രാജകൊട്ടാരത്തിൽ കയറാൻ ഭിക്ഷക്കാരൻ ധൈര്യപ്പെടാത്തതുപോലെ, നീ തുടർച്ചയായി സങ്കീർത്തനങ്ങൾ ആലപിക്കുകയോ, ആന്തരിക പ്രാർത്ഥന നടത്തുകയോ ചെയ്താൽ പിശാചുക്കൾ നിന്നെ ആക്രമിക്കാൻ ധൈര്യപ്പെടുകയില്ല.

41. എന്തെങ്കിലും പാപം നിമിത്തം ലജ്ജിതനായതിനാൽ തനിയെ ഇരിക്കാൻ ശ്രമിക്കേണ്ട; എന്നാൽ നിന്നിലായിരിക്കാൻ വേണ്ടി തനിയെ ഇരിക്കാൻ ശ്രമിക്കണം. കാരണം, ശാരീരികമായി തനിയെ ആയിരിക്കാൻ എളുപ്പമാണ്; എന്നാൽ തന്റെ ഉള്ളിൽ ഏകാഗ്രചിത്തനായിരിക്കുക എന്നത് എല്ലാവർക്കും എളുപ്പമല്ല. നീ തനിയെ ആയിരിക്കുമ്പോൾ നിന്റെ ഏകാഗ്രത നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക; അല്ലെങ്കിൽ നിന്റെ മനസ്സാക്ഷി അശ്രദ്ധയെപ്രതി നിന്നെ കുററപ്പെടുത്തും.

42. നിന്റെ മൂക്കിലെ ശ്വാസത്തേക്കാൾ ദൈവത്തെപ്പററി നിന്റെ ഉള്ളിൽ നീ പരിചിന്തനം നടത്തുക. തെററു നിന്നെ ഭരിക്കാതിരിക്കാൻ വളരെ കരുതലെടുക്കണം; കാരണം, ദൈവകേന്ദ്രീകൃതമല്ലാത്ത ഏതു ചിന്തയും, പ്രയോജനപ്രദവും പ്രയോജനരഹിതവുമായ ഏതു വിചിന്തനവും നീ തള്ളിക്കളയണം. നിന്റെ മനസ്സിന്റെ ദൃഷ്ടി ദൈവത്തിൽ മാത്രമായിരിക്കണം. ദൈവിക വിചിന്തനം നിന്റെ ഹൃദയത്തിൽ ഇല്ലാതായാൽ, നിനക്കു ജീവനിൽ എന്തെങ്കിലും പങ്കുണ്ടെന്നു നീ ധരിക്കേണ്ട; എന്നാൽ അനുതാപീ, നിന്റെ ചിന്ത ദൈവത്തിൽ ആണെങ്കിൽ നിന്റെ ജീവിതവും ദൈവിക വിചിന്തനത്താലും ദൈവികകൃപയാലും കൂടിക്കലർന്നതായിരിക്കും.

43. ദൈവം നിന്നെ പരിഗണിക്കുന്നു. അതുകൊണ്ടു നീ നന്നായി പ്രവർത്തിക്കുന്നു എന്നു നീ കാണുമ്പോൾ നിന്നിൽ തന്നെ ആശ്രയിക്കരുത്. വൈകിട്ടു കിടക്കാൻ പോകുകയും അതിരാവിലെ എഴുന്നേൽക്കുകയും ചെയ്യുന്നിടത്തോളം കാലം മനുഷ്യൻ നടുക്കത്തിൽ ജീവിതം കഴിക്കണം.

44. നിന്റെ ധനം നിന്റെ ശത്രുവിനെ കാണിക്കാതിരിക്കാൻ ശ്രദ്ധിക്കുക. അല്ലെങ്കിൽ അവൻ നിന്റെയാളുകളെ ബന്ദികളാക്കി നിന്നെ അവന്റെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരും. ശത്രുവിനെ തന്റെ സമ്പാദ്യം കാണിക്കുന്നവൻ തെററിന്റെ കൂടെ നിന്നു യുദ്ധം ചെയ്യുന്നു.

www.malankaralibrary.com



45. നിൻെറ ശരീരമല്ലാതെ മററൊന്നും ഈലോകത്തിൽ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുക. ഈ ലോകത്തിൽ നിന്നു നിന്നെ അനുധാവനം ചെയ്യാത്ത എല്ലാററിൽ നിന്നും അകന്നുകൊള്ളുക. നിൻെറ ഹൃദയത്തിൽ ഉദിക്കുന്ന എല്ലാററിനേയും ഏററം വലിയ മുൻകരുതലോടുകൂടി നിരീക്ഷിക്കുക.

46. യാത്രപോകുന്നതിനോ, വിവിധ രാജ്യങ്ങളിലും സ്ഥലങ്ങളിലും അലഞ്ഞുതിരിയുന്നതിനോ, ചീത്തജീവിതം നയിക്കുന്നതിനോ, ഭവനങ്ങളിൽ കയറിയിറങ്ങുന്നതിനോ വേണ്ടി പലവിധ മുടന്തൻ ന്യായങ്ങൾ പറയരുത്. തൻെറ വീട്ടിൽ തന്നെ കഴിയാത്തവൻ തൻെറ മക്കൾക്ക് കാററു പങ്കിട്ടുകൊടുക്കുന്നു. മുള്ളുകളുടെ മുകളിൽ വിശ്രമിക്കുന്ന പക്ഷികളെ പോലെയാകരുത്.

47. നിൻെറ പക്കൽ വരുന്നവരെയെല്ലാം സ്വീകരിക്കുക. നീ യഥാർത്ഥമായ ആവശ്യത്തിലല്ലെങ്കിൽ, ധൃതിയിൽ നിൻെറ ആശ്രമത്തിൽ നിന്നു പുറപ്പെട്ടുപോകുന്ന പതിവ് ശീലിക്കരുത്. അലഞ്ഞുനടക്കുന്ന അനുതാപി, മുള്ളെടുത്ത് തൻെറ കണ്ണിൽ കുത്തുന്നവനിൽ നിന്നു വ്യത്യസ്തനല്ല; ഒരു ഭാരം വഹിച്ചുകൊണ്ടിരിക്കുന്നയാൾ ഒരു പക്ഷിയെ വേട്ടയാടാൻ തുടങ്ങുമ്പോൾ പക്ഷി പറന്നു പോകുന്നു. അത്തരക്കാർ കാററിൻെറയും കൊടുങ്കാററിൻെറയും പിന്നാലെ പോകുന്നു. അവൻ ദാരിദ്ര്യത്തിൽ നിന്നും ആവശ്യത്തിൽ നിന്നും വിമുക്തനാകയില്ല. അലഞ്ഞു നടക്കുന്ന അനുതാപിയുടെ കാര്യവും അതുപോലെയാണ്: ദൈവികകാര്യങ്ങളിൽ അയാൾക്കു പുരോഗമിക്കാൻ സാധ്യമല്ല. യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന വ്യക്തി വലയിലകപ്പെട്ടാൽ കൊല്ലപ്പെടാതെ രക്ഷപെടാൻ സാധിക്കയില്ല. അതുപോലെ, ഒരു ദിവസം താമസിച്ചിട്ട് അടുത്ത ദിവസം അലഞ്ഞുനടക്കുന്ന സന്യാസിക്കു ദുഷ്ടൻെറ മുറിവുകളിൽ നിന്നു് ഒരുതരത്തിലും രക്ഷപെടാൻ സാധിക്കുകയില്ല.

48. അനുതാപത്തെ സ്നേഹിക്കാൻ സർവ കഴിവുകളും ഉപയോഗിക്കുക. മനുഷ്യർക്കുപദ്രവം വരുത്തുന്നവയിൽനിന്നു നീ വിടുവിക്കപ്പെട്ടേക്കാം.

49. നിൻെറ ആത്മാവിനു് അനുതാപം ഉണ്ടെങ്കിൽ ലോകത്തിൽ അലഞ്ഞുതിരിയാൻ അതിനെ ഒന്നും പ്രേരിപ്പിക്കയില്ല, തൻെറ ഏകജാതൻ മരിച്ചുപോയ വിധവയെ സംഗീത ശ്രവണത്തിനു പ്രേരിപ്പിക്കാൻ ആർക്കാണു സാധി

www.malankaralibrary.com



ക്കുക? ഇപ്രകാരമാണു ദൈവസ്നേഹവും അനുതാപവും ഉള്ള ആത്മാവ്. അലഞ്ഞുനടക്കുന്നതിൽ സന്തോഷം കണ്ടെത്താൻ അതിനു കഴിവില്ല.

50. അനുതാപിയായിരിക്കുക വളരെ എളുപ്പമാണ്; എന്നാൽ അനുതാപിയായിത്തീരുക എന്നതു് കുറച്ചുപേരേ ക്കൊണ്ടു മാത്രം സാധിക്കുന്ന കാര്യമാണ്.

51. ഈ ലോകത്തിലെ ധനികർക്കു കീഴ്പ്പെട്ടുപോകരുതു്. കുലീനവനിതകളുമായി സംഭാഷണം നടത്തുന്നതിൽ സന്തോഷിക്കേണ്ട. അല്ലെങ്കിൽ നിന്റെ ഹൃദയം നിന്നെ കബളിപ്പിക്കാൻ ഇടയുണ്ടു്. നീ ഇടറിപ്പോകുകയും ചെയ്യും. അവരുമായുള്ള സംഭാഷണം ശരീരത്തിനു മധുരതരവും സന്തുഷ്ടവും ആമോദപ്രദവുമാണ്; എന്നാൽ ആത്മാവിനു ദോഷകരമാണ്. അവരെ ശ്രദ്ധിക്കുന്നതു് ശരീരത്തിനു തെററിന്റെ ഉറവിടമാണ്; എന്നാൽ ആത്മാവിനാകട്ടെ അതു കുഷ്ഠരോഗമാണ്– കുലീനവനിതകളുടെ സഹവാസം തേടുന്നതിൽ ഔത്സുക്യം കാണിക്കുന്ന ആത്മാവു് കുഷ്ഠരോഗത്തിൽനിന്നു രക്ഷപെടുക പ്രയാസമാണ്.

52. ഒരു ധനവാൻ നിന്നെ സമീപിച്ചാൽ അവനിൽ നിന്നു് അകന്നു കഴിയുക; നിന്റെ പൂർണ ശക്തിയോടുകൂടെ കുലീനസ്ത്രീകളുമായി സംസാരിക്കുന്നതിൽ നിന്നു് അകന്നു മാറുക. അവരെപ്പററിയുള്ള വിചാരം തന്നെ മാരകമായ കെണിയാണ്; അകപ്പെട്ടാൽ രക്ഷപെടാൻ അസാധ്യമായ വലയാണതു്.

53. കർതൃവചനങ്ങളെ നാം വിശ്വസിക്കണം. അരത്തിൽ നക്കുന്ന പട്ടിക്കു് അതിൽനിന്നു് ഒന്നും കിട്ടുന്നില്ല എന്നു മാത്രമല്ല, അതു് തന്റെ നാക്കു് വേദനിപ്പിക്കുകയും ചെയ്യുന്നു. അതുപോലെ, ധനികരെ അധികമായി ഇഷ്ടപ്പെടുകയും കുലീനസ്ത്രീകളുമായി സംഭാഷണം നടത്തുകയും ചെയ്യുന്ന അനുതാപി അതിൽനിന്നു് ഒന്നും നേടുന്നില്ലെന്നുമാത്രമല്ല യഥാർത്ഥത്തിൽ ആത്മാവിനു നാശം വരുത്തുക തന്നെ ചെയ്യുന്നു.

54. നിന്റെ ആത്മാവിന്റെ രക്ഷയിൽ തല്പരനായിരിക്കുക: ആത്മാവു് നിന്റെ ശരീരത്തിനു കീഴ്പെട്ടിരിക്കാൻ പാടില്ല; മറിച്ചു് നിന്റെ ശരീരത്തെ നിന്റെ ആത്മാവിനു കീഴ്പ്പെടുത്തുക; അപ്പോഴം നിന്റെ പോരാട്ടം പ്രയോജനരഹിതമാകില്ല.

www.malankaralibrary.com



55. മൂർച്ചയുള്ള വാളിന്റെ അരികിൽക്കൂടിയാണ് നീ നടക്കുന്നതെന്നും ഇരുവശവും മലയിടുക്കുകളുള്ള കിഴക്കാംതൂക്കായ സ്ഥലത്തിന്റെ മുകളിൽ ആണ് നീ നില്ക്കുന്നതെന്നും മനസ്സിലാക്കുക. ഇവിടെയുള്ള ഭൗമികകാര്യങ്ങളാൽ നിന്റെ ചിന്തകൾ കലുഷിതമാകേണ്ട. പിന്നെയോ, മുകളിലുള്ള ജറുസലേമിൽ നിന്റെ മനസ്സിന്റെ ദൃഷ്ടിയുറപ്പിക്കുക. ഭൂമിയിലുള്ളതല്ല, ഉന്നതത്തിലുള്ളവയെപ്പററി ചിന്തിക്കുക (ഗലാ 4: 26; കൊളോ 3:2). ഈ ലോകത്തിന്റേതായ എല്ലാം നീ അവഗണിക്കുന്നു എന്നുറപ്പു വരുത്തുക. ആരുടെയും മുഖം നിന്റെ നോട്ടത്തെ പിടിച്ചെടുക്കാനിടയാകരുത്. ലക്ഷ്യമില്ലാതെ സംസാരിക്കരുത്. പ്രയോജനരഹിതവും ശൂന്യവുമായ സംഭാഷണങ്ങളിൽ നിന്നകലുക. മററുള്ളവർക്കെതിരെ പിറുപിറുക്കുന്നതിൽ വിമുഖനായിരിക്കുക. കാരണം, അവർ നിന്റെ സഹോദരരാണ്. നിന്റെ പിറുപിറുപ്പ് നിനക്കെതിരെ തിരിയാൻ ഇടയുണ്ട്. നിന്റെ മനസ്സിൽ ആരെയും കുററപ്പെടുത്തരുത്. നിന്റെ അയൽക്കാരനെ കുററപ്പെടുത്തി നിന്റെ നാവിനെ അശുദ്ധമാക്കരുത്. കാരണം ''എന്റെ അധരങ്ങളുടെ ഉച്ചാരണത്തിൽ മനുഷ്യരുടെ പ്രവൃത്തികൾ എന്റെ വായ് കടന്നില്ല'' എന്ന വാക്കുകൾ വിശ്വസനീയമാണ് (സങ്കീ 17:3-4).

56. നിനക്കു പ്രിയപ്പെട്ടവരെ നശിപ്പിക്കുന്ന അപവാദത്തിനു് നിന്റെ ചെവി ചായിക്കരുത്; നിന്നോട് അടുത്തുള്ളവരെ നീ വിധിക്കരുത്; വിദൂരസ്ഥരായവരെ കുററവാളികളെന്നു വിധിക്കരുത്; കുററാരോപണവും പരദൂഷണവും നടത്തുന്ന സന്യാസി, തന്റെതന്നെ തോളത്തെ മാംസം ഭക്ഷിക്കുന്നവനേക്കാൾ മെച്ചപ്പെട്ടവനല്ല. ഒരുവൻ കല്ലെടുത്ത് തന്റെ കൂട്ടുകാരെ മുറിപ്പെടുത്താതെ തന്റെതന്നെ തല ഇടിച്ചുതകർക്കുന്നതുപോലെയാണിത്; അഥവാ സ്വന്തം മാംസം പറിച്ചുകീറി ഭക്ഷിക്കുന്നതുപോലെയാണ്. പരദൂഷണവും അപവാദവും പരത്തുന്ന അനുതാപിയും ഇപ്രകാരമാണ്. അവൻ തന്റെ കൂട്ടുകാരനെയല്ല മുറിപ്പെടുത്തുന്നത്, പിന്നെയോ, തന്റെതന്നെ ആത്മാവിനെയാണ് നശിപ്പിക്കുന്നത്.

57. ഒരാൾ സന്യാസവസ്ത്രം സ്വീകരിച്ച്, സ്വയം അനുതാപിയാണെന്നു് ചിന്തിക്കയും എന്നാൽ അലഞ്ഞുനടക്കുകയും ചെയ്താൽ അവന്റെ ജീവിതം പ്രയോജനരഹിതമായിത്തീരും; തന്റെ ഹൃദയത്തിൽനിന്നു് ദൈവസ്നേഹത്തിന്റെ ഓർമ്മ ഇല്ലാതായിപ്പോകാൻ അവൻ ഇടയാക്കുന്നു. എല്ലാം കാണുന്ന ദൈവത്തിൽനിന്നു് അവൻ തന്റെ മനസ്സിനെ മോഷ്ടിച്ചുകളയുന്നു. അവൻ ഒരിടത്ത് ആരംഭിച്ച് മറെറാരിടത്ത് നിർത്തുന്നു. അവൻ

www.malankaralibrary.com



ഒരാളോട്ട് സംസാരിക്കുകയും മറ്റൊരാളെ തള്ളി മാററുകയും ചെയ്യുന്നു. അവൻ ഇപ്പോഠം ഒരു കാര്യവും പിന്നെ മറ്റൊരു കാര്യവും സംസാരിക്കുന്നു. അവൻ ഒരാളെപ്പററി അപവാദം പറയും, മറ്റൊരാളെ കുററപ്പെടുത്തും. അവൻ തന്റെ സ്നേഹിതനെ കളിയാക്കുകയും അയൽക്കാരനെ പരിഹസിക്കുകയും ചെയ്യും. അവൻ ഇപ്പോഠം ഒരു രീതിയിലും പിന്നെ മറ്റൊരു രീതിയിലും പ്രവർത്തിക്കും. അവൻ ഒരാളോട്ട് മുഖത്തുനോക്കി ഒരു കാര്യം പറയും; അവന്റെ പിറകിൽ നിന്ന് മറ്റൊന്നു പറയും. അവൻ തന്റെ നാവ് തന്റെ ശത്രുവിന് നീട്ടിക്കൊടുക്കും. അവൻ തന്റെ ഉദരത്തിന്റെ ദാസനാണ്. അവൻ മനോഹരവസ്ത്രങ്ങഠംകൊണ്ട് തന്റെ ശരീരത്തെ മോടിപിടിപ്പിക്കുകയും സന്യാസിനികളോട്ട് സംഭാഷണത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. അവൻ നിർത്താതെ, അർത്ഥമില്ലാതെ ചിലച്ചുകൊണ്ടിരിക്കും. അത്തരക്കാരൻ തന്റെ ആത്മാവിനെ ചതിക്കുന്നു; ഭാഗ്യവാനായ ജറമിയായുടെ വിലാപങ്ങഠം മുഴുവൻ കൂടിയാലും അവന്റെ അവസ്ഥയ്ക്കു മതിയാകുകയില്ല. അവൻ ഈ ലോകത്തിനും അതിന്റെ സന്തോഷങ്ങഠംക്കും പുറംതിരിഞ്ഞെങ്കിലും മറേറ ലോകത്തിന് അവൻ പൂർണ്ണമായി സമർപ്പിച്ചിട്ടില്ല. തങ്ങളുടെ സന്യാസാനുഷ്ഠാനങ്ങളിൽ പൂർണഹൃദയത്തോടെ തല്പരരായ ആളുകഠംക്ക് സജ്ജമാക്കിയിരിക്കുന്ന ആനന്ദത്തിൽനിന്ന് തന്റെ മന്ദത വഴി അവൻ സ്വന്ത ഇഷ്ടത്താൽ തന്നെത്തന്നെ അന്യനാക്കുന്നു.

58. എന്തൊരുസ്ഥിതിയാണ് അവന്റേതു്? അവൻ ഈ ലോകത്തിന്റെ സന്തോഷം ഉപേക്ഷിച്ചു, എന്നാൽ പുതിയ ലോകത്തിൽ അവനായി സജ്ജമാക്കിയിരിക്കുന്ന സന്തോഷം ലഭിക്കാൻ പൂർണമായി പരിശ്രമിക്കുന്നില്ല. തന്റെ പിതൃഭവനം വിട്ട് രാജകീയനഗരത്തിലേയ്ക്കു യാത്ര തിരിച്ച ഈ മനുഷ്യനുവേണ്ടി കരയാത്തവർ ആരാണ്? അവൻ യാത്രയാരംഭിച്ചു. എന്നാൽ അതു് അവനു് കഠിനവും പ്രയാസപൂർണവും ആയി അനുഭവപ്പെട്ടു. അതുകൊണ്ട് അവൻ അലസതയിലും മന്ദതയിലും അവസാനിപ്പിച്ചു. അവൻ തന്റെ പിതൃഭവനത്തിൽ നിന്നു പുറപ്പെട്ടു; എന്നാൽ രാജകീയ നഗരത്തിൽ എത്തിച്ചേന്നില്ല. യാത്ര തുടരാൻ ആവാതെ അവൻ ഗ്രാമങ്ങളിലും ഉഠംപ്രദേശങ്ങളിലും അലസനായി അലഞ്ഞുതിരിയാൻ തുടങ്ങി.

59. സ്വയം ശൂന്യമാക്കലിനെപ്പററി: എന്റെ വാത്സല്യവാനേ, നീ നിനക്കായി സ്വയം ശൂന്യമാക്കൽ തെരഞ്ഞെടുത്തു. നീ ഈ ലോകത്തിൽ ഉപേക്ഷിച്ചുപോന്ന സന്തോഷഭാഗത്തെപ്പററി അനുസ്മരിക്കുക; നിന്റെ പിതൃഭവനത്തിൽനിന്നുള്ള വേർ

www.malankaralibrary.com



പാടും നിന്റെ പ്രിയപ്പെട്ടവരെ നീ വിട്ടുപേക്ഷിച്ചപ്പോഴും അവർക്കുണ്ടായ സങ്കടവും ദുഃഖവും വിസ്മരിച്ചു കളയരുത്. നിന്റെ ആത്മാവ് പ്രതീക്ഷിക്കുന്നിടത്ത് എത്തിച്ചേരാൻ ഇട തടവില്ലാതെ രാപകൽ യാത്ര ചെയ്യാൻ താല്പര്യപൂർവം നിന്റെ ആത്മാവിനെ ഉത്തേജിപ്പിക്കുക. – അതായത്, ക്രിസ്തുവിനെ നാട്യത്തിലല്ല സത്യമായി, ഉപരിപ്ലവമായിട്ടല്ല താല്പര്യപൂർവ്വം ഏറ്റുപറഞ്ഞ നീതിമാന്മാരോടും വിശ്വാസസാക്ഷികളോടും ഒപ്പം സ്വർഗീയ ജറുസലേമിൽ നിനക്കായി സജ്ജമാക്കിയിരിക്കുന്ന അവകാശം.

60. അതുകൊണ്ട് നിന്റെ കണ്ണുകൾക്ക നിദ്രയോ നിന്റെ കൺപോളകൾക്ക് മന്ദതയോ നൽകരുത്. ഈ ദരിദ്രലോകത്തിൽ ക്രിസ്തുവിനെ സ്വന്തമാക്കാൻ തല്പരനായിരിക്കുക. ദൃശ്യവസ്തുക്കൾക്കുവേണ്ടി ക്രിസ്തുവിനോടുള്ള സ്നേഹം കൈമാറ്റം ചെയ്യരുത്. ക്രിസ്തുവിനോടുകൂടെ മറ്റൊന്നും സ്വന്തമാക്കാൻ ശ്രമിക്കരുത്. നീ ഇപ്രകാരമെങ്ങാനും പ്രവർത്തിച്ചാൽ യഥാർത്ഥ മഹത്വത്തിന്റെയും യഥാർത്ഥ ലജ്ജയുടെയും ദിവസത്തിൽ വിജയികൾക്ക് അവിടുന്നു നല്കുന്ന തന്റെ സാന്നിധ്യത്തിലുള്ള ആത്മവിശ്വാസം എന്ന വിജയമകുടം ക്രിസ്തുവിന്റെ കൈകളിൽനിന്നു സ്വീകരിക്കാൻ നിനക്കു സാധിക്കയില്ല.

61. ക്രിസ്തുവിലുള്ള നിന്റെ ജീവിതത്തെ സംബന്ധിച്ച് അതീവ ശ്രദ്ധാലുവായിരിക്കുക. ഈലോക വ്യാപാരങ്ങൾ നിനക്കു സന്തോഷം പകരാതിരിക്കട്ടെ. അതിന്റെ ഉത്തേജനങ്ങളാൽ അതു നിന്നെ വശീകരിക്കാതിരിക്കട്ടെ. അതിന്റെ സന്തോഷങ്ങളിൽ നീ ദൃഷ്ടി പതിപ്പിക്കരുത്. അതിലെ വ്യാപാരങ്ങൾ ശരീരത്തിനു സുഖം പ്രദാനം ചെയ്യുന്നതിനേക്കാൾ അനേകമടങ്ങ് നിന്റെ ആത്മാവിനു കൂടുതൽ പ്രാവശ്യം കൈയ്യേറിയതായിരിക്കും. അതിന്റെ ബന്ധനങ്ങളിൽ അകപ്പെട്ടവൻ അതിൽ നിന്നൊരിക്കലും വിമുക്തനാകില്ല; കാരണം, അതിന്റെ ബന്ധനങ്ങൾ മരണത്തിന്റെ ബന്ധനങ്ങളാണ്. അവ നിന്നെ പാതാളത്തിന്റെ അടിത്തട്ടിലെത്തിക്കുകയും ചെയ്യും. അതുകൊണ്ട് അവയിൽനിന്നു രക്ഷപെടുക; അല്ലെങ്കിൽ കുറേശ്ശ കുറേശ്ശ, അശ്രദ്ധവഴി നീ അവയിൽ ബന്ധിതനായിത്തീരും; നീ ചുറ്റും നോക്കുമ്പോൾ നിന്നെ വിടുവിക്കാൻ ആരും ഉണ്ടായിരിക്കുകയില്ല. മൂർച്ചയുള്ള ഒരു കത്തി പൊതിഞ്ഞു ഒരാൾക്ക് അവന്റെ ശത്രു ഒരു സിൽക്കുവസ്ത്രം കൊടുക്കുന്നതുപോലെയാണിത്. തന്റെ കൈ മുറിയുന്നതുവരെ അതിനുള്ളിൽ ഒരു കത്തിയിരിപ്പുണ്ട് എന്ന കാര്യം അവൻ മനസ്സിലാക്കുന്നില്ല. അതുപോലെ, എല്ലാ കുതന്ത്രങ്ങളിലും

www.malankaralibrary.com



കാപട്യപൂർവം പ്രവർത്തിക്കുന്നവൻെറ ചതുരുപായങ്ങൾ നിമിത്തം, മറഞ്ഞിരിക്കുന്നതാണ് ഈലോകത്തിലെ കെണികൾ. അതിൻെറ ഫലമായി അതിൽ അകപ്പെടുന്നതുവരെ അതേപ്പററി മനുഷ്യൻ മനസ്സിലാക്കുന്നില്ല. അവ നഗ്നനേത്രങ്ങൾക്ക് അഗോചരമാണ്; അതുകൊണ്ടു് അവയിൽനിന്നു് ഓടിയകലണം; അന്ധകാരത്തിൻെറ അധിപന്മാരും ശക്തികളും, ആകാശത്തിൻ കീഴുള്ള ദുഷ്ടാത്മാക്കളുമാണ് ഇവ ആസൂത്രണം ചെയ്യുന്നതു്. ക്രിസ്തുവിൻെറ കൃപയാലല്ലാതെ ഇവയിൽനിന്നു രക്ഷപെടാനാവില്ല.

62. അതുകൊണ്ടു് ക്രിസ്തുവിനോടു ചേർന്നുനിൽക്കുന്ന വിവേകിയായ മനുഷ്യാ, നിൻെറ പൂർണഹൃദയത്തോടും സർവ ശക്തിയോടും പൂർണമനസ്സോടുംകൂടെ ക്രിസ്തുവിനെ വിളിച്ചപേക്ഷിക്കുക; അവഗണനാപരമായി അവിടുത്തെ കല്പനകളെ സമീപിക്കരുതു്. അവിടുത്തെ കരുണ നിന്നെ സഹായിക്കാനായി തൻെറ കരുണയോടു് അപേക്ഷിക്കുക.

63. വ്യർത്ഥവും പ്രയോജനരഹിതവുമായ സംഭാഷണങ്ങളിൽനിന്നു് ഓടിയകലുക. അലസതയിൽ മുഴുകിയിരിക്കുന്ന മനുഷ്യരുടെ സഖിത്വത്തിൽനിന്നു് ശ്രദ്ധാപൂർവം നിന്നേത്തന്നെ സംരക്ഷിക്കുക. തങ്ങളുടെ ഹൃദയത്തിൽ സഹജീവികൾക്കെതിരെ ദുഷ്ടത നിരൂപിക്കുകയും അതേസമയം സമാധാനപരമായി സംഭാഷിക്കുകയും ചെയ്യുന്നവരോടും, സഹോദരങ്ങൾക്കെതിരായി സംസാരിക്കുന്നവരോടും, നിൻെറ നേരേ നോക്കി ഒന്നും മാറിനിന്നു് മററൊന്നും പറയുന്നവരോടും, തങ്ങളുടെ വെറുപ്പ് സ്നേഹത്തിൻെറ നാട്യപ്രദർശനത്താൽ മറച്ചുവയ്ക്കുന്നവരോടും, കഠിനഹൃദയരോടും, ചൂടൻ പ്രകൃതക്കാരോടും, തങ്ങളുടെ നർമഭാഷണങ്ങളാൽ സന്തോഷിപ്പിക്കാൻ ശ്രമിച്ചു് വ്യർത്ഥ കാര്യങ്ങൾ പറയുന്നവരോടും, തങ്ങളുടെ തെററുകുററങ്ങൾ പരിഗണിക്കാതെയും തങ്ങളുടെ സ്വന്തം കണ്ണിലെ കോൽ കാണാതെയും തങ്ങളുടെ സ്നേഹിതരുടെ നിസ്സാരതെററുകൾ പൊക്കിപ്പിടിക്കുന്നവരോടും, ഹൃദയത്തിൽ വെറുപ്പുകൊണ്ടു് ബാഹ്യമായി സ്നേഹഭാവം നടിക്കുന്നവരോടും, വീടുവീടാന്തരം കയറിയിറങ്ങി കന്യകകളോടും കുലീനവനിതകളോടും സംസാരിക്കുന്നവരോടും, അത്തരമാളുകൾക്ക സേവനം ചെയ്യുന്നവരോടും സംസർഗ്ഗം ചെയ്യരുതു്.

64. അതുകൊണ്ടു് ദൂരെനിന്നു തന്നെ ഇവരെയെല്ലാം തിരിച്ചറിയണം. അവരുടെ പ്രവൃത്തനങ്ങളിൽനിന്നു് അവരെപ്പററിയുള്ള അറിവു നേടണം. ഒരു വലിയ പാത്രത്തിൻെറ

www.malankaralibrary.com



വായിൽനിന്നു് അതിലെ വെള്ളത്തിന്റെ രുചിയറിയാം; അതു പോലെ ഒരു മനുഷ്യന്റെ ബാഹ്യമായ പെരുമാററം അവന്റെ പ്രവൃത്തികൾ വെളിപ്പെടുത്തുന്നു.

65. കുറിയാക്കോസേ, ഇത്തരം ആളുകളിൽനിന്നു് ഓടി യകലുക; നിന്റെ സർവശക്തിയോടും കൂടെ അവരെപ്പററി ജാഗരൂകനായിരിക്കുക; അല്ലെങ്കിൽ അവർ തങ്ങളുടെ വാക്കുക ളാൽ നിന്നെ വശീകരിക്കുകയും നിന്റെ ജീവിതത്തെ വലയി ലാക്കുകയും ചെയ്യും.

66. താഴെപ്പറയുന്നവരോടാണു് നീ പററിച്ചേരേണ്ടതു്: തങ്ങളെത്തന്നെ പൂർണമായി ദൈവത്തിനു സമർപ്പിച്ച അനു ഗൃഹീതരായ ആളുകളോടും ദൈവസദൃശ്യരായ മനുഷ്യരോടും. ആത്മീയ ജീവിതത്തിൽ വളർന്നവരായിരിക്കട്ടെ നിന്റെ അയൽക്കാർ; അവരായിരിക്കട്ടെ നിന്റെ ഉപദേശകർ; അവ രോടു് പററിച്ചേർന്നു കൊള്ളണം; അവരെ സ്നേഹിക്കണം. നിന്റെ വാസം അവരുടെ ഇടയിലാണെങ്കിൽ, അവരുടെ ജീവിതരീതി അനുകരിക്കുകയും അവരെപ്പോലെ ആയിത്തീരു കയും ചെയ്യുക. നിന്റെ ചെയ്തികളാൽ അവരിൽനിന്നു് അകന്നുപോകരുതു്. അല്ലെങ്കിൽ നീ മുത്തുമാലകൾക്കിടയിൽ കെട്ടിയിട്ടിരിക്കുന്ന ചെന്നായ്ക്കുട്ടികളെപ്പോലെയായിപ്പോകും.

67. പൂർണഹൃദയത്തോടുകൂടെയുള്ള നിന്റെ പ്രവർത്തന ങ്ങൾവഴി ഈ കാര്യങ്ങളെക്കുറിച്ചു് യഥാർത്ഥത്തിൽ നീ തല്പര നാണെങ്കിൽ ദൈവത്തെ സ്നേഹിക്കുന്ന ആളുകളുടെ സഹവാസ ത്തിൽ നിന്നിലുള്ള കുറുപ്പെല്ലാം വെണ്മയായിത്തീരും. അനു ദിനം നീ പുരോഗമിക്കുന്നു എന്നു് അന്വേഷിച്ചു കണ്ടെത്തുക (മത്താ. 7:7). അങ്ങനെ സത്യമായും നീ ഭാഗ്യവാനായിരിക്കും; നിന്റെ ആത്മാവിനു നന്മയുണ്ടാകും.

68. എന്നാൽ നീ വെറും വാക്കുകൊണ്ടും ബാഹ്യമായി മാത്രവും അവരെ സ്നേഹിക്കുകയാണെങ്കിൽ, പുൽത്തകിടിയും തൈകളും മരങ്ങളും ഇല്ലാതെ വെറുതെ വേർതിരിക്കപ്പെട്ടതും ബാഹ്യമായി മാത്രം പൂന്തോട്ടമായി കാണപ്പെട്ടതുമായ ഒരു തുണ്ടു ഭൂമിപോലെ നീ ആയിരിക്കും.

69. ദൈവസ്നേഹിതനേ, ഇവയെല്ലാം നിനക്കു ഞാൻ ചൂണ്ടിക്കാണിച്ചു തന്നിരിക്കുന്നു. ബാക്കിയുള്ളവയെല്ലാം പ്രായോഗികമാക്കാൻ നിന്റെ വിവേചനത്തിനു വിടുന്നു. അതുകൊണ്ടു് വിവേകപൂർവം ഈ കത്തു് വായിച്ചു ഗ്രഹിക്കുക.

www.malankaralibrary.com



വിശുദ്ധ പാത്രങ്ങരാ വഹിക്കുന്ന കഴുതയെപ്രതി വിശുദ്ധപാത്രങ്ങരാതന്നെ നിന്ദിക്കപ്പെടാതിരിക്കട്ടെ. എന്തെങ്കിലും കുറവുണ്ടെങ്കിൽ, വിജ്ഞാനത്തിനു വേണ്ടിയുള്ള സ്ഥലത്തു് നീ അതു ശേഖരിച്ചു വയ്ക്കണം.

70. ആത്മീയദാരിദ്ര്യത്തിൽ നിന്റെ വിപ്രവാസ ജീവിതത്തെ ക്രിസ്തു കാത്തുസൂക്ഷിക്കട്ടെ. ദുഷ്ടതഴക്കങ്ങളിൽനിന്നു് നിന്റെ ആത്മാവിനെ അവിടുന്നു രക്ഷിക്കട്ടെ. ഭൂമിയിൽ ഉണ്ടാകുവാൻ പോകുന്ന ദുരിതങ്ങളിൽനിന്നു് അവിടുന്നു തന്റെ ചിറകിൻ കീഴിൽ നിന്നെ പരിപാലിക്കട്ടെ. ക്രിസ്തുവിന്റെ ശാന്തിയും സമാധാനവും നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ. ആമ്മീൻ. ഇപ്രകാരം എന്റെ പ്രാത്ഥനകളിൽ ഞാൻ നിന്നെ അനുസ്മരിക്കുന്നു എന്നു് ഞാൻ നിനക്കു് ഉറപ്പുതരുന്നു.

71. എന്റെ വാത്സല്യവാനേ, ഒരു പതിവെന്ന നിലയ്ക്കല്ല ഞാനിതു് നിനക്കെഴുതിയതു്; പിന്നെയോ, നീ നിന്റെ പാത തിരിച്ചറിഞ്ഞു് നീ ചരിക്കുന്ന വഴികളെപ്പററിയുള്ള ധാരണ സമ്പാദിക്കാൻവേണ്ടിയാണു്. കാരണം, തങ്ങളുടെ പിന്നിലുള്ളവ എന്താണെന്നു് മനുഷ്യർക്കറിയാം. അവർക്കു മുമ്പിലോ അനന്തത. കർത്താവിനെ അന്വേഷിക്കുന്നവർക്കു് പ്രഭാതവും പ്രദോഷവും മതി. അവരുടെ വഴി നീണ്ടതാണു്; എന്നാൽ അവർ അതിൽക്കൂടി യാത്ര ചെയ്യുമ്പോരാ അതു് വളരെ സമീപസ്ഥമാണു്. ക്ഷീണത്തിൽ അവർ സന്തോഷിക്കുകയും സമാശ്വാസത്തിൽ അസ്വസ്ഥരാകുകയും ചെയ്യുന്നു. അവരുടെ ആത്മാക്കരാ അവയ്ക്കു് ചേരുന്നവയിൽ മാത്രം സന്തോഷം കണ്ടെത്തുന്നു. മററാളുകരാ അഭികാമ്യമായി മുറുകെപ്പിടിക്കുന്ന വസ്തുക്കരാ അവരെ മുഷിപ്പിക്കുന്നു. അവരുടെ മനസ്സു് സ്വതന്ത്രമാണു്; അവരുടെ ചിന്തയുടെ ഭാരം വഹിക്കാൻ നിനക്കാവില്ല.

72. തന്റെ പാദം സത്യത്തിൽ ഉറപ്പിച്ചും, ദുർമാർഗ്ഗങ്ങളെ വെറുത്തും, കുററമററവനായി യാത്രചെയ്തും കൊണ്ടു് ദൈവത്തെ സ്നേഹിക്കാൻ തന്റെ ആത്മാവിനെ സജ്ജമാക്കിയവൻ അനുഗൃഹീതനാകുന്നു.

73. എന്റെ വാത്സല്യവാനേ, ഉണരൂ, ഉണരൂ. അനുതാപത്തിൽ നിന്നെത്തന്നെ ഉണർത്തി ഉത്തേജിപ്പിക്കുക; കാരണം, ഈ ലോകം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. അതിന്റെ വിശ്രമത്തിൽ ആലസ്യം ഉണ്ടാകും. നീതിസൂര്യൻ പ്രകാശിക്കും. അവനിൽ ദിനരാത്രങ്ങരാ വിശ്രമം കണ്ടെത്തും; അവന്റെ സൗന്ദര്യത്തിൽ തൽപ്പരയായ ആത്മാവു് സന്തോഷിക്കും.

www.malankaralibrary.com



തന്നോടുതന്നെയുള്ള എതിർപ്പാൽ സ്വയം ക്ലേശിപ്പിച്ച ശരീരം അവനിൽ വിശ്രമം കണ്ടെത്തും. അവനിൽ നീതിമാന്മാർ ആഹ്ലാദിക്കും. അവരുടെമേൽ വയ്ക്കപ്പെടുന്ന മഹത്വകിരീടം അവനിലാണ്. തങ്ങളുടെ ചെയ്തികൾ വെളിവാക്കപ്പെടുന്നതിനാൽ അവനിൽ പാപികൾ അനുതപിക്കും.

74. എന്റെ വാത്സല്യവാനേ, നിന്റെ ദിവസങ്ങൾ അലസതയിൽ പാഴാക്കാതിരിക്കാൻ ശ്രദ്ധാലുവായിരിക്കുക; കാരണം, പ്രതികാരകന്റെ ദിവസം സമാഗതമാകുന്നത് എപ്പോഴാണെന്നു യാതൊരുവനും അറിയുന്നില്ല (ലൂക്കാ.15:13): കള്ളൻ വരുന്ന നാഴിക വീട്ടുടമസ്ഥന് അജ്ഞാതമാണ് (മത്താ.24:43). ഉറക്കമൊഴിഞ്ഞു കാത്തിരിക്കുന്നവൻ ഭയത്തിൽ നിന്നു രക്ഷപെടും. യജമാനൻ വരുമ്പോൾ ഉണർന്നും ഒരുക്കമുള്ളവരായും കാണപ്പെടുന്ന ഭൃത്യന്മാർ ഭാഗ്യവാന്മാർ (മത്താ. 24: 46).

75. അതുകൊണ്ട്, നിന്റെ ജീവിതകാലത്ത് നിന്റെ ആത്മാവിനെപ്പററി ചിന്തിക്കുക. അതിനുചിതമായവ അതിനു നൽകുക. പ്രവാചകൻ പറയുന്നതുപോലെ നമ്മുടെ ജീവിതകാലം ഹ്രസ്വമാണ്, അവ വേഗം എണ്ണിത്തിട്ടപ്പെടുത്താനാവും (സങ്കീ 109: 8). അതുകൊണ്ട് വിവേകമതികൾ തങ്ങളുടെ ജീവിതം അലസമായി ചെലവഴിക്കില്ല.

76. നിന്റെ ആത്മാവിന്റെ സംരക്ഷണങ്ങൾ വർദ്ധിപ്പിക്കുക; അല്ലെങ്കിൽ അനേകം കാര്യങ്ങൾ തേടി അതു നിന്നെ വിട്ടുപോകും; അതിനെ നീ പിന്നീട് അന്വേഷിക്കുമ്പോൾ നീ കണ്ടെത്തുകയില്ല, അതുകൊണ്ട് നിന്റെ അന്വേഷണം ഒരേ ഒരു കാര്യത്തിനു മാത്രമായിരിക്കട്ടെ. ഈ ഭൂമിയിൽ യാത്ര ചെയ്യുക എല്ലാവർക്കും കഴിയുന്ന കാര്യമാണ്; എന്നാൽ കത്തിയുടെ വായ്ത്തലയിലൂടെ നടക്കുക എന്നത് പക്വത വന്ന ആത്മാവിനു മാത്രം കഴിയുന്ന കാര്യമാണ്.

77. നീ ഇതും അറിയണം: ദൈവമുൻപാകെ പ്രശംസനീയവും മഹനീയവും ബഹുമാന്യവുമായി മൂന്നു കാര്യങ്ങളാണുള്ളത്. ഇവ വഴി സന്യാസജീവിതത്തിന്റെ ഉന്നത ഗോപുരത്തിൽ കയറി ശ്രേഷ്ഠനായിത്തീരാൻ ഒരുവനു സാധിക്കും; അവ പെട്ടെന്നു കാണാൻ കഴിയാത്തവയാണ്; വിശുദ്ധ സുവിശേഷ കല്പനാനുസൃതമുള്ള പരിപൂർണ ജീവിതത്തിന്റെ

www.malankaralibrary.com



മഹനീയ കിരീടം അവയിന്മേലാണു നെയ്തിരിക്കുന്നത്; സുകൃതത്തിന്റെ കണ്ഠാഭരണം മുഴുവൻ അതോടുകൂടിയാണു കോർത്തിരിക്കുന്നത്. നിയമം, അതായത് ഏകാന്ത ജീവിതം അനുശാസിക്കുന്നത് അവയാണ്.

78. ഒന്നാമത്തേതിനു തുല്യമായിട്ട് ഒന്നുമില്ല; രണ്ടാമത്തേത് അമൂല്യമാണ്; മൂന്നാമത്തേതു മഹനീയമാണ്; അവ മൂന്നല്ല, ഒന്നാണ്. ഒന്നാമത്തേത് ഏഴു സുകൃതങ്ങൾക്കു ജന്മം നല്കുന്നു:ദുഃഖംകൊണ്ടു കീഴ്പ്പെടുത്താൻ പാടില്ലാത്ത സന്തോഷം; വിചാരങ്ങളിന്മേലുള്ള ജാഗരൂകത; തളച്ചിട്ടു തടസ്സപ്പെടുത്താൻ ആവാത്ത അധ്വാനം, എല്ലാ സ്മരണകളും മറന്നുകളയൽ; എല്ലാ പര്യാകുലതകളും നിമ്മജ്ജനം ചെയ്യൽ; എല്ലാ ലൗകിക കാര്യങ്ങളും അവസാനിപ്പിക്കൽ; ദൈവത്തിൽ നിന്നകലാത്ത ഹൃദയം.

79. രണ്ടാമത്തേതും ഏഴു മഹനീയ കാര്യങ്ങൾക്കു ജന്മം നൽകുന്നു: വഞ്ചനയിൽ നിന്നകന്ന സ്നേഹം; കോപത്തിനു സംക്ഷോഭിപ്പിക്കാൻ കഴിയാത്ത പ്രസന്നസമാധാനം; അസൂയയ്ക്കു കീഴ്മറിക്കാൻ സാധിക്കാത്ത സന്തുലിതാവസ്ഥ; കോപം പ്രക്ഷുബ്ധമാക്കാത്ത ശ്രദ്ധത; സ്വയം നിന്ദിക്കാത്ത ഹൃദയം; ദുസ്വപ്നങ്ങൾ കൂടാതെയുള്ള നിദ്ര; ദുരിതങ്ങളിൽനിന്നു സംരക്ഷിക്കുന്ന ജാഗരണം.

80. മൂന്നാമത്തേതും ഏഴു മനോഹര വസ്തുക്കൾക്കു ജന്മം നൽകുന്നു: മനുഷ്യർക്കു പ്രധാനപ്പെട്ടവയെന്നു തോന്നുന്നവയിൽ നിന്നുള്ള രക്ഷപെടൽ; ആകർഷണീയമായവയെല്ലാം വേണ്ടെന്നു വയ്ക്കൽ; സമയത്തിനു ക്ഷയിപ്പിക്കാൻ സാധിക്കാത്ത പ്രത്യാശ; വിവരണാതീതമായ സന്തോഷം; ഒരു സ്ഥലത്തുതന്നെയുള്ള പാർക്കലും നിലനില്പും; അല്പാഹാരം; എല്ലാം പരിശോധിക്കുന്നവന്റെ സാന്നിധ്യത്തിലുള്ള ആത്മവിശ്വാസം; അടുത്തുള്ളവയിൽ ദൃഷ്ടി ഉറപ്പിക്കാതിരിക്കൽ.

81. ഈ കാര്യങ്ങളെ പിൻതുടരുക; അവയെ കണ്ടെത്താൻ രാപകലുകൾ ഓടുക; അവ പഠിച്ചെടുക്കാൻ പററുന്നവയല്ല; അവ നിന്നെ പഠിപ്പിക്കാനും സാധ്യമല്ല; പിന്നെയോ അധ്വാനവും വിയർപ്പുംകൊണ്ട് അവ സമ്പാദിക്കണം. നിസ്സാര സമയംകൊണ്ട് അവ നഷ്ടപ്പെടാം; എന്നാൽ അവ കൂടാതെ അനുതാപിക്കു പുരോഗമിക്കാൻ സാധ്യമല്ല.

www.malankaralibrary.com



82. കാരണം, ഈ മൂന്നിലും സമ്പന്നൻ അല്ലാത്തവൻ ഒന്നാമത്തേതിൽ നിന്നു് അകലത്താണ്; മററു രണ്ടിനും സമീപസ്ഥനമല്ല. ഇവയിൽ ബന്ധിതമല്ലാത്ത ആത്മാവു് ഇപ്പോഴും ഭൗമിക കാര്യങ്ങളിൽ വ്യാപരിക്കുന്നു; അതിൻെറ ഗതി ശബ്ദത്തിൻെറ ഗതിപോലെ അവസാനിക്കുന്നു.

83. ദൈവസ്നേഹിതനേ, നീ ക്ഷണിക്കപ്പെട്ടിരിക്കുന്ന ഈ നല്ല വസ്തുക്കളുടെ പിന്നാലെ ഓടുക; അങ്ങനെ നമ്മുടെ ദൈവമായ മിശിഹായുടെ കൃപയാലും അവിടുത്തെ വലിയ കാരുണ്യത്താലും നാമെല്ലാവരും അവയ്ക്കു യോഗ്യരായിത്തീരട്ടെ. ആമ്മീൻ.

മാർ ബാബായിയുടെ പ്രതിപാദനം തീർന്നു. അവൻെറ പ്രാത്ഥന വിശുദ്ധ സഭയുടെ സന്താനങ്ങളെ സഹായിക്കട്ടെ.

www.malankaralibrary.com

# 8

# അജ്ഞാതഗ്രന്ഥകാരൻ - I

(ആറാം നൂററാണ്ട്)

## പ്രാർത്ഥന

**ആമുഖം**

ഒൻപതാം നൂററാണ്ടിലെ ഒരു കയ്യെഴുത്തുപ്രതിയിൽ കാണുന്ന പ്രാർത്ഥനയെപ്പററിയുള്ള ചർച്ചയാണ് താഴെക്കൊടുത്തിരിക്കുന്നത്. (British Library Add. 14535. fol. 22a - 24a) ഈ കയ്യെഴുത്തുപ്രതിയിൽ മൊത്തം പതിനെട്ടു അധ്യായങ്ങരം ഉണ്ട്. പ്രബോധക പ്രധാനമായ പ്രതിപാദനങ്ങരം ആണ് അവ. ആറാം നൂററാണ്ടിനു മുൻപു ജീവിച്ച ഗ്രീക്കു്, സുറിയാനി പിതാക്കന്മാരിൽനിന്നു് ഈ രേഖ ധാരാളമായി ആശയങ്ങരം സ്വീകരിച്ചിട്ടുണ്ട്. മഹാനായ ബസേലിയോസ്, ഗ്രിഗറി നീസ്സാ, സ്രോഗിലെ യാക്കോബ്, എവാഗ്രിയസ് എന്നിവരിൽ നിന്നുള്ള ഉദ്ധരണികരം പ്രാത്ഥനയെപ്പററിയുള്ള രേഖാഭാഗത്തുണ്ട്. S. Brock, *op. cit.* p. 169 - 176 നെ ആധാരമാക്കിയാണ് താഴെ കാണുന്ന വിവർത്തനം.

## പ്രാർത്ഥന

നമ്മുടെ മനസ്സിൽ സംശയം കടന്നുകൂടാതെയും നമ്മുടെ ദൈവത്തിലുള്ള ഉറച്ച ആശ്രയബോധത്തോടുകൂടിയും നാം വിശ്വാസപൂർവം പ്രാർത്ഥിക്കണം. 'വിശ്വാസത്തോടുകൂടി നിങ്ങരം എന്റെ നാമത്തിൽ പ്രാർത്ഥനയിൽ ചോദിക്കുന്നതെന്തും നിങ്ങരംക്കു ലഭിക്കും' എന്നു് നമ്മുടെ കർത്താവു പറയുമ്പോരം (മത്താ. 21:22) ഇതുതന്നെയാണ് അവിടുന്നു നമ്മെ പഠിപ്പിക്കുന്നതു്. ശുദ്ധഹൃദയത്തിൽനിന്നു വിശ്വാസപൂർവം

www.malankaralibrary.com



അപ്പിക്കപ്പെടുന്ന പ്രാർത്ഥന യഥാർത്ഥത്തിൽ ശക്തിമത്താണ്. അതുകൊണ്ട്, എന്റെ സഹോദരങ്ങളേ, നാം പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കണം; മടുത്തുപോകരുത്.

അപ്പോൾ, പ്രാർത്ഥന എന്നാൽ എന്താണ്? എന്താണ് യാചന? പ്രാർത്ഥിക്കുമ്പോൾ നാം എന്തുകൊണ്ടാണ് കിഴക്കോട്ട് തിരിഞ്ഞു നിൽക്കുന്നത്? നാം എപ്രകാരം പ്രാർത്ഥിക്കണം? പ്രാർത്ഥനയിൽനിന്നും യാചനയിൽ നിന്നും നമുക്ക് എന്തു പ്രയോജനം കിട്ടും? ഇവയെല്ലാം നിങ്ങളുടെ മുൻപാകെ ഞാൻ വിവരിച്ചുതരാം.

എല്ലാ ദൗർഭാഗ്യങ്ങളിൽനിന്നും രക്ഷപെടാനുള്ള മാർഗമായും വേദനിപ്പിക്കുന്ന എല്ലാററിൽ നിന്നുമുള്ള വിടുതലായും, സ്വർഗകവാടങ്ങളുടെ താക്കോലായും ദൈവവുമായുള്ള സമാഗമവും സംഭാഷണവുമായും നാം പ്രാർത്ഥനയെ നിർവചിക്കുന്നു.

നമുക്കാവശ്യമുള്ളവയും എന്നാൽ നമുക്ക് ഇല്ലാത്തവയുമായ കാര്യങ്ങൾക്കുവേണ്ടിയുള്ള നിവേദനമാണ് അപേക്ഷ. അതുകൊണ്ട്, അതിന്റെതന്നെ ആഴമായ രീതിയിലുള്ളതാണ് യാചന. ലഭിച്ചവയ്ക്കുള്ള നന്ദിപ്രകാശനമാണ് കൃതജ്ഞത.

പ്രാർത്ഥിക്കുമ്പോൾ നാം എന്തുകൊണ്ടാണ് കിഴക്കോട്ട് തിരിഞ്ഞുനിൽക്കുന്നത്?

പരിശുദ്ധാത്മാവിനെപ്പററിയുള്ള തന്റെ ഗ്രന്ഥത്തിൽ വി. ബസാലിയോസ് നമ്മോട് പറയുന്നു:[1] "നാം പ്രാർത്ഥനയ്ക്കായി നിൽക്കുമ്പോൾ നമ്മുടെ ദൃഷ്ടി കിഴക്കോട്ട് തിരിക്കുന്നതിന്റെ കാരണം ഇതാണ്: പറുദീസായുടെ ദിശയിലേക്കു നമ്മുടെ നയനങ്ങൾ നോക്കുന്നതിനും അങ്ങനെ നമ്മുടെ ആദി പിതാവായ ആദാം കല്പന ലംഘിച്ചപ്പോൾ നമുക്കു നഷ്ടപ്പെട്ട നമ്മുടെ ആദ്യവാസസ്ഥലം നാം അന്വേഷിക്കുന്നതിനും വേണ്ടിയാണിത്. 'പറുദീസാ പൂർവദിക്കിലാണ്;' അതിന്റെ കൃഷിക്കാരൻ ദൈവമാണ് എന്നു എഴുതപ്പെട്ടിരിക്കുന്നു എന്നു കാണുന്നതിനാൽ (ഉല്പ. 2:8) ഇതിന്റെ സാരം ഗ്രഹിക്കാൻ എളുപ്പമാണ്.

നാം എപ്രകാരമാണു പ്രാർത്ഥിക്കേണ്ടതു? നമ്മുടെ കർത്താവു താഴെപ്പറയും പ്രകാരം നമ്മെ പ്രബോധിപ്പിക്കുന്നു: "പ്രാർത്ഥി

1. അധ്യായം 27: *PG*. 32: 189c - 192A.

www.malankaralibrary.com



ക്കവിൻ; അതിൽ മടുപ്പുതോന്നരുതു്'' (ലൂക്കാ 18:1). നാം എന്താണു പ്രാർത്ഥിക്കേണ്ടതു എന്നതിനെ സംബന്ധിച്ചു നമ്മെ ഉപദേശിക്കാൻ ആഗ്രഹിച്ചുകൊണ്ടു് അവിടുന്നു പറഞ്ഞു: ''നീ പ്രാർത്ഥിക്കാൻ പോകുമ്പോൾ, നിൻെറ മുറിക്കകത്തു കടന്നു വാതിലടയ്ക്കുക; അതിനുശേഷം, മറഞ്ഞിരിക്കുന്ന നിൻെറ പിതാവിനോടു പ്രാർത്ഥിക്കുക; രഹസ്യത്തിൽ കാണുന്ന പിതാവു പരസ്യമായി നിനക്കു പ്രതിഫലം നൽകും'' (മത്താ. 6:6).

''നീതിമാൻ നടത്തുന്ന പ്രാർത്ഥനയ്ക്കു് എത്രയോ വലിയ ശക്തിയാണുള്ളതു്'' എന്നു ഭാഗ്യവാനായ യാക്കോബ്ശ്ലീഹാ പറയുന്നു. വീണ്ടും, ''അനേകമാളുകളുടെ പ്രാർത്ഥനയ്ക്കു് വലിയ ശക്തിയുണ്ടു്'' (5:16).

ഭാഗ്യവാനായ പൗലോസും താഴെപ്പറയും പ്രകാരം നമ്മെ പഠിപ്പിക്കുന്നു: ''എല്ലാ സമയത്തും പ്രാർത്ഥിക്കുവിൻ.'' വീണ്ടും, ''സങ്കീർത്തനങ്ങളാലും സ്തുതികീർത്തനങ്ങളാലും നിങ്ങളെ തന്നെ പരിശീലിപ്പിക്കുക; നിങ്ങളുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവിൻെറ കീർത്തനങ്ങൾ ആലപിക്കുവിൻ'' എന്നും ''പ്രാർത്ഥനയിൽ സ്ഥിരതയോടിരിക്കുവിൻ; എല്ലാത്തരത്തിലുമുള്ള പ്രാർത്ഥനകളാലും യാചനകളാലും നിങ്ങളുടെ അപേക്ഷകൾ ദൈവതിരുമുൻപാകെ അറിയപ്പെടട്ടെ'' എന്നും അവൻ പറയുന്നു (എഫേ. 6:18; ഫിലി. 4:6).

മഹാനായ ബസേലിയോസിൻെറ സഹോദരനായ വിശുദ്ധ ഗ്രിഗോറിയോസ് കർതൃപ്രാർത്ഥനയുടെ ഭാഷ്യത്തിൽ ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു: [2] ''പ്രത്യേക കാര്യങ്ങളെക്കുറിച്ചുള്ള പര്യാകുലതകൾക്കു മുൻപു് പ്രാർത്ഥന നടന്നാൽ നിൻെറ ആത്മാവിലേക്കുള്ള പ്രവേശനകവാടം കണ്ടെത്താൻ പാപത്തിനു കഴിയുകയില്ല. യാത്ര പോകുന്നവനെ സംബന്ധിച്ചും, അല്ലെങ്കിൽ എന്തെങ്കിലും പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നവനെ സംബന്ധിച്ചും, അല്ലെങ്കിൽ വിവാഹിതനാകാൻ പോകുന്നവനെ സംബന്ധിച്ചും ഇതു തന്നെയാണു് വാസ്തവം: പ്രാർത്ഥനാപൂർവം അവൻ എല്ലാം ചെയ്താൽ, അവൻെറ ചെയ്തികൾ നന്നായിട്ടു പോകും.''

---

2. ഗ്രിഗറി നീസ്സാ, കർതൃപ്രാർത്ഥനാഭാഷ്യം, പ്രസംഗം, 1 (*PG.* 44: 1121D-1124A. ജേക്കബ് ഞായപ്പള്ളി, കർതൃപ്രാർത്ഥന-നീസ്സയൻഭാഷ്യം, കോട്ടയം, 1981, പേ. 4-5.

www.malankaralibrary.com



നാം പ്രാർത്ഥിക്കുന്നതു വഴി നാം ദൈവത്തോടു കൂടിയാണ്; ദൈവത്തോടു കൂടി കഴിയുന്നയാൾ, ശത്രുവിൽ നിന്നു് വളരെ അകലെയാണ്. ഇപ്രകാരം, പ്രാർത്ഥന ശുദ്ധതയെ സംരക്ഷിക്കുന്നു, കോപത്തെ ശമിപ്പിക്കുന്നു, അഹങ്കാരത്തെ മുക്കിക്കളയുന്നു, നീരസത്തെ ഒഴിവാക്കുന്നു, ശത്രുവിനെ തകർക്കുന്നു, തിന്മ അപ്രത്യക്ഷമാകാൻ ഇടയാക്കുന്നു, ദുർമാർഗ്ഗങ്ങളെ നവീകരിക്കുന്നു. അങ്ങനെ, പ്രാർത്ഥന കന്യാത്വത്തിന്റെ മുദ്രയാണ്, വിവാഹത്തിന്റെ ഉറപ്പുള്ള അടിത്തറയാണ്, യാത്രചെയ്യുന്നവരുടെ കവചമാണ്, ഉറങ്ങുന്നവരുടെ സംരക്ഷണമാണ്, ഉണർന്നിരിക്കുന്നവർക്കു് ആത്മവിശ്വാസത്തിന്റെ ഉറവിടമാണ്. ചുരുക്കത്തിൽ, പ്രാർത്ഥന ദൈവവുമായുള്ള സമാഗമവും സംഭാഷണവുമാണ്.

ഭാഗ്യവാനായ അധ്യാപകൻ മാർ യാക്കോബ് പറയുന്നു: [3]

“പ്രാർത്ഥന ദൈവത്വത്തിന്റെ ആഴങ്ങളെ വെളിപ്പെടുത്തുന്നു,
മറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ രഹസ്യം ദർശിക്കാൻ
അതുവഴി നാം പ്രവേശിക്കുന്നു.

എല്ലാ വാതിലുകളും തുറക്കാൻ കഴിയുന്ന താക്കോലാണതു്.

നിഗൂഢമായിരിക്കുന്നതു് അതിലൂടെ വ്യക്തമായി കാണാൻ
സാധിക്കും.

ദൈവത്തോടു സംസാരിക്കാൻ വേണ്ടി അവിടുത്തെ സമീപിക്കാൻ അതുവഴി ആത്മാവിനു കഴിയുന്നു,
ഔന്നത്യത്തിലെത്താൻ അതു മനസ്സിനെ ഉയർത്തുന്നു.

ദൈവത്വത്തിന്റെ രഹസ്യങ്ങൾ പഠിക്കാൻ പ്രാർത്ഥനയ്ക്കു്
എളുപ്പമാണ്,

കാരണം, സ്വർഗീയശക്തികളുടെ തടസ്സപ്പെടുത്തൽ കൂടാതെ
അതിനു് അകത്തു കടക്കുകയും പുറത്തുപോകുകയും ചെയ്യാം:

ഒരു മാലാഖയ്ക്കും പ്രാർത്ഥനയെപ്പോലെ വേഗതയേറിയ
ചിറകുകളില്ല,

സ്രോപ്പേന്മാരും അതോടൊപ്പം വേഗത്തിൽ പറന്നു കയറുന്നില്ല;
ഒരു മധ്യസ്ഥനെയും കൂടാതെ കർത്താവിന്റെ ചെവികളിലേക്കു്
അതു് അതിന്റെ വാക്കുകൾ മന്ത്രിക്കുന്നു,

അതു് ഹൃദയത്തിൽ മന്ത്രിക്കുന്നു;
ദൈവം തന്റെ അത്യുന്നത സ്ഥലത്തു് അതു ശ്രവിക്കുന്നു.

3. സ്രോഗിലെ യാക്കോബ്, *Homily1 23* (P. Bedjan, IV. 49-34)

www.malankaralibrary.com



അത്ര കയറിപ്പോകുന്നിടത്തു് ഈറേന്മാർ പോലും ഇതുവരെയും എത്തിയിട്ടില്ല;

കാരണം, ദൈവത്വത്തെ തന്നെ സമീപിക്കാൻ അതു കഴിവുററതാണ്.

സ്രോപ്പേമാലാഖാ തൻെറ ചിറകുകളാൽ ദിവ്യയാഥാർത്ഥ്യത്തിൽനിന്നു് തൻെറ മുഖം മറയ്ക്കുന്നു;

എന്നാൽ ദിവ്യമഹത്വത്തിൻെറ മുൻപാകെ മൂടുപടം കൂടാതെ പ്രാർത്ഥന നിൽക്കുന്നു;

അതിനും കർത്താവിനും മധ്യേ ഒന്നുംതന്നെ നിൽക്കുന്നില്ല, കാരണം അതു് അവിടുത്തോടു സംസാരിക്കുന്നു; അവിടുന്നു് സന്തോഷപൂർവം അതു ശ്രവിക്കുന്നു.

ഈറേന്മാർ വിറയ്ക്കുകയും സ്വർഗീയ സൈന്യങ്ങൾ തങ്ങളുടെ വിനയത്തിൽ പിൻവാങ്ങുകയും ചെയ്യുന്നു,

എന്നാൽ പ്രാർത്ഥനയാകട്ടെ കടന്നുചെന്നു് തൻെറ കാര്യങ്ങൾ ദൈവമുൻപാകെ അവതരിപ്പിക്കുന്നു.

ക്രോബേന്മാർ രഥത്തിൽ പൂട്ടപ്പെട്ടിരിക്കുന്നു; അവർ വഹിക്കുന്നവനെ അവർക്കു കാണാൻ സാധിക്കുന്നില്ല,

എന്നാൽ പ്രാർത്ഥന ഉയർന്നുചെന്നു് സ്നേഹപൂർവം അവിടുത്തോടു സംഭാഷണം ചെയ്യുന്നു.

അതിൻെറ സ്നേഹത്തിൽ പ്രാത്ഥന വേഗത്തിൽ ഉന്നതസ്ഥാനം പ്രാപിക്കുന്നു,

അതിൻെറ സ്നേഹത്തിൽ പ്രാർത്ഥന സ്വർഗീയ നിരകളേക്കാൾ ഉപരിസ്ഥമായി ഉയർത്തപ്പെടുന്നു.

തൻെറ വിനയത്തിൽ അഗ്നിയുടെ ശ്രുദ്ധനകത്തോടു് ബന്ധിതനായിരിക്കുന്ന ക്രോബേമാലാഖാ തൻെറ കണ്ണുകളെ ഉന്നതത്തിലേക്കുയർത്താൻ ഭയപ്പെടുന്നു;

മറഞ്ഞിരിക്കുന്നവനെ അഗ്നിനിരകൾ സമീപിക്കുന്നില്ല. എന്നാൽ അവിടുത്തോടു സംസാരിക്കാൻ പ്രാർത്ഥനയ്ക്കു് അധികാരമുണ്ടു്.

പ്രാർത്ഥന അവരേക്കാൾ കൂടുതൽ അടുത്തു പ്രവേശിച്ചു് ശങ്ക കൂടാതെ സംഭാഷണം നടത്തുന്നു;

സ്വർഗ്ഗീയസൈന്യങ്ങളുടെ പതിനായിരങ്ങൾക്കു് ഉപരിയായി, അവരുടെ നിരകൾ തടസ്സപ്പെടുത്താതെ, അതു പറന്നു കയറുന്നു.

www.malankaralibrary.com



വിവിധതരം പ്രവൎത്തനങ്ങളിൽ ആവശ്യമായവ എന്താണെന്ന് അവിടത്തോടു ചോദിച്ചുകൊണ്ട് ഒരടുത്ത ബന്ധുവിനോടെന്ന വണ്ണം പ്രാർത്ഥന തന്റെ രഹസ്യങ്ങൾ ഈറേന്മാരുടെ നാഥനെ വെളിപ്പെടുത്തുന്നു.

മാലാഖമാരോട് സംസാരിക്കാനായി പ്രാർത്ഥന അവരുടെ പക്കൽ കുനിയുന്നില്ല. കാരണം, അത് ദൈവത്തോടുതന്നെ ചോദിക്കുന്നു, അതിന്റെ കാര്യത്തിൽ ശ്രദ്ധിക്കാൻ അവിടുന്നു മാലാഖമാരെ നിർദ്ദേശിക്കുന്നു.''

ഇക്കാരണത്താൽ, പ്രിയ സഹോദരങ്ങളേ, പ്രാൎത്ഥനയിൽ നിന്ന് ഇത്തരം പ്രയോജനങ്ങൾ നമുക്കു ലഭിക്കുന്നതിനാൽ, അതിൽനിന്ന് നമുക്ക് ശേഖരിക്കാവുന്ന ഫലങ്ങൾ ഈ തരത്തിലുള്ളവയാകയാൽ, ദിനരാത്രങ്ങൾ തുടർച്ചയായി നാം ധ്യാനിക്കുകയും ഇതിൽ വ്യാപൃതരാകുകയും ചെയ്യുമ്പോൾ സ്ഥിരതയോടും അലസത കൂടാതെയും ഇത് നടത്താൻ നമുക്കു തല്പരരായിരിക്കാം എന്ന് നാം നിങ്ങളെ ഉപദേശിക്കുന്നു. നാം നമ്മുടെ കിടക്കകളിൽനിന്ന് എഴുന്നേല്ക്കുമ്പോൾ ദൈവത്തിന് സ്തുതിയും കൃതജ്ഞതയും അർപ്പിക്കുന്നതിനു മുൻപ് നമ്മുടെ അധരങ്ങൾ മറ്റൊന്നും ഉച്ചരിക്കരുത്. പണിതൊരുക്കിയ ഉത്തരങ്ങൾ ഉള്ള കെട്ടിടങ്ങൾ ഭീകരമായ കാറ്റുകൾ ആഞ്ഞടിച്ചാലും പെട്ടെന്നു വീണുപോകില്ല; നമ്മുടെ കാര്യത്തിലും ഇപ്രകാരമാണ്: നമ്മുടെ ജീവിതത്തിന്റെ എല്ലാ ദിവസങ്ങളിലും നമ്മുടെ പ്രവൃത്തികളെയും നമ്മുടെ ജീവിതരീതിയെയും നാം പ്രാൎത്ഥനകൊണ്ടു ബന്ധിച്ചാൽ നാം പെട്ടെന്നു വീണുപോകില്ല.

പട്ടാളക്കാർ തങ്ങളുടെ വാളും പരിചയും മാർക്കവചവും സജ്ജമാക്കി തങ്ങളുടെ ഭവനങ്ങളിൽ തൂക്കിയിട്ടിരിക്കുന്നത് നാം കാണുന്നുണ്ടല്ലോ. അവരുടെ ജോലി എന്താണെന്ന് അതു സൂചിപ്പിക്കുന്നു. നമ്മുടെ കാര്യത്തിൽ, സ്വർണമോ, വെള്ളിയോ, ഇരുമ്പോ, പിച്ചളയോ കൊണ്ടുണ്ടാക്കിയ പടച്ചട്ടയല്ല, പിന്നെയോ നല്ല മനോഭാവത്തിൽ നിന്നും ഉറച്ച വിശ്വാസത്തിൽ നിന്നുമുള്ളതാണ് ദൈവം നമുക്കു നല്കിയിരിക്കുന്നത്. ഈ ആയുധങ്ങൾ നിങ്ങളുടെ ഭവനങ്ങളുടെ ഭിത്തികളിൽ തൂക്കിയിടുവിൻ. ഉറങ്ങാൻ പോകുമ്പോഴും, ഭക്ഷണത്തിനിരിക്കുമ്പോഴും, വീട്ടിൽനിന്നു പുറത്തുപോകുമ്പോഴും, നിങ്ങളുടെ നെററിയിൽ കുരിശടയാളം വരച്ച് ദൈവത്തിന് ഹൃദയത്തിൽ നന്ദി പറയുക; അങ്ങനെ, ഈ പടച്ചട്ട അണിഞ്ഞുകൊണ്ട്, ദൈവത്തിലുള്ള ഉറച്ച ആശ്രയബോധത്തോടുകൂടിയും ഹൃദയത്തിന്റെ കൃതജ്ഞതാർപ്പണത്തോടുകൂടിയും തെരുവിൽകൂടി നിങ്ങൾക്കു

www.malankaralibrary.com



നടന്നുപോകാം. നിങ്ങാം വീട്ടിൽ തിരിച്ചെത്തുമ്പോാം പ്രാർത്ഥനയിൽ നിരവധി പ്രാവശ്യം നിങ്ങളുടെ കർത്താവിന്റെ സന്നിധിയിലേക്ക് അടുത്തു ചെല്ലുക. നിങ്ങാം ഭക്ഷിക്കുകയും കുടിക്കയും ചെയ്യാൻ മുതിരുമ്പോാം അവയിന്മേൽ ആദ്യം കുരിശടയാളം വരച്ച് ഒരു പ്രാർത്ഥന കൊണ്ട് അതിനെ വിശുദ്ധീകരിക്കാതെ അപ്പം മുറിക്കുകയോ വെള്ളം കുടിക്കയോ ചെയ്യരുത്. ആരുടെ നല്ല വസ്തുക്കാം നിങ്ങാം അനുഭവിച്ചുവോ തൃപ്തരായശേഷം ആ ആളിന് സ്തുതിയും കൃതജ്ഞതയുംഅർപ്പിക്കുവിൻ.

പ്രാർത്ഥനസ്ഥായി നിങ്ങളുടെ കർത്താവിന്റെ മുമ്പിൽ നിങ്ങാം നില്ക്കുമ്പോാം അലസമായി തുടങ്ങരുത്; അല്ലെങ്കിൽ പ്രാർത്ഥന മുഴുവൻ അലസമായും അഭക്തമായും നടത്താനിടവരും. മറിച്ച്, നിങ്ങാം പ്രാർത്ഥിക്കാൻ നിൽക്കുമ്പോാം. നിങ്ങളുടെ മേൽ തന്നെ കുരിശടയാളം വരച്ച്, നിങ്ങളുടെ ചിന്തകളെ ഏകാഗ്രമാക്കി, ശരിയാംവണ്ണം ഒരുങ്ങുക. നിങ്ങാം ആരോടു പ്രാൎത്ഥിക്കുന്നുവോ ആ ആളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, നിങ്ങളുടെ പ്രാർത്ഥന തീരുന്നതുവരെ ആ ആളിൽനിന്നു നിങ്ങളുടെ ചിന്ത മാറിപ്പോകാതിരിപ്പാൻ ശ്രദ്ധിക്കുക. നിങ്ങളുടെ പ്രാൎത്ഥനയുടെ ആരംഭത്തിൽ തന്നെ കണ്ണുനീരൊഴുക്കാനും നിങ്ങളുടെ മനസ്സ് ദുഃഖംകൊണ്ടു നിറയാനുമായി നിങ്ങളെത്തന്നെ നിർബന്ധിക്കുക: ഇതുവഴി നിങ്ങളുടെ പ്രാൎത്ഥന മുഴുവൻ പ്രയോജനപ്രദമായിത്തീരും. ദൈവത്തെപ്പററിയുള്ള വിചിന്തനവും മാനസിക ധ്യാനവും കൂടാത്ത പ്രാർത്ഥന വെറും ശാരീരിക ക്ളേശം മാത്രമായിരിക്കും. പ്രാർത്ഥനാവസരം നിങ്ങളുടെ മനസ്സ് ശുഷ്കമായ കാര്യങ്ങളെക്കുറിച്ചു ചിന്തിച്ച് അലഞ്ഞുതിരിയാതിരിക്കാൻ ശ്രദ്ധിക്കുക: അല്ലെങ്കിൽ, അനുരഞ്ജനത്തിനു ന്യായാധിപനെ പ്രേരിപ്പിക്കുന്നതിനു പകരം, അവനെ നിന്ദിച്ചതിനാൽ അവനെ നിങ്ങാം കോപിപ്പിക്കുകയായിരിക്കും ചെയ്യുക. ഈ ലോകത്തിലെ ന്യായാധിപന്മാരെ നിങ്ങാം വളരെ ഭയപ്പെടുന്നുണ്ടല്ലോ. എന്നാൽ, ദൈവസന്നിധിയിൽ നിങ്ങാം വെറുപ്പു കാണിക്കുന്നു: താൻ എവിടെയാണ് നില്ക്കുന്നതെന്നും താൻ എന്താണു പറയുന്നതെന്നും ഓർമ്മയില്ലാത്തവന് താൻ പ്രാർത്ഥന അർപ്പിക്കുകയാണെന്നു കരുതാനാവുമോ? ഇല്ല. നിങ്ങാം പ്രാർത്ഥനസ്ഥായി നിൽക്കുന്ന സമയങ്ങളിൽ നിങ്ങളെത്തന്നെ ഉണർത്തി നിങ്ങളുടെ മനസ്സിനെ ഏകാഗ്രമാക്കുക; നിങ്ങളുടെ കർത്താവ് നിങ്ങളോടു സംസാരിക്കുന്നു. അതുകൊണ്ട് അലഞ്ഞുതിരിയരുത്; തന്റെ തെരഞ്ഞെടുക്കപ്പെട്ട മാലാഖാമാർ നിങ്ങളെ വലയം വയ്ക്കുന്നു; അതുകൊണ്ടു പരിഭ്രാന്തരാകേണ്ട: പിശാചുക്കളുടെ നിരകാം നിങ്ങളുടെ മുമ്പിൽ നില്ക്കുന്നു. അതുകൊണ്ട് അലസരാക

www.malankaralibrary.com



രുത്. മറിച്ച്, വിശ്വാസപൂർവം നിങ്ങളുടെ കർത്താവിൽ അഭയം തേടുക; ഇടത്തോട്ടോ വലത്തോട്ടോ തിരിയാതെ ആത്മ വിശ്വാസത്തോടെ പ്രാർത്ഥനയുടെ പാതയിലൂടെ യാത്ര തിരിക്കുക; അപ്പോൾ, ഭയത്തിന് ഒരു സ്ഥാനവുമില്ലാത്ത പ്രശാന്തതയുടെ തീരത്ത് നിങ്ങൾ പെട്ടെന്ന് എത്തിച്ചേരും; നിങ്ങളുടെ മനസ്സ് ഉണർവും ശ്രദ്ധയും ഉള്ളതിനാൽ ഹാബേലിന്റെ അർപ്പണം പോലെ നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കപ്പെടും; നിങ്ങളെ എതിർക്കുന്ന നിങ്ങളുടെ ശത്രു ലജ്ജിതനായിത്തീരും; കാരണം, നിങ്ങളുടെ വായിലെ വാക്കുകൾ ദൈവഹിതത്തോട് ഒത്തുപോകുന്നതാണെന്നു കാണുന്ന ദുഷ്ടൻ നിങ്ങളുടെ പ്രാർത്ഥനാവസരം ഭയചകിതനായിത്തീരും.

പ്രാർത്ഥനയിൽനിന്നു് സംരക്ഷണം എന്ന പ്രയോജനം നിങ്ങൾക്കു കിട്ടും. നിങ്ങൾ വിശ്രമതുറമുഖത്ത് എത്തിച്ചേരുന്നതുവരെ അപകടം കൂടാതെ ദൈവനീതിയുടെ പാതയിൽ കൂടി ചരിക്കാൻ നിങ്ങൾക്കു സാധിക്കും.

എന്റെ വാത്സല്യവാന്മാരേ, ഇവയെല്ലാം മനസ്സിലാക്കി, 'ഒരു സാധാരണകാര്യം എന്ന മട്ടിൽ നാം പ്രാർത്ഥിച്ചാൽ പോരാ, പിന്നെയോ, നാം പ്രാർത്ഥിക്കുമ്പോൾ ദിവ്യസ്നേഹത്തോടുകൂടി പ്രാർത്ഥിക്കണം; കാരണം സ്നേഹം കൂടാതെ പ്രാർത്ഥനയും അപേക്ഷയും ദൈവത്തിനു സ്വീകാര്യമല്ല' എന്നു നാം ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# 9

# അജ്ഞാതഗ്രന്ഥകാരൻ II

## (6/7 നൂററാണ്ട്)

## പ്രാർത്ഥന

**ആമുഖം**

''ഏകാന്തവാസികളുടെ പ്രബോധനങ്ങളിൽനിന്ന് പ്രാർത്ഥനയെപ്പററി'' എന്ന രേഖ 10/11 നൂററാണ്ടിലെ ഏക കയ്യെഴുത്തുപ്രതിയിലൂടെ നമുക്കു കൈവന്നിട്ടുള്ളതാണ്. (British Library Add. 14615, fol. 74 b-76 b). ഗ്രന്ഥകർത്താവ് ആരാണെന്നോ ഏതു കാലഘട്ടത്തിലെഴുതിയെന്നോ കൃത്യമായി പറയാൻ പ്രയാസമാണ്. S.Brock *op. cit.* p. 181-3 - ൽ നിന്നാണ് താഴെക്കാണുന്ന വിവർത്തനം.

## പ്രാർത്ഥന

ദൈവത്തിൻ പക്കലേക്കു നയിക്കുന്ന കോവണിയാണു പ്രാർത്ഥന; കാരണം, പ്രാർത്ഥനയെക്കാറം ശക്തിയുള്ളതു് ഒന്നുമില്ല. പ്രാത്ഥന വഴി ക്ഷമിക്കപ്പെടാൻ പാടില്ലാത്ത പാപമോ നീക്കിക്കളയാൻ പാടില്ലാത്ത ശിക്ഷാവിധിയോ ഇല്ല. പ്രാർത്ഥന മൂലമല്ലാതെ ഒരു വെളിപാടും ഇല്ല; പ്രാത്ഥനയ്ക്കു് വ്യാഖ്യാനിക്കാൻ സാധിക്കാത്ത ഒരു മാതൃകയും പ്രതീകവും ഇല്ല.

പ്രവേശിക്കാൻ നീ ഏററം ആഗ്രഹിക്കുന്ന രാജ്യത്തിൻെറ താക്കോലുകറം പ്രാർത്ഥനയുടെ കൈകളിലാണിരിക്കുന്നതു്; ജീവൻെറ പുസ്തകത്തിൽ പേരെഴുതപ്പെട്ട ആദ്യജാതരിൽ ഒരാളായിത്തീർന്ന് അവിടെ അവകാശിയാകുവാൻ ഇതു കൂടാതെ

www.malankaralibrary.com



നിനക്കു സാധിക്കുകയില്ല. സ്വർഗീയ ജറുസലേമിലേക്കു വിശുദ്ധർ പ്രവേശിക്കുന്ന ഇടുങ്ങിയതും നിയന്ത്രിതവുമായ വാതിലാണ് പ്രാർത്ഥന.

നിരന്തരപ്രാർത്ഥന ആത്മാവിൻെറ പ്രകാശമാണ്: ആ വഴി യഥാർത്ഥ ദൈവസ്നേഹവും പരസ്നേഹവുമാകുന്ന പ്രകാശത്തിൻെറ മഹനീയ സ്ഥലത്ത് ആത്മാവ് സന്തോഷിക്കുന്നു. പ്രാർത്ഥന എല്ലാ കല്പനകളെയും ഉൾക്കൊള്ളുന്നു. ഇക്കാരണത്താലാണ്, ''എല്ലാ സമയത്തും പ്രാർത്ഥിക്കണം; മടുപ്പു തോന്നരുത്'' എന്നും, ''ഉണർന്നിരുന്ന് നിരന്തരമായി പ്രാർത്ഥിക്കുവിൻ'' എന്നും പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവ് ഇതേപ്പററി നിർദ്ദേശം നൽകിയത് (ലൂക്കാ. 18:1; മത്താ. 26:41). സ്നേഹമാകുന്ന സ്വർഗീയോന്നത നഗരത്തിലേക്കു നയിക്കുന്ന ശ്രേഷ്ഠതയുടെ പാതയിൽ യാത്രചെയ്യാൻ ആഗ്രഹിക്കുന്നവരെ ഇങ്ങനെയാണ് നമ്മുടെ കർത്താവ് പ്രബോധിപ്പിച്ചത്.

പ്രത്യേക സമയത്തേക്കോ നിശ്ചിതയാമങ്ങളിലേക്കോ ഉള്ള പ്രാത്ഥനയെപ്പററിയല്ല ഞാൻ ചർച്ച ചെയ്യുന്നത്, പിന്നെയോ അവസാനിക്കാത്ത നിരന്തര പ്രാർത്ഥനയെപ്പററിയാണ്. കാരണം, തൻെറ ചിന്ത ദൈവത്തിൽ പൂർണമായി കേന്ദ്രീകൃതമല്ലാതെ പ്രാർത്ഥനയിൽ ഒരാൾ ദൈവവുമായി ചെലവഴിക്കുന്ന സമയമില്ല. എല്ലാ കൽപ്പനകളുടെയും പൂർത്തീകരണമാണ് പ്രാത്ഥനയിലുള്ള സ്ഥിരത – നമ്മുടെ കത്താവു സംസാരിച്ച മാതൃകയായ സ്ലീബാ ഇതാണ്: ഇതു വഹിച്ചുകൊണ്ട് എൻെറ പിന്നാലെ വരുന്നവൻ നിത്യജീവൻ അവകാശമാക്കും (മത്താ. 16:24).

ശരീരത്തോടുകൂടിയുള്ള പ്രാർത്ഥനയ്ക്കു പുറമേ പ്രാത്ഥന പ്രാർത്ഥിക്കാൻ മൂന്നു രീതികളുണ്ട്. ഒന്നാമത്തേത്, സ്വാഭാവിക പ്രചോദനങ്ങളെ ഇളക്കിവിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ അടങ്ങിയിരിക്കുന്നു. സംരക്ഷിക്കുന്ന ദൂതന്മാരുടെ സാന്നിധ്യത്തിൽ മറെറാരു രീതി ഉടലെടുക്കുന്നു; വീണ്ടും, സൗന്ദര്യമുള്ളവയെ കാംക്ഷിക്കുന്ന ശുദ്ധനിയോഗത്തിൽ മറെറാന്ന് അടങ്ങിയിരിക്കുന്നു.

പ്രാർത്ഥനയുടെ ആദ്യപ്രവത്തനത്തിന് അകമ്പടി സേവിക്കുന്നതാണ് അനുതാപവും, അഗ്നിപോലെ ഹൃദയത്തിൽ കത്തിക്കാളുന്ന ചിന്തകളുടെ ഭാഗത്തുനിന്നുള്ള തീക്ഷ്ണമായ സ്നേഹവും. രണ്ടാമത്തേതിനോടൊപ്പം പോകുന്നതാണ് ഉൾക്കാഴ്ചകളുടെ പ്രവർത്തനവും സന്തോഷാശ്രുക്കളും. മൂന്നാമത്തേതിൻേറ

www.malankaralibrary.com



താണ് ശാരീരികാധ്വാനങ്ങളോടുള്ള സ്നേഹവും ചിന്തകളെ കുറെയൊക്കെ ഉദ്ദീപിപ്പിക്കുന്ന കണ്ണുനീരും. ഞാൻ സൂചിപ്പിച്ച ഈ മൂന്നു പ്രവർത്തനങ്ങളും അല്ലാതെ പ്രാർത്ഥന എന്നു പറയാവുന്ന മറ്റൊരു പ്രവർത്തനവും ഇല്ല; എന്നാൽ "രൂപരഹിതമായ പ്രകാശം" എന്നു മുനിമാർ വിളിക്കുന്ന ആ അത്ഭുതം മാത്രമേയുള്ളു. ഈ മൂന്നിനങ്ങൾക്കു പുറമെ ഉണ്ടാകുന്ന എല്ലാ പ്രവർത്തനങ്ങളും ശുദ്ധപ്രാർത്ഥനയെ നശിപ്പിക്കുന്നതാണ്. പ്രാർത്ഥനാവസരം മനസ്സ് പിശാചുക്കൾ നിൽക്കുന്ന സ്ഥാനത്തു നിന്നാൽ അവ ആത്മാവിന്മീതേ ആധിപത്യം പുലർത്തുന്ന ചിന്തകൾ കൊണ്ട് ക്ഷോഭവും ശല്യവും ഉളവാക്കുന്നു. ചുരുക്കത്തിൽ, ദൈവകൽപ്പനകളുടെ പ്രതിഫലം എന്താണെന്ന് ശ്രവിക്കുക. സഹനാതീതാവസ്ഥയുടെ കിരീടം എന്നതാണ് ആദ്യപ്രതിഫലം: വികാരങ്ങളിൽ നിന്നുള്ള വിടുതൽ, നിന്നിൽ തന്നെയുള്ള പ്രകാശത്തിന്റെ ദർശനം, സൃഷ്ടവസ്തുക്കളുടെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച, അതിൽ മറഞ്ഞിരിക്കുന്ന ആത്മീയമായ ഉൾക്കാഴ്ച, നിറഞ്ഞ വിജ്ഞാനം എന്നിവയിൽ ഇതു് അടങ്ങിയിരിക്കുന്നു.

രണ്ടാമത്തെ പ്രതിഫലം, വിധിയുടേയും പരിപാലനയുടെയും അന്ത്യത്തിന്റേയും ധ്യാനപരമായ ഉൾക്കാഴ്ചയോടൊപ്പം തികഞ്ഞ സന്തുഷ്ടി നിറഞ്ഞ കണ്ണുനീരിൽ അടങ്ങിയിരിക്കുന്നു.

മൂന്നാമത്തെ പ്രതിഫലം അഭൗമികവും ധ്യാനപരവുമായ ഉൾക്കാഴ്ചയും അതോടുകൂടി എല്ലാവിധ സന്തോഷങ്ങളും ഒന്നിച്ചു ചേർക്കുന്ന അരൂപികളെ തിരിച്ചറിയൽ, വിശുദ്ധ പരിമളം ആത്മീയ കാര്യങ്ങൾ പ്രസ്താവിക്കൽ, മനസ്സിന്റെ രുചിക്ക് അതിന്റെ സന്തുഷ്ടിയിൽ മാധുര്യം പകരുന്ന ആസ്വാദനം എന്നിവയുമാണ്. ഇവയ്ക്കെല്ലാം ശേഷം പരിശുദ്ധ ത്രിത്വത്തിന്റെ ധ്യാനപരമായ ദർശനം ലഭിക്കുന്നു; അതു് ഒരു പ്രതിഫലമായിട്ടല്ല; കൃപയാൽ നൽകപ്പെടുന്നതാണ്.

ദൈവത്തെപ്പറ്റിയുള്ള അറിവിലേക്ക് വിശുദ്ധർ പ്രവേശിക്കുന്ന കവാടമാണ് അനുതാപം. സഹോദരാ, നിന്റെയുള്ളിൽ അനുതാപചിന്തകൾ ഉയരുമ്പോൾ, വിധിയേപ്പറ്റിയും പരിപാലനയെപ്പറ്റിയും ഉള്ള ആധ്യാത്മികധാരണയ്ക്കുള്ള ഉൾക്കാഴ്ചകളാണ് അവ എന്ന് നീ ധരിച്ചുകൊള്ളണം.

www.malankaralibrary.com

# 10

# നഥ്ഫാറിലെ അബ്രഹാം

## പ്രാർത്ഥന

### ആമുഖം

പേർഷ്യൻ സഭയിൽ 6/7 നൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു താപസ്സനായിരുന്ന അബ്രഹാം. അദ്ദേഹത്തിൻെറ പേരിൽ നിരവധി കൈയെഴുത്തുപ്രതികൾ കൈവന്നിട്ടുണ്ടെങ്കിലും വളരെ കുറച്ചു മാത്രമേ പ്രസിദ്ധീകൃതമായിട്ടുള്ളു. പേർഷ്യയിൽ ഒരു വലിയ സന്യാസനവോത്ഥാനം ഉണ്ടായ കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നത്. ആധുനിക ഇറാക്കിൽ മോസൂളിൻെറ തെക്കുകിഴക്കായി, വലിയ സാബ്നദീതീരത്താണ് നഥ്പാർ അഥവാ ഹ്രുവയിർ. അതു് അബ്രഹാമിൻെറ ജന്മസ്ഥലമോ വാസസ്ഥലമോ എന്നതിനെപ്പററി ഖണ്ഡിതമായി പറയാൻ സാധ്യമല്ല. അദ്ദേഹത്തിൻെറ ജീവിതത്തെപ്പററി കാര്യമായിട്ടൊന്നും നമുക്കു വിവരം ലഭിച്ചിട്ടില്ല.

അബ്രഹാമിൻെറ പേരിൽ അറിയപ്പെടുന്ന കൃതികൾ എല്ലാം അദ്ദേഹത്തിൻേറതല്ല. എവാഗ്രിയസിൻെറ ''പ്രാത്ഥിക്കാനുള്ള ഉപദേശം'' എന്ന കൃതി അബ്രഹാമിൻെറ പേരിലാണ് ചില കൈയെഴുത്തുപ്രതികളിൽ കാണുന്നതു് (മുകളിൽ പേ. 62 കാണുക). ''പ്രാത്ഥനയെപ്പററി'' എന്ന താഴെക്കൊടുക്കുന്ന രേഖ ചിലയിടങ്ങളിൽ അപ്പമെയായിലെ യോഹന്നാൻെറ പേരിലും മററു ചിലയിടങ്ങളിൽ മാബുഗിലെ ഫീലൊക്സീനൂസിൻെറ പേരിലും പ്രചരിച്ചിരുന്നു. മിക്കവാറും ഈ രേഖ യോഹന്നാൻേറതാണ്. അഫ്രാതിൻെറ കൃതിയിൽനിന്നു് (മുകളിൽ പേ. 16 കാണുക) എടുത്ത വാചകങ്ങൾ കൊണ്ടു് അബ്രഹാം ഇതിനൊരാമുഖം എഴുതി. അവിടെയും ഇവിടെയും ചില്ലറ കൂട്ടിച്ചേർക്കലുകൾ വരുത്തി. നീതിമാന്മാ

www.malankaralibrary.com



രുടെ വാചികപ്രാർത്ഥന, പരിപൂർണരുടെ ആത്മീയ പ്രാൎത്ഥന എന്നിങ്ങനെ ഈ രേഖ പ്രാൎത്ഥനയെ രണ്ടായി തിരിക്കുന്നുണ്ട്. ആത്മീയപ്രാൎത്ഥനയാണ് നിശ്ശബ്ദ പ്രാർത്ഥന: നാവിൻെറ, ശരീരം മുഴുവൻെറയും, ആത്മാവിൻെറ, മനസ്സിൻെറ, അരൂപിയുടെ എന്നിങ്ങനെ അഞ്ചുതരം നിശ്ശബ്ദതയുണ്ട്. നിശ്ശബ്ദ പ്രാർത്ഥനയിൽ എത്തിച്ചേരാൻ വിഷമമുള്ളവർ വാചികപ്രാൎത്ഥന കൊണ്ട് തൃപ്തിപ്പെടാൻ രേഖ ഉപദേശിക്കുന്നു. S. Brock, *op. cit.* p. 190-6ൽ നിന്നാണ് താഴെക്കൊടുത്തിരിക്കുന്ന വിവൎത്തനം.

## പ്രാർത്ഥന

പ്രാർത്ഥനയിൽ ഉത്സുകനായിരിക്കുക; മടുപ്പു കൂടാതെ ജാഗ്രതയുള്ളവനായിരിക്കുക; നിന്നിൽനിന്ന് നിദ്രയും മാന്ദ്യവും അകററുക. നീ രാപകലുകൾ ഉണർവുള്ളവനായിരിക്കണം; മനസ്സിടിഞ്ഞുപോകരുത്. [1]

പ്രാർത്ഥനയ്ക്കുള്ള വിവിധ അവസരങ്ങൾ ഞാൻ നിനക്കു കാണിച്ചുതരാം. നീ പ്രയാസത്തിൽ ആയിരിക്കുമ്പോൾ അപേക്ഷകൾ സമർപ്പിക്കുക; ദൈവത്തിൻെറ നല്ല വസ്തുക്കളാൽ നീ അനുഗ്രഹീതനാകുമ്പോൾ ദാതാവിനു നന്ദി പറയുക; നിൻെറ മനസ്സ് സന്തോഷിക്കുമ്പോൾ സ്തുതി അർപ്പിക്കുക. ഈ പ്രാൎത്ഥനകളെല്ലാം വിവേചനാപൂർവം നടത്തുക. [2]

എൻെറ വാത്സല്യവാനേ, ശ്രദ്ധയോടും വിശ്വാസത്തോടും കൂടെ ആളുകൾ ചോദിക്കുന്നതെല്ലാം ദൈവം അവർക്കു നൽകുമെന്ന് എനിക്കു ബോധ്യം ഉണ്ട്. എന്നാൽ ഒരാൾ പരിഹാസത്തോടോ, വെറുപ്പോടോ, സംശയത്തോടോ പ്രാർത്ഥന അർപ്പിച്ചാൽ അവൻ ചോദിക്കുന്നതു ലഭിക്കുന്നില്ല; [3] കാരണം അവൻ ഹൃദയത്തിൽ ഉറപ്പുള്ളവനല്ല; തനിക്ക് മറുപടി ലഭിക്കുമെന്ന് അവനു വിശ്വാസവുമില്ല. എല്ലാ സംശയങ്ങളിൽനിന്നും കളങ്കങ്ങളിൽനിന്നും ശുദ്ധീകൃതനായിട്ടുവേണം പ്രാർത്ഥനകൾ അർപ്പിക്കാൻ; അതു സ്വീകരിക്കപ്പെടാനായി അവൻ തൻെറ അർപ്പണം ശുദ്ധതയിൽ അർപ്പിക്കണം. അതു നിരസിക്ക

1. അഫ്രാതിൻെറ കൃതി, 4. 16 ൻെറ അവസാനഭാഗത്തെ ആധാരമാക്കിയുള്ളത്.
2. അതേകൃതി, 4. 17 നെ ആധാരമാക്കിയുള്ളത്.
3. അതേകൃതി, 4.18 ആരംഭത്തെ ആധാരമാക്കിയുള്ളത്.

www.malankaralibrary.com



പ്പെടത്തക്കവിധം അതിൽ എന്തെങ്കിലും കണ്ടെത്തപ്പെടാതിരിക്കാൻ അവൻ ശ്രദ്ധാലുവായിരിക്കയും വേണം. എല്ലാ അപ്പണങ്ങളിലും അതിശ്രേഷ്ഠമായത്തു് ശുദ്ധപ്രാർത്ഥനയാണ്. അതുകൊണ്ടു്, എന്റെ മകനേ, പ്രാർത്ഥനയിൽ തല്പരനായിരിക്കുക; അതിൽ അധ്വാനിക്കുക. നിന്റെ എല്ലാ പ്രാർത്ഥനകളുടെയും ആരംഭത്തിൽ നമ്മുടെ കർത്താവു പഠിപ്പിച്ച പ്രാത്ഥന ഉപയോഗിക്കുക. [4]

## പ്രാർത്ഥനയും നിശ്ശബ്ദതയും

1. എന്റെ വാത്സല്യവാനേ, പ്രാർത്ഥന വാക്കുകളിൽ മാത്രം അടങ്ങിയിരിക്കുന്നു എന്നോ വാക്കുകളിലൂടയേ അതു പഠിക്കാൻ സാധിക്കൂ എന്നോ വിഭാവന ചെയ്യരുതു്. അങ്ങനെയല്ല, സംഗതിയുടെ വാസ്തവികത നമ്മുടെ കർത്താവിൽ നിന്നു പഠിക്കൂ: ആത്മീയപ്രാത്ഥന പഠിച്ചെടുക്കാവുന്നതല്ല; പഠനത്തിന്റെയോ, വാക്കുകളുടെ ആവർത്തനത്തിന്റെയോ ഫലമായി അതു് പൂർണതയിൽ എത്തുന്നില്ല; കാരണം, നീയൊരു മനുഷ്യനോടല്ല പ്രാർത്ഥിക്കുന്നതു്. നന്നായി ഒരുങ്ങി തയാറാക്കിയ പ്രസംഗം മനുഷ്യരുടെ മുൻപാകെ നിനക്കു് ആവർത്തിക്കാൻ കഴിഞ്ഞേക്കും. ആരു് ആത്മാവാണോ അവനിലേക്കാണ് നീ നിന്റെ പ്രാർത്ഥനയുടെ ഗതികറം തിരിക്കുന്നതു്. അതുകൊണ്ടു്, അവിടുന്നു് ആത്മാവാണ് എന്നു മനസ്സിലാക്കി നീ ആത്മാവിൽ പ്രാർത്ഥിക്കണം.

2. പൂർണതയിൽ ദൈവത്തോടു പ്രാത്ഥിക്കുന്നവനു് ഒരു പ്രത്യേക സ്ഥലമോ വാചിക പ്രാർത്ഥനയോ ആവശ്യമില്ല എന്നു കാണിക്കാൻ നമ്മുടെ കർത്താവു പറഞ്ഞു: “നിങ്ങൾ പിതാവിനെ ഈ മലയിലോ ജറുസലേമിലോ ആരാധിക്കാത്ത സമയം വരുന്നു” (യോഹ 4: 21); വീണ്ടും, ഒരു പ്രത്യേക സ്ഥലം ആവശ്യമില്ലെന്നു കാണിക്കാൻ അവിടുന്നു് ഇതും പഠിപ്പിച്ചു: “ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും അവനെ ആരാധിക്കണം” (4:23). നാം എന്തുകൊണ്ടു് ഇപ്രകാരം പ്രാർത്ഥിക്കണം എന്നതിനു് തന്റെ പ്രബോധനത്തിനിടയ്ക്കു് അവിടുന്നു് പറഞ്ഞു, “എന്തുകൊണ്ടെന്നാൽ ദൈവം ആത്മാവാകുന്നു” (4:24). അവനെ നാം ആത്മീയമായി ആത്മാവിൽ പ്രകീർത്തിക്കണം. നാം ഉപയോഗിക്കേണ്ട ആത്മീയ പ്രാർത്ഥനയെപ്പററിയും സങ്കീർത്തന

4. അതേകൃതി, 4. 19 അവസാനത്തെ ആധാരമാക്കിയുള്ളതു്.

www.malankaralibrary.com



ങ്ങളെപ്പററിയും പൗലോസും നമ്മോടു പറയുന്നു: "ഞാൻ എന്തു
ചെയ്യും?" അവൻ പറയുന്നു, "ഞാൻ ആത്മാവിലും എന്റെ
മനസ്സിലും പ്രാർത്ഥിക്കും" (1 കൊറി. 14:15). നാം ദൈവ
ത്തോടു പ്രാർത്ഥിക്കുകയും പാടുകയും ചെയ്യേണ്ടതു് ആത്മാവിലും
മനസ്സിലുമാണ് എന്നാണ് അവൻ പറയുന്നതു്; ഭാഷയെ
പ്പററിയേ അവൻ പറയുന്നില്ല. അതിന്റെ കാരണം, ഈ
ആത്മീയപ്രാർത്ഥന നാവുകൊണ്ടല്ല അർപ്പിക്കപ്പെടുന്നതു്;
അല്ലെങ്കിൽ നാവിനാലല്ല ഇവിടെ പ്രാർത്ഥിക്കുന്നതു് എന്നാണ്.
കാരണം, ഇതു് അധരങ്ങളേക്കാളും നാവിനേക്കാളും കൂടുതൽ
ആന്തരികമാണ്; എല്ലാ താളമേളങ്ങളേക്കാളും ആന്തരികമാണ്;
വിജ്ഞാനത്തിനും കീർത്തനങ്ങൾക്കും അപ്പുറത്തു് സ്ഥിതി
ചെയ്യുന്നതുമാണ്. ഇത്തരം പ്രാർത്ഥന പ്രാർത്ഥിക്കുന്നവന്റെ
ആരാധന, ഗബ്രിയേലിന്റെയും മിഖായേലിന്റെയും സമൂഹ
ത്തിന്റെ ആരാധനയേക്കാൾ ശ്രേഷ്ഠമാണ്. അവരെപ്പോലെ
അവനും വാക്കുകൾ കൂടാതെ "പരിശുദ്ധൻ" എന്നു പ്രകീർത്തി
ക്കുന്നു (ഏശാ. 6:3). എന്നാൽ അവൻ ഈ രീതിയിലുള്ള
പ്രാർത്ഥന അവസാനിപ്പിച്ചു് വാചികകീർത്തനങ്ങളുടെ പ്രാർ
ത്ഥനയിലേക്കു തിരിഞ്ഞാൽ അവൻ മാലാഖമാരുടെ തലത്തിൽ
നിന്നു് അകലുകയും വീണ്ടും ഒരു സാധാരണ മനുഷ്യനായി
ത്തീരുകയും ചെയ്യുന്നു.

3. തന്റെ നാവും ശരീരവും ഉപയോഗിച്ചു് പാടുകയും
രാപകലുകൾ ഈ ആരാധനയിൽ നിലനിൽക്കുകയും ചെയ്യുന്ന
വൻ നീതിമാന്മാരിൽ ഒരാളാണ്. എന്നാൽ ആത്മാവിലും
മനസ്സിലും പാടിക്കൊണ്ടു്, ഇതിനേക്കാൾ ആഴത്തിലിറങ്ങാൻ
യോഗ്യനാക്കപ്പെട്ട വ്യക്തി 'ആത്മീയൻ' ആണ്. 'ആത്മീയൻ'
നീതിമാനേക്കാൾ കൂടുതൽ ഉന്നതനാണ്; എന്നാൽ നീതിമാ
നായ ശേഷമേ അവൻ ആത്മീയനാകുന്നുള്ളൂ. കാരണം ബാഹ്യ
മായ രീതിയിൽ കുറേക്കാലം അവൻ ആരാധന നടത്തേണ്ടിയി
രിക്കുന്നു: തുടർച്ചയായ ഉപവാസം, സങ്കീർത്തനങ്ങൾ ഉച്ചത്തിൽ
ആലപിക്കൽ, കൂടെക്കൂടെയുള്ള മുട്ടിന്മേൽനില്പ്, യാചനകൾ,
നിരന്തര ജാഗരണങ്ങൾ, സങ്കീർത്തനാലപനം, കഠിനാധ്വാനം,
വർജ്ജന, ആഹാരനിയന്ത്രണം, തന്റെ ജീവിതരീതിക്കനുസൃത
മായ അത്തരം മററു കാര്യങ്ങൾ, ഇന്ദ്രിയങ്ങളുടെമേൽ ശ്രദ്ധാ
പൂർവമായ സൂക്ഷ്മം ദൈവിക ചിന്തയിൽ നിറഞ്ഞുനിൽക്കൽ
ദൈവത്തിന്റെ അറിവിൽനിന്നു് തന്റെ ചിന്താതരംഗങ്ങൾ
ഒന്നും മറഞ്ഞിരിക്കുന്നില്ല എന്ന ഉറച്ച വിശ്വാസത്തിൽനിന്നു്
ഉദ്ഭൂതമാകുന്ന തന്റെ നാമത്തെപ്രതിയുള്ള അർഹമായ ഭയവും
വിറയലും, എല്ലാവരുടെയും മുൻപാകെ തന്നെത്തന്നെ എളിമ
പ്പെടുത്തൽ, മററുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠനായി പരിഗണി

www.malankaralibrary.com



ക്കൽ, ഒരു വ്യഭിചാരിയെയോ, അറുവഷളനെയോ, ദുഷ്ക്കർമ്മങ്ങളാൽ നിറഞ്ഞവനെയോ, ദൈവദൂഷകനെയോ, ഇവയെക്കാരം ഹീനമായ പാപങ്ങളോടുകൂടിയവനെയോ കാണുമ്പോഴും അങ്ങനെയുള്ളവനെ കാണുമ്പോരം അവരുടെ മുമ്പിലും അവൻ വിനയപൂർവം പ്രവർത്തിക്കയും "ഇയാരം എന്നേക്കാരം മെച്ചമാണ്; ദൈവത്തോട് കൂടുതൽ സമീപസ്ഥനാണ്" എന്ന് ചിന്തിക്കുകയും ചെയ്യും; കാരണം, അവൻെറ ഹൃദയത്തിൻെറ ചിന്തകളുടെ ദർശനം ഏകാഗ്രചിത്തമായി തൻെറ തന്നെ തെററുകളിലാണ് ഉറപ്പിച്ചിരിക്കുന്നത്. അവൻ അത്തരക്കാരനെ കാപട്യത്തോടുകൂടി സമീപിപ്പിക്കുകയില്ല; പിന്നെയോ, സർവശക്തിയോടുംകൂടെ അവൻെറ മുമ്പിൽ വിനയാന്വിതനായി വർത്തിക്കുന്നു. ഞാൻ ദൈവതിരുമുൻപാകെ വലിയ തെററു ചെയ്തു എന്ന് പറഞ്ഞുകൊണ്ട് തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, തൻെറ പേർക്ക് ദൈവത്തോടപേക്ഷിക്കുന്നതിനും നെടുവീർപ്പോടെ അവൻ അവനോട് പറയുന്നു. ഇവയെല്ലാം നേടിക്കഴിയുമ്പോരം മാത്രമേ അങ്ങനെയാണെന്ന് യഥാർത്ഥത്തിൽ അവനു തോന്നുന്നെങ്കിൽ, താൻ ശരിയായവയിൽനിന്ന് വളരെ അകലെയാണെന്ന് കണ്ടുകൊണ്ട് ഇവയേക്കാരം കൂടിയ കാര്യങ്ങരം അവൻ സഹിക്കണം – ഇവയെല്ലാം ചെയ്യാൻ ഒരാരംക്കു കഴിയുന്നെങ്കിൽ, തന്നിൽതന്നെ ഇവയെല്ലാം നേടിയെടുക്കാൻ കഴിയുന്നെങ്കിൽ മാത്രമേ, ആത്മീയ ജീവികരം ദൈവത്തെ സ്തുതിക്കുന്ന രീതിയിൽ സങ്കീർത്തനങ്ങളിൽ അവിടുത്തെ പാടി സ്തുതിക്കാൻ അവനു സാധിക്കുകയുള്ളു.

4. കാരണം, ദൈവം നിശ്ശബ്ദതയാണ്; അവിടുത്തേയ്ക്ക് അർഹമായ സ്തുതികളും കീർത്തനങ്ങളും കൊണ്ട് അവിടുത്തെ പാടി സ്തുതിച്ചു മഹത്വപ്പെടുത്തേണ്ടത് നിശ്ശബ്ദതയിലാണ്. നാവിൻെറ നിശ്ശബ്ദതയെപ്പററിയല്ല ഞാൻ സംസാരിക്കുന്നത്; കാരണം, ആത്മാവിലും മനസ്സിലും പാടി സ്തുതിക്കാൻ അറിവില്ലാതെ നാവിനെ നിശ്ശബ്ദമാക്കിവയ്ക്കുന്നവൻ, തൻെറ നിശ്ശബ്ദതയിൽ മടിയനായി വർത്തിക്കുകമാത്രം ചെയ്യുന്നു; വെറുക്കപ്പെടേണ്ട ആശയങ്ങരം ഉരുണ്ടുകൂടി അവനെ വഷളാക്കുന്നതിനാൽ തിന്മ അവൻെറ ചിന്തകളെ അലഞ്ഞുനടക്കാൻ ഇടയാക്കുന്നു. അവൻ ബാഹ്യമാത്രമായി നിശ്ശബ്ദനാണ്; ആന്തരികമായ രീതിയിൽ സ്തുതിക്കാനോ പാടാനോ അവന് അറിയില്ല; അവനിലെ 'രഹസ്യവ്യക്തിയുടെ' നാവ് ശിശുക്കളെപ്പോലെ ചിലസ്ഥാനായി നീട്ടുന്നതിനുപോലും ഇതുവരെ പഠിച്ചിട്ടില്ല. ഒരു സാധാരണ ശിശുവിനെയോ കുട്ടിയെയോ നീ പരിഗണിക്കുന്നതുപോലെ നിന്നിലുള്ള ആത്മീയ ശിശുവിനെ നീ പരിഗണിക്കണം: ശിശു

www.malankaralibrary.com



വിൻെറ വായിലുള്ള നാവിന്റ് ഭാഷയും ശരിയായ സംസാര രീതിയും അറിയാൻ പാടില്ലാത്തതിനാൽ അത്ു് നിശ്ശബ്ദമാണ്. മനസ്സിൻെറ ആന്തരിക നാവിനെ സംബന്ധിച്ചും ഇപ്രകാരമാണ്. അത്ു് എല്ലാ സംസാരത്തിൽനിന്നും എല്ലാ ചിന്തയിൽനിന്നും നിശ്ശബ്ദമായിരിക്കും. ആത്മീയ ഭാഷണത്തിൻെറ ആദ്യ ശബ്ദമുണ്ടാക്കൽ പഠിക്കാൻ തയാറായി അവിടെ വയ്ക്കപ്പെട്ടിരിക്കും.

5. ഇപ്രകാരം, നാവിൻെറ നിശ്ശബ്ദതയുണ്ട്; ശരീരം മുഴുവൻെറയും നിശ്ശബ്ദതയുണ്ട്; ആത്മാവിൻെറ നിശ്ശബ്ദതയുണ്ട്; മനസ്സിൻെറ നിശ്ശബ്ദതയുണ്ട്; അരൂപിയുടെ നിശ്ശബ്ദതയുണ്ട്. ദുഷ്ടവും ക്രൂരവുമായ സംസാരത്തിനു പ്രേരിപ്പിക്കപ്പെടാതിരിക്കുമ്പോഴും, കോപാകുലനായോ കുഴപ്പം കുത്തിപ്പൊക്കാനോ പരദൂഷണമായോ ആരോപണമായോ സംസാരിക്കാതിരിക്കുമ്പോഴും അത്ു് നാവിൻെറ നിശ്ശബ്ദതയാണ്. ശരീരത്തിൻെറ ഒരു ഇന്ദ്രിയം പോലും തിന്മയിലേക്കോ, അരുതാത്ത പ്രവൃത്തിയിലേക്കോ ഉള്ള ചാച്ചിൽ അനുസരിച്ച് പ്രവർത്തിക്കാതിരിക്കുക, അല്ലെങ്കിൽ ശരീരം ഒന്നും ചെയ്യാതെ ഒരുതരം മരണത്തിലായിരിക്കുക– അതാണ് ശരീരത്തിൻെറ നിശ്ശബ്ദത. നന്മയെ തടഞ്ഞുകൊണ്ട് ആത്മാവിനുള്ളിൽ നിന്ന് ദുഷ്ടവിചാരങ്ങളൊന്നും മുളയെടുക്കാതിരിക്കുമ്പോൾ അത്ു് ആത്മാവിൻെറ നിശ്ശബ്ദതയാണ്. ഉപദ്രവകരമായ അറിവിൽനിന്ന് അഥവാ വിജ്ഞാനത്തിൽനിന്ന് മനസ്സ് വിശുദ്ധീകരിക്കപ്പെടുമ്പോൾ അത്ു് മനസ്സിൻെറ നിശ്ശബ്ദതയാണ്. അല്ലെങ്കിൽ ദുഷ്പ്രവൃത്തികളിലേക്ക് ചാച്ചിലുള്ളവരിൽ പ്രവർത്തിക്കുന്ന തരത്തിലുള്ള വഞ്ചനനിറഞ്ഞതും ഉപായംനിറഞ്ഞതുമായ കൗശലം എന്നു വിളിക്കപ്പെടുന്നതു്. തങ്ങളുടെ സഹജീവികൾക്ക് ഉപദ്രവം ഉണ്ടാക്കാനായി അവർ അതേപ്പററി തുടർച്ചയായി ചിന്തിച്ചുകൊണ്ടിരിക്കും. ആത്മീയജീവികളുടെ പോലും പ്രേരണകൾക്ക വഴങ്ങാതെ, യഥാർത്ഥ സത്തയുടെ പ്രേരണ അനുസരിച്ച് മാത്രം മനസ്സ് പ്രവർത്തിക്കുമ്പോൾ അത്ു് അരൂപിയുടെ നിശ്ശബ്ദതയാണ്. അതിന്മേലുള്ള നിശ്ശബ്ദത തന്നെ നിശ്ശബ്ദതയാണ് എന്നതുകൊണ്ട് ഈ അവസ്ഥ യഥാർത്ഥ നിശ്ശബ്ദതയാണ്.

6. നിശ്ശബ്ദതയിലും സംസാരത്തിലും കാണപ്പെടുന്ന അളവുകളും ഡിഗ്രികളും ഇവയാണ്. എന്നാൽ നീ ഈ ഉന്നതാവസ്ഥയിൽ എത്തിച്ചേരാതെ അവയിൽനിന്നു വളരെ അകലെ കാണപ്പെടുന്നെങ്കിൽ, നീ ആയിരിക്കുന്ന താഴ്ന്നനിലയിൽ കഴി

www.malankaralibrary.com



യുക; കാരണം, നാവിൻെറ സ്തുതിപ്പും കീർത്തനവും ഇതാണ്. ദൈവത്തെ സ്തുതിക്കാനും പ്രകീർത്തിക്കാനും ഇതുപയോഗിക്കുക; ശബ്ദംകൊണ്ടും അധരം കൊണ്ടും ദൈവത്തെ പാടി സ്തുതിച്ചുകൊണ്ട് അവിടുത്തേക്കു ചേരുന്ന ബഹുമാനത്തോടും അർപ്പണത്തോടും കൂടെ ഇതു ചെയ്യുക. നീ സ്നേഹത്തിൽ എത്തിച്ചേരുന്നതുവരെനിൻെറ ശുശ്രൂഷയിൽ അധ്വാനിക്കുക. ദൈവത്തെക്കുറിച്ചുള്ള ഭയഭക്തിയിൽ നില്ക്കുക; അതു് ശരിയായിട്ടുള്ളതാണ്. അങ്ങനെ, നമ്മുടെ നവീകരണത്തിൻെറ അവസരം നമുക്കു നൽകപ്പെട്ടവനെ സ്വാഭാവിക സ്നേഹത്തോടുകൂടെ സ്നേഹിക്കാൻ നീ യോഗ്യനായി ഗണിക്കപ്പെടും.

7. ദൈവമുൻപാകെയുള്ള അപേക്ഷയല്ല പററിയവയെന്നു നിനക്കു തോന്നുന്ന പ്രാർത്ഥനാവാക്കുകൾ ഉരുവിടുമ്പോൾ, കടമ എന്ന നിലയിൽ അവ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം; മറിച്ച് യഥാർത്ഥ പ്രവൃത്തികളായി വാക്കുകൾ നിന്നിൽ വെളിപ്പെടുന്നതിനാൽ നിൻെറ സത്ത മുഴുവനും തന്നെ ഈ വാക്കുകളായിത്തീരണം. നീ ഉച്ചരിക്കുന്ന വാക്കുകൾ പ്രവൃത്തികളായി നിൻെറ ഉള്ളിൽ രൂപപ്പെട്ട്, അവ നിൻെറ സത്തയുമായി കൂടിക്കലർന്നു എന്നപോലെ നീ ആയിത്തീരുകയും ചെയ്യുന്നില്ലെങ്കിൽ വാക്കുകൾ ഉച്ചരിക്കുന്നതിൽ പ്രയോജനം ഇല്ല. അങ്ങനെ, ഈ ലോകത്തിൽ വച്ചുതന്നെ നീ ഒരു ദൈവമനുഷ്യനായി കാണപ്പെടും; അനേകർ നിന്നെ അനുകരിക്കുകയും നിന്നെ അനുകരിച്ച് അവർക്കു പ്രയോജനം ലഭിക്കുകയും ചെയ്യും.

www.malankaralibrary.com

# 11

# യൗസേപ്പ് ഹസ്സായ

## ആത്മീയ പ്രാർത്ഥന

**ആമുഖം**

യൗസേപ്പ് ഹസ്സായാ അഥവാ ദാർശനികനായ യൗസേപ്പ് പേഷ്യയിലെ ഒരു സൊറൊവാഷ്ട്രിയൻ കുടുംബത്തിൽ ക്രി.വ. 710 നോടടുത്ത് ജനിച്ചു. അദ്ദേഹത്തിന് ഏഴുവയസ്സുമാത്രം പ്രായമുണ്ടായിരുന്നപ്പോൾ കവർച്ചക്കാർ അവരുടെ ഗ്രാമം കൊള്ളയടിച്ചു. ആളുകളെ തട്ടിക്കൊണ്ടുപോയി. യൗസേപ്പിനെ ഒരു അറബി വിലയ്ക്കുവാങ്ങി. അയാൾ പിന്നീട് ഒരു ക്രിസ്ത്യാനിക്കു മറിച്ചു വിററു. വടക്കൻ ഇറാക്കിലെ കാർദ്ദുമലപ്രദേശത്തായിരുന്നു ആ ഉടമസ്ഥൻെറ വീട്. അവിടെയുള്ള സന്യാസികളുടെ പ്രേരണയാൽ യൗസേപ്പ് ക്രിസ്ത്യാനിയായിത്തീർന്നു; ഉടമസ്ഥൻ അദ്ദേഹത്തെ സ്വതന്ത്രനാക്കിയപ്പോൾ യൗസേപ്പ് സന്യാസജീവിതം സ്വീകരിച്ചു. ഏകാന്തവാസിയായും കൂട്ടജീവിതക്കാരനായും അദ്ദേഹം സന്യാസം അനുഷ്ഠിച്ചു. രണ്ടു പ്രാവശ്യം ഒരു സമൂഹത്തിൻെറ അധ്യക്ഷനായിരുന്നു.

യൗസേപ്പ് നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്. അദ്ദേഹത്തിൻെറ ചില കൃതികൾ അദ്ദേഹത്തിൻെറ സഹോദരനായ അബ്ദീശോയുടെ പേരിലാണ് അറിയപ്പെടുന്നത്. യൗസേപ്പിൻെറ കൃതികളെപ്പററി നിസിബിസ് മെത്രാൻ മാർ അബ്ദീശോ (1290–1308) തൻെറ കാററലോഗിൽ പറയുന്നത് ഇപ്രകാരമാണ്: "താത്വികവും പ്രായോഗികവുമായി യൗസേപ്പ് ഹസ്സായാ പ്രയോജനപ്രദമായ വിഷയങ്ങളെ ആധാരമാക്കി 1900 അധ്യായങ്ങൾ രചിച്ചു. "നിക്ഷേപം എന്ന കൃതിയിൽ നിരവധി പ്രയാസമേറിയ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. അപകടങ്ങൾ, പ്രതികൂലസാഹചര്യങ്ങൾ എന്നി

www.malankaralibrary.com



വയെക്കുറിച്ചും അദ്ദേഹം എഴുതി. "കച്ചവടക്കാരന്റെ കൃതി" എന്ന ഗ്രന്ഥത്തെ വ്യാഖ്യാനിച്ച് എഴുതി. "പൗരസ്ത്യരുടെ പറുദീസാ" എന്നൊരു കൃതി രണ്ടു വാല്യങ്ങളിലായി തയ്യാറാക്കി. അതിൽ നിരവധി ചരിത്രവസ്തുതകൾ കാണാം. എസക്കിയേലിന്റെ ദർശനത്തിനു് ഒരു ഭാഷ്യം, പെരുന്നാളുകളുടെ ഉത്ഭവത്തെപ്പററി ഒരു കൃതി, "വിജ്ഞാനശീർഷകങ്ങൾക്കു് ഒരു ഭാഷ്യം" (Gnostic chapters of Evagrius) ദിവന്നാസ്യോസിന്റെ കൃതികൾക്കൊരു ഭാഷ്യം എന്നിവയും രചിച്ചു. മാർ ഗ്രിഗോറിയോസിന്റെ "ദർശനങ്ങൾ" വിശദീകരിച്ചു. ഏകാന്ത ജീവിതക്കാരുടെ ശ്രേഷ്ഠജീവിതത്തെ സംബന്ധിച്ച് ലേഖനങ്ങളെഴുതി."[1] ആധ്യാത്മികജീവിതത്തിലെ മൂന്നു ഘട്ടങ്ങളെപ്പററി അഥവാ അവസ്ഥകളെപ്പററി അദ്ദേഹം ചർച്ച ചെയ്യുന്നു.

അപ്പമെയായിലെ യോഹന്നാന്റെ ത്രിമുഖ വിഭജനരീതി യൗസേപ്പ് സ്വീകരിച്ചിട്ടുണ്ടെങ്കിലും, മററുള്ള ആധ്യാത്മിക ഗ്രന്ഥകാരിൽനിന്നു്, പ്രത്യേകിച്ച് എവാഗ്രിയസിൽനിന്നു് പലതും സ്വന്തമാക്കിയിട്ടുണ്ടു്.

ത്രിമുഖവിഭജനരീതി താഴെ വിവരിക്കുന്നു: ഒന്നാമത്തെ ഘട്ടം ശരീരത്തിന്റേതാണ് (ഫഗറാന്യസാ). ഉപവാസം, ജാഗരണം, വായനകളിലും സങ്കീർത്തനങ്ങളിലും കേന്ദ്രീകരിച്ചുള്ള പ്രാർത്ഥന, ബാഹ്യാനുഷ്ഠാനങ്ങൾ എന്നിവയെ സംബന്ധിച്ചുള്ളതാണ് അതു്. ഇതു കൂട്ടായ സന്യാസജീവിതത്തിനു സദൃശ്യമാണ്; ഈജിപ്തിൽ നിന്നുള്ള ഇസ്രായേൽക്കാരുടെ പുറപ്പാടും മരുഭൂമിയിലൂടെയുള്ള അവരുടെ യാത്രയും ഇതിന്റെ പ്രതീകമാണ്. കല്പനകൾക്ക വിധേയനായ ദാസന്റെ അവസ്ഥയെ അതു പ്രതിനിധീകരിക്കുന്നു. എവാഗ്രിയസ് പറയുന്ന 'പ്രാക്തിക്കേ'യും (Praktikē) ഡയനീഷ്യസ് പറയുന്ന 'ശുദ്ധീകരണവും' (Purification) ആണ് ഈ അവസ്ഥയിലെ 'ശുദ്ധത' (Purity) എന്ന ലക്ഷ്യം.

രണ്ടാമത്തെ ഘട്ടം ആത്മാവിന്റേതാണ് (നഫ്ശാന്യസാ). പ്രത്യേകമായി ഏകാന്തജീവിതക്കാരുടേതാണിതു്. ആന്തരിക സുകൃതങ്ങളുടെ, പ്രത്യേകിച്ച് എളിമയുടെ പരിശീലനത്തിൽ ഇതു് അടങ്ങിയിരിക്കുന്നു. ഒന്നാം ഘട്ടത്തിൽനിന്നു് രണ്ടാം ഘട്ടത്തിലേയ്ക്കു കടക്കുന്നതു് ഇസ്രായേൽക്കാർ യോർദ്ദാൻ കട

1. Assemani, 3. 1: B.O. 100; ജി. ചേടിയത്തു്, സുറിയാനി സഭാപിതാക്കന്മാർ, കോട്ടയം 1982. പേ. 34-35.

www.malankaralibrary.com



കുന്നതിനു തുല്യമാണ്. ദുഷ്ടാരൂപികളുമായുള്ള പോരാട്ടം ഇസ്രായേൽക്കാർക്കു വാഗ്ദാനഭൂമിയിൽ വച്ച് നാട്ടുകാരായ മനുഷ്യരോടു പോരാടേണ്ടിവന്നതിനു തുല്യമാണ്. തന്റെ ദിവസക്കൂലിക്കായി കാത്തിരിക്കുന്ന ജോലിക്കാരന്റെ അവസ്ഥയാണിത്. ഇതിന്റെ ലക്ഷ്യം സുതാര്യത അഥവാ നൈർമല്യം (ശഫ്യൂസാ) ആണ്.[2] എവാഗ്രിയസ് ഇതിനെ 'സ്വാഭാവിക ധ്യാനം, (natural contemplation)' എന്നു വിളിക്കുന്നു. ദിവന്നാസ്യോസാകട്ടെ, ഇതിനെ പ്രകാശനം (Illumination) എന്നു വിളിക്കുന്നു.

മൂന്നാമത്തെ ഘട്ടം അരൂപിയുടേതാണ് (റൂഹാനൂസാ). പ്രാഥമികമായി മനസ്സിന്റെ പ്രവർത്തനത്തെക്കുറിച്ചാണ്. പൂർണതയിലേക്ക് അഥവാ പൂർണ പക്വതയിലേക്കു പ്രവേശിക്കുന്നതിൽ ഇതു് അടങ്ങിയിരിക്കുന്നു. ഇതു് 'മഹനീയ സീയോനെ' പ്രതിനിധീകരിക്കുന്നു. പുത്രന്റെ അവസ്ഥയാണിത്. ദാസന്റെയോ പണിക്കാരന്റെയോ അവസ്ഥയല്ല. ഉത്ഥാനം ചെയ്ത മിശിഹായുടെയും ത്രിത്വത്തിന്റെ രൂപരഹിത പ്രകാശത്തിന്റെയും ദർശനമാണ് ഇതിന്റെ ഏററം പ്രധാനപ്പെട്ട സവിശേഷത. എവാഗ്രിയസ് ഇതിനെ 'തെയളോജിയ' (theologia) എന്നും ദിവന്നാസ്യോസ് ഒന്നുചേരൽ (unification) എന്നും വിളിക്കുന്നു.

യൗസേപ്പിന്റെ രണ്ടു രേഖകളുടെവിവർത്തനമാണു താഴെ കൊടുത്തിരിക്കുന്നതു്. 'ആധ്യാത്മികപ്രാർത്ഥനയെപ്പററി'യുള്ള ഒരു രേഖയാണ് ഒന്നു്. മറേറതു് അബ്ബ്ഗീശോയുടെ പേരിൽ അറിയപ്പെടുന്ന ഒരു രേഖയാണ്.

യൗസേപ്പിന്റെ പല രേഖകളും A. Mingana, *Early Christian Mystics,* എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യൗസേപ്പിനെപ്പററി നല്ലൊരാമുഖത്തിന് *DS* 8 (1974), col. 1341–9 കാണുക. S. Brock, *op. cit.* p. 316–323–ൽ നിന്നാണു താഴെക്കൊടുത്തിരിക്കുന്ന വിവർത്തനം.

## 1. ആത്മീയ പ്രാർത്ഥന

ആത്മീയ പ്രാർത്ഥന നടത്തുന്ന തലം ഏതാണ് എന്നു അവൻ[3] ചോദിക്കുന്നു. മനസ്സ് ആത്മീയ പ്രാർത്ഥന നടത്തുന്ന

2 Limpidity or transparency.

3 ആരാണ് ഈ 'അവൻ' എന്നതു വ്യക്തമല്ല.

www.malankaralibrary.com



തലം മനസ്സിൻെറ സ്വാഭാവിക തലമാണ്; മനസ്സിൻെറ യഥാർത്ഥ പ്രകൃതിക്കു ചേരുന്ന ശുദ്ധതലത്തിൽ മനസ്സ് എത്തിച്ചേർന്നു കഴിയുമ്പോഠം, അതിൻെറ യഥാർത്ഥ പ്രകൃതിക്കു ചേരാത്ത ഭാവനകളിൽ നിന്നും ചിന്താചിത്രങ്ങളിൽ നിന്നും മനസ്സിൻെറ ദർശനം തെളിഞ്ഞു കഴിയുമ്പോഠം, അതിൻെറ തന്നെ സത്തയുടെ പ്രകാശിതദർശനത്തിനു മനസ്സു യോഗ്യമായിത്തീരുമ്പോഠം, ശാരീരികവും അശാരീരികവുമായ യാഥാർത്ഥ്യങ്ങളെപ്പററിയും അതേസമയം വിധിയെപ്പററിയും പരിപാലനയെപ്പററിയും ഉള്ള ആത്മീയധാരണയിലേയ്ക്കുള്ള ഉഠംക്കാഴ്ച നൽകുന്ന ദാർശനികാത്രുപി അതിനുള്ളിൽ ഉടലെടുക്കുമ്പോഠം – ആ സ്ഥിതിയിലാണ് മനസ്സ് ആത്മീയ പ്രാർത്ഥന നടത്തുന്നതു്; ശാരീരികേന്ദ്രിയങ്ങഠം കൊണ്ടു നടത്തുന്ന പ്രാർത്ഥനയല്ലിതു്, പൂർണമായി പ്രകാശംകൊണ്ടു നിറഞ്ഞ ആത്മാവിൻെറ ആന്തരിക വ്യാപാരങ്ങളാലാണതു്. അപ്പോഠം ഭൂതവും വർത്തമാനവും വരാനിരിക്കുന്നവയുമായ വസ്തുക്കളുടെ ജനനവും ലോകത്തിൻെറ വൈവിധ്യമാർന്ന ക്രമീകരണവും മനസ്സിനു കാണാൻ കഴിയും.

ആത്മീയ പ്രാർത്ഥന നടത്തുന്ന ആത്മീയതലത്തിൽ ഇവയെല്ലാം മനസ്സിനു വെളിപ്പെടുത്തപ്പെടുന്നു. കാരണം, ഈ അവസ്ഥയുടെ രഹസ്യങ്ങഠം ദൃശ്യലോകത്തേക്കാഠം വളരെ ഉന്നതമാണ്. ആത്മീയ യാഥാർത്ഥ്യങ്ങളുടെ ലോകത്തിൽ അവ അറിയപ്പെടുന്നു. ഈ തലത്തിലാണ് ആത്മീയ പ്രാർത്ഥന നടക്കുന്നതു്. നമ്മുടെ കർത്താവായ മിശിഹായ്ക്കു് ബലിയുടെ അർപ്പണങ്ങഠം അർപ്പിക്കപ്പെടുന്നതും ഇവിടെയാണ്. ഈ സ്ഥലത്തിനു പുറത്തു നടത്തപ്പെടുന്ന പ്രാത്ഥനയും ഈ തലത്തിനു പുറത്തു നടത്തപ്പെടുന്ന ബലിയർപ്പണവും കർത്താവിനു പ്രിയങ്കരമായ സുഗന്ധ പരിമളം ഉയരാത്ത ബലിയർപ്പണവും തിരസ്കരിക്കപ്പെടും; കളങ്കപൂർണമാണ് ആ അർപ്പണം.

ഈ അവസ്ഥയിൽ താപസ്സകർമ്മങ്ങളുടെ ഉഗ്രതയിൽ നിന്നുളവാകുന്ന ക്ഷീണം നീങ്ങി അതിനു ശമനം ഉണ്ടാകുന്നു: ഉഠംക്കാഴ്ചകഠം ലഭിക്കുന്നു. മനസ്സ് ആത്മീയ പരിരക്ഷണം സ്വീകരിക്കുന്ന എല്ലാത്തരം ആത്മീയ ശക്തികൊണ്ടും മനസ്സിൻെറ ഉഠംക്കാഴ്ച വ്യാപകമാകുന്നു. ഇതിനാൽ പലപ്പോഴും ശരീരവും പരിരക്ഷിക്കപ്പെടുന്നു. വലത്തേതായാലും ഇടത്തേതായാലും ആത്മാവും ശരീരവും ഒന്നിച്ചു് ഈ സ്ഥലത്തു് അറിവു പ്രാപിക്കുന്നു. ഒന്നു മററൊന്നിനെതിരായി രണ്ടു്

www.malankaralibrary.com



ഇച്ഛാശക്തികൾ ഇല്ല. മറിച്ച് പരസ്പരധാരണയുടെ ഏക ഇച്ഛയോടുകൂടി ശരീരവും ആത്മാവും സഹകരിക്കുന്നു. തെററി ലേയ്ക്കു നയിക്കുന്ന ദുരാശയാൽ ദുഷിച്ച പഴയ മനുഷ്യന്റെ ഛായയല്ല; പിന്നെയോ, ശ്ലീഹാ പറഞ്ഞിരിക്കുന്നതുപോലെ നമ്മുടെ കർത്താവായ മിശിഹായാൽ വിശുദ്ധിയിൽ സൃഷ്ടി ക്കപ്പെട്ട ഏക പുതിയ മനുഷ്യനെപ്പോലെ ശരീരവും ആത്മാവും പരസ്പരം ഐക്യത്തിൽ സ്ഥിതിചെയ്യുന്നു (എഫേ. 4:22–24).

ഞാൻ മുകളിൽ പറഞ്ഞ നന്മസ്ഥായുള്ള മാററങ്ങളെല്ലാം ആ സ്ഥലത്തു മനസ്സിനുവേണ്ടി സംഭവിക്കുന്നു. ഉണ്ടായിരുന്നതും ഉണ്ടാകുവാനിരിക്കുന്നതുമായ ലോകങ്ങളുടെ ന്യായാധിപന്മാർ മനസ്സിനു വെളിപ്പെടുന്നതു് ഇവിടെയാണ്; എല്ലാ കല്പന കളുടെയും നിയമങ്ങളുടെയും ആചരണം പൂർത്തീകരിക്കപ്പെടു ന്നതും ഇവിടെയാണ്. ഈ സ്ഥലം ഭയത്തിന്റേയും ഭയമില്ലാ യ്മയുടെയും അതിർത്തി ആയതിനാൽ ഈ സ്ഥലത്തിനപ്പുറത്തു് നിയമം കൊടുക്കലോ കൽപന ലംഘിക്കും എന്ന ഭയമോ ഇല്ല. ഇതിനപ്പുറത്തായും ഇതിനുപരിയായും ഉയർത്തപ്പെടുക എല്ലാവ ക്കുമുള്ള കാര്യമല്ല; എന്നാൽ അനേകർ ഇവിടെ എത്തിച്ചേരും. ഇതിനു താഴെ അനേകരുണ്ടു്. എന്നാൽ വളരെ കുറച്ചുപേരേ ഇതു പ്രാപിക്കു; ആയിരത്തിലൊരാൾ മാത്രമേ ഇതിനപ്പുറത്തു കടക്കു: തന്റെ കുരിശു് തന്റെ ചുമലിൽ എടുത്തു് നമ്മുടെ കർത്താവിന്റെ പാതയിൽ സഞ്ചരിക്കുന്നവനാണവൻ. കല്പന കൾ ഭാഗികമായി കാക്കുന്നതു വഴി ഒരാൾ ഈ അവസ്ഥയിൽ എത്തിച്ചേരുകയില്ല. ഒരിക്കലുമില്ല. പിന്നെയോ, ഭാഗ്യവാ നായ മർക്കോസ് സന്യാസി പറഞ്ഞിരിക്കുന്ന, ''സമഗ്രകല്പ നകൾ'' അനുസരിക്കയും തന്നിൽ അവ പൂർത്തീകരിക്കുകയും ചെയ്യുന്നവൻ മാത്രമെ എത്തിച്ചേരു.

ആത്മാവിന്റേതു മാത്രമായ ശക്തികൾ അവിരാമം കർമ്മ നിരതമായിരിക്കുന്നതു് ഈ സ്ഥലത്താണ്. ജീവനുള്ളതും സഞ്ചരിക്കുന്നതുമായ എല്ലാററിനും ശ്വസിക്കാൻ ജീവശ്വാസം നൽകുന്നതിൽനിന്നു് വായു ഒരിക്കലും വിരമിക്കുന്നില്ല. അതു പോലെ ''ഹൃദയങ്ങളെ അറിയുന്നവൻ ആത്മാവിന്റെ മനസ്സ് എന്താണെന്നു് അറിയുന്നു; കാരണം ദൈവത്തിന്റെ തിരുഹിത മനുസരിച്ചു് അവൻ വിശുദ്ധർക്കുവേണ്ടി പ്രാർത്ഥിക്കുന്നു'' എന്നു ശ്ലീഹാ പറഞ്ഞിരിക്കുന്നതുപോലെ (റോമാ. 8:27) മാനസ്സിക പ്രവർത്തനങ്ങളിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ അവ പ്രാർത്ഥിക്കുന്നതിൽനിന്നു വിരമിക്കുന്നില്ല.

www.malankaralibrary.com



## 2. പ്രാർത്ഥനാവസരം മനസ്സിലുളവാകുന്ന പ്രേരണകളെപ്പററി

പ്രാർത്ഥനാവസരം മനസ്സിലുളവാകുന്ന പ്രചോദനങ്ങളുടെ പ്രവർത്തനങ്ങളെപ്പററി: അതേയാരം: മൂർത്തമായതേത്? അമൂർത്തമായതേത്? രൂപരഹിതവും അതിർത്തി നിർണയിക്കാൻ പാടില്ലാത്തതും ഏത്?

പ്രാർത്ഥനാവസരം ആത്മാവ്, കടലിൻെറ നടുക്ക് എത്തിയ കപ്പൽ പോലെയാണ്. ബോട്ടിൻെറ ചുമതലയുള്ള അമരക്കാരന് തുല്യമാണ് മനസ്സ്. കാററുപോലെ പ്രചോദനങ്ങരം ബോട്ടിനെ നയിക്കുന്നു.

അടിക്കുന്ന കാററുകളെല്ലാം കപ്പലിൻെറ ഗമനത്തിനു് അനുയോജ്യമല്ലാത്തതുപോലെയാണു പ്രാർത്ഥനാവസരം മനസ്സിൽ ഉടലെടുക്കുന്ന പ്രചോദനങ്ങരം. തിരമാലകളിൽനിന്നു രക്ഷിച്ച് ഭയത്തിനിടം കൊടുക്കാതെ തുറമുഖത്തെത്തുന്നതിനു എല്ലാ കാററുകളും കപ്പലിനെ സഹായിക്കുന്നില്ല. മറിച്ച്, ചില കാററുകരം അനുയോജ്യമാണ്; മററു ചിലതു അപ്രകാരമല്ല. രണ്ടാമതു പറഞ്ഞവ ആത്മാവിൽ ചില മൂർത്തരൂപങ്ങരം കൊത്തിവയ്ക്കുന്നു. ഇതു മനസ്സിൻെറ ബോട്ടിൻെറ ഗമനത്തെ തടസ്സപ്പെടുത്തുന്നു; താൻ ലക്ഷ്യമാക്കിയ തുറമുഖത്തെത്തുന്നതിൽ നിന്നു് അമരക്കാരനെ അതു് കടയുന്നു. പ്രാർത്ഥനാവസരം ആത്മാവിൻെറ ഉള്ളിൽ ഉടലെടുക്കുന്ന ആദ്യ വിഭാഗത്തിൽ പെട്ട പ്രചോദനങ്ങരം അമൂർത്തങ്ങളാണ്. തിരമാലകരംക്കു മുകളിലൂടെ ആത്മാവിൻെറ കപ്പലിനെ പൂർണമായി ശാന്തതയുള്ള തുറമുഖത്തേയ്ക്കു നയിക്കുന്ന മന്ദമാരുതനാണ് അവ.

പ്രകാശത്താൽ അനുധാവനം ചെയ്യപ്പെട്ട് പ്രാർത്ഥനാവസരം ഉയരുന്ന മററ് പ്രചോദനങ്ങളുണ്ട്. അതിത്തി നിർണയിക്കാൻ പാടില്ലാത്തവ എന്നു് അവ വിളിക്കപ്പെടുന്നു. അവ മൂത്തമോ അമൂത്തമോ അല്ല; പിന്നെയോ ഞാൻ പറഞ്ഞതുപോലെ അവ അതിത്തി നിണ്ണയിക്കാൻ പാടില്ലാത്തവയാണ്. കാരണം, അമൂത്തമായ പ്രചോദനങ്ങളെല്ലാം അതിത്തി നിർണയിക്കാൻ പാടില്ലാത്തവയല്ല. വിശുദ്ധ മാലാഖമാരും നമ്മുടെ ആത്മാക്കളുടെ പ്രകൃതിയും അമൂർത്തമാണ്. എന്നാൽ അവ ഒരിക്കലും അതിർത്തി നിർണയിക്കാൻ പാടില്ലാത്തവ അല്ല; കാരണം, അവ അതിർത്തി നിർണയിക്കപ്പെടാവുന്ന അമൂർത്ത വസ്തുക്കളാണ്. എല്ലാ യാഥാർത്ഥ്യങ്ങളിലും വച്ച് അതിത്തി

www.malankaralibrary.com



നിർണയിക്കാൻ പാടില്ലാത്ത ഒരു യാഥാർത്ഥ്യം മാത്രമേയുള്ളു. "അവൻെറ അറിവിന് അതിരില്ല" എന്നു പ്രവാചകൻ പറഞ്ഞിരിക്കുന്നതുപോലെ (സങ്കീ. 147:5) ആ യാഥാർത്ഥ്യത്തിൻെറ പ്രചോദനങ്ങൾ അതിരില്ലാത്തവയാണ്.

ശാരീരികേന്ദ്രിയങ്ങളുടെ മാധ്യമത്തിലൂടെ ആത്മാവിൽ ഉടലെടുക്കുന്ന എല്ലാ ധാരണകളിലും മൂർത്തമായ പ്രചോദനങ്ങൾ ഉൾക്കൊള്ളുന്നു. അവ മൂർത്തമാണ്; പ്രാർത്ഥനാവസരം ആത്മാവിൻെറ പ്രവർത്തനത്തിനു അതു ഉപദ്രവകരമാണ്. മററവസരങ്ങളിൽ അവ പ്രയോജനപ്രദമാണെങ്കിലും പ്രാർത്ഥനാവസരം അവ ആത്മാവിന് ഉപദ്രവം ചെയ്യും. അമൂർത്ത പ്രചോദനങ്ങൾ മാത്രമേ അതിർത്തിയില്ലാത്തവയിലേക്ക് ആത്മാവിനെ പ്രാർത്ഥനാവസരം നയിക്കുകയുള്ള എന്നതാണ് ഇതിനു കാരണം.

സ്വാഭാവിക സൃഷ്ടലോകത്തിൽ ഗോപനം ചെയ്തിരിക്കുന്ന നിഗൂഢവും ആധ്യാത്മികവുമായ ജ്ഞാനത്തിലും അശാരീരിക ധ്യാനത്തെക്കുറിച്ചുള്ള അത്ഭുതകരമായ ഉൾക്കാഴ്ചകളിലും, പരിപാലനയുടെ ന്യായവിധിയെപ്പററിയുള്ള ധ്യാനത്തിൽനിന്ന് ഉടലെടുക്കുന്ന ഉൾക്കാഴ്ചകളിലും അമൂർത്ത പ്രചോദനങ്ങൾ അടങ്ങിയിരിക്കുന്നു. ഈ പ്രേരണകളെല്ലാം പ്രാർത്ഥനാവസരം ഉടലെടുക്കുന്നു, അവ അമൂർത്തവുമാണ്. അതുകൊണ്ട് പ്രാർത്ഥനയിൽ അവ മനസ്സിനു വെളിപ്പെടുത്തുന്ന ഓരോ അവസരവും തേനടപോലെ മനസ്സിൻെറ രുചിക്ക് മാധുര്യം പകരുന്നു; അവയുടെ ഇളംചൂടുകൊണ്ട് ആത്മാവിൻെറയും ശരീരത്തിൻെറയും എല്ലാ കഴിവുകളെയും അവ ഉജ്ജ്വലിപ്പിക്കുന്നു. ഈ പ്രചോദനങ്ങൾ മനസ്സിൽ ഉടലെടുക്കുന്നയാളിൻെറ കണ്ണുകളിൽനിന്ന് അളവില്ലാതെ കണ്ണുനീർ ഒഴുകാൻ ഇടയാകുന്നു. തെററു ചെയ്യുന്നതിൽനിന്നുള്ള ദുഃഖത്തിൽ നിന്നോ വികാരങ്ങളിൽ നിന്നോ ഉടലെടുക്കുന്ന കണ്ണീരല്ല ഇവ; പിന്നെയോ, സന്തോഷത്തിൽനിന്നും ആനന്ദത്തിൽനിന്നും, ദൈവസൃഷ്ടിയെപ്പററിയുള്ള ആശ്ചര്യത്തിൽനിന്നും അനുകമ്പയിൽനിന്നും, എല്ലാററിനെപ്രതിയുമുള്ള ശ്രദ്ധയിൽനിന്നും ഉളവാകുന്നതാണ്. – മനുഷ്യരായ നമ്മുടെമേൽ തൻെറ കരുണ എപ്രകാരം ധാരാളമായി ചൊരിയപ്പെട്ടു, തന്നോടുള്ള നമ്മുടെ നന്ദികേടിൻെറ ആധിക്യം; നാം ഇല്ലാതിരുന്നപ്പോൾ, നമ്മുടെ സ്വന്തം ഇച്ഛയാൽ ഉണ്മയിലേക്കു വരാൻ നമ്മേക്കൊണ്ട് കഴിയാതിരുന്നപ്പോൾ, നമ്മെ സൃഷ്ടിക്കുന്നതിനു മുൻപുതന്നെ നമ്മുടെ ഭാവിനന്ദിഹീനതയും ദുഷ്ടതയും അവിടുത്തേക്ക് അറിയാമായിരുന്നിട്ടും അവിടുന്നു തൻെറ കരുണയാൽ ഉണ്മയിലേക്കും സമൃദ്ധിയിലേക്കും നമ്മെ

www.malankaralibrary.com



കൊണ്ടുവന്നു; നാം പാപം ചെയ്ത് നമ്മുടെ ദുഷ്പ്രവൃത്തികൾ വഴി തന്നെ കോപിപ്പിച്ചപ്പോഴും, തന്റെ പൈതൃകസ്നേഹത്താൽ അവിടുന്ന് എപ്രകാരം തന്റെ പരിപാലനയുടെയും നമ്മുടെ പേർക്കുള്ള തന്റെ ദിവ്യമായ ജാഗരൂകതയുടെയും ദാനങ്ങൾ നമ്മിൽനിന്ന് പിൻവലിച്ചില്ല; നാം നിരാശരായിക്കഴിഞ്ഞപ്പോൾ, പാപംവഴി മലിനരായിത്തീർന്ന നമ്മെ രക്ഷിക്കാനായി അവിടുന്ന് തന്റെ പ്രിയപുത്രനായ നമ്മുടെ കർത്താവേശുമിശിഹായെ നമ്മെപ്രതി കഷ്ടതയ്ക്കും മരണത്തിനുമായി എപ്രകാരം കയ്യാളിച്ചു; ഏദനിൽവച്ചു നമ്മെ കൊലപ്പെടുത്തിയ സർപ്പത്തിന്റെ മാരകവിഷം നിരുപദ്രവമാക്കാൻ നമ്മെപ്രതി അവിടുന്ന് എപ്രകാരം വിനാഗിരിയും കൈയ്പുള്ള സസ്യങ്ങളും രുചിച്ചു നോക്കി; തനിക്കെതിരെ നാം ചെയ്ത എല്ലാ ദുഷ്ടതകൾക്കും ദൈവദൂഷണങ്ങൾക്കുംശേഷം, തന്റെ അവാച്യമായ കൃപയാൽ നമുക്ക് ഊഹിക്കാവുന്ന എല്ലാ നല്ല വസ്തുക്കളും നിറഞ്ഞ മറെറാരു ലോകം അവിടുന്ന നമുക്കായി ഒരുക്കി, ഉത്ഥാനത്തിന്റെ ദാനം അവിടുന്നു നമുക്കായി പ്രഖ്യാപനം ചെയ്തു, അതുവഴി മർത്ത്യതയുടെ ആസക്തികളിൽനിന്ന് നാം ഉയർത്തപ്പെടും. അവിടുത്തെ രഹസ്യങ്ങളെപ്പററിയുള്ള അറിവിലും അവിടുത്തെ മഹനീയ ദർശനത്തിലും അവിടുത്തോടുകൂടി നിരന്തരമായി ഉയിർപ്പിക്കപ്പെട്ട് നാം അഴിവിന് അതീതരും അമർത്ത്യരും വ്യതിയാനരഹിതരും, സഹനാതീതരും, ഒന്നും ആവശ്യം ഇല്ലാത്തവരും ആയിത്തീരും.

ഇപ്രകാരം, ഈ കാര്യങ്ങളെല്ലാം അനുസ്മരിക്കുന്നതിന്റെ ഫലമായി, മൂർത്തവസ്തുക്കളുടെ തലത്തിൽനിന്ന് അതിർത്തിയില്ലാത്ത പ്രചോദനങ്ങളിലേക്ക് മനസ്സിന്റെ പ്രചോദനങ്ങൾ വിസ്തൃതമാക്കപ്പെടും; അതായത്, പുതിയ ലോകത്തെപ്പററിയുള്ള ആശ്ചര്യവും വിശുദ്ധ ത്രിത്വത്തെപ്പററിയുള്ള ധ്യാനത്തെ സംബന്ധിച്ചുള്ള ദർശനത്തിന്റെ കഴിവും. കാരണം, മഹനീയ ത്രിത്വത്തിന്റെ പ്രകാശവുമായി മനസ്സിന്റെ ദർശനം കൂടി കലരുമ്പോൾ അതിന്റെ പ്രചോദനങ്ങളെല്ലാം അനന്തമായി തീരുന്നു. ദർശകന്മാരോ ജ്ഞാനികളോ ആരും വിശുദ്ധ ത്രിത്വത്തെ ദർശിക്കുന്ന ആ മഹനീയ പ്രകാശത്തിന്റെ ദർശനഫലമായുള്ള മനസ്സിന്റെ അനന്യത വിവേചിക്കുവാൻ കഴിവുള്ളവരല്ല. എന്തുകൊണ്ടെന്നാൽ ആ അനുഗൃഹീത പ്രകാശത്താൽ ഹൃദയത്തിന്റെ എല്ലാ ഉള്ളറകളും നിറയപ്പെടുന്നു. അവിടെ രൂപമോ, ആകൃതിയോ, എന്തെങ്കിലും മൂർത്തമോ, സംഖ്യയോ, നിറമോ ഒന്നും ഇല്ല; പിന്നെയോ, ആകൃതിയോ,

www.malankaralibrary.com



രൂപമോ ആയി വേർതിരിക്കാൻ പാടില്ലാത്ത ആ പ്രകാശം മാത്രം. കാഴ്ചശക്തിയുടെ സരളത നിമിത്തം അതു് ഏകമാകുന്നു.

ഇത്രം എനിക്കു നിന്നോടു് പറയാനുണ്ടു്: ആ അവസരം അവിടെ ഏതെങ്കിലും തരത്തിലുള്ള ചേഷ്ടയോ, ചിന്തയോ, മാനസ്സിക പ്രക്രിയയോ, ഇല്ല. പിന്നെയോ എല്ലാ മാനസ്സിക പ്രക്രിയകൾക്കും പ്രചോദനങ്ങൾക്കും ചിന്തകൾക്കും അതീതമായ ആശ്ചര്യത്തിൻെറ ഒരവസ്ഥമാത്രം. മനുഷ്യകുലത്തിനു വേണ്ടി നമ്മുടെ കർത്താവായ യേശുമിശിഹായുടെ മാധ്യസ്ഥ്യം വഴി സജ്ജമാക്കപ്പെട്ട, വരാനിരിക്കുന്ന നല്ല സംഗതികളുടെ അച്ചാരമാണിതു്. അതായതു്, നാം ഇല്ലാതിരുന്നപ്പോൾ നമ്മെ സൃഷ്ടിച്ച സംപൂജ്യനായ പിതാവിൻെറ ദയാതിരേകത്തിൻെറ ഫലമായിട്ടാണ് എല്ലാ ബൗദ്ധികജീവികൾക്കും ഈ ദാനം ലഭിച്ചതു്. തൻെറ മഹത്വത്തെപ്പററിയുള്ള ജ്ഞാനത്തിൽ ഭാഗഭാക്കുകളാകാൻ അവിടുന്നു നമ്മെ അനുവദിച്ചു. എന്നേക്കും, അവസാനമില്ലാതെ നാം അവിടുത്തേപ്പോലെയാകാനും നാം അവിടുത്തെ മഹത്വം അനുഭവിക്കാനുമാണിതു്. അവിടുന്നു തൻെറ കരുണയിൽ ഇവിടെ അച്ചാരമായും അവിടെ യഥാർത്ഥമായും തൻെറ മഹനീയ ദർശനത്തിനു് നമ്മെ യോഗ്യരാക്കട്ടെ ആമ്മീൻ.

www.malankaralibrary.com

# 12

# യോഹന്നാൻ ദല്യാതാ

## (എട്ടാം നൂറ്റാണ്ട്)

**ആമുഖം**

യോഹന്നാൻ ദല്യാതാ, യോഹന്നാൻ സാബാ എന്നീ പേരുകളിൽ അറിയപ്പെടുന്ന ഈ ആധ്യാത്മിക ഗ്രന്ഥകാരൻ പൗരസ്ത്യസുറിയാനി സഭയിലെ ഒരു സന്യാസിയായിരുന്നു. എട്ടാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്ത് ഉത്തര ഇറാക്കിലെ കാർദ്ദ മലമ്പ്രദേശത്ത് ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ ഇരുപത്തിരണ്ട് പ്രസംഗങ്ങളുടെ ഒരു സമാഹാരവും അൻപത്തിഒന്ന് ചെറിയ കത്തുകളുടെ ഒരു സമാഹാരവും നമുക്കു കൈവന്നിട്ടുണ്ട്. അദ്ദേഹം ആധ്യാത്മികമായ ഉൾക്കാഴ്ചയുള്ള ഒരാളായിരുന്നു എന്ന് അദ്ദേഹത്തിന്റെ കൃതികൾ തെളിയിക്കുന്നു. ഉത്ഥാനജീവിതത്തിന്റെ മുന്നാസ്വാദനമാണ് സന്യാസജീവിതം എന്ന് അപ്പമെയായിലെ യോഹന്നാനെപ്പോലെ യോഹന്നാൻ സാബായും കരുതിയിരുന്നു. ദിവ്യരഹസ്യങ്ങളുടെ യഥാർത്ഥ ഫലമാണിത്.

യോഹന്നാന്റെ രണ്ടു രേഖകളാണ് താഴെ വിവർത്തനം ചെയ്തിരിക്കുന്നത്. ദൈവസ്നേഹത്തിനുള്ള ആഹ്വാനമാണ് ലേഖനം അഞ്ച്. അതിന്റെ അവസാനഭാഗം പ്രാർത്ഥനയാണ്. രണ്ടാമത്തേത് (ലേഖനം 12) പ്രാർത്ഥനയേപ്പറ്റി തന്നെയുള്ളതാണ്. നിനവെയിലെ ഇസഹാക്കിന്റെ തത്സംബന്ധമായ ചർച്ചയുമായി (Discourse 22) പല കാര്യങ്ങളിലും ഇതിനു സാമ്യമുണ്ട്. ഇസഹാക്കിനെ ആശ്രയിച്ച് യോഹന്നാൻ രചിച്ചതാകാമിത്. പേർഷ്യൻസഭ 786/7 ലെ സിനഡിൽ യൗസേപ്പ് ഹസ്സായാ, യോഹന്നാൻ ദല്യാതാ എന്നിവരുടെ

www.malankaralibrary.com



കൃതികളെ മഹറോൻ ചൊല്ലി. 'മെസ്സാലിയനിസം[1] എന്ന അബദ്ധോപദേശം ഇവരുടെ കൃതികളിലുണ്ട്' എന്ന സങ്കല്പത്തിലാണ് മുടക്കിയത്. എന്നാൽ മെസ്സാലിയൻ ആരോപണത്തിൽ കഴമ്പില്ലെന്നാണ് പണ്ഡിതമതം. സിനഡിന്റെ വിലക്കുണ്ടായിട്ടും സിറിയൻ, ഗ്രീക്ക് സഭകളിൽ യോഹന്നാന്റെ കൃതികൾ പ്രചരിച്ചു. നിരവധി സിറിയൻ ഓർത്തഡോക്സ് (യാക്കോബായാ) കൈയെഴുത്തുപ്രതികളിൽ ഈ രേഖ കൈവന്നിട്ടുണ്ട്. അറബിയിലേക്കും ഭാഗികമായി ഗ്രീക്കിലേക്കും ഇതിന്റെ വിവർത്തനം നടന്നു. ചില രേഖകൾ മററാളുകളുടെ പേരിലാണ് പ്രചരിച്ചത്.

യോഹന്നാനെപ്പററി നല്ലൊരാമുഖത്തിന് DS 8 (1974), col. 449-52; *OCP* 39 (1973) 83–102 കാണുക. S. Brock, *op. cit.* p. 330–7 ൽ നിന്നാണ് താഴെക്കാണുന്ന വിവർത്തനം.

## ലേഖനം 5

കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നവന് വിശുദ്ധീകരിക്കുന്നവന്റെ സമാധാനം.

1. ദൈവമനുഷ്യാ, നിന്റെ സ്നേഹിതന്റെ വാക്കുകൾ ശ്രവിക്കുക. എന്റെ പ്രിയ സഹോദരാ, നമ്മുടെ ഈച്ഛര ക്രിസ്തുവിൽ അടിച്ചേല്പിക്കാതിരിക്കാം. മറിച്ച്, നമുക്ക് തന്റെ തിരുഹിതത്തിനു നമ്മെത്തന്നെ സമർപ്പിക്കാം. തന്റെ ഒരു സ്നേഹിതന് എന്നപോലെ മിശിഹാ പ്രാർത്ഥനയിൽ നിനക്കു പ്രത്യക്ഷപ്പെടാൻ നീ ആഗ്രഹിക്കുന്നുവോ? ഒരു നിമിഷംപോലും ബന്ധം വിട്ടർത്താതെ നിന്നിൽ അവിടുത്തോടുള്ള സ്നേഹം ഉണ്ടായിരിക്കട്ടെ. ഈ സ്നേഹം തുടർച്ചയായി നിന്റെ ആത്മാവിൽ ആളിക്കത്താൻ നീ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഈ ലോകത്തോടുള്ള സ്നേഹം നിന്റെ ആത്മാവിൽനിന്നു നീക്കുക. ദൈവത്തിലായിരിക്കുന്ന, സ്ഥലം കൂടാതുള്ള ആ "സ്ഥലത്ത്" നിന്റെ വാസസ്ഥാനമായിരിക്കാൻ നിനക്കാഗ്രഹമുണ്ടോ? ശിശു ഉദരം വിട്ടുപോകുന്നതുപോലെ ഈലോകം വിട്ടുപേക്ഷിക്കുക; അപ്പോൾ നീ യാഥാർത്ഥ്യം ദർശിക്കും. കാരണം, മിശിഹായ്ക്ക് ലോകത്തോടൊത്ത് ജീവിക്കാൻ സാധിക്കയില്ല. "ഞാൻ ഈ

1. മെസ്സാലിയനിസ്സത്തെപ്പററി മുകളിൽ പേ. 46 അടിക്കുറിപ്പ് 1 കാണുക.

www.malankaralibrary.com



ലോകത്തിന്റേതല്ല'' (യോഹ. 14:23) എന്നും ഞാൻ ജീവിക്കുന്നിടത്തുനിന്ന് ഇക്കാരണത്താൽ അതു് എന്നെ ഓടിക്കുന്നു; ''അതെന്നെ ദ്വേഷിക്കുന്നതിനാൽ'' എനിക്ക് അതിന്റെ കൂടെ പാർക്കാൻ സാധിക്കയില്ല എന്നും ഉള്ള തന്റെ വാക്കുകളിലൂടെ (യോഹ. 7:7; 15:18) അവിടുന്നു നിന്നെ ചൂണ്ടിക്കാണിക്കുന്നതു് ശ്രദ്ധിക്കാൻ ഞാൻ നിന്നോട്ട് അപേക്ഷിക്കുന്നു. എന്നാൽ അവിടുന്ന് തുടർച്ചയായി ആത്മാവിന്മേൽ ആവസിക്കുകയും സന്ദർശിക്കുകയും ചെയ്യുന്നു. ഈലോകവസ്തുക്കളിൽ നിന്നു് വിമുക്തമായാൽ അവിടുത്തേക്ക് അതിൽ പാർക്കാനാകും.

2. നിന്റെ ആത്മാവിൽ പരിശുദ്ധ ത്രിത്വത്തിന്റെ സൗന്ദര്യത്തിന്റെ പ്രകാശകിരണങ്ങൾ ദർശിക്കാൻ നീ ആഗ്രഹിക്കുന്നുണ്ടോ? മിശിഹായുടെ കല്പനകൾ പാലിക്കുക; എന്തെന്നാൽ ''നിങ്ങൾ എന്റെ കല്പനകൾ പാലിക്കുമെങ്കിൽ അപ്പോഴാണ് എന്റെ സ്നേഹം നിങ്ങളോടുകൂടി കാണപ്പെടുന്നതു്'' എന്നു് അവിടുന്ന് അരുൾചെയ്തിട്ടുണ്ടല്ലോ (യോഹ. 14:15). ആത്മാവിൽ ഇവയെല്ലാം പൂർത്തീകരിക്കപ്പെടുന്നതു വഴി അവനും അവന്റെ പിതാവും അവന്റെ പരിശുദ്ധാത്മാവും വന്നു് പാർപ്പുറപ്പിക്കും എന്നു് അവിടുന്നരുൾ ചെയ്തിരിക്കുന്നു (യോഹ. 14:23). അവൻ അവിടെ വസിക്കുകയും കാണപ്പെടുകയും ചെയ്യും. തന്റെ സ്നേഹിതർ ഈലോകത്തിൽ നിന്നല്ലെന്നും ലോകം അവരെ വെറുക്കുന്നെന്നും അവിടുന്ന് പറയുകയുണ്ടായി.

തന്റെ കല്പനകളുടെ പൂർത്തീകരണമാണ് കുരിശു്; അതായതു് ഈ ലോകസംബന്ധമായ എല്ലാ ആഗ്രഹങ്ങളും മറക്കലും മായ്ക്കലും വിശുദ്ധ പൗലോസിനെപ്പോലെ സ്നേഹജ്വാലയിൽ ഈലോകത്തിൽനിന്നു് കടന്നുപോകാനുള്ള അദമ്യമായ ആഗ്രഹവും. മനസ്സ് ലോകത്തെ ഉരിഞ്ഞുകളയുന്ന നിമിഷത്തിൽ അതു് മിശിഹായെ ധരിക്കുന്നു എന്ന ആത്മവിശ്വാസത്തിലും, എന്റെ ദൈവത്തോടുള്ള തുറന്ന പ്രഖ്യാപനത്തിലും സത്യമായി ഞാൻ പറയുന്നു. ലൗകികകാര്യങ്ങളെപ്പറ്റിയുള്ള ചിന്ത അതു് ഉപേക്ഷിക്കുന്ന നിമിഷം അതു് ദൈവത്തെ കണ്ടെത്തുന്നു. ഈലോകവുമായുള്ള ഇടപെടൽ ആത്മാവു് ഉപേക്ഷിക്കുന്ന നിമിഷം പരിശുദ്ധാത്മാവു് അതിന്റെ അവാച്യമായ രഹസ്യങ്ങൾ അതിനുള്ളിൽ ആലപിക്കാൻ തുടങ്ങും. ഇവിടെ ഇതെനിക്കൊരു രഹസ്യവും ഭയകാരണവുമാണ്. എന്നാൽ സത്യവാനു് സത്യം വെളിപ്പെടുത്തപ്പെടുന്നു. നാടു മുഴുവൻ നനയ്ക്കുവാൻ മതിയാംവണ്ണം കണ്ണുനീർ ഒഴുക്കാൻ കണ്ണിലെ കൃഷ്ണമണികൾക്ക് കഴിഞ്ഞെങ്കിലേ, കനാലുകൾ

www.malankaralibrary.com



സമൃദ്ധമായി നിറയ്ക്കു. എന്തിനുവേണ്ടിയാണ് നാമിതു് കൈമാററം ചെയ്തതു്? ഇതാ; ഇതാ, എനിക്കുവേണ്ടി.

3. നിൻെറ നിഷ്കളങ്കരക്തംകൊണ്ടു് ഞങ്ങളുടെ മൗഢ്യമനസ്സുകരം വരുത്തിവച്ച കടംകൊടുത്തു വീട്ടിയ മിശിഹായേ, ഞങ്ങരം എങ്ങോട്ടു യാത്ര ചെയ്യുന്നു എന്നു മനസ്സിലാക്കാൻ ഞങ്ങളുടെ മനസ്സിൻെറ കണ്ണുകളെ തുറക്കണമേ. നിൻെറ വിശുദ്ധ സ്ഥലത്തുള്ള ഗണങ്ങളെ സൂര്യനേപ്പോലുള പ്രകാശിപ്പിക്കുന്ന നിൻെറ പ്രകാശം നിൻെറ പക്കലേക്കു് എന്നെ നയിക്കട്ടെ. കർത്താവേ, നിൻെറ ആത്മാവു് ഇവിടെയും പ്രകാശത്തിൻെറ ലോകത്തിലും അവരുടെ ഇടയിൽ എനിക്കു സ്ഥാനം നൽകട്ടെ. അവരോടുകൂടി അവരുടെ ഗ്രന്ഥത്തിൽനിന്നു് ശ്രവണാതീതമായ സ്തുതികരം നിനക്കു് ആലപിക്കേണ്ടതു് എങ്ങനെ എന്നു് അവിടുന്നു് എന്നെ പഠിപ്പിക്കട്ടെ. കർത്താവേ, നിൻെറ സൗന്ദര്യത്തിനു് അനുരൂപമായ പുതിയ സൃഷ്ടിയായി എന്നെ സൃഷ്ടിക്കണമേ. അങ്ങനെ ഞങ്ങളുടെ മുൻസ്വഭാവത്തെപ്പററിയുള്ള ഓർമ്മ ഞങ്ങരം മറക്കുകയും തുടച്ചുനീക്കുകയും ചെയ്യട്ടെ.

.4 നിൻെറ അവാച്യസ്നേഹത്തിൻെറ ധാരാളിത്വത്തിനു് സ്തുതി. കർത്താവേ, നിൻെറ വാതിൽ തുറന്നിരിക്കുന്നു; എന്നാൽ ആരും പ്രവേശിക്കുന്നില്ല. നിൻെറ മഹത്വം വെളിപ്പെട്ടിരിക്കുന്നു, എന്നാൽ ആരും അതു് ശ്രദ്ധിക്കുന്നില്ല. നിൻെറ പ്രകാശം ഞങ്ങളുടെ കണ്ണുകളുടെ കൃഷ്ണമണികളിൽ തിളങ്ങുന്നു. എന്നാൽ ഞങ്ങരം കാണാൻ ആഗ്രഹിക്കുന്നില്ല. നിൻെറ വലത്തുകൈ കൊടുക്കുവാൻ തയാറായി നീട്ടപ്പെട്ടിരിക്കുന്നു, എന്നാൽ ആരും അതിൽ നിന്നെടുക്കുന്നില്ല. എല്ലാത്തരം ആകർഷണങ്ങരംകൊണ്ടും നീ ഞങ്ങളെ ആകർഷിക്കുന്നു, എന്നാൽ ഞങ്ങരം അതു് അവഗണിക്കുന്നു. നീ ഭയത്തോടുകൂടി ഞങ്ങളിൽ ഭീതി ഉളവാക്കുന്നു, അതു കരുണ കലർന്നതാണ്; എന്നാൽ ഞങ്ങരം നിൻെറ പക്കലേക്കു് പറന്നടുക്കുന്നില്ല. നല്ലവനായ ഞങ്ങളുടെ പിതാവേ, ഞങ്ങളുടെ അരിഷ്ടിതാവസ്ഥയിൽ കരുണ തോന്നണമെ. കരുണ നിറഞ്ഞ ഞങ്ങളുടെ പിതാവേ, നിന്നെ പ്രേരിപ്പിക്കാൻ ഞങ്ങരംക്കു മനസ്സില്ലെന്നു കാണുകയാൽ, നിൻെറ പക്കലേക്കണയാൻ ഞങ്ങളെ നിർബന്ധിക്കാൻ നിന്നെത്തന്നെ പ്രേരിപ്പിച്ചാലും. ഞങ്ങരം സ്വയം ബന്ധിതരായിരിക്കുന്നതിനാൽ ഞങ്ങളുടെ ആത്മാക്കളെ കാരാഗൃഹത്തിൽനിന്നു നീക്കുക; ഞങ്ങരംക്കു മനസ്സില്ലെങ്കിലും ഞങ്ങളെ സത്യപ്രകാശത്തിലേക്കു് കൊണ്ടുവരിക. ഞങ്ങരം നീങ്ങിക്കൊണ്ടിരിക്കുന്ന അധഃപതിച്ച അവസ്ഥയിൽ നിന്നു, നിൻെറ ശക്തി ഞങ്ങളെ സുരക്ഷിത സ്ഥാനത്തു്

www.malankaralibrary.com



എത്തിക്കട്ടെ. നിന്റെ പ്രകാശം കാണുന്നതിൽനിന്നു തടഞ്ഞുകൊണ്ട്, ഞങ്ങളുടെ ആത്മാവിന്റെ ദർശനം തടസ്സപ്പെടുത്തുന്ന വിരികളെ കർത്താവേ, ഞങ്ങളുടെ കാഴ്ചയ്ക്കു മുമ്പിൽനിന്നു നീക്കണമെ. ആ പ്രകാശത്തിൽ നഗ്നരായും ആവരണം കൂടാത്ത മുഖത്തോടുംകൂടെ തുടർച്ചയായും ഇടതടവില്ലാതെയും ഞങ്ങൾ നിൽക്കട്ടെ. അതു ഞങ്ങൾ ആഗ്രഹിച്ചുകൊണ്ടിരിക്കട്ടെ; അതിന്റെ സൗന്ദര്യത്തിൽ നിത്യകാലത്തേക്ക് സന്തുഷ്ടരായിരിക്കട്ടെ. ആമ്മീൻ.

## 2. ലേഖനം 12: പ്രാർത്ഥന

1. ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള ക്ഷോഭത്തോടുകൂടി തുടർച്ചയായി പ്രാർത്ഥിക്കുന്ന സന്യാസി ഇപ്പോഴും അത്യുന്നത തലത്തിനു താഴെയാണു നിൽക്കുന്നത്. "സഹോദരാ, ദൈവദൂഷണം പറയരുത്. മറ്റെല്ലാ അധ്വാനങ്ങളേക്കാൾ ഈ പ്രാർത്ഥനാരീതിയെ നമ്മുടെ പിതാക്കന്മാർ പുകഴ്ത്തിയിരുന്നു" എന്നു പറഞ്ഞു നീ തടസ്സം ഉന്നയിച്ചേക്കാം: യഥാർത്ഥത്തിൽ ഞാനും അതിനെ പുകഴ്ത്തുന്നയാളാണ്. അത്തരം പ്രാർത്ഥനയിൽ ശിഷ്ടായുസ് പൂർത്തിയാക്കാനായി ഞാൻ എന്റെ ദൈവത്തോടപേക്ഷിക്കുന്നു; ഇതു മറ്റെല്ലാ അധ്വാനങ്ങളേക്കാൾ മഹനീയവും വളരെ ഉന്നതവും ആയ ഒന്നാണെന്നു ഞാൻ സമ്മതിക്കുന്നു. ഇതു ക്ഷീണിപ്പിക്കുന്നതാണെങ്കിലും ഇതു ക്ഷീണിതനു വിശ്രാന്തി നൽകുന്നു. ഒരിക്കൽ വിശ്രാന്തി കണ്ടെത്തിയാൽ പിന്നെ അവർ ക്ഷീണിതരാകില്ല എന്ന് ഉറപ്പു നൽകുന്നു.

2. എന്റെ സഹോദരാ, ഇതു ഗ്രഹിക്കുക: ശ്ലീഹന്മാരുടെ തലവനായ ശീമോനോട് മിശിഹാ അരുൾചെയ്തു: "നിനക്ക് ഇഷ്ടമുള്ളവർക്ക് തുറക്കാനും അടയ്ക്കാനുമായി സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ നല്കുന്നു" (മത്താ 16: 19). അവനു മാത്രമല്ല അവിടുന്ന് ഈ അധികാരം നൽകിയത്, പിന്നെയോ സത്യത്തെ സ്നേഹിക്കുന്ന എല്ലാവർക്കുമാണ്. ദാതാവിന്റെ വാതിൽക്കൽ മുട്ടുന്നതാണു പ്രാർത്ഥന. അതുകൊണ്ട് രാജ്യത്തിൽ പ്രവേശിക്കുകയും അവിടെയുള്ള നിക്ഷേപങ്ങളിന്മേൽ അധികാരം പ്രാപിക്കുകയും ചെയ്തയാൾ എങ്ങനെയാണ് വാതിലിൽ മുട്ടുന്നത്? അവൻ അതിനുള്ളിലെ അനുഗ്രഹങ്ങൾ അനുഭവിക്കുന്നു, നല്ലവന്റെ സൗന്ദര്യത്തിൽ പൂർണമായി അവൻ അത്ഭുതസ്തബ്ധനാണ്. അങ്ങനെയുള്ളയാൾ യഥാർത്ഥത്തിൽ പ്രാർത്ഥിക്കുന്ന

www.malankaralibrary.com



എന്നു പറയുന്നതു് ഭോഷത്തമായിരിക്കും. മറിച്ചു്, ഏററം അത്ഭുതകരനായ വരന്റെ സൗന്ദര്യത്താൽ അവൻ പൂർണമായും ഉന്മത്തനായിരിക്കുകയാണു്.

3. എവാഗ്രിയസ് പറയുന്നു:[1] "പ്രാർത്ഥന മനസ്സിന്റെ ശുദ്ധതയാണു്. മനസ്സിൽ ത്രിത്വത്തിന്റെ വിശുദ്ധ പ്രകാശം പ്രകാശിക്കുമ്പോഴല്ലാതെ, അതിന്റെ പ്രാർത്ഥനാവ്യാപാരങ്ങൾ തടസ്സപ്പെടുന്നില്ല." കാരണം, അവൻ പറയുന്നു, "പ്രകാശത്തെക്കുറിച്ചുള്ള ആശ്ചര്യത്താൽ പ്രാർത്ഥന തടസ്സപ്പെടുന്നു." ഇപ്രകാരം, ഞാൻ പറഞ്ഞതുപോലെ, പൂർത്തീകരണം ദൈവത്തെപ്പററിയുള്ള അത്ഭുതപ്പെടലിൽ അടങ്ങിയിരിക്കുന്നു; അല്ലാതെ ആത്മാവിന്റെ തുടർച്ചയായുള്ള പ്രാർത്ഥനാകർമ്മത്തിൽ അല്ല. രഹസ്യങ്ങളുടെ സ്ഥലത്തു പ്രവേശിച്ച വ്യക്തി അവയെപ്പററിയുള്ള ആശ്ചര്യത്തിൽ നിലനിൽക്കുന്നു, ദൈവിക നിക്ഷേപങ്ങളുടെ കവാടം തുറക്കുന്ന സത്യപ്രാർത്ഥന ഇതാണു്. അന്വേഷിക്കുന്നവക്കു് തങ്ങളുടെ ആവശ്യങ്ങളെല്ലാം സാധിച്ചുകൊടുക്കുന്നു. "നിങ്ങൾക്കു സൗജന്യമായി ലഭിച്ചു, നിങ്ങൾക്കിഷ്ടമുള്ളവർക്കു നിങ്ങളും സൗജന്യമായി കൊടുക്കുവിൻ" (മത്താ 10: 8). സമ്പത്തിന്മേൽ അധികാരം ഉള്ളവരെപ്പററി, അതു് അവരുടേതാണു് എന്നമട്ടിൽ തങ്ങൾക്കിഷ്ടമുള്ളവക്കു നൽകുന്നവർ, തങ്ങളുടെ ആവശ്യങ്ങൾ സാധിക്കുവാൻ ധർമ്മത്തിനായി യാചിക്കുന്ന യാചകരെപ്പോലെ, കതകിൽ മുട്ടുന്നു എന്നു പറയാൻ ആരെങ്കിലും ധൈര്യപ്പെടുമോ? ഇല്ല. മറിച്ചു്, അവർ ജീവൻ വിതരണം ചെയ്യുന്നു; മരിച്ചവരെ ഉയിർപ്പിക്കുന്നു; പ്രത്യാശ പകരുന്നു; അന്ധർക്കു കാഴ്ച നൽകുന്നു. അവിടുന്നു പറഞ്ഞു: "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. ഞാൻ നിങ്ങൾക്കു താക്കോലുകൾ തരും" (മത്താ 5:14; 16:19). നിങ്ങൾ ഇനിമേൽ ചോദിക്കുന്നവരല്ല, കാരണം, നിങ്ങളുടെ സ്വന്തത്തിന്മേൽ എന്നവണ്ണം ഈ ലോകത്തിലും യുഗങ്ങളുടെ യുഗത്തിലും കെട്ടുവാനും അഴിക്കുവാനും നിങ്ങൾ അധികാരം പ്രാപിച്ചിരിക്കുന്നു. അങ്ങനെയുള്ള ഒരാൾക്കു് ഒരിരപ്പാളിയേപ്പോലെ വാതില്ക്കൽ കിടന്നു് യാചിക്കാൻ എങ്ങനെ കഴിയും? ഭണ്ഡാരത്തിന്റെ താക്കോലുകൾ അവനു നൽകപ്പെട്ടിരിക്കുന്നു; എടുക്കാനും കൊടുക്കാനും അവനു കഴിയും; അവനു ജീവനുണ്ടു്; അവൻ ജീവൻ പ്രദാനം ചെയ്യുന്നു.

4. എന്നാൽ എന്തുകൊണ്ടാണു് ശീമോൻ പ്രാത്ഥിക്കാനായി പുരയുടെ മേൽത്തട്ടിൽ കയറിയതു്" എന്നു നീ ചോദിച്ചേക്കാം. അതുപോലെ "താൻ നിരന്തരമായി പ്രാത്ഥിക്കുന്നു"

---

1. *Capita Cognoscitiva,* 30.

www.malankaralibrary.com



എന്നു മഹാനായ പൗലോസ് പറയുന്നുണ്ടല്ലോ എന്നും (നടപടി 10: 9; 1 തെസ്സ. 5: 17) നീ പറഞ്ഞേക്കാം. സഹോദരങ്ങളേ, നമുക്കു പററിയ വാക്കുകൾ, അതായതു്, നമുക്കു മനസ്സിലാകുന്ന രീതിയിൽ, ഈ ശ്ലീഹന്മാർ ഉപയോഗിച്ചു എന്നേയുള്ളു; ഗ്രഹണാതീതമായ വസ്തുക്കളുടെ ഒരു പ്രതിരൂപം ഇതുവഴി അവർ നമുക്കു പ്രദാനം ചെയ്യുന്നു. ഈ വാക്കുകൾ അവയ്ക്കുവേണ്ടിയേ അല്ല, നമുക്കുവേണ്ടിയത്രേ. ശീമോൻ മേൽത്തട്ടിലേക്കു കയറിയപ്പോൾ അവനു് എപ്രകാരം ദിവ്യപാരവശ്യമുണ്ടായി എന്നു നീ കേട്ടിട്ടില്ലേ? പാരവശ്യത്തിൻെറയും ആശ്ചര്യത്തിൻെറയുമായ അവസ്ഥയിൽ കഴിയുന്ന വ്യക്തി യഥാർത്ഥത്തിൽ എങ്ങനെയാണു പ്രാർത്ഥിക്കുന്നതു്? "ആത്മാവാണു നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നതു്" എന്നു വിശുദ്ധ പൗലോസ് പറയുന്നു (റോമ 8: 26). "ദൈവം നമ്മുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു. തൻെറ ആഴങ്ങൾ അവൻെറ ആത്മാവു് പരിശോധിക്കുകയും തൻെറ രഹസ്യങ്ങൾ നമുക്കു വെളിപ്പെടുത്തുകയും ചെയ്യുന്നു" എന്നു് അവൻ പറഞ്ഞതുപോലെ (2 കൊറി 4; 6; 1 കൊറി 2: 10–12) പ്രാർത്ഥനയിലെ ചേഷ്ടകളെപ്പററിയല്ല, ആത്മാവിൻെറ പ്രവർത്തനത്തെപ്പററിയാണ് ഇവിടെ വിവക്ഷ. ഇതു നമുക്കു തന്നെ ചെയ്യണമെന്നുണ്ടായിരുന്നു; എന്നാൽ യേശുവിൻെറ ആത്മാവു് അതിനു നമ്മെ അനുവദിച്ചില്ല. കാരണം, പിതാവിൻെറ ഭവനത്തിലെ രഹസ്യങ്ങൾ കാണുവാൻ നമുക്കു മിശിഹായുടെ മനസ്സുണ്ടു് (1 കൊറി 2: 16).

5. ആ അവസ്ഥയിൽ അവർ അത്ഭുതത്തിൻെറ സ്ഥലത്തു പ്രവേശിച്ചു; ദർശനങ്ങളുടെ ലോകത്തിൽ അവർ അധികാരം പ്രാപിച്ചു; അത്ഭുതകരമായ സൗന്ദര്യവുമായി ആത്മാവ് അവരെ ഐക്യപ്പെടുത്തി. ഇനിയൊരിക്കലും അവർക്കു് പ്രാർത്ഥനയിൽ വിരസത തോന്നുകയില്ല; അവരിനിയും വാതില്ക്കൽ കരഞ്ഞുകൊണ്ടു് നില്ക്കുകയില്ല; 'നിൻെറ സൗന്ദര്യം ഞങ്ങളെ കാണിക്കുക' എന്നു് അവർ മേലിൽ കരഞ്ഞു നിലവിളിക്കുകയില്ല. 'നിൻെറ സമ്പാദ്യത്തിൽ കുറേ ഞങ്ങൾക്കു തരിക' എന്നു് യാചകരെപ്പോലെ അവർ ഇനി ചോദിക്കയില്ല. അവർ കൊടുക്കുന്നു, എന്തെന്നാൽ അവർക്കു ലഭിച്ചിരിക്കുന്നു; അവർ വിതരണം ചെയ്യുന്നു, കാരണം, അവർ ധനികരായിതീർന്നിരിക്കുന്നു; അവർ വിശ്രമം നല്കുന്നു. കാരണം, ജീവതുറമുഖത്തു് അവർ വിശ്രാന്തി കണ്ടെത്തിയിരിക്കുന്നു. അവർ സന്തോഷിക്കുകയും ആനന്ദം പകരുകയും ചെയ്യുന്നു; കാരണം, സൗന്ദര്യധാമത്തോടുള്ള സ്നേഹത്താൽ അവർക്കു മത്തു പിടിച്ചിരിക്കുന്നു. 'എന്നിൽ വിശ്വസിക്കുന്നവരുടെ ഉദരത്തിൽ

www.malankaralibrary.com



നിന്നു് ജീവജലത്തിൻെറ അരുവികരം ഒഴുകുന്നു' (യോഹ 7:38). കർത്താവേ, അവ എന്തിനാണ് ഒഴുകുന്നതു്? അവർ മററുള്ളവർക്കു ജീവൻ നൽകുന്നു; അവർ ദാഹാർത്തർക്കു കുടിക്കാൻ കൊടുക്കുന്നു.

6. മിശിഹായുമായി ഒന്നായിത്തീർന്നയാരം ഗൃഹനാഥനുമായി പരിചയപ്പെടാത്തവനെപ്പോലെ, എങ്ങനെയാണ് യഥാർത്ഥത്തിൽ പ്രാർത്ഥിക്കുക? താൻ ദൈവമകനാണെന്നു് കാണുമ്പോരം അവൻ ആരോടാണു പ്രാർത്ഥിക്കുക? "നിങ്ങരം ചോദിക്കുന്നതിനു മുൻപ്, നിങ്ങരംക്കാവശ്യമായവ എന്തെന്നു് നിങ്ങളുടെ സ്വർഗ്ഗീയപിതാവിനു് അറിയാം" (മത്താ 6:8).

'പ്രാർത്ഥിക്കുക, മടുപ്പുതോന്നരുതു്" എന്നു് പൗലോസ് പറയുന്നതു് (1തെസ 5:17) എന്തുകൊണ്ടാണ്? ദാസനായിരിക്കുന്നിടത്തോളം കാലം അവൻ പ്രാർത്ഥിക്കുന്നു; എന്നാൽ പ്രാർത്ഥനയുടെ ലോകത്തിൽ ആത്മാവിൽ ജനിച്ചു കഴിയുമ്പോരം അവൻ ദൈവപുത്രനാണ്; അവകാശി എന്ന നിലയിൽ സമ്പത്തിന്മേൽ അവനു് അധികാരം ഉണ്ടു്; അങ്ങനെ, അവൻ വെറുതെ ചോദിക്കുന്നില്ല.

7. ഏററം മഹനീയമായ അധ്വാനം ഈ പ്രാർത്ഥനയാണ്. അതു് അത്ഭുതസ്ഥലത്തേക്കുള്ള വാതിൽ തുറക്കുന്നു. അതു ക്ഷീണിതർക്കു വിശ്രാന്തി നൽകുന്നു; അതു് എല്ലാ ഇളക്കങ്ങളേയും ശാന്തമാക്കുന്നു. 'നീ ആശ്ചര്യത്തെപ്പററി പറയുന്നു; എന്നാൽ ആശ്ചര്യത്തിൻെറ അർത്ഥം എനിക്കറിഞ്ഞുകൂടാ" എന്നു നീ പറഞ്ഞേക്കാം. വിശ്വസനീയനായ ഒരു സഹോദരൻെറ വാക്കുകരം സാക്ഷ്യത്തിനായി ഞാൻ അവതരിപ്പിക്കട്ടെ; അവൻ ഇപ്രകാരം പറയുക പതിവായിരുന്നു: "എൻെറ ദൈവത്തിൻെറ കൃപ എൻെറയുള്ളിൽ ഇളകുമ്പോരം അവൻെറ കാഴ്ചയിൽ അത്ഭുതപ്പെടാനായി അതു് എൻെറ ബുദ്ധിയെ വലിച്ചെടുപ്പിക്കുന്നു. അതുവഴി ദിവസം മുഴുവനും അതു് ആശ്ചര്യത്തിൻെറ സ്ഥലത്തു് ചലനരഹിതമായി കഴിയുന്നു. തൻെറ ഉള്ളിൽ മറഞ്ഞിരിക്കുന്ന അദൃശ്യയാഥാർത്ഥ്യത്തിൻെറ പ്രകാശം അത്ഭുതം നിറഞ്ഞ ലോകത്തിൽ പ്രകാശിക്കണമെ എന്നു് അവിടം വിട്ടുകഴിയുമ്പോരം അതു വീണ്ടും പ്രാത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു." ആ നിമിഷം മുതൽ വാക്കുകരംക്കൊരു സ്ഥാനവുമില്ല. മഷിയുടെ പാതയിലൂടെ പേനായുടെ കുത്തിയൊഴുക്കിനു യാത്ര ചെയ്യാവുന്ന സ്ഥലമല്ല അതു്. ഇവിടെ അതിർത്തി നിർണയിക്കപ്പെട്ടിരിക്കുന്നു, അതായതു് നിശ്ശബ്ദത. എല്ലാ പ്രതീകങ്ങളും വിശ്രാന്തി

www.malankaralibrary.com



കണ്ടെത്തുന്ന സ്ഥലത്തേയ്ക്കു കടന്നുചെന്ന് കാണുവാൻ മനസ്സിനു മാത്രമേ അനുവാദമുള്ളൂ. കാരണം, എല്ലാററിനും അതീതമായതും എല്ലാവരുടെയും ഉള്ളിൽ നിഗൂഢമായിരിക്കുന്നതുമായ അത്ഭുതസൗന്ദര്യത്തെപ്പററി അത്ഭുതപ്പെടാനും കടന്നു ചെല്ലാനും മനസ്സിനു് അധികാരമുണ്ട്.

8. ഇപ്രകാരം രഹസ്യങ്ങളെപ്പററിയുള്ള ആശ്ചര്യത്തിൽ സമയാസമയങ്ങളിൽ രൂപാന്തരീകരിക്കപ്പെടാത്ത ഏതു പ്രാർത്ഥനയും നാം മുകളിൽ വിവരിച്ചതുപോലെ പൂർണതയിൽ എത്തിയിട്ടില്ല. ദൈവികാനന്ദത്തോടുകൂടി സംജാതമാകുന്ന ആശ്ചര്യം നുകരാതിരുന്നാൽ പ്രേരണകളോടു കൂടിയ പ്രാർത്ഥനകൾക്ക് തുടർച്ചയായി നിലനില്ക്കാനാവില്ല. ദൈവത്തെപ്പററിയുള്ള ആശ്ചര്യമാണ് നിരന്തരപ്രാർത്ഥന; നമ്മുടെ സന്ദേശത്തിൻെറ രത്നച്ചുരുക്കം ഇതാണ്:

"നിനക്കു പരിചയമില്ലാത്ത സംഗതികളെക്കുറിച്ച് സംസാരിക്കരുത്; നീ വിശദമാക്കാത്തവയെപ്പററി സംസാരിക്കരുത്" എന്നു നീ പറഞ്ഞുകൊണ്ടിരുന്നേക്കാം. ഞാനും ലജ്ജിച്ച് തല താഴ്ത്തുകയും ദൈവിക കാരുണ്യത്തിൽ അഭയം തേടിക്കൊണ്ട് മൗനം അവലംബിക്കുകയും ചെയ്യും. പ്രാർത്ഥനയിൽ എന്നെ സഹായിക്കുക.

www.malankaralibrary.com

# 13

# നിനവയിലെ ഇസഹാക്ക്

(ഏഴാം നൂററാണ്ട്)

# പ്രാർത്ഥന

## ആമുഖം

സുറിയാനി സഭയിലെ ഒരു വലിയ ആദ്ധ്യാത്മിക ഗ്രന്ഥകാരനായിരുന്ന നിനവയിലെ ഇസഹാക്ക്. ഗ്രീക്ക്, അറബി വിവർത്തനങ്ങളിലൂടെ ഇസഹാക്കിൻെറ കൃതികൾ വളരെ വേഗം വ്യാപിക്കയും വിവിധ സഭകളിൽ ഗണ്യമായ സ്വാധീനം ചെലുത്തുകയും ചെയ്തു. പേർഷ്യൻ ഉൾക്കടലിലെ ഖത്തർ പ്രദേശത്താണ് ഇസഹാക്ക് ജനിച്ചത്. ഏഴാം നൂററാണ്ടിലും ഖത്തർ ഒരു വലിയ ക്രൈസ്തവ കേന്ദ്രമായിരുന്നു. ഗബ്രിയേൽ ഖത്രായാ, ദാദീശോ ഖത്രായാ, അബ്രഹാം ബർ ലിഫേ, ആഹോബ് ഖത്രായാ തുടങ്ങി പൗരസ്ത്യസുറിയാനി സഭയിലെ നിരവധി പ്രശസ്തരായ ഗ്രന്ഥകാരന്മാർ ഖത്തറിൽ നിന്നുള്ളവരാണ്.

ഇസഹാക്ക് തൻെറ നാട്ടിൽ തന്നെ സന്യാസിയും അധ്യാപകനുമായി. എന്നാൽ ഖത്തറിലെ മെത്രാന്മാരും സെലൂഷ്യയിലെ കാതോലിക്കോസ്–പാത്രിയർക്കീസും തമ്മിൽ മത്സരമുണ്ടാകുകയും ഖത്തറിലെ മെത്രാന്മാർ ശീശ്മയിൽ നിപതിക്കയും ചെയ്തപ്പോൾ ഇസഹാക്ക് വടക്കൻ പ്രദേശങ്ങളിലേക്ക നീങ്ങി ബേത്ഹൂസായേ (ഖൂസിസ്ഥാൻ) മലകളിൽ താമസമാക്കി. ക്രി. വ. 676–ൽ ഗീവർഗീസ് കാതോലിക്കോസ് ഖത്തർ സന്ദർശിച്ച് ശീശ്മ അവസാനിപ്പിച്ചപ്പോൾ ഇസഹാക്ക് ഖത്തറിൽ തിരിച്ചെത്തിയിരുന്നു. കാതോലിക്കോസ് അദ്ദേഹത്തെ തൻെറ കൂടെ കൊണ്ടുപോയി വടക്കൻ ഇറാക്കിലുള്ള

www.malankaralibrary.com



നിനവേയിലെ (മോസൂളിലെ) മെത്രാനായി ബേത് ആബേയിലെ വലിയ ആശ്രമത്തിൽ വച്ചു വാഴിച്ചു. അഞ്ചുമാസങ്ങൾക്കശേഷം അദ്ദേഹം തൻെറ മെത്രാൻസ്ഥാനം രാജിവച്ചു. അതിൻെറ കാരണം ദൈവത്തിനു മാത്രമേ അറിയൂ എന്നു പറയപ്പെടുന്നു. വീണ്ടും ഖൂസിസ്ഥാൻ മലകളിൽ പോയി മററ് ഏകാന്തവാസികളുടെ സമീപത്തായി താപസ്സജീവിതം തുടങ്ങി. വാർദ്ധക്യകാലത്ത് അടുത്തുള്ള റമ്പാൻ ഷപ്പൂറിൻെറ ആശ്രമത്തിലേക്ക താമസ്സം മാററി. എന്നാണ് ഇസഹാക്ക് മരിച്ചതെന്നു വ്യക്തമല്ല. വാർദ്ധക്യകാലത്ത് അദ്ദേഹത്തിൻെറ കണ്ണിനു കാഴ്ച നഷ്ടപ്പെട്ടു എന്നു ചിലർ സൂചിപ്പിക്കുന്നു.

വൃദ്ധനായ ശേഷമാണ് ഇസഹാക്ക് ഗ്രന്ഥരചന നടത്തിയത്. അതായത്, ഏഴാം നൂററാണ്ടിൻെറ അവസാന ഭാഗത്ത്. 'സന്യാസികൾക്കവേണ്ടി അഞ്ച് വാല്യത്തിൽ അദ്ദേഹം ഉപദേശങ്ങൾ രചിച്ചു' എന്ന് ഒരു രേഖ പറയുന്നു. അതു ശരിയാണെങ്കിൽ നമുക്കിന്നു വളരെ കുറച്ചു കൃതികളെ ലഭിച്ചിട്ടുള്ളു. ശേഷിച്ചവ നഷ്ടപ്പെട്ടുപോയതാകാം. നമുക്ക ലഭിച്ചിട്ടുള്ള കൃതികൾക്ക രണ്ടു ഭാഗങ്ങളാണുള്ളത്. ഒന്നാം ഭാഗം വളരെ വ്യാപകമായി പ്രചരിച്ചു. പൗരസ്ത്യസഭയും സിറിയൻ ഓർത്തഡോക്സുസഭയും ഇതിൽ നിന്നുള്ള ഭാഗങ്ങൾ വളരെ വ്യാപകമായി ഉപയോഗിച്ചു. മാർ സാബാ ആശ്രമത്തിലെ സന്യാസികളായ അബ്രാമിയോസും പത്രീക്കിയോസും ഈ ഭാഗം ഗ്രീക്കിലേക്ക് എട്ട് / ഒൻപതു നൂററാണ്ടിൽ വിവർത്തനം ചെയ്തു. 1909 – ൽ പോൾ ബഡ്ജാൻ ഒന്നാം ഭാഗത്തിൻെറ സുറിയാനി ടെക്സ്റ്റ് അച്ചടിച്ചു പ്രസിദ്ധീകരിച്ചു. ഇതിൽ നിന്ന് 1923–ൽ A. J. Wensinck ഒരു ഇംഗ്ലീഷ് വിവർത്തനം തയ്യാറാക്കി. ഈ ഭാഗത്ത് മൊത്തം എൺപത്തിരണ്ട് അദ്ധ്യായങ്ങളുണ്ട്. രണ്ടാം ഭാഗത്ത് നാല്പതോളം ടെക്സ്ററുകളുണ്ട്. അവയിൽ മിക്കതും ഇപ്പോഴും കൈയെഴുത്തു രൂപത്തിൽ തന്നെയാണ്. 'വിജ്ഞാനത്തെപ്പററിയുള്ള അധ്യായങ്ങൾ' ആണ് രണ്ടാം ഭാഗത്തേ ഏററം ദൈർഘ്യമുള്ള ടെക്സ്റ്റ്.

താഴെക്കൊടുത്തിരിക്കുന്ന വിവർത്തനങ്ങളിൽ നമ്പർ ഒന്നും രണ്ടും ഒന്നാം ഭാഗത്തുനിന്നും മൂന്നും നാലും അഞ്ചും രണ്ടാം ഭാഗത്തുനിന്നുമാണ്. 1. ശരിയായ വസ്തുക്കൾക്കവേണ്ടി പ്രാർത്ഥിക്കുന്നതിൻെറ പ്രാധാന്യം; മറുപടി നൽകാൻ ദൈവം ചില അവസരം താമസിക്കുന്നതിനുള്ള കാരണം, പ്രാർത്ഥനയിൽ ഉണ്ടായിരിക്കേണ്ട വിനീത മനസ്ഥിതി, പ്രാർത്ഥനാവസരം ഉള്ള ശാരീരിക നിലപാട്, പ്രാർത്ഥനയുടെ ലക്ഷ്യം – ദൈവ

www.malankaralibrary.com



സ്നേഹം, അനുതാപം, ശുദ്ധത, പരിപൂർണ്ണത, പ്രാർത്ഥന എന്നിവയുടെ നിർവചനം എന്നിത്യാദി കാര്യങ്ങൾ ഒന്നാം നമ്പറിലുള്ള അഞ്ച് രേഖാശകലങ്ങൾ വിവരിക്കുന്നു. 2. ശുദ്ധ പ്രാർത്ഥന, ആത്മിക പ്രാർത്ഥന എന്നിവയെപ്പററി സവിസ്തരം ചർച്ച് ചെയ്യുന്നു. ഏററം പരിപൂർണ്ണവും ഏററം മഹനീയവുമായ പ്രാർത്ഥനയാണ് ആത്മീയ പ്രാർത്ഥന. 3. "വിജ്ഞാനത്തെപ്പററിയുള്ള അധ്യായങ്ങളിൽ" നിന്നുള്ള ചില ഭാഗങ്ങളാണ് ഇവിടെ കൊടുത്തിരിക്കുന്നത്. പ്രാർത്ഥനയുടെ വിവിധ അവസ്ഥകളെപ്പററി ചർച്ച ചെയ്യുന്നു. 4. പ്രാർത്ഥനാവസരമുള്ള ശാരീരിക നിലപാടിനുള്ള പ്രാധാന്യം, പ്രാർത്ഥനയും സന്യാസികളുടെ യാമപ്രാർത്ഥനകളും തമ്മിലുള്ള ബന്ധം എന്നിവ ഇവിടെ അപഗ്രഥിക്കുന്നു. 5. ശുദ്ധപ്രാർത്ഥനയെപ്പററിയും പ്രാർത്ഥനയിൽ അലഞ്ഞുതിരിയുന്നതിനെപ്പററിയും പ്രതിപാദിക്കുന്നു.

ഇസഹാക്ക് നിരവധി മുൻകാല പിതാക്കന്മാരിൽനിന്നു സ്വാധീനം സ്വീകരിക്കുന്നു: എവാഗ്രിയസ്, അപ്പമെയായിലെ യോഹന്നാൻ, മക്കാരിയൻ പ്രസംഗങ്ങൾ, പിതാക്കന്മാരുടെ മൊഴികൾ, ഈജിപ്തിലെ സന്യാസപിതാക്കന്മാരുടെ കൃതികൾ, മൊപ്സുവെസ്ത്യായിലെ തിയഡോർ, ആബാ ഏശായാ, സന്യാസിയായ മർക്കോസ്, ദിവന്നാസ്യോസ്. അവരുടെ ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികളും അവരിൽ ചിലരുടെ ചിന്താരീതികളും അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്. ഇസഹാക്കിനെപ്പററിയുള്ള നല്ലൊരാമുഖത്തിനു് *DS* 7 (1971) cols. 2041–54 കാണുക. S. Brock, *op.cit.* p. 298–9–ൽ കൂടുതൽ വിവരങ്ങൾ കൊടുത്തിട്ടുണ്ട്. താഴെക്കൊടുക്കുന്ന വിവർത്തനങ്ങൾ S. Brock, *ibid* p. 246–297–ൽ നിന്നാണ്.

## 1· ഒന്നാം ഭാഗത്തു നിന്ന്

### (a) പ്രതിപാദനം – 3 ൽ നിന്ന്:

ദൈവത്തോടു നീ നടത്തുന്ന അപേക്ഷകളിൽ നീയൊരു വിഡ്ഢിയാകരുത്; അല്ലെങ്കിൽ നിന്റെ അജ്ഞതയാൽ നീ ദൈവത്തെ നിന്ദിക്കുകയായിരിക്കും ചെയ്യുക. മഹനീയകാര്യങ്ങൾക്ക് നീ അർഹനാകുവാനായി പ്രാർത്ഥനയിൽ ബുദ്ധിപൂർവം പ്രവർത്തിക്കുക. നിന്റെ സ്വതന്ത്രമനസ്സു ചെയ്ത ബുദ്ധിപൂർവകമായ തെരഞ്ഞെടുപ്പിന്റെ ഫലമായി നിനക്കു ബഹു

www.malankaralibrary.com



മാനം ലഭിക്കാൻ, ആവശ്യക്കാർക്കു നിഷേധിക്കാത്ത ദാതാവിനോട്ട് ബഹുമാന്യമായ കാര്യങ്ങരം ചോദിക്കുക. സോളമൻ വിജ്ഞാനത്തിനുവേണ്ടി യാചിച്ചു (1രാജാ. 3:9_14). അതോടൊപ്പം ഭൗമികരാജ്യവും അവനു ലഭിച്ചു; കാരണം, സ്വർഗീയ രാജാവിനോട്ട് ബുദ്ധിപൂർവം ചോദിക്കേണ്ടതു എങ്ങനെയെന്നു അവനു അറിയാമായിരുന്നു; അതായത്, പ്രധാനപ്പെട്ട സംഗതികരം.

തന്റെ യജമാനനു ഉണ്ടായിരുന്ന ആത്മാവിന്റെ ദാനത്തിനായി ഏലീശാ രണ്ടുപ്രാവശ്യം അപേക്ഷിച്ചു; അവന്റെ യാചന നിരസിക്കപ്പെട്ടില്ല (2രാജാ. 2:9). മറിച്ച് ഒരാരം രാജാവിനോട്ട് നിന്ദ്യമായ കാര്യങ്ങരം ചോദിക്കുന്നതുവഴി രാജാവിനോടുള്ള ബഹുമാനം കുറയ്ക്കുകയത്രേ ചെയ്യുക. ഇസ്രായേൽക്കാർ മ്ലേച്ഛമായ കാര്യങ്ങരം യാചിച്ചു. അതിനു മറുപടിയായി അവർക്കു ദൈവകോപം ലഭിച്ചു. കാരണം ദൈവിക കർമ്മങ്ങളെയും തന്റെ പ്രവൃത്തിയുടെ ഭീതിജനകമായ സ്വഭാവത്തെയും കുറിച്ച് അവർ ആശ്ചര്യഭരിതരാകാതിരുന്നതിനാൽ വയർ ആഗ്രഹിക്കുന്ന വസ്തുക്കരംക്കായി അവർ യാചിച്ചു. അപ്പോരം, ''ഭക്ഷണം അവരുടെ വായിൽ ആയിരിക്കുമ്പോരം തന്നെ ദൈവകോപം അവർക്കെതിരായി ഉയർന്നു''(സങ്കീ. 78:30_31).

ദൈവത്തിന്റെ മഹനീയ സ്വഭാവത്തിനനുസൃതമായി അവിടുത്തോട്ട് നിന്റെ യാചനകരം നടത്തുക; അപ്പോരം ദൈവം നിന്നെ കൂടുതൽ ബഹുമാനിക്കുകയും നിന്നിൽ സന്തോഷിക്കുകയും ചെയ്യും.

ഒരാരം ഒരു ഭൗമികരാജാവിനോട്ട് ഒരു വണ്ടി വളത്തിനപേക്ഷിച്ചാൽ, തന്റെ നിന്ദ്യമായ അപേക്ഷയെപ്രതി അവൻ വെറുക്കപ്പെടും എന്നു മാത്രമല്ല, – തന്റെ അജ്ഞതയാൽ അവൻ തന്നെത്തന്നെ കുററപ്പെടുത്തി എന്നു കാണുകയാൽ – തന്റെ മൗഢ്യയാചനയാൽ അവൻ രാജാവിനു അവമാനം വരുത്തിവയ്ക്കുകയും ചെയ്യും. പ്രാർത്ഥനയിൽ ശാരീരിക കാര്യങ്ങരംക്കായി ദൈവത്തോടു യാചിക്കുമ്പോരം കൃത്യം ഇതാണു സംഭവിക്കുക. [1]

നിന്റെ യാചനകരംക്ക് ദൈവം സാവധാനത്തിലാണ് മറുപടി നൽകുന്നതെങ്കിൽ, നീ ചോദിക്കുന്നെങ്കിലും കൃത്യമായി ഒന്നും നിനക്ക് കിട്ടുന്നില്ലെങ്കിൽ, അതിൽ ഉത്ക്കണ്ഠാകുലനാ

1. തുടർന്നുള്ള ചില ഖണ്ഡികകരം വിവത്തനം ചെയ്തിട്ടില്ല.

www.malankaralibrary.com



കേണ്ട; കാരണം, നീ ദൈവത്തെക്കാരം ബുദ്ധിമാൻ അല്ലല്ലോ.[2] ഒന്നും സംഭവിക്കാതെ, മുമ്പായിരുന്നതുപോലെ നീ നില നിന്നാൽ, ഒന്നുകിൽ നിൻെറ യാചനസ്സുനസ്യതമല്ല നിൻെറ പെരുമാററം; അല്ലെങ്കിൽ നിൻെറ ഹൃദയം സഞ്ചരിച്ചിരുന്ന വഴികരം നിൻെറ പ്രാർത്ഥനയുടെ ലക്ഷ്യത്തിൽനിന്നു വളരെ അകന്നായിരുന്നു; അതുമല്ലെങ്കിൽ നീ ചോദിച്ച വസ്തുക്കളുടെ മഹനീയതയുമായി താരതമ്യപ്പെടുത്തുമ്പോരം നിൻെറ ആന്ത രിക മനഃസ്ഥിതി വളരെ ബാലിശമായിപ്പോയി എന്നതാകാം എന്നു നിനക്കു മനസ്സിലാകും.

മഹനീയകാര്യങ്ങരം എളുപ്പം നിൻെറ കൈകളിൽ വന്നു പെടുക ഉചിതമല്ല. വളരെ എളുപ്പത്തിൽ ലഭിക്കും എന്നുവന്നാൽ ദൈവദാനങ്ങരം അവജ്ഞാപൂർവം പരിഗണിക്കപ്പെടാൻ ഇട യുണ്ട്. എളുപ്പം കണ്ടെത്തുന്നതു് എളുപ്പം നഷ്ടപ്പെടുന്നു; എന്നാൽ വലിയ അധ്വാനം കൊണ്ടു ലഭിക്കുന്നതു് വളരെ ശ്രദ്ധയോടു കൂടി സംരക്ഷിക്കപ്പെടും.

യേശു തൻെറ സ്നേഹത്താൽ നിന്നെ ലഹരിപിടിപ്പിക്കാൻ അവിടുത്തേയ്ക്കുവേണ്ടി ദാഹിക്കുക. ദൈവം നിൻെറ ഹൃദയത്തിൽ ഭരണം നടത്തുന്നതുവഴി ലഭിക്കുന്ന സമാധാനത്തിനു നീ യോഗ്യ നാകുവാനായി, ഈ ലോകത്തിൽ ബഹുമാന്യം എന്നു കരുതപ്പെ ടുന്ന എല്ലാററിനോടും നിൻെറ കണ്ണുകരം കുരുടായിരിക്കട്ടെ.

നീ ആത്മീയ സന്തോഷത്തിന് അർഹനാകുവാനായി കണ്ണു കരംക്ക് തിളക്കം നല്കുന്ന ആകർഷണങ്ങളിൽനിന്ന് അകലുക. നിൻെറ ജീവിതരീതി ദൈവത്തിനു അനുചിതമാണെങ്കിൽ, മഹനീയ കാര്യങ്ങരം അവിടുത്തോടു ചോദിക്കരുതു്. അല്ലെ ങ്കിൽ നീ ദൈവത്തെ പരീക്ഷിക്കുന്നവനെപ്പോലെ കാണപ്പെടും. പ്രാർത്ഥന പെരുമാററവുമായി കൃത്യം ഒത്തുപോകേണ്ടതാണ്.

## (b) പ്രതിപാദനം - 8 ൽ നിന്ന്

വിനയം ഹൃദയത്തെ നിയന്ത്രിക്കുന്നു. അപ്പോരം, ഒരാരം വിനീതനായി കഴിഞ്ഞാൽ, ഉടനെ ദൈവത്തിൻെറ കരുണ അവനെ വലയം ചെയ്യുകയും അവനെ ആലിംഗനം ചെയ്യുകയും

---

2. എവാഗ്രിയസ്, പ്രാർത്ഥന, 32 മായി താരതമ്യപ്പെടുത്തുക: ജി. ചേടിയത്തു്, പ്രാർത്ഥന സഭയിൽ, കോട്ടയം 1988, പേജ് 23.

www.malankaralibrary.com



ചെയ്യുന്നു. ഈ കരുണ അടുത്തെത്തിയാൽ അതിന്റെ പ്രയോജനത്തെപ്പററി പെട്ടെന്ന് ഹൃദയത്തിനു അവബോധം ഉണ്ടാകുന്നു. കാരണം അതിനുള്ളിൽ ഏതോ ആത്മധൈര്യവും ശക്തിയും പൊന്തിവരുന്നു. തന്നെ സഹായിക്കാനും ശക്തിപ്പെടുത്താനുമായി ദിവ്യസഹായം വന്നതിനെപ്പററിയുള്ള അവബോധം ഉണ്ടായിക്കഴിഞ്ഞ് ഹൃദയം ഉടനെതന്നെ വിശ്വാസത്താൽ നിറയുന്നു. പ്രാർത്ഥന സഹായത്തുറമുഖം, രക്ഷയുടെ ഉറവിടം, ആത്മവിശ്വാസത്തിന്റെ ഭണ്ഡാരം, കൊടുങ്കാററിൽനിന്നു രക്ഷിക്കുന്ന നങ്കൂരം, ഇരുട്ടിൽ ഇരിക്കുന്നവർക്കുള്ള പ്രകാശം, ബലഹീനരുടെ വടി, പ്രലോഭനാവസരം ഉള്ള അഭയസ്ഥാനം, രോഗാവസരം ആരോഗ്യദായകൻ, യുദ്ധത്തിൽ പ്രയോജനകരമായ പരിച, എതിരാളിക്കെതിരെ മൂർച്ചയുള്ള കുന്തം എന്നിവയാണെന്ന് അപ്പോൾ മനസ്സിലാക്കുകയും ബോധ്യപ്പെടുകയും ചെയ്യുന്നു. പ്രാർത്ഥനവഴി ഈ നല്ല കാര്യങ്ങളിലേക്ക് പ്രവേശനം ലഭിച്ചതിനാൽ അയാൾ ഇനിമേൽ വിശ്വാസത്തിന്റെ പ്രാർത്ഥനയിൽ ആനന്ദം കണ്ടെത്തും. ഇതുവരെയായിരുന്നതുപോലെ അന്ധമായിട്ടോ, കേട്ടുകേൾവി കൊണ്ടോ അല്ല. പിന്നെയോ, ആത്മവിശ്വാസം കൊണ്ട് അവന്റെ ഹൃദയം ആനന്ദതുന്ദിലമാകും.

ഇതറിയുന്ന വ്യക്തി തന്റെ ഉള്ളിൽ ഒരു നിധിപോലെ പ്രാർത്ഥന സ്വന്തമാക്കുന്നു. ഈ സന്തോഷത്തിന്റെ ഫലമായി കൃതജ്ഞതയുടെ കീർത്തനങ്ങളിലേക്ക് അവൻ തന്റെ പ്രാർത്ഥനയുടെ ഗതി തിരിക്കുന്നു. എല്ലാററിനും ഒരു ലക്ഷ്യമുണ്ടായിരിക്കുകയും വിശുദ്ധരുടെ ഇടയിലെ വിജ്ഞാനി ആയിരിക്കുകയും ചെയ്ത എവാഗ്രിയസിന്റെ വാക്കുകൾ ഇതിനോട് ഒത്തുപോകുന്നു:[3] 'കൃതജ്ഞതാപ്രകടനത്തിൽ സ്വയം പ്രകടമാക്കുന്ന സന്തോഷമാണ് പ്രാർത്ഥന.' ദൈവത്തെപ്പററിയുള്ള അവബോധം ലഭിച്ചശേഷമുള്ള ഈ പ്രാർത്ഥനയെപ്പററി അദ്ദേഹം പറയുന്നു: കൃപവഴി ലഭിക്കുന്ന ജ്ഞാനത്തിനു മുമ്പുള്ള വ്യഥകൾ നിറഞ്ഞ മററു പ്രാർത്ഥനാരീതികളിൽ സംഭവിക്കുന്നതുപോലെ "കൃതജ്ഞതയിൽ സ്വയം പ്രകടമാക്കുന്ന ഈ പ്രാർത്ഥനയിൽ ആരും പ്രാർത്ഥിക്കുന്നില്ല, അദ്ധ്വാനിക്കുന്നുമില്ല." പിന്നെയോ, സന്തോഷവും വിസ്മയവും നിറഞ്ഞ ഹൃദയം, മുട്ടുകുത്തലിന്റെ നിശ്ശബ്ദതയ്ക്കിടയിൽ കൃതജ്ഞതയുടേയും നന്ദിയുടെയും ധാരാളമായ പ്രചോദനങ്ങളോടുകൂടെ

3. എവാഗ്രിയസ്, പ്രാർത്ഥന, 15: ജി. ചേടിയത്ത്, അതേ കൃതി, പേ. 227.

www.malankaralibrary.com



പെട്ടെന്നു് കാണപ്പെടുന്നു. അപ്പോഠം, ദൈവകൃപകളെപ്പററി യുള്ള ഉഠംക്കാഴ്ച, സംബന്ധിച്ച വിസ്മയത്താൽ വളരെയധികം ഉത്തേജിതമായ ആന്തരിക പ്രചോദനത്തിൻെറ ഫലമായി, ആന്തരികപ്രചോദനങ്ങഠം നാവിലൂടെ കൃതജ്ഞതയായി പകരു മ്പോഠം, പെട്ടെന്നു് അവൻ ശബ്ദമുയർത്തുകയും തൃപ്തിപ്പെടു ത്താൻ സാധ്യമല്ലാത്തവിധം സ്തുതികളുതിർക്കുകയും ചെയ്യും. അവൻ ദീർഘനേരത്തേയ്ക്കു് അത്ഭുതകരമാംവിധം ഇതു് ആവർ ത്തിച്ചുകൊണ്ടിരിക്കും. ഒരു വ്യതിയാനവും കൂടാതെ ഇങ്ങനെ സംഭവിക്കുന്നു എന്നു ഞാൻ പറയുമ്പോഠം, മങ്ങിയ രീതിയി ലല്ല വ്യക്തമായി ഈ കാര്യങ്ങഠം അനുഭവിക്കുകയും, അവയെ പ്പററി വ്യക്തമായ അവബോധം ഉണ്ടാകുകയും ചെയ്യു ഏതു വ്യക്തിക്കും മനസ്സിലാകും; കാരണം, അനേകം പ്രാവശ്യം ഈ അനുഭവം ഉണ്ടായിട്ടുള്ളതാണ്. അപ്പോഠം മുതൽ ആ വ്യക്തി നിരർത്ഥകമായ വ്യാപാരങ്ങളിൽ നിന്നു് ഒഴിഞ്ഞിരിക്കും. ഇതു കൊണ്ടുത്തരുന്ന നന്മകളുടെ പ്രവാഹത്തിൽനിന്നു് വിച്ഛേ ദിക്കപ്പെടുമോ എന്നു ഭയന്നുകൊണ്ടു് ഇടതടവില്ലാതെ നിരന്തര പ്രാർത്ഥനയിൽ അയാഠം എപ്പോഴും ദൈവത്തോടുകൂടി ആയി രിക്കും.

## (c) പ്രതിപാദനം 18-ൽ നിന്നു്

ശരീരം അധ്വാനിക്കാതെയും ഹൃദയം വ്യാകുലപ്പെടാതെയും ഉള്ള പ്രാർത്ഥനകഠം, ആത്മാവില്ലാത്ത ഗർഭച്ഛിദ്രമായി നീ കണക്കാക്കണം.

## (d) പ്രതിപാദനം 63-ൽ നിന്നു്

ദൈവസ്നേഹസമ്പാദനമാണ് പ്രാർത്ഥനയുടെ ലക്ഷ്യം; എന്തുകൊണ്ടെന്നാൽ ദൈവത്തെ സ്നേഹിക്കാനുള്ള എല്ലാത്തരം കാരണങ്ങളും പ്രാർത്ഥനയിൽ കണ്ടെത്താൻ കഴിയും....[4]

ദൈവത്തോടു സംസാരിക്കുന്നതിൽ നിന്നാണ് ദൈവ സ്നേഹം പുറപ്പെടുന്നതു്; ഈ പ്രാർത്ഥനാസംഭാഷണം നിശ്ശബ്ദ തയിലൂടെ കൈവരുന്നു; സ്വയത്തെ ഉരിഞ്ഞുകളയുന്നതോടു കൂടി ഈ നിശ്ശബ്ദത ഉണ്ടാകുന്നു.

---

4. തുടർന്നുള്ള ചില ഖണ്ഡികകഠം വിട്ടുകളഞ്ഞു.

www.malankaralibrary.com



## (e) പ്രതിപാദനം 74-ൽ നിന്ന്

സന്യാസാനുഷ്ഠാനങ്ങളുടെയെല്ലാം രത്നച്ചുരുക്കം ഈ മൂന്നു കാര്യങ്ങളിൽ അടങ്ങിയിരിക്കുന്നു: അനുതാപം, ശുദ്ധത, പരിപൂർണത

എന്താണ് അനുതാപം? മുൻപാപങ്ങളിൽ നിന്നുള്ള പിൻതിരിയലും അവയെപ്പററിയുള്ള ദുഃഖവും.

ശുദ്ധത എന്നാൽ ചുരുക്കത്തിൽ എന്താണ്? സൃഷ്ടിയിലുള്ള ഓരോ സ്വാഭാവിക വസ്തുവിനോടും കരുണയുള്ള ഹൃദയം.

പരിപൂർണത എന്നാൽ എന്താണ്? ദൃശ്യവും അദൃശ്യവുമായ എല്ലാററിനേയും ഉപേക്ഷിക്കുന്നതിൽ അടങ്ങിയിരിക്കുന്ന അത്യഗാധമായ വിനയം: ദൃശ്യമെന്നു പറഞ്ഞാൽ ഐന്ദ്രിക വിഷയകമായവയെല്ലാം എന്നർത്ഥം. അദൃശ്യമെന്നു പറഞ്ഞാൽ അവയെപ്പററിയുള്ള ചിന്തകൾ എന്നർത്ഥം. അനുതാപം എന്നാൽ എന്താണ്?' എന്ന് അതേ മൂപ്പനോട് മററൊരവസരം ആരോ ചോദിച്ചപ്പോൾ, 'തകർന്ന ഹൃദയം' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. വിനയം എന്നാൽ എന്താണ്? എല്ലാററിനെ സംബന്ധിച്ചും സ്വമേധയായുള്ള ഇന്ദ്രിയനിഗ്രഹം സ്വീകരിക്കൽ' എന്ന് അദ്ദേഹം പ്രതിവചിച്ചു. കരുണയുള്ള ഹൃദയം എന്നാൽ എന്താണ്? മനുഷ്യർക്കും, പറവകൾക്കും, മൃഗങ്ങൾക്കും പിശാചുക്കൾക്കും,[5] സൃഷ്ടി മുഴുവനും, എല്ലാ ജീവജാലങ്ങൾക്കും വേണ്ടിയുള്ള ഹൃദയത്തിന്റെ കത്തിക്കാളൽ. ആ ആളുടെ ഹൃദയത്തെ നിർബന്ധിക്കുന്ന കരുണയുടെ സ്വാധീനം നിമിത്തം അവയെപ്പററിയുള്ള ചിന്തയാലും അവയുടെ ദർശനത്താലും അവന്റെ നയനങ്ങളിൽ കണ്ണുനീർ നിറഞ്ഞൊഴുകുന്നു. അവന്റെ ഹൃദയത്തിന്റെ ധാരാളമായ ദയാവായ്പിനാൽ അതു ചുരുങ്ങുന്നു. സൃഷ്ടിയിലുള്ള യാതൊന്നിനും എന്തെങ്കിലും ഉപദ്രവമോ ചെറിയ വേദനയോ ഉണ്ടാകുന്നതു കാണാനോ കേൾക്കാനോ അവനു സാധിക്കയില്ല. ഇക്കാരണത്താൽ അവൻ സദാസമയവും കണ്ണുനീരോടുകൂടി ബുദ്ധിയില്ലാത്ത മൃഗങ്ങൾക്കു വേണ്ടിയും, സത്യത്തെ ദ്വേഷിക്കുന്നവർക്കുവേണ്ടിയും, തനിക്കു

5. ചിലർ ഒരിജനിസം എന്ന അബദ്ധോപദേശം ഇവിടെ കാണുന്നു: 'പിശാചുക്കളും അവസാനം രക്ഷപ്രാപിക്കും' എന്നതു് ഒരിജനിസത്തിന്റെ പ്രമാണങ്ങളിൽ ഒന്നായിരുന്നു.

www.malankaralibrary.com



ദ്രോഹം ചെയ്യുന്നവർക്കുവേണ്ടിയും, അവരുടെ സംരക്ഷണ ത്തിനും അവരോട്ട് ക്ഷമിക്കപ്പെടുന്നതിനും പ്രാർത്ഥനകൾ അർ പ്പിക്കുന്നു. ദൈവത്തെപ്പോലെ അളവില്ലാത്തവണ്ണം അവന്റെ ഹൃദയത്തിൽ നിവേശിതമായ ധാരാളമായ കരുണനിമിത്തം, അവൻ ഇഴജന്തുക്കൾക്കുവേണ്ടിക്കൂടിയും ഇപ്രകാരം പ്രാർത്ഥി ക്കുന്നു.

എന്താണു പ്രാർത്ഥന? ഇവിടെയുള്ളവയുമായി ബന്ധപ്പെട്ട എല്ലാം മനസ്സിൽനിന്നു് മാററുന്നതു്; ഭാവിപ്രത്യാശയെ നോ ക്കിപ്പാർക്കുന്നതിലേയ്ക്കു് ദൃഷ്ടി പൂർണമായി തിരിച്ചിരിക്കുന്ന ഹൃദയം. ഈ ആദർശത്തിൽനിന്നു് വ്യതിചലിക്കുന്നവൻ തന്റെ വയലിൽ പലതരം വിത്തുകൾ വിതയ്ക്കുന്നവനെപ്പോലെ യാണ്; അല്ലെങ്കിൽ കാളയേയും കഴുതയേയും ഒന്നിച്ച് നുക ത്തിൽ കെട്ടി നിലം ഉഴുന്നവനെപ്പോലെയാണ്.

## 2. ഒന്നാം ഭാഗത്തുനിന്ന്

### പ്രതിപാദനം – 22

*പ്രാർത്ഥനാവസരമുള്ള വിവിധ അനുഭവങ്ങളെ പ്പററി; മനസ്സിന്റെ ശക്തിയുടെ പരിധികളെപ്പററി; മനസ്സിന്റെ അനിയന്ത്രിതമായ പ്രചോദനങ്ങളെ പ്രാർത്ഥനയുടെ വിവിധ തഴക്കങ്ങളാൽ നിയന്ത്രി ക്കാൻ അതിന് എന്തുമാത്രം കഴിയും? പ്രാർത്ഥനാവ സരം പ്രകൃതിക്കു നിശ്ചയിച്ചിരിക്കുന്ന പരിധിയെ പ്പററി; പ്രാർത്ഥനക്ക് അതിലംഘിക്കാൻ പാടില്ലാത്ത പരിധി. അതിനപ്പുറത്തേക്കു കടന്നു കഴിയുമ്പോൾ, അതു പ്രാർത്ഥനയെന്നു പറഞ്ഞാലും അത് എപ്ര കാരമാണ് പ്രാർത്ഥന അല്ലാതാകുന്നത് എന്നതിനെ പ്പററി.*

മനുഷ്യകുലത്തിന്മേൽ തന്റെ ദാനങ്ങൾ ചൊരിഞ്ഞവനു സ്തുതി. മനുഷ്യകുലം ശാരീരികരാണെങ്കിലും അവർ അശരീരി കളുടെ ധർമ്മം ഭൂമിയിൽ നിർവഹിക്കണമെന്നു് അവിടുന്നു നിശ്ചയിച്ചു. ഇത്തരം കാര്യങ്ങളെപ്പററി കേൾക്കാൻപോലും നാം തികച്ചും അയോഗ്യരായിരിക്കെ ഇത്തരം രഹസ്യങ്ങളെ പ്പററി സംസാരിക്കാൻ പൊടിയിൽനിന്നു് എടുക്കപ്പെട്ട പാപി

www.malankaralibrary.com



കളായ നമ്മുടെ പ്രകൃതി യോഗ്യമായിത്തീർന്നു. എന്നാൽ തൻെറ കരുണയാൽ അവിടുന്നു നമ്മുടെ അന്ധമായ ഹൃദയ ക്കണ്ണുകളെ തുറന്നു. തിരുലിഖിതങ്ങളുടെ ആത്മീയാർത്ഥത്തിൽ നിന്നും വലിയ പിതാക്കന്മാരുടെ പ്രബോധങ്ങളിൽ നിന്നും നാം അറിവു നേടാൻ വേണ്ടിയാണിതു്. എൻെറ കൈകൾ കൊണ്ടു് ഞാൻ രചിച്ചവയുടെ ആയിരത്തിലൊരുഭാഗം അനു ഭവം എൻെറ അനുഷ്ഠാന ഫലമായി എനിക്കു് ഉണ്ടാകാൻ ഞാൻ യോഗ്യനായിത്തീർന്നിട്ടില്ല. പ്രത്യേകിച്ചു് ഈ അധ്യാ യത്തിൽ. നമ്മുടെയും ഇതു വായിക്കാൻ ഇടവരുന്നവരുടെയും ആത്മാക്കളെ പ്രകാശിപ്പിക്കാനും പ്രചോദിപ്പിക്കാനും വേണ്ടി എഴുതുവാൻ നാം ധൈര്യപ്പെടുക മാത്രം ചെയ്യുന്നു. പ്രവൃത്തി യിലേക്കു് അടുത്തുവരാനുള്ള ആഗ്രഹം നിമിത്തം ഒരുപക്ഷേ നമ്മുടെ ആത്മാവു് ഉണർവുള്ളതായി തീർന്നേക്കാം.

പിന്നെന്തു്? പ്രാർത്ഥനാവസരമുള്ള സന്തുഷ്ടി പ്രാർത്ഥനാ വസരമുള്ള ദർശനത്തിൽ നിന്നു വ്യത്യസ്തമാണു്. ഒരു കൊച്ചു കുട്ടിയേക്കാൾ മുതിർന്നയാൾ വലിയവനായിരിക്കുന്നതുപോലെ രണ്ടാമത്തേതു് ഒന്നാമത്തേതിനേക്കാൾ ഉന്നതമാണു്. ചില പ്പോൾ തിരുലിഖിത വാക്യങ്ങൾ തന്നെ വായിൽ കൂടുതൽ മാധുര്യമുള്ളതായി അനുഭവപ്പെടും. മതിവരാതെയും മറ്റൊന്നി ലേക്കു കടക്കാനാഗ്രഹിക്കാതെയും സാധാരണമായ ഒരു പ്രാർ ത്ഥനാവാക്യം നിരവധി പ്രാവശ്യം ആവർത്തിക്കും. ചില പ്പോൾ പ്രാർത്ഥനയിൽ നിന്നു ദർശനം[6] പിറക്കുന്നു; ഇതു് ചുണ്ടുകളിൽ നിന്നു പ്രാർത്ഥനയെ വെട്ടിനീക്കുന്നു; ഇതു ദർശിക്കു ന്നവൻ വിവശനായി ആത്മാവില്ലാത്ത ജഡം പോലെയായി ത്തീരുന്നു. പ്രാർത്ഥനയിലുള്ള ദർശനത്തിൻെറ കഴിവു് എന്നു് ഇതിനെ നാം വിളിക്കുന്നു. വിഡ്ഢികളായ ആളുകൾ പറയു ന്നതുപോലെയുള്ള ഏതെങ്കിലും പ്രതിമയിലോ ചിത്രരൂപ ത്തിലോ ഇതു് ഉൾക്കൊള്ളുന്നില്ല. പ്രാർത്ഥനയിലെ ഈ ദിവ്യദർശനത്തിനും അതിൻേറതായ ഡിഗ്രികളും വിവിധ ദാന ങ്ങളും ഉണ്ടു്; എന്നാൽ ഈ സ്ഥാനം വരെ അതു പ്രാർത്ഥനതന്നെ യാണു്. കാരണം, പ്രാർത്ഥന അല്ലാത്ത[7] അവസ്ഥയിൽ ചിന്ത കടന്നുചെല്ലുന്നില്ല. എന്തുകൊണ്ടെന്നാൽ, പ്രാർത്ഥന യേക്കാളും ശ്രേഷ്ഠതരമായ ഒന്നുണ്ടു്. പ്രാർത്ഥനാവസരം നാവിൻെറയും ഹൃദയത്തിൻെറയും ചലനങ്ങൾ താക്കോലുകൾ

6. Theoria (Contemplation)

7. non-prayer

www.malankaralibrary.com



പോലെ പ്രവർത്തിക്കുന്നു.[8] ഇവസ്ഥശേഷം വരുന്നതു് ഭണ്ഡാരത്തിലേക്കുള്ള യഥാർത്ഥ പ്രവേശനമാണ്. ഈ സ്ഥാനം മുതൽ വായും നാവും ചിന്തകളുടെ സൂക്ഷിപ്പുകാരനായ ഹൃദയവും ഇന്ദ്രിയങ്ങളെ ഭരിക്കുന്ന മനസ്സും വേഗതയുള്ള കാററായ ധൈര്യമുള്ള അത്രുപിയും, അവസ്ഥയുള്ള എല്ലാ മാർഗ്ഗങ്ങളോടും ഉപയോഗങ്ങളോടും കൂടിനിശ്ശബ്ദമാകുന്നു. ഭവനത്തിൻെറ ഉടമസ്ഥൻ എത്തിയതിനാൽ യാചനകളും നിലയ്ക്കുന്നു.

പിതാക്കന്മാർ പറഞ്ഞിരിക്കുന്നതുപോലെ, മനുഷ്യകുലത്തിനുവേണ്ടി ദൈവം നല്കിയ നിയമത്തിൻെറയും കല്പനകളുടെയും ശക്തികൾക്കെല്ലാം ഹൃദയശുദ്ധിവരെ എത്തുന്ന അതിർത്തിയുണ്ട്. അതുപോലെ, മനുഷ്യർ ദൈവത്തോടു നടത്തുന്ന പ്രാർത്ഥനയുടെ വൈവിധ്യത്തിനും ഇനങ്ങൾക്കും ഹൃദയശുദ്ധിവരെ എത്തുന്ന അതിർത്തികളുണ്ട്. നെടുവീർപ്പുകൾ, സാഷ്ടാംഗപ്രണാമങ്ങൾ, ഹൃദയസ്പർശിയായ അപേക്ഷകൾ, യാചനകൾ, മാധുര്യമേറിയ കണ്ണുനീരുകൾ, ഞാൻ പറഞ്ഞതുപോലെ മറെറല്ലാത്തരം പ്രാർത്ഥനകൾ എന്നിവയെല്ലാം ശുദ്ധപ്രാർത്ഥനവരെ മാത്രമേ അവയുടെ അംഗീകൃത അതിർത്തിയുള്ളു. പ്രാർത്ഥനയുടെ ശുദ്ധതയിൽ നിന്നു് ഉള്ളിലേക്കു കടന്നാൽ, ഈ അതിർത്തികടന്നു കഴിഞ്ഞാൽ, മനസ്സിനു പിന്നെ പ്രാർത്ഥനയില്ല, ചലനമില്ല, കണ്ണുനീരില്ല, അധികാരമില്ല, സ്വാതന്ത്ര്യമില്ല, അപേക്ഷകളില്ല, ആഗ്രഹമില്ല, ഈ ലോകത്തിലും വരാനിരിക്കുന്ന ലോകത്തിലും പ്രതീക്ഷിക്കുന്ന ഒന്നിനോടുമുള്ള ആഗ്രഹവും ഇല്ല. ഇക്കാരണത്താൽ ശുദ്ധപ്രാർത്ഥനയ്ക്കപ്പുറത്തു് ഒരു പ്രാർത്ഥനയുമില്ല. പ്രാർത്ഥനയ്ക്കുള്ള വിവിധ പ്രചോദനങ്ങളെല്ലാം തങ്ങളുടെ സ്വതന്ത്രമായ അധികാരത്താൽ ആ സ്ഥാനം വരെ മനസ്സിനെ നയിക്കുന്നു; അതുകൊണ്ടാണ് പ്രാർത്ഥനയിൽ അത്യധ്വാനം ഉള്ളതു്. എന്നാൽ അതിർത്തിക്കപ്പുറത്തു് പ്രാർത്ഥനയല്ല, ആശ്ചര്യമാണുള്ളതു്. ആ തലം മുതൽ മനസ്സ് പ്രാർത്ഥനയിൽനിന്നു വിരമിക്കുന്നു. കാണാനുള്ള കഴിവു് അവിടെയുണ്ടു്. എന്നാൽ മനസ്സു പ്രാർത്ഥിക്കുന്നതേയില്ല.

ആത്മാവിൻെറ പ്രചോദനങ്ങളിലൂടെയാണ് എല്ലാത്തരം പ്രാർത്ഥനകളും ആരംഭിക്കുന്നതു്. എന്നാൽ ആധ്യാത്മികാസ്തിത്വങ്ങളുടെ പ്രചോദനങ്ങളിൽ ബുദ്ധി പ്രവേശിച്ചു കഴിയുമ്പോൾ, അതിനു് അവിടെ പ്രാർത്ഥിക്കാൻ സാധിക്കുകയില്ല.

---

8. അപ്പമെയായിലെ യോഹന്നാൻ, ഹെസീക്കിയസിനുള്ള കത്ത്, 1 കാണുക: മുകളിൽ പേ. 72 – 73 കാണുക.

www.malankaralibrary.com



പ്രാർത്ഥന ഒരു കാര്യം; എന്നാൽ പ്രാർത്ഥനാവസരമുള്ള ദിവ്യ ദർശനം [9] മറെറാരു കാര്യം. അവയിൽ ഒന്നിന്റെ കാരണം മററതിലാണ്. എങ്കിലും ആദ്യത്തേതു വിത്തു്, രണ്ടാമത്തേതു് കററകളുടെ കെട്ടുകൾ. അത്ഭുതങ്ങൾ നിറഞ്ഞ കാഴ്ചകളുള്ള കൊയ്ത്തിന്റെ സ്ഥലത്തു് വിവരണാതീതമായവ അവൻ കാണുന്നു: താൻ വിതച്ച ദുരിതപൂർണവും നിസ്സാരവുമായ വിത്തുകളിൽ നിന്നു്, പെട്ടെന്നു തനിക്കു മുൻപിലായി എത്ര മഹനീയമായ ഗോതമ്പിലകളാണു മുളച്ചുവരുന്നതു്! ആ കാഴ്ച യിൽ അവൻ ചലനരഹിതനാകുന്നു.

പ്രാത്ഥനകളെല്ലാം യാചനയോ, അപേക്ഷയോ, സ്തുതി യോ, കൃതജ്ഞതാപ്രകടനമോ ആണ്. ബുദ്ധി ഈ അതിർത്തി കടന്നു് ആ തലത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ ഇവ യിലേതെങ്കിലുമോ, ഏതെങ്കിലും തരത്തിലുള്ള അപേക്ഷയോ ഉണ്ടോ എന്നു് പരിശോധിക്കുക. സത്യം അറിയാവുന്നവരെ പ്പററിയാണ് ഞാൻ സംസാരിക്കുന്നതു്. ഈ വ്യത്യാസങ്ങൾ എല്ലാവർക്കുമല്ല, പിന്നെയോ, ഈ സംഗതിയുടെ ശുശ്രൂഷകരും കാഴ്ചക്കാരും ആയിത്തീർന്നവർക്കും ഇവരെപ്പോലെയുള്ള പിതാ ക്കന്മാരുടെ സന്നിധിയിൽ വളർന്നവർക്കും മാത്രം പരിശോധി ക്കുവാനുള്ളതാണ്. അവരുടെ വായിൽനിന്നു് സത്യം സ്വീക രിക്കുകയും സത്യമെന്താണ് എന്നതിനെ സംബന്ധിച്ചു് ചർച്ച ചെയ്യുകയും തങ്ങളുടെ ജീവിതകാലത്തു് ഇത്തരം ജീവിതരീതി കൾ അനുവർത്തിക്കുകയും ചെയ്യുവരാണവർ.

കല്പനകളും നിയമങ്ങളും പൂർത്തിയാക്കി ആത്മാവിന്റെ സുതാര്യതയ്ക്കു് അർഹനായി പതിനായിരത്തിൽ ഒരാളെ കഷ്ടിച്ചു് കണ്ടെത്തിയേക്കാം; അതുപോലെ വളരെയധികം ജാഗരണം, ശുദ്ധപ്രാത്ഥന, എന്നിവയുടെ ഫലമായി യോഗ്യ നായിത്തീരുകയും ഈ അതിർത്തി കടക്കുകയും ആ രഹസ്യ ത്തിനു് അർഹനായി പരിഗണിക്കപ്പെടുകയും ചെയ്യുന്നതു് അനേകരിൽ ഒരുവൻ മാത്രമേയുള്ളു. ശുദ്ധപ്രാത്ഥനയ്ക്കുപോലും അനേകർ യോഗ്യരായി പരിഗണിക്കപ്പെടുന്നില്ല; പിന്നെയോ കുറച്ചുപേർ മാത്രം; അതിനപ്പുറത്തുള്ള രഹസ്യത്തെ സംബന്ധി ച്ചാണെങ്കിൽ, ദൈവകൃപയാൽ ഈ അറിവിനെ സമീപിച്ചവ രായി ഓരോ തലമുറയിലും ആരെയെങ്കിലും കണ്ടെത്തപ്പെടുക അപൂർവമാണ്.

---

9. Contemplation

www.malankaralibrary.com



പ്രാർത്ഥന അപേക്ഷയാണ്; അല്ലെങ്കിൽ എന്തെങ്കിലും ഒരു വസ്തുവിനുവേണ്ടിയുള്ള താല്പര്യവും അഭിലാഷവുമാണ്; അല്ലെങ്കിൽ ഇപ്പോഴുള്ളതോ വരാനിടയുള്ളതോ ആയ തിന്മകളിൽനിന്നു് രക്ഷപെടാനുള്ള ആഗ്രഹം; അല്ലെങ്കിൽ വാഗ്ദാനങ്ങൾക്കുവേണ്ടിയുള്ള ആഗ്രഹം. അല്ലെങ്കിൽ ദൈവത്തോടു കൂടുതൽ അടുക്കാനായി ഒരുവനെ സഹായിക്കുന്ന ഏതെങ്കിലും യാചന, ഈ പ്രചോദനങ്ങളിൽ[10] വിവിധയിനം പ്രാർത്ഥനകൾ ഉൾക്കൊള്ളുന്നുണ്ടു്.

പ്രാർത്ഥനയുടെ ശുദ്ധതയോ ശുദ്ധതയില്ലായ്മയോ താഴെ പ്പറയുന്നതിൽ അടങ്ങിയിരിക്കുന്നു. ബലിയർപ്പിക്കാനായി നാം സൂചിപ്പിച്ച ഈ പ്രചോദനങ്ങളിലൊന്നിനെ മനസ്സ് ക്ഷണിക്കുന്ന അവസരങ്ങളിൽ, ഈ ബലിയിൽ മനസ്സ് എന്തെങ്കിലും വിരുദ്ധ ചിന്തയോ അജാഗ്രതയോ കൂട്ടിക്കലർത്തിയാൽ അതു് അശുദ്ധം എന്നു വിളിക്കപ്പെടുന്നു. ആത്മീയ തുണായ,[11] ഹൃദയം എന്ന കർത്താവിൻെറ ബലിപീഠത്തിൽ അനുവദനീയമല്ലാത്ത മൃഗത്തെ അവൻ വച്ചിരിക്കുന്നതിനാലാണതു്.

എന്നാൽ ഈ പ്രചോദനങ്ങളിലൊന്നുമായി മനസ്സ് താല്പര്യപൂർവം ബന്ധിതമാകുമ്പോൾ – ഇതു് അപേക്ഷയുടെ അവസരം അപേക്ഷിക്കുന്ന കാര്യത്തെ സംബന്ധിച്ചുള്ള ആവശ്യകതയെ ആശ്രയിച്ചിരിക്കുന്നു; അതിൻെറ വലിയ താല്പര്യത്തിൻെറ ഫലവുമാണിതു്– ഹൃദയത്തിൻെറ വിരികളുള്ളിൽ അതിൻെറ പ്രചോദനങ്ങളുടെ നോട്ടങ്ങൾ വിശ്വാസനയനങ്ങളാൽ വലിച്ചുടപ്പിക്കപ്പെടുന്നു. ഉടമ്പടിയുടെ കൂടാരത്തിനുള്ളിൽ പ്രവേശിക്കാൻ നിയമം അനുവദിക്കാത്ത, "പരദേശികൾ"[12] എന്നു വിളിക്കപ്പെടുന്ന വിരുദ്ധ ചിന്തകളെ പുറത്തുനിർത്തിക്കൊണ്ടു് ആത്മാവിൻെറ പ്രവേശനദ്വാരങ്ങൾ അതുവഴി കാത്തു സംരക്ഷിക്കപ്പെടുന്നു. 'ഹൃദയത്തിൻെറ സ്വീകാര്യമായ ബലിയും ശുദ്ധപ്രാർത്ഥനയും' എന്നു് അവർ വിളിക്കുന്നതു് ഇതിനെയാണ്. പ്രാർത്ഥനയുടെ അതിർത്തി ഈ തലത്തിൽ എത്തുന്നു: അതിനുശേഷം അതു് പ്രാർത്ഥനയെന്നു് വിളിക്കപ്പെടുന്നില്ല.

---

10. Stirrings

11. ഉല്പ. 28: 18

12. എസ. 44; 9 കാണുക.

www.malankaralibrary.com



''ഇതും പ്രാത്ഥനയുടെ അതിർത്തിക്കുള്ളിലാണ്'' എന്നു് അവകാശപ്പെട്ടുകൊണ്ടു്, പിതാക്കന്മാരുടെ വാക്കുകളുടെ അത്ഥം ഗ്രഹിക്കാതെ, പിതാക്കന്മാർ ''ആത്മീയപ്രാർത്ഥന'' എന്നു പറഞ്ഞിരിക്കുന്നതു് അവതരിപ്പിക്കുന്നവർ, കൃത്യമായ അറിവിലേക്കു വരാനിടയായാൽ, 'ആത്മീയപ്രാത്ഥന പ്രാർത്ഥിക്കാൻ സാധിക്കും' എന്നു് സൃഷ്ടിക്കപ്പെട്ട വ്യക്തികൾ പറയുന്നതു തന്നെ ദൈവദൂഷണമാണ് എന്നു് അവർക്കു മനസ്സിലാകും എന്നു് എനിക്കു തോന്നുന്നു. കാരണം, പ്രാൎത്ഥിക്കാവുന്ന പ്രാത്ഥനകളെല്ലാം ആത്മീയ തലത്തിന്റെ ഈ വശത്താണ്; എന്നാൽ ആത്മീയമായിട്ടുള്ളവയെല്ലാം പ്രചോദനമോ പ്രാർത്ഥനയോ കൂടാതെയുള്ള തലത്തിലാണ്. ശുദ്ധമായ രീതിയിൽ പ്രാർത്ഥിക്കാൻ മനുഷ്യവ്യക്തിക്കു് കഷ്ടിച്ചേ സാധിക്കയുള്ളു. അങ്ങനെയെങ്കിൽ ആത്മീയരീതിയിൽ അതു നടത്തുന്നതിനെപ്പറ്റി എന്താണ് പറയേണ്ടതു്? പിതാക്കന്മാർ എല്ലാ ശ്രേഷ്ഠപ്രചോദനങ്ങളേയും എല്ലാ ആത്മീയ വ്യാപാരങ്ങളേയും 'പ്രാത്ഥന' എന്ന പദംകൊണ്ടു് വിളിച്ചിരുന്നു. ഇവ മാത്രമല്ല, പിന്നെയോ, – പ്രാത്ഥന ഒരു സംഗതി, സദ്പ്രവൃത്തി മറ്റൊരു സംഗതി എന്നതു് വ്യക്തമാണെങ്കിലും – ഭാഗ്യവാനായ ഭാഷ്യകാരൻ[13] പ്രാത്ഥനയുടെ തലക്കെട്ടിൻകീഴിൽ സദ്പ്രവൃത്തികളെയും ഉൾപ്പെടുത്തിയിരുന്നു. ''ആത്മീയപ്രാത്ഥന'' എന്നു് മററിടങ്ങളിൽ അവർ വിളിക്കുന്നതിനെ ചിലപ്പോൾ അവർ ദർശനം എന്നും, ചിലപ്പോൾ 'അറിവു്' എന്നും മററു ചിലപ്പോൾ 'ആത്മീയ കാര്യങ്ങളുടെ വെളിപാടുകൾ' എന്നും വ്യവഹരിച്ചിരുന്നു.

ആത്മീയകാര്യങ്ങളെപ്പററി എത്ര വൈവിധ്യമാർന്ന പദങ്ങളാണ് പിതാക്കന്മാർ ഉപയോഗിച്ചിരിക്കുന്നതെന്നു് കാണുക. ഭൗമിക കാര്യങ്ങൾക്കു മാത്രമേ കൃത്യമായ പദപ്രയോഗം സാധ്യമാകൂ; പുതിയ ലോകത്തെ സംബന്ധിക്കുന്ന കാര്യങ്ങൾക്കു് ഇതു സാധ്യമല്ല: അവിടെയുള്ളതു് പേരുകൾക്കും, അടയാളങ്ങൾക്കും, വർണ്ണനകൾക്കും, നിറങ്ങൾക്കും, രൂപങ്ങൾക്കും, കണ്ടുപിടിച്ചിട്ടുള്ള പദങ്ങൾക്കും ഉപരിയായ അതുല്യവും ഋജുവുമായ അവബോധം മാത്രമാണ്. ഇക്കാരണത്താൽ, ദൃശ്യലോകത്തിന്റെ ഈ സർക്കിളിനു് ഉപരിയായി ആത്മാവിന്റെ അവബോധം ഉയർത്തപ്പെട്ടു കഴിയുമ്പോൾ, ഈ അവബോധത്തെക്കുറിച്ചു് അവയുടെ കൃത്യമായ നാമങ്ങൾ

---

13. മൊപ്സുവെസ്റ്റ്യായിലെ തിയഡോർ, മതാധ്യാപനപ്രസംഗങ്ങൾ, 11.3: ജി. ചേടിയത്തു്, പേ. 135 - 136. അഫ്രാത്തു്, Demon. 4 കാണുക (മുകളിൽ പേ. 19ff).

www.malankaralibrary.com



ആക്കും അറിയാൻ പാടില്ലാത്തതിനാൽ, പിതാക്കന്മാർ തങ്ങൾക്കിഷ്ടമുള്ള പേരുകളിൽ ഇതിനെ വിളിക്കുന്നു. എന്നാൽ ആത്മാവിന്റെ ചിന്തകൾക്ക് എന്തെങ്കിലും മുറുകെപ്പിടിക്കാൻ ഉണ്ടാകാൻവേണ്ടി, നാം വിവിധ ആലങ്കാരികപദങ്ങൾ ഉപയോഗിക്കുന്നു. ഇതു് വിശുദ്ധ ദിവന്നാസ്യോസിന്റെ വാക്കുകളുമായി ഒത്തുപോകുന്നു.[14] അദ്ദേഹം പറഞ്ഞു: "ഇന്ദ്രിയങ്ങളെപ്പറ്റി പറയുമ്പോൾ നാം അക്ഷരങ്ങളും ഒരുപദം മാത്രമുള്ള വ്യഞ്ജനക്കൂട്ടങ്ങളും സാധാരണ പേരുകളും വാക്കുകളും ഉപയോഗിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവിനാൽ ദിവ്യകാര്യങ്ങൾക്കുവേണ്ടി നമ്മുടെ ആത്മാവു് പ്രചോദിതമാകുമ്പോൾ ഇന്ദ്രിയങ്ങളും അവയുടെ പ്രവർത്തനങ്ങളും നമുക്ക് വ്യർത്ഥമായിത്തീരുന്നു; എത്തിപ്പിടിക്കാനാവാത്ത ഐക്യംവഴി നമ്മുടെ ആത്മാവു് ദൈവത്വത്തിന്റെ സാദൃശ്യമായിത്തീരുകയും, ദർശനമില്ലാത്ത പ്രചോദനങ്ങൾവഴി മഹനീയതയുടേതായ പ്രകാശകിരണങ്ങളാൽ അതു പ്രകാശിക്കുകയും ചെയ്യുമ്പോൾ ആത്മാവിന്റെ ആത്മീയശക്തികൾ വ്യർത്ഥമായിത്തീരുന്നതുപോലെയാണിതു്."

അതുകൊണ്ടു് എന്റെ സഹോദരാ, നിനക്കു ഈ കാര്യത്തിൽ ഉറപ്പുണ്ടായിരിക്കട്ടെ: പ്രാർത്ഥനയിൽ ശുദ്ധത ഉണ്ടായിരിക്കുന്ന അവസ്ഥവരെ വിവിധപ്രചോദനങ്ങളെ വേർതിരിച്ചറിയാൻ തുടങ്ങുന്നതിനു ബുദ്ധിക്കു് അധികാരമുണ്ടു്. എന്നാൽ ആ തലത്തിൽ എത്തിക്കഴിഞ്ഞാൽ, ഒന്നുകിൽ അതു പുറംതിരിയുന്നു; അല്ലെങ്കിൽ അതു് പ്രാർത്ഥനയല്ലാതാകുന്നു. അങ്ങനെ പ്രാർത്ഥന അസ്തിത്വാവസ്ഥയുടെയും ആത്മീയാസ്തിത്വത്തിന്റെയും ഇടയിൽ മധ്യവർത്തിയായി വർത്തിക്കുന്നു. പ്രാത്ഥനയ്ക്കായി പ്രയോജനമുണ്ടാകുന്നതെല്ലാം ആത്മാവിന്റെ അസ്തിത്വതലത്തിലാണ്; എന്നാൽ അതു് മറേറ തലത്തിലേക്കു കടന്നു കഴിഞ്ഞാൽ അപ്പോൾ പ്രാർത്ഥന അവസാനിക്കുന്നു.

ബുദ്ധി ആത്മാവിനാൽ നിറഞ്ഞുകഴിയുമ്പോൾ വിശുദ്ധർ പുതിയലോകത്തിൽ വാസ്തവത്തിൽ പ്രാത്ഥിക്കുന്നില്ല. അവർ ആ സന്തുഷ്ടമായ മഹത്വത്തിൽ അത്ഭുതസ്തബ്ധരായി കഴിയുന്നു. അതുപോലെ വരാനിരിക്കുന്ന ഭാഗ്യപൂർണമായ സ്വർഗ്ഗീയാനന്ദത്തിന്റെ അവസ്ഥ ദർശിക്കുവാൻ ബുദ്ധി യോഗ്യമാകുമ്പോൾ അതു് അതിനെത്തന്നെയും ഇവിടെയുള്ള എല്ലാ വസ്തുക്കളെയും മറക്കുന്നു; ഒന്നിന്റെയും ചിന്തയാൽ അതു് പിന്നെ പ്രചോദിതമാകുന്നില്ല.

---

14. ദിവന്നാസ്യോസ്, *Divine Names*, 4. II

www.malankaralibrary.com



ശാരീരികവും മാനസ്സികവുമായി വിവിധതരത്തിലുള്ള എല്ലാ പ്രാർത്ഥനകളും, എല്ലാ സുകൃതങ്ങളും, ഇച്ഛയുടെ സ്വാതന്ത്ര്യമായ തെരഞ്ഞെടുപ്പുകൊണ്ട് ആരംഭിക്കയും ഭരിക്കപ്പെടുകയും ചെയ്യുന്നു എന്നു ധൈര്യപൂർവം പറയാൻ സാധിക്കും. ഇന്ദ്രിയങ്ങളുടെമേൽ അധികാരമുള്ള ബുദ്ധിയും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ ആത്മാവിന്റെ പ്രവർത്തനം, ഇന്ദ്രിയങ്ങളെയും ചിന്തകളെയും നിയന്ത്രിക്കുന്ന ബുദ്ധിയുടെമേൽ ഭരണം നടത്താൻ തുടങ്ങുമ്പോൾ ജന്മനായുള്ള, സ്വാഭാവികമായ, സ്വതന്ത്രതെരഞ്ഞെടുപ്പ് നീക്കപ്പെടുകയും ബുദ്ധിതന്നെയും നയിക്കപ്പെടുകയും ചെയ്യുന്നു; അതു് നയിക്കയല്ല ചെയ്യുക. തനിക്കജ്ഞാതമായ ദിശയിലേക്കു നയിക്കപ്പെട്ട്, പ്രകൃത്യാതന്നെ തന്മേലുള്ള അധികാരം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ, എങ്ങനെയാണ് പ്രാർത്ഥന ഉണ്ടായിരിക്കുക. തനിക്കിഷ്ടമുള്ള രീതിയിൽ മനസ്സിന്റെ പ്രചോദനങ്ങളെ അതു നയിക്കുന്നില്ല; പിന്നെയോ തനിക്കു അവബോധമില്ലാത്ത ദിശയിലേക്കു നയിക്കപ്പെട്ട്, പ്രകൃത്യാ ഉണ്ടായിരുന്ന അവസ്ഥയുടെ സ്ഥാനത്ത് അപ്പോൾ അടിമത്താവസ്ഥ ഭരണം നടത്തുന്നു. കാരണം, ആ അവസരം വ്യക്തിക്കു ഇച്ഛാശക്തി ഇല്ലാതാകുന്നു; തിരുലിഖിതം സാക്ഷിക്കുന്നതുപോലെ താനൊരു ശരീരത്തിലാണോ അല്ലയോ എന്ന് അറിയുന്നുപോലുമില്ല (2കൊറി. 12:2). തന്നെപ്പററിപോലും ഒരാൾ അറിയാതിരിക്കുമ്പോൾ, ഈ തരത്തിൽ അടിമയാക്കപ്പെട്ട വ്യക്തിക്ക് പ്രാർത്ഥിക്കാനാവുമോ? അതുകൊണ്ട് ആത്മീയപ്രാർത്ഥന പ്രാർത്ഥിക്കാൻ സാധ്യമാണു എന്നുപറയുവാൻ ധൈര്യപ്പെടുന്ന ചിലരുണ്ട് എന്ന് ആരും ദൈവദൂഷണപരമായി അവകാശപ്പെട്ടുകൂടാ. മെസ്സാലിയർ തങ്ങളെപ്പററി പറയുന്ന ഒരു ധിക്കാരമാണിത്. ആത്മാവിന്റെ പ്രാർത്ഥന പ്രാർത്ഥിക്കാൻ തങ്ങൾ ആഗ്രഹിക്കുമ്പോഴൊക്കെ പ്രാർത്ഥിക്കാൻ ശക്തരാണെന്നു തങ്ങളെപ്പററിത്തന്നെ വീമ്പടിക്കുന്ന അഹങ്കാരികളായ അജ്ഞരാണവർ. എന്നാൽഉൾക്കാഴ്ചയുള്ളവരും പിതാക്കന്മാരിൽനിന്നു പഠിക്കാൻ സ്വയം വിധേയരാകുന്നവരും സ്വാഭാവികവ്യക്തിയുടെ പരിമിതികൾ അറിയാവുന്നവരുമായ വിനീതർ അത്തരം ധാർഷ്ട്യത്തെ പരിഗണിക്കാറില്ല.

ഇതു പ്രാർത്ഥന അല്ലാതിരിക്കെ 'പ്രാർത്ഥന' എന്ന പേരു് ഈ അവാച്യദാനത്തിനു പിന്നെന്തുകൊണ്ടാണു നൽകപ്പെട്ടിരിക്കുന്നത്? നാം പറയുന്ന കാരണം ഇതാണ്. പ്രാർത്ഥനാവസരം യോഗ്യരായവർക്കു ദാനം നൽകുന്നതുപോലെ, അതിന്റെയും ആരംഭം പ്രാർത്ഥനയാണ്. കാരണം, പിതാക്കന്മാർ സാക്ഷിക്കുന്നതുപോലെ പ്രാർത്ഥനയുടെ അവസരത്തിലല്ലാതെ മററൊരു സന്ദർഭത്തിലും ഈ മഹനീയദാനം ചൊരിയപ്പെട്ട

www.malankaralibrary.com



ന്നില്ല. കൂടാതെ, നിരവധി വിശുദ്ധരെ സംബന്ധിച്ച് അവർ പ്രാർത്ഥനയിൽ ആയിരിക്കുമ്പോഠം അവരുടെ ബുദ്ധി ബലാൽ ഗ്രസിക്കപ്പെട്ടുകയായിരുന്ന എന്ന് അവരുടെ ജീവിതത്തിൽ നാം കാണുന്നു.

''ശ്രേഷ്ഠവും അവാച്യവുമായ ഈ ദാനങ്ങഠം ഈ പ്രാർത്ഥനാസമയത്തുമാത്രമുണ്ടാകുന്നതു എന്തുകൊണ്ടാണ്'' എന്ന് ആരെങ്കിലും ചോദിച്ചേക്കാം. നമ്മുടെ മറുപടി ഇതാണ്: ''ദൈവത്തിൽ നിന്നു കരുണ പ്രതീക്ഷിക്കുകയും നോക്കിപ്പാർക്കുകയും ചെയ്തുകൊണ്ട് ഈ സമയം മറേറതു സമയത്തെക്കാളും കൂടുതലായി മനുഷ്യൻ ഏകാഗ്രചിത്തതയിലും ദൈവദർശനത്തിനു ഒരുക്കമുള്ള അവസ്ഥയിലും ആയിരിക്കും.'' ചുരുക്കത്തിൽ, തന്റെ യാചനകഠം നടത്തിക്കൊണ്ട് അവൻ രാജാവിന്റെ വാതില്ക്കൽ നില്ക്കുന്ന അവസരമാണിതു്; യഥാർത്ഥമായ ആഗ്രഹത്തോടുകൂടി അപേക്ഷിക്കുന്നവന്റെ യാചന അവനു് അപ്പോഠം സാധിച്ചുകൊടുക്കുക എന്നതു ഉചിതമാണ്. കാരണം, പ്രാർത്ഥിക്കുമ്പോഴല്ലാതെ എപ്പോഴാണു മനുഷ്യൻ ഏററം ശ്രദ്ധാലുവും ഒരുക്കമുള്ളവനും താഴ്മയുള്ളവനുമായ അവസ്ഥയിൽ ആയിരിക്കുന്നതു്? അല്ലെങ്കിൽ അവൻ ഉറങ്ങുമ്പോഴോ, അല്ലെങ്കിൽ മറെറന്തെങ്കിലും ചെയ്യുമ്പോഴോ, തന്റെ മനസ്സിൽ അജാഗ്രമായിരിക്കുമ്പോഴോ ഇതിനു് അവൻ അർഹനായിത്തീരുക എന്നതു് ഉചിതമാണോ? വിശുദ്ധർ അലസമായി ഒരു നിമിഷംപോലും ചെലവഴിച്ചിരുന്നില്ല; അവരുടെ സമയം മുഴുവൻ അവർ ആത്മീയകാര്യങ്ങഠംക്കായി വിനിയോഗിച്ചിരുന്നു: അവർ പ്രാർത്ഥനയ്ക്കായി ഒരുങ്ങി നില്ക്കാത്തപ്പോഠം വേദപുസ്തകത്തിലെ ഏതെങ്കിലും കഥകളെപ്പററി ധ്യാനിച്ചുകൊണ്ടിരിക്കുകയാകും ചെയ്യുക; അല്ലെങ്കിൽ സൃഷ്ടിയെപ്പററിയുള്ള വിചിന്തനത്തിൽ അവരുടെ ബുദ്ധി വ്യാപരിച്ചുകൊണ്ടിരിക്കയാകും, അതുമല്ലെങ്കിൽ ധ്യാനത്തിനു പ്രയോജനപ്രദമായ മററുകാര്യങ്ങഠം ചിന്തിച്ചുകൊണ്ടിരിക്കുകയാകും. എന്നാൽ പ്രോത്സാഹജനകവും തീക്ഷ്ണവുമായ തീവ്രതയോടുകൂടി ഹൃദയത്തിൽനിന്നു അപേക്ഷകഠം സമർപ്പിക്കുന്നതിനാൽ പ്രാർത്ഥനാവസരമാണു പ്രത്യേകമായി ദൃഷ്ടി ദൈവത്തിൽ ഉറപ്പിക്കുന്നതും, തന്റെ പക്കലേക്കു് അതിന്റെ ചലനങ്ങളുടെ സമ്പൂർണമായ ഗതിമാത്ര പ്രസരിക്കുന്നതും. ഇക്കാരണത്താൽ, മനസ്സിൽ ഒരൊററ ചിന്തമാത്രമുള്ള നിമിഷം ദിവ്യകൃപ ലഭിക്കുക ഉചിതമാണ്.

നാം അർപ്പിക്കുന്ന ദൃശ്യമായ അർപ്പണത്തിന്മേൽ ഉള്ള ആത്മാവിന്റെ ദാനം സംബന്ധിച്ചും ഇതുതന്നെ നമുക്കു കാണാൻ കഴിയും. ബുദ്ധി ദൈവത്തിൽ ഉറപ്പിച്ചുകൊണ്ടും തീഷ്ണ

www.malankaralibrary.com



മായ അപേക്ഷകരം അർപ്പിച്ചുകൊണ്ടും എല്ലാവരും ഒരുക്കമുള്ളവരായി പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുമ്പോഴാണ് ബലിപീഠത്തിൽ വച്ചുപ്പെട്ടിരിക്കുന്ന അപ്പത്തിന്മേലും വീഞ്ഞിന്മേലും ആത്മാവ് ഇറങ്ങുന്നതു്.

യോഹന്നാൻെറ ഗർഭധാരണത്തെക്കുറിച്ച് അറിയിച്ചുകൊണ്ട് സ്കറിയായ്ക്ക് മാലാഖാ കാണപ്പെട്ടതും പ്രാർത്ഥനാവസരമായിരുന്നു. (ലൂക്കാ 1:13). പത്രോസിൻെറ കാര്യത്തിലും അങ്ങനെതന്നെ. മട്ടുപ്പാവിൽ ആറാം മണിക്കൂറിലെ പ്രാർത്ഥനയിൽ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴാണ് അവനു വെളിപാടുണ്ടായതു്. വന്യമൃഗങ്ങളോടുകൂടിയ ഒരു വിരിപ്പ് ആകാശത്തുനിന്നിറങ്ങുന്നതുവഴി ജാതികളുടെ സ്വീകരണം അവൻ ദർശിച്ചു (നട 10: 9_16). കൊർണേലിയോസിനു് ദർശനം ഉണ്ടായതും പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴാണ് എന്നാണ് എഴുതപ്പെട്ടിരിക്കുന്നതു് (നടപടി10: 1_8). പ്രാർത്ഥനയിൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടിരുന്നപ്പോഴാണ് നൂൻെറ മകനായ ജോഷ്വായോട് ദൈവം സംസാരിച്ചതു് (ജോഷ്വ 7: 6_15). കൂടാരത്തിൻെറ മുകളിൽ വച്ചിരുന്ന കൃപാസനത്തെ സംബന്ധിച്ചും അപ്രകാരംതന്നെ. ആവശ്യമുള്ള കാര്യങ്ങരം ദൈവത്തിൽനിന്നു് ആണ്ടിലൊരിക്കൽ അതിലൂടെ പുരോഹിതൻ ഗ്രഹിച്ചിരുന്നു. ഇസ്രായേൽ ഗോത്രങ്ങളെല്ലാം ഒന്നിച്ചുകൂടി പ്രാർത്ഥനാപൂർവം പുറത്തെ കൂടാരത്തിൽ ഭയത്തോടും വിറയലോടുംകൂടെ നിന്നിരുന്ന പ്രാർത്ഥനയുടെ ഉദാത്തനിമിഷത്തിൽ മഹാപുരോഹിതൻ അകത്തെ വിശുദ്ധസ്ഥലത്തു് പ്രവേശിച്ച്, സാംഷ്ടാംഗപ്രണാമം ചെയ്തു കിടക്കുമ്പോരം ഭീതികരവും അവാച്യവുമായ ഒരു വെളിപാടു വഴി കൂടാരത്തിൻെറ മുകളിലുള്ള കൃപാസനത്തിനുള്ളിൽനിന്നു് ദൈവത്തിൻെറ സുഭാഷിതങ്ങരം അവനു് കേരംക്കാമായിരുന്നു.[15] ആ അവസരം സംഭവിച്ചിരുന്ന രഹസ്യം എത്ര ഭീതികരമായിരുന്നു. വിശുദ്ധർക്കുണ്ടായ ദർശനങ്ങളും വെളിപാടുകളുമൊക്കെ ഇത്തരത്തിലുള്ളതായിരുന്നു: അവയെല്ലാം പ്രാത്ഥനാവസരങ്ങളിലാണ് സംഭവിച്ചിട്ടുള്ളതു്.

ദൈവത്തോട് ഒരു വ്യക്തി സംസാരിക്കുന്ന പ്രാത്ഥനാസമയത്തേക്കാരം ഏതു സമയമാണു കൂടുതൽ വിശുദ്ധവും വിശുദ്ധീകരണത്തിനും ദൈവിക ദാനങ്ങരം സ്വീകരിക്കുന്നതിനും പററിയതായിട്ടുള്ളതു്? ദൈവത്തെപ്പററി മാത്രം ചിന്തി

15. പുറ 25: 21–22; ലേവ്യ 16; എബ്രാ 9:7; സംഖ്യ 20:6

www.malankaralibrary.com



ച്ചുകൊണ്ടും തൻെറ മനസ്സു മുഴുവൻ ദൈവിക സമ്പർക്കത്തിൽ മുഴുകിക്കൊണ്ടും എല്ലാ പ്രചോദനങ്ങളും എല്ലാ ചിന്തകളും ശക്തിയായി ഏകാഗ്രമാക്കി, ദൈവത്തോടു് അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുമ്പോഴാണ് അവൻെറ ഹൃദയം അവനെക്കൊണ്ടു നിറയുന്നതു്. ഈ തലം മുതലാണ് പരിശുദ്ധാത്മാവു്, വ്യക്തിയുടെ കഴിവനുസരിച്ചും അവൻെറ പ്രാർത്ഥനയ്ക്കു് പൂരകമായിരുന്നും അപ്രാപ്യമായ ചില ഉൾക്കാഴ്ചകൾ അവനിൽ ഉദിപ്പിക്കുന്നതു്. ഈ ഉൾക്കാഴ്ചകൾവഴി എല്ലാ ത്തരത്തിലുമുള്ള ചലനങ്ങളിൽ നിന്നും പ്രാത്ഥന വിച്ഛേദിക്കപ്പെടുന്നു എന്നതാണ് ഇതിൻെറ അനന്തരഫലം. ബുദ്ധി ആശ്ചര്യത്താൽ വിഴുങ്ങപ്പെടുന്നു. താൻ യാചിച്ചുകൊണ്ടിരുന്ന കാമ്യവസ്തുവിൻെറ കാര്യവും പാടേ വിസ്മരിച്ചുപോകുന്നു: പകരം ആഴമായ ഒരു ലഹരിയിൽ അതിൻെറ പ്രചോദനങ്ങൾ മുങ്ങിപ്പോകുന്നു;ആ വ്യക്തി അപ്പോൾമുതൽ ഈ ലോകത്തിലെ അല്ല. ശരീരത്തിൻെറയോ ആത്മാവിൻെറയോ വിവേചനമോ എന്തിനെപ്പററിയെങ്കിലുമുള്ള ഓർമ്മയോ അവിടെ ഇല്ലാതാകുന്നു. എവാഗ്രിയസ് പറയുന്നതുപോലെ,[16]"വിശുദ്ധ ത്രിത്വത്തിൻെറ പ്രകാശത്തിൽ നിന്നു് അത്ഭുതത്താൽ മാത്രം വിച്ഛേദിക്കപ്പെടുന്ന മനസ്സിൻെറ അവസ്ഥയാണു പ്രാർത്ഥന." ഈ പ്രതിപാദനത്തിൻെറ ആരംഭത്തിലും അതിനുശേഷം പലയിടങ്ങളിലും ഞാൻ പറഞ്ഞതുപോലെ, പ്രാർത്ഥനയുടെ ഫലമായി മനസ്സിൽ ഉദയം ചെയ്യുന്ന ഉൾക്കാഴ്ചകളാൽ അത്ഭുതപ്പെട്ടു് പ്രാത്ഥന എപ്രകാരം നിലച്ചുപോകുന്നു എന്നു നീ കണ്ടുവല്ലോ.

എവാഗ്രിയസ് ഇതും പറയുന്നു:[17] "ബൗദ്ധിക യാഥാത്മ്യങ്ങളുടെ മകുടമാണ് ബുദ്ധിയുടെ അവസ്ഥ; ആകാശത്തിൻെറ നിറത്തോടു് ഇതു സദൃശ്യമാണ്. കാരണം, അതിൽ പ്രാത്ഥനാവസരം വിശുദ്ധ ത്രിത്വത്തിൻെറ പ്രകാശം ഉദയം ചെയ്യുന്നു." പ്രാർത്ഥനാവസരം ഈ മഹനീയാവസ്ഥയിലേക്കുയർത്തപ്പെട്ടു്, ഈ കൃപയ്ക്കു് ആരെങ്കിലും യോഗ്യനായിത്തീർന്നാൽ, അവൻ പറയുന്നു: [18] "ബുദ്ധി പഴയ മനുഷ്യനെ ഉരിഞ്ഞുകളയുകയും കൃപാവരം വഴി പുതിയവനെ ധരിക്കുകയും ചെയ്യുമ്പോൾ, തൻെറ അവസ്ഥയെ ആകാശത്തിൻെറ നിറമായ ഇന്ദ്രനീലവർണ്ണത്തിനു് സദൃശ്യമാകുന്നതായി പ്രാർത്ഥനാവസരം

16. എവാഗ്രിയസ്, *Capita Cognoscitiva*, 30

17. *Ibid*. 4

18. *Ibid*. 25

www.malankaralibrary.com



അതു കാണും. അതിനെ 'ദൈവത്തിന്റെ സ്ഥലം' എന്ന് ഇസ്രാ യേലിലെ മൂപ്പന്മാർ വിളിച്ചിരുന്നു. അവർ അതു മലയിൽ ദർശിച്ചു.[19]

അങ്ങനെ, ഞാൻ പറഞ്ഞതുപോലെ, ഈ ദാനത്തെ 'ആത്മീയ പ്രാർത്ഥന' എന്നു വിളിക്കാൻ പാടില്ല. ഇതിനെ പിന്നെ എന്താണു വിളിക്കേണ്ടതു്? ആത്മാവിനാൽ വിഴുങ്ങ പ്പെട്ട, ശുദ്ധപ്രാർത്ഥനയുടെ സന്താനം. ആ തലം മുതൽ മനസ്സ് പ്രാർത്ഥനയ്ക്കപ്പുറമാണ്. അവിടെ പ്രാർത്ഥന അവസാനി ക്കുന്നു; അതിനേക്കാരം ശ്രേഷ്ഠമായ ഒന്ന് അതു കണ്ടെത്തിയി രിക്കുന്നു. അവിടെ വാസ്തവത്തിൽ മനസ്സ് പ്രാർത്ഥിക്കുന്നതേ യില്ല. മർത്ത്യജീവികളുടെ ലോകത്തിന്റേതല്ലാത്ത അപ്രാപ്യ വസ്തുക്കളെ സംബന്ധിച്ചുള്ള അത്ഭുതത്തിന്റെ കാഴ്ചമാത്രം. ഇവിടെയുള്ള ഒന്നിനെപ്പററിയുമുള്ള അറിവില്ലാതെ മനസ്സ് നിശ്ചലമാകുന്നു. 'അറിവില്ലാതിരിക്കുക'യാണിതു്. അതേ പ്പററി ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: എവാഗ്രിയസ് പറ ഞ്ഞതുപോലെ[20] "പ്രാത്ഥനാവസരം, അറിയാത്തതിൽ എത്തി ച്ചേർന്നവൻ ഭാഗ്യവാനാകുന്നു. അതിനെ ഉല്ലംഘിക്കാൻ സാധ്യമല്ല."

## 3. വിജ്ഞാനത്തെപ്പററിയുള്ള അധ്യായങ്ങളിൽ നിന്ന്

1. 42. ധ്യാനാത്മകമല്ലാത്ത പ്രാർത്ഥന അനർഗളമായി ഒഴുകുന്നില്ല. അത്തരം പ്രാത്ഥന കഷ്ടിച്ച് പ്രാത്ഥിക്കാമെന്നേ യുള്ളു. മനസ്സിന്റെ കൂരിരുട്ടുകൊണ്ടാണ് ഇതുണ്ടാകുന്നതു്; ഇന്ദ്രി യങ്ങരം വളരെയധികം ശിഥിലീകൃതമായതിന്റെ ഫലമാണ് ഈ കൂരിരുട്ട്: ഇന്ദ്രിയങ്ങളുടെ ശിഥിലീകരണം ബുദ്ധിയുടെ ശിഥിലീകരണത്തിലേയ്ക്കു നയിക്കുന്നു; ഇതിൽനിന്ന് മനസ്സിൽ കൂരിരുട്ട് ഉടലെടുക്കുന്നു. ധ്യാനാത്മകമായി പ്രാർത്ഥിക്കുന്ന യാരം സന്തുഷ്ടിയിൽ വസിക്കുന്നു: അയാരം സന്തോഷപൂർവം പ്രാർത്ഥിക്കുന്നു; പരിശ്രമം കൂടാതെ അയാരം പ്രാർത്ഥനയിൽ നിലനിൽക്കുന്നു.

---

19. എഫേ 4: 22-4; കൊളോ 3:.9-10; 24:11 (lxx)

20. എവാഗ്രിയസ്, *Kephalaia Gnostica* III. 88.

www.malankaralibrary.com



4.32 ശുദ്ധപ്രാൎത്ഥന എന്നതു് ജഡിക കാര്യങ്ങൾ ചിന്തിക്കുന്നതിൽനിന്നു് വിട്ടുനില്ക്കലും, ആത്മാവിനു സന്തുഷ്ടി പ്രദാനം ചെയ്യുന്ന വസ്തുക്കളുടെ ഇടതടവില്ലാത്ത വ്യാപരിക്കലുമാണ്.

4. 34 നീ പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്നതിനു മുമ്പു്, അലഞ്ഞുതിരിയുന്ന ചിന്തകളിൽനിന്നു് ശുദ്ധീകരിക്കപ്പെടുന്നതുവരെ കാത്തിരിക്കരുതു്: നിരന്തര പ്രാൎത്ഥനകൊണ്ടു മാത്രമേ അത്തരം മനപ്പതർച്ചയെ ആട്ടിയോടിക്കാൻ സാധിക്കൂ. അതിനാകട്ടെ, കഠിനാധ്വാനം ആവശ്യമാണുതാനും. നിന്റെ മനസ്സു് പരിപൂർണമായിത്തീർന്നെന്നും എല്ലാ ലൗകിക ചിന്തകൾക്കും ഉപരിസ്ഥമായിത്തീർന്നെന്നും കാണുമ്പോൾ മാത്രം നീ പ്രാൎത്ഥിക്കാൻ തുടങ്ങുന്നുള്ളുവെങ്കിൽ, നീ ഒരിക്കലും പ്രാർത്ഥിക്കാൻ പോകുന്നില്ല.

4. 63 നാം ഇതും മനസ്സിലാക്കണം. വായിക്കുന്നതും സൃഷ്ടലോകത്തെ ധ്യാനിക്കുന്നതും സുപ്രധാനപ്രവർത്തനങ്ങളാണെങ്കിലും ഇവവഴി ലഭിക്കുന്ന സമാശ്വാസത്തേക്കാൾ മെച്ചപ്പെട്ടതാണു് പ്രാർത്ഥനയിലും കാനോനാ നമസ്കാരത്തിലും നല്കപ്പെടുന്ന സമാശ്വാസം. വിശുദ്ധ ഗ്രന്ഥത്തിൽനിന്നും ആശ്ചര്യഭരിതരാക്കുന്ന അതിലെ വാചകങ്ങളിൽനിന്നും, പുരോഗമിച്ച അവസ്ഥയിലുള്ള ആളുകൾക്കുകൂടി ലഭിക്കുന്ന സമാശ്വാസങ്ങൾ, മധ്യാവസ്ഥയിലുള്ളവർക്കു് ആനന്ദം പകരുന്ന സമാശ്വാസങ്ങളിൽ, ഒരു പ്രത്യേക വിഭാഗത്തിൽ പെടുന്നവയാണ്. സംസാരം, കാഴ്ച, കേൾവി എന്നിവയിലൂടെ ബാഹ്യഉറവിടങ്ങളിൽനിന്നു് ഏകാന്തവാസികൾ കിട്ടുന്ന സമാശ്വാസത്തേക്കാൾ ഉന്നതമാണു് ഒരു മധ്യവർത്തിയെ കൂടാതെ ഹൃദയത്തിൽനിന്നു മാത്രം ഉയരുന്ന സമാശ്വാസങ്ങൾ എന്നു നീ മനസ്സിലാക്കണം. അധരങ്ങളിലുള്ള പ്രാൎത്ഥനയേക്കാൾ കൂടുതൽ ആന്തരികമായ പ്രാർത്ഥനവഴി ഇതു സംഭവിക്കാം; അല്ലെങ്കിൽ ഒരു മൂർത്തമാധ്യവും കൂടാതെ പ്രത്യക്ഷപ്പെട്ടു്, മനസ്സിൽ പെട്ടെന്നു് ഉടലെടുക്കാം. അതു് പരിശുദ്ധാത്മാവിന്റെ വെളിപാടാണു്; അതു് ഒരുതരം പ്രവചനവുമാണ്; കാരണം, ഹൃദയം വാസ്തവത്തിൽ പ്രവചിക്കുകയാണ്. അവിടെ പരിശുദ്ധാത്മാവു് നിഗൂഢകാര്യങ്ങൾ അതിനു വെളിപ്പെടുത്തുന്നു; അതിന്മേൽ തിരുലിഖിതത്തിനുപോലും അധികാരം ഇല്ല. വെളിപ്പെടുത്താനായി തിരുലിഖിതത്തിനു് അനുവാദമില്ലാതിരുന്നതു് ഗ്രഹിക്കുവാൻ ശുദ്ധമനസ്സിനു് അനുവാദമുണ്ടു്. തിരുലിഖിതത്തിനു് ഭരമേല്പിക്കപ്പെട്ടിരിക്കുന്നതിനും അപ്പുറത്തേക്കു കടക്കുന്ന എന്തോ ആണിതു്. എന്നിരുന്നാലും ഇവയുടെയെല്ലാം ഉറവിടം വിശുദ്ധ ഗ്രന്ഥവായനയാണ്: ഇതിൽനിന്നാണു് മനസ്സിന്റെ സൗന്ദര്യം വരുന്നതു്.

www.malankaralibrary.com



*ഭാഷ്യം*: ഇവയെല്ലാം വിശുദ്ധ ലിഖിത വായനയിൽ നിന്നുടലെടുക്കുന്നതാണ്: ശുദ്ധപ്രാർത്ഥന തന്നെയും അത്തരം വായനയിൽ നിന്നു് ഉത്ഭവിക്കുന്നു. അതുപോലെ മനസ്സിന്റെ ഓർമ്മയും ഈ വായനയിൽനിന്നു ലഭിക്കുന്നു. ഇതിൽനിന്നാണ് ഈ സംഗതികളെല്ലാം രൂപീകൃതമാകുന്നതും മനസ്സിന്റെ ഗ്രഹണ ശക്തിയിൽ എത്തുന്നതും. നിരന്തരമായ വിശുദ്ധ ഗ്രന്ഥപാരായണഫലമായി ഉടലെടുക്കാത്ത പ്രാർത്ഥന, കാലുകളില്ലാതെ ഓടാനാഗ്രഹിക്കുന്ന ശരീരം പോലെയാണ്. മനസ്സിന്റെ ഉൾക്കാഴ്ചകൾവഴി തങ്ങളുടെ ലക്ഷ്യത്തിലേക്ക് പ്രേരിപ്പിച്ചുകൊണ്ട് അത്തരം മനസ്സുകൾക്കനുയോജ്യമായ തരത്തിലുള്ള പ്രാർത്ഥനയെപ്പററിയാണു ഞാൻ സംസാരിക്കുന്നതു്.

64. പ്രാർത്ഥന എന്ന വിഷയത്തെപ്പററി നാം സംസാരിക്കാൻ പോകുന്നതിനാലും, പ്രാർത്ഥനയിൽ തിരിച്ചറിയാവുന്ന ഘട്ടങ്ങൾ വഴി തങ്ങൾ എത്തിച്ചേർന്ന ഘട്ടം ഏതാണ് എന്നു് അറിയാൻ അനേകർ ആഗ്രഹിക്കുന്നതിനാലും, പ്രാർത്ഥനയിലുള്ള ഈ ഘട്ടങ്ങളെ ചുരുക്കമായി വേർതിരിക്കാൻ ശ്രമിക്കാം. അതുകൊണ്ട് നിങ്ങളുടെ ഇന്ദ്രിയങ്ങളെ കൂർമ്മതയുള്ളതാക്കുക; മനപ്പതർച്ചയിൽനിന്നു് നിങ്ങളുടെ ഗ്രഹണശക്തിയെ ശുദ്ധീകരിച്ച് ഏകാഗ്രമാക്കുക. നമ്മുടെ എല്ലാ ജീവിതാവസ്ഥകളിലും ഉള്ള വിശ്രമം എന്ന അത്ഭുതകരമായ അവസ്ഥയിലേയ്ക്ക് ബുദ്ധിയുടെ സഹായത്തോടുകൂടി നാം കടക്കുന്നതിനാൽ ബുദ്ധിയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കാം. എന്തുകൊണ്ടെന്നാൽ അതിനുള്ളിൽ ദിവ്യവിശ്രമം സ്ഥാപിതമായിരിക്കുന്നു. വാസ്തവത്തിൽ, ശുദ്ധപ്രാർത്ഥനയ്ക്കും അതിന്റെ അനുഭവത്തിനും അർഹരാകുവാനായി നോക്കിപ്പാർത്തുകൊണ്ട് ദൃശ്യവും ജീർണ്ണതയ്ക്കു വിധേയവുമായ വസ്തുക്കളുടെ ദർശനത്തെ നിന്ദിച്ചവരുടെ നേരായ എല്ലാ പ്രവർത്തനങ്ങളും നല്ല മാനുഷിക പരിശ്രമവും ഈ ലക്ഷ്യത്തിലാണ് ദൃഷ്ടി പതിപ്പിച്ചിരിക്കുന്നതു്.

65. ഒന്നാമതായി, ഇതു മനസ്സിൽ വയ്ക്കുക: പ്രകൃത്യതീതമായ കാര്യങ്ങളെപ്പററി സംസാരിക്കാൻ നാം തയ്യാറല്ല; പിന്നെയോ പ്രകൃത്യനുസൃതമായവയും ശുദ്ധപ്രാർത്ഥനയുടെ വിഭാഗത്തിൽപെടുന്നവയും മാത്രം. കാരണം, അത്തരം കാര്യങ്ങളെപ്പററി അനേകർ സംശയാലുക്കളാണ്. ഓരോരുത്തന്റെയും വ്യത്യസ്ത പുരോഗമനാവസ്ഥയനുസരിച്ച് സഞ്ചരിച്ചുകൊണ്ട് ഈ അവസ്ഥയിലെത്തിയ ഉത്സാഹികളും പ്രകാശിതരുമായ ഭൂരിഭാഗം സഹോദരന്മാർക്കും ഈ കാര്യങ്ങൾ അനുഭവവേദ്യമാകയാലാണു ഞാനിതു ചെയ്യുന്നതു്.

www.malankaralibrary.com



ഇവയിൽനിന്നു മററു ഘട്ടങ്ങളിലേക്കു കടക്കാൻ മനുഷ്യ പ്രകൃതിക്കു സാധ്യവുമാണു്.

ജാഗരൂകനും പ്രാർത്ഥനാനിയമം ഉള്ളവനും നിശ്ശബ്ദത യുടെ ശിഷ്യനും ആയ വ്യക്തി ഇതു യുക്തമായ വായനയായി മനസ്സിലാക്കും. എന്നാൽ വ്യത്യസ്തമായൊരു ഘട്ടത്തിലാ യിരിക്കുകയും വ്യത്യസ്ത ജീവിതാവസ്ഥയിലായിരിക്കുകയും ചെയ്യുന്ന വ്യക്തിക്കു് ഇത്തരം കാര്യങ്ങളിൽ അന്തർഭവിച്ചി രിക്കുന്ന അധ്വാനവും അവയെപ്പററിയുള്ള ചർച്ചയും, പ്രാർത്ഥന യിൽ മനസ്സിൻെറ അതിർവരമ്പുകളും സംരക്ഷിക്കുന്നതും മന സ്സിൻെറ വിവിധതരം പ്രചോദനങ്ങളെപ്പററി പഠിക്കുന്നതും സമയം പാഴാക്കലായി തോന്നാം.

അതുകൊണ്ടു് പ്രാർത്ഥനാവസരം മനസ്സിൻെറ യാത്രയുടെ ലക്ഷ്യം എന്തെന്നറിയാൻ അതിൻെറ പാത സൂക്ഷ്മമായി പരിശോധിക്കുക; അതിൻെറ പ്രാർത്ഥന സ്വച്ഛന്ദമായും ധാരാളമായും ഒഴുകുന്നുണ്ടോ അതോ നിന്നുപോകുകയോ വല്ല പ്പോഴും ഉണ്ടാകുകയോ ചെയ്യുന്നതാണോ എന്നു കാണുക. രണ്ടാ മത്തേതാണെങ്കിൽ, അതു മനസ്സിൻെറ വിങ്ങൽ മൂലമാണോ അതോ ഏതെങ്കിലും ഉൾക്കാഴ്ചയുടെ ധാരാളമായ പ്രകാശ ത്തിൻെറ ഫലമായി, പുരോഗമിക്കുന്നതിൽ നിന്നു് തടയപ്പെ ട്ടിരിക്കയാണോ എന്നു് നിരീക്ഷിക്കുക. ഒരാൾക്കു പ്രാർത്ഥന പ്രവഹിച്ചുകൊണ്ടിരിക്കാം; മററൊരാൾക്കു് മറേറ സാഹചര്യ മായിരിക്കാം ചേരുന്നതു്. വീണ്ടും, ഒരാളുടെ പ്രാർത്ഥന നിശ്ശബ്ദമായിരിക്കാം; മററൊരാളുടേതു് ഇളകിമറിയുന്നതും തീക്ഷ്ണവുമാകാം; ഒരാൾ മനസ്സിൻെറ ആഴത്തിൽനിന്നു പ്രാർ ത്ഥിച്ചെന്നിരിക്കും; മററൊരാൾ തൻെറ ചിന്തകളുടെ പ്രവാ ഹത്തിൽ നിന്നാകാം. ചിലപ്പോൾ ഒരാളുടെ ദീർഘനിശ്വാസ ത്തിൽ നിന്നു് പ്രാർത്ഥന ഉയർന്നേക്കാം; മററവസരം ഉള്ളിൽ നിന്നുള്ള അസഹ്യമായ പ്രചോദനങ്ങൾ പ്രാർത്ഥന പൊട്ടി പ്പുറപ്പെടാൻ കാരണമായേക്കാം.

സംഭവിക്കുന്ന ഈ വ്യത്യസ്ത കാര്യങ്ങൾ കൊണ്ടു് ഒരാ ളുടെ പ്രത്യേകഘട്ടം തീരുമാനിക്കാൻ സാധിക്കും. ഇവയിൽ ഓരോ ഘട്ടത്തിൻേറതുമായ പ്രചോദനങ്ങൾ ഉണ്ടാകുന്നതിൽ നിന്നു് ഏതു ഘട്ടമാണു് ഉന്നതമെന്നു് വ്യക്തമാകും. ഏതെ ങ്കിലും പ്രത്യേക പ്രചോദനത്തിൻെറ തുടർച്ചയായ തങ്ങിനിൽ ക്കൽ വഴി, താൻ അനുതാപിയുടെ നിരകളിലാണു നിൽക്കുന്ന തെന്നു് ആളിനു തിരിച്ചറിയാം; തൻെറ സ്വന്തം ആത്മാവിൻെറ ശോഭ ദർശിക്കുന്നവൻെറയും അല്ലെങ്കിൽ അനുതാപപാതയിൽ

www.malankaralibrary.com



പകുതിദൂരം യാത്ര ചെയ്തയാളിന്റെയും, അല്ലെങ്കിൽ അതു പൂർത്തിയാക്കി സന്തുഷ്ടിയുടെ അച്ചാരം സ്വീകരിക്കാൻ തുടങ്ങിയ വ്യക്തിയുടെയും കാര്യത്തിൽ ഇതുതന്നെ പറയാനാവും– അനുതാപത്തെ അനുഗമിക്കുന്ന ദാനങ്ങളെപ്പററിയാണു ഞാൻ പരാമർശിക്കുന്നത്. എന്നാൽ ഇതെല്ലാം ശുശ്രൂഷ്ക്കാന്തിയുള്ളവരെപ്പററി മാത്രമാണ്; മുകളിൽ പറഞ്ഞവയൊന്നും അയഞ്ഞ മനസ്ഥിതിക്കാർക്ക് ഉള്ളതല്ല – പ്രാർത്ഥനാകാര്യത്തിൽ ശ്രദ്ധിക്കുന്നവർക്കു മാത്രം, പ്രാർത്ഥന പരിപോഷിപ്പിക്കുന്നു എന്നു് ഉറപ്പുവരുത്താനായി നിർബന്ധിത പ്രാർത്ഥനാനിയമം ഉള്ളവർക്കു മാത്രം.

ഇനി നമുക്കു് യഥാർത്ഥ പ്രാർത്ഥനയിലേക്കു വന്നു് ശ്രേഷ്ഠതരമായവകൊണ്ടു് താഴ്ന്ന ഘട്ടങ്ങളെ ചുരുക്കമായി വിശദമാക്കാം.

66. പ്രചോദനങ്ങളുടെ തീവ്രത നല്ലതാണെങ്കിലും അതു ശുദ്ധ പ്രാർത്ഥനയുടെ ശ്രേഷ്ഠഭാഗമല്ല; അതു തീക്ഷ്ണതയുടെ ഭാഗമാണ്. വേദനയോടുകൂടി കെട്ടുപിണഞ്ഞോ, സന്തോഷത്തോടുകൂടിയോ അനുതാപം അതിന്റെ ലക്ഷ്യമാക്കിക്കൊണ്ടു് ഇങ്ങനെ ഉണ്ടാകുമ്പോൾ അതു വളരെ നല്ലതാണ്. എങ്കിൽ തന്നെയും അതു രണ്ടാം നിരയിലോ മൂന്നാം നിരയിലോ മാത്രം ഉൾപ്പെട്ടതാണ്. ഈ കാര്യങ്ങൾ നീ അനുഷ്ഠിക്കുമ്പോൾ നീ ശരിയായ പാതയിലല്ല യാത്ര ചെയ്യുന്നതു് എന്നു ഞാൻ പറയുന്നില്ല; മറിച്ച്, ഈ കാര്യങ്ങൾ അത്യുന്നത തലത്തിൽ പെട്ടവയല്ല; പിന്നെയോ മധ്യാവസ്ഥകളിൽ മാത്രം ഉൾപ്പെട്ടവയാണ്. ശുദ്ധപ്രാർത്ഥനയിലെ ഏററം അമൂല്യവും സുപ്രധാനവുമായ സവിശേഷത പ്രചോദനങ്ങളുടെ ഹ്രസ്വതയും ലഘുതയും ആണ്; അതുപോലെ, സജീവ പ്രാർത്ഥനയുടെ ഈ ചുരുങ്ങലിൽ അത്ഭുതപ്പെട്ട് മനസ്സ് വെറുതെ ദൃഷ്ടിയുറപ്പിച്ചിരിക്കുന്നു എന്ന കാര്യത്തിലും ഇതു് അടങ്ങിയിരിക്കുന്നു. ഇതിൽ നിന്നു്, മനസ്സിലൂടലെടുക്കുന്ന ഹ്രസ്വമായ പ്രചോദനവുമായി ബന്ധപ്പെട്ടു് താഴെപ്പറയുന്നവയിലൊന്നു് മനസ്സിനു സംഭവിക്കുന്നു: ഒന്നുകിൽ, ഏതെങ്കിലും പ്രത്യേക വാക്യത്തെ സംബന്ധിച്ച് ബുദ്ധിക്കു കിട്ടിയ അറിവിന്റെ കീഴടക്കുന്ന വികാരസാന്ദ്രതയുടെ ഫലമായി അതു നിശ്ശബ്ദതയിലേയ്ക്കു പിൻവാങ്ങുന്നു; അല്ലെങ്കിൽ ആ അവസ്ഥയിൽ അതു സന്തുഷ്ടമായി കഴിയുന്നു. പ്രാർത്ഥനാവസരം പ്രചോദിതമായപ്പോൾ അതു ലക്ഷ്യമാക്കിയിരുന്നതു് അതായിരുന്നല്ലോ. മതിവരാത്ത സ്നേഹാഭിലാഷത്തോടുകൂടി ഹൃദയം അതു നിലനിർത്തുന്നു.

www.malankaralibrary.com



ശുദ്ധപ്രാർത്ഥനയുടെ പ്രധാനപ്പെട്ട സവിശേഷതകരം ഇവയാണ്. പ്രാർത്ഥനാവസരം ഇവയൊക്കെ നിനക്കു ചൂണ്ടു പലകകളായിരിക്കട്ടെ. പ്രാർത്ഥനയുടെ വിവിധ ഭാഗങ്ങളിൽ ഈ വ്യത്യസ്താവസ്ഥകളിൽ എവിടെയൊക്കെയാണ് മനസ്സു കേന്ദ്രീകരിക്കേണ്ടതെന്നു് നിരീക്ഷിക്കുക: ആദ്യത്തെ അവസ്ഥയിലോ, അതിനു പിറകേ വരുന്നതിലോ.

67. നീണ്ട മനോഹര പ്രാർത്ഥനാമഞ്ജരികരം ഹൃദയത്തിൽനിന്നു് സ്വച്ഛന്ദമായും ധാരാളമായും ഒഴുകുകയും വിവിധ പ്രചോദനങ്ങളുടെ തീവ്രത ഉണ്ടാകുകയും ചെയ്താൽ അതു തീക്ഷ്ണതയുടെ അടയാളമാണ്. വാക്കുകളിൽ അടങ്ങിയിരിക്കുന്ന പ്രകാശത്തെപ്പററിയുള്ള അവബോധം മനസ്സിനു് ഇതുവരെ ഉണ്ടായിട്ടില്ല എന്നും, പ്രാർത്ഥനാവസരം ആന്തരിക നയനത്തെ പ്രകാശിപ്പിക്കുന്ന അറിവിൻെറ അനുഭവം ഇതുവരെ ലഭിച്ചിട്ടില്ലെന്നും ഉള്ളതിൻെറ സൂചനയാണിതു്. എങ്കിലും ഹൃദയമോ, അധരങ്ങളോ പുറപ്പെടുവിക്കുന്ന വസ്തുക്കളിൽ നിന്നു് മനസ്സിനു ശക്തി കിട്ടുന്നുണ്ടു്.

പ്രാർത്ഥിക്കുന്നതിൽ അടങ്ങിയിരിക്കുന്ന ശക്തിയെപ്പററി മനസ്സിനു് അവബോധം ഉണ്ടാകുകയും വാക്കുകളിൽ ഉരംക്കൊണ്ടിരിക്കുന്ന സത്യത്താൽ പ്രകാശിതമാകുകയും ചെയ്യുന്നതു്, ഈ അവബോധം ഉച്ചാരണ സമൃദ്ധിയിലൂടെ യാത്രചെയ്യുന്നതിനോ അതിനോടു് കൂട്ടിച്ചേർക്കുന്നതിനോ അവനെ അനുവദിക്കുന്നില്ല പിന്നെയോ നാം അല്പം മുൻപു് വിവരിച്ച രണ്ടിലൊരു മാർഗ്ഗത്തിലൂടെ നേരേ അവനെ ബന്ധിക്കാൻ പോകുകയാണ് എന്നതിൻെറ അടയാളമാണ്.

68. നാം ഇതും അറിഞ്ഞിരിക്കണം. പ്രാർത്ഥനയുടെ നീളവും ദൈർഘ്യവും വാക്കുകളുടെ ബഹുത്വത്തിൽ നിന്നോ, നീണ്ടതും വൈവിധ്യമാന്നതുമായ പദപ്രയോഗങ്ങളിൽ നിന്നോ വരുന്നില്ല; മറിച്ചു്, ആ അവസരം മനസ്സിനു വെളിപ്പെടുന്ന ഉക്തികളുടെ ശക്തിയുടെയും അറിവിൻെറ ഉറവിടത്തിൻെറയും ഫലമാണ്. പ്രാത്ഥനയിൽ മനസ്സു് പ്രകാശിതമാകുമ്പോരം യാചനകളുടെയും യാമപ്രാത്ഥനകളിലെയും എല്ലാ വാക്കുകളിലും അതിനു് ഉരംക്കാഴ്ച ലഭിക്കുന്നില്ല എന്നു് ഇതിൽ നിന്നു് നാം പഠിക്കണം. ഇല്ല; മനസ്സു് പ്രകാശിതമാകുമ്പോരം അതിനു് ഒരു ചെറിയ വാക്യത്തിൻെറ ശക്തി മാത്രമേ കിട്ടുന്നുള്ളു. മനസ്സിനെ പ്രകാശിപ്പിച്ച ആ വാചകത്തിൻെറ ഫലമായി അതു് അനുഭൂതിയിലേക്കു തിരിയുന്നു. ഈ ഘട്ടം വരെ അതു് സജീവമായി പ്രവർത്തിച്ചിരുന്നു; എന്നാൽ ആ പ്രത്യേക വാക്യത്തിൽ

www.malankaralibrary.com



നിന്നുള്ള പ്രകാശം മനസ്സിൽ നിലനില്ക്കുന്നിടത്തോളം സമയം, ആ വാക്യം വിട്ട് മറെറാന്നിലേക്ക കടക്കാൻ സ്വാഭാവിക കഴിവുകറം അശക്തങ്ങളായിത്തീരുന്നു. അവയിൽ ഒന്നിനാൽ മനസ്സ് പ്രകാശിതമാകുന്നിടത്തൊക്കെ നിശ്ചലതയിലേക്ക് കൊണ്ടു വന്ന് അതു നില്ക്കുന്നെങ്കിലും പ്രകാശം നീങ്ങിക്കഴിഞ്ഞാൽ അതിന് മറെറാരു വാക്യത്തിലേക്ക കടക്കാം. മനസ്സിന് എല്ലാം നന്നായിരിക്കുമ്പോറം പിന്നെ പ്രചോദനങ്ങളുടെ തീവ്രപ്രവാഹത്തിൻെറ ആവശ്യം എന്താണ്? ധാരണാശക്തിയെ തുറക്കത്തക്കവിധം ഒരാറം ശ്രദ്ധാപൂർവം പ്രാത്ഥിച്ചു കഴിഞ്ഞാൽ പിന്നെ ബാഹുല്യത്തിലേക്ക് തിരിയേണ്ട കാരണമൊന്നുമില്ലെങ്കിൽ നീണ്ട ചങ്ങലസമാനവാക്കുകറംക്കും വൈവിധ്യമാർന്ന വാക്യങ്ങളുടെ ഒഴുക്കിനും എന്തു പ്രസക്തിയാണുള്ളത്?

69. ഇവയിലെല്ലാം, ഒരു അയഞ്ഞ മനസ്സിനെയല്ല ഞാൻ പ്രകീർത്തിക്കുന്നത്. വലിയ പ്രകാശത്തിൻെറ ഫലമായി മനസ്സ് അതിൻെറ പ്രവർത്തനത്തിൽ നിന്ന് പിന്മാററപ്പെട്ടേക്കാം എന്നാണു ഞാൻ പറഞ്ഞുവരുന്നത്. തീക്ഷ്ണമായ പ്രാത്ഥനയെ ഞാൻ നിരസിക്കുന്നില്ല; നീണ്ട യാമപ്രാർത്ഥനകറംക്കും ഞാൻ എതിരല്ല. മറിച്ച്, ഞാൻ വിശദീകരിക്കാൻ ശ്രമിച്ചത്, അവയുടെ അവസരം ഉളവാകുന്ന ദാനങ്ങളെ വിവരിച്ചുകൊണ്ട് അവയിൽ കാണപ്പെടേണ്ട കൂടുതൽ ശ്രേഷ്ഠമായ ക്രമീകരണത്തെപ്പററിയാണ്. യാമനമസ്കാരങ്ങളിലും പ്രാത്ഥനയിലും ഒരാളുടെ മനസ്സ് എത്തിച്ചേർന്ന അവസ്ഥയ്ക്ക് ഒരു സൂചന നൽകി എന്നുമാത്രം. ഇക്കാരണത്താൽ നമ്മുടെ പ്രാർത്ഥനയുടെ വാക്സമൃദ്ധിയും ധാരാളിത്വവും കൊണ്ട് നമ്മുടെ യാചനകളുടെ അവസരം ഉള്ള നമ്മുടെ മനസ്സിൻെറ പ്രകാശത്തെ നാം പരിശോധിക്കരുത്. മറിച്ച്, നമ്മുടെ പ്രാർത്ഥന പരിമിതമായാലും അവിടെ കാണപ്പെടാനുള്ള ശക്തി മനസ്സിനു ലഭിക്കുമ്പോറം ഇത് എളുപ്പത്തിൽ വ്യക്തമാകും എന്ന് നാം വിശ്വസിക്കണം. പ്രാത്ഥനയുടെ വാഹകരായിത്തീർന്ന ഈ വാക്കുകളിൽ സ്ഥിതിചെയ്യുന്ന സന്തുഷ്ടിയിൽ മനസ്സ് വസ്ത്രം ധരിക്കും. അവവഴി ബുദ്ധി ഉച്ചാരണ സ്ഫുടതയ്ക്ക് അതീതമായ വാക്കുകളുടെ വർഷിക്കൽ സ്വീകരിക്കുന്നു. അതിനുള്ളിലാണ് ഉറംക്കാഴ്ചയുടെ നിശ്ശബ്ദത സ്ഥിതിചെയ്യുന്നത്. രൂപരഹിതമായ അവസ്ഥാരീതിയിൽ നമ്മുടെ ഉള്ളിൽ സ്വാഭാവികമായി സ്ഥിതിചെയ്യുന്ന പ്രാത്ഥന കൃത്യം ഇതാണ്; ഇതാണ് പ്രകാശിത മനസ്സ്.

www.malankaralibrary.com



# 4. പ്രാർത്ഥനയെപ്പററിയും പ്രാർത്ഥനാവസരമുള്ള ശാരീരികനിലയെപ്പററിയും

ഈ പ്രതിപാദനത്തിൻെറ വിഷയം ചുരുക്കത്തിൽ താഴെപ്പറയുന്നതാണു്:

നമ്മുടെ ജീവിതാവസ്ഥയിൽ, ഉന്നതത്തിലേക്കു നാം ഉയർത്തപ്പെട്ടു എന്നിരുന്നാലും, പ്രാർത്ഥനയ്ക്കുചിതമായ ശാരീരികാധ്വാനങ്ങളിൽനിന്നും ഭക്തിയുള്ള ശാരീരിക നിലപാടുകളിൽനിന്നും വിട്ടു് ശൂന്യമനസ്സരായി അലസരായിരിക്കുക നമുക്കു നല്ലതല്ല. കാനോനാനമസ്കാര സമയത്തു് നിശ്ചയിച്ചിരിക്കുന്ന എഴുന്നേററുനില്ക്കൽ, ശരീരത്തിൻെറ ദൃശ്യമായ സാഷ്ടാംഗപ്രണാമം തുടങ്ങിയവയാണു് എൻെറ മനസ്സിലുള്ളതു്.

സങ്കീർത്തനാലപനം എത്ര വലിയ തിന്മകളിൽനിന്നു നമ്മെ വിടുവിക്കുന്നു.

ഈ ദാനത്തിനു നാം അർഹരായിത്തീരുന്ന ആ അവസരങ്ങളെപ്പററി നാം എപ്രകാരം പരിഗണിക്കണം. ശുദ്ധപ്രാർത്ഥനയും അതിലുൾക്കൊള്ളുന്ന ആത്മീയ ഉൾക്കാഴ്ചകളാകുന്ന മനസ്സിൻെറ ദർശനവും എങ്ങനെ നമസ്കാരത്തിൻെറ നിറവേററലും അതിൻെറ സമ്പൂർണ്ണ ക്രമീകരണവും ആയിത്തീരുന്നു എന്നതിനെപ്പററി.

പ്രാർത്ഥനയിൽ ശരിയായി കാണിക്കേണ്ട ഭയത്തോടും ബഹുമാനത്തോടുംകൂടെ ഭക്തിയുള്ള ബാഹ്യക്രമങ്ങളെ നിന്ദിക്കുന്നവരെ ദൈവം ഉപേക്ഷിക്കുന്നതുവഴി അവർക്കുണ്ടാകുന്ന ദൗർഭാഗ്യങ്ങളെപ്പററി.

മററു ചില വിഷയങ്ങളും.

1. ഏതു ജീവിതാവസ്ഥയിൽപെട്ടയാളിനും നാലുതരം പ്രവൃത്തനമാററങ്ങളുണ്ടു്. ബുദ്ധിപൂർവവും പ്രശംസനീയവുമായ വിവേചനവും ദൈവികമായ ക്രമീകരണവും വഴി ഒരാൾക്കു തൻെറ പ്രവൃത്തനങ്ങൾ മാററാൻ സാധിക്കും. ദൂഷിച്ച മനസ്സും അയഞ്ഞതും ബുദ്ധിരഹിതവുമായ തീരുമാനം വഴിയും മാററമുണ്ടാകാം. ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളുടെയും അതിനിർബന്ധകമായ കാരണങ്ങളുടെയും പ്രേരണയുടെയും കീഴിലും ഇപ്രകാരം സംഭവിക്കാം. ദൈവിക കരുണയുടെ പ്രവൃത്തനം മൂലവും ഇപ്രകാരം സംഭവിക്കാം.

www.malankaralibrary.com



ഏകാന്തവാസികളുടെ അത്ഭുതകരമായ ജീവിതരീതി സംബന്ധിച്ചും ഇപ്രകാരം പറയാനാവും: ഈ ജീവിതരീതിയിലുള്ള ഏതു മാററവും ഞാൻ മുകളിൽ സൂചിപ്പിച്ച നാലു രീതികളിലൊന്നാണെന്ന് ആ വ്യക്തിക്കു മനസ്സിലാകും; ഏതെങ്കിലും മഹനീയോദ്ദേശ്യത്തെ മനസ്സ് ലക്ഷ്യമാക്കുമ്പോൾ ദൈവസ്നേഹത്തിൻെറ വിജ്ഞാനത്തിലൂടെ ഇതു സംഭവിക്കുന്നു. താഴ്ന്നതരം ജീവിതരീതിക്കുവേണ്ടി പ്രശംസനീയവും നേരത്തെ തനിക്കു പരിചിതവുമായ ജീവിതരീതിയുടെ ശുശ്രൂഷകൾ കൈമാറുമ്പോൾ, അതു് അവനെ നിയന്ത്രിക്കുന്നതുവഴി, ദുഷിച്ചതും അയഞ്ഞതുമായ മനസ്ഥിതിയുടെ ഫലമായി ഇപ്രകാരം സംഭവിക്കാം. അല്ലെങ്കിൽ ഇങ്ങനെയും സംഭവിക്കാം: ദൈവികപ്രവത്തനഫലമായി അവൻ അല്പമാത്രമായി ദർശിക്കുന്ന ദൈവത്തിലുള്ള ആത്മീയ സന്തുഷ്ടിയുടെ നിർബന്ധത്തിൻ കീഴിൽ, സുകൃതത്തിനുവേണ്ടിയുള്ള പതിവായിരിക്കുന്ന അധ്വാനം ശ്രേഷ്ഠതരമായ അധ്വാനമായിത്തീരാനായി കൃപയാൽ മാററപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്യുന്നു. അപ്പോൾ, ശ്രേഷ്ഠതരമായ ജ്ഞാനത്തിൻെറ അത്ഭുതകരമായ രുചിയും കണ്ടെത്തലും നിമിത്തം താൻ നേരത്തെ അധ്വാനിച്ചുകൊണ്ടിരുന്ന അധ്വാനത്തേക്കാൾ കൂടുതൽ മഹനീയവും മാധുര്യകരവും ആയ ഒന്ന് ഒരു നോക്കു കാണുമ്പോൾ അയാൾ തൻെറ നേരത്തെയുള്ള അധ്വാനരീതികളെ കുറച്ചപ്പെടുത്തുന്നു. ചിലപ്പോൾ മനസ്സ് അതു വ്യാപരിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളുടെ പ്രേരണകളാൽ സമ്പന്നമായിത്തീരുന്നു. എല്ലാ താപസ്സരുടെയും അംഗീകൃത നടപടി ക്രമമനുസരിച്ച് അതു് ഇന്ദ്രിയങ്ങളുടേതായ ബാഹ്യ വ്യാപാരങ്ങളിൽ നിന്ന് അന്തർമുഖമാകുന്നു. ഓരോരുത്തരുടെയും ജീവിതരീതിയുടെ അളവും സമയവും ശക്തിയും അനുസരിച്ചാണ് ഇതു സംഭവിക്കുന്നതു്. പൈശാചികാക്രമണത്തിൻെറ ഭീകരതമൂലമോ രോഗം മൂലമോ ബലഹീനതമൂലമോ വ്യതിയാനം സംഭവിക്കുന്ന സന്ദർഭങ്ങളും ഉണ്ടു്.

അങ്ങനെ, എൻെറ സഹോദരന്മാരേ, നമ്മുടെ ജീവിതരീതിയിൽ ചില മാററങ്ങൾ കാണുമ്പോൾ, ഉടനെ അതിൻെറ കാരണം കണ്ടുപിടിക്കാൻ നാം തിടുക്കം കൂട്ടണം: ആ മാററം ഏതു ഭാഗത്തുനിന്നു കാണപ്പെടുന്നു എന്നും ഏകാന്തവാസികളുടെ സാധാരണ ജീവിതക്രമത്തോടോ അവരുടെ പൊതു സന്യാസനിയമങ്ങളോടൊ ഒത്തുപോകാത്ത ആ പുതുമ എവിടെനിന്നു വരുന്നു എന്നും കണ്ടെത്തണം. അപ്പോൾ, ഒന്നുകിൽ നമ്മുടെ സന്തോഷം വർദ്ധിക്കും; നാം നന്നായിട്ടല്ല പ്രവർത്തിക്കുന്നതെങ്കിൽ അതിനനുസൃതമായി നാം ലജ്ജിതരായിത്തീരും. ചിന്തകളുടെ ബാഹ്യാകാരത്തിലും വാക്കുകളിലും പ്രവൃത്തി

www.malankaralibrary.com



കളിലും ശാരീരിക രീതിയിൽ കാണപ്പെടുന്ന ആ ധാരണയ്ക്കു പരിയായി ഈ കാര്യത്തിൽ നമ്മുടെ ജീവിതരീതിയെക്കുറിച്ച് നമുക്ക് എപ്പോഴും അവബോധമുള്ള ഒരവസ്ഥയിൽ ആയിരിക്കാൻ കഴിയും. ആരംഭത്തിൽ തന്നെ, നമുക്ക് ഉടനെ വിജ്ഞാനം സമ്പാദിക്കാം; കാരണം, ഈ വൈവിധ്യകാരണങ്ങളുടെ സൃഷ്ടിയാണ് ചിന്തകളും വാക്കുകളും പ്രവൃത്തികളും.

2. താഴെപ്പറയുന്നതു് കാണപ്പെടുമ്പോൾ അത് ദുർലക്ഷണമാണ്: അത്യാവശ്യകാരണം കൂടാതെ ഒരാൾ യാമനമസ്ക്കാരം ഉപേക്ഷിക്കുക.— അവ ഉപേക്ഷിക്കാൻ പ്രാത്ഥനയാണ് ഒരാളെ പ്രേരിപ്പിക്കുന്നതെങ്കിൽ, നീണ്ട പ്രാത്ഥനാമഞ്ജരികളുടെ തീവ്രമായ അനുഭവവും പ്രേരണയുമാണ് അവയിൽനിന്ന് പിൻതിരിയാൻ പ്രേരിപ്പിക്കുന്നതെങ്കിൽ, പ്രാർത്ഥനയുടെ കീഴമർത്തുന്ന സന്തോഷം മൂലമുള്ള കാലതാമസമാണ് യാമപ്രാത്ഥനകൾ ഉപേക്ഷിക്കാനുള്ള കാരണമെങ്കിൽ, തൻെറ കൈകളിൽ വന്നുവീണ അസൂയാഹ്മായ വസ്തുമൂലം ഉണ്ടായ വ്യതിയാനഫലമായി, ഈ വ്യക്തിക്ക് പകിട്ടേറിയ ഒരു കഷണം കച്ചവടച്ചരക്ക് കൈവന്നു എന്നു കരുതാം. എഴുതപ്പെട്ടിരിക്കുന്നതുപോലെ, ''ശ്രേഷ്ഠമായ പ്രദേശങ്ങളിലാണ് എനിക്കുവേണ്ടി അതിർത്തി കുറിക്കപ്പെട്ടിരിക്കുന്നതു്'' (സങ്കീ.16:6). ശൂന്യാശയങ്ങളാലും അവജ്ഞ നിറഞ്ഞ മനോഭാവത്താലും യാമപ്രാത്ഥനകൾ ഉപേക്ഷിക്കാതിരുന്നാൽ, എല്ലാം നല്ലതുതന്നെ. ദിവ്യസ്നേഹത്തിൻെറ പിടിയിലമർന്നതിൻെറ ഫലമായി പ്രാത്ഥനയിൽ കണ്ടെത്തിയ മാധുര്യമേറിയ സന്തുഷ്ടി അവനെ മുറുകെ പിടിച്ചു — കാരണം, നമ്മുടെ മതാത്മകാരാധനയുടെ പൂർണത ഇതുതന്നെയാണല്ലോ. ഇതു് ഒരു നിയമത്തിനും വിധേയമല്ല. ഒരു നിയമവും അതിനെ നിർബന്ധിക്കുന്നുമില്ല. തുടച്ചയായി ഇത്തരം കാര്യങ്ങൾ ഒരാൾക്കുണ്ടായാൽ — അതു് ദിവ്യദാനങ്ങളുടെയും ശുദ്ധപ്രാർത്ഥനയിലേക്കുള്ള ശക്തമായ തുറസ്സിൻെറയും അടയാളമാണ് — പ്രത്യേകമായി പ്രാർത്ഥനാവസരം ഭക്തിയുള്ള ബാഹ്യശാരീരിക നിലപാടും ആഴമായ ബഹുമാനവും കാണിച്ചാൽ, അയാൾ പെട്ടെന്ന് പരിപൂർണരായവരുടെ നിരയിലേക്ക് ഉയർത്തപ്പെടുന്നു.

എന്നാൽ ഒരാൾ ആദ്യത്തേതിനുശേഷം വരുന്നതു് കാണാതെ ആദ്യത്തേതു് ഉപേക്ഷിക്കാൻ തീരുമാനിച്ചാൽ, അവനെ പിശാചുക്കൾ കളിയാക്കുകയാണ് എന്നും അവർ വഴിയായി ഈ ജീവിതത്തിൽനിന്ന് അവൻ പൂർണമായി വീഴാൻ പോകുകയാണ് എന്നും വ്യക്തമാണ്; ഈ അവസ്ഥ മുതൽ അവൻെറ അധോഗതി ആരംഭിക്കുകയായി. നമുക്ക് ഇതേ

www.malankaralibrary.com



പ്പററിയും അവബോധം ഉണ്ടായിരിക്കണം: ആരംഭകർ തത്വങ്ങളിൽ നന്നായി പരിശീലനം ലഭിച്ചവരാണെങ്കിലും, ഈ പ്രകാശങ്ങൾക്ക വേണ്ടിയുള്ള അന്വേഷണം അവർക്ക് വ്യർത്ഥമാണ്. നിശ്ശബ്ദതയിൽ നിന്നുവരുന്ന അവബോധവും കൃത്യമായ ജാഗരൂകതയും സമ്പാദിക്കാതെ ഈ കാര്യങ്ങളെപ്പററിയുള്ള അവബോധം മാത്രം സമ്പാദിക്കാൻ ആഗ്രഹിക്കുന്നവരെ സംബന്ധിച്ചും ഇതു ബാധകമാണ്.

3. വാക്കിലും പ്രവൃത്തിയിലും വളരെ ജാഗരൂകതയും ഇന്ദ്രിയനിയന്ത്രണവും കൂടാതെ മനസ്സിൻെറ ഏകാഗ്രതയും ശുദ്ധ പ്രാർത്ഥനയും സാധ്യമല്ല: നിശ്ശബ്ദത വഴി വിവേചനം ധാരാളമായി സമ്പാദിക്കാതെ, കൃപയാൽ കരഗതമാകുന്ന അവബോധം ഉണ്ടാകുകയില്ല.

4. പ്രാർത്ഥനാവസരം നാം ദൈവത്തോടു ശരീരത്തിലും മനസ്സിലും കാണിക്കുന്ന ബഹുമാനത്തിനനസൃതമായിട്ടായിരിക്കും പ്രചോദനങ്ങളെ ശുദ്ധീകരിക്കാനും പ്രാർത്ഥനയിൽ പ്രകാശിതരാകാനുമുള്ള സഹായത്തിൻെറ കവാടം നമുക്ക് തുറക്കപ്പെടുക.

5. പ്രാർത്ഥനാവസരം ഒരാൾ വിനയാന്വിതനായി നിൽക്കുമ്പോൾ സ്വർഗ്ഗത്തിലേക്ക കൈകൾ ഉയർത്തുന്നതും സാഷ്ടാംഗപ്രണാമം ചെയ്യുന്നതും ഈ വിനീതകർമ്മങ്ങൾ നിമിത്തം ഉന്നതത്തിൽനിന്നു ധാരാളം കൃപ ലഭിക്കാൻ അയാളെ അർഹനാക്കുന്നു.

ഇത്തരം ബാഹ്യമായ ശാരീരിക നിലപാടുകൾകൊണ്ടു തുടർച്ചയായി തൻെറ പ്രാർത്ഥനയെ അലങ്കരിക്കുന്ന വ്യക്തി പരിശുദ്ധാത്മപ്രവർത്തനത്തിനു അവസരോചിതമായും പെട്ടെന്നും അർഹനായിത്തീരും. കാരണം, സ്വാതന്ത്ര്യേച്ഛയുടെ നിയമത്താൻ കർത്താവിനായി നീക്കി വയ്ക്കപ്പെട്ട സമയങ്ങളിൽ അവിടുത്തെ തിരുമുമ്പാകെ അവൻ സമർപ്പിക്കുന്ന ബലികളിൽ അവൻ കാണിക്കുന്ന ബഹുമാനം നിമിത്തം തൻെറ കണ്ണുകളിൽ കർത്താവിനെ അവൻ വലിയവനായി കണക്കാക്കുന്നു.

6. എൻെറ സഹോദരന്മാരേ, നമ്മുടെ എല്ലാ ശുശ്രൂഷകളിലും പ്രത്യേക തരത്തിലുള്ള ബഹുമാനം, പ്രാർത്ഥനയുടെ ദൃശ്യരൂപങ്ങൾ. ബാഹ്യമായ ശാരീരികനിലപാട് എന്നിവ ദൈവം വളരെയധികം ആഗ്രഹിക്കുന്നു. അതു് തനിക്കുവേണ്ടിയല്ല, പിന്നെയോ, നമ്മുടെ നന്മയ്ക്കുവേണ്ടിയാണ്. അത്തരം കാര്യ

www.malankaralibrary.com



ങ്ങദാംകൊണ്ടു് അവിടുത്തേക്കു് നേട്ടമൊന്നുമുണ്ടാകുന്നില്ല; അവയെ അവഗണിച്ചാൽ അവിടുത്തേയ്ക്കു് ഒരു നഷ്ടവും വരാനില്ല; മറിച്ചു്, അവ നമ്മുടെ ബലഹീന പ്രകൃതിക്കുവേണ്ടിയുള്ളതാണ്. അത്തരം കാര്യങ്ങദാം ആവശ്യമില്ലായിരുന്നെങ്കിൽ, ഇപ്രകാരം തിരുലിഖിതങ്ങളിൽ നമ്മോടു സംസാരിച്ചുകൊണ്ടു് തന്റെ മനുഷ്യാവതാരത്തിൽ അവിടുന്നു് അവയൊന്നും ചെയ്കയില്ലായിരുന്നു.

ദൈവത്തിനു് ബഹുമാനം സ്വഭാവത്താലേ ഉള്ളതാകയാൽ, ഒന്നുകൊണ്ടും അവിടുത്തെ അപമാനിക്കാൻ സാധ്യമല്ല. എന്നാൽ അപമാനകരമായ പല ബാഹ്യപ്രവൃത്തികളും ദുഷ്ടതഴക്കങ്ങളുംകൊണ്ടു് നാം ദൈവത്തെ അപമാനിക്കുന്ന ഒരു മനസ്ഥിതി സമ്പാദിക്കുന്നു. അതിന്റെ ഫലമായി ധാർമ്മികാധഃപതനത്തിനു വിധേയരായി നാം സ്വേച്ഛയാ കൃപയിൽനിന്നു വഴുതിവീഴുന്നു: അപ്പോദാം, സുഖലോലുപതയെ സ്നേഹിക്കുകയും ദുഷ്പ്രവൃത്തികളിലേയ്ക്കു് വേഗത്തിൽ വഴുതിവീഴുകയും ചെയ്യുന്ന ഒരു പ്രകൃതി നാം നേടിയെടുക്കുന്നതിനാൽ പിശാചിന്റെ നിരന്തരമായ ആക്രമണങ്ങദാംക്കും തുടർച്ചയായ ചതികളിലും നാം വിധേയരാകുന്നു.

7. അനേകർ തങ്ങളുടെ ചിന്തകളിൽ ഈ ബാഹ്യനടപടിക്രമങ്ങളെ നിന്ദിക്കുകയും ചാരിക്കിടന്നുകൊണ്ടോ, ബഹുമാനമില്ലാത്ത രീതിയിൽ ഇരുന്നുകൊണ്ടോ, ദൈവത്തെപ്പറ്റിയുള്ള ആന്തരിക ചിന്തമാത്രം മതിയെന്നു് അവകാശപ്പെടുകയും ദൈവത്തോടു് ഹൃദയത്തിന്റെ പ്രാർത്ഥന മാത്രം നടത്തിയാൽ മതി എന്നു് നിരൂപിക്കുകയും ചെയ്യുന്നു. തങ്ങളുടെ ആരാധനയുടെ ദൃശ്യവശത്തെ തങ്ങളുടെ ശാരീരിക ബലമനുസരിച്ചു് നീണ്ടു നിൽപ്പുകൊണ്ടോ, തങ്ങളുടെ അവയവങ്ങളുടെമേൽ ആരാധ്യമായ കുരിശടയാളം വരച്ചുകൊണ്ടോ, അലങ്കരിക്കുന്നതിൽ അവർ ഒട്ടും തല്പരരല്ല. അവർ നിലത്തു മുട്ടുകുത്തുമ്പോദാം ഒരു ജ്വാലയെ സമീപിക്കാൻ ഒരുങ്ങുന്നവരെപ്പോലെ പ്രവർത്തിക്കാനും, ബാഹ്യമായും ആന്തരികമായും ഒരു ബഹുമാന്യ മനോഭാവം പുലർത്താനും, കർത്താവിനെ തങ്ങളുടെ എല്ലാ അവയവങ്ങദാംകൊണ്ടും, ആദരവുള്ള മുഖത്തോടും കൂടി പ്രത്യേകം ബഹുമാനിക്കാനും അവർ ശ്രദ്ധിക്കാറില്ല. തങ്ങളുടെ എതിരാളിയുടെ ശക്തി എന്താണെന്നു് അവർ മനസ്സിലാക്കാത്തതിനാലാണ് ഇതു്. അതിന്റെ ഫലമായി, തങ്ങദാം ഇപ്പോഴും ധാർമ്മികാധഃപതനത്തിനു വിധേയമായ തങ്ങളുടെ ആത്മാക്കളിൽ ഇളക്കപ്പെടാൻ സാധ്യതയുള്ളവരും മർത്ത്യരും ആണെന്നു മനസ്സിലാക്കാത്തതിനാൽ തെററിന്റെ പ്രവർത്തനങ്ങദാംക്കായി

www.malankaralibrary.com



അവർ കയ്യാളിക്കപ്പെടുന്നു. തങ്ങൾ ആത്മീയ ജീവികളുടെ അവസ്ഥയിൽ എത്തിച്ചേർന്നിട്ടില്ലെന്നും, ഉത്ഥാനം സംഭവിച്ചു കഴിഞ്ഞിട്ടില്ലെന്നും, വ്യതിയാനരഹിതമായ അവസ്ഥ തങ്ങൾക്ക് ഇപ്പോഴും കരഗതമായിട്ടില്ലെന്നും അവർ തിരിച്ചറിയുന്നില്ല.

മനുഷ്യപ്രകൃതിക്ക് എല്ലാ സമയവും പുതിയ കാര്യങ്ങളിൽ പരിശീലനവും അധ്വാനവും ആവശ്യമുള്ള ശാരീരിക ജീവിത കാലത്ത് വികാരങ്ങൾക്ക വിധേയമായ ലോകത്തെ അനുദിനം അവശ്യാവശ്യം നിർബന്ധിക്കുന്ന കാര്യങ്ങളിൽ ഉൾപ്പെടാതെ തീർത്തും ആത്മീയാവസ്ഥയിൽ തങ്ങളുടെ ജീവിതം നയിക്കാൻ അവർ ആഗ്രഹിച്ചു. തങ്ങൾ വിജ്ഞരാണെന്ന് വിഭാവന ചെയ്തുകൊണ്ട് ബഹുമാനമില്ലാതെ അവർ പ്രവർത്തിച്ചു; അഹങ്കാരത്തിന്റെ ലക്ഷണവും ദൈവത്തോട് ബഹുമാനമില്ലായ്മയും അവരിൽ കാണപ്പെട്ടു. തദ്ഫലമായി, എല്ലാ ജീവിതത്തിന്റെയും ശരിയായ ഉത്ഭവകേന്ദ്രമായ പ്രാർത്ഥനവഴി തന്നെ തങ്ങളുടെ നാശം അവർ ഇരട്ടിച്ചു. അപമാനിക്കാൻ പാടില്ലാത്തതും എല്ലാ സൃഷ്ടവസ്തുക്കളും ബഹുമാനിക്കേണ്ടതുമായ ആ ബഹുമാനത്തിന് അനാദരം കൊടുക്കാൻ തങ്ങൾക്ക കഴിയും എന്ന് അവർ ഊഹിച്ചതിനാലാണിത്.

8. നാം രോഗികളെ നിർബന്ധിക്കുന്നില്ല; ബലഹീനർ നിയമം അനുസരിക്കണമെന്നോ അസാധ്യകാര്യങ്ങൾക്ക് ആരെങ്കിലും തങ്ങളെത്തന്നെ വിധേയരാക്കണമെന്നോ നാം പറയുന്നില്ല. നിയമത്തിന്റെ ക്രമത്തിനു പുറത്തുള്ളതാണെങ്കിലും, ഭയത്തോടും വിറയലോടും കൂടിയും, അവസരത്തിന്റെ ആവശ്യമനുസരിച്ചും സംഭവിക്കുന്നവയെല്ലാം സ്വീകാര്യമായ അർപ്പണമായി ദൈവം കാണുന്നു. അപ്രകാരം പ്രവർത്തിക്കുന്ന വ്യക്തിയെ അവൻ കുറ്റപ്പെടുത്തുന്നില്ല എന്നു മാത്രമല്ല, ശക്തവും പൂർണവുമായ പ്രവൃത്തികളോടൊപ്പം തന്നെപ്രതി ചെയ്യപ്പെടുന്ന നിസ്സാരവും അപ്രധാനവുമായ കാര്യങ്ങൾ സന്തോഷപൂർവം സ്വീകരിക്കുകയും ചെയ്യുന്നു. അവ കുറ്റകരം ആണെങ്കിൽ പോലും സംഭവിക്കുന്നതിനു മുമ്പ് എല്ലാ കാര്യങ്ങളും സ്പഷ്ടമായി അറിയുന്നവനും നമ്മെ സൃഷ്ടിക്കുന്നതിനു മുൻപുതന്നെ നമ്മുടെ മനുഷ്യപ്രകൃതിയുടെ ലംഘനം അറിയാമായിരുന്നവനുമായ ദൈവം, ഒരു കുറ്റപ്പെടുത്തലും കൂടാതെ അതു ചെയ്തവനോട് ക്ഷമിക്കുകയും കരുണാപൂർവം പരിഗണിക്കുകയും ചെയ്യുന്നു.

കാരണം, നല്ലവനും ദയാമസൃണനുമായ ദൈവം മനുഷ്യകുലത്തിന്റെ ബലഹീനതകളോ, ആവശ്യത്താൽ ചെയ്യപ്പെടുന്ന

www.malankaralibrary.com



കർമ്മങ്ങളോ ഗർഹണീയമാണെങ്കിലും, വിധിക്കുന്ന പതിവില്ല; എന്നാൽ ചെയ്യാൻ കഴിവുണ്ടായിരുന്നിട്ടും അവയെ അവജ്ഞാപൂർവം ചെയ്യാതിരിക്കുന്നതു് അവിടുന്നു വിധിക്കുന്നുണ്ടു്. മനുഷ്യപ്രകൃതിക്കു് എന്തിനോടെങ്കിലും ഉള്ള ചാച്ചിലിനെ, അതിൻെറ ഫലമായി ഏതെങ്കിലും വലിയ പാപത്തിൽ വീഴാനിടയായേക്കാമെങ്കിൽപോലും അവിടുന്നു വിധിക്കാറില്ല. മറിച്ചു്, അനുതാപവും മാനസ്സാന്തരവും അതിനു ശേഷം ഉണ്ടാകും എന്നു് അറിയാവുന്നിടത്തൊക്കെ, നീതിയോടു കൂടെ നിർബന്ധിച്ചുകൊണ്ടു്, അതിനെ തുടർന്നുള്ള പ്രവൃത്തിയെയാണു് അവിടുന്നു വിധിക്കുന്നതു്. ഒരാൾ സ്വയം പൂർണമായി നാശത്തിനു് ഏല്പിച്ചുകൊടുക്കാത്തപ്പോൾ ഇതു് ഏറെ വാസ്തവമാണു്: എങ്ങോട്ടും നയിക്കാത്ത തൻെറ അടിമത്താവസ്ഥ കാണുമ്പോൾ അവനു വേദന ഉണ്ടാകുന്നു; തൻെറ കുറവുകളെയും വീഴ്ചകളെയും പററി ദുഃഖിക്കുമ്പോൾ അവൻ സ്വയം വെറുക്കുകയും തിരുത്താൻ താല്പര്യം കാണിക്കുകയും ചെയ്യുന്നു. എല്ലാം പ്രവർത്തിക്കുന്ന ഇച്ഛ അവനെ തള്ളിക്കളയുന്നില്ല എന്നു മാത്രമല്ല, സംശയം കൂടാതെ അവൻ യഥാർത്ഥമായി ദയയുടെ സമീപത്താണു്.

നാമിതൊക്കെ പറഞ്ഞെങ്കിലും, തങ്ങളുടെ സ്വേച്ഛയാൽ പ്രാത്ഥനയുടെ ക്രമത്തെ തകിടം മറിക്കുന്നവരെ നാം കുററപ്പെടുത്തുക തന്നെ ചെയ്യുന്നു; അവരുടെ അറിവുകെട്ട മനസ്സ് പരിപൂർണത നടിക്കുന്നു; തെററായ അറിവുകൊണ്ടു് സ്വന്തമായി ഓരോരോ കാര്യങ്ങൾ ചെയ്യാൻ അവർ പദ്ധതികളിണക്കുന്നു.

9. യാമനമസ്കാരങ്ങളേക്കാൾ പ്രാത്ഥനാസമയത്തു് ദൈവവുമായി സംസാരിക്കാനുള്ള കൂടുതൽ സ്വാതന്ത്ര്യം ഹൃദയം സമ്പാദിക്കുന്നു. എന്നാൽ യാമനമസ്കാരം പൂർണമായി അവഗണിക്കുന്നതു് അഹങ്കാരത്തിലേക്കു നയിക്കും; അഹങ്കാരത്തിൻെറ ഫലമായിട്ടാണു് നാം ദൈവത്തിൽ നിന്നു് അകന്നുപോകുന്നതു്. ഒരാൾ സ്വതന്ത്രമായ ജീവിതാവസ്ഥയിലായിരിക്കെ സ്വന്ത ഇഷ്ടപ്രകാരം ഒരു നിയമത്തിനു് തന്നെത്തന്നെ വിധേയനാക്കുന്നതിലൂടെ തൻെറ ആത്മാവിനെ വിനീതമായി കാത്തുസൂക്ഷിക്കുകയാണെന്നു് നീ കാണുന്നില്ലേ. തൻെറ മുമ്പിൽ ഒരു ദുഷ്ടവിചാരത്തെയും അഴിച്ചു വിടാൻ അഹങ്കാരത്തിൻെറ പിശാചിനു് ഒരവസരവും അയാൾ കൊടുക്കുന്നില്ല. താൻ നിസ്സാരനാണെന്നും സ്വാതന്ത്ര്യത്തിനു് കഴിവില്ലാത്തവനാണെന്നും നിരന്തരം കരുതുന്ന വ്യക്തി വിനീതനാക്കുകയും എല്ലാ അഹങ്കാര

www.malankaralibrary.com



ചിന്തകളെയും നിയന്ത്രിക്കുകയും ചെയ്യുന്നു. സ്വയം ഉയർത്തുന്ന മനസ്സിന്റെ വായിൽ വയ്ക്കാൻ ഇതിനേക്കാരം ഫലപ്രദമായ കടിഞ്ഞാൺ വേറെ ഇല്ല.

ഇക്കാരണത്താലാണ് വിശുദ്ധ പിതാക്കന്മാർ നിരന്തരമായി പ്രാർത്ഥിക്കുകയും ആത്മാവിനാൽ നിറഞ്ഞിരിക്കുകയും പ്രാർത്ഥനയിൽ നിന്ന് ഒരു നിമിഷം പോലും വിരമിക്കാതിരിക്കയും ചെയ്തിട്ട പോലും യാമനമസ്കാരങ്ങളുടെ കാര്യത്തിലും പ്രാർത്ഥനയുടെ കാര്യത്തിലും നിശ്ചയിക്കപ്പെട്ട യാമങ്ങളെ സംബന്ധിച്ചും, ചൊല്ലേണ്ട പ്രാർത്ഥനകളുടെ നിശ്ചിത എണ്ണം സംബന്ധിച്ചും ശരീരത്തിന്റെ ദൃശ്യഭാഗഭാഗിത്വവും മുട്ടുകുത്തലും ഉൾപ്പെടെ കല്പിച്ചിരുന്നവയെല്ലാം അനുവർത്തിച്ചിരുന്നത്. തങ്ങൾക്കായി അവർ ഉണ്ടാക്കിയ നിയമത്തിന്റെ ഉദ്ദേശ്യം അനുസരിച്ചാണ് അവർ ഇപ്രകാരമൊക്കെ ചെയ്തത്.

10. ഈ പിതാക്കന്മാർ പൂർണമായി പ്രാർത്ഥനയുടെ ബലിപീഠങ്ങൾ ആയിത്തീർന്നെങ്കിലും, അവരിൽ ചിലർ നൂറും ചിലർ അൻപതും മററു ചിലർ അറുപതും പ്രാർത്ഥനകൾ ചൊല്ലി വന്നിരുന്നത് വെറുതേയല്ല. അവർ പ്രാർത്ഥനയിൽ നിന്ന് ഒരിക്കലും വിരമിക്കാതിരുന്നിട്ടും എന്തിനാണ് നിശ്ചിതസംഖ്യകൾ ആവശ്യമായിരുന്നത്? എവാഗ്രിയസ് നൂറും, ഭാഗ്യവാനായ മക്കാരിയുസ് അറുപതും, എത്യോപ്യക്കാരനായ കറുത്ത മോശ അൻപതും, വലിയ ഏകാന്തവാസിയായ പൗലോസ് മുന്നൂറും പ്രാർത്ഥനകൾ ചൊല്ലിയിരുന്നു എന്നു പറയപ്പെടുന്നു. അങ്ങനെ പലരും. ഇത്തരം നിയമങ്ങൾ സജീവമായി പാലിക്കാൻ ഭാഗ്യവാന്മാരായ ഈ പിതാക്കന്മാരെ നിർബന്ധിച്ചകാരണം അഹങ്കാരത്തെപ്പററിയുള്ള ഭയമായിരുന്നു. കുരിശിന്റെ മുമ്പിലുള്ള സാഷ്ടാംഗ പ്രണാമത്തോടുകൂടിയ പ്രത്യേകമായ ആരാധനാകർമ്മങ്ങൾ ഉൾപ്പെട്ട ശാരീരികാധ്വാനത്തോടുകൂടി അവർ നിശ്ചിത പ്രാർത്ഥനകളുടെ ഈ കൃത്യഎണ്ണം നിർവഹിച്ചിരുന്നു. അവരെ സംബന്ധിച്ച് പറഞ്ഞിരിക്കുന്ന, പ്രാർത്ഥനകളുടെ നിശ്ചിതസംഖ്യകൾ ഹൃദയത്തിൽ സംഭവിച്ച വെറും പ്രാർത്ഥനയാണ് എന്ന് പരദൂഷകർ പറയുന്നതുപോലെയല്ല. ഇത് മെസ്സാലിയൻ അഭിപ്രായങ്ങൾ വച്ചു പുലർത്തുന്ന ആളുകൾ അവരെപ്പററി തട്ടിവിടുന്നതാണ്. വിശുദ്ധ പിതാക്കന്മാരെപ്പററി ആരും അപ്രകാരം പറയാതിരിക്കട്ടെ! നാം ഇവിടെ മററുള്ളവരുടെ തെററുകളെ കുററപ്പെടുത്തുകയോ, ഭത്സിക്കുകയോ അല്ല – ഇപ്രകാരം ചെയ്യുന്നവരെ നാം നിന്ദിക്കുന്നുമില്ല; എന്നാൽ സത്യം പറയാനും അതു കൈമാറാനും തുനിയുമ്പോൾ, അസത്യത്തെ ആദ്യമേതന്നെ പരസ്യമായി ഭത്സിച്ചില്ലെങ്കിൽ,

www.malankaralibrary.com



സത്യത്തെപ്പററിയുള്ള ഉറപ്പുണ്ടായിരിക്കയില്ല; വ്യക്തമായി നിർവചിക്കപ്പെട്ട സ്നേഹമനോഭാവത്തോടുകൂടി അതു് അഭ്യസിക്കാനോ, അതിനെതിരായിട്ടുള്ളവയെപ്പററി ജാഗരൂഗത പുലർത്താനോ സാധിക്കയില്ല. തെററിലേയ്ക്കു നയിക്കുന്ന പാത സ്പഷ്ടമായി ചൂണ്ടിക്കാണിക്കപ്പെട്ടു കഴിഞ്ഞാൽ, നേരായ പാതയിലൂടെ നടക്കുന്ന വ്യക്തിപോലും കൂടുതൽ ആത്മവിശ്വാസത്തോടുകൂടെ നേരായതിൽക്കൂടി യാത്ര ചെയ്യുമല്ലോ.

ഈ പിതാക്കന്മാരുടെ ആരാധനാകർമ്മങ്ങൾ വളരെ ആത്മാർത്ഥമായിരുന്നു; പ്രത്യേകമായി അവരുടെ മാർഗ്ഗങ്ങൾവഴി ആത്മാവ് വിനീതമായി സംരക്ഷിക്കപ്പെട്ടു. അവർ ശാരീരിക ബലഹീനതയാൽ തടയപ്പെടാത്തപ്പോഴെല്ലാം തങ്ങളുടെ സ്ഥാനങ്ങളിൽ എഴുന്നേററു നില്ക്കാൻ ശ്രദ്ധിച്ചുകൊണ്ടും, വലിയ ബഹുമാനത്തോടും മനസ്സിന്റെ ആഴമായ താഴ്മയോടുംകൂടെ സ്ലീബായുടെ മുൻപാകെ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടും അവയെല്ലാം നിർവഹിച്ചു. ഹൃദയത്തിൽ നടന്നവയിൽനിന്നു് തികച്ചും വ്യതിരിക്തമായിരുന്നു ഈ ആരാധനാകർമ്മങ്ങളെല്ലാം. കൂടാതെ, അവർ എഴുന്നേററുനിന്ന ഓരോ അവസരവും അവൻ ധാരാളം ആരാധനാകർമ്മങ്ങൾ അനുഷ്ഠിച്ചു. തിരുസ്ലീബായെ അഞ്ചും പത്തും പ്രാവശ്യം ചുംബിച്ചുകൊണ്ടും ഓരോ ആരാധനാകർമ്മവും ചുംബനവും ഒററ പ്രാത്ഥനയായി പരിഗണിച്ചുകൊണ്ടും സന്ദർഭാനുസരണം അവരുടെ ശരീരം അവരെ സഹായിച്ചു. മറെറല്ലാററിന്റെയും സംഖ്യയെ ചൂഴുന്ന ഒററപ്രാർത്ഥനയിൽ ഒരാൾ പെട്ടെന്നു് അത്തരം കർമ്മങ്ങളിൽ ഒരു മുത്തു കണ്ടെത്തിയെന്നു വരാം. ചിലപ്പോൾ ഒരാൾ നില്ക്കുകയോ മുട്ടുകുത്തുകയോ ചെയ്തുകൊണ്ടിരിക്കവെ പ്രാത്ഥനയുടെ അത്ഭുതത്താൽ മനസ്സു് ജഡരക്തങ്ങളുടെയും ആത്മാവിന്റെ പ്രചോദനങ്ങളുടെയും ഇച്ഛയ്ക്കു വിധേയമാകാത്ത ഒരവസ്ഥയിലേക്കു് ഗ്രസിക്കപ്പെടാം. അല്ലെങ്കിൽ, നാം പിന്നീടു് വിശദമാക്കുന്ന ശുദ്ധപ്രാർത്ഥനയുടെ അവസ്ഥകളിൽ ഒന്നിലായിരിക്കാം അവൻ.

ഇപ്രകാരം, ഞാൻ വിവരിച്ചതുപോലെ, പിതാക്കന്മാർ തങ്ങളുടെ സംഖ്യാതീതമായ പ്രാർത്ഥനകൾ ചൊല്ലിയിരുന്നു. അനേകർ കരുതുന്നതുപോലെയും മററനേകർ അവകാശപ്പെടുന്നതുപോലെയും ഓരോ പ്രാർത്ഥനയ്ക്കും പ്രത്യേകം പ്രത്യേകം നില്ക്കാനുള്ള പ്രത്യേക സമയം അവർ വേർതിരിച്ചിരുന്നില്ല. കാരണം ഓരോ പ്രത്യേക പ്രാർത്ഥനയ്ക്കും പ്രത്യേകമായി നിന്നുകൊണ്ടുള്ള അത്തരം സംഖ്യകൾക്കു് ബലഹീനശരീരം ശക്തമല്ല.

www.malankaralibrary.com



ഇങ്ങനെ എണ്ണിക്കൊണ്ട് ഒരാൾ തന്റെ സ്ഥാനത്തുനിന്ന് ദിവസം നൂറോ, അൻപതോ, അറുപതോ പ്രാവശ്യം എഴുന്നേല്ക്കുന്നെങ്കിൽ ചില വിശുദ്ധരുടെ പതിവുപോലെ മുന്നൂറോ അതിൽ കൂടുതലോ പറയേണ്ടതില്ല– എല്ലാ പ്രാർത്ഥനകളും ചൊല്ലാൻ സാധ്യമല്ല; വായനക്കോ മററാവശ്യങ്ങൾക്കോ ഒന്നും സമയം കാണുകയില്ല. അല്ലെങ്കിൽ ഒരാളുടെ പ്രാത്ഥനാവസരം കണ്ണുനീരിന്റെ വരം നൽകപ്പെടുകയോ അല്ലെങ്കിൽ അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഈ രീതിയിലുള്ള ഒരു ദാനത്തിന് അഹ്നായി തീരുന്നവരെപ്പോലെ സുതാരപ്രചോദനങ്ങൾ വഴി ഒരാളുടെ പ്രാർത്ഥന ഉടലെടുക്കുകയോ ചെയ്താൽ നീണ്ട പ്രാർത്ഥനയ്ക്കുള്ള സാധ്യത ഇല്ലാതാകുകയാണ്. മറിച്ച്, അപ്രകാരമുള്ളയാളുടെ യാമനമസ്കാരം പ്രക്ഷുബ്ധമായിരിക്കും; തന്റെ പ്രവർത്തനങ്ങളിലെല്ലാം അയാൾ പ്രക്ഷുബ്ധതയാൽ നിറയപ്പെടുകയും ചെയ്യും.

ഇത് വിശ്വസിക്കാത്തയാൾ സ്വന്തമായി ഇത് അനുഭവവേദ്യമാക്കട്ടെ. തന്റെ ഇരിപ്പിടത്തിൽനിന്ന് നൂറും ഇരുനൂറും പ്രാവശ്യം എന്നതുപോകട്ടെ– ദിവസത്തിൽ അൻപതുപ്രാവശ്യം പ്രശാന്തമായി എഴുന്നേൽക്കാനും സമാധാനഭഞ്ജനം കൂടാതെയും, പ്രാർത്ഥനയിൽ പ്രശാന്തമായിരുന്നുകൊണ്ടും, യാമപ്രാർത്ഥനകൾ ചൊല്ലാനും ഒട്ടും സംക്ഷോഭം കൂടാതെ അപ്പോഴും പ്രാർത്ഥനയുടെ പ്രമുഖഭാഗമായ നിശ്ചിത വേദവായനകൾ നടത്താനും തനിക്കു കഴിയുമോ എന്ന് അവൻ പരിശോധിക്കട്ടെ. ജീവിതത്തിലെ എല്ലാ ദിവസവും പോയിട്ട് ഇപ്രകാരം ഒരാഴ്ച ചെയ്യാൻ അവനെക്കൊണ്ട് സാധിക്കുമോ?

11. ചിലപ്പോൾ പ്രാർത്ഥനാവസരം ഭാഗികവരങ്ങൾ ലഭിക്കാറുണ്ട്: ധാരാളമായ കണ്ണുനീർ; തേനടയിൽനിന്നുള്ള തേനിനു തുല്യമായി ഹൃദയത്തിൽനിന്നു നുരച്ചുപൊന്തുന്ന സന്തുഷ്ടി; അല്ലെങ്കിൽ സന്തോഷത്തിന്റെ ആധിക്യത്താൽ നാവിനെ നിശ്ശബ്ദമാക്കുന്ന കൃതജ്ഞതയുടെ പൊട്ടിവിടരൽ; അല്ലെങ്കിൽ പ്രാർത്ഥനാവസരം പ്രത്യാശയുടെ പെട്ടെന്നുള്ള ഉദയം; അല്ലെങ്കിൽ പ്രാർത്ഥനയിൽനിന്നോ അതിനു തൊട്ടു മുൻപ് വായിച്ചതിൽനിന്നോ സാധാരണ ഉണ്ടാകാറുള്ള ദൈവപരിപാലനാസംബന്ധമായ ചില ഉൾക്കാഴ്ചകൾ.

ശുദ്ധ പ്രാർത്ഥനാദാനത്തിന്റേതായ മാററപ്പെട്ട ആ അവസ്ഥകളിലൊന്നിനാലും സഹജമായ സന്തുഷ്ടിയാലും കീഴടക്കപ്പെട്ട് സാഷ്ടാംഗപ്രണാമം ചെയ്തു കിടക്കുമ്പോൾ ആ വ്യക്തിയുടെ ഉള്ളിൽ ഇത്തരം ഉൾക്കാഴ്ച അനേകം മണിക്കൂറുകൾ

www.malankaralibrary.com



തങ്ങിനിൽക്കുന്നു. അല്ലെങ്കിൽ, ഒരാൾ എഴുന്നേററു നിൽക്കു മ്പോഴോ, മുട്ടുകുത്തിനിൽക്കുമ്പോഴോ ചിലപ്പോൾ ഇതു സംഭ വിക്കാം. ഇത്തരം കാര്യങ്ങൾ ബുദ്ധിയുടെ ഒരു പ്രഹർഷമായി ട്ടല്ല. ശുദ്ധപ്രാർത്ഥനയായിട്ടാണ് പിതാക്കന്മാർ പരിഗണി ക്കുന്നതു്. പരിപൂർണക്കു് നൽകപ്പെടുന്നതും ദിവ്യവ്യാപാര ങ്ങളുടെ ചുരുക്കമായി എല്ലാം ഉൾക്കൊള്ളുന്നതുമായ ദാനമാണ് രണ്ടാമത്തേതു്. ഈ ഭാഗികദാനങ്ങൾ തങ്ങളുടെ ശേഷിച്ച പ്രാർത്ഥനാസമയങ്ങളിൽ മധ്യാവസ്ഥയിലുള്ളവർക്കും പുരോ ഗമിച്ചവർക്കും നല്കപ്പെടുന്നു. അതു പ്രകൃത്യനുസൃതലോകത്തിൽ പെട്ടതും ഉത്സാഹവും ജാഗരൂഗതയും അനുസരിച്ചു് വിതരണം ചെയ്യപ്പെടുന്നതുമാണ്; മറേറ ദാനമാകട്ടെ, സ്വഭാവാതീത മാണ്.

പ്രാർത്ഥനയുടെയും യാമനമസ്കാരങ്ങളുടെയും അവസരം മനപ്പതർച്ചയിൽ നിന്നു് നഗ്നബുദ്ധിയെ പിൻതിരിപ്പിച്ചു് ദൈവത്തിങ്കലേക്കു് കൂടുതൽ അടുപ്പിക്കുന്ന കയറുപോലെ ഉൾ ക്കാഴ്ചകളുടെ പ്രകാശനം, തിരുലിഖിത വാക്യങ്ങളുടെ കൃത്യമായ അർത്ഥം തുടങ്ങിയ ദാനങ്ങൾ വിശുദ്ധരുടെ ബുദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്നു. ദിവ്യമായ പരിചിന്തനവും വാക്യങ്ങളുടെ അർത്ഥങ്ങളിലേക്കുള്ള കൃത്യമായ അന്വേഷണവും ഉപേക്ഷി ക്കണം എന്നു പഠിപ്പിക്കുന്നവരെ നാം അനുധാവനം ചെയ്യുന്നി ല്ലെങ്കിൽ യാമനമസ്കാരത്തിൻെറയും പ്രാർത്ഥനയുടെയും അവ സരം ബാഹ്യചിന്തകളിൽ നിന്നകന്നു് ഏകാഗ്രമായിരിക്കാൻ ഇവ കൂടാതെ ബുദ്ധിക്കു് സ്തുത്യർഹമായ മററൊരു വഴിയുമില്ല. അൽമായരുടേതിനേക്കാൾ ശ്രേഷ്ഠമായ കഴിവു് ഇതിനു തങ്ങൾ ക്കു ലഭിച്ചിട്ടുണ്ടു് എന്നവണ്ണം ഭാവനാസൃഷ്ടികൾ കൊണ്ടു് തങ്ങളുടെ മനസ്സു് അലഞ്ഞു തിരിയാൻ ഇക്കൂട്ടർ അനുവദിക്കുന്നു. എന്നാൽ പ്രാർത്ഥനാവസരം ചിന്തകളുടെ പ്രകാശനത്തിനു കാര ണമാകുന്ന കാര്യം മിക്കയാളുകൾക്കും ഇല്ലാത്ത സംഗതിയാണ്. അതു് ദിവ്യരഹസ്യങ്ങളുടെ അവസരമുള്ള ചില പ്രചോദനങ്ങ ളുടെ ഫലമായി ഉണ്ടാകുന്നതാണ്. പ്രശാന്തതയും വലിയ ജാഗ്ര തയും മനസ്സിൻെറ പരിശുദ്ധിയും ആവശ്യപ്പെടുന്ന അതു് വളരെ കുറച്ചു് ആളുകൾക്കു മാത്രമേ കാണുകയുള്ളു. മനസ്സിൻെറ ഭാവന കളും ഏതെങ്കിലും സങ്കല്പത്തോടോ മനോരഥസൃഷ്ടിയോടോ ഉള്ള ചിന്തയുടെ സ്വമേധയാ ബന്ധനവും അൽമായരുടെയും ഗ്രഹണശക്തിയിൽ പെടുന്ന കാര്യമാണ്; അതിനു് ശുദ്ധതയോ പ്രശാന്തതയോ, മരുഭൂമിയിലെ വാസമോ ആവശ്യമില്ല. ഈ ആളുകൾ കുററമററവരെങ്കിൽ ഏകാന്തജീവിതത്തിലെ ക്ലേശങ്ങ ളുടെയും "ലോകത്തിൽ" നിന്നുള്ള കറയില്ലായ്മയുടെയും പ്രാർത്ഥ നാവസരത്തിൽ നിന്നു ലഭിക്കുന്ന ചിന്തകളുടെ പ്രകാശന

www.malankaralibrary.com



ത്തിൻെറയും ഉദ്ദേശ്യമെന്താണ്? ഈ ലോകത്തിലായിരിക്കുകയും ഭാര്യയോടും മക്കളോടും ബന്ധിതനായിരിക്കുകയും ചെയ്യുന്ന ഒരൽമായനു നേടാൻ കഴിയുന്നത്ര മാത്രമേ നമ്മുടെ പ്രത്യാശയുടെ ലക്ഷ്യത്തിനു വ്യാപ്തിയുള്ളവെങ്കിൽ നാം യാതൊരു ലക്ഷ്യവും കൂടാതെയായിരിക്കും ഇവ സഹിക്കുന്നത്; നമ്മുടെ അധ്വാനം വ്യർത്ഥമായിരിക്കയും ചെയ്യും.

12. നമ്മുടെ കർത്താവേശുമിശിഹായുടെ യഥാർത്ഥ ദർശനം അടങ്ങിയിരിക്കുന്നത്, നമ്മെപ്രതിയുള്ള അവിടുത്തെ മനുഷ്യാവതാരത്തിൻെറ അർത്ഥം ഗ്രഹിക്കുന്നതിലും, ആ ദർശനം ഉൾക്കൊള്ളുന്ന നിരവധി അത്ഭുതഘടകങ്ങളെപ്പററിയുള്ള ഉൾക്കാഴ്ചയുടെ ഫലമായി അവിടുത്തോടുള്ള സ്നേഹത്താൽ ലഹരിപിടിക്കുന്നതിലും ആണ്.

13. ആത്മാവിനെ അടിമത്തത്തിൻേറതായ വിനീതാവസ്ഥയ്ക്കു വിധേയമാക്കുന്ന നിയമമാണ് സങ്കീർത്തനാലപനം.

14. ഈ നിയമത്തിൽ സ്വാതന്ത്ര്യമുണ്ട്; സ്വാതന്ത്ര്യത്തിൽ ഒരു നിയമവും ഉണ്ട്. നിയമത്തിൻെറ ഫലമായി ചിലരും അതിൽ നിന്നുവരുന്ന സ്വാതന്ത്ര്യത്തിൻെറ ഫലമായി മററു ചിലരും പരിശോധിക്കപ്പെടുകയും ശ്രേഷ്ഠരായിത്തീരുകയും ചെയ്യുന്നു.

15. നിയമത്തിനു വിധേയനാകുമ്പോഴെന്നതിനേക്കാൾ കൂടുതൽ പുരോഗതി സ്വാതന്ത്ര്യത്തിൽ ഉണ്ടാകുന്നു. എങ്കിലും മിക്കപ്പോഴും സ്വാതന്ത്ര്യത്തിൽ നിന്ന്, തെററിലേക്കു നയിക്കുന്ന നിരവധി പാതകൾ ഉടലെടുക്കുന്നു; സ്വാതന്ത്ര്യത്തിൽ അനേകതരം വീഴ്ചകൾ പതിയിരിക്കുന്നുണ്ട്. എന്നാൽ നിയമം വഴി ആരും വഴിതെററിപ്പോകുന്നില്ല. ഏതെങ്കിലും നിയമത്തിൻെറ നുകത്തിൽ നിലനില്ക്കുന്നവർ ആ നിയമം ഉപേക്ഷിച്ച് അതിനെ അവഗണിക്കുമ്പോൾ മാത്രമേ ഏതെങ്കിലും വീഴ്ചയിലേക്ക് നയിക്കപ്പെടുന്നുള്ളു. ഇക്കാരണത്താൽ, വഴി തെററാതെ തങ്ങളുടെ ജീവിതം പൂർത്തിയാക്കിയ പുരാതന പിതാക്കന്മാർ കുറേ നിയമങ്ങൾ കൊണ്ട് തങ്ങളെത്തന്നെ നിയന്ത്രിച്ചിരുന്നു.

എന്നാൽ അനേകം ആളുകൾ തങ്ങളുടെ നിയമത്തിൻെറ അനുശാസനങ്ങൾ വിട്ടുകളഞ്ഞിട്ട് കല്പിക്കപ്പെട്ടതിനേക്കാൾ വളരെ കൂടുതൽ അധ്വാനിച്ച്, തങ്ങളുടെ ശുശ്രൂഷാന്തിയോടു കൂട്ടിച്ചേർത്തിട്ടുണ്ട്. എന്നാൽ അവർ തങ്ങളുടെ നിയമം ഉപേക്ഷി

www.malankaralibrary.com



ച്ചതുകൊണ്ട്, കൂടുതലായി ചെയ്ത അധ്വാനങ്ങൾ ഒന്നും തങ്ങൾ പിശാചിൻെറ കൈകളിൽ വീഴുന്നതു തടഞ്ഞില്ല. ആർക്കും ഇതു നിഷേധിക്കാനാവില്ല; കാരണം, ഈ ആളുകളെക്കുറിച്ചുള്ള വിവരണങ്ങൾ നമ്മുടെ പ്രബോധനത്തിനായി സൂര്യരശ്മി പോലെ പ്രകാശിക്കുന്നു.

16. സ്വാതന്ത്ര്യവുമായി കെട്ടുപിണഞ്ഞു് ഒരു നിയമമുണ്ട്; അടിമകൾക്ക് ഒരു നിയമമുണ്ട്. അടിമപ്പെടുത്തുന്ന നിയമം ഇപ്രകാരം പറയുന്നു: "യാമനമസ്കാരാവസരം ഞാൻ ഇന്നയിന്ന സങ്കീർത്തനങ്ങൾ ചൊല്ലും; ഞാൻ പ്രാർത്ഥിക്കുന്ന അവസരങ്ങളിലെല്ലാം ഒരേ കൃത്യമായ എണ്ണം തികയ്ക്കും." "അത്തരം ഒരാൾ മാററം കൂടാതെ വ്യതിയാനത്തിനു് ഒരു സാധ്യതയുമില്ലാതെ എല്ലാ ദിവസവും ഈ സങ്കീർത്തനങ്ങൾ തന്നെ ചൊല്ലാനുള്ള കടമയാൽ ബന്ധിതനാണ്. സങ്കീർത്തനങ്ങളുടെ എണ്ണം, ദൈർഘ്യം, സ്ഥിരപ്രകൃതം എന്നിവയുടെ വിശദാംശങ്ങൾ അനുവർത്തിക്കാനായി തനിക്കുവേണ്ടി അവൻ അനുശാസിച്ചതും നിശ്ചയിച്ചതുമായ കടമയാൽ അവൻ ബന്ധിതനായിരിക്കുന്നതിനാൽ എല്ലാ ദിവസവും എന്നു പറയാം. ഇവയെല്ലാം യഥാർത്ഥ ജ്ഞാനത്തിൻെറ പാതയിൽ നിന്നു് തീർത്തും അകലെയാണ്; കാരണം, അത്തരക്കാരൻ ദൈവിക പ്രവർത്തനമോ, പ്രകൃതിയുടെ ബലഹീനതയോ, കൂടെക്കൂടെയുള്ള പോരാട്ടത്തിൻെറ അപകടമോ മനസ്സിലാക്കുന്നില്ല; ഒന്നാമതായി അയാളുടെ മനസ്സ് നിശ്ചയിച്ചതിലുപരി ചെയ്യാൻ കൃപ നൽകപ്പെട്ടേക്കാം; രണ്ടാമതായി, അഹങ്കാരത്തെ കീഴമർത്താനായി പ്രത്യേകമാം വിധം നിശ്ചയിക്കപ്പെട്ട പിശാചുക്കളുടെ ആക്രമണത്താൽ ഉള്ള പൈശാചിക പ്രേരണയാൽ നിയമം അനുവർത്തിക്കുന്നതിൽ മനുഷ്യപ്രകൃതി വളരെ ബലഹീനമായി കാണപ്പെട്ടേക്കാം.

17. നിഖ്യായിലെ സാർവത്രികസൂനഹദോസിനുവേണ്ടി പരിശുദ്ധാത്മാവിനാൽ വിളിച്ചുകൂട്ടപ്പെട്ട പിതാക്കന്മാർ വഴിയായി നമ്മുടെ പരിപാവനമായ ജീവിതാവസ്ഥയ്ക്കുവേണ്ടി വിശുദ്ധസഭ നിശ്ചയിച്ച ഏഴ് യാമനമസ്കാരങ്ങളുടെ മുടങ്ങാത്ത അനുഷ്ഠാനത്തിൽ സ്വാതന്ത്ര്യത്തിൻെറ നിയമം അധിഷ്ഠിതമായിരിക്കുന്നു. ഏകാന്തവാസികളായ നാം സഭയ്ക്കോ, സഭയുടെ മെത്രാന്മാർക്കോ ഭരണാധികാരികൾക്കോ വിധേയരാകാതിരിക്കുക എന്നതു് ഒരിക്കലും സംഭവിക്കാതിരിക്കട്ടെ. സഭ തൻെറ മക്കളായ നമുക്കുവേണ്ടി നിശ്ചയിച്ചിരിക്കുന്നതനുസരിച്ച്, ഏഴു യാമങ്ങളിലെ പ്രാർത്ഥനകളുടെ രൂപീകരണം നാം പാലിക്കുന്നതിൻെറ കൃത്യമായ കാരണം ഇതാണ്. എന്നാൽ

www.malankaralibrary.com



ഓരോ നമസ്കാരത്തിനും ഒരേ നിശ്ചിത സംഖ്യ പ്രത്യേക സങ്കീർത്തനങ്ങൾ ചൊല്ലിയിരിക്കണമെന്ന് ഇതിനർത്ഥമില്ല; രാത്രിയും പകലും ഈ നമസ്കാരങ്ങൾക്കിടയ്ക്കും പ്രത്യേക സംഖ്യ പ്രാർത്ഥനകൾ ചൊല്ലാനായി ആരും നിർണയിക്കുന്നില്ല. ഈ പ്രാർത്ഥനകൾക്ക് സമയപരിധിയും നിശ്ചയിച്ചിട്ടില്ല; ഉപയോഗിക്കേണ്ട പ്രത്യേക വാക്കുകളെക്കുറിച്ചും തീരുമാനം ഒന്നുമില്ല. മറിച്ച്, അപ്പോൾ ആവശ്യമുള്ളവ യാചിച്ചുകൊണ്ടും പ്രചോദനത്തിനനുസൃതമായ പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടും കൃപയാൽ ലഭിക്കുന്ന ശക്തിക്കനുസൃതമായി ഓരോ പ്രാർത്ഥനയ്ക്കും സമയം എടുക്കണം എന്നുമാത്രം. അത്തരമൊരാൾ പ്രാർത്ഥിക്കുമ്പോൾ ഈ രീതിയിലുള്ള പ്രാർത്ഥനയുടെ സന്തുഷ്ടി നിമിത്തം കൂടുതൽ ഏകാഗ്രതയുള്ളവനും മനപ്പതർച്ചയില്ലാത്തവനും ആയിരിക്കും. ഇത്തരം പ്രാർത്ഥനകളുടെ അവസരം കർത്താവു നൽകുന്ന ജ്ഞാനവും മനുഷ്യപ്രകൃതിയുടെ ബലവും അനുസരിച്ച്, അയാൾ തന്റെ അപേക്ഷ അളക്കുന്നു.

നമ്മുടെ രക്ഷകൻ ഉച്ചരിച്ച പ്രാർത്ഥനയിലെ വാക്കുകളുടെ അർത്ഥം പോരാ, പിന്നെയോ അതേ വാക്കുകൾ ഉപയോഗിച്ചുകൊണ്ടും വാക്കുകളുടെ അതേ ക്രമം പാലിച്ചുകൊണ്ടും നമ്മുടെ എല്ലാ പ്രാർത്ഥനകളിലും നാം ഉപയോഗിക്കണം എന്നു പറയുന്നയാൾ, ഈ പ്രാർത്ഥന ചൊല്ലുന്നതിൽ നമ്മുടെ കർത്താവിനുണ്ടായിരുന്ന ഉദ്ദേശ്യത്തേപ്പറ്റി വളരെ വികലമായ ധാരണയുള്ളവനാണ് എന്നു പറയേണ്ടിയിരിക്കുന്നു. ഭാഗ്യവാനായ ഭാഷ്യകാരന്റെ[16] ചിന്തയോട് അയാൾ ഒട്ടും അടുത്തു വന്നിട്ടുമില്ല. ഇവിടെ നമ്മുടെ കർത്താവ് വാക്കുകളുടെ പ്രത്യേക അനുക്രമം നമ്മെ പഠിപ്പിച്ചില്ല; മറിച്ച്, ഈ പ്രാർത്ഥനവഴി അവിടുന്നു നല്കിയ പ്രബോധനം അടങ്ങിയിരിക്കുന്നത് നമ്മുടെ ഈ ജീവിതകാലം മുഴുവൻ നമ്മുടെ മനസ്സ് എന്തിലാണ് കേന്ദ്രീകരിക്കേണ്ടത് എന്നു കാണിക്കുന്നതിലാണ്. നമ്മുടെ അധരങ്ങൾകൊണ്ടു നാം ഉച്ചരിക്കേണ്ട വാക്കുകളുടെ കൃത്യമായ അനുക്രമമല്ല, പിന്നെയോ, അർത്ഥമാണ് അവിടുന്നു നമുക്കു നൽകിയത്.

ഇപ്രകാരം, എന്തെങ്കിലും ലക്ഷ്യം വച്ചുകൊണ്ട് നാം ഈ പ്രാർത്ഥന നമ്മുടെ മനസ്സിൽ കൊണ്ടുവരുമ്പോൾ അതിന്റെ

---

16 മൊപ്സുവെസ്ത്യായിലെ തിയഡോറിന്റെ കർതൃപ്രാർത്ഥനയുടെ ഭാഷ്യത്തെയാണ് ഇസഹാക്ക് പരാമർശിക്കുന്നത്; മുകളിൽ പേജ് 188 നമ്പർ 13 കാണുക.

www.malankaralibrary.com



അർത്ഥം അനുസരിച്ച് നാം പ്രാർത്ഥിക്കുന്നു; രാജ്യത്തിനും നീതിക്കുംവേണ്ടി അല്ലെങ്കിൽ, ചിലപ്പോഠ ചെയ്യുന്നതു പോലെ പ്രലോഭനങ്ങളിൽ നിന്നുള്ള വിടുതലിനുവേണ്ടി നാം അപേക്ഷിക്കുമ്പോഠ അതനുസരിച്ച് നമ്മുടെ സ്വന്തം പ്രാത്ഥന കളുടെ ഗതി നാം തിരിച്ചുവിടുന്നു. ചിലപ്പോഠ നാം നമ്മുടെ മനുഷ്യപ്രകൃതിയുടെ ആവശ്യങ്ങഠക്കു വേണ്ടിയായിരിക്കാം പ്രാർത്ഥിക്കുന്നത്. അതായത് ദിവസത്തേയ്ക്കുള്ള ആഹാര ത്തിനുവേണ്ടി; അതുപോലെ, നാം എന്തു പ്രാത്ഥിക്കണമെന്നു നമ്മോടു പറഞ്ഞുകൊണ്ട്, നമുക്ക് അവിടുന്നു നിശ്ചയിച്ചി രിക്കുന്ന ഉദ്ദേശ്യങ്ങഠക്കനുസൃതമായി മററല്ലാക്കാര്യങ്ങളെ സംബന്ധിച്ചും: അതുകൊണ്ട്, നമ്മുടെ പ്രാർത്ഥന കർത്തൃ പ്രാർത്ഥനയുടെ ആന്തരികാർത്ഥത്താൽ പ്രചോദിതമായിരി ക്കണം; നമ്മുടെ കർത്താവു നമ്മെ പഠിപ്പിച്ച ഈ പ്രാത്ഥന നാം പ്രാത്ഥിക്കുമ്പോഠ കൃത്യം അതിനനുസൃതമായി നാം പെരു മാറുകയും വേണം.

ഒരു പ്രാത്ഥനയുടെ രൂപത്തിൽ നമ്മുടെ കർത്താവു നമുക്കു കൈമാറിയ ഈ പാരമ്പര്യം പ്രകാശിതരും ഉഠക്കാഴ്ചയുള്ളവരു മായ വ്യക്തികഠ ഈ രീതിയിലാണു മനസ്സിലാക്കുന്നത്; വാക്കുകളുടെ അനുക്രമത്തിലും ക്രമീകരണത്തിലും അവർ ശ്രദ്ധി ക്കുന്നില്ല. ശിഷ്യന്മാർക്കു ഉഠക്കാഴ്ച നൽകിക്കൊണ്ട്, ഒരു പ്രാർത്ഥനയുടെ വാക്കുകളുടെ രൂപത്തിൽ പ്രബോധനം നൽകി യപ്പോഠ, നമ്മുടെ കർത്താവ് യഥാർത്ഥത്തിൽ വാക്കുകളുടെ കൃത്യമായ ക്രമത്തെക്കുറിച്ചു തല്പരനായിരുന്നില്ല. മറിച്ച്, പുറജാതികഠ ചെയ്യുന്നതുപോലെ തന്റെ കല്പനകഠക്കു വിരുദ്ധമായ എല്ലാത്തരം മററു കാര്യങ്ങളും പ്രാർത്ഥനയുമായി കൂട്ടിക്കുഴയ്ക്കരുതെന്നു നമ്മെ അവിടുന്നു പഠിപ്പിക്കുകയായിരുന്നു.

പുതിയ ലോകത്തിൽ വ്യാപരിക്കാൻ ശ്രേഷ്ഠമായി അനു യോജ്യമായ പ്രാത്ഥനകളും അപേക്ഷകളും വിചിന്തനങ്ങളും ഉത്ഭവിക്കുന്ന ആന്തരികാത്ഥത്തിൽ ശ്രദ്ധിക്കാതെ, വാക്കുകളുടെ കൃത്യമായ അനുക്രമത്തിൽ ശ്രദ്ധിക്കയും അന്വേഷണം നടത്തു കയും ചെയ്യുന്നതു ബാലിശമനസ്ഥിതിയാണ്. നമ്മുടെ പ്രാർ ത്ഥന നമ്മുടെ കർത്താവു പഠിപ്പിച്ച പ്രാത്ഥനയുടെ ആന്തരി കാത്ഥത്തിൽ നിന്നുത്ഭവിക്കുകയും മനസ്സ് ആ അർത്ഥത്തെ പിൻചെല്ലുകയും ചെയ്താൽ, പ്രസ്തുത പ്രാത്ഥനയിലെ വാക്കുക ളുടെ ബാഹ്യരൂപം മാററുന്നതുവഴി ഒരു വ്യത്യാസവും വരാൻ പോകുന്നില്ല.

19. പ്രബോധനത്തെ സ്നേഹിക്കുന്നവർ എല്ലാ ഉപ ദ്രവങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടണം എന്ന് എനിക്കു

www.malankaralibrary.com



താല്പര്യമുണ്ട് – അതായത്, തിരുലിഖിതങ്ങളുടെ യഥാർത്ഥ മായ അർത്ഥം കണ്ടുപിടിക്കുന്നതിൽ വ്യാപൃതനായ വ്യക്തി, ഒന്നിലും കാലിടറരുത്; ഉപദ്രവകരമായവയെ പ്രയോജനകര മായവ എന്നു കണക്കാക്കരുത്; വെറും ബാഹ്യരൂപത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഒന്നിനെയും മനസ്സിലാക്കരുത്.

തുടർച്ചയായുള്ള പ്രാർത്ഥനയാൽ ഇന്നയാരു പീഡിപ്പിക്ക പ്പെട്ടു; അല്ലെങ്കിൽ അവരിൽ ചിലർ സങ്കീർത്തനങ്ങളെ നിന്ദി ച്ചതിനാൽ എപ്രകാരം പിശാചുക്കളാൽ വഞ്ചിതരായി; അല്ലെ ങ്കിൽ നിരന്തര പ്രാർത്ഥനയല്ലാതെ മറ്റൊന്നും ചെയ്യാതിരുന്ന ചിലർ പിന്നീടു പീഡിപ്പിക്കപ്പെടുകയും മിഥ്യാബോധത്താൽ പരിഹാസ പാത്രമായിത്തീരുകയും ചെയ്തു എന്നു തുടങ്ങി ഏതെങ്കിലും ഏകാന്തവാസികളെപ്പറ്റിയുള്ള കഥകൾ കേട്ടാൽ ഉപരിപ്ലവവും ബാഹ്യവുമായ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകുലപ്പെടുകയോ തകിടംമറിയുകയോ അരുത്. നമ്മുടെ ദുഷിച്ച അവസ്ഥയെ നേരെയാക്കുന്ന പ്രക്രിയയിൽ സഹായ കമായ കാര്യങ്ങളെപ്പറ്റി സംശയിക്കയും വേണ്ട. വഴിതെറ്റി പ്പോകുന്നതിന്റെ കാരണം നിരന്തരപ്രാർത്ഥനയല്ല; മതിയായ കാരണമുണ്ടെങ്കിൽ ചില സങ്കീർത്തനങ്ങൾ ഉപേക്ഷിക്കുന്നതു മല്ല; ജീവന്റെ ഉറവിടമായ പ്രാർത്ഥനയും അതിലന്തർഭവിച്ചി രിക്കുന്ന അദ്ധ്വാനവും തെറ്റിലേക്കു നയിക്കുന്ന എന്തോ ആണെന്നു നാം പറയുന്നില്ല. മറിച്ച്, ചിലയാളുകൾ പ്രാർത്ഥന യുടെ വന്ദ്യമായ ബാഹ്യരൂപങ്ങൾ ഉപേക്ഷിക്കുകയും പകരം, തങ്ങളുടെ തന്നിഷ്ടത്തിനനുസൃതമായി തങ്ങൾക്കായി അവർ ഉണ്ടാക്കിയ പ്രത്യേക പതിവുകളിലേക്കും നിയമങ്ങളിലേക്കും തിരിയുകയും വിശുദ്ധരഹസ്യങ്ങളെ വെറുക്കുകയും അവജ്ഞാ പൂർവം വീക്ഷിക്കയും ചെയ്തുകൊണ്ടു പൂർണമായി വിശുദ്ധരഹ സ്യങ്ങൾക്കു തങ്ങളെത്തന്നെ അന്യരാക്കി. കൂടാതെ അവർ തിരുലിഖിതങ്ങളുടെ പ്രകാശത്തിൽനിന്നു സ്വയം അകന്നു; പിശാചിനെതിരായ തന്ത്രങ്ങളെപ്പറ്റി പ്രബോധനം നൽകുന്ന പിതാക്കന്മാരുടെ പ്രബോധനം അവർ ഉപേക്ഷിച്ചു; വിവിധ അനുതാപകർമ്മങ്ങൾ, സാഷ്ടാംഗപ്രണാമങ്ങൾ, തുടർച്ചയായി നിലത്തു കമിഴ്ന്നുവീണു കിടക്കൽ, തകർന്ന ഹൃദയം, പ്രാർത്ഥ നയ്ക്കു ചേരുന്ന വിനീതമായ ശാരീരിക നിലപാടുകൾ, അടക്ക മുള്ള നിൽപ്പ്, വിനയാന്വിതമായി കൈകൾ കൂപ്പിപ്പിടിക്കൽ, അല്ലെങ്കിൽ ആകാശത്തിലേക്ക് വിരിച്ചുപിടിക്കൽ, പ്രാർത്ഥനാ വസരം ഇന്ദ്രിയങ്ങളെ ബഹുമാനപൂർവം കാത്തുസൂക്ഷിക്കൽ എന്നിവ അവർ ഉപേക്ഷിച്ചു. ഇങ്ങനെയൊക്കെ അവർ ചെയ്ത പ്പോൾ അവർക്കു തെറ്റുപറ്റി. ഇവയ്ക്കെല്ലാം പകരം അവർ അഹങ്കാരത്തിന്റെ വിവിധ ഭാവങ്ങളാൽ നിറഞ്ഞു. അതിന്റെ

www.malankaralibrary.com



ഫലമായി അവർ തങ്ങളുടെ പ്രാർത്ഥനയോടുകൂടി ദൈവനിന്ദയും കൂട്ടിച്ചേർത്തു; ദൈവസ്വഭാവം എത്ര ഉന്നതമാണെന്നും തങ്ങളുടേതു പൊടി മാത്രമാണെന്നും മറന്നുകൊണ്ടു ഉദ്ധതമായ ബാഹ്യ ശാരീരിക നിലപാടുകൾ അവർ തങ്ങളുടെ പ്രാർത്ഥനയിൽ സ്വീകരിച്ചു. എങ്കിലും ഇവയിലെല്ലാം അവരുടെ പ്രാർത്ഥനകളിലെ വാക്കുകൾ സങ്കീർത്തനങ്ങളിലേതിൽനിന്നു വ്യത്യസ്ഥമായിരുന്നില്ല.

വാസ്തവത്തിൽ മിക്ക പ്രാർത്ഥനകളും സ്തുതിയുടെയും കൃതജ്ഞതയുടെയും, അല്ലെങ്കിൽ ദുഃഖത്തിന്റെയും യാചനയുടെയും ആശയങ്ങളും വികാരങ്ങളും ഉൾക്കൊണ്ട സങ്കീർത്തനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വാക്കുകളിൽ അധിഷ്ഠിതമാണ്. ഇപ്രകാരം ചിലപ്പോൾ ഒരാൾ മുട്ടുകുത്തി ശിരസ്സുനമിക്കുമ്പോഴോ, തന്റെ ദൃഷ്ടിയും കരങ്ങളും ആകാശത്തിലേക്ക് ഉയർത്തിയിരിക്കുമ്പോഴോ, അവൻ വാക്കുകളോടു അനുഭവവും കൂട്ടിച്ചേർക്കുകയും അവ സാവധാനം ആവർത്തിക്കുകയും ചെയ്യുന്നു. ചിലപ്പോൾ തന്റെ ഹൃദയത്തിന്റെ അനുഭവവും വേദനയും, പ്രാർത്ഥനയുടെ എല്ലാത്തരം ഗാഢസ്പർശിയായ വാക്കുകളും ഉടലെടുക്കാൻ ഇടയാക്കുന്നു; അയാളുടെ മനസ്സിൽ അനുഭവപ്പെടുന്ന സന്തുഷ്ടി നിമിത്തം തന്റെ പ്രാർത്ഥനയെ സ്തുതിയായി മാററാൻ അയാളെ പ്രേരിപ്പിച്ചുകൊണ്ടു ചിലതിനോടുള്ള പ്രതികരണമായി സന്തോഷമുണ്ടാകാം; വിശുദ്ധരിൽ പരിശുദ്ധാത്മാവ് ആരംഭിക്കുന്ന പ്രാർത്ഥനകളിൽ ഉൾക്കൊള്ളുന്ന മററു പ്രചോദനങ്ങൾക്കും ഇതു ബാധകമാണ്. അവിടുത്തെ മൊഴികൾ അവാച്യ രഹസ്യങ്ങളും ഉൾക്കാഴ്ചകളുമാണ്. പ്രാർത്ഥനയുടെ ബാഹ്യരൂപം അവ ഉൾക്കൊള്ളുന്ന ഉൾക്കാഴ്ചകളുടെ ചില അടയാളങ്ങൾ നൽകുമ്പോൾ, അതു് ആത്മാവിന്റെ ജ്ഞാനത്താൽ വിശുദ്ധർക്കു തങ്ങളുടെ പ്രാർത്ഥനാവസരം ലഭിക്കുന്ന രഹസ്യങ്ങളുടെയും പരിപൂർണ്ണജ്ഞാനത്തിന്റെയും ഒരു സൂചനയാണ്.

ഒരാൾ ഒന്നുകിൽ ദൈവത്തിൻ പക്കലേക്കു അടുത്തുവരുന്നു; അല്ലെങ്കിൽ സത്യത്തിൽ നിന്നു വീണുപോകുന്നു. അവന്റെ മനസ്സ് ലക്ഷ്യമാക്കിയിരിക്കുന്ന ദിക്കിനെ ആശ്രയിച്ചാണിതു്; അല്ലാതെ എന്തു ചെയ്യുന്നു എന്നു് അവഗണിക്കുന്നു തുടങ്ങി ബാഹ്യകർമ്മങ്ങളെ ആശ്രയിച്ചല്ലിരിക്കുന്നതു്. അനേകം ആദ്യ പിതാക്കന്മാർക്ക് – വലിയ ഏകാന്തവാസികളിൽ ചിലരെയാണു ഞാൻ ഉദ്ദേശിക്കുന്നതു് – സങ്കീർത്തനങ്ങൾ പോലും അറിവില്ലായിരുന്നു; എന്നാൽ അവർ സമ്പാദിച്ച, മനസ്സിന്റെ താഴ്മയുടെയും ശ്രേഷ്ഠരീതികളുടെയും ഫലമായി അവരുടെ പ്രാർത്ഥന അഗ്നി പോലെ ദൈവസമക്ഷം കരേറി. ഈച്ചകളെപ്പോലെ

www.malankaralibrary.com



പിശാചുക്കളെ അവരുടെ വാക്കുകൾ ഓടിച്ചു; അവർ സമീപിച്ചപ്പോൾ അവ വേഗത്തിൽ നീങ്ങിപ്പോയി. എന്നാൽ അനേകർ അഹങ്കാരത്തിനും അലസതയ്ക്കും മറവായി പ്രാർത്ഥനയെ ഉപയോഗിക്കുന്നുണ്ട്. ശ്രേഷ്ഠഭാഗം എന്താണെന്നു ഗ്രഹിക്കുന്നതിൽ പരാജയപ്പെട്ട അവർ (ലൂ. 10:42) തങ്ങൾക്കുണ്ടായിരുന്ന ഭാഗംകൂടി നഷ്ടമാക്കി. തങ്ങളുടെ പക്കൽ ഒന്നുമില്ലാതിരിക്കെ, തങ്ങൾ പരിപൂർണ്ണരാണെന്ന് അവർ കരുതി. മററുള്ളവർ, തങ്ങൾക്ക ലഭിച്ച താത്വിക പരിശീലനത്തിന്റെ മാത്രം വെളിച്ചത്തിൽ, യഥാർത്ഥജ്ഞാനം കണ്ടെത്താൻ സഹായകമായി ഇത്ര മതി എന്നു വിചാരിച്ചു. സാധാരണവായനയിലും ലൗകിക സംസ്കാരത്തിലും ആശ്രയിച്ചുകൊണ്ട് അവർ സത്യത്തിൽ നിന്നു വീണുപോകുകയും വീണ്ടും എഴുന്നേററുനില്ക്കാനായി തങ്ങളെത്തന്നെ വിനീതരാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു.

20. പ്രാർത്ഥന അതിന്റെ ബാഹ്യരൂപത്തോടുകൂടി നടത്തിയാൽ സങ്കീർത്തനങ്ങളുടെ മാത്രമല്ല, എല്ലാ സുകൃതങ്ങളുടെയും പൂർത്തീകരണമാണ്. ഒരു സാധാരണകാര്യമായി ഈ പ്രസ്താവനയെ വെറുതെ ശ്രദ്ധിക്കുന്നതിൽനിന്നു നമ്മെ തടയാനായി, കൃത്യമായ അന്വേഷണത്തിലൂടെ യഥാർത്ഥ്യം അന്വേഷിച്ചു പഠിക്കാം. എന്റെ സഹോദരാ, എന്നോടു പറയുക. ചില പിതാക്കന്മാർ ചെയ്തതുപോലെ, ഒരാൾ ഏതാണ്ട് മൂന്നു രാവും മൂന്നു പകലും സ്ലീബായുടെ മുൻപാകെ സാഷ്ടാംഗപ്രണാമം ചെയ്യുന്നു എന്നു കരുതുക; അല്ലെങ്കിൽ ഉജ്ജ്വമാനസ്സരായ മിക്കവാറും എല്ലാ സഹോദരന്മാർക്കും അനുഭവവേദ്യമാകുന്ന, കണ്ണുനീരിന്റെ ദാനം യാമനമസ്കാര സമയത്ത് അവനുണ്ടാകുന്നു എന്നു കരുതുക; വളരെ പാടുപെട്ടിട്ടും, കണ്ണുനീരിന്റെ ആധിക്യത്താൽ ആ സഹോദരനു തന്റെ നമസ്കാരം പൂർത്തിയാക്കാൻ കഴിയാതെവരുന്നു: അവന്റെ കരച്ചിലിന്റെ ആധിക്യം നിമിത്തം അവനു് യാമനമസ്കാരം ഉപേക്ഷിക്കേണ്ടി വരുന്നു. ആഴങ്ങളിൽനിന്ന് ഉണർത്തിക്കൊണ്ടുവരുന്നവനെപ്പോലെയാണ് അവൻ. അതായത് അവന്റെ ഉള്ളിലുദിച്ച കൃപയാൽ അവന്റെ ഹൃദയത്തിൽനിന്നുടലെടുത്ത കരച്ചിലിന്റെ ഒരുറവയായി അവന്റെ ശരീരം മുഴുവൻ മാറുന്നു; അവൻ കണ്ണുനീരിൽ മുങ്ങുന്നു; ചില പ്രത്യേക സന്തോഷത്താൽ അവന്റെ നാവു നിശ്ശബ്ദമാകുന്നു; അവനുണ്ടായ അത്ഭുതകരമായ ഉൾക്കാഴ്ചകൾ നിമിത്തം, അവന്റെ നിശ്ശബ്ദതയിൽ കണ്ണുനീർ പൊട്ടിപ്പുറപ്പെട്ട് അവന്റെ മുഖത്തെ നനയ്ക്കുന്നു. എന്റെ സഹോദരാ, യാമനമസ്കാരാവസരം പ്രാർത്ഥനയിൽ ആയിരിക്കവെ ഏകാന്തവാസികൾക്ക സംഭവിച്ച ശ്രേഷ്ഠമായ ഈ മാററപ്പെട്ട

www.malankaralibrary.com



അവസ്ഥയും, യാമപ്രാർത്ഥനകൾ ഉപേക്ഷിക്കലും മററനേകം കാര്യങ്ങളും, വിവരിക്കാൻ പാടില്ലാത്ത മററു കാര്യങ്ങളും അലസതയായി നീ കണക്കാക്കുന്നുവോ? ശുദ്ധപ്രാർത്ഥനയാൽ ഗ്രസിക്കപ്പെട്ടുമ്പോൾ, ഞാൻ പറഞ്ഞതു് സങ്കീർത്തനത്തിനു ബാധകമാണ്; – ദുഷിച്ച മെസ്സാലിയൻ മനസ്ഥിതിയുടെ ഫലമായിട്ടോ അല്ലെങ്കിൽ മന്ദതയാലോ അലസതയാലോ ഇങ്ങനെ സംഭവിച്ചാൽ ഞാൻ പറഞ്ഞതു ബാധകമല്ല. – അത്തരം ഒരു നമസ്കാരം പൂർത്തീകരിക്കപ്പെട്ട കർമ്മമായി നാം പരിഗണിക്കണം; കാരണം, കൃപയിൽനിന്നുവരുന്ന സഹായത്തിൻെറ അടുത്തേക്കു് അതിൽ നാം ആനീതരായിരിക്കുന്നു.

എല്ലാ സമയവും തൻെറ കൃപയുടെ ആസ്വാദനത്തിനു് ദൈവം നമ്മെ അർഹരാക്കട്ടെ. കാരണം, നമ്മുടെ നമസ്കാരങ്ങളിലും പ്രാർത്ഥനകളിലും തൻെറ വലിയ മഹത്ത്വത്തെപ്പററിയുള്ള അവബോധത്താൽ ദൈവത്തെ വലയം ചെയ്തിരിക്കുന്ന അത്ഭുതത്തെ അതുവഴി നാം സമീപിക്കുന്നു. തൻെറ ദിവ്യരഹസ്യങ്ങളെപ്പററിയുള്ള ജ്ഞാനം അവിടുന്നു നമുക്കു പ്രദാനം ചെയ്യട്ടെ; കാരണം, അതുവഴി നാം ലോകത്തിൽനിന്നു വേർതിരിക്കപ്പെടുകയും തൻെറ സ്നേഹവുമായി കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യും; തൻെറ മുമ്പിൽ നന്നായി ശുശ്രൂഷിച്ചുകൊണ്ടു് തന്നെ പ്രസാദിപ്പിക്കുകയും ഈ പാതയിലൂടെ സഞ്ചരിക്കുകയും ചെയ്ത നമ്മുടെ പിതാക്കന്മാരുടെ പ്രാർത്ഥനയാൽതന്നെ. ആമ്മീൻ.

## 5. ശുദ്ധപ്രാർത്ഥന

*ശുദ്ധവും ഏകാഗ്രവുമായ പ്രാർത്ഥന എന്താണെന്നു് വ്യക്തമായി വിവരിക്കുകയും നന്നായി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്ന ഒരു ഭാഗം.*

ബുദ്ധിയുള്ള വ്യക്തി തനിക്കാവശ്യമുള്ളതും ഒഴിച്ചുകൂടാൻ പാടില്ലാത്തതും സ്വന്തമാക്കാൻ താല്പര്യപൂർവം ആഗ്രഹിക്കുന്നതുമായ ഒരു വസ്തു കണ്ടുപിടിക്കാൻ ഉപരിപ്ലവ റിപ്പോർട്ടുകളിൽ മാത്രം ആശ്രയിച്ചുകൊണ്ടു് പുറപ്പെടുകയോ, കൂടുതൽ അന്വേഷണം കൂടാതെയും അതെന്താണ്, അതെങ്ങനെയിരിക്കും എന്നൊക്കെ ആദ്യമേ പഠിക്കാതെയും അതു കണ്ടുപിടിക്കാൻ എടുത്തുചാടുകയോ, ചെയ്യരുതു്. അല്ലെങ്കിൽ, അതു് എത്തിപ്പിടിക്കാറാകുമ്പോൾ അതു തിരിച്ചറിയാൻ കഴിവില്ലാതെ കൈവിട്ടുപോകാൻ ഇടയാക്കിയേക്കും. മറിച്ച്, കൈയിലുള്ള

www.malankaralibrary.com



വസ്തുവിനെ സംബന്ധിച്ച് ശ്രദ്ധയോടുകൂടിയതും ശരിയായ രീതിയിലുള്ളതുമായ അറിവും ധാരണയും അവനുണ്ടായിരിക്കണം; അതെങ്ങനെയിരിക്കും എന്ന് അറിഞ്ഞുകഴിഞ്ഞാൽ, അതിൻെറ സമ്പാദനത്തിൽ എങ്ങനെ ശ്രദ്ധിക്കണം എന്നും അവൻ ആരായണം. അവൻ എന്തിൻെറ പിന്നാലെയാണ് ഓടുന്നത്, എന്താണ് പ്രതീക്ഷിക്കുന്നത് എന്നൊക്കെ നിശ്ചയിക്കണം; അല്ലെങ്കിൽ, എത്തിപ്പിടിക്കാൻ വളരെ എളുപ്പമായതും, കയ്യിലുള്ളതുമായ വസ്തുവിൻെറ യാഥാർത്ഥ്യത്തെക്കാൾ അസാധ്യകാര്യങ്ങളിലായിരിക്കും അവൻെറ പ്രതീക്ഷ ഉറപ്പിച്ചിരിക്കുന്നത്.

അല്ലയോ, സത്യത്തിൻെറ ശിഷ്യാ, പ്രാർത്ഥനാവസരം നാം ശ്രദ്ധാപൂർവം ഏർപ്പെടുന്ന സുകൃതത്തെക്കുറിച്ചുള്ള കൃത്യമായ വിചിന്തനത്തിൽ ഹൃദയവിശുദ്ധിയും അതിൽ ഉൾക്കൊണ്ടിരിക്കുന്ന മനസ്സിൻെറ ഏകാഗ്രതയും അടങ്ങിയിരിക്കുന്നു. ഹൃദയവിശുദ്ധിയെ സംബന്ധിച്ച് പിതാക്കന്മാർ ശ്രദ്ധാപൂർവം ഉപദേശിക്കുന്നു; ഹൃദയവിശുദ്ധി എന്നു പറയുന്നത്, പൂർണമായി ചിന്തയോ, വിചിന്തനമോ, ചലനമോ കൂടാതിരിക്കുന്നതല്ല; മറിച്ച്, എല്ലാ തിന്മകളിൽനിന്നും മനസ്സ് ശുദ്ധീകരിക്കുന്നതിലും, ദാക്ഷിണ്യപൂർവം എല്ലാററിനെയും നോക്കുന്നതിലും, അവയെ ദൈവത്തിൻെറ വീക്ഷണകോണത്തിൽക്കൂടി പരിഗണിക്കുന്നതിലും അടങ്ങിയിരിക്കുന്നു. ശുദ്ധവും ഏകാഗ്രവുമായ പ്രാർത്ഥനയും ഇതുപോലെയാണ്: മനസ്സിൽ ഒരു ചിന്തയും ഉണ്ടാകാൻ പാടില്ലെന്നോ, ഒരു തരത്തിലുമുള്ള അലഞ്ഞുതിരിയലും ഇല്ലെന്നോ അല്ല ഇതർത്ഥമാക്കുന്നത്; പിന്നെയോ, പ്രാർത്ഥനാവസരം മനസ്സ് നിരർത്ഥകകാര്യങ്ങളെക്കുറിച്ച് ചിന്തിച്ച് അലഞ്ഞുതിരിയുന്നില്ല എന്നർത്ഥം. മനസ്സ് സവിശേഷമായി നന്മയായിട്ടുള്ള ഒന്നിൽ ചുററിത്തിരിഞ്ഞില്ലെങ്കിൽ ശുദ്ധപ്രാർത്ഥനയ്ക്ക് പുറത്താണ് എന്നു പറയാനാവില്ല; പിന്നെയോ, പ്രാർത്ഥനാവസരം ഉചിതമായ കാര്യങ്ങളെപ്പററിക്കൂടി അതിനു ചിന്തിക്കാം; ദൈവത്തിനു പ്രീതികരമായ ചിന്തകൾ പുലർത്തുകയും ചെയ്യാം. പ്രാർത്ഥിക്കുമ്പോൾ അർത്ഥശൂന്യമായ ചിന്തകളേ വരാൻ പാടില്ല എന്നും ആരും ആവശ്യപ്പെടുന്നില്ല; പിന്നെയോ, അവയിൽ വ്യാപരിക്കുകയും അവവഴി മനപ്പതർച്ച ഉണ്ടാകുകയും ചെയ്യരുതെന്നു മാത്രം. നല്ലതരം മനപ്പതർച്ചയുണ്ട്, ചീത്തതരം മനപ്പതർച്ചയുമുണ്ട്. നീ പ്രാർത്ഥനയിലായിരിക്കുമ്പോൾ മനപ്പതർച്ചയിൽനിന്ന് പൂർണമായി വിമുക്തനാകാൻ പരിശ്രമിക്കേണ്ട; അത് അസാധ്യകാര്യമാണ്; പിന്നെയോ നന്മയായിട്ടുള്ള ഒന്നിൽ മനസ്സ് വ്യാപരിപ്പിക്കുക. ശുദ്ധപ്രാർത്ഥനപോലും എന്തെങ്കിലുമൊന്നിനെ

www.malankaralibrary.com



പിൻചെന്നുകൊണ്ടുള്ള പരിചിന്തനമാണ്. ശ്രേഷ്ഠമായ ഒന്നിനുവേണ്ടിയുള്ള അന്വേഷണം നല്ലതായതിനാൽ ഈ ചുററിത്തിരിയൽ ശ്രേഷ്ഠമാണ്. അർത്ഥശൂന്യമായ ചിന്തകളാൽ മനപ്പതച്ച് ഉണ്ടാകുമ്പോഴും ചീത്തക്കാര്യങ്ങരം ചിന്തിക്കുമ്പോഴും ദൈവതിരുമുൻപാകെ പ്രാത്ഥിക്കുമ്പോരം അവൻ ചീത്തചിന്തകരം പുലർത്തുന്നതിനാൽ മനസ്സിൻെറ അലഞ്ഞുതിരിയൽ ചീത്തയാണ്.

ആത്മാവിൻെറ വിശുദ്ധ വാക്കുകളും ദിവ്യമൊഴികളും മനസ്സിലാക്കിയും തിരുലിഖിതങ്ങളെ ധ്യാനിച്ചും അവയെ ആധാരമാക്കി ദൈവത്തെപ്പററിയും ദൈവമഹത്വത്തെപ്പററിയും ദൈവത്തിൻെറ ശ്രേഷ്ഠതയെപ്പററിയും ചിന്തിച്ച്, പ്രാർത്ഥനാവസരം മുഴുവൻ മനസ്സ് അലഞ്ഞുതിരിഞ്ഞാൽ, ആ അലഞ്ഞുതിരിയൽ നല്ലതു തന്നെയാണ്. അത്തരം കാര്യങ്ങളെപ്പററി പരിചിന്തനം നടത്തുന്നതിൽനിന്നു തൻെറ ചിന്തയെയും, പ്രാത്ഥനാവസരം സ്വതന്ത്രമായി അവയിൽ വ്യാപരിക്കുന്നതിൽനിന്നു മനസ്സിനെയും പിൻതിരിപ്പിക്കാൻ കഠിനപ്രയത്നം ചെയ്യുന്നയാരം, ഇത്തരം വിശകലനങ്ങരം ശുദ്ധപ്രാർത്ഥനയ്ക്കു വൈദേശികവും അതിൻെറ അതിർത്തിക്കു പുറത്തുമാണ് എന്നു ചിന്തിക്കുന്നതിനാൽ അതുല്യമായ വിസ്ഥിത്തത്തിലാണു കഴിയുന്നതു്. കാരണം, പ്രാത്ഥനാവസരമുള്ള ഉരംക്കാഴ്ചകളിലേല്ലാം ദിവ്യലോകത്തിൻെറ ആത്മീയധാരണയിലേക്കു നയിക്കുന്ന ആത്മാവിൻെറ ലിഖിതങ്ങളിൽനിന്ന് ഉടലെടുക്കുന്ന പ്രയോജനകരമായ ഏതു ചിന്തയും ശുദ്ധപ്രാർത്ഥനയ്ക്കെതിരായോ പ്രാർത്ഥനയിലുള്ള ഏകാഗ്രതയ്ക്കു തടസ്സമായോ നാം കണക്കാക്കുന്നില്ല. നമ്മുടെ കർത്താവിൻെറ കല്പനകളുടെ ഉദ്ദേശ്യമനുസരിച്ചാണെങ്കിൽ, ഒരാരം തൻെറ പ്രാർത്ഥനയിലെ അപേക്ഷയും തൻെറ യാചനയുടെ വിഷയവും ഏകാഗ്രമായി ചിന്തിച്ചു പരിശോധിക്കുന്നതു ശ്രേഷ്ഠമായ തരത്തിലുള്ള പ്രാർത്ഥനയാണ്. മനസ്സിൻെറ ഇത്തരം ചിന്ത വളരെ നല്ലതാണ്.

ഈ പ്രാർത്ഥനയിൽ നിന്നു മനസ്സു വിമുക്തമായി ദിവ്യകാര്യങ്ങളിൽ ആമഗ്നമാകുകയാണെങ്കിൽ; ഓരോ ദിവസത്തേക്കുവേണ്ടിയോ പൊതുവായോ ദൈവത്തെയും ദൈവികവ്യാപാരങ്ങളെയും പരിപാലനാകർമ്മങ്ങളെയുംപററി ഒരാരംക്കു വ്യക്തിപരമായോ, ക്രിസ്തീയസമൂഹത്തിനു മുഴുവനുമായോ ഉള്ള തിരുലിഖിതത്തിൻെറ ഉരംക്കാഴ്ചയിൽനിന്ന് ഉടലെടുക്കുന്ന ഏതെങ്കിലും ശ്രേഷ്ഠമായ ചിന്ത അതിനുണ്ടാകുകയാണെങ്കിൽ; – ദൈവസ്തുതിക്കും കൃതജ്ഞതയ്ക്കും നമ്മോടു തനി

www.malankaralibrary.com



ക്കുള്ള സ്നേഹത്തിൻെറയും അനുകമ്പയുടെയും ധാരാളിത്വത്തിലുള്ള സന്തോഷത്തിനും ഹൃദയത്തിൻെറ അന്തരാളത്തെ പ്രചോദിപ്പിക്കുന്നവയെല്ലാം; — ഇപ്രകാരം സംഭവിക്കുകയാണെങ്കിൽ, ഇത്തരം അലഞ്ഞുതിരിയൽ പ്രാർത്ഥനയെക്കാരം മെച്ചപ്പെട്ടതാണ്. ഒരാളുടെ യാചന എത്രമാത്രം ഉന്നതവും ശുദ്ധവും ആയിരുന്നാലും, എല്ലാത്തരം പ്രാർത്ഥനകളുടെയും ശ്രേഷ്ഠതയുടെയും, മനസ്സിൻെറ ഏകാഗ്രതയുടെയും മകുടം ഇതാണ്. മനസ്സിൽ യാതൊരുതരം ചിന്തയുമില്ലാതിരിക്കുമ്പോരം, അതു മനസ്സിൻെറ നിശ്ശബ്ദതയാണ്; പ്രാർത്ഥനയുടെ ശുദ്ധതയല്ല. ശുദ്ധമായി പ്രാർത്ഥിക്കുക എന്നതു് ഒരു കാര്യം; മനസ്സ് ഒരു അലഞ്ഞുതിരിയലും കൂടാതെ നിശ്ശബ്ദമായിരിക്കുക, അല്ലെങ്കിൽ പ്രാർത്ഥനയിലെ വാക്കുകളെപ്പററിയുള്ള ഉരംക്കാഴ്ച, ഒരു ചലനവും കൂടാതെ ഇരിക്കുക എന്നതു് തീർത്തും മററൊരു കാര്യം. പോരാട്ടത്തിലൂടെയും തൻെറ സ്വന്തം ഇച്ഛയുടെ ശക്തികൊണ്ടും ഇതു കാണുവാൻ ആഗ്രഹിക്കത്തക്കവിധം ആരും വിസ്ഥികളായിരിക്കയില്ല; കാരണം, ബുദ്ധിയുടെ വെളിപാടിൻെറ ദാനമാണിതു്. ഇതു ശുദ്ധപ്രാർത്ഥനയുടെ പരിധിയിൽ വരുന്നതല്ല. ഇച്ഛയുടെ ഒരു കാര്യവുമല്ല.

നാം പറഞ്ഞ രണ്ടു രീതികരംക്കു പുറമേ മനസ്സു നടത്തുന്ന അപേക്ഷകളിന്മേലുള്ള വിചിന്തനം, തിരുലിഖിതങ്ങളിന്മേലുള്ള ധ്യാനം, എല്ലാററിൻെറയും കർത്താവായ ദൈവത്തെക്കുറിച്ചു് ഉചിതമായി നടത്തുന്ന വിവേകപൂർവമായ വിചിന്തനം എന്നിവയിലും മനസ്സിനു് അലഞ്ഞുതിരിയാൻ കഴിയും.

ചിന്തകളുടെ ശുദ്ധതയും മനസ്സിൻെറ ഏകാഗ്രതയും കണ്ടുപിടിക്കാൻ മററു ചില മാർഗ്ഗങ്ങളുണ്ടു് എന്നു കരുതി അവ സംബന്ധിച്ചു് ആരെങ്കിലും മറിച്ചു ചിന്തിച്ചാൽ, അവൻ തൻെറ അജ്ഞതയിൽ രോഗഗ്രസ്തനും സംസ്കാരശൂന്യനുമാണ് എന്നു കരുതണം.

വിഡ്ഢികരം ചെയ്യുന്നതുപോലെ, മനസ്സിൻെറ ചലനരാഹിത്യത്തിൻെറ ആവശ്യം നിനക്കില്ലാത്തതിനാൽ നീ വിജ്ഞാനിയാണ്; കാരണം, മനുഷ്യപ്രകൃതിക്കു് ഇതു് അസാധ്യമാണ്. മറിച്ചു്, വിജ്ഞാനികരം ചെയ്യുന്നതുപോലെ, പ്രാർത്ഥനാവസരം ഉള്ള നല്ല പ്രചോദനങ്ങളെ കണ്ടുപിടിക്കാൻ ശ്രമിക്കുക. ആത്മാവിൻെറ ഉരംക്കാഴ്ചകളിന്മേലുള്ള വിചിന്തനം, എല്ലാററിൻെറയും നിർമ്മാതാവിൻെറ തിരുഹിതത്തെ എങ്ങനെ പ്രസാദിപ്പിക്കാനാവും എന്ന പ്രാർത്ഥനാ

www.malankaralibrary.com



വസരം ചിന്തിക്കുന്ന വിവേകപൂർണമായ ചിന്ത എന്നിവയിൽ അവ അടങ്ങിയിരിക്കുന്നു. എല്ലാ സുകൃതങ്ങളുടെയും എല്ലാ പ്രാർത്ഥനകളുടെയും പാരമ്യം ഇതാണ്.

ഈ കാര്യങ്ങളിൽ അവയുടെ ഇടതടവില്ലാത്ത പ്രചോദനങ്ങൾക്ക് ഉറപ്പായി ബന്ധിതനാകാൻ കൃപയിൽ നിന്നു വരുന്ന ശക്തി നീ സ്വീകരിക്കുമ്പോൾ, നീയൊരു ദൈവമനുഷ്യനായിത്തീരും; നീ ആത്മീയ വസ്തുക്കളുടെ സമീപസ്ഥനും ആയിരിക്കും. നീ അറിയാതെ, നീ താല്പര്യപൂർവം നോക്കിപ്പാർത്തുകൊണ്ടിരിക്കുന്നതിനോടും നീ അടുത്തുവരും; അതായത്, ആത്മജ്ഞാനം, പ്രതിച്ഛായകളിൽനിന്നു വിമുക്തമായ മനസ്സിന്റെ വിസ്മയം, പിതാക്കന്മാർ പറയുന്ന ആത്മീയ നിശ്ശബ്ദത. നീ അനുഗ്രഹീതനായിരിക്കും. നമ്മുടെ കർത്താവിൽ വസിക്കുന്ന വലിയ ആനന്ദത്തിനും സന്തോഷത്തിനും നീ അർഹനായിത്തീരും. – അവനു സ്തുതിയും ബഹുമാനവും. തന്റെ ദിവ്യരഹസ്യങ്ങളെക്കുറിച്ചുള്ള അറിവുകൊണ്ട് ഇപ്പോഴും എന്നേക്കും അവിടുന്നു നമ്മെ പരിപൂർണരാക്കട്ടെ. ആമ്മേൻ.

www.malankaralibrary.com

# 14

# സഹ്ദോണാ (മർതീരിയുസ്)

## (ഏഴാം നൂറ്റാണ്ട്)

# പ്രാർത്ഥന

**ആമുഖം**

ആധുനിക ഇറാക്കിലെ കിർക്കുക്കിനടുത്ത് ആറാം നൂററാണ്ടിൻെറ അവസാനം സഹ്ദോണാ (മർതീരിയുസ്) ജനിച്ചു. വടക്കേ ഇറാക്കിലെ ഒരു പ്രശസ്താശ്രമമായിരുന്ന ബേത് ആബേയിൽ അദ്ദേഹം ഒരു സന്യാസിയായി. ക്രി. വ. 630–ൽ അദ്ദേഹം ബേത് – ഗർമായ് (കിർക്കുക്കിനു ചുററും ഉള്ള പ്രദേശം) മെത്രാനായി. പേർഷ്യൻ സഭയിൽ 640 നോടടുത്ത് ഉടലെടുത്ത ക്രിസ്തുശാസ്ത്ര ചർച്ചകളിലും തർക്കങ്ങളിലും സഹ്ദോണായും പങ്കെടുത്തു. സഹ്ദോണാ നവീന പ്രബോധനം സഭയിൽ നടപ്പാക്കുന്നു എന്ന ആരോപണം ഉയർന്നു. ഒരു പേർഷ്യൻ സിനഡ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. അദ്ദേഹം പാശ്ചാത്യനാടുകളിൽ (എഡേസ്സാ) കുറേക്കാലം താമസിച്ച ശേഷം ദ്രുപതയിൽ തിരികെ വന്നു. തുടർന്നുള്ള തർക്കങ്ങളുടെ ഫലമായി അദ്ദേഹം വീണ്ടും സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. എഡേസ്സയ്ക്കടുത്തുള്ള ഒരാശ്രമത്തിനടുത്ത് ഏകാന്തവാസിയായി അദ്ദേഹം ജീവിച്ചു.

"പരിപൂർണ്ണതയുടെ പുസ്തകം," അഞ്ചു കത്തുകൾ, ആത്മീയ മൊഴികളുടെ സമാഹാരം എന്നീ കൃതികൾ സഹ്ദോണായിൽനിന്നു നമുക്കു കൈവന്നിട്ടുണ്ട്. സുറിയാനി സന്യാസ സാഹിത്യത്തിലെ ഒരു സുപ്രധാന കൃതിയാണ് അദ്ദേഹത്തിൻെറ പ്രധാന കൃതിയായ 'പരിപൂർണതയുടെ പുസ്തകം.' ഇതു് ഒരപൂർണ കൃതിയാണ്. ഇതൊരു താത്വിക കൃതിയല്ല;

www.malankaralibrary.com



വിശുദ്ധ ഗ്രന്ഥത്തിൽ പൂർണമായും അധിഷ്ഠിതമായ ഒരു പ്രായോഗിക കൃതിയാണ്. ഈ കൃതിക്ക് രണ്ടു ഭാഗങ്ങളുണ്ട്: ഒന്നാം ഭാഗത്തിൻെറ ആരംഭം നഷ്ടപ്പെട്ടുപോയി. ക്രിസ്തീയ ജീവിതത്തിൻെറ താത്വികാടിസ്ഥാനം, സുകൃതജീവിതത്തിനുള്ള ആഹ്വാനം, ഏകാന്തജീവിതം, അതിനായി സമൂഹജീവിതത്തിലെ തയ്യാറെടുപ്പ് എന്നിവ ഒന്നാംഭാഗത്തു ചർച്ച ചെയ്യുന്നു. രണ്ടാംഭാഗം പൂർണമായി കൈവന്നിട്ടുണ്ട്. മൊത്തം 14 അധ്യായങ്ങളാണുള്ളത്: വിശ്വാസം, ശരണം, സ്നേഹം, സ്വയം ശൂന്യമാക്കൽ, ശുദ്ധത, ഉപവാസം, പ്രാർത്ഥന, അനുതാപം, വിനയം, അനുസരണം, സഹനം, ജാഗരൂകത എന്നിവ ഈ ഭാഗത്തു ചർച്ച ചെയ്യുന്നു. രണ്ടാംഭാഗം എട്ടാം അധ്യായത്തിൽ പ്രാർത്ഥനയെപ്പററി ചർച്ച ചെയ്യുന്നതാണ് താഴെ വിവർത്തനം ചെയ്തിരിക്കുന്നത്.

പ്രാർത്ഥന ഹൃദയത്തിൻെറ ആന്തരികാപ്പണമാണ് എന്നു സഹ്ദോണാ പറയുന്നു. അഫ്രാത്തും സോപാനഗ്രന്ഥവും ഈ വിഷയം ചർച്ച ചെയ്തിട്ടുള്ളതാണ്. സഹ്ദോണായേപ്പററിയുള്ള നല്ലൊരാമുഖത്തിനു *DS* 10 (1980), col. 737-42 കാണുക. ഫ്രഞ്ചിൽ സഹ്ദോണായുടെ പ്രധാനകൃതി പൂർണമായി വിവത്തനം ചെയ്തിട്ടുണ്ട്. (csco 201. 215. 253. 255 (1960-1965). S. Brock, *op. cit.* 202 237 ൽ നിന്നാണ് താഴെക്കൊടുത്തിരിക്കുന്ന വിവത്തനം.

## പ്രാർത്ഥന

### യാമനമസ്ക്കാരം, പ്രാർത്ഥന, ജാഗരണം, വേദപുസ്തക വായന എന്നിവയെക്കുറിച്ച്.

2. എല്ലാനിമിഷവും ജാഗരൂകതയും, ഏകാഗ്രചിന്തകളും ബുദ്ധിയുടെമേൽ സൂക്ഷ്മനിരീക്ഷണവും നമുക്കുണ്ടായിരിക്കണം. ദൈവത്തിൻെറ ശ്രേഷ്ഠതയുമായി പ്രാർത്ഥനയിൽ രഹസ്യരീതിയിൽ സംസാരിച്ചുകൊണ്ടു് ദൈവമുമ്പാകെ നാം നില്ക്കുന്ന ആത്മീയശുശ്രൂഷയിൽ, മറെറല്ലാററിനേക്കാളും, ഇതു വാസ്തവമാണ്. തദവസരം ആഴമായ സ്നേഹത്തിൻെറയും സന്തോഷത്തിൻെറയും ആത്മീയ തീക്ഷ്ണതയോടുകൂടി ഭയവും വിറയലും കൂട്ടിച്ചേർത്ത് നാം നിൽക്കുന്നതു് ഉചിതമാണ്.

3. എല്ലാ സ്ഥലങ്ങളിൽനിന്നും നമ്മുടെ ബാഹ്യേന്ദ്രിയങ്ങളെ നമ്മുടെ മനസ്സിൻെറ ചിന്തകളിൽ ശേഖരിച്ച്, ഒന്നിച്ച

www.malankaralibrary.com



ചേക്കുമ്പോഴും, നമ്മുടെ ആത്മാവിൻെറ ആന്തരിക ചലനങ്ങളാൽ ഭൂമിയിൽനിന്നും ശരീരത്തിൽനിന്നും നാം ഉയർത്തപ്പെടുകയും സ്വർഗ്ഗത്തിൽ വസിക്കുന്നവരെപ്പോലെ ആയിത്തീരുകയും ചെയ്യുമ്പോഴും, നമ്മുടെ ഉൾക്കണ്ണുകളുടെ ദർശനം ദൈവത്തിൻ പക്കലേക്കു തിരിച്ചുകൊണ്ട് അവിടുത്തോടു നമുക്കു സംഭാഷണം നടത്താം; നിഗൂഢമായ രീതിയിൽ ഭയത്തോടുകൂടി നമുക്ക് അവിടുത്തെ മഹത്വത്തെ നോക്കി അദൃശ്യനായവൻെറ സാദൃശ്യത്തെ കണ്ണാടിയിലൂടെ എന്നവണ്ണം ദർശിക്കാം. ആരെ ശുശ്രൂഷിക്കുവാൻ നാം യോഗ്യരാക്കപ്പെട്ടുവോ ആ ദൈവത്തിൻെറ ഔന്നത്യത്തിൻെറ വ്യാപ്തി, നമ്മുടെ കഴിവനുസരിച്ച് അൽപ്പമായിട്ടാണെങ്കിലും നമുക്ക് മനസ്സിലാക്കാം. നാം എത്ര നികൃഷ്ടരാണെന്നും, യഥാർത്ഥത്തിൽ നാം എവിടെയാണു നിൽക്കുന്നതെന്നും ആരുടെ സാന്നിധ്യത്തിലാണെന്നും നാം കണക്കിലെടുക്കണം. നാം ദൈവമുമ്പാകെ നില്ക്കുമ്പോഴും, ദൈവവുമായുള്ള നമ്മുടെ സംഭാഷണത്തിൻെറ ആരംഭത്തിൽതന്നെ, വിശുദ്ധ പിതാവായ അബ്രഹാമിൻെറ ആ വിനീതവാക്കുകൾ നാം ഉപയോഗിക്കണം: ''ഇതാ, പൊടിയും ചാരവുമായ ഞാൻ കർത്താവിൻെറ സന്നിധിയിൽ പ്രാർത്ഥിക്കാൻ തുടങ്ങുന്നു''(ഉല്പ.18:27).

4. നമുക്ക് ഇതും ധ്യാനിക്കാം: തുടർച്ചയായി പാപച്ചെളിയാൽ മലിനരായിരിക്കുന്ന മർത്ത്യരായ നാം രാജാക്കന്മാരുടെ രാജാവും കർത്താക്കന്മാരുടെ കർത്താവുമായവൻെറ മുമ്പാകെ നിൽപ്പാൻ എങ്ങനെയാണ് യോഗ്യരായിത്തീർന്നത്? ആർക്കും സമീപിക്കാൻ പാടില്ലാത്ത ഉജ്ജ്വലപ്രകാശത്തിൽ അവിടുന്നു വസിക്കുന്നു (1 തിമോ.6:15_16). ആയിരങ്ങളുടെ ആയിരങ്ങളും പതിനായിരങ്ങളുടെ പതിനായിരങ്ങളുമായ മാലാഖമാരും പ്രധാന മാലാഖമാരും ഭയത്തോടും വിറയലോടുംകൂടെ നിന്നുകൊണ്ട് അവിടുത്തെ ബഹുമാനത്തെ ശുശ്രൂഷിക്കുന്നു; അവിടുത്തെ തിരുമുമ്പാകെ സ്വർഗ്ഗങ്ങൾപോലും പരിശുദ്ധമല്ല: അവൻ തൻെറ മാലാഖമാരിൽ അത്ഭുതം ജനിപ്പിക്കുന്നു; എങ്കിലും പാപത്താൽ തങ്ങളെത്തന്നെ അശുദ്ധരാക്കിയ ബലഹീനരും അരിഷ്ടരുമായ മനുഷ്യരോടു സംസാരിക്കാൻ അവിടുന്നു തിരുമനസ്സായി. കാരണം, ദുഷ്പ്രവൃത്തികളാൽ ദുഷിച്ച, പാപികളായ ഇസ്രായേൽക്കാരോട് പ്രവാചകനിലൂടെ അവിടുന്ന് ഇപ്രകാരം പറഞ്ഞു: ''കഴുകി ശുദ്ധരാകുവിൻ; നിങ്ങളുടെ പ്രവൃത്തികളുടെ മാലിന്യം എൻെറ കൺമുമ്പിൽനിന്ന് നീക്കുവിൻ; വരുവിൻ, നമുക്കു പരസ്പരം സംസാരിക്കാം, കർത്താവ് അരുൾ ചെയ്യുന്നു'' (ഏശ. 1:16_18).

www.malankaralibrary.com



5. അതിരില്ലാത്ത ദിവ്യാനുകമ്പയുടെയും കാരുണ്യത്തിന്റെയും കൃപ എത്രയോ വലുതാണ്! പാപികളായ സ്ത്രീപുരുഷന്മാരുടെ തലത്തിലേക്കു് ദൈവം ഇറങ്ങിവരുന്നു; നല്ലവനായ നാഥൻ മത്സരക്കാരായ തന്റെ വേലക്കാരോടു് സംസാരിക്കുന്നു; പാപമോചനത്തിനായി അശുദ്ധരെ വിശുദ്ധൻ ആയവൻ വിളിക്കുന്നു. ചെളിയിൽനിന്നു സൃഷ്ടിക്കപ്പെട്ട മനുഷ്യകുലം അടുപ്പത്തോടുകൂടി തന്റെ നിർമ്മാതാവിനോടു സംഭാഷണം നടത്തുന്നു; പൊടി അതിന്റെ നിർമ്മാതാവിനോടു് സംസാരിക്കുന്നു. അതുകൊണ്ടു്, പാപികളായ നാം തന്റെ മഹത്വത്തിന്റെ മുൻപാകെ നിന്നുകൊണ്ടു സംസാരിക്കുമ്പോൾ ഭയത്തോടുകൂടി നമുക്കു വ്യാപരിക്കാം. നമ്മുടെ പ്രവൃത്തികളിൽ നാം വളരെ അശുദ്ധരാണെങ്കിലും ആത്മാവിൽ തന്റെ ദർശനത്തിലേക്കു അവിടുന്നു നമ്മെ വലിച്ചടുപ്പിക്കുന്നു; അതുകൊണ്ടു് ഭാഗ്യവാനായ ഏശായാപ്രവാചകന്റെ വാക്കുകൾ വിറയലോടുകൂടി നമുക്കു് ആവർത്തിക്കാം: ''ഹാ എനിക്കു ഹാ കഷ്ടം. എന്തുകൊണ്ടെന്നാൽ ഞാൻ അമ്പരന്നുപോയി. ഞാൻ അശുദ്ധമായ അധരങ്ങളുള്ള മനുഷ്യനാകുന്നു; എങ്കിലും എന്റെ കണ്ണുകൾ രാജാവിനെ, സർവ്വശക്തനായ കർത്താവിനെ, ദർശിച്ചിരിക്കുന്നു'' (ഏശാ. 6: 5).

6. നമുക്കു വേണമെങ്കിൽ ആത്മാവിൽ ഇപ്പോഴേ അവിടുത്തെ ദർശിക്കാം. – തന്റെ വസ്ത്രാഗ്രത്താൽ ആലയം നിറഞ്ഞതായി പ്രവാചകൻ ദർശിച്ചതുപോലെ (ഏശാ. 6:1) തന്റെ സ്വഭാവത്തിന് അന്യമായ ഏതെങ്കിലും രൂപത്തിൽ അവിടുന്നു് സിംഹാസനാരൂഢനായിരിക്കയല്ല! അങ്ങനെയല്ല. തന്റെ സ്വഭാവത്തിന്റെ അപ്രാപ്യമായ പ്രകാശത്തിൽ ഉള്ള തന്റെ നിഗൂഢതയുടെ പാരമ്യത്തിൽ അവിടുന്നു നിഗൂഢനായിരിക്കുന്നു. അവിടെ അവിടുന്നു് ജീവിക്കയും തന്റെ ആധിപത്യത്തിന്റെ മഹത്വത്തിൽ പ്രപഞ്ചത്തിന്റെ എല്ലാ അതിരുകൾ വരെയും ഭരണം നടത്തുകയും ചെയ്യുന്നു. അവിടുന്നു് ഭൂഗോളത്തെ അതിന്റെ എല്ലാ ജീവജാലങ്ങളോടുകൂടെ വെട്ടുക്കിളികളെപ്പോലെ പിടിച്ചുകൊണ്ടു്(ഏശാ.40:22)തന്റെ വചനത്തിന്റെ ശക്തിയാൽ സർവശക്തനായിരിക്കുന്നു (എബ്രാ. 1: 3). തന്റെ അസ്തിത്വത്തിന്റെ അതിരില്ലായ്മയിൽ അവിടുന്ന് എല്ലാമാണ്; ''കാരണം അവിടുന്ന് നാം ഓരോരുത്തരിൽ നിന്നും അകന്നവനല്ല; എന്തുകൊണ്ടെന്നാൽ അവനിലാണ് നാം ജീവിക്കുന്നതും ചരിക്കുന്നതും നമ്മുടെ സത്ത സ്ഥിതി ചെയ്യുന്നതും'' (നടപടി 17: 27 - 28). അവിടുന്നു നമ്മിലും എല്ലായിടത്തും ആയിരിക്കവെ തന്നെ, തന്റെ ഔന്നത്യത്തിലും തന്റെ ദൈവത്വത്തിന്റെ മഹനീയമഹത്വത്തിലും വസിക്കുന്നു.

www.malankaralibrary.com



7. അവിടുത്തെ സൃഷ്ടി അവിടുത്തെ മഹത്വത്തിന്റെ ശോഭയാൽ നിറഞ്ഞിരിക്കുന്നു: അഗ്നിമയന്മാരായ സ്രാപ്പേന്മാർ അവിടുത്തെ ബഹുമാനിക്കാനായി അവിടെ നിൽക്കുന്നു. അനേക കണ്ണുകളുള്ള ക്രോബേന്മാരുടെ നിരകൾ അവിടുത്തെ മഹനീയ സത്തയെ അനുഗമിക്കുന്നു. ആത്മീയ ശക്തികളുടെ ഗണങ്ങൾ അവിടുത്തെ ശുശ്രൂഷിച്ചുകൊണ്ട് ചുററും പായുന്നു. മാലാഖമാരുടെ നിരകൾ തങ്ങളുടെ ചിറകുകൾകൊണ്ട് ചുററും പറന്നു നടക്കുന്നു; ആത്മീയ ജീവികളുടെ എല്ലാ ഗണങ്ങളും ഭയത്തോടുകൂടി അവിടുത്തെ സത്തയെ സേവിക്കുന്നു; വിറയലോടും സ്നേഹത്തോടുംകൂടി 'പരിശുദ്ധൻ' എന്ന് അട്ടഹസിക്കുന്നു; അവിടുത്തെ മഹനീയവും ഭീതികരവുമായ തേജസ്സിന്റെ ശോഭയിൽ തങ്ങളുടെ ചിറകുകൾകൊണ്ട് അവർ തങ്ങളുടെ മുഖം മറയ്ക്കുന്നു; സർവശക്തനായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ പരിശുദ്ധൻ, അവിടുത്തെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു' (ഏശ.6:3) എന്നു പറഞ്ഞുകൊണ്ട് തന്റെ ഉന്നതമായ മഹത്വത്തിന്റെ ത്രൈശുദ്ധകീർത്തനം പരസ്പരം ഇടതടവില്ലാതെ അട്ടഹസിക്കുന്നു.

8. അതുകൊണ്ട് അവാച്യനായവന്റെ ദർശനത്തിന്റെ വ്യാപ്തിയിലും, നിഗൂഢസത്തയുടെ സ്തുതിപ്പുകൾ അവിരാമം പ്രകീർത്തിക്കുന്ന ശബ്ദത്തിലും നമുക്കു കിടിലം കൊള്ളാം. നമുക്ക് ഭയംകൊണ്ട് തന്റെ മുമ്പാകെ കമഴ്ന്നുവീണ്, ഭയവും വിറയലുംകൊണ്ട് പൂരിതരാകാം. നമ്മുടെ ഭൗമികോത്ഭവ സ്വഭാവം നമുക്ക് അംഗീകരിക്കാം; നാം നിർമ്മിക്കപ്പെട്ട പൊടിയുടെ ശോച്യാവസ്ഥയെപ്പററി നമുക്കു ബോധവാൻമാരാകാം. അനുതാപമുള്ള ഹൃദയത്തോടും വികാരവായ്പോടും പ്രവാചകനോടു ചേർന്നു നമുക്കുപറയാം. ''ഞങ്ങളുടെ അവമാനകരമായ അവസ്ഥയ്ക്കു ഹാ കഷ്ടം' (ഏശ.6:5). ''തന്റെ വാക്കുകളുടെ ആരംഭത്തിൽതന്നെ നീതിമാൻ സ്വയം കുററം വിധിക്കുന്നു'' എന്നു് പറയപ്പെട്ടിരിക്കുന്നതുപോലെ (സുഭാഷ്യ. 18:17) ശക്തിപൂർവം നമ്മെത്തന്നെ കുററപ്പെടുത്തിക്കൊണ്ട്, നമ്മുടെ പാപങ്ങളുടെ മാലിന്യം വളരെ സ്പഷ്ടമായി പരസ്യമാക്കാം.

9. നമ്മുടെ പ്രാർത്ഥനയുടെ ആരംഭത്തിൽ നാമും ചൊല്ലേണ്ടതു് ഇതാണ്; നമ്മുടെ നികൃഷ്ടാവസ്ഥയിൽ തന്റെ സന്നിധിയിൽ നിൽക്കുവാൻ നാം അനർഹരാണെന്നും ഭൂമിയിലെ ഇരുട്ടിൽ വസിച്ചുകൊണ്ട് താഴെയുള്ളവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു വഴി നമ്മുടെ ഇരുളടഞ്ഞ ഹൃദയങ്ങളുടെ കാഴ്ച നഷ്ടപ്പെട്ടതിനാൽ പ്രകാശദൂതന്മാരുടെ കാഴ്ചയെ അന്ധ

www.malankaralibrary.com



മാക്കുന്ന മഹത്ത്വത്തിന്റെ മഹനീയ ദർശനത്തെ നോക്കുവാൻ നാം അശക്തരാണെന്നും നാം പ്രഖ്യാപിക്കണം. വീണ്ടും, അവിടുത്തെ മഹനീയ വിശുദ്ധിയോട്ട് അശുദ്ധമായ അധരങ്ങൾകൊണ്ട് സംസാരിക്കാൻ നമുക്ക് എങ്ങനെയാണു കഴിയുക?

10. കാരണം, അവിടുത്തെ ശബ്ദത്തിൽ ഭൂമി കുലുങ്ങുന്നു (സങ്കീ.46:6); അവിടുത്തെ മുഖത്തിന്റെ ദർശനം ആക്കു സഹിക്കാനാവും? തന്റെ സന്നിധിയിൽ സംസാരിക്കുവാൻ ശ്വാസമുള്ള ഒന്നിനും കഴിയുകയില്ല. അവിടുത്തെ ദർശനത്തിൽ നമ്മുടെ ആന്തരികസത്ത മുഴുവൻ നിസ്സഹായമാകുന്നു. ഭയംകൊണ്ട് നമ്മുടെ അധരങ്ങൾ നിശ്ശബ്ദമായിപ്പോകുന്നു. തന്റെ മുമ്പാകെ സംസാരിക്കാൻ നാം അൽപം ശക്തി സംഭരിക്കുമ്പോൾ, 'നാം പാപം ചെയ്യുകയും തന്റെ സന്നിധിയിൽ തിന്മ പ്രവത്തിക്കുകയും ചെയ്കതിനാൽ' (സങ്കീ.106:6) നമ്മുടെ മനസ്സാക്ഷി നമ്മെ കുററപ്പെടുത്തുന്നു. നാം നീതീകരിക്കപ്പെട്ട അവസ്ഥയിലായിരിക്കുന്നു എന്ന് നാം വിഭാവന ചെയ്താൽ, നമ്മുടെ നീതീകരണമെല്ലാം അശുദ്ധവസ്ത്രംപോലെയാണ് (ഏശ.64:6). കാരണം, വിജയം അവിടുത്തേതാകുന്നു; നമ്മുടേതോ, ലജ്ജയും കുററപ്പെടുത്തലുംമാത്രം.

11. പ്രാർത്ഥനയുടെ ആരംഭത്തിൽ നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കേണ്ടതു് ഈ സംഗതികളൊക്കെയാണ്. അതുകൊണ്ട്, ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ഞങ്ങൾ സ്വർഗ്ഗത്തിനെതിരായും നിനക്കെതിരായും പാപം ചെയ്തുപോയി; നിന്റെ മക്കളെന്നു വിളിക്കപ്പെടാനോ നിന്റെ പരിശുദ്ധ നാമം പ്രകീർത്തിക്കുവാനോ ഞങ്ങൾ യോഗ്യരല്ല'' എന്ന് നമുക്കു പറയാം. നമുക്ക് ഹൃദയത്തിന്റെ വിനയത്തിൽ കണ്ണുകൾ താഴ്ത്തി, നമ്മുടെ ഹൃദയത്തിന്റെ അഗാധതയിൽനിന്ന് വികാരതീവ്രതയോടും കണ്ണുനീരോടുംകൂടെ, 'ഉന്നതത്തിൽ സിംഹാസനാരൂഢനായിരിക്കുന്നെങ്കിലും ആഴങ്ങളിലുള്ളവയെ ശ്രദ്ധിക്കുകയും കാണുകയും ചെയ്യുന്ന കർത്താവിനോട്'' ഇപ്രകാരം നിലവിളിക്കാം: ദൈവമേ, പാപികളായ ഞങ്ങളുടെ മേൽ കരുണ തോന്നണമെ. നിന്റെ നേരെയും നിന്റെ അത്യുന്നത സ്വർഗ്ഗങ്ങളുടെ നേരെയും നോക്കാൻ ഞങ്ങൾ അയോഗ്യരാണ്; സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നിന്റെ നാമം വിശുദ്ധീകരിക്കാൻ ഞങ്ങൾക്കു കഴിവു നൽകണമെ; എന്തുകൊണ്ടെന്നാൽ, ഞങ്ങളുടെ ദൈവമായ കർത്താവേ, നീ പരിശുദ്ധനാകുന്നു; നിന്റെ കരുണ എന്നേക്കുമുള്ളതുമാകുന്നു.

www.malankaralibrary.com



12. ഹൃദയത്തിൽനിന്നു വരുന്നവയും ആത്മാവിന്റെ കൈയ്യുള്ള കരച്ചിൽ അനുധാവനം ചെയ്യുന്നവയുമായ ഇവയാണ് തന്റെ സന്നിധിയിൽ നാം ധൈര്യപൂർവം തുറന്നു വയ്ക്കേണ്ടതു്. കാരണം, ഇപ്രകാരം നമ്മുടെതന്നെ കുററബോധം വിളംബരം ചെയ്യുകയും ശിക്ഷാർഹരായവരുടെ ഗണത്തിൽ നമ്മെത്തന്നെ നിർത്തുകയും ചെയ്താൽ, എല്ലാവരുടെയും ന്യായാധിപനായ ദൈവത്തെ കരുണയിലേക്കും അനുകമ്പയിലേക്കും ആനീതനാക്കാം. തദ്ഫലമായി, തന്നെ വിശുദ്ധീകരിക്കുന്ന സ്രോപ്പേന്മാരിൽ ഒരാളെയല്ല, നമ്മുടെ ശുദ്ധീകരണത്തിനായി അവിടുന്നയയ്ക്കുക, പിന്നെയോ, നമ്മെ വിശുദ്ധീകരിക്കാനായി അവിടുന്നു തന്നെ നമ്മുടെ പക്കലേക്കണയും– അതായതു്, കത്തിയെരിയുന്ന സ്നേഹത്തിൽ അവിടുന്നു നമ്മെ തന്റെ പക്കലെത്തിക്കും. ആത്മാവിന്റെ അഗ്നികൊണ്ടു് അവിടുന്നു നമ്മുടെ ദുഷ്ടത കത്തിച്ചു കളയുകയും നമ്മുടെ അശുദ്ധി നീക്കിക്കളയുകയും ചെയ്യും. തന്റെ വെളിപാടിന്റെ പ്രകാശത്താൽ നമ്മുടെ ഇരുട്ടിനെ അവിടുന്നു പ്രകാശിപ്പിക്കുന്നു. നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും മലിനമാകുന്ന കറകൾ തുടച്ചു നീക്കുകയും തന്റെ കൃപാദാനത്തിനു് നമ്മെ യോഗ്യരാക്കുകയും ചെയ്യും. പിന്നീടു്, നാം തന്റെ വേലയ്ക്കായി തെരഞ്ഞെടുക്കപ്പെട്ടു് ആത്മീയമായി വേർതിരിക്കപ്പെടാൻ അവിടുന്നിടയാക്കുന്നു. അതുവഴി, ഭയവും സ്നേഹവും നിറഞ്ഞ്, ദിവ്യമഹത്ത്വത്തിന്റെ മുൻപാകെ മനപ്പതർച്ച കൂടാതെ പ്രാർത്ഥനയിലും ശുശ്രൂഷയിലും നാം നില്ക്കുന്നതിനുവേണ്ടിയാണിതു്. ഇങ്ങനെ, നാം കൊടുംപാപികളാണെങ്കിലും, നമുക്കുവേണ്ടി നാം നീതീകരണം സമ്പാദിക്കും.

13. പാപിയായ ചുങ്കക്കാരൻ കൃത്യമായി ചെയ്തതു് ഇതാണ് (ലൂക്ക. 18:13). മഹാപരാധത്തിന്റെ കുററബോധം ഉണ്ടായപ്പോൾ, അവൻ കരുണയ്ക്കായും അനുകമ്പയ്ക്കായും കേണപേക്ഷിച്ചു; അപ്രകാരം ചെയ്തതുവഴി അവൻ തനിക്കുവേണ്ടി ധാരാളമായി നീതീകരണം സമ്പാദിച്ചു; അവൻ തന്നിൽനിന്നു തന്റെ പാപങ്ങൾ നീക്കിക്കളയുന്നതിൽ വിജയിച്ചു എന്നു മാത്രമല്ല, തന്റെ സ്വയം താഴ്ത്തൽവഴി അവൻ ഫരിസേയനേക്കാൾ നീതീകരിക്കപ്പെട്ടവനായി ഉയർത്തപ്പെട്ടു. ഫരിസേയൻ തന്റെ അഹങ്കാരം കൊണ്ടു് തന്റെ നീതീകരണം നശിപ്പിച്ചു; കാരണം, അവൻ സ്വയം കുററപ്പെടുത്തുന്നതിനു പകരം തന്റെ പ്രാർത്ഥനയിൽ മററുള്ളവരെ അപകീർത്തിപ്പെടുത്തുകയായിരുന്നു: അഹങ്കാരപൂർവം തന്റെ സദ്പ്രവൃത്തികൾ എണ്ണിയെണ്ണി പറഞ്ഞപ്പോൾ, അവൻ മററുള്ളവരെ, പ്രത്യേകിച്ച്, വിനീതഹൃദയനായി, കണ്ണുകൾ താഴ്ത്തി, ദൂരെ

www.malankaralibrary.com



നിന്നിരുന്ന ആ ചുങ്കക്കാരനെ കുററപ്പെടുത്തുകയായിരുന്നു. എന്നാൽ അവൻെറ പ്രാർത്ഥന കൂടുതൽ നന്നായി ശ്രവിക്കപ്പെട്ടു. കാരണം, നീതീകരണത്തിൽ അവൻ ദൈവസമക്ഷം അണഞ്ഞു; അവൻ ദൈവസന്നിധിയിൽ സ്വയം കുററം വിധിച്ചു (ലൂക്കാ. 18:11-14).

14. ചുങ്കക്കാരൻ സ്വയം കുററപ്പെടുത്തിയതുവഴി ഇത്രയും നേട്ടമുണ്ടാക്കിയെങ്കിൽ, താൻ ചെയ്യാത്ത പാപങ്ങളെപ്രതി സ്വയം കുററപ്പെടുത്തുന്നയാരംക്കു് എത്രയധികമായി നേട്ടങ്ങരം കൈവരികയില്ല! - ചുങ്കക്കാരൻേറതു് എളിമകൊണ്ടായിരുന്നില്ല; കാരണം, അവൻ സംഗതിയുടെ സത്യം ചൂണ്ടിക്കാണിക്കുകയായിരുന്നു. അവനു് വാസ്തവത്തിൽ പാപങ്ങളുണ്ടായിരുന്നു; എന്നാൽ നിരവധി ഇല്ലായിരിക്കാം. മാരകപാപത്തിൻെറ സംഗതിയിലല്ലെങ്കിലും അവൻ തുടച്ചയായി ലംഘിക്കയായിരുന്നു.

15. ഇപ്രകാരം, ദൈവമുമ്പാകെ സ്വയം കുററപ്പെടുത്തുന്നതു് നമുക്കു് വളരെ ആവശ്യമാണു്. വിനീതഹൃദയം നമ്മുടെ ജീവിതത്തിൽ, എല്ലാററിനുമുപരി പ്രാർത്ഥനാവസരം, വളരെ പ്രയോജനപ്രദമാണു്. കാരണം, പ്രാർത്ഥന വലിയ ശ്രദ്ധ ആവശ്യപ്പെടുന്നു; ശരിയായ അവബോധവും ആവശ്യമാണു്. അല്ലെങ്കിൽ അതു് അസ്വീകാര്യമാകും. നിരസിക്കപ്പെടുകയും ചെയ്യും. അതു് നമ്മുടെ മടിയിലേക്കു് ശൂന്യമായി തിരിച്ചയയ്ക്കപ്പെടും (ഏശാ. 55:11).

16. നീരസം, വിദ്വേഷം, അഹങ്കാരം, ചതി, കൃതഘ്നത, കാപട്യം എന്നിങ്ങനെ പ്രാർത്ഥനയ്ക്കു് അന്യമായ വികാരങ്ങളിൽ ഏതെങ്കിലും ഒന്നിൽനിന്നുള്ള കളങ്കം ഉരംക്കൊള്ളുന്നുവെങ്കിൽ പ്രാർത്ഥന നിരസിക്കപ്പെടും. "ഞാൻ നിങ്ങളുടെ പ്രാർത്ഥന തള്ളിക്കളഞ്ഞിരിക്കുന്നു; നിങ്ങളുടെ സങ്കീർത്തനങ്ങളുടെ ശുശ്രൂഷ 'എൻെറ ആത്മാവു് വെറുക്കുന്നു. അവ എനിക്കു ഭാരമായിരിക്കുന്നു; അവ ചുമന്നു ഞാൻ മടുത്തു. നിങ്ങരം നിങ്ങളുടെ കൈകളുയർത്തുമ്പോരം ഞാൻ നിങ്ങളിൽനിന്നു് എൻെറ കണ്ണുകരം തിരിച്ചുകളയും. നിങ്ങരം ദീർഘമായി പ്രാർത്ഥിച്ചാൽ ഞാൻ ശ്രദ്ധിക്കയില്ല' (ഏശാ. 1:14-18). എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ഹൃദയം ദുർവിചാരങ്ങരം കൊണ്ടു് നിറഞ്ഞിരിക്കുന്നു; നിങ്ങളുടെ മനസ്സു് ദുഷ്ചിന്തകരം കൊണ്ടു് മലിനമായിരിക്കുന്നു. വഷളായ പ്രവൃത്തികളാൽ നിങ്ങളുടെ മുഖം വികൃതമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു് കഴുകി വെടിപ്പാക്കുവിൻ. എൻെറ മുമ്പിൽനിന്നു് നിങ്ങളുടെ

www.malankaralibrary.com



ദുർവിചാരങ്ങൾ നീക്കുവിൻ; എന്നിട്ട് നിങ്ങൾ എന്നെ കാണാൻ വരുകയും പ്രാർത്ഥനയിൽ എന്നോടു് സംസാരിക്കുകയും ചെയ്യുവിൻ'' എന്നു് പറഞ്ഞപ്പോൾ ദൈവം നമ്മെപ്പററിയാണ് പറഞ്ഞതു് (ഏശാ. 1:16 – 18).

17. തദനുസരണം, ഈ ദുർവികാരങ്ങളിൽനിന്നു് നമ്മുടെ ഹൃദയങ്ങളെ കഴുകിക്കൊണ്ടു് നമ്മുടെ ദൈവത്തിൻെറ വചനത്തെപ്പററി ഭയമുള്ളവരായിരിക്കുകയും വേണം. പ്രാർത്ഥനയിൽ അവിടുത്തെ ദർശിക്കാൻ നാം യോഗ്യരായിത്തീരും; നമ്മുടെ ബലി സ്വീകരിക്കപ്പെടുകയും ചെയ്യും.

പ്രാർത്ഥനയിൽ നാം അകന്നിരിക്കേണ്ടതു് ദുർവികാരങ്ങളിൽനിന്നു മാത്രമല്ല; പിന്നെയോ, അവഗണനയിൽനിന്നോ അയഞ്ഞ മനസ്ഥിതിയിൽനിന്നോ ഉടലെടുക്കുന്ന എല്ലാത്തരം വെറുപ്പിൽനിന്നുകൂടി നാം ഒഴിഞ്ഞിരിക്കണം. കടുത്ത ദുർവികാരങ്ങളിൽനിന്നും ആത്മസ്നേഹത്തിൽനിന്നും നമ്മുടെ പ്രാർത്ഥന വിമുക്തമാണെങ്കിലും വെറുപ്പിൻെറയോ വിദ്വേഷത്തിൻെറയോ ലക്ഷണത്തോടുകൂടി അതു് അർപ്പിക്കപ്പെട്ടാൽ, അതു് നിരസിക്കപ്പെടും. ദൈവത്തിനു് സന്തോഷത്തോടും താല്പര്യത്തോടും അർപ്പിക്കാൻവേണ്ടിയുള്ള ദിവ്യവും ബഹുമാന്യവുമായ സ്നേഹത്തിൻെറ ആദിസൗന്ദര്യം അതോടൊപ്പം ഉയർത്തപ്പെടുന്നില്ല എന്നതാണ് അതിനുള്ള കാരണം.

18. കൊലപാതകിയായ കായേൻെറ അപ്പ്ണം അത്തരത്തിലുള്ളതായിരുന്നു; അതു നിരസിക്കപ്പെടുകയും ചെയ്തു. ''നീ നന്നായി ചെയ്താൽ ഞാനതു സ്വീകരിക്കും'' എന്നു് ദൈവം അവനോടു പറഞ്ഞിരുന്നു (ഉല്പ. 4:7). ഇസ്രായേൽക്കാരുടെ അർപ്പണങ്ങളൊക്കെ അത്തരത്തിൽപ്പെട്ടതായിരുന്നു; അവയും നിരസിക്കപ്പെട്ടു. അവവഴി അവർ പ്രവാചകൻെറ ശാപത്തിനർഹരായി. അവൻ പറയുന്നു: ''തൻെറ ആട്ടിൻപററത്തിൽ ഒരു മുട്ടാടു് ഉണ്ടായിരിക്കയും, അതിനെ കത്താവിനു് അപ്പിക്കാമെന്നു് പ്രതിജ്ഞ ചെയ്തിട്ടു് രോഗഗ്രസ്തമായ ഒന്നിനെ കർത്താവിനു ബലിയപ്പിക്കുകയും ചെയ്യുന്ന വ്യക്തി ശപിക്കപ്പെടട്ടെ'' (മലാ. 1:14). അവൻ അവരെ കുററപ്പെടുത്തി ശാസിച്ചുകൊണ്ടു് ഇപ്രകാരം പറയുന്നു: ''ഇതു് നിങ്ങളുടെ ഭരണാധികാരിക്കു് സമപ്പിച്ചാൽ അയാൾ അതിൽ സന്തുഷ്ടനാകുകയോ, നിങ്ങളോടു് കരുണ കാണിക്കുകയോ ചെയ്യുമോ എന്നു നോക്കു്; കർത്താവു് അരുൾചെയ്യുന്നതു് ഇതാണ്'' (മലാ. 1:8). അതുകൊണ്ടു് പ്രാർത്ഥനാശുശ്രൂഷാവസരം വെറുപ്പ് കാട്ടുന്ന ഏതെങ്കിലും അഭ്യർത്ഥന – എല്ലാത്തരം മനപ്പുതർച്ചയും നിറഞ്ഞ

www.malankaralibrary.com



അഭ്യർത്ഥന, അതായതു് രോഗഗ്രസ്തവും തടസ്സങ്ങളാൽ വെട്ടി മുറിക്കപ്പെട്ടതും – ദൈവത്തോടു നടത്തിയാൽ അതു് സ്വീകാര്യ മാകും എന്നു് എങ്ങനെ കരുതാനാവും? ഏററം നിസ്സാരനായ വ്യക്തിയോടുപോലും ഇപ്രകാരം പറഞ്ഞാൽ, ഇത്തരം കാര്യം സ്വീകാര്യമായിരിക്കയില്ല. കോപകലുഷിതമായ പ്രാർത്ഥനയുടെ അർപ്പണവും വെറുപ്പുകാട്ടുന്ന ഹൃദയത്തിൻെറ ശുശ്രൂഷയും കൃത്യമായി അംഗവൈകല്യമുള്ള ആടിൻെറ അർപ്പണം പോലെയാണ്.

19. അതുകൊണ്ടു്, നിരസിക്കപ്പെട്ട ജനത്തിൻെറ കറ പുരണ്ട അർപ്പണം പോലെ നാം അർപ്പണം നടത്തരുതു്. അവിടുന്നു് ഇഷ്ടപ്പെടുന്ന പ്രാർത്ഥനയാകുന്ന ദഹനയാഗം എന്ന സ്തുതിയുടെയും കൃതജ്ഞതയുടെയും ഒരു ബലിയും വെറുപ്പോടു കൂടി ദൈവത്തിനു നാം അർപ്പിക്കരുതു്. അല്ലെങ്കിൽ അവിടുന്നു് ആ അർപ്പണം തിരിച്ചയയ്ക്കും. വാക്കുകൾ കൊണ്ടുള്ള ഇത്തരം അർപ്പണം, മൂകജന്തുക്കളെകൊണ്ടുള്ളതിനേക്കാൾ ശ്രേഷ്ഠമാണ്. അതുപോലെ, അതിൽ എന്തെങ്കിലും കളങ്കം മറഞ്ഞിരിക്കുന്നുണ്ടോ എന്നു് കാണുവാൻ നാം ശ്രദ്ധാപൂർവം സൂക്ഷ്മാവലോകനം ചെയ്യണം; അങ്ങനെയുണ്ടെങ്കിൽ, നാം അതു നമ്മുടെ കണ്ണുനീരു കൊണ്ടു് കഴുകണം; അതിലുള്ള കളങ്കം മുഴുവൻ നീക്കി അതിനെ വെടിപ്പാക്കണം; എന്നിട്ടേ നാം നമ്മുടെ അർപ്പണം നടത്താവൂ. സ്നേഹത്തോടും ബഹുമാനപൂർവകമായ താല്പര്യത്തോടും, കർത്താവിൻെറ മുൻപാകെയുള്ള ശ്രദ്ധയോടുംകൂടെ പ്രാർത്ഥനയിൽ ദൈവസമക്ഷം ഉന്നതത്തിലേക്കു് കൈകളും നമ്മുടെ മനസ്സും ഉയർത്തിക്കൊണ്ടു് കോപത്തിൻെറ ലാഞ്ഛനയോ അതുപോലുള്ളവയോ കൂടാതെ ഒരു സന്ധ്യായാഗം പോലെ നമ്മുടെ അർപ്പണം സ്വീകരിക്കപ്പെടണം എന്നു് പ്രവാചകനോടുകൂടെ ഹൃദയത്തിൽ നിന്നുള്ള കണ്ണുനീരോടും നെടുവീർപ്പുകളോടും കൂടെ അപേക്ഷിക്കണം.

20. അതുകൊണ്ടു്, നമ്മുടെ പ്രാർത്ഥനയുടെ ആരംഭം ജാഗരൂകവും ശ്രദ്ധാപൂർവവും ആയിരിക്കുകയും, നമ്മുടെ ഹൃദയ വികാരങ്ങളിൽനിന്നുളവാകുന്ന കണ്ണുനീരുകൊണ്ടു് നമ്മുടെ കവിൾത്തടങ്ങൾ നനയുകയും ചെയ്താൽ, ദൈവതിരുഹിത പ്രകാരം നമ്മുടെ പ്രാർത്ഥന പരിപൂർണമായിത്തീരും; കളങ്കമററതായതിനാൽ അവിടുത്തെ സന്നിധിയിൽ സ്വീകാര്യമായിരിക്കും. കർത്താവു നമ്മിൽ പ്രസാദിക്കും; നമ്മുടെ അർപ്പണത്തിൽ സന്തുഷ്ടനായിരിക്കുകയും ചെയ്യും. നമ്മുടെ ഹൃദയത്തിൻെറ ശുദ്ധമായ സൗരഭ്യത്തിൻെറ നറുമണം ആസ്വദിക്കുന്ന കർത്താവു്, നമ്മുടെ ബലിയെ സ്വീകരിക്കാനായി പരിശുദ്ധാ

www.malankaralibrary.com



ത്മാവാകുന്ന അഗ്നിയെ അയയ്ക്കും; അതോടൊപ്പം നമ്മുടെ മനസ്സുകളെയും ജ്വാലയിൽ സ്വർഗത്തിലേക്ക് ഉയർത്തും. അപ്പോൾ തൻെറ വെളിപാടിൻെറ നിശ്ശബ്ദത നമ്മുടെ മേൽ നിപതിക്കുന്നതിനാലും അവിടുത്തെപ്പറ്റിയുള്ള അറിവിൻെറ രഹസ്യകാര്യങ്ങൾ നമ്മിൽ ചിത്രീകരിക്കപ്പെടുന്നതിനാലും നമ്മുടെ നാശത്തിനല്ല, നമ്മുടെ സന്തുഷ്ടിക്കായി നാം കർത്താവിനെ ദർശിക്കും; നിഗൂഢരഹസ്യങ്ങളോടുകൂടി ആത്മീയ സന്തോഷം നമ്മുടെ ഹൃദയങ്ങൾക്കു നൽകപ്പെടും; സാധാരണക്കാരോട് വാക്കുകളിൽ അതു് വെളിപ്പെടുത്താൻ എനിക്കു സാധിക്കുകയില്ല. ഇങ്ങനെ, നാം നമ്മുടെ ശരീരങ്ങളെ സജീവവും വിശുദ്ധവും സ്വീകാര്യവുമായ ബലിയാക്കി, നമ്മുടെ ബൗദ്ധികബലിവഴി ദൈവത്തെ പ്രസാദിപ്പിക്കുന്നതാക്കിത്തീർക്കുന്നു (റോമ. 12:4).

21. മറിച്ച്, ഹൃദയത്തിൻെറ അലസതയും മന്ദതയും കൊണ്ടും നമ്മുടെ ഇരുണ്ട ചിന്തകളാൽ അവിടെയും ഇവിടെയും അലഞ്ഞുതിരിഞ്ഞുകൊണ്ടും വെറുപ്പുകാണിച്ചുകൊണ്ട് ആരംഭത്തിൽ തന്നെ നിന്നാൽ നമ്മുടെ ശുശ്രൂഷ മുഴുവൻ പ്രയോജനരഹിതമായിരിക്കും. ഹൃദയത്തിൻെറ മന്ദത നിമിത്തവും ആത്മാവിൻെറ വാക്കുകൾ മനസ്സിലാക്കാൻ കഴിവില്ലാത്ത നമ്മുടെ മാനസിക ചെവികളുടെ കേൾവിക്കുറവു നിമിത്തവും നാം കേൾക്കുന്നെങ്കിലും ഗ്രഹിക്കുന്നില്ല; നാം കാണുന്നെങ്കിലും നമുക്ക് അവബോധം ഇല്ലാതാകുന്നു.

22. വിശുദ്ധരിൽ ഒരാൾ പറയുന്നതുപോലെ, ആത്മാവിൻെറ ഉണർവും ഭയഭക്തിയും കൂടാതെ എല്ലാററിൻെറയും കർത്താവിനു് അർപ്പിക്കപ്പെടുന്ന പ്രാർത്ഥനാശുശ്രൂഷകൾ പ്രയോജനപ്രദമായിരിക്കയില്ല.'' മറിച്ച്, നമ്മുടെ ശുശ്രൂഷകളും പ്രാർത്ഥനയും വെറുപ്പോടുകൂടി അർപ്പിക്കപ്പെട്ടാൽ, നമ്മുടെ ആത്മാവിൻെറ നാശത്തിനായി പരിണമിക്കും: തങ്ങളുടെ യജമാനന്മാരുടെ ശുശ്രൂഷയെ വെറുപ്പോടുകൂടി കൈകാര്യം ചെയ്യുവാൻ ധൈര്യപ്പെടുന്ന വേലക്കാരെപ്പോലെ, വലിയ ശിക്ഷാവിധിക്കായി നാം കയ്യാളിക്കപ്പെടും. വേലക്കാരെപ്പോലെയാണ് നമ്മുടെ കാര്യം എന്നല്ല അതിനർത്ഥം. നമ്മെപ്പോലെ മർത്ത്യരായ മനുഷ്യജീവികളെയാണ് അവർ ശുശ്രൂഷിക്കുന്നതു്; തങ്ങളേപ്പോലെയുള്ളവരുടെ മുൻപിൽ അവർ ഉണർവോടും ഭയഭക്തിയോടും നിൽക്കുന്നു. അതിൽനിന്നു വ്യത്യസ്തമായി നാം നമ്മുടെ നിർമ്മാതാവും രാജാധിരാജാവും കർത്താധികർത്താവുമായ ദൈവത്തിൻെറ മുൻപാകെ നിൽക്കുന്നു. അവിടുത്തെ ശുശ്രൂഷിക്കാൻ നിൽക്കുന്നു എന്നു കരുതുകയും ദൂരെയുള്ള

www.malankaralibrary.com



മററു പലതരം വസ്തുക്കളെപ്പററിയുള്ള ചിന്തകളിൽ മുഴകി ചിന്തകളിൽ യഥാർത്ഥമായി മററുള്ളവരോട് സംസാരിക്കുകയും ചെയ്യുമ്പോൾ അവിടുത്തെ അവമാനിക്കയാണെന്ന് സ്പഷ്ടമായി നാം തെളിയിക്കുകയായിരിക്കും ചെയ്യുക.

23. ഇത് കരുണാപൂർവം വകവച്ചുകൊടുക്കപ്പെടുമെന്നും നമ്മുടെ ഭൗമികോത്ഭവ സ്വഭാവത്തിൻെറ ബലഹീനതയായി കണക്കാക്കപ്പെടുമെന്നും നിങ്ങൾ കരുതുന്നുണ്ടോ? നാം തന്നെ ഇതാഗ്രഹിക്കുന്ന കാര്യമല്ലാതിരിക്കെ, ശരീരത്തിൽ ബന്ധിതമായിരിക്കുന്ന ചിന്താപ്രവർത്തനങ്ങളുടെ പ്രേരണയാൽ അവിടെയും ഇവിടെയും അലഞ്ഞുതിരിഞ്ഞ് മനപ്പതർച്ച ഉണ്ടാകുന്നത് ശരിയാണോ? നമ്മുടെ ചിന്തകളെ കുററപ്പെടുത്തിയും മനസ്സിനെ ഉത്തേജിപ്പിച്ചും നാം അല്പം പരിശ്രമിച്ചിരുന്നെങ്കിൽ നമുക്ക് വളരെ വേഗം അവയെ ദൂരെയകററാമായിരുന്നു.

24. ഇത് ഇപ്രകാരം അല്ലെന്നു മാത്രമല്ല, പ്രാർത്ഥനസ്ഥലായി ഒന്നിച്ചുകൂടുമ്പോൾ നാം വാസ്തവത്തിൽ നിരർത്ഥക വാക്കുകൾ ഉച്ചത്തിൽ പറയുകയും നമ്മുടെ തെററിൽ നാം പൊട്ടിച്ചിരിക്കു് ഇടകൊടുക്കുകയും കൂടി ചെയ്യുന്നു. ദൈവസന്നിധിയിൽ ആയിരങ്ങളും പതിനായിരങ്ങളുമായ മാലാഖമാർ ഭയത്താൽ വിറയ്ക്കുമ്പോൾ നമ്മോട് എങ്ങനെയാണ് ക്ഷമിക്കുക? അന്യോന്യം തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിക്കുകയും എന്നാൽ അതേസമയം ദൈവത്തെ ശുശ്രൂഷിക്കുകയും ദൈവത്തോടു സംസാരിക്കുകയും ചെയ്യുന്നതിൽ അയഞ്ഞ മനസ്ഥിതി പുലർത്തുകയും ചെയ്യുന്ന നമ്മുടെ മേൽ ക്രോധത്തിൻെറ ദണ്ഡുകൾ അവിടുന്ന് നീട്ടുകയില്ലേ?

25. നമ്മേപ്പോലെയുള്ള ഒരു വ്യക്തിയോടു നാം സംസാരിക്കുകയാണെന്നു കരുതുക: ആ വ്യക്തി താല്പര്യപൂർവം നമ്മെ ശ്രദ്ധിക്കാതെ, നമ്മെ വിട്ട് മററാളുകളുടെ പക്കലേക്കു തിരിയുകയും നമ്മോടു വെറുപ്പു കാണിക്കുകയും ചെയ്താൽ നമ്മെ പരസ്യമായി നിന്ദിക്കുകയും കളിയാക്കുകയും ചെയ്തു എന്നു ചിന്തിച്ച്, അവനെതിരെ നാം വേഗം രോഷാകുലനായിത്തീരും. ദൈവത്തോടുള്ള നമ്മുടെ ശുശ്രൂഷയിൽ എല്ലാത്തരം വൈദേശിക സംസാരങ്ങളും വലിച്ചിഴച്ചുകൊണ്ട് കൃത്യം അതേ രീതിയിൽ ദൈവത്തോടു നാം ചെയ്യുമ്പോൾ ആ നിന്ദ എത്ര കൂടുതൽ വലുതായിരിക്കും? എത്ര കൂടുതൽ ശിക്ഷാർഹമായിരിക്കുകയില്ല!

26. നിഴലും അവസാനിക്കേണ്ടിയിരുന്നതുമായ ആ കൂടാരത്തിൽ ദൈവസമക്ഷം അന്യമായ അഗ്നി സമർപ്പിച്ചവരെ

www.malankaralibrary.com



നോക്കു (ലേവ്യ. 10:2). കത്തിക്കേണ്ട ഒരാവശ്യമില്ലാത്ത, തന്നിൽ നിന്നുള്ള അഗ്നികൊണ്ടു് അവിടുന്നു് അവരുടെ ശരീരങ്ങളെ കത്തിച്ചുകളഞ്ഞു. അങ്ങനെയെങ്കിൽ, തന്റെ ശാരീരികവും വ്യതിയാനരഹിതവുമായ ആലയത്തിൽ നടക്കുന്ന ബൗദ്ധികവും വിശുദ്ധവുമായ ശുശ്രൂഷാസമയത്തു്, തന്റെ സന്നിധിയിൽ ഈലോകത്തിന്റേതും, വൈദേശിക സംസാരത്തിന്റേതുമായ അർപ്പണം നടത്തുന്നവരോടു് അവിടുന്നു് ക്ഷമിക്കുമെന്നു് നിനക്കെങ്ങനെ ഊഹിക്കാനാവും? തന്റെ മഹാകരുണയാൽ നമ്മെ അനുതാപത്തിലേക്കു് ക്ഷണിച്ചുകൊണ്ടു് നമ്മോടു കരുണയും ക്ഷമയും കാണിക്കുന്നതുകൊണ്ടാണ് അവിടുന്നു നമ്മെ നശിപ്പിക്കാഞ്ഞതു്.

27. ഞാൻ എന്തിനാണ് ഇതു പറയുന്നതു്? ഒരു കളിതമാശ എന്ന മട്ടിൽ അയഞ്ഞ മനസ്ഥിതിയോടുകൂടിയാണ് നാം തന്റെ സന്നിധിയിൽ നിൽക്കുന്നതു്; വളരെ കുറച്ചു സമയത്തേക്കുപോലും നമ്മുടെ ശുശ്രൂഷയിൽ നാം ക്ഷമ കാണിക്കാറില്ല; മറിച്ചു്, തീ പിടിച്ച മനുഷ്യരെപ്പോലെ നാം അകത്തു കടക്കുകയും പുറത്തുപോകുകയും ചെയ്യുന്നു. പുറത്തേക്കു നയിക്കുന്ന വാതിലിൽ ദൃഷ്ടിയുറപ്പിച്ചിരിക്കുമ്പോൾ മനസ്സിനെ ഏകാഗ്രമാക്കാമെന്നു നമുക്കു് എങ്ങനെ പ്രതീക്ഷിക്കാം? വരികയും പോകുകയും ചെയ്യുന്നവരെ നാം സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിനാൽ നാം അന്യോന്യവും മനപ്പുതർച്ചയുണ്ടാക്കുന്നു.

28. അവസാനമായി, നമ്മുടെ നമസ്കാരസമയം മുഴുവൻ നാം അലക്ഷ്യമായിരിക്കയും വെറുപ്പു കാണിക്കയും ചെയ്തു എന്നതു പരിഗണിക്കാതെ കരുണാപൂർവവും അനുകമ്പാപൂർവവും കൃപ നമ്മോടു പെരുമാറാൻ നമ്മുടെ പ്രാർത്ഥനയിൽ വികാരവായ്പോടെ യാചിച്ചുകൊണ്ടും നമസ്കാരത്തിന്റെ അവസാനം കരുണ അപേക്ഷിച്ചുകൊണ്ടും നമ്മുടെ ആത്മാക്കളോടു് അല്പം പരിഗണന നാം കാണിച്ചിരുന്നെങ്കിൽ അതു വളരെ ഉചിതമായിരുന്നേനേ. ചെറിയ രീതിയിൽ, ആയിരത്തിലൊരംശം എങ്കിലും, നാം സ്വീകരിക്കപ്പെടണം എന്നും ദൈവം നമ്മോടു കരുണ കാണിക്കണമെന്നും തന്റെ കൃപയാൽ നല്ല പ്രതിഫലത്തിനു് നമ്മെ അർഹരാക്കണമെന്നും നാം പ്രാർത്ഥിക്കേണ്ടതാണ്.

29. എന്നാൽ ഇപ്രകാരം പ്രവർത്തിക്കാൻ കൂട്ടാക്കാതെ ഓടിപ്പോകുന്ന അഭയാർത്ഥികളെപ്പോലെയോ തണലിലുള്ള വിശ്രമം മാത്രം നോക്കി നടക്കുന്ന മടിയന്മാരായ ജോലിക്കാരെപ്പോലെയോ അലസരായ വാടകവേലക്കാരെപ്പോലെയോ

www.malankaralibrary.com



പ്രവർത്തിച്ച്, സന്യാസജീവിതത്തിലെ പതിവനുസരിച്ചും ബാഹ്യനിയമങ്ങളാൽ ബന്ധിതരായും അലക്ഷ്യമായി തങ്ങളുടെ ഇഷ്ടത്തിനെതിരായി നിൽക്കുന്നവരെപ്പോലെയാണു നാം. മനപ്പൂർവ്വം കൂടാതെ യാമനമസ്കാരം മുഴുവൻ പൂർത്തിയാക്കാൻ നമുക്കു സാധിച്ചെങ്കിലും അതു മുഴുവൻ തീരുന്നതുവരെ കാത്തിരിക്കാഞ്ഞതിനാൽ നമ്മുടെ അർപ്പണം തന്നെ സ്വീകരിക്കപ്പെടുമോ എന്ന് എനിക്കു തോന്നുന്നില്ല– അതിനു നേരേ വിപരീതമാണ് സ്പഷ്ടമായി സംഭവിക്കുന്നതെങ്കിൽ എത്രമാത്രം അതു സ്വീകരിക്കപ്പെടുകയില്ല!

30. അവസാനനിമിഷം കടന്നുവന്ന് ആദ്യമെത്തിയവരോടുകൂടി കൂലിക്ക് അർഹനായിത്തീരുക എന്നതു് നീതിയുക്തവും സ്വീകാര്യവുമാണ്; മുന്തിരിത്തോപ്പിൽ പതിനൊന്നാം മണിക്കൂറിൽ വന്നവരുടെ കാര്യത്തിൽ ഇപ്രകാരം സംഭവിച്ചു (മത്താ. 20:7–9). എന്നാൽ ആരംഭം മുതൽ അധ്വാനിക്കുകയും അവസാനം കൂലി കിട്ടേണ്ട അവസരം വന്നപ്പോൾ ഇറങ്ങിപ്പോകുകയും തന്നെ ജോലിക്കു നിർത്തിയവനോട് നിന്ദ കാണിക്കുകയും ചെയ്തവന്റെ കാര്യം പരിഗണിക്കുക. ആ മനുഷ്യന്റെ ജോലികൾ പാഴായിപ്പോയി; അവൻ വെറുപ്പു കാട്ടിയതിനാൽ അവൻ ന്യായാധിപനു് ഏല്പിക്കപ്പെട്ടു. തന്റെ സ്ഥാനത്തുനിന്ന് ദുർബലമായി ഓടിയകന്ന്, തന്റെ പോരാട്ടത്തിന്റെ അവസാനം ഉപേക്ഷിക്കുന്നവന്റെ കാര്യവും ഇതുപോലെയാണ്.

31. തന്റെ സഹസന്യാസിമാരെല്ലാം തീക്ഷ്ണതാപൂർവം പ്രാർത്ഥനയിൽ മുട്ടുകുത്തി യാചിച്ചപേക്ഷിക്കുമ്പോൾ, ഒരു മൃതദേഹത്തെപ്പോലെ അലസനായി ഉറങ്ങുകയോ, പരാജയപ്പെട്ട്, കുത്തിയിരുന്ന് അലസനായി സംസാരിക്കുകയോ ചെയ്താൽ അത്തരക്കാരൻ വിധിക്കർഹനാകാതിരിക്കുന്നതെങ്ങനെ?

32. വെറുപ്പു കാണിക്കുന്ന മനുഷ്യർ ചെയ്യുന്ന ഏററം ദാരുണമായ ഒരു കാര്യം സൂചിപ്പിക്കുമ്പോൾ എനിക്ക് ഞടുക്കം തോന്നുന്നു. മത്സരക്കാരായ പിശാചുക്കൾപോലും ഭയചകിതരാകുന്ന ആ ഭീകരനിമിഷത്തിൽ, അതായതു് ദിവ്യരഹസ്യങ്ങളുടെ പരികർമ്മം നടക്കുന്ന ഭീതികരമായ നിമിഷത്തിൽ, ഭയത്തോടും വിറയലോടുംകൂടി മാലാഖമാരും പ്രധാന മാലാഖമാരും ബലിപീഠത്തിനു ചുററും പറക്കുമ്പോൾ, മിശിഹാ ബലിയർപ്പിക്കപ്പെടുകയും പരിശുദ്ധാത്മാവ് ആവസിക്കുകയും ചെയ്യുമ്പോൾ, ഇവരിൽ അനേകർ ചിലയവസരം പുറത്ത് അലഞ്ഞു

www.malankaralibrary.com



തിരിയുകയാകാം; മററവസരം തങ്ങളുടെ ഇഷ്ടമനുസരിച്ച് വന്നെന്നിരിക്കാം. അവിടെ വന്നു് നില്ക്കുന്നതിലുള്ള പ്രയാസത്താൽ എന്നവണ്ണം കോട്ടുവാ വിട്ടുകൊണ്ടു് തങ്ങളുടെ വെറുപ്പ് കാണിക്കുന്നു.

33. അവർക്കുവേണ്ടി വൈദികൻ ഈ വലിയ യാചന നടത്തുന്ന നിമിഷം ആഴമായ നിദ്രയിലാണ്ടുപോകുവാൻ തക്കവണ്ണം അവർ മന്ദരാണ്; മരിച്ചവരെപ്പോലും ജീവിപ്പിക്കുന്ന ആ നിമിഷത്തിൽ, പൂർണമായും ജീവനുള്ളവരും പരിപൂർണതയുടെ പിന്നാലെ ഓടുന്നവരും എന്നു് കരുതപ്പെടുന്ന ഈ മനുഷ്യർ ഗാഢനിദ്രയിൽ അമരുന്നു; അല്ലെങ്കിൽ തങ്ങളുടെ ബന്ധനസ്ഥലത്തുനിന്നു് എപ്പോഴാം പെട്ടെന്നു് പുറത്തുപോകാനാകും എന്നു് പ്രതീക്ഷാപൂർവം കാത്തിരുന്നുകൊണ്ടു് അലഞ്ഞു തിരിയുന്നു; കാരണം പിതാവും പുത്രനും പരിശുദ്ധാത്മാവും വസിക്കുകയും, ആത്മീയ ജീവികളും വിശുദ്ധരുടെ നിരകളും ഒന്നിച്ചു് വിശുദ്ധമായ രീതിയിൽ ദൈവതിരുമുമ്പാകെ സ്തുതിയും മഹത്ത്വവും നൽകുന്ന പ്രകാശത്തിൻെറ ജറുസലെമും ജീവനും ഇവർക്കു് കാരാഗൃഹം പോലെയാണ്.

34. സജീവക്കുദാശ സ്വീകരിച്ചു കഴിഞ്ഞാലുടനേ, നന്ദിപ്രകാശനത്തിനു മുൻപേ അവർ തിടുക്കത്തിൽ പുറത്തേക്കോടുന്നു. എല്ലാവരും സംതൃപ്തരായി എഴുന്നേററുപോകുന്നതുവരെയും അവർ നശ്വരഭക്ഷണമേശയിൽനിന്നു് ഒരിക്കലും എഴുന്നേററു പോകാറില്ല. എന്നാൽ അധരങ്ങളിൽ മാത്രം ഉള്ള വാക്കുകൾ കൊണ്ടുപോലും ദൈവത്തിനു നന്ദി പറയാതെ സാധാരണ രീതിയിൽ അവർ സജീവമായ അപ്പത്തിൻെറ മേശയിൽ നിന്നു് പുറപ്പെട്ടുപോകുന്നു.

35. മനുഷ്യാ, നീ ചെയ്യുന്നതു് എന്താണെന്നു് മനസ്സിലാക്കുന്നുണ്ടോ? നീ എന്തിനോടു് സദൃശ്യനാണെന്നു പറയാൻ എനിക്കു മടിയാണ്; അതു് കേൾവിക്കു് ഇമ്പമുള്ളതായിരിക്കുകയില്ല. എങ്കിലും ഒരു മുന്നറിയിപ്പ് എന്ന നിലയിൽ അതു പറഞ്ഞേ മതിയാവൂ. വൈദികൻെറ കൃതജ്ഞതാപ്രകടനം കഴിയുന്നതിനു മുൻപ് ദിവ്യരഹസ്യങ്ങളുടെ ആത്മീയമേശയിൽ നിന്നിറങ്ങി പുറത്തേക്കു പോകുന്നയാൾ യൂദാസ്സു സദൃശ്യനാണ് (യോഹ. 13:30). കൃത്യം ഇതുതന്നെയാണ് യൂദാ ചെയ്തതു്; കാരണം, അപ്പം സ്വീകരിച്ചു കഴിഞ്ഞ ഉടൻ അവൻ പുറത്തേക്കു പോയി. അതുവഴി തൻെറ നാഥനോടും സഹശ്ലീഹന്മാരോടും അവൻ അനാദരം കാട്ടി. ഇങ്ങനെയാണ് സാത്താൻ അവൻെറ ഉള്ളിൽ പ്രവേശിച്ചതും, അവൻ തൻെറ നാഥൻെറ ഒററുകാര

www.malankaralibrary.com



നായി തീർന്നതും. മററു ശിഷ്യന്മാർ തങ്ങളുടെ ഗുരുവിനോടു കൂടി തങ്ങി. അവർ സ്തോത്രമർപ്പിച്ചുകൊണ്ടു ഒലിവുമലയിലേക്ക പോയി (മത്താ. 26:30). ആ സംഭവത്തിൻെറ ഒരു പ്രതീകമാണ് ദിവ്യരഹസ്യങ്ങളുടെ അവസാനത്തെ കൃതജ്ഞതാ പ്രകടനം. അതുകൊണ്ടു, യൂദാ ചെയ്തതുപോലെ ആരും ഇതിനോടു് അനാദരം കാണിക്കരുതു്.

36. നല്ല ഒരു സദ്യ ലഭിച്ച വ്യക്തി അതിൻെറ ദാതാവിനു നന്ദി പറയേണ്ടതാണ്; അപ്രകാരം ചെയ്യില്ലെങ്കിൽ അയാൾ മൃഗസമാനനും തിരിച്ചറിവില്ലാത്തവനുമായി പരിഗണിക്കപ്പെടും. വിശുദ്ധരിൽ ഒരാൾ പറഞ്ഞതുപോലെ, "ദൈവസ്തുതി ഉയരാത്ത ഭക്ഷണമേശ കന്നുകാലികളുടെ പുൽത്തൊട്ടിയിൽനിന്നു വ്യത്യസ്തമല്ല; മേശയെ പുൽക്കൂടായി കാണണമെന്നതല്ല പിന്നെയോ, കൃതജ്ഞതയർപ്പിക്കാതെ അതിൽനിന്നു ഭക്ഷിക്കുന്നയാൾ മൃഗസമാനൻ ആണ് എന്നതാണ് പരിഗണിക്കേണ്ട കാര്യം. കാരണം, ഭക്ഷണപദാത്ഥങ്ങൾ സ്വീകരിക്കുന്നയാൾ വകതിരിവുള്ളവനായിരുന്നു് തൻെറ മുമ്പിൽ വയ്ക്കപ്പെട്ടിരിക്കുന്ന നല്ല പദാത്ഥങ്ങളെ കണക്കിലെടുക്കുകയും ദാതാവിനു നന്ദി പറയുകയും വേണം. അങ്ങനെയെങ്കിൽ, മിശിഹായുടെ നാശമില്ലാത്ത ശരീരവും രക്തവുംകൊണ്ടു് ജീവൻെറ മേശയിൽനിന്നു നമ്മെ പോഷിപ്പിക്കുന്നയാളെ നാം ഇടതടവില്ലാതെ എന്തുമാത്രം സ്തുതിക്കുകയും കൃതജ്ഞതയർപ്പിക്കുകയും ചെയ്യണം?

37. മനുഷ്യാ, തൻെറ ശരീരം ഭക്ഷണമായും തൻെറ രക്തം പാനീയമായും നിനക്ക തന്നയാളിനു വാക്കുകൾകൊണ്ടു് തിരിച്ചുകൊടുക്കുക ഇത്ര പ്രയാസമാണോ? അവൻ നിൻെറ സന്തോഷത്തിനും നിൻെറ ജീവൻെറ രക്ഷയ്ക്കുമായി നിൻെറ സന്നിധിയിൽ ബലിപീഠത്തിൽ ബലിയർപ്പിക്കപ്പെട്ടു കിടക്കുന്നു. സമീപസ്ഥനായ ഒരു വ്യക്തിയോടു് ചെയ്യുന്നതുപോലെ നിൻെറ ആവശ്യങ്ങൾക്കായി മുട്ടിപ്പായി അപേക്ഷിച്ചുകൊണ്ടു് അവൻെറ മുമ്പിൽ നീ നില്ക്കേണ്ടതായിരുന്നു. എന്നാൽ നീയാകട്ടെ, അവനെയും അതിനേക്കാളുപരി നിൻെറ ആത്മാവിനെയും അവഗണിച്ചുകൊണ്ടു് അലഞ്ഞുനടക്കുന്നു. നിനക്ക വേണ്ടി അവൻ യാഗമായിത്തീരുന്ന അവസരമാണ് മറേറതു് അവസരത്തേക്കാൾ നിൻെറ അപേക്ഷകൾ കേൾക്കപ്പെടുക; കാരണം, തന്നെ ക്രൂശിച്ചവരോടുപോലും ക്ഷമിക്കണമെന്നു് അവിടുന്നു് പിതാവിനോടപേക്ഷിച്ചതു് അപ്പോഴാണ്. ഇതിനു വേണ്ടിയാണ്, അതായതു്, നമ്മുടെ പാപങ്ങൾ ക്ഷമിക്കാൻ വേണ്ടിയാണ് അവിടുന്നു് ബലിയായി അർപ്പിക്കപ്പെട്ടതു്.

www.malankaralibrary.com



നമ്മുടെ രക്ഷയ്ക്കുവേണ്ടിയും ലോകം മുഴുവനുംവേണ്ടിയുമാണ് അവിടുന്ന് തൻെറ ശരീരം മുറിച്ചതും പാപമോചനത്തിനായി തൻെറ പൂജനീയമായ രക്തം ചിന്തിയതും.

38. നമ്മിൽ ചൊരിയപ്പെട്ട കൃപയെ നാം തിരിച്ചറിയുകയും അവബോധമുള്ളവരായിരിക്കുകയും വേണം. അതിനു നാം നിർമ്മാതാവിനു കൃതജ്ഞതയർപ്പിക്കണം; നമുക്കു നല്കിയ ഈ മഹനീയവും അവാച്യവുമായ ദാനത്തിന് ദൈവത്തെ നാം പ്രകീർത്തിക്കണം. നമ്മുടെ ജീവിതത്തെ നശിപ്പിക്കുക മാത്രം ചെയ്യുന്ന ദുഷ്തഴക്കങ്ങളും മന്ദതയും നാം നീക്കിക്കളയണം; എന്നിട്ട് യാമപ്രാർത്ഥനകളുടെ ആരംഭം മുതൽ അവസാനം വരെ നാം പങ്കെടുക്കണം. നമ്മുടെ രക്ഷയുടെ മഹനീയവും പരിപൂർണവുമായ ദിവ്യരഹസ്യങ്ങളുടെ സമയത്ത് കൂടുതൽ ഭീതിയോടും സ്നേഹത്തോടുംകൂടെ നാം വ്യാപരിക്കണം. തങ്ങളുടെ യജമാനനെ ശുശ്രൂഷിക്കാൻ സദാ താല്പര്യപൂർവം ഒരുങ്ങിയിരിക്കുന്ന ദാസന്മാർക്കു നാം സദൃശ്യരായിരിക്കണം. ആത്മീയ സേവനത്തിൽ ഹൃദയത്തിൻെറ ഉണർവോടുകൂടെ ഇടതടവില്ലാതെയും ഉറപ്പായും ദൈവമുൻപാകെ നിൽക്കണം.

39. നമ്മുടെ ശുശ്രൂഷ നിശ്ചിത യാമപ്രാർത്ഥനകളിൽ നാം ഒതുക്കി നിർത്തരുത്. മറിച്ച്, 'എപ്പോഴും പ്രാർത്ഥിക്കുവിൻ' എന്ന ശ്ലൈഹിക പ്രബോധനമനുസരിച്ച് (എഫേ. 6:18) എല്ലാ നിമിഷവും പ്രാർത്ഥനാപൂർവം ജാഗരണം നടത്തിയും ഇടതടവില്ലാതെ മുടങ്ങാതെ പ്രാർത്ഥിച്ചും ഇതു് തുടർച്ചയായി എല്ലാ സമയത്തും ഉള്ളതായിരിക്കണം. അവൻ വീണ്ടും പറയുന്നു: "എല്ലാവിധ യാചനകളോടുംകൂടി നിങ്ങളുടെ അപേക്ഷകൾ ദൈവമുമ്പാകെ സമർപ്പിക്കുവിൻ; പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ; ആത്മാവിനാൽ നിറയപ്പെടുവിൻ; സങ്കീർത്തനങ്ങളാലും സ്തുതികളാലും അന്യോന്യം സംസാരിക്കുവിൻ; നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനു് ആത്മീയ കീർത്തനങ്ങൾ ആലപിക്കുവിൻ'' (ഫിലി. 4:6; റോമ. 12:12; എഫേ. 5:18–19). നാം പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കാൻ തൻെറ എല്ലാ ലേഖനങ്ങളിലും അവൻ നമ്മെ ശക്തിപൂർവം ആഹ്വാനം ചെയ്യുന്നു; ക്രിസ്ത്യാനികൾക്ക് പ്രാർത്ഥന ദൈവം നിർമ്മിച്ച ശക്തിയേറിയ ആയുധവും, അഭേദ്യമായ കോട്ടയും ആണെന്നു് അവനറിയാം.

40. ദൈവത്തെപ്പോലെ പ്രാർത്ഥനയും അതിനിഷ്ടമുള്ളതു് ചെയ്യുന്നു. അതു ഭൂമിയിൽ കല്പന കൊടുക്കുന്നു; അതു് സ്വർഗത്തെ നിയന്ത്രിക്കുന്നു. മനുഷ്യജീവികളുടെ ഇടയിലെ

www.malankaralibrary.com



ഒരു ദൈവമാണ് പ്രാർത്ഥന: അതു് പാപം ക്ഷമിക്കുകയും സൗഖ്യം വിളംബരം ചെയ്യുകയും ചെയ്യുന്നു. കാരണം, "വിശ്വാസപൂർവമുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തുന്നു; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവ ക്ഷമിക്കപ്പെടുന്നു. നീതിമാൻെറ പ്രാർത്ഥനയ്ക്കു വലിയ ശക്തിയുണ്ടു്. ഏലിയായും നമ്മെപ്പോലെ സഹനവിധേയനായ മനുഷ്യനായിരുന്നു; എന്നാൽ അവൻ ഭൂമിയിൽ പ്രാർത്ഥിക്കുകയും ആകാശങ്ങളെ നിയന്ത്രിക്കുകയും ചെയ്തു; അവൻ മരിച്ച ആളുടെമേൽ പ്രാർത്ഥിച്ചു് അവനെ ജീവനിലേക്കു തിരിച്ചുകൊണ്ടുവന്നു (യാക്കോ. 5:15_17; 1 രാജാ. 17:22).

41. ചിലപ്പോൾ പ്രാർത്ഥന മരിച്ചവരെ ജീവനിലേക്കു തിരിച്ചുകൊണ്ടുവരുന്നു; ദിവ്യനായ പത്രോസ് ചെയ്തതുപോലെ ചിലപ്പോൾ ജീവനുള്ളവരെ കൊല്ലുകയും ചെയ്യുന്നു. അവൻ പ്രാർത്ഥനവഴി തബീതായെ ജീവനിലേക്കു തിരികെ കൊണ്ടുവന്നു (നട. 9:40). എന്നാൽ അവൻ ഹനനിയായുടെയും ശപ്പീറായുടെയും മരണത്തിനിടയാക്കി (നട. 5:3_10). ആത്മീയ മനുഷ്യനായ ഏലിശാ ശൂനാമ്യ സ്ത്രീയുടെ മകനെ ജീവിപ്പിച്ചു. എന്നാൽ ശാപംകൊണ്ടു് അവർക്കെതിരെ ഇറക്കിക്കൊണ്ടുവന്ന കരടി വഴി ദുഷ്ടരായ കുട്ടികളെ അദ്ദേഹം വകവരുത്തി. ഹെസെക്കിയായുടെ കാര്യവും ആശ്ചര്യകരമാണ്. പ്രാർത്ഥന വഴി രാജാവെന്ന നിലയിൽ തൻെറ ദിവസങ്ങൾ അദ്ദേഹത്തിനു നീട്ടിക്കിട്ടി; ഒരാത്മീയജീവി വഴി അസ്സീറിയാക്കാരുടെ ശക്തമായ സൈന്യത്തെ അദ്ദേഹം പരാജയപ്പെടുത്തി.

42. പ്രാർത്ഥനയുടെ ശക്തി എത്ര കഴിവുററതും പ്രബലവും ആണ്! മനുഷ്യകുലത്തിൻമേൽ പ്രേരണ ചെലുത്തുന്ന സാത്താൻെറ മേൽ സമ്മർദ്ദം ചെലുത്താൻ പ്രാർത്ഥനയ്ക്കു കഴിവുണ്ടു്. അവൻെറ കൈകളിൽനിന്നു നമ്മെ വിടുവിക്കാനും ലോകത്തിലുള്ള എല്ലാ പ്രലോഭനങ്ങളിൽനിന്നും വിടുതൽ നല്കാനും അതിനു കഴിയും. അതുകൊണ്ടാണ് നമ്മുടെ കർത്താവു നമ്മോടു പറയുന്നതു്, പരീക്ഷകളിൽ ഉൾപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ" എന്നു് (മത്താ.26;14). വീണ്ടും, "സംഭവിക്കുവാനിരിക്കുന്ന കാര്യങ്ങളിൽനിന്നു വിടുവിക്കപ്പെടാനും മനുഷ്യപുത്രൻെറ മുമ്പാകെ നിൽക്കുന്നതിനു് യോഗ്യരാകാനും വേണ്ടി എപ്പോഴും ജാഗരൂകരായിരുന്നു പ്രാർത്ഥിക്കുവിൻ" (ലൂക്കാ. 21:36).

43. ക്രിസ്തുവിൻെറ സന്നിധിയിൽ നിൽക്കുന്നവരും, ദിവ്യകാര്യങ്ങളിൽ പരിപൂർണമായി താല്പര്യം കാണിക്കുന്ന

www.malankaralibrary.com



വരും, ലൗകിക പര്യാകുലതകളിൽനിന്ന് വിമുക്തരായവരും ആയ ആളുകൾ ഹൃദയത്തിൻെറ നിഗൂഢ പ്രാർത്ഥനയിലും മനസ്സിൻെറ ആത്മീയ ചിന്തകളിലും നിലനിൽക്കണം; ദൈവത്തെപ്പററിയുള്ള ചിന്തകളിൽ മുഴുകുന്നതിൽനിന്ന് ആത്മാവിനെ തടഞ്ഞുകൊണ്ട് അതിനെ ഇരുട്ടാക്കുന്ന എല്ലാ ലൗകിക ചിന്തകളും തട്ടിനീക്കി ദൂരെയകററണം.

44. ദൈവത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ശുദ്ധപ്രാർത്ഥനയിൽ ആത്മാവ് വ്യാപരിക്കുന്നതിനുള്ള വലിയ തടസ്സമാണ് ഈ ലോകത്തിൻെറ പര്യാകുലതകളും മോഹങ്ങളും; ദൈവസ്നേഹിതനും വിശുദ്ധ പ്രബോധകനുമായ ജോൺ ക്രിസസ്റ്റോം പറഞ്ഞിരിക്കുന്നതുപോലെയാണിത്: 'ഈലോകത്തിൻെറ പര്യാകുലതകളുടെയും മോഹങ്ങളുടെയും അലട്ടൽ പോലെ ആത്മാവിൻെറ കണ്ണുകളെ സംക്ഷോഭിപ്പിക്കുകയും അലട്ടുകയും ചെയ്യുന്ന മറെറാന്നുമില്ല.'[1] കാരണം, ഈ ഭൗമിക ഭാരം നമ്മുടെ പുറത്ത് കെട്ടിവച്ചിരിക്കുന്നിടത്തോളം കാലം സ്വർഗത്തിലേക്കു പറക്കാൻ നമുക്കു സാധിക്കുകയില്ല. എല്ലാം പൂർണമായി ഉരിഞ്ഞുകളഞ്ഞശേഷം ഈ പാതയിലൂടെ യാത്ര ചെയ്യാൻ നമുക്കു കഴിയുക എന്നുള്ളത് കൂടുതൽ അഭികാമ്യമായതും മെച്ചപ്പെട്ടതും ആണ്. അപ്പോഴും ആത്മാവിൻെറ ചിറകുകൾ കൂടാതെ ഈ കയററം സാധ്യമല്ല. ഈ ഉയരത്തിലേക്കു കയറുവാൻ, ഭാരപ്പെടാത്ത മനസ്സിൻെറയും പരിശുദ്ധാത്മാവിൻെറ കൃപയുടെയും ഒരു സംയോജനം നമുക്കാവശ്യമാണ്. ഇവയിൽ ഒന്നില്ലാതിരിക്കയും യഥാർത്ഥ തടസ്സങ്ങളായിരിക്കുന്ന വസ്തുക്കളാൽ നാം ബന്ധിതരായിരിക്കുകയും ചെയ്താൽ ഈ വലിയ ഭാരത്താൽ താഴേക്ക് വലിക്കപ്പെടുമ്പോൾ എങ്ങനെയാണ് നാം മുകളിലേക്കു പറക്കുക?

45. അതുകൊണ്ട്, എൻെറ പ്രിയപ്പെട്ടവരേ, ലൗകിക പര്യാകുലത എന്ന ഭാരം നമ്മിൽനിന്ന് തട്ടി ദൂരെയെറിയാം; നമ്മുടെ സമയം മുഴുവൻ ദൈവചിന്തയിൽ ചെലവഴിക്കാം; കാരണം, ഇത് ആത്മാവിനെ ശുദ്ധീകരിക്കുകയും ദൈവത്തിങ്കലേക്ക് അതിനെ ഉയർന്നു പറത്തുകയും ചെയ്യും. ദിവ്യവചനങ്ങൾ മനസ്സിൽനിന്ന് തുരുമ്പിനെ നീക്കുകയും ഭൗമിക വസ്തുക്കളുടെ ഭാരത്തിൽനിന്ന് അതിനെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു; ദൈവത്വത്തെ ദർശിക്കാനായി അതു മനസ്സിനെ

1. *On Psalm, 6.* (*PG.* 55.77); *Homily 20 On Mathew 5,* (*PG.* 57.291).

www.malankaralibrary.com



ഉയർത്തുന്നു. അതുകൊണ്ടു്, നാം തുടർച്ചയായി തിരുലിഖിതങ്ങളെ ധ്യാനിക്കുക അവശ്യാവശ്യമാണ്; കാരണം അവയിലൂടെയാണ് ദൈവം സംസാരിക്കുന്നതു്. ഇത്തരം ധ്യാനം മനസ്സിൽ ദൈവത്തോടുള്ള സ്നേഹത്തിനും ശുദ്ധീകരണത്തിനും ഹേതുവായിത്തീരുന്നു.

46. ഇതു വിശദമാക്കാൻ ലാസറിന്റെ സഹോദരിയായ മറിയത്തിന്റെ ദൃഷ്ടാന്തം എടുക്കാം. അവരം കർത്താവിന്റെ വചനം ശ്രവിച്ചുകൊണ്ടു് അവിടുത്തെ പാദത്തിങ്കൽ ഇരുന്നു. അവളുടെ സ്നേഹംവഴി, അവന്റെ വാക്കു കേട്ടു് സ്വർഗത്തിലേക്കു പറന്നു കയറാൻ അവരം തന്റെ ആത്മാവിനു് ഇടനല്കി. ഇക്കാരണത്താലാണ് നമ്മുടെ കർത്താവു് അവളേപ്പററി നല്ല സാക്ഷ്യം നൽകിയതു്; "മറിയം നല്ലഭാഗം തെരഞ്ഞെടുത്തു; അതു് അവളിൽ നിന്നു് എടുക്കപ്പെടുകയില്ല' എന്നു് അവിടുന്നു് അരുരംചെയ്തു (ലൂക്കാ. 10:39-42).

47. ഭാഗ്യവതിയായ ആ സ്ത്രീ തെരഞ്ഞെടുത്ത "നല്ല ഭാഗത്തിൽ" നമുക്കും അവളെ അനുകരിക്കാം. കാരണം, ഇപ്പോഴും നമ്മുടെ കർത്താവു് നമുക്കു് സമീപസ്ഥനാണ്: തന്റെ പിതാവിനോടുകൂടി സ്വർഗത്തിൽ ഇരിക്കുമ്പോരംതന്നെ ഭൂമിയിൽ തന്റെ സുവിശേഷത്തിൽ അവിടുന്നു് നമ്മോടു് സംസാരിക്കുന്നു; "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും" എന്നു് അവിടുന്നു വിളിച്ചുപറയുന്നു (മത്താ. 5:8). നമുക്കു തന്റെ പക്കലേക്കു ചെവി ചായിക്കാം; തന്റെ വാക്കുകരം കൊണ്ടു് നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കാം; അങ്ങനെ തന്റെ സജീവവചനം നമ്മുടെ മനസ്സിന്റെ കാതുകരംകൊണ്ടു നാം കേരംക്കട്ടെ; അവിടുത്തെ മഹാസൗന്ദര്യം നമ്മുടെ ഹൃദയക്കണ്ണുകരം കൊണ്ടു് നാം കാണട്ടെ. ഈ രീതിയിൽ, തന്നിൽനിന്നു് നമുക്കു് ഒരു രണ്ടാം അനുഗ്രഹം കിട്ടും; കാരണം, "നിങ്ങളുടെ കണ്ണുകരം കാണുന്നതിനാലും കാതുകരം കേരംക്കുന്നതിനാലും അവ അനുഗൃഹീതം" എന്നു് അവിടുന്നു് അരുരംചെയ്തിരിക്കുന്നു (മത്താ. 13:16).

48. അതുകൊണ്ടു്, ആത്മീയജീവനും വിജ്ഞാനവും നിറഞ്ഞിരിക്കുന്ന തിരുലിഖിതങ്ങരം മനസ്സിലാക്കുവാൻ തക്കവണ്ണം നമ്മുടെ ഹൃദയങ്ങളെ നമുക്കു തുറക്കാം. ജീവനും ജ്ഞാനവും പ്രദാനം ചെയ്യുന്ന ദൈവാത്മാവു് അതിൽ സംസാരിക്കുന്നു. അവ വായിക്കുന്നതിൽ ഉരംക്കൊണ്ടിരിക്കുന്ന മഹാശക്തിയെപ്പററി ബോധവാനായിരുന്ന ഭാഗ്യവാനായ ശ്ലീഹാ ചെറിയ തോതിലൊന്നുമല്ല അവയെപ്പററി തന്റെ ശിഷ്യനെ

www.malankaralibrary.com



ഉപദേശിക്കുന്നതു്; "ഞാൻ വരുന്നതുവരെ വായനയിൽ തല്പരനായിരിക്കുക" എന്നു് ശക്തിപൂർവം അവനെ ഉപദേശിക്കുന്നു (1 തിമോ. 4:13). വീണ്ടും, മതപ്രബോധനത്തിൽ "നിന്നെത്തന്നെ പരിശീലിപ്പിക്കുക; കാരണം അതു് "എല്ലാത്തരത്തിലും പ്രയോജനപ്രദമാണ്." അവൻെറ പഠനത്തെപ്രതി അവനെ പ്രകീർത്തിച്ചുകൊണ്ടു് പറയുന്നു: "നിൻെറ യൗവനം മുതൽ വിശുദ്ധ ഗ്രന്ഥങ്ങളിൽ നിനക്കു പരിശീലനം ലഭിച്ചിട്ടുണ്ടല്ലോ. ജീവനിലേക്കു നിന്നെ ജ്ഞാനിയാക്കുവാൻ അവയ്ക്കു കഴിവുണ്ടു്. ആത്മാവിനാൽ എഴുതപ്പെട്ട എല്ലാ ഗ്രന്ഥവും പഠിപ്പിക്കാനും ശാസിക്കാനും തെററു തിരുത്താനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി എല്ലാ കാര്യങ്ങളും നന്നായും പൂർണമായും ചെയ്തു് ദൈവത്തിൻെറ മനുഷ്യൻ പൂർണനാകുന്നു (1 തിമോ. 4:7–8; 2 തിമോ. 3:15–17).

49. കാരണം, തിരുലിഖിതങ്ങളിൽ ജീവൻെറ വിജ്ഞാനം മുഴുവൻ മറഞ്ഞിരിക്കുന്നു. അവയിൽ ദൈവത്തെപ്പററിയും തൻെറ സൃഷ്ടികർമ്മത്തെപ്പററിയും, തൻെറ അത്ഭുതകരമായ പരിപാലനയെപ്പററിയും ഭരണത്തെപ്പററിയും ഉള്ള അറിവു ലഭിക്കാൻ ഇടയാകുന്നു; അതുപോലെ അവിടുത്തെ നന്മയും അതേസമയം അവിടുത്തെ നീതിയും അവിടുത്തെ വലുതും പ്രബലമായ ശക്തിയും. തിരുലിഖിതങ്ങളെപ്പററി അറിവില്ലാത്ത വ്യക്തിക്കു് ദൈവത്തിൻെറ ശക്തിയെ നേരിടുവാൻ സാധിക്കുകയില്ല. "നിങ്ങൾക്കു് വിശുദ്ധ ലിഖിതങ്ങളോ ദൈവത്തിൻെറ ശക്തിയോ അറിഞ്ഞുകൂടാ" എന്നു് നമ്മുടെ കർത്താവു് യൂദന്മാരോടു പറഞ്ഞതുപോലെയാണിതു് (മത്താ. 22:29). തിരുലിഖിതങ്ങൾ പരിശോധിക്കാൻ അവരെ അയച്ചപ്പോൾ അവിടുന്നു് അരുൾചെയ്തു: "തിരുലിഖിതങ്ങൾ പരിശോധിക്കുവിൻ; കാരണം, അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ടെന്നു് നിങ്ങൾ കരുതുന്നുണ്ടല്ലോ. അവ എന്നെപ്പററി സാക്ഷ്യപ്പെടുത്തുന്നു" (യോഹ. 5:39).

50. വീണ്ടും, സുകൃതജീവിതപാതയിലൂടെ ചരിക്കേണ്ടതു് എങ്ങനെയാണെന്നു് തിരുലിഖിതങ്ങളിൽനിന്നാണ് നാം പഠിക്കുന്നതു്; കാരണം, നീതിപൂർവകമായ ജീവിതത്തിൻെറ എല്ലാ സദ്കൃത്യങ്ങളും അതിൽ വരച്ചു കാണിച്ചിരിക്കുന്നു. "നിൻെറ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു" എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെ (സങ്കീ. 36:9), പ്രകാശമാണ് നമ്മെ കാണാൻ പ്രാപ്തരാക്കുന്നതു്. പ്രകാശം കൂടാതെ നമുക്കു് ഒന്നും കാണാൻ കഴിയാത്തതുപോലെ, തിരുലിഖിതത്തിൻെറ

www.malankaralibrary.com



പ്രകാശം കൂടാതെ പ്രകാശമായ ദൈവത്തെയോ, പ്രകാശം നിറഞ്ഞ തൻെറ നീതിയെയോ ദർശിക്കാൻ നമുക്കു സാധ്യമല്ല.

51. തിരുലിഖിതങ്ങടം വായിക്കുന്നതിൽ ഉള്ള പരിശ്രമം നമുക്ക് വളരെയധികം പ്രയോജനപ്രദമാണ്. പ്രാർത്ഥനയിൽ പ്രകാശിതരാകുവാൻ അതു് ഇടയാക്കുന്നതിനാൽ അതേറെ വാസ്തവമാണ്. കാരണം, ബുദ്ധിമുട്ടി വായിക്കയും ആത്മീയ ധ്യാനംവഴി ശുദ്ധീകരിക്കപ്പെടുകയും ചെയ്തയാളിൻെറ ആത്മാവു് ദൈവസ്നേഹത്താൽ എരിയുകയും പ്രാർത്ഥനകളും യാമനമസ്കാരവും നന്നായി നടത്തുകയും ചെയ്യും; മനപ്പതർച്ച കൂടാതെ അയാടം സങ്കീർത്തനങ്ങടം ആലപിക്കും. ദൈവപരിപാലനയെപ്പററി ധ്യാനിച്ചു് അയാളുടെ മനസ്സ് ദൈവസ്നേഹത്താൽ നിറഞ്ഞതിനാൽ ആണിതു്. പരിശുദ്ധാത്മാവിൻെറ പരിശീലനം വഴി അവനു കിട്ടിയ സുകൃതത്തിൻെറ മാതൃക തൻെറ ആത്മാവിൽ അവൻ വഹിക്കുന്നു; ഒരു ചിത്രത്തിലെന്നവണ്ണം വിശുദ്ധരുടെ ജീവിതരീതിയുടെ കാമ്യസൗന്ദര്യം തൻെറ നയനങ്ങടംക്കു മുമ്പിൽ അവൻ വരച്ചിരിക്കുന്നു. ഈ കാര്യങ്ങളെക്കുറിച്ചുള്ള വായനയിൽ മുഴുകി, അവൻ അവയിൽ സന്തുഷ്ടനാകുകയും ആത്മാവിൽ തീക്ഷ്ണമതിയായിത്തീരുകയും ചെയ്യും. അങ്ങനെ, അവൻെറ യാമപ്രാർത്ഥനകളുടെ വാക്കുകളും അവൻെറ പ്രാർത്ഥനയിലെ ധൂപാർപ്പണവും പ്രകാശിതവും ശുദ്ധവുമായിരിക്കും; അവ അവൻെറ ഹൃദയത്തിലെ ശുദ്ധമായ ഉറവയിൽനിന്നു് നിർഗ്ഗളിക്കും.

52. തൻെറ ജീവിതരീതിയെ അവഗണിക്കാനിടയാകുന്ന വ്യക്തി തിരുലിഖിതങ്ങളുടെ പാരായണത്തിൻെറ അധ്വാനത്തിൽ മുഴുകിയിരിക്കണം എന്നതു് പൂർണമായും ശരിയാണ്; കാരണം; തുടർച്ചയായി അവയെപ്പററി ധ്യാനിക്കുന്നതുവഴി അവനു സുബോധം വരികയും തന്നെപ്പററിത്തന്നെ അവനു ലജ്ജ തോന്നുകയും ചെയ്യും. അപ്പോടം കുറേശ്ശ കുറേശ്ശ അവൻെറ ആത്മാവു് പ്രകാശിതമാകാനും ദുരാഗ്രഹങ്ങളിൽനിന്നു് ശുദ്ധീകരിക്കപ്പെടാനും തുടങ്ങും; സുകൃതജീവിതത്തിനുള്ള പരിശീലനം നൽകിക്കൊണ്ടു്, നല്ല തഴക്കങ്ങടം അവനിൽ നാമ്പെടുക്കും.

53. ദൈവവചനത്തിൻെറ ശക്തി സത്യമായും മഹത്തും വലിയതുമാണ്. കാരണം ദൈവവചനം അണലിസന്തതികളെ (മത്താ. 3:7) ദൈവമക്കളാക്കിത്തീർത്തു. അതുകൊണ്ടു് നമ്മുടെ ഹൃദയമാകുന്ന കട്ടിയുള്ള മണ്ണിൽ നിരന്തരമായി അതു വിതയ്ക്കാം (മത്താ. 13:5). അതിനുള്ളിൽ ജീവൻെറ ഗോതമ്പിലകടം നാമ്പിടുവാനായി അതിനെ മൃദുവാക്കാൻ കാത്തി

www.malankaralibrary.com



രിക്കാം. ദൈവവചനം ഒരേ സമയം വിത്തും ജലവുമാണ്; നമ്മുടെ ഹൃദയം കല്ലുപോലെയാണെങ്കിലും ആത്മാവിൻെറ ജലത്താൽ അതു് മൃദുവായിത്തീരും. അതു് മുറിക്കപ്പെടുകയും ചെയ്യും. ദൈവത്തിനു് പ്രീതികരമായ വിശുദ്ധ ഫലം പുറപ്പെടുവിക്കാൻ അതിനു കഴിയും.

54. അതുകൊണ്ടു് ആരും ദിവ്യവചനങ്ങളുടെ ധ്യാനമോ നിശ്ചിത തിരുലിഖിതവായനയോ ഉപേക്ഷിക്കരുതു്. നമ്മുടെ ബഹുമാന്യനായ ഗുരു പറഞ്ഞതുപോലെ, അത്തരം ധ്യാനത്തിൽ നിന്നു് ആത്മാവു് വലിയ പ്രയോജനം നേടുന്നു; രക്ഷ കണ്ടെത്തുകയും ചെയ്യുന്നു. കൂടാതെ, ഈ വ്യാപാരം വഴി നാം ദൈവത്തെ പ്രസാദിപ്പിക്കുന്നു; നാം നിരന്തരം വിശുദ്ധ വാക്കുകളെ ധ്യാനിച്ചുകൊണ്ടിരുന്നാൽ നമ്മുടെ വായ് അധിക്ഷേപത്തിൽ നിന്നും ലജ്ജാകരവും അർത്ഥശൂന്യവുമായ സംസാരങ്ങളിൽ നിന്നും ശുദ്ധീകരിക്കപ്പെടും. ഈ വാക്കുകൾകൊണ്ടു് നാം നമ്മുടെ നാവുകളെ ആയുധം ധരിപ്പിക്കുന്നതിനാൽ നാം പിശാചുക്കൾക്കു് ഭീതികരവസ്തുക്കളായിത്തീരും. എല്ലാററിനും ഉപരി ആത്മാവിൻെറ കൃപ നാം നമ്മോടു് അടുത്തെത്തിക്കും; അവയിൽ നിന്നു നമുക്കു ലഭിക്കുന്ന അറിവിനാൽ നമ്മുടെ ആത്മീയ നയനങ്ങൾ പ്രകാശിതമാകും. ഇതിനാണ് ദൈവം നമുക്കു് കണ്ണുകളും വായും ശ്രവണേന്ദ്രിയവും തന്നിരിക്കുന്നതു്. അങ്ങനെ നമ്മുടെ എല്ലാ അവയവങ്ങളും അവിടുത്തെ ശുശ്രൂഷയ്ക്കു് സമർപ്പിക്കപ്പെടണം. നാം അവിടുത്തെ വാക്കുകൾ ഉച്ചരിക്കുമ്പോൾ അവിടുത്തെ തിരുഹിതം നിറവേററണം; തുടർച്ചയായി അവിടുത്തെ സ്തുതികൾ പ്രകീർത്തിക്കണം; ഇടതടവില്ലാതെ അവിടുത്തേക്കു് കൃതജ്ഞത അർപ്പിക്കണം. ഇവവഴി നാം നമ്മുടെ മനസ്സിനെ ശുദ്ധീകരിക്കും.

55. ശുദ്ധവായു ശ്വസിക്കുന്ന വ്യക്തി ആരോഗ്യവാനും ശുദ്ധീകരിക്കപ്പെട്ടവനും ആയിരിക്കും. അതുപോലെ ദൈവികവായു എന്നവണ്ണം ദിവ്യവചനങ്ങൾ ആസ്വദിക്കുന്ന ആത്മാവ് ആരോഗ്യമുള്ളതായിത്തീരുകയും വിശുദ്ധിയിൽ നവീകരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യും. സദാസമയവും ദൈവത്തെ ദർശിക്കുവാൻ തക്കവിധം അതിൻെറ കണ്ണ് പ്രകാശിതമായിരിക്കും. ശാരീരിക നയനം തുറന്നതും തെളിഞ്ഞതുമായിരുന്നാൽ വസ്തുക്കൾ കാണാതിരിക്കില്ല; അതിനെ തൃപ്തി വരുത്തേണ്ടതു് എങ്ങനെ എന്ന് അതിനറിയില്ല. അതുപോലെയാണ് മനസ്സിൻെറ പ്രകാശിതനയനത്തെ സംബന്ധിച്ചും: അതു് ഋജുവും ശുദ്ധവുമായിരുന്നാൽ അതു് ആത്മീയദർശനത്തിൽ വ്യാപരിക്കും; ദിവ്യജ്ഞാനത്തിൻെറയും ഉന്നതലോക

www.malankaralibrary.com



ത്തിൻെറയും രഹസ്യങ്ങളിലേക്ക് ഒളിഞ്ഞു നോക്കാൻ തക്ക വിധം അതു തുറന്നിരുന്നാൽ അതു കൂടുതൽ പ്രകാശിതവും ശുദ്ധീകൃതവുമായിരിക്കും; അങ്ങനെ ലോകത്തിനുപരി സ്ഥിതി ചെയ്യുന്ന ദൈവത്വത്തിൻെറ സത്താപര പ്രകാശത്തെ സമീപിക്കാൻ അതിനു സാധിക്കുന്നു.

56. ശാരീരിക നയനത്തിൻെറ ദർശനം തെളിവുള്ളതും അതിൻെറ പ്രകാശം സൂര്യൻെറ പ്രകാശകിരണങ്ങളുമായി ഒത്തുചേരുന്നതും ആണെങ്കിൽ സൂര്യപ്രകാശത്താൽ അതിനു കാണാൻ കഴിയുന്നു. അതുപോലെ ഹൃദയം ശുദ്ധീകരിക്കപ്പെടുകയും അതിൻെറ അവബോധം പ്രകാശിതമാകുകയും, അതിൻെറ ദർശനത്തിൻെറ പ്രകാശം ദൈവാത്മാവിൻെറ സത്താപരമായ ജ്യോതിസ്സുമായി ഒന്നുചേരുകയും ചെയ്യുമ്പോഴും, ഉന്നതത്തിൽ നിന്നു ചൊരിയപ്പെട്ട ആത്മീയ പ്രകാശത്തിൽനിന്നുള്ള കൃപയുടെ ജ്യോതിസ്സാൽ ഹൃദയം ആത്മീയമായ രീതിയിൽ നീതിയുടെ മഹാസൂര്യനെ ദർശിക്കാനും അവിടുത്തെ സൗന്ദര്യം ആസ്വദിക്കാനും തുടങ്ങുന്നു.

57. നാം ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തിയാൽ നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾക്ക് അനുഭവവേദ്യമാകുന്ന നമുക്കുചുററുമുള്ള വായു, നമ്മുടെഹൃദയത്തിൽ നിരന്തരം വസിക്കുന്ന ദൈവാത്മാവിനെപ്പോലെ നമ്മോട് അടുത്തായിരിക്കുകയില്ല! അവനിലൂടെ അവനെപ്പററിയുള്ള സ്മരണ ഓരോ നിമിഷവും വ്യക്തമാണ്; ഈ രീതിയിൽ, കൂടുതലായി അവിടുന്നു നമ്മിൽ വസിക്കുന്നു; നാം അവനെ ദർശിക്കുകയും ചെയ്യുന്നു. വായു നമ്മുടെ ശരീരത്തെ പോഷിപ്പിക്കുന്നതുപോലെ അവനും നമ്മുടെ ആത്മാവിനെ പോഷിപ്പിക്കുന്നു; കാരണം, ഓരോ നിമിഷവും ആത്മാവ് തന്നിൽ തന്നെ ദൈവചിന്തയും തൻെറ നാമത്തിൻെറ സ്തുതിയും വരച്ചുവയ്ക്കുന്നു: ദൈവത്വം ശ്രേഷ്ഠമായ രീതിയിൽ ശുശ്രൂഷിക്കുന്നിടം ഒരു നിഗൂഢസഭയായിത്തീരുന്നു. [2]

58. ഇതിനു യോഗ്യമാക്കപ്പെട്ട ആത്മാവ് അനുഗൃഹീതമാകുന്നു; എന്തുകൊണ്ടെന്നാൽ അത് ദൈവത്തോടുകൂടി ആത്മീയ ജീവിതം ആസ്വദിക്കുന്നു. ഇതിൽ നിന്ന് അന്യമാക്കപ്പെട്ട ആത്മാവിനു ഹാ കഷ്ടം; എന്തുകൊണ്ടെന്നാൽ അത് ഇരുട്ടിൽ

---

2. സോപാനഗ്രന്ഥം, 12 ൽ ഈ ആശയം കാണാം. മുകളിൽ പേജ് 48ff.

www.malankaralibrary.com



കഴിയുന്നു; അതിൻെറ പേരുതന്നെ ഇരുട്ടിൽ മൂടപ്പെട്ടിരിക്കുന്നു: അതു ലോകത്തിൽ വസിക്കുമ്പോഴേ അതു ദൈവത്തിനു മരിച്ചതാണ്. കാരണം, യാതൊരു ദൈവിക ചിന്തയും ഇല്ലാത്തതും, ദൈവത്തെപ്പററിയുള്ള ചിന്തകൂടാത്തതും ആയ ബൗദ്ധികാത്മാവ്, ആത്മീയജീവനെ സംബന്ധിച്ച് മരിച്ചവനാണ്. ശ്വാസനപ്രക്രിയ നിലയ്ക്കുമ്പോഠം ജീവൻ വിട്ടകന്ന് ശരീരം മരിക്കുന്നു; അതുപോലെ ദൈവചിന്തയിൽ വ്യാപരിക്കുന്നതിൽ നിന്ന് മാനസ്സിക കഴിവുകഠം പിൻതിരിക്കപ്പെട്ടാൽ നീതിയുടെ ജീവിതത്തെ സംബന്ധിച്ച ആത്മാവ് മരിക്കുന്നു; പരിശുദ്ധാത്മാവ് അതിൽ നിന്ന് വിട്ടുപോകുന്നു; അവിടുത്തെ കൃപയാണല്ലോ അതു് സ്ഥാനത്തിൽ ശ്വസിച്ചതു്.

59. അതുകൊണ്ട്, നാം എല്ലാ സമയവും ദൈവസമക്ഷം നമ്മുടെ വായ് തുറന്ന്, തൻെറ ചിന്തയാൽ നമ്മുടെ ആത്മാക്കളെ പോഷിപ്പിക്കുന്ന തൻെറ കൃപയാകുന്ന ശ്വാസം ശ്വസിക്കണം. ബാഹ്യമായ ശ്വാസോച്ഛ്വാസത്തിൻെറ കാര്യത്തിലെന്നതിനേക്കാഠം ഇക്കാര്യത്തിൽ നാം കൂടുതൽ തല്പരരായിരിക്കണം. വിശുദ്ധരിൽ ഒരാഠം പറഞ്ഞതുപോലെ, "നിൻെറ ശ്വാസോച്ഛ്വാസത്തേക്കാഠം നിരന്തരമായിട്ടുള്ളതായിരിക്കട്ടെ ദൈവചിന്ത." വീണ്ടും, "സങ്കീർത്തനാലപനം തുടർച്ചയായി ഉണ്ടായിരിക്കട്ടെ. കാരണം, ദൈവനാമശ്രവണത്തിൽ പിശാചുക്കഠം ഓടിപ്പോകുന്നു." വീണ്ടും, "നീ എല്ലാനിമിഷവും ദൈവത്തെ അനുസ്മരിക്കണം; അപ്പോഠം നിൻെറ മനസ്സ് സ്വർഗ്ഗമായിത്തീരും."

60. ദൈവശാസ്ത്രജ്ഞനായ ഗ്രിഗോറിയോസ് ഇതുതന്നെ പഠിപ്പിക്കുന്നു.[3] അദ്ദേഹം പറയുന്നു: "നമ്മുടെ ശ്വാസോച്ഛ്വാസത്തേക്കാഠം കൂടുതലായി നാം ദൈവത്തെ ഓർക്കണം. ഒരാഠം അങ്ങനെ പറഞ്ഞാൽ, ഇതുകൂടാതെ നാം ഒന്നുംചെയ്യരുതു്. കർത്തൃനാമം ഉച്ചരിച്ചുകൊണ്ടും എല്ലാസമയത്തും, വൈകിട്ടും രാവിലെയും മധ്യാഹ്നത്തിലും, അവനെ വാഴ്ത്തിക്കൊണ്ടും രാവുംപകലും ധ്യാനിക്കാൻ നമ്മോടു കല്പിക്കുന്ന നിയമം ഉയർത്തിപ്പിടിക്കുന്നവരിൽ ഒരാളാണു ഞാൻ. ആവശ്യമെങ്കിൽ, മോശയോടുകൂടി നമുക്ക് ഇപ്രകാരം പറയാം: "ഞാൻ കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും ഞാൻ യാത്ര പുറപ്പെടുമ്പോഴും ഞാൻ മറെറന്തെങ്കിലും ചെയ്യുമ്പോഴും" അവിടുത്തെപ്പററിയുള്ള ചിന്തയാൽ നമുക്കു ശുദ്ധതയോടു അനുരൂപപ്പെട്ടിരിക്കാം (ആവ. 6:7). നമുക്കു

3. ഗ്രിഗറി നസ്യാൻസൻ, *Oratio*, 27.4 (*PG*.36.16B - C;20B).

www.malankaralibrary.com



നമ്മേത്തന്നെ നോക്കാം; ദൈവശാസ്ത്രജ്ഞനെ ഒരു സൗന്ദര്യവസ്തുവായി കൊത്തുപണി നടത്തിവയ്ക്കാം. വീണ്ടും, 'ഈ ദിവ്യകാര്യങ്ങളെപ്പററി ധ്യാനിക്കുക; ആത്മാവിൻെറ കാര്യങ്ങരം സംസാരിക്കുക; കഴിവുള്ളിടത്തോളം മറെറാന്നിനെപ്പററിയും സംസാരിക്കുകയോ മറെറാന്നും ശ്വസിക്കുകയോ ചെയ്യരുതു്. കാരണം, ദൈവികകാര്യങ്ങളുടെ വിചിന്തനംവഴി ദൈവവുമായി നിരന്തരം ഒട്ടിക്കപ്പെടുക എന്നതു ദിവ്യവും ശ്രേഷ്ഠവുമായ കാര്യമാണ്.

61. നമുക്കിതും ചെയ്യാം. ദൈവികക്കാര്യങ്ങളെപ്പററി നിരന്തരം ധ്യാനിച്ചുകൊണ്ടും കർത്തൃനിയമം വഴിയും നമ്മുടെ ഇച്ഛകരം അവനുമായി ഒട്ടിക്കപ്പെടട്ടെ. കാരണം, ദാവീദ് പറഞ്ഞിരിക്കുന്നതുപോലെ, കർത്താവിൻെറ നിയമത്തെ രാവും പകലും ധ്യാനിക്കുകയും എല്ലാസമയവും അവിടുത്തെ സ്തുതികരം പാടുകയും അവനെ വാഴ്ത്തുകയും ചെയ്യുന്നവൻ ആററരികത്തു് നല്ല ഫലഭൂയിഷ്ഠമായ മണ്ണിൽ നട്ടിരിക്കുന്നതും എല്ലാകാലത്തും ഫലം നൽകുന്നതും ഇലകരം കൊഴിയാത്തതുമായ വൃക്ഷം പോലെയാണ്. ആ വ്യക്തിയുടെ ആത്മവിശ്വാസം നിരന്തരമായി കർത്താവിലാണ്; അവൻെറ ദൃഷ്ടി എപ്പോഴും ദൈവത്തിലാണെന്നുകണ്ടു് കർത്താവു് അവനെ എല്ലാ ഉപദ്രവങ്ങളിൽ നിന്നും വിടുവിക്കുന്നു.[4]

62. അതുകൊണ്ടു ദൈവത്തിൻെറ പരിശുദ്ധനാമത്തെ സ്തുതിച്ചു് ഉന്നതപ്പെടുത്തി മഹത്വപ്പെടുത്തിക്കൊണ്ടു് തന്നിൽ നമ്മുടെ ദൃഷ്ടി പതിക്കാം. അവിടുത്തെ നാമം നിരന്തരമായി അനുസ്മരിച്ചുകൊണ്ടു് അവിടുത്തെ പരിശുദ്ധിയിൽ നമുക്കു് അഭയം തേടാം. അവിടുത്തെ മഹത്വത്തിൻെറ സാദൃശ്യത്തെ നോക്കിക്കൊണ്ടു നമുക്കു നമ്മുടെ ആത്മാവിൻെറ സൗന്ദര്യം കൊത്തിമിനുക്കാം. അങ്ങനെ സൃഷ്ടിയിൽ തൻെറ ദൈവത്വത്തിൻെറ മഹത്വപൂർണമായ വിഗ്രഹങ്ങളായി നമുക്കു കാണപ്പെടാം.

63. കാരണം, ഇപ്രകാരമാണ് നമ്മെ അവിടുന്നു ഈ ലോകത്തിൽ ആക്കിയതു്. മററ് പ്രകൃതിജീവികളെപ്പോലെ നമ്മെയും അവിടുന്നു പൊടിയിൽനിന്നു മെനഞ്ഞുണ്ടാക്കി. എന്നാൽ നമ്മെ പുറത്തേക്കൊഴുക്കിയപ്പോരം തൻെറ സ്വന്തം ഛായയുടെ സൗന്ദര്യം കൊണ്ടു അവിടുന്നു നമ്മെ വസ്ത്രം ധരിപ്പിച്ചു. നാം തൻെറ ഛായയുടെ ജ്യോതിസ്സ് സ്വന്തമാക്കാൻ

---

4. സങ്കീ. 1. 2-3; 34:1.

www.malankaralibrary.com



അവിടുന്ന ഇടയാക്കി. തൻെറ ദൈവതത്വത്തിൻെറ മഹത്വം കൊണ്ടു് അവിടുന്ന നമ്മെ അലങ്കരിച്ചു. അഥവാ തന്നെപ്പോലെ സൃഷ്ടിയിൽ നമുക്കു് അധികാരം തന്നുകൊണ്ടു്, ഭൂമിയിൽ നമ്മെ അവിടുന്ന രണ്ടാം ദൈവങ്ങളാക്കിത്തീർത്തു.

64. തദനുസരണം, പൊടിയായ നമ്മെ ഈ അവസ്ഥയിലേയ്ക്കുയർത്തിയ അവിടുത്തെ നാം ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യണം. നമ്മുടെ ആത്മാവിനെ തൻെറ ആത്മാവുമായി കൂട്ടിക്കലർത്തുകയും തൻെറ കൃപാദാനം നമ്മുടെ ശരീരങ്ങളിൽ കലർത്തുകയും നമ്മിൽ തൻെറ പരിശുദ്ധാത്മാവാകുന്ന അഗ്നി ജ്വാലയായി കത്തിപ്പടരാൻ ഇടയാക്കുകയും ചെയ്ത അവിടുത്തെ വിശുദ്ധിയെ നാം ഇടതടവില്ലാതെ പ്രകീർത്തിക്കണം. കാരണം, അന്ധകാരത്തിൽ ആണ്ടുകിടന്ന നമ്മുടെ ഹൃദയങ്ങളിൽ അവിടുന്ന പ്രകാശിച്ചു.

65. മേലിൽ നമ്മിലാരും തൻെറ സ്തുതിയെ അവഗണിച്ചുകൊണ്ടു അന്ധകാരത്തിൽ നടക്കുകയോ ആത്മാവിൻെറ പ്രകാശത്തെ കെടുത്തിക്കളയുകയോ ചെയ്യരുതു്. രാത്രിയിലെ ഗാഢനിദ്ര നമുക്കു ദുഃഖം ഉണ്ടാക്കരുതു്; നമ്മുടെ ശരീരികാവയവങ്ങളെ അലസതയ്ക്കു വിധേയമാക്കിക്കൊണ്ടും അതിൻെറ കിനാവുകളാൽ നമ്മുടെ ആത്മാക്കളുടെ പ്രകാശത്തെ അസ്പഷ്ടമാക്കിക്കൊണ്ടും, അന്ധകാരത്തിൽ കിടക്കുന്ന മരിച്ച ജഡങ്ങളെപ്പോലെ ആക്കിക്കൊണ്ടും അതിൻെറ അന്ധകാരം നമ്മുടെമേൽ ഭരണം നടത്തരുതു്. മറിച്ചു്, അവൻെറ തേജസ്സിൻെറ ശോഭയാൽ നമ്മുടെ പ്രകാശം അവനിൽ കൂടുതൽ ഉജ്ജ്വലിക്കട്ടെ, കാരണം, നാം ഭൂമിയിൽ നിന്നു ഉന്നതങ്ങളിലേക്കു് ഉയർത്തപ്പെടുന്നതു് ആത്മീയപ്രാർത്ഥനയും കൃതജ്ഞതാപ്രകടനങ്ങളും വഴിയാണ്.

66. വിരുന്നിനുപോയിരിക്കുന്ന യജമാനൻ തിരിച്ചു വരുന്നതു കാത്തിരിക്കുന്ന ജോലിക്കാർ അയാളുടെ വരവും പ്രതീക്ഷിച്ചു് രാത്രി മുഴുവൻ ഉറക്കം ഒഴിച്ചു് ഇരിക്കേണ്ടതുണ്ടു്: അവർ അര മുറുക്കിയും വിളക്കു് കൊളുത്തിയും ഇരിക്കണം; തങ്ങളുടെ യജമാനൻ ആ സന്ധ്യയ്ക്കു തന്നെയോ, പാതിരാത്രിയിലോ, കോഴി കൂകുമ്പോഴോ, അടുത്ത പ്രഭാതത്തിലോ എപ്പോഴാണ് തിരിച്ചെത്തുന്നതെന്നു് അറിയാൻ പാടില്ലാത്തതിനാൽ ഗാഢനിദ്രയ്ക്കടിമപ്പെടാൻ അവർക്കു സാധ്യമല്ല (ലൂക്കാ 12:35 ff). അയാൾ ധൃതിയിൽ വന്നു് അവരെ ഉറങ്ങുന്നവരായി കാണുമോ എന്നു് അവർ ഭയപ്പെടുന്നു. നമ്മുടെ കർത്താവു് നമ്മോടു് കല്പിച്ചതുപോലെ നാമും ഉണർവുള്ളവരും ഒരുക്കമുള്ളവരും

www.malankaralibrary.com



ആയിരിക്കണം: “നിങ്ങരം പ്രതീക്ഷിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതിനാൽ നിങ്ങളും ഒരുക്കമുള്ളവരായിരിക്കണം” (മത്താ. 24:44).

67. ഉത്ഥാനത്തിൻെറ മഹാദിവസമായ വിശുദ്ധ ഞായറാഴ്ചയെ സംബന്ധിച്ച് വിശേഷവിധിയായി ഇതു ബാധകമാണ്. താൻ നമുക്കായി തയാറാക്കിയ വിവാഹവിരുന്നിനു നമ്മെ കൂട്ടിക്കൊണ്ടുപോകുവാൻ ഉന്നതത്തിൽ നിന്നു് നമ്മുടെ രാജാവു് വരുമെന്നു നാം പ്രതീക്ഷിക്കുന്നതു് അന്നാണല്ലോ. നമ്മുടെ കർത്താവു് തനിയെ മലയിലേക്കു കയറി രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്നു് ദൈവത്തോടു പ്രാർത്ഥിച്ചു. അവിടുന്നു പഠിപ്പിച്ച മാതൃകയനുസരിച്ചു് രാത്രി മുഴുവനുമുള്ള ജാഗരണാവസരം പ്രാർത്ഥിക്കുന്നതിലും സങ്കീർത്തനങ്ങളാലപിക്കുന്നതിലും ഉണർവുള്ളവരായി പ്രത്യേകമാം വിധം നാം നമ്മുടെ താല്പര്യപൂർവകമായ ഒരുക്കം പ്രസ്പഷ്ടമാക്കണം.

68. ശ്ലീഹന്മാർ ഒന്നിച്ചു കൂടിയപ്പോഴും ഇതു തന്നെയാണ് ചെയ്തിരുന്നതു്. അവർ രാത്രി മുഴുവൻ സ്തുതിപ്പിലും പ്രാർത്ഥനയിലും വിശ്വാസികളെ പ്രബോധിപ്പിക്കുന്നതിലും ചെലവഴിച്ചു. ഇപ്രകാരം, പൗലോസ് പാതിരാത്രിവരെ ശിഷ്യരോടു സംസാരിച്ചുകൊണ്ടിരുന്നു; ഉറക്കം തൂങ്ങി മൂന്നാം നിലയിൽ നിന്നു വീണുമരിച്ച എവുത്തീക്കൊസിനെ ജീവിപ്പിച്ച ശേഷവും സ്തുതിഗീതങ്ങളിലും ദിവ്യരഹസ്യങ്ങളിലും അവർ ആനന്ദം കണ്ടെത്തി; പുലച്ചവരെ പൗലോസ് അവരോടു സംസാരിച്ചുകൊണ്ടിരുന്നു (നട. 20 : 7–12). ബിസൻെറയിൻകാരുടെ സഭകളിൽ ഈ രീതി ഇന്നും നിലനില്ക്കുന്നു. ശനിയാഴ്ച രാത്രിയിൽ അവരുടെ വിശ്വാസികരം ഉറങ്ങാറില്ല; പിന്നെയോ, പ്രാർത്ഥനയും യാമനമസ്കാരവും വായനകളുമായി അവർ കഴിയുന്നു.

69. തങ്ങളുടെ യജമാനനെ ബഹുമാനിക്കാൻ തല്പരരായിരിക്കുന്ന നല്ലവരും വിശ്വസ്തരുമായ ദാസന്മാരെപ്പോലെ മിശിഹായുടെ ശുശ്രൂഷകരായ നാം യഥാർത്ഥത്തിൽ ഉണർവോടും ആത്മധൈര്യത്തോടും കൂടെ നില്ക്കണം. പ്രാർത്ഥനയാൽ പ്രകാശിതരായും പരിശുദ്ധാത്മാവിൽ നിന്നുള്ള കൃപയാകുന്ന എണ്ണ കൊണ്ടു് നിറച്ച നമ്മുടെ ഹൃദയവിളക്കുകളോടും, തപസ്സുകൊണ്ടു് ആന്തരികമായി ശക്തിപ്രാപിച്ചും സന്യാസത്തിൽ നമുക്കു് നമ്മുടെ അര കെട്ടാം; ഇപ്രകാരം, ഉറക്കത്തിൻെറ മാധുര്യം പ്രദാനം ചെയ്യുന്ന ശക്തിമത്തായ പ്രേരണകളോടു് ധൈര്യപൂർവം പോരാടാൻ നമുക്കു സാധിക്കും. ഇങ്ങനെ, “രാത്രി നമ്മുടെ മുഖങ്ങരം കൊണ്ടു് പ്രകാശിതമാകും” എന്നു് പ്രവാച

www.malankaralibrary.com



കൻ പറഞ്ഞതുപോലെ, "അന്ധകാരം നമുക്കു പ്രകാശമായിരിക്കും" (സങ്കീ. 139:11). അന്ധകാരം നമ്മുടെ മനസ്സിനെ അന്ധകാരമാക്കുകയില്ല; അതുകൊണ്ട്, ശോഭയുള്ള ദിവസത്തിലെ വെളിച്ചം പോലെ നമുക്ക് ഇരുട്ടുള്ള രാത്രി ചെലവഴിക്കാം.

70. അന്ധകാരത്തിന്റെ പുത്രൻ, രാത്രിയായ തന്നെപ്പോലെ നമ്മെയും നിദ്രയിലാഴ്ത്തിക്കൊണ്ട് അന്ധകാര സന്തതികളാകാൻ ആഗ്രഹിക്കുന്നു. അന്ധകാരം ഭരണം നടത്തുകയും തിരുലിഖിതം സാക്ഷിക്കുംപ്രകാരം അന്ധകാരവും അന്ധകാരത്തെ ഇഷ്ടപ്പെടുന്നവനുമായ പിശാച് വന്യമൃഗങ്ങളെപ്പോലെ ചുററി നടക്കുകയും ചെയ്യുന്ന സമയത്തു് പ്രത്യേകമായി അവൻ നമ്മെ നിർബന്ധിക്കും. നമ്മുടെ കർത്താവിനോടൊത്തു് നാം ജാഗരണം നടത്തുന്നതായും, നമ്മുടെ നിർമ്മാതാവായ ദൈവത്തിന് മഹത്വം നൽകിക്കൊണ്ട് നമ്മുടെ ആത്മീയ കീർത്തനങ്ങളും സ്തുതിപ്പുകളും കൊണ്ട് പ്രകാശത്തിന്റെ മാലാഖമാർക്കു സദൃശ്യരായും നമ്മെ പ്രാർത്ഥനയുടെ പ്രകാശത്തിൽ അവൻ ദർശിക്കും. മനുഷ്യജീവികൾ മാലാഖമാരുടെ ജാഗരണം അനുവർത്തിക്കുന്നതു കാണുന്ന കാഴ്ചയാൽ അസൂയ പൂണ്ട്, തന്റെ അന്ധകാരത്തിൽ നമ്മെയും പങ്കുകാരാക്കാനായി ഉഗ്രമായ അസൂയയിൽ ജ്വലിച്ചുകൊണ്ട് നിദ്രാഭാരത്തിൽ നമ്മെ ആഴ്ത്തുവാൻ അവൻ പരിശ്രമിക്കും.

71. എന്നാൽ മിശിഹായുടെ സാദൃശ്യത്തിൽ പങ്കുപററുന്നവരും, വെളിച്ചത്തിന്റെയും പകലിന്റെയും മക്കളുമായ നാം, ശൂന്യമായ ജാഗരണം, പ്രയോജനരഹിതമായ സംസാരം, ഗാഢനിദ്ര എന്നിങ്ങനെയുള്ള അന്ധകാരത്തിന്റേതായ പ്രവൃത്തികൾ നമ്മിൽ നിന്നു നീക്കിക്കളയണം. നമ്മുടെ മനസ്സിനെ ദൈവസമക്ഷം എത്തിക്കുന്ന സ്തോത്രാപ്പണത്തിനായും, മുട്ടുകുത്തിനിന്നുകൊണ്ട് തന്റെ സന്നിധിയിൽ നടത്തുന്ന അപേക്ഷകൾക്കായും, ഹൃദയത്തിന്റെ ആത്മീയ നെടുവീർപ്പുകളോടുകൂടിയുള്ള പ്രാർത്ഥനാ യാചനകൾക്കായും, കണ്ണീരൊഴുക്കിനായും, സ്നേഹത്താൽ കത്തിയെരിയുമ്പോഴുള്ള ആത്മാവിന്റെ തീക്ഷ്ണതയ്ക്കായും, മനപ്പതർച്ച കൂടാതെ ദൈവത്തെ നോക്കുമ്പോഴുള്ള മനസ്സിന്റെ ആവേശത്തിനായും, യാമപ്രാർത്ഥനകളിൽ പങ്കെടുത്തുകൊണ്ട് പ്രകാശത്തിന്റെ പടച്ചട്ട നാം ധരിക്കണം.

72. അപ്രതിരോധ്യമായ പടച്ചട്ടയായി ഇത്തരം കാര്യങ്ങൾ നമുക്കു ധരിക്കാം. പകലിലെന്നപോലെ ഉണർവുള്ളവരും ഒരുക്കമുള്ളവരുമായിരുന്നു് ദുഷ്ടനെതിരായുള്ള നമ്മുടെ

www.malankaralibrary.com



നിലപാടു നമുക്കു സ്വീകരിക്കാം. ആത്മാവിന്റെ വാക്കുകളാകുന്ന ക്ലൂരമ്പുകൾകൊണ്ട് അവനെ നമുക്ക് തറയ്ക്കാം. വീണ്ടു പോകാത്ത ഉടമ്പടിയാൽ ശപഥം ചെയ്തുകൊണ്ട് ഈശായിയുടെ പുത്രനായ ദാവീദിനോടു ചേർന്നുകൊണ്ട് അവന്റെ പ്രതീക്ഷകളെല്ലാം നമുക്കു വെട്ടി നീക്കാം: "തന്റെ യജമാനനെതിരെ ധിക്കാരപൂർവം കുരയ്ക്കുന്ന പേപ്പട്ടീ, ഞങ്ങളിൽനിന്നകന്ന് നിന്റെ ദുർവിധിയിലേക്കു പോകുക. കാരണം, കർത്താവിനു വിശ്രമിക്കുവാനായി ഞങ്ങളുടെ ആത്മാക്കളിൽ ഒരിടം, ഞങ്ങളുടെ ഹൃദയങ്ങൾക്കുള്ളിൽ യാക്കോബിന്റെ ദൈവത്തിനു വസിക്കാൻ ഒരു കൂടാരം കണ്ടെത്തുന്നതുവരെ ഞങ്ങൾ ഞങ്ങളുടെ കണ്ണുകളെ ഉറങ്ങാൻ അനുവദിക്കുകയോ, ഞങ്ങളുടെ കൺപോളകൾക്ക് മയക്കം കൊടുക്കുകയോ ഇല്ലെന്ന് കർത്താവിനോട് ശപഥം ചെയ്യുകയും യാക്കോബിന്റെ ദൈവത്തോട് ഉടമ്പടി ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു (സങ്കീ. 132:4–5). കർത്താവു നമ്മുടെ ആത്മാവിൽ പ്രസാദിച്ച് "നിത്യയുഗങ്ങളിലേക്ക് ഇതാണ് എന്റെ വിശ്രമസ്ഥലം; ഞാൻ ഇവിടെ വസിക്കും; കാരണം ഞാൻ അതു് ആഗ്രഹിച്ചിരുന്നു" എന്നു പറഞ്ഞുകൊണ്ട് (സങ്കീ. 132:14) തനിക്കു പാർക്കുവാൻ ഒരു പാർപ്പിടമായി അതിനെ തെരഞ്ഞെടുക്കുന്നതുവരെ ഞങ്ങൾ ജാഗരണത്തിൽനിന്നും പ്രാർത്ഥനയിൽനിന്നും ക്ലേശത്തിൽനിന്നും അധ്വാനത്തിൽനിന്നും പിൻതിരിയുകയില്ല.

73. എന്നാൽ സാത്താൻ അപ്പോഴും പിന്മാറാൻ കൂട്ടാക്കാതെ നമുക്കെതിരെ ഗർവോടുകൂടി ശക്തിയാർജ്ജിച്ച്, അടുത്തു ചുററിനടക്കലിൽ നമ്മെ കടന്നാക്രമിക്കാൻ മുഖസ്തുതികൊണ്ട് നമ്മെ വഴിതെററിക്കുകയും നമ്മുടെ ഹൃദയങ്ങളെ നടുക്കുവാനായി തന്റെ ദുഷ്ടതയിൽ കുരയ്ക്കുകയും ചെയ്താലും നാം ബലഹീനരായി കാണപ്പെട്ട് ഭയന്ന് അവന്റെ മുമ്പിൽ പിടഞ്ഞു വീഴാൻ പാടില്ല; മറിച്ച്, അവനെതിരെ നാം നമ്മെത്തന്നെ കൂടുതൽ ശക്തിപ്പെടുത്തണം: അവനെ എതിർക്കാനും നമ്മിൽനിന്നോടിക്കാനുംവേണ്ടി നമുക്കുള്ള എല്ലാ മാർഗങ്ങളും നാം ഉപയോഗിക്കണം. അവനിൽനിന്നു നമ്മെ രക്ഷിക്കണമെന്ന് ദൈവത്തോട് യാചിച്ചുകൊണ്ട് ദൈവത്തിൽ അഭയം തേടണം. അതേ, നമ്മുടെ നിലവിളി കേട്ട് സാത്താന്റെ കൈകളിൽനിന്നു നമ്മെ വിടുവിക്കണം എന്ന് അവിടുത്തോട് നാം അപേക്ഷിക്കുമ്പോൾ, നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽനിന്ന് തീക്ഷ്ണതയേറിയ നിലവിളിയും കണ്ണുനീരും നാം അർപ്പിക്കണം. കാരണം, നമ്മെ രക്ഷിക്കുവാൻ അവൻ ശക്തനാണ്. സാത്താൻ ലജ്ജാപൂർണനായും, നമ്മുടെ വായിൽനിന്ന് അവനെതിരെ നാം ഉരുട്ടിയിട്ട ആത്മീയകല്ലുകൾ

www.malankaralibrary.com



വീണ് തല ചതഞ്ഞും നമ്മുടെ സന്നിധിയിൽനിന്ന് അവനെ ഓടിക്കാൻ നമ്മെ ശക്തരാക്കുവാനും കർത്താവ് കഴിവുററവ നാണ്.

74. നാം ഇപ്രകാരം തുടരുകയും എന്നാൽ ഒരു മറുപടിയും കിട്ടാതെ വരികയും ചെയ്താലും അതു നമ്മുടെ പ്രയോജനത്തി നാണ്: ഹൃദയം ഇടിഞ്ഞ് നഷ്ടധൈര്യരാകുന്നതിനു പകരം, നാം ദൈവത്തോടു ആത്മവിശ്വാസത്തോടെ യാചിച്ചുകൊണ്ടി രിക്കണം; എന്തുകൊണ്ടെന്നാൽ സ്വീകാര്യസമയത്തും ഉചിത മായ നാഴികയിലും അവിടുന്നു നമുക്കു മറുപടി നൽകുകയും നമ്മെ രക്ഷിക്കുകയും ചെയ്യും എന്നതു് തീർച്ചയാണ്. നമുക്കു മറുപടി നൽകുവാൻ സൗഹൃദത്തിൻെറ നൈയാമിക അവകാശ വാദമൊന്നും അവൻെറമേൽ നമുക്കില്ലെങ്കിലും നാം ധൈര്യ പൂർവം ചോദിച്ചുകൊണ്ടിരുന്നാൽ, നമ്മുടെ നിർബന്ധം നിമിത്തം, നാം നിശാമധ്യത്തിൽ തൻെറ വാതിൽക്കൽ തളർന്ന് മുട്ടിന്മേൽ നിൽക്കുന്നതു് കാണുമ്പോൾ അവൻ എഴുന്നേററ് നാം ചോദിക്കുന്നതു് നമുക്കു നൽകും. സഹായിക്കാനാരുമില്ലാത്ത വിധവയെപ്പോലെ (ലൂക്കാ. 18:3) ഏകനായി, ഏകാന്തനായി, ദുഷ്ടനാൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ടും ദണ്ഡനമേററും നാം അവിടെ നിൽക്കുന്നു; പിശാചിൻെറ കൈകളാൽ ദണ്ഡനമേററ് നമ്മുടെ നികൃഷ്ടാവസ്ഥ കാണുമ്പോൾ കരുണാനിധിയായ ദൈവം എങ്ങനെ പുറംതിരിഞ്ഞുകളയും. അവിടുന്ന് വേഗ ത്തിൽ പ്രതികാരം ചെയ്ത് അവനിൽനിന്നു നമ്മെ വിടുവിക്കുക യില്ലേ?

75. കാരണം, നമ്മുടെ കർത്താവു ചൂണ്ടിക്കാണിച്ചതു പോലെ, ദുഷ്ടനും, ക്രൂരനുമായ ന്യായാധിപൻപോലും, ആ വിധവയുടെ മുട്ടിപ്പായ അപേക്ഷനിമിത്തമുള്ള ശല്യത്താൽ, അവസാനം അവൾക്കു നീതി നടത്തിക്കൊടുത്തു (ലൂക്കാ.18:2-5). എന്നാൽ ദൈവം നമ്മെ അവഗണിക്കുന്നില്ല എന്നതു് സുവ്യക്ത മാണ്. നാം കാത്തിരിക്കാൻ അവിടുന്ന് ഇടയാക്കിയാലും അവിടുന്നു നമുക്കു് മറുപടി തന്ന് പെട്ടെന്ന് നമ്മുടെ കാര്യം പരിഗണിക്കും. നാം പ്രാർത്ഥിക്കുമ്പോഴൊന്നും നാം ക്ഷീണിത രായി പോകരുതു്; പിന്നെയോ, തകർന്ന ഹൃദയത്തോടും വിനീതമായ ആത്മാവോടുംകൂടെ അവിടുത്തോടപേക്ഷിച്ചു കൊണ്ടു് രാത്രിയും പകലും തീക്ഷ്ണതാപൂർവം അവിടുത്തോടു പ്രാർത്ഥിക്കണം: എന്തുകൊണ്ടെന്നാൽ താഴ്മയുള്ള ആത്മാവാണ് ദൈവത്തിനുള്ള ബലി; തകർന്ന ഹൃദയത്തെ ദൈവം നിരസി ക്കയില്ല (സങ്കീ. 51:17).

www.malankaralibrary.com



76. താഴ്മയായി നീ ദൈവത്തിനു പ്രാർത്ഥനാബലി അർപ്പിച്ചാൽ, നിനക്കു് എല്ലാത്തരം നന്മകളും നൽകിക്കൊണ്ടു് അവിടുന്നു് നിനക്കുത്തരമരുളി നിന്നെ വിടുവിക്കും. നമ്മുടെ കർത്താവു പറഞ്ഞു: "ദുഷ്ടരായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു് നല്ല വസ്തുക്കൾ കൊടുക്കാൻ അറിയുന്നെങ്കിൽ, സ്വർഗസ്ഥനായ നിങ്ങളുടെ നല്ല പിതാവു് തന്നോടു യാചിക്കുന്നവർക്കു് എത്ര കൂടുതലായി നല്ല വസ്തുക്കൾ നല്കുകയില്ല" (മത്താ. 7:11). അവിടുന്നാഗ്രഹിക്കുന്ന തകർന്ന ഹൃദയത്തോടും ദുഃഖിതമായ ആത്മാവോടുംകൂടെ നാം നമ്മുടെ അപേക്ഷകൾ നടത്തി, ആത്മാവിൻെറ വിനയത്തിലും അറിവിലും നാം ധൈര്യപൂർവം നിലനിന്നാൽ, അവിടുന്നു നമുക്കായി സജ്ജമാക്കിയ തൻെറ രാജ്യവും തൻെറ നീതിയും അവിടുന്നു് നമ്മിൽനിന്നു് തടഞ്ഞുവച്ചുകൊണ്ടിരിക്കുകയില്ല.

77. മറിച്ചു്, നാമെന്തോ ആണെന്നു ധരിച്ചു് അഹങ്കാരത്തോടും വിമർശനബുദ്ധിയോടും കൂടെ തൻെറ മുമ്പിൽ പ്രാത്ഥിക്കുകയും സങ്കീർത്തനങ്ങൾ ആലപിക്കുകയും ചെയ്താൽ അല്ലെങ്കിൽ, മനപ്പതർച്ചയോടുകൂടി നാം നമ്മുടെ യാമപ്രാർത്ഥനകൾ ചൊല്ലിത്തീർത്താൽ, അവിടുന്നു് നമ്മെ ശ്രവിച്ചു് ദുഷ്ടനിൽനിന്നു വിടുവിക്കയില്ലെന്നു മാത്രമല്ല, തൻെറ മുമ്പിൽ നമ്മെയും നമ്മുടെ യാചനയെയും നാം മ്ലേച്ഛമാക്കിത്തീർക്കുകകൂടി ചെയ്യുകയായിരിക്കും; അവിടുന്നു് നമുക്കെതിരെ പ്രവർത്തിക്കുന്ന നമ്മുടെ എതിരാളികൂടി ആയിത്തീരും (ഏശാ. 63:10). മററു വാക്കുകളിൽ, അവിടുന്നു് നമ്മെ തൻെറ സന്നിധിയിൽ നിന്നു് ആട്ടിയോടിക്കും; ദൈവദൂഷണപരമായി പ്രവർത്തിക്കുന്നതിൽനിന്നും നമ്മെ തടയാനായി ശിക്ഷിക്കപ്പെടുന്നതിനായും അവിടുന്നു നമ്മെ സാത്താനു് ഏല്പിച്ചുകൊടുക്കും (1 തിമോ. 1:20).

78. തൻെറ നാമം ഏററുപറയുന്ന അധരങ്ങളുടെ ബൗദ്ധികഫലങ്ങൾ എന്ന സ്തുതിയുടെ ബലികൾ ദൈവത്തിനപ്പിക്കുന്നവരെല്ലാം ദുഷ്ടൻെറ പതിയിരിക്കലിനെപ്പററി വളരെ കരുതലുള്ളവരായിരിക്കണം. കാരണം, കൃതജ്ഞതയുടെ സമയത്തു തന്നെ അപ്രതീക്ഷിതമായി നിന്നെ പിടികൂടാൻ തയ്യാറായി സാത്താൻ പതിയിരിക്കുന്നു: ആലയത്തിൽ നിൻെറ സഹപ്രീശരോടുകൂടി അവൻ ചെയ്തതുപോലെ അവൻ എഴന്നേററു് ദൈവമുൻപാകെ നിന്നെ കുററപ്പെടുത്തും (ലൂ. 18;11–14); പ്രീശൻെറ കാര്യത്തിൽ എന്നപോലെ ഈ പ്രാവശ്യം സൽപ്രവൃത്തികളുടെ പേരിൽ നിന്നെ അവൻ അഹങ്കാരിയാക്കുകയില്ല; പിന്നെയോ, മറെറാരു തരം അഹങ്കാരത്തിമർപ്പാൽ ഉന്മ

www.malankaralibrary.com



ത്തനാക്കുകയായിരിക്കും ചെയ്യുക--നിന്റെ സ്വരമാധുര്യത്തിലും തേനിനേയും തേൻകട്ടയേയുംകാൾ മാധുര്യമുള്ള നിന്റെ പാട്ടുകളിലും (സങ്കീ. 19:10) ഉള്ള അഹങ്കാരം. ഇവ നിന്റേതല്ല, ദൈവത്തിന്റേതാണ് എന്നു നീ മനസ്സിലാക്കുകയില്ല എന്നതായിരിക്കും ഫലം.

79. കിന്നരമോ, വീണയോ, കൈത്താളമോ ശബ്ദമുണ്ടാക്കുമ്പോൾ, അവയിൽനിന്ന് നീയിതു മനസ്സിലാക്കണം: സ്വരമാധുര്യവും സംഗീതവും കിന്നരത്തിൽ നിന്നും വീണയിൽ നിന്നുമാണോ വരുന്നത് അതോ ആ ഉപകരണം ഉപയോഗിച്ചു പാടുന്ന ആളിൽനിന്നാണോ വരുന്നത്? ബുദ്ധിശക്തിയുള്ള നീ ഇന്ദ്രിയങ്ങളില്ലാത്തവയിൽ നിന്ന് പ്രബോധനം സ്വീകരിക്കേണ്ടിയിരിക്കുന്നു; ദൈവാത്മാവ് നിന്റെ നാവിൽ പ്രവർത്തിക്കുകയും നിന്റെ വായിൽ തന്റെ കീർത്തനം ആലപിക്കുകയും ചെയ്യുന്നു എന്നതു് നീ ഗ്രഹിക്കണം.

80. അതുകൊണ്ടു്, നിന്റേതല്ലാത്ത വാക്കുകളുടെ മാധുര്യത്തിൽ നീ അഹങ്കരിക്കേണ്ട: അതു മനസ്സിലാകാത്തക്കവിധം നീ ചെകിടനായിരിക്കാം; ഒരു പക്ഷേ, ചിലമ്പുന്ന കൈത്താളത്തേക്കാൾ കുടുതലായിരിക്കാം. പത്തു കമ്പിയുള്ള കിന്നരം പാട്ടുകാരനേക്കാൾ താഴ്ന്നതാണ്. നിന്റെ ഉള്ളിൽ പാടുന്ന ആത്മാവിനേക്കാൾ നീ വളരെ താഴ്ന്ന നിലയിലാണ്. അതുകൊണ്ടു്, ആത്മാവിന്റെ ഉദ്ദേശ്യം നിനക്കു നന്നായി അറിയാമെങ്കിലും, നിന്റെ ഉള്ളിൽ സംസാരിക്കുന്ന ആത്മാവിനെ സംബന്ധിച്ച് നീ അഹങ്കരിക്കേണ്ട. ''കർത്താവിന്റെ മനസ്സ് അറിഞ്ഞവൻ ആരാണ്? അല്ലെങ്കിൽ അവന്റെ ആലോചനക്കാരൻ ആരാണ്'' എന്നു പറഞ്ഞുകൊണ്ടു് ശ്ലീഹന്മാർ അത്ഭുതത്തോടുകൂടെ അവനെ നോക്കുകയായിരുന്നു (റോമ. 11:34). അതുകൊണ്ടു്, വായനക്കാരാ, നിനക്കു കുറേ അറിവോ, ജ്ഞാനമോ ഉണ്ടെന്നു നീ കരുതുന്നുവെങ്കിൽ, ''ശരിയായി മനസ്സിലാക്കേണ്ടവിധം ഇതുവരെ നീ ഒന്നും മനസ്സിലാക്കിയിട്ടില്ല'' എന്ന് പൗലോസിൽനിന്ന് ഗ്രഹിക്കണം (1 കൊറി.8:2).

81. ദുഷ്ടൻ അഹങ്കാരത്തിൽ നിന്നെ കൃത്രിമമായി വലയിലാക്കുന്ന മറ്റൊരു വഴിയുണ്ടു്. ഈ പ്രാവശ്യം ശബ്ദാലപനം വഴിയോ, വായിക്കുന്ന വാക്കുകളുടെ അർത്ഥഗ്രഹണം വഴിയോ അല്ല; പിന്നെയോ, പ്രാർത്ഥനയുടെ പരിപൂർണ്ണ നിശ്ശബ്ദത വഴി. തന്റെ ദുഃഖ മുഖഭാവം കാണാനും തന്റെ അവസ്ഥ നിരീക്ഷിക്കാനുമായി ആളുകളെ ആകർഷിക്കുന്നവർക്ക് ഇതു്

www.malankaralibrary.com



ബാധകമാണ്. തങ്ങളുടെ മനസ്സ് ദൈവത്തിൽ തന്നെയാണെന്നും അതിന്റെ അനുഭവത്തിൽ അതു് മനുഷ്യകുലത്തിനു് വളരെ ഉപരിസ്ഥമായി ഉയൎത്തപ്പെട്ടിരിക്കുകയാണെന്നും ഉള്ള പ്രതീതി അവർ ജനിപ്പിക്കുന്നു. എന്തൊരഹന്ത ചിന്ത! പ്രാർത്ഥന ആത്മാൎത്ഥമായിരിക്കേണ്ടപ്പോൾ അതു പ്രാൎത്ഥനയെ നശിപ്പിക്കുന്നു. സ്തുതിക്കപ്പെടാൻ ആഗ്രഹിച്ച പ്രീശന്റെ സ്നേഹിതനാണ് ഈ ആൾ; നമ്മുടെ കർത്താവു പറഞ്ഞതുപോലെ, "അവർ മനുഷ്യരാൽ കാണപ്പെടുവാൻ വേണ്ടി സിനഗോഗുകളിലും തെരുവുകോണുകളിലും നിന്നുകൊണ്ടു് പ്രാൎത്ഥിക്കാൻ ആഗ്രഹിച്ചു; അങ്ങനെ അവൎക്കു് അവരുടെ പ്രതിഫലം കിട്ടിക്കഴിഞ്ഞു'' (മത്താ. 6:5).

82. എന്റെ പ്രിയമുള്ളവരേ, ഇതുപോലെയുള്ള എല്ലാററിൽ നിന്നും നമുക്കു വളരെ അകന്നു കഴിയാം. മറിച്ചു്, നമ്മുടെ പ്രാർത്ഥന പ്രദർശിപ്പിച്ചു് അഹങ്കാരത്താൽ ഊതി വീർപ്പിക്കപ്പെടാനുള്ള ആഗ്രഹം കൂടാതെയും ഇപ്രകാരം നമ്മുടെ പ്രതിഫലം നഷ്ടപ്പെടുത്താതെയും ഹൃദയത്തിന്റെ വിനയത്തോടുകൂടി നമുക്കു നിഗൂഢമായി പ്രാർത്ഥിക്കാം. നമ്മുടെ കൎത്താവു കല്പിക്കുന്നു: "നിങ്ങൾ പ്രാൎത്ഥിക്കുമ്പോൾ മുറിയിൽ കടന്നു് കതകു് അടയ്ക്കുവിൻ'' (മത്താ. 6:6). ഹൃദയത്തിന്റെ ഉള്ളറയല്ലാതെ ഏതാണു് ഈ മുറി? വിനയംകൊണ്ടു് അതിന്റെ വാതിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. അതു് മനുഷ്യരിൽ നിന്നുള്ള ബഹുമാനത്തെ വെറുക്കുന്നു.

83. ദൈവത്തോടു് ഉചിതവും സംഗതവും ആയിട്ടുള്ളതു് ചോദിച്ചുകൊണ്ടു് നാം ഇപ്രകാരമാണു പ്രാർത്ഥിക്കേണ്ടതു്. പുറജാതികളെപ്പോലെ അവിടുത്തെ തിരുമുമ്പിൽ അൎത്ഥശൂന്യമായ വാക്കുകൾ വിക്കിവിക്കിപ്പറയരുതു്. കാരണം, ഇവയെല്ലാം ക്രിസ്ത്യാനികൾക്കു് ചോദിക്കാൻ അനുചിതമാണ്. മറിച്ചു് തന്റെ വിശുദ്ധിക്കും തന്റെ തിരുനാമ മഹത്വത്തിനും ചേരുന്നവയെല്ലാം നാം ചോദിക്കണം. മററുവാക്കുകളിൽ, അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും. രാജ്യം നമ്മുടെ സന്തുഷ്ടിക്കും നമ്മുടെ അലങ്കാരത്തിനുമാണു്; നീതിയാകട്ടെ തന്റെ ശ്രേഷ്ഠതയ്ക്കും തന്റെ ഔന്നത്യത്തിന്റെ മഹത്വത്തിനും. ഈ രണ്ടു കാര്യങ്ങളും നമ്മുടെ ഉദ്ധാരണത്തിനും അവിടുത്തോടുകൂടിയുള്ള നമ്മുടെ ബഹുമാന്യസ്ഥാനത്തിന്റെ അലങ്കാരത്തിനുമാണു്.

84. നിങ്ങൾ താഴെപ്പറയും പ്രകാരം പ്രാർത്ഥിക്കണം: "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശു

www.malankaralibrary.com



ധമാക്കപ്പെടണമെ;നിൻെറരാജ്യം വരണമെ..''(മത്താ.6:9_10). പ്രാർത്ഥിക്കാനായി ദൈവമക്കൾക്കു ചേർന്ന വാക്കുകൾ ഇവയാണ്. ദൈവമക്കളുടെ മനസ്സ് ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടിരിക്കുന്നു; അവർ സ്വർഗരാജ്യത്തിൽ തങ്ങളുടെ പിതാവിനോടൊത്തു പാർക്കുന്നു; പുറത്തുള്ള ആരുടെയും കണ്ണിൽപെടാതെ ഹൃദയത്തിൻെറ നിഗൂഢതയുടെ മുറിയിൽ എന്നവണ്ണം ഒന്നിച്ചുകൂടിയിരിക്കുന്നു. നമ്മുടെ വായ് നമ്മുടെ പിതാവായ ദൈവത്തിൻെറ മുൻപാകെ കൃതജ്ഞത അർപ്പിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനയിൽ നാം അനുകരിക്കേണ്ട മാതൃക ഇതാണ്.

85. ഇപ്രകാരം മനസ്സാക്ഷിയുടെ നൈർമ്മല്യത്തോടുകൂടി രാവും പകലും പ്രാത്ഥനയിൽ നമുക്ക് വ്യാപൃതരാകാം. നമ്മുടെ മനസ്സിൻെറ ഉള്ളിലെ ആത്മീയ ദർശനത്തിൻെറ നിഗൂഢ പ്രകാശത്തിൽ നമുക്ക് ആമോദിക്കാം. നമ്മുടെ വായ്കൾകൊണ്ട് ഇടതടവില്ലാതെ ദൈവത്തിൻെറ സ്തുതിപ്പുകൾ പാടാം. മനുഷ്യരുടെ വ്യത്ഥസ്തുതികളാൽ നശിപ്പിക്കപ്പെടാൻ അനുവദിച്ചുകൊണ്ട് നമ്മുടെ പ്രാർത്ഥനയുടെ പ്രതിഫലം നഷ്ടപ്പെടുന്നതു തടയാൻ വിനീതാത്മാവിൻെറ താഴ്ചയിൽ ഏതോ നിഗൂഢസ്ഥലത്തെന്നവണ്ണം മറഞ്ഞിരുന്ന് നമ്മുടെ ഹൃദയംകൊണ്ടും നമ്മുടെ വായ്കൾകൊണ്ടും ദൈവത്തിൻെറ സ്തുതിപ്പുകൾ ഇടതടവില്ലാതെ പാടാം. ''നിങ്ങളുടെ രഹസ്യപ്രാത്ഥന രഹസ്യസ്ഥലത്തു കാണുന്ന നിങ്ങളുടെ പിതാവ് പരസ്യമായി നിങ്ങൾക്കു പ്രതിഫലം തരും'' എന്ന് നമ്മുടെ രക്ഷകൻ പറഞ്ഞിരിക്കുന്നതുപോലെ (മത്താ. 6;6), ഹൃദയത്തിൻെറ അന്തർഭാഗം ദർശിക്കുന്ന ദൈവം നൽകുന്ന സുനിശ്ചിത പ്രതിഫലത്തിന് അർഹരാണെന്ന് നമുക്ക് തെളിയിക്കാം.

86. ദൈവത്തിനു സ്തുതിയുണ്ടായിരിക്കട്ടെ. തന്നോടുള്ള സംഭാഷണത്തിൻെറ ആനന്ദം അവിടുന്ന് എന്നേക്കും നമുക്ക് പ്രദാനം ചെയ്യട്ടെ. ആമ്മീൻ

www.malankaralibrary.com

# അനുബന്ധം

## പ്രാർത്ഥനയെക്കുറിച്ച് 153 ഖണ്ഡികകൾ

1. ഹാബേൽ തന്റെ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂൽ കുഞ്ഞുങ്ങളെ എടുത്ത് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങൾ കർത്താവിനു കാഴ്ചവച്ചു. ഹാബേലിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടുന്ന് പ്രസാദിച്ചു (ഉല്പ. 4: 4).

2. നോഹ നീതിമാനായിരുന്നു. ആ തലമുറയിലെ കറയററ മനുഷ്യനായിരുന്നു. അവൻ ദൈവത്തിന്റെ മാർഗത്തിലൂടെ നടന്നു (ഉല്പ. 6: 9 _ 10). നോഹ കർത്താവിന് ഒരു ബലിപീഠം പണിതു. അതിൽ കർത്താവിനു ദഹനബലിയർപ്പിച്ചു. അവനിൽ കർത്താവ് പ്രസാദിച്ചു (ഉല്പ. 8: 20_21).

3. തനിക്കു പ്രത്യക്ഷപ്പെട്ട കർത്താവിന് അബ്രാം ഒരു ബലിപീഠം പണിതു....കർത്താവിനെ ആരാധിച്ചു (ഉല്പ.12:7_8). ''ഇതാ പൊടിയും ചാരവുമായ ഞാൻ കർത്താവിന്റെ സന്നിധിയിൽ പ്രാർത്ഥിക്കാൻ തുടങ്ങുന്നു (ഉല്പ. 18: 27).

4. ഹന്നാ കൊടിയ വേദനയോടെ കർത്താവിനോട് പ്രാർത്ഥിച്ച് പൊട്ടിക്കരഞ്ഞു (1ശാമു. 1: 10). ഞാൻ അപേക്ഷിച്ചത് കർത്താവ് എനിക്ക് തന്നിരിക്കുന്നു. അതിനാൽ ഞാൻ പുത്രനെ കർത്താവിനു നൽകിയിരിക്കുന്നു (1 ശാമു. 1:27 _ 28). എന്റെ ഹൃദയം കർത്താവിൽ ആഹ്ലാദിക്കുന്നു. എന്റെ ശക്തി കർത്താവിൽ വർദ്ധിച്ചിരിക്കുന്നു (1 ശാമു. 2:1).

5. ശാമുവേൽ പറഞ്ഞു: കർത്താവേ, അരുൾചെയ്യണമെ. ഇതാ, നിന്റെ ദാസൻ കേൾക്കുന്നു (1 ശാമു. 3: 9).

6. ഏലിയാ പ്രാർത്ഥിച്ചു: കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമെ...... ഉടനെ കർത്താവിൽ നിന്ന് അഗ്നി ഇറങ്ങി ഏലിയായുടെ ബലി സ്വീകരിച്ചു (1 രാജാ. 18: 37).

www.malankaralibrary.com



7. ഏലീശാ മുറിയിൽ കടന്ന് വാതിലടച്ച് കർത്താവി നോടു പ്രാർത്ഥിച്ചു (2 രാജാ. 4: 33).

8. ദാനിയേൽ തന്റെ പതിവനുസരിച്ച് ദിവസം മൂന്നു നേരം തന്റെ മാളികമുറിയിൽ മുട്ടുകുത്തി തന്റെ ദൈവത്തിന്റെ മുൻപാകെ പ്രാർത്ഥനകളും സ്തോത്രങ്ങളും അർപ്പിച്ചു (ദാനി. 6:10).

9. സൈന്യങ്ങളുടെ ദൈവമായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, ഭൂമിമുഴുവൻ അവിടുത്തെ മഹത്ത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു (ഏശാ. 6: 3).

10, സ്നാനാനന്തരം യേശു പ്രാർത്ഥിക്കുകയായിരുന്നു. അപ്പോൾ സ്വർഗം തുറക്കപ്പെട്ടു (ലൂ. 3: 21).

11. പ്രഭാതത്തിൽ, സൂര്യോദയത്തിനു വളരെ മുമ്പുതന്നെ യേശു ഉണർന്ന് ഒരു വിജനപ്രദേശത്തുപോയി പ്രാർത്ഥിച്ചു (മർക്കോ. 1: 35).

12. യേശു പ്രാർത്ഥിക്കുവാൻ മലയിലേയ്ക്കുപോയി (മർക്കോ. 6: 46).

13. യേശു മരുഭൂമിയിലേയ്ക്കു പിൻവാങ്ങി പ്രാർത്ഥിച്ചു കൊണ്ടിരുന്നു (ലൂക്കാ 5: 16).

14. പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവ രോടുകൂടി യേശു പ്രാർത്ഥിക്കാൻ മലയിലേയ്ക്കു കയറി. പ്രാർത്ഥി ച്ചുകൊണ്ടിരുന്നപ്പോൾ അവന്റെ മുഖഭാവം മാറി (ലൂ. 9:28–29).

15. നേരം പുലർന്നപ്പോൾ യേശു പുറപ്പെട്ട് ഒരു വിജന പ്രദേശത്തു ചെന്നു (ലൂ. 4: 42).

16. ആ ദിവസങ്ങളിൽ യേശു പ്രാർത്ഥിക്കുവാൻ മലയി ലേയ്ക്കു പോയി. രാത്രി മുഴുവൻ അവിടുന്നു ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. നേരം പുലർന്നപ്പോൾ അവിടുന്നു ശിഷ്യരെ വിളിച്ച് അവരിൽ നിന്നു പന്ത്രണ്ടുപേരെ തെരഞ്ഞെ ടുത്ത് ശ്ലീഹന്മാർ എന്നു പേരു വിളിച്ചു (ലൂക്കാ 6: 12–18).

17. ജനക്കൂട്ടത്തെ പിരിച്ചുവിട്ടശേഷം യേശു ഏകനായി പ്രാർത്ഥിക്കാൻ മലയിലേയ്ക്കു കയറി. സന്ധ്യ ആയപ്പോൾ അവിടുന്ന് അവിടെ ഏകനായി ഇരുന്നു (മത്താ. 14: 23).

www.malankaralibrary.com



18. യേശു അഞ്ചപ്പവും രണ്ടുമീനും എടുത്ത് സ്വർഗത്തിലേക്ക കണ്ണുകളുയർത്തി സ്തോത്രം ചെയ്ത്, വിഭജിച്ച് ജനത്തിനു വിളമ്പുവാൻ ശിഷ്യരെ ഏല്പിച്ചു (മർക്കോ. 6: 41; മത്താ. 14:19; ലൂക്കാ 9: 16; യോഹ. 6:11).

19. യേശു ഏഴപ്പം എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് വിഭജിച്ച്, ജനങ്ങൾക്ക വിളമ്പി കൊടുക്കുവാൻ ശിഷ്യരെ ഏല്പിച്ചു....... സ്തോത്രം പറഞ്ഞശേഷം അവിടുന്ന ചെറുമീനുകളും വിളമ്പിക്കൊടുക്കുവാൻ ശിഷ്യരെ ഏൽപിച്ചു (മർക്കോ. 8:6–7; മത്താ. 15: 36).

20. ഒരു സ്തോത്രഗീതം പാടിയ ശേഷം യേശുവും ശിഷ്യന്മാരും ഒലിവുമലയിലേയ്ക്കു പോയി (മർക്കോ. 14: 26).

21. യേശു ഒലിവുമലയിലേക്ക പോയി. അതിരാവിലെ അവിടുന്നു വീണ്ടും ദേവാലയത്തിലേക്ക് വന്നു (യോഹ.8:1).

22. യേശു ഏകാന്തതയിൽ പ്രാർത്ഥിക്കുകയായിരുന്നു, ശിഷ്യരും കൂടെയുണ്ടായിരുന്നു (ലൂക്കാ 9: 18).

23. യേശു കണ്ണുകളുയർത്തി പറഞ്ഞു: പിതാവേ, നീ എന്റെ പ്രാർത്ഥന കേട്ടതിനാൽ ഞാൻ നിനക്ക സ്തോത്രം ചെയ്യുന്നു. നീ എപ്പോഴും എന്നെ കേൾക്കുന്നു എന്ന് എനിക്കറിയാം (യോഹ. 11: 41–42).

24. യേശു: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, ഞാൻ അങ്ങേയ്ക്കു നന്ദിപറയുന്നു (മത്താ 11:25; ലൂക്കാ 10:21). യേശു ശിശുക്കളെ തഴുകി അവരുടെമേൽ കൈകൾ വച്ച് അവരെ അനുഗ്രഹിച്ചു (മർക്കോ. 10:16).

25. യേശു ഒരിടത്തു പ്രാർത്ഥിക്കുകയായിരുന്നു. പ്രാർത്ഥന കഴിഞ്ഞപ്പോൾ ശിഷ്യരിൽ ഒരാൾ അവനോടു പറഞ്ഞു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതുപോലെ നീ ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ. അവിടുന്ന് അവരോടു പറഞ്ഞു: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇപ്രകാരം പറയുവിൻ: പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. അന്നന്നുവേണ്ട അപ്പം ഇന്നു ഞങ്ങൾക്ക നൽകണമെ.[1] ഞങ്ങളുടെ കടക്കാരോട്

1. 'നിന്റെ പരിശുദ്ധാത്മാവ് ഞങ്ങളുടെമേൽ ഇറങ്ങി വന്ന് ഞങ്ങളെ ശുദ്ധീകരിക്കട്ടെ' എന്ന് പാഠഭേദം.

www.malankaralibrary.com



ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ [2] (ലൂക്കാ 11:1-4).

ഇങ്ങനെ പ്രാത്ഥിക്കുവിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. അന്നന്നുവേണ്ട അപ്പം ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ (മത്താ 6: 9-13).

26. അവർ ഭക്ഷിച്ചുകൊണ്ടിരിക്കെ യേശുതമ്പുരാൻ അപ്പമെടുത്തു സ്തോത്രം ചെയ്ത് വിഭജിച്ച് ശിഷ്യന്മാർക്കു നല്കിക്കൊണ്ട് അരുൾചെയ്തു: എടുത്തു ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാകുന്നു. അനന്തരം അവിടുന്നു പാനപാത്രം എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു: ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന, പുതിയനിയമത്തിലെ എന്റെ രക്തമാകുന്നു (മർക്കോ. 14:22-26; മത്താ. 26: 26-30; ലൂക്കാ 22:17-21; 1 കൊറി. 11:23-25).

27. പൗലോസ് എല്ലാവരുടെയും സാന്നിധ്യത്തിൽ, അപ്പമെടുത്ത് കൃതജ്ഞതാസ്തോത്രം അർപ്പിച്ച്, അതു മുറിച്ച് ഭക്ഷിക്കാൻ തുടങ്ങി (നട. 27:35). ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അപ്പം മുറിക്കാൻ ഞങ്ങൾ ഒരുമിച്ചുകൂടി (നട. 20:7). നാം സ്തോത്രം ചെയ്യുന്ന സ്തോത്രത്തിന്റെ പാനപാത്രം മിശിഹായുടെ രക്തത്തിലുള്ള പങ്കുചേരലല്ലേ? നാം മുറിക്കുന്ന അപ്പം മിശിഹായുടെ രക്തത്തിലുള്ള പങ്കുചേരലല്ലേ? (1കൊറി 10:16). ഈ അപ്പം ഭക്ഷിക്കയും ഈ പാനപാത്രം കുടിക്കയും ചെയ്യുമ്പോഴെല്ലാം, നിങ്ങൾ കർത്താവിന്റെ മരണം, അവന്റെ ആഗമനംവരെ ഉദ്ഘോഷിക്കുന്നു .... ഈ അപ്പം ഭക്ഷിക്കയും പാനപാത്രം കുടിക്കയും ചെയ്യുന്നതിനു മുമ്പ് ഓരോ മനുഷ്യനും ആത്മപരിശോധന നടത്തണം (1കൊറി. 11:26-28).

28. ഗത്സമേൻ തോട്ടത്തിൽവച്ച് യേശു ശിഷ്യരോടു പറഞ്ഞു: ഇവിടെ ഇരിക്കുക. ഞാൻ പോയി പ്രാർത്ഥിക്കട്ടെ (മക്കോ. 14: 32; ലൂക്കാ 22:39 ff; മത്താ. 26: 36).

2. സുറിയാനി ടെക്സ്ററ് ഗ്രീക്കിൽനിന്നു വ്യത്യസ്തമാണ്

www.malankaralibrary.com



29. കഠിനവേദനയിലായിരുന്ന യേശു ഉള്ളുരുകി പ്രാർത്ഥിച്ചു (ലൂക്കാ 22:44).

30. എന്റെ പിതാവേ, ഞാൻ ഇതു കുടിക്കാതെ ഈ പാനപാത്രം നീങ്ങിപ്പോവുക സാധ്യമല്ലെങ്കിൽ, നിന്റെ ഇഷ്ടം നിറവേറട്ടെ (മത്താ. 26: 42). യേശു കമിഴ്ന്നുവീണു പ്രാർത്ഥിച്ചു: ആബാ, എന്റെ പിതാവേ, എല്ലാം നിനക്കു സാധ്യമാണ്. ഈ പാനപാത്രം എന്നിൽനിന്നു നീക്കണമേ. എങ്കിലും എന്റെ ഇഷ്ടമല്ല. നിന്റെ ഇഷ്ടം നടക്കട്ടെ (മർക്കോ. 14: 36; മത്താ. 26:39; ലൂക്കാ. 22:41-42).

31. പിതാവേ, ഈ മണിക്കൂറിൽനിന്ന് എന്നെ രക്ഷിക്കണമേ. അല്ല, ഇക്കാര്യത്തിനുവേണ്ടിയാണ് ഈ മണിക്കൂറിലേക്കു ഞാൻ വന്നിരിക്കുന്നത്. പിതാവേ, നിന്റെ നാമം മഹത്വീകരിക്കണമേ (യോഹ. 12: 27-28).

32. പിതാവേ, ഇവരോടു ക്ഷമിക്കണമേ. കാരണം, തങ്ങൾ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല (ലൂക്കാ 23:34).

33. പിതാവേ, നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു (ലൂക്കാ 23:46; സങ്കീ. 31:5).

34. യേശു തന്റെ ഐഹിക ജീവിതകാലത്ത്, തന്നെ മരണത്തിൽനിന്നു രക്ഷിക്കാൻ കഴിവുള്ളവന് നിലവിളിയോടും കണ്ണീരോടുംകൂടി പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു (ഹെബ്രാ. 5: 7).

35. സ്തേഫാനോസ്: "കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ." പിന്നെ അവൻ മുട്ടുകുത്തി ഉറക്കെ നിലവിളിച്ചു: "കർത്താവേ, ഈ പാപം ഇവരുടെ മേൽ ചുമത്തരുതേ" (നട. 7: 59-60).

36. മരിക്കയും ഉത്ഥാനം ചെയ്യുകയും ചെയ്ത യേശുമിശിഹാ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ടു നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു (റോമ. 8:34).

37. നമ്മുടെ ദൗർബല്യങ്ങളിൽ ആത്മാവു നമ്മെ തുണയ്ക്കുന്നു. വേണ്ടതുപോലെ എങ്ങനെ പ്രാർത്ഥിക്കണമെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ ആത്മാവുതന്നെ അവാച്യമായ നെടുവീർപ്പുകൾകൊണ്ടു നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു (റോമ. 8: 26).

www.malankaralibrary.com



38. ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നതു നിങ്ങൾക്കു ലഭിച്ചു കഴിഞ്ഞു എന്നു വിശ്വസിക്കുവിൻ. അതു നിങ്ങൾക്കുലഭിക്കും (മർക്കോ. 11:24). നിങ്ങൾ ചോദിക്കും മുൻപേ നിങ്ങളുടെ ആവശ്യമെന്തെന്നു നിങ്ങളുടെ പിതാവിനറിയാം (മത്താ. 6:8).

39. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ പിതാവിനോടു എന്തുചോദിച്ചാലും അവിടുന്ന് എന്റെ നാമത്തിൽ നിങ്ങൾക്കു നൽകും. ഇന്നോളം നിങ്ങൾ ഒന്നും ചോദിച്ചിട്ടില്ല. ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും. അങ്ങനെ നിങ്ങളുടെ സന്തോഷം പൂർണ്ണമാകും (യോഹ. 16:23–24).

40 ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും. എന്തെന്നാൽ, ചോദിക്കുന്നവനു ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറന്നു കിട്ടുന്നു (മത്താ. 7:7–8; ലൂ. 11:9–10).

41. പിതാവു പുത്രനിൽ മഹത്വീകരിക്കപ്പെടുന്നതിനു വേണ്ടി, എന്റെ നാമത്തിൽ നിങ്ങൾ ചോദിക്കുന്നതെന്തും ഞാൻ ചെയ്തുതരും. എന്റെ നാമത്തിൽ നിങ്ങൾ എന്തു ചോദിച്ചാലും ഞാൻ അതു ചെയ്തുതരും (യോഹ. 14:13–14).

42. അന്നു നിങ്ങൾ എന്റെ നാമത്തിൽ ചോദിക്കും (യോഹ. 16:26).

43. മക്കൾക്കു നല്ല ദാനങ്ങൾ കൊടുക്കണമെന്നു ദുഷ്ടരായ നിങ്ങൾക്കുപോലും അറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു ചോദിക്കുന്നവർക്ക് എത്രയോ അധികമായി നല്ല വസ്തുക്കൾ [3] നൽകും (മത്താ.7:11).

44. ഞാൻ നിങ്ങളോടു പറയുന്നു: ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ച് ഏതെങ്കിലും കാര്യം ചോദിച്ചാൽ എന്റെ സ്വർഗസ്ഥനായ പിതാവ് അതു നിങ്ങൾക്കു സാധിച്ചുതരും. കാരണം, എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടുമ്പോൾ അവരുടെ ഇടയിൽ ഞാൻ ഉണ്ടായിരിക്കും (മത്താ.18:19–20).

3. ''പരിശുദ്ധാത്മാവിനെ'' എന്നു ലൂക്കാ 11:13-ൽ.

www.malankaralibrary.com



45. നിങ്ങൾക്കു വിശ്വാസമുണ്ടെങ്കിൽ പ്രാർത്ഥനയിൽ നിങ്ങൾ ചോദിക്കുന്നതെല്ലാം നിങ്ങൾക്കു ലഭിക്കും (മത്താ.21:22).

46. ചോദിക്കാത്തതുകൊണ്ടു നിങ്ങൾക്കു ലഭിക്കുന്നില്ല, ചോദിച്ചിട്ടും നിങ്ങൾക്കു ലഭിക്കാതിരിക്കുന്നതു് ദുരാഗ്രഹങ്ങൾ നിറവേററാൻ, തെററായ രീതിയിൽ ചോദിക്കുന്നതുകൊണ്ടാണ് (യാക്കോ. 4:3).

47. യേശുക്രിസ്തുവിലൂടെ നമുക്കു ദൈവത്തിനു സ്തോത്ര യാഗം അർപ്പിക്കാം. അതായതു്, അവൻെറ നാമം ഏററുപറയുന്ന അധരങ്ങളുടെ ഫലം നിരന്തരം അർപ്പിക്കാം (ഹെബ്രാ. 13:15).

48. നിങ്ങളിൽ വിജ്ഞാനം കുറഞ്ഞവൻ ദൈവത്തോടു പ്രാർത്ഥിക്കട്ടെ. എല്ലാവർക്കും ഉദാരമായും ശാസന കൂടാതെയും കൊടുക്കുന്ന ദൈവം അതു് അവനു നൽകും. സംശയമെന്യേ, വിശ്വാസപൂർവം വേണം അയാൾ ചോദിക്കുവാൻ (യാക്കോ. 1:5_6).

49. ദൈവഹിതമനുസരിച്ചു് നാം എന്താവശ്യപ്പെട്ടാലും അവനതു കേൾക്കും എന്നതാണു അവനിൽ നമുക്കുള്ള ഉറപ്പ്. നാം ചോദിക്കുന്നതെല്ലാം അവൻ തരുമെന്നു നമുക്കു ബോധ്യമുണ്ടെങ്കിൽ, നാം അപേക്ഷിക്കുന്നതെല്ലാം നമുക്കു കിട്ടിക്കഴിഞ്ഞു എന്നു നമുക്കറിയാം (1യോഹ. 5:14_15).

50. നീതിമാൻെറ പ്രാർത്ഥനയ്ക്കു വലിയ ശക്തിയുണ്ടു്. മഴ പെയ്യരുതെന്നു ഏലിയാ തീക്ഷ്ണമായി പ്രാർത്ഥിച്ചു. മൂന്നു വത്സരവും ആറുമാസവും ഭൂമിയിൽ മഴ പെയ്തില്ല. പിന്നെ അവൻ വീണ്ടും പ്രാർത്ഥിച്ചു. അപ്പോൾ ആകാശം മഴ നൽകി; ഭൂമി ഫലം പുറപ്പെടുവിക്കുകയും ചെയ്തു (യാക്കോ. 5:16_18).

51. സദാ സന്തോഷിക്കുവിൻ. നിരന്തരം പ്രാർത്ഥിക്കുവിൻ. എല്ലാ സാഹചര്യങ്ങളിലും സ്തോത്രം അർപ്പിക്കുവിൻ. ഇതാണു യേശുമിശിഹായിൽ നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം (1തെസ.5:16_18).

52. നിങ്ങൾ പ്രാർത്ഥിക്കാൻ നില്ക്കുമ്പോൾ ആരോടെങ്കിലും വല്ല വിരോധവും നിങ്ങൾക്കുണ്ടെങ്കിൽ അതു ക്ഷമിക്കണം. സ്വർഗസ്ഥനായ നിങ്ങളുടെ പിതാവു് നിങ്ങളുടെ അതിക്രമങ്ങൾ നിങ്ങളോടും ക്ഷമിക്കേണ്ടതിനാണിതു് (മർക്കോ. 11:25; മത്താ. 6:14_15).

www.malankaralibrary.com



53. നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരനു നിന്നോടു പിണക്കമുണ്ടെന്ന് അവിടെവച്ച് ഓർമ്മിക്കയാണെങ്കിൽ, കാഴ്ചവസ്തു ബലിപീഠത്തിന്റെ മുമ്പിൽ വച്ചിട്ടുപോകുക. ആദ്യം നിന്റെ സഹോദരനുമായി രമ്യപ്പെടുക. പിന്നെ വന്നു കാഴ്ച അർപ്പിക്കുക (മത്താ. 5:23_24).

54. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തരെപ്പോലെ ആകരുത്. മനുഷ്യർ കാണത്തക്കവിധം സിനഗോഗുകളിലും തെരുവുമൂലകളിലും നിന്നു പ്രാർത്ഥിക്കാൻ അവർ ഇഷ്ടപ്പെടുന്നു. അവർക്ക് അവരുടെ പ്രതിഫലം ലഭിച്ചുകഴിഞ്ഞു എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ ഉള്ളറയിൽ കയറി നിന്റെ വാതിലടച്ച് അവിടെ അദൃശ്യനായി വസിക്കുന്ന നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക. രഹസ്യമായി കാണുന്ന പിതാവു നിനക്കു പ്രതിഫലം തരും. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ വിജാതിയരെപ്പോലെ അർത്ഥമില്ലാത്ത ധാരാളം വാക്കുകൾ ഉരുവിടരുത്. അതിഭാഷണത്താൽ തങ്ങളുടെ പ്രാത്ഥന കേൾക്കപ്പെടുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെ ആകരുത് (മത്താ. 6:5_8).

55. കർത്താവേ, കർത്താവേ, എന്ന് എന്നെ വിളിക്കുന്നവരെല്ലാം സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഹിതം നിറവേററുന്നവൻ മാത്രമേ അവിടെ പ്രവേശിക്കൂ( മത്താ. 7:21; ലൂ. 6:46).

56. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും നിങ്ങൾ ചെയ്യുന്നതെല്ലാം കത്താവായ യേശുവിന്റെ നാമത്തിൽ ചെയ്യുവിൻ. അവൻ വഴി ദൈവത്തിനു സ്തോത്രം അർപ്പിക്കുവിൻ (കൊളോ. 3:17).

57. കത്താവായ യേശുമിശിഹായുടെ നാമത്തിൽ പിതാവായ ദൈവത്തിനു എപ്പോഴും എല്ലാ കാര്യങ്ങളിലും സ്തോത്രം അർപ്പിക്കുവിൻ (എഫേ. 5.20).

58. പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ (മക്കോ. 14:38; ലൂ. 22:40_46).

59. നിങ്ങളെ നിന്ദിക്കുന്നവക്കുവേണ്ടി പ്രാത്ഥിക്കുവിൻ (ലൂക്കാ 6:28).

60. വിളവു വളരെ, വേലക്കാരോ ചുരുക്കം. അതുകൊണ്ടു കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ (ലൂക്കാ 10:2; മത്താ. 9:37_38).

www.malankaralibrary.com



61. ശെമഓനേ, നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീയും നിൻെറ സഹോദരങ്ങളെ ഉറപ്പിക്കുക (ലൂക്കാ 22:32).

62. യേശു ശമറായക്കാരിയോട്: സ്ത്രീ, എന്നെ വിശ്വസിക്കുക. നിങ്ങൾ പിതാവിനെ ആരാധിക്കുന്നത് ഈ മലയിലോ ജറുസലത്തോ അല്ലാതാകുന്ന സമയം വരുന്നു. യഥാർത്ഥ ആരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു. ഇതാ വന്നുകഴിഞ്ഞു. അത്തരം ആരാധകരെയത്രേ പിതാവ് അന്വേഷിക്കുന്നത്. ദൈവം ആത്മാവാണ്. അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണം (യോഹ. 4:23_24).

63. കുരുടൻ: ദാവീദിൻെറ പുത്രനായ യേശുവേ, എന്നിൽ കനിയണമെ (മക്കേ. 10:47; മത്താ. 20;29 ff ; ലൂ.18:38).

64. കർത്താവേ, എനിക്കു കാഴ്ച കിട്ടണം (ലൂ.18:41).

65. കർത്താവേ, ഞങ്ങളുടെ കണ്ണുകൾ തുറക്കണമെ (മത്താ. 20:33).

66. ദാവീദിൻെറ പുത്രാ, ഞങ്ങളിൽ കനിയണമെ (മത്താ. 9:27; 20:30_31).

67. പത്തു കുഷ്ഠരോഗികൾ: ഗുരുവായ യേശുവേ, ഞങ്ങളിൽ കനിയണമെ (ലൂ. 17:13).

68. കുഷ്ഠരോഗി: കർത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും (മത്താ. 8:2; ലൂ. 5:12).

69. കനാൻകാരി: കർത്താവേ, ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമെ (മത്താ.15:22).

70. കർത്താവേ, എന്നെ സഹായിക്കണമെ (മത്താ. 15:25).

71. ശിഷ്യർ: കർത്താവേ, രക്ഷിക്കണമെ, ഞങ്ങളിതാ നശിക്കുന്നു (മത്താ. 8:25).

72. പത്രോസ്: കർത്താവേ, എന്നെ രക്ഷിക്കണമെ (മത്താ. 14:30). "കത്താവേ, എന്നെ വിട്ടുപോയാലും. ഞാൻ പാപിയായ മനുഷ്യനാകുന്നു (ലൂക്കാ. 5:8). നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹായാകുന്നു (മത്താ. 16:16).

www.malankaralibrary.com



73. ചുങ്കക്കാരൻ: ദൈവമേ, പാപിയായ എൻെറമേൽ കനിയണമെ (ലൂക്കാ. 18:13).

74. ശതാധിപൻ: കർത്താവേ, എൻെറ ഭവനത്തിൽ നിന്നെ സ്വീകരിക്കുവാൻ എനിക്കു യോഗ്യതയില്ല. നീ ഒരു വാക്കു പറഞ്ഞാൽ മതി. എൻെറ ഭൃത്യൻ സുഖം പ്രാപിക്കും (മത്താ. 8:8; ലൂക്കാ. 5:8).

75. മാർത്താ-മറിയാം: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എൻെറ സഹോദരൻ മരിക്കുമായിരുന്നില്ല (യോഹ. 11:21,32).

76. മാർത്ത: കർത്താവേ, ലോകത്തിലേക്കു വരുന്ന ദൈവപുത്രനായ മിശിഹായാണു നീ എന്നു ഞാൻ വിശ്വസിക്കുന്നു (യോഹ. 11:27).

77. ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. എന്നിലൂടെ അല്ലാതെ ആരും പിതാവിൻെറ പക്കലേക്കു വരുന്നില്ല (യോഹ. 14:6).

78. സർവശക്തനായ ദൈവമായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ! അവൻ ആയിരിക്കുന്നവനും ആകുന്നവനും വരാനിരിക്കുന്നവനുമാകുന്നു (വെളി. 4:8).

79. ജനം: ഓശാനാ, കർത്താവിൻെറ നാമത്തിൽ വരുന്ന ഇസ്രായേൽ രാജാവ് വാഴ്ത്തപ്പെട്ടവനാകുന്നു (യോഹ. 12:13).

80. ദാവീദിൻെറ പുത്രന് ഓശാന (മത്താ. 21:15).

81. ദൂതർ: അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം (ലൂക്ക. 2:14).

82. "ആമ്മേൻ. ഹല്ലേലൂയ്യാ" (വെളി. 19:4).

83. ഹല്ലേലൂയ്യാ! രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിൻേറതാകുന്നു (വെളി. 19:1-2).

84. ഹല്ലേലൂയ്യാ, കർത്താവും സർവശക്തനുമായ നമ്മുടെ ദൈവം വാണരുളുന്നു. നമുക്ക് ആഹ്ലാദിച്ചുല്ലസിച്ച്, അവനെ മഹത്വപ്പെടുത്താം (19:6-7).

85. മാറാൻ ആതാ! കർത്താവ് വരുന്നു[4]. (1കൊറി.16:22; വെളി. 22:20).

4 മാറാനാതാ = കർത്താവേ വന്നാലും !

www.malankaralibrary.com



86. തോമാ: എൻെറ കർത്താവും എൻെറ ദൈവവുമേ (യോഹ. 20:28).

87. മറിയം: എൻെറ ദേഹി കർത്താവിനെ പുകഴ്ത്തുന്നു; എൻെറ ആത്മാവ് എൻെറ രക്ഷകനായ ദൈവത്തിൽ സന്തോഷിക്കുന്നു (ലൂക്കാ. 1:46-47).

88. സക്കറിയാ: ഇസ്രായേലിൻെറ ദൈവമായ കർത്താവു വാഴ്ത്തപ്പെട്ടവൻ (ലൂക്കാ. 1:68).

89. ദൈവത്തെ മഹത്വപ്പെടുത്തി സ്തുതിച്ചുകൊണ്ട് ഇടയന്മാർ മടങ്ങിപ്പോയി (ലൂക്കാ. 20:20).

90. യേശു ശിഷ്യരായ സ്ത്രീകളെ കണ്ടുമുട്ടി അഭിവാദ്യം ചെയ്തു. അവർ മുമ്പോട്ടു വന്ന് കാലിൽ കെട്ടിപ്പിടിച്ച് അവനെ ആരാധിച്ചു (മത്താ. 28:9).

91. ദൈവത്തിനു സ്തോത്രം (2കൊറി. 2:14; 8:16; 9:14).

92. നമ്മുടെ കർത്താവീശോമിശിഹായിലൂടെ നമുക്കു വിജയം നൽകുന്ന ദൈവത്തിനു സ്തോത്രം (1 കൊറി. 15:57; 2 കൊറി. 2:14).

93. എനിക്കു ശക്തി നൽകിയ കർത്താവീശോമിശിഹായ്ക്കു ഞാൻ കൃതജ്ഞത അർപ്പിക്കുന്നു (1 തിമോ. 1:12).

94. നമ്മുടെ കർത്താവീശോമിശിഹായുടെ പിതാവായ ദൈവം അനുഗൃഹീതനാകുന്നു (എഫേ. 1:3).

95. സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ കുടുംബങ്ങൾക്കും നാമം നൽകുന്ന പിതാവിൻെറ മുമ്പിൽ ഞാൻ മുട്ടുകുത്തുന്നു (എഫേ. 3:14-15).

96. യേശുമിശിഹായിലൂടെ നിങ്ങൾക്കെല്ലാവർക്കും വേണ്ടി ആദ്യമായി ഞാൻ എൻെറ ദൈവത്തിനു നന്ദിപറയുന്നു (റോമ. 1:8).

97. യേശുമിശിഹായിലൂടെ നിങ്ങൾക്കു നൽകിയിരിക്കുന്ന ദൈവകൃപയെപ്രതി നിങ്ങൾക്കുവേണ്ടി ഞാൻ ദൈവത്തിനു സദാ സ്തോത്രം ചെയ്യുന്നു (1 കൊറി. 1:4).

98. കാരുണ്യത്തിൻെറ പിതാവും സർവസമാശ്വാസത്തിൻെറയും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവനാകട്ടെ (2 കൊറി. 1:3).

www.malankaralibrary.com



99. ജ്ഞാനിയായ ഏകദൈവത്തിന് എന്നെന്നേക്കും യേശുമിശിഹായിലൂടെ മഹത്വം. ആമ്മേൻ (റോമ. 16:27).

100. ഞങ്ങളുടെ കർത്താവും ദൈവവുമേ, മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കാൻ നീ യോഗ്യനാകുന്നു (വെളി. 4:11).

101. ദൈവഭയമുള്ള ചെറിയവരും വലിയവരുമായ ദാസന്മാരേ, ദൈവത്തെ സ്തുതിക്കുവിൻ (വെളി. 19:5).

102. സർവശക്തനും കർത്താവുമായ ദൈവമേ, ആകുന്നവനും ആയിരിക്കുന്നവനുമായവനേ, നിനക്കു ഞങ്ങൾ കൃതജ്ഞതാസ്തോത്രം അർപ്പിക്കുന്നു (വെളി. 11:17).

103. നമ്മുടെ ദൈവവും പിതാവുമായവന് എന്നെന്നും മഹത്വം. ആമ്മേൻ (ഫിലി. 4:20).

104. ശ്ലീഹന്മാർ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരന്മാരോടും ഒത്തുചേർന്ന് ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്നു (നട. 1:14).

105. സക്കറിയായുടെ ധൂപാർപ്പണസമയത്ത് ജനക്കൂട്ടം മുഴുവൻ പുറത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു (ലൂക്കാ. 1:10).

106. വിശ്വാസം സ്വീകരിച്ചവർ ശ്ലീഹന്മാരുടെ പ്രബോധനത്തിലും കൂട്ടായ്മയിലും അപ്പം മുറിക്കലിലും പ്രാർത്ഥനയിലും മുഴുകിയിരുന്നു (നട. 2:42).

107. മത്തിയാസിനെ തെരഞ്ഞെടുക്കുന്നതിനു മുൻപ് ശ്ലീഹന്മാർ പ്രാർത്ഥിച്ചു (നട. 1:24).

108. അവർ പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ സമ്മേളനസ്ഥലം കുലുങ്ങി. അവർ എല്ലാവരിലും പരിശുദ്ധാത്മാവ് നിറഞ്ഞു. അവർ പരസ്യമായി ദൈവവചനം പ്രസംഗിച്ചു (നട. 4:31).

109. ശ്ലീഹന്മാർ പ്രാർത്ഥിച്ച് ശെമ്മാശന്മാരുടെമേൽ കൈകൾ വച്ചു (നട. 6.6).

110. ശ്ലീഹന്മാർ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഏകാഗ്രചിത്തരായിരുന്നു (നട. 6:4).

111. കൊർണേലിയോസ് ഔദാര്യപൂർവം ജനങ്ങൾക്കു ദാനം ചെയ്യുകയും നിരന്തരം ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്തുപോന്നു. അവനും കുടുംബാംഗങ്ങളും ഭക്തിയും ദൈവഭയവും

www.malankaralibrary.com



ഉള്ളവരായിരുന്നു. ഒരു ദിവസം ഏതാണ്ട് ഒൻപതാം മണിക്കൂറിൽ 'കൊർണേലിയോസ്' എന്നു വിളിച്ചുകൊണ്ട് ദൈവദൂതൻ കടന്നുവരുന്നത് അവൻ ദർശനത്തിൽ വ്യക്തമായി കണ്ടു. ദൂതൻ പറഞ്ഞു: നിന്റെ പ്രാർത്ഥനകളും ദാനധർമ്മങ്ങളും ദൈവസന്നിധിയിൽ കേൾക്കപ്പെട്ടിരിക്കുന്നു (നട. 10:2–4.31).

112. ദൂതൻ സക്കറിയായോടു പറഞ്ഞു: സക്കറിയാ, നിന്റെ പ്രാർത്ഥന കേൾക്കപ്പെട്ടിരിക്കുന്നു (ലൂക്കാ. 1:13).

113. ഒൻപതാം മണിക്കൂറിലെ[5] പ്രാർത്ഥനയ്ക്കായി പത്രോസും യോഹന്നാനും ദേവാലയത്തിലേക്കു പോകുകയായിരുന്നു (നട. 3:1).

114. ഏതാണ്ട് ആറാം മണിക്കൂറിൽ[6] പ്രാർത്ഥനയ്ക്കായി പത്രോസ് വീടിന്റെ മട്ടുപ്പാവിൽ കയറി (നട. 10:9).

115. പൗലോസ്: ഞാൻ ദേവാലയത്തിൽ പ്രാർത്ഥനയിൽ മുഴുകിയിരുന്നപ്പോൾ എനിക്ക് ഒരു ദിവ്യപാരവശ്യം ഉണ്ടായി (നട. 22:17).

116. നിങ്ങളുടെ ശ്രേയസിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു (2 കൊറി. 13:9).

117. നിങ്ങൾ തിന്മ ചെയ്യാതിരിക്കാൻ ഞങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുന്നു (2 കൊറി. 13:7).

118. ഞങ്ങൾ ദൈവത്തിനു നിരന്തരം സ്തോത്രം അർപ്പിക്കുന്നു (1 തെസ. 2:13).

119. ഞാൻ എന്റെ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും; എന്റെ മനസ്സുകൊണ്ടും പ്രാർത്ഥിക്കും. എന്റെ ആത്മാവുകൊണ്ടു കീർത്തനം പാടും; എന്റെ മനസ്സുകൊണ്ടും കീർത്തനം പാടും (1 കൊറി. 14:15).

120. ഞാൻ എന്റെ പ്രാർത്ഥനകളിൽ നിങ്ങളെ നിരന്തരം സ്മരിക്കുന്നു (റോമ. 1:9; എഫേ. 1:17).

121. നിങ്ങൾക്കുവേണ്ടി ഞാൻ നിരന്തരം പ്രാർത്ഥിക്കുന്നു (എഫേ. 1:17).

---

5 ഉച്ചകഴിഞ്ഞ് മൂന്നുമണി

6 മധ്യാഹ്നം

www.malankaralibrary.com



122. ഞങ്ങളുടെ പ്രാർത്ഥനകളിൽ നിങ്ങളെ എല്ലാവരെയും നിരന്തരം അനുസ്മരിച്ച്, ഞങ്ങൾ എപ്പോഴും ദൈവത്തിനു നന്ദി പറയുന്നു (1 തെസ. 1:2; കൊളോ. 1:3; 2 തിമോ. 1:3; ഫിലി. 1:4).

123. അവർ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷം ബർണബാസിന്റെയും ശൗലിന്റെയും മേൽ കൈകൾ വച്ച് അവരെ പറഞ്ഞയച്ചു (നട. 13:3).

124. സഭ പത്രോസിനുവേണ്ടി ഇടവിടാതെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു (നട. 12:5).

125. ദൈവത്തെ മഹത്വപ്പെടുത്തി സ്തുതിച്ചുകൊണ്ട് ഇടയന്മാർ മടങ്ങിപ്പോയി (ലൂക്കാ. 2:20).

127. പൗലോസ് മുട്ടുകുത്തി എഫേസോസിലെ മൂപ്പന്മാരോടുകൂടി പ്രാർത്ഥിച്ചു. കടൽത്തീരത്തു വന്നു മുട്ടുകുത്തി പ്രാർത്ഥിച്ച് അന്യോന്യം യാത്രപറഞ്ഞു(നട. 20: 26; 21:5).

128. പാതിരായാകാറായപ്പോൾ പൗലോസും ശീലാസും പ്രാർത്ഥിക്കയും ദൈവത്തിനു കീർത്തനം പാടുകയും ചെയ്തു (നട. 16: 25).

129. പൗലോസിന്റെ സുവിശേഷപ്രസംഗത്തെപ്പററി കേട്ടപ്പോൾ ജറുസലേമിലെ യാക്കോബും മററും "ദൈവത്തെ സ്തുതിച്ചു" (നട. 21: 20).

130. സ്നേഹിതരെ കണ്ടപ്പോൾ 'പൗലോസ് ദൈവത്തിനു നന്ദി പറയുകയും ധൈര്യം പ്രാപിക്കുകയും ചെയ്തു' (നട. 28:15).

131. സഭകളെ പ്രതി ദൈവത്തിനു കൃതജ്ഞതയർപ്പിക്കണം. (1തെസ. 3: 9; 2 തെസ.1:3; 2:13).

132. മററുള്ളവരുടെ കുറവുകൾ പരിഹരിക്കപ്പെടാൻ രാപകൽ തീക്ഷ്ണതാപൂർവം പ്രാർത്ഥിക്കണം (1 തെസ, 3:10).

133 ഇടയന്മാർ സഭയ്ക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കണം (2 തെസ. 1: 11; ഫിലി. 1: 9; കൊളോ.1:9).

134. കർത്താവിന്റെ വചനം വേഗം പ്രചരിച്ച് മഹത്വപ്പെടാനും ദുഷ്ടരിൽ നിന്നു സംരക്ഷിക്കപ്പെടാനും ജനങ്ങൾ സഭാധ്യക്ഷന്മാർക്കുവേണ്ടി പ്രാർത്ഥിക്കണം(2 തെസ. 3:1-2; ഫിലി. 1: 19; കൊളോ.4:3-4).

www.malankaralibrary.com



135. എല്ലാ മനുഷ്യർക്കും വേണ്ടി യാചനകളും പ്രാർത്ഥനകളും മധ്യസ്ഥാപേക്ഷകളും കൃതജ്ഞതാസ്തോത്രങ്ങളും സമർപ്പിക്കണം. രാജാക്കന്മാർക്കും ഉന്നതസ്ഥാനീയരായ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കണം (തിമോ. 2: 1–2).

136. കർത്താവിൽ സന്തോഷിക്കുവിൻ(ഫിലി.3:1;4:4).

137. നിരന്തരം പ്രാർത്ഥിക്കുവിൻ (റോമ. 12: 13) നിരാശരാകാതെ നിരന്തരം പ്രാർത്ഥിക്കുവിൻ (ലൂ. 18;1).

138. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ (എബ്രാ. 13;18).

139. കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുവിൻ (എബ്രാ. 13:19; (1തെസ. 5:25).

140. അന്യോന്യം പ്രാർത്ഥിക്കുവിൻ (യാക്കോ. 5;16).

141. കൃതജ്ഞതാസ്തോത്രത്തോടുകൂടെയുള്ള പ്രാർത്ഥനയും യാചനയും വഴി നിങ്ങളുടെ നാനാവിധത്തിലുള്ള അപേക്ഷകൾ ദൈവത്തിനു സമർപ്പിക്കുവിൻ (ഫിലി. 4:6).

142. കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ നിങ്ങൾ ദൈവത്തിനു സങ്കീർത്തനങ്ങളും ഗീതങ്ങളും ആധ്യാത്മികഗാനങ്ങളും ആലപിക്കുവിൻ (കൊളോ. 3:16).

143. സങ്കീർത്തനങ്ങളാലും സ്തോത്രഗീതങ്ങളാലും ആദ്ധ്യാത്മിക ഗാനങ്ങളാലും അന്യോന്യം സംസാരിക്കുവിൻ. പൂർണ ഹൃദയത്തോടെ കർത്താവിനു ഗാനം ആലപിച്ച്സംഗീതം ഉതിർക്കുവിൻ (എഫേ.5:19).

144. ഉണർവോടെ കൃതജ്ഞതാനിർഭരരായി നിരന്തരം പ്രാർത്ഥിക്കുവിൻ (കൊളോ. 4:2).

145. ദൈവം സൃഷ്ടിച്ചവയെല്ലാം നല്ലതാണ്. കൃതജ്ഞതാസ്തോത്രത്തോടെ സ്വീകരിക്കുന്ന പക്ഷം ഒന്നും നിരസിക്കേണ്ടതില്ല (1 തിമോ. 4:4).

146. നിങ്ങൾക്കു യോജിച്ചതു് 'കൃതജ്ഞതാസ്തോത്രമത്രേ' (എഫേ. 5:4)

147. നിങ്ങളും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം. അങ്ങനെ അനേകം പ്രാർത്ഥനകളുടെ ഫലമായി ഞങ്ങൾക്കു ലഭിച്ച അനുഗ്രഹങ്ങളെ ചൊല്ലി ഞങ്ങൾക്കുവേണ്ടി അനേകർ സ്തോത്രം ചെയ്യട്ടെ (2കൊറി.1: 11).

www.malankaralibrary.com



148. നിങ്ങളുടെ ഔദാര്യം ഞങ്ങളിലൂടെ ദൈവത്തിനു സ്തോത്രമായിത്തീരും. ഈ സേവനം....ദൈവത്തിനുള്ള അനേകം സ്തോത്രങ്ങളായി കവിഞ്ഞൊഴുകും. ഇങ്ങനെ നിങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തും (2 കൊറി, 9:11_12).

149. എന്റെ പരിശ്രമങ്ങളിൽ എന്നോടു ചേർന്ന് എനിക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുവിൻ (റോമ.15:30).

150. എല്ലാററിന്റെയും അവസാനം അടുത്തിരിക്കുന്നു. അതിനാൽ പ്രാർത്ഥിക്കാൻ സുബുദ്ധിയോടും സമചിത്തതയോടും കൂടെ വർത്തിക്കുവിൻ (1പത്രോ. 4: 7).

151. സഹോദരൻ മാരകമല്ലാത്ത പാപം ചെയ്യുന്നതു് ആരെങ്കിലും കണ്ടാൽ അവൻ പ്രാർത്ഥിക്കട്ടെ (1 യോഹ.5:16).

152. പുരുഷന്മാർ കോപമോ കലഹമോ കൂടാതെ എല്ലായിടത്തും പരിശുദ്ധകരങ്ങൾ ഉയർത്തിപ്പിടിച്ചു് പ്രാർത്ഥിക്കണം (തിമോ. 2:8). തല മൂടാതെ സ്ത്രീ ദൈവത്തോടു പ്രാർത്ഥിക്കുന്നതു് ഉചിതമാണോ? (1 കൊറി; 11:13). ഭാര്യാഭർത്താക്കന്മാർ ഉഭയസമ്മതപ്രകാരം പ്രാർത്ഥനയ്ക്കായി സ്വയം സമർപ്പിക്കുന്ന നിശ്ചിത കാലത്തിലല്ലാതെ ദാമ്പത്യധർമ്മം എന്ന അവകാശം അന്യോന്യം നിഷേധിക്കരുതു് (1 കൊറി. 7:5).

153. നിങ്ങളിൽ യാതന സഹിക്കുന്നവനുണ്ടോ? അവൻ പ്രാർത്ഥിക്കട്ടെ. സന്തുഷ്ടനായി ആരെങ്കിലുമുണ്ടോ? അവൻ സ്തോത്രമാലപിക്കട്ടെ, നിങ്ങളിൽ രോഗികളായി ആരെങ്കിലുമുണ്ടോ? അവൻ സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലം പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ രക്ഷിക്കും (യാക്കോ. 5: 13_15).

www.malankaralibrary.com

# പൊതുപദസൂചിക


അജ്ഞാത ഗ്രന്ഥകാരൻ 139_149
അനസ്താസ്യോസ് 90
അപ്രേം 39_45
അഫ്രാത് 16_19. 150. 151. 225
അബ്ദീശോ 157. 159.
അബഗീഷ 21.
അബ്രഹാം 21_23.
,, നഥപാർ 150_156
,, ബർലിഫേ 175
അമാലേക്ക് 44_45
അയ്യാലോൺ 44_45
അസറിയാ 26
അർമേനിയൻഗീതം 43_45
ആഖാർ 25
ആബാ എശായാ 177
ആശാ 26
ആഹോബ് ഖത്രായാ 175
ഇസഹാക്ക് 22. 24
,, നിനവയിലെ 71. 166. 175_223.
ഇസ്രായേൽ 192
ഇസ്രായേൽക്കാർ 25. 37. 158. 178. 232.
ഈശായി 24
എപ്പഫ്രാസ് 58
എവാഗ്രിയസ് 62_70. 139. 150. 158. 159. 171. 179. 180. 193.

www.malankaralibrary.com



യോശാഫാത് 26
യോഹന്നാൻ അപ്പമേയാ 71-88. 115. 150. 158. 166.
,, ദലഃയാതാ 166-174
,, സ്ഥാപകൻ 192
യൗസേപ്പ് ഹസ്സായാ 71. 157-166.
ലാബാൻ 24
ശാമുവേൽ 25
ശിംശോൻ 20
ശെമഓൻ 170. 171
ശൗൽ 26
സഹ്ദോണാ 224ff.
സിമ്രി 33
സിറിയം 89
സീഹോൻ 25. 44
സേറാഹ് 26
സോദോം 36
സോപാന ഗ്രന്ഥം 46-61. 225
സോളമൻ 21. 178
ഹനനിയാ 26
ഹന്നാ 25
ഹാബേൽ 19. 20. 22.
ഹെസെക്കിയാ 26
ഹോറേബ് 45
റിബേക്കാ 22

## സുറിയാനിപദങ്ങൾ

ക്സോബോ ദ്മസ്ക്കോസോ 46
തഹ്വീതോ 17. 19.
നഫ്ശാന്തൂസാ 158
ഫഗ്റാന്തൂസാ 158
മ്സൽയോനേ 47
ശപ്യൂസാ 159
റൂഹാന്തൂസാ 159

www.malankaralibrary.com

## ചുരുക്കെഴുത്തുകളുടെ പൂർണരൂപം

*CSCO* = Corpus Scriptorum Christianorum Orientalium, Louvain.

*DS* = Dictionnaire d' Spiritualité, ed. M. Viller, Paris.

*NPNF* = A Select Library of Nicene and Post Nicene Fathers of the Christian Church, Buffalo - New York.

*OCP* = Orientalia Christiana Perodica, Rome.

*PO* = Patrologia Orientalis, Paris.

S. Brock, *The Syriac Fathers on Prayer and the Spiritual Life*, (Cistercian Publications) Kalamazoo, Michigan, 1987.

www.malankaralibrary.com

## ഓറിയൻറൽ ഇൻസ്റ്റിറ്റ്യൂട്ടിൻെറ

## ചില ഗ്രന്ഥങ്ങൾ

136. ജി. ചേടിയത്ത്—ജി. അപ്പശ്ശേരി, *ഡയനീഷ്യസ് ബർസലീബി: ആരാധനക്രമത്തിൻെറ വ്യാഖ്യാനം* (വിവർത്തനം) 1990, pp. IV+120, Rs. 8/

137. J. Kattackal, *Comparative Religion:* Monograph dealing with the Different Issues of Religions, 1990, pp. 318, Rs. 100/

138. ജി. ചേടിയത്ത്—ജി. അപ്പശ്ശേരി, *ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ അബ്രാഹാം,* 1990, pp. 4+144, Rs. 14/

139. J. Vazhuthanapally, *Archaeology of Mar Slibā,* 1990, pp. xvi+144, Rs. 60/

140. മാത്യു വെള്ളാനിക്കൽ, (Chief Editor), *ബൈബിൾ വിജ്ഞാനകോശം,* 1990, pp. 1000, Rs. 200/

141. X. Puthenkalam, *Hindu Christian Bhakti,* 1990, pp. 172, Rs. 40/

142. ജി. ചേടിയത്ത്, (ed.) *സോക്രാട്ടസ് - സഭാചരിത്രം,* 1990, pp. 564, Rs. 50/

143. Martin Gielen, *St. Thomas the Apostle of India,* 1990, pp. VII+304, Rs. 40/

144. ജി. ചേടിയത്ത്—ജി. അപ്പശ്ശേരി, *ബർ എബ്രായാ - സഭാചരിത്രം.* 1990. pp. IV+216 Rs. 24/

145. L. Arangassery, *Ecclesial Dimensions of East Syrian Liturgy,* 1990, pp. xx+144, Rs. 40/-

146. ജി. ചേടിയത്ത്, *പ്രാർത്ഥന സുറിയാനിസഭയിൽ* 1991, pp. 280, Rs. 25/-